# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

2017 മേയ് 5, വെള്ളി

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 166 - നമ്പർ 8

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

2017 മേയ് 5, വെള്ളി

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി . ശശി**

സെക്രട്ടറി
**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ
**ശ്രീമതി. കെ. ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

218/2020

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവുംവകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. തോമസ് ചാണ്ടി |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം

പേജ്

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ...27

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...27

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...69

**II അടിയന്തരപ്രമേയം** ...294

ആയുധ ശേഖരം

(അവതരണാനുമതി നിഷേധിച്ചു)

**III ശ്രദ്ധ ക്ഷണിക്കൽ**

(1) കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് പ്രത്യേക സംവിധാനം

– ശ്രീ. കെ. കൃഷ്ണൻകുട്ടി ...313

(2) കുടിവെള്ള പദ്ധതികൾ

– ഡോ. എൻ. ജയരാജ് ...317

**IV സബ്മിഷൻ**

(1) സൈബർ കേസ്

– ശ്രീ. എം. സ്വരാജ് ...324

(2) നിസാമുദ്ദീന്റെ തിരോധാനം

– ശ്രീ. എ. എം. ആരിഫ് ...326

(3) വേമ്പനാട് ഇക്കോ ഡെവലപ്മെന്റ് അതോറിറ്റി രൂപീകരണം

– ശ്രീ. ജോൺ ഫെർണാണ്ടസ് ...327

(4) പുതിയ താലൂക്ക്

– ശ്രീ. കെ. ബാബു ...330

പേജ്

(5) തടയണ നിർമ്മാണം

– ശ്രീ. എൻ. എ. നെല്ലിക്കുന്ന് ...332

(6) റോഡ് പുനരുദ്ധാരണം

– ശ്രീ. എൽദോസ് കുന്നപ്പിള്ളി ...335

(7) ഇ.ഇ. ഓഫീസും സെക്ഷൻ ഓഫീസും

– ശ്രീ. റ്റി.വി. രാജേഷ് ...336

(8) ഫിഷിംഗ് ഹാർബർ നിർമ്മാണം

– ശ്രീ. എ. പ്രദീപ്കുമാർ ...339

**V അനൗദ്യോഗികാംഗങ്ങളുടെ കാര്യം**

(1) റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ആറാമത് റിപ്പോർട്ട് ...342

(2) സാമാന്യമായി പൊതുതാൽപ്പര്യമുള്ള സംഗതികൾ സംബന്ധിച്ച പ്രമേയങ്ങൾ ...342

(1) വരൾച്ച നേരിടുന്നതിന് കേരളത്തിന് പ്രത്യേക പാക്കേജ് ...342

(2) പ്രവാസികളുടെ സംരക്ഷണം ...346

(3) ശ്രീ. കെ. വി. അബ്ദുൾ ഖാദർ അവതരിപ്പിച്ച അനൗദ്യോഗിക പ്രമേയത്തിന് പകരമായി സഭ പാസ്സാക്കിയ ഔദ്യോഗികപ്രമേയം ...358

(4) സ്വകാര്യ ആശുപത്രികളുടെ ചൂഷണവും യോഗ്യതയില്ലാത്ത ജീവനക്കാരും ...361

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

*2017 മേയ് 5, വെള്ളി*

| വാല്യം 166] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 8 |
|---|---|---|

നിയമസഭ 2017 മേയ് മാസം 5-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ... ഓർഡർ... ചോദ്യം നമ്പർ (*211)

### ഇതരസംസ്ഥാന തൊഴിലാളികളുടെ തൊഴിൽ-ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്താനുള്ള നടപടി

1 (*211) ശ്രീ. കെ. ദാസൻ :
ശ്രീ. ആന്റണി ജോൺ :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള തൊഴിലാളികളുടെ തൊഴിൽ-ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്താനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്;

(ബി) സംസ്ഥാനത്ത് ആവിഷ്കരിച്ചിട്ടുള്ള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി, പ്രത്യേക ബോർഡ് രൂപീകരിച്ച് ഫലപ്രദമായി നടപ്പിലാക്കാൻ സാധിക്കുമോ;

(സി) ആകർഷകമായ ക്ഷേമ പദ്ധതികളും സൗജന്യ ചികിത്സാ പദ്ധതികളും ആവിഷ്കരിച്ച് അവയെ തൊഴിലാളികളുടെ രജിസ്ട്രേഷനുമായി ബന്ധിപ്പിച്ച് പ്രസ്തുത രജിസ്ട്രേഷൻ പദ്ധതി വിജയകരമാക്കാൻ സാധിക്കുമോ എന്ന് പരിശോധിക്കുമോ;

(ഡി) അടിസ്ഥാനസൗകര്യവും ശുചിത്വവുമുള്ള വാസസൗകര്യങ്ങൾ ഉറപ്പുവരുത്താനായി വേണ്ട പരിശോധന കാര്യക്ഷമമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ,

(എ) ഇതര സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലെത്തി വിവിധ മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികളെ രജിസ്റ്റർ ചെയ്യിക്കുന്നതിനും ഇവരുടെ ക്ഷേമത്തിനുമായി കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി-2010 നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിയിൽ അംഗത്വമെടുക്കുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് വിദ്യാഭ്യാസ ഗ്രാന്റ് (3,000 രൂപ), ചികിത്സാ സഹായം (25,000 രൂപ വരെ), ആശ്വാസ ധനസഹായം (25,000 രൂപ വരെ), ടെർമിനൽ ബെനിഫിറ്റ് (25,000 രൂപ വരെ), സ്വാഭാവിക മരണാനന്തരാനുകൂല്യം (10,000 രൂപ), അപകട മരണാനന്തരാനുകൂല്യം (50,000 രൂപ), ഭൗതികശരീരം നാട്ടിലെത്തിക്കുന്നതിനുള്ള ധനസഹായം (15,000 രൂപ വരെ) തുടങ്ങിയ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾക്ക് 15,000 രൂപ വരെയുള്ള ചികിത്സാ സഹായവും 2 ലക്ഷം രൂപ വരെയുള്ള അപകട ഇൻഷ്വറൻസും ഉറപ്പുവരുത്തുന്ന 'ആവാസ്' പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നടപടിക്രമങ്ങൾ പൂർത്തിയാക്കി ഈ സാമ്പത്തിക വർഷം തന്നെ തൊഴിലാളികൾക്ക് ആനുകൂല്യം ലഭ്യമാക്കാൻ കഴിയും. കേരളത്തിൽ ജോലി ചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് പ്രതിമാസ വാടക ഈടാക്കി വൃത്തിയുള്ളതും സുരക്ഷിതവുമായ പാർപ്പിടം നൽകുന്നതിനു വേണ്ടി തൊഴിൽ വകുപ്പിന്റെ കീഴിലുള്ള 'ഭവനം ഫൗണ്ടേഷൻ കേരള' നടപ്പിലാക്കിവരുന്ന പദ്ധതികളിലൊന്നാണ് 'അപ്ന ഘർ' പദ്ധതി. ഇതര സംസ്ഥാന തൊഴിലാളികൾക്കുവേണ്ടി ഹോസ്റ്റൽ രീതിയിലുള്ള പാർപ്പിട സമുച്ചയമാണ് ഈ പദ്ധതി വഴി നടപ്പിലാക്കുന്നത്. ഈ പദ്ധതിയുടെ ആദ്യ സ്കീം പാലക്കാട് ജില്ലയിലെ കിൻഫ്ര, കഞ്ചിക്കോട് പൂർത്തിയാക്കിയിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണ്. എല്ലാവിധ സൗകര്യങ്ങളുമുള്ള ഇത്തരം ഹോസ്റ്റലുകളുടെ പണി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ ഈ സാമ്പത്തിക വർഷം ആരംഭിക്കാൻ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുന്നതിനായി മെഡിക്കൽ ക്യാമ്പ്, സമ്പർക്ക പരിപാടികൾ, പരസ്യ പ്രചാരണങ്ങൾ എന്നിവ ക്രമമായി നടത്തിവരുന്നു.

(ബി) പരിഗണനയിലില്ല.

(സി) പരിശോധിക്കുന്നുണ്ട്. ഇതിനായി 'ആവാസ്' പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. 'ആവാസ്' പദ്ധതിയിൻകീഴിൽ രജിസ്റ്റർ ചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് 15,000 രൂപയുടെ സൗജന്യ ചികിത്സ സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിൽനിന്നും എംപാനൽ ചെയ്ത സ്വകാര്യ ആശുപത്രിയിൽനിന്നും ലഭ്യമാക്കുന്നതാണ്. ആരോഗ്യ ഇൻഷ്വറൻസിനൊപ്പം 2 ലക്ഷം രൂപയുടെ അപകട ഇൻഷ്വറൻസ് പരിരക്ഷകൂടി ഉറപ്പുവരുത്തിയിട്ടുണ്ട്.

(ഡി) തൊഴിലാളികളുടെ സൗകര്യവും ശുചിത്വവും ഉറപ്പുവരുത്തുന്നതിനായി 9 നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 3-8-2016-ൽ സ.ഉ. (സാധാ.) 960/16/തൊഴിൽ നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിലെ നിർദ്ദേശങ്ങൾ കർശനമായി നടപ്പിലാക്കാൻ എല്ലാ ജില്ലാ ലേബർ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. കെ. ദാസൻ: സർ, ഇതര സംസ്ഥാന തൊഴിലാളികൾ മുഖേന പകർച്ച വ്യാധികൾ വ്യാപിക്കാൻ ഇടയാകുന്നുണ്ട്. ഇവർ കേരളത്തിലേയ്ക്ക് വരുമ്പോൾ നിർബന്ധമായും ആരോഗ്യ പരിശോധന നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; അതോടൊപ്പം തൊഴിലിടങ്ങളിലെ സുരക്ഷയും ആരോഗ്യവും ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് ഇപ്പോൾ സർക്കാർ സ്വീകരിച്ചു വരുന്നത്?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, സർക്കാർ മുൻകയ്യെടുത്ത് നടത്തിയ മെഡിക്കൽ ക്യാമ്പുകളിൽ പരിശോധനയ്ക്ക് വിധേയരായവരിൽ ഗുരുതരമായ രോഗങ്ങൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. അവരുടെ ചികിത്സ ഉറപ്പുവരുത്തുന്നതിനും സംരക്ഷണം മുൻനിർത്തിയുമുള്ള എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ട്. തൊഴിലാളികൾ ഇവിടെ വരുമ്പോൾത്തന്നെ മെഡിക്കൽ പരിശോധന നടത്തുക എന്നത് അത്ര പ്രായോഗികമല്ല. അത് മറ്റുചില പ്രയാസങ്ങൾക്ക് കാരണമാകും. ഇപ്പോൾ സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിലൂടെ എല്ലാ തൊഴിലാളികളെയും ആരോഗ്യ പരിശോധനയ്ക്ക് വിധേയമാക്കി അവർക്ക് പകർച്ചവ്യാധിയോ മറ്റ് അസുഖങ്ങളോ നേരിടുന്നുണ്ടെങ്കിൽ അതിന് പരിഹാരം കണ്ടെത്താനുള്ള നടപടി സർക്കാർ സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. ദാസൻ: സർ, സംസ്ഥാനത്ത് നടക്കുന്ന പല കുറ്റകൃത്യങ്ങളിൽ ഇതര സംസ്ഥാന തൊഴിലാളികൾ പങ്കാളികളാകുന്ന സാഹചര്യം നിലനിൽക്കുകയാണ്. ഇവരെ നിരീക്ഷിക്കാനും നിയന്ത്രിക്കാനുമുള്ള എന്തെല്ലാം സംവിധാനങ്ങളാണ് സർക്കാർ ആസൂത്രണം ചെയ്യുന്നതെന്ന് പറയാമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, കുറ്റകൃത്യങ്ങൾ ചെയ്യുന്നത് ഇതര സംസ്ഥാനങ്ങളിൽനിന്ന് വരുന്ന തൊഴിലാളികൾ മാത്രമല്ല. പൊതുവെ അവരിൽ അത്തരം ചില പ്രവണതകൾ കണ്ടുവരുന്നുണ്ട്. ചില സമയത്ത് ഇവരും അതിൽ പെട്ടുപോയേക്കാം. എല്ലാ വിഭാഗം തൊഴിലാളികളെയും തൊഴിൽ കേന്ദ്രങ്ങളെയും ശ്രദ്ധിക്കുന്നതിനാവശ്യമായ സംവിധാനം ഇന്ന് കേരളത്തിലുണ്ട്. പോലീസിന്റെ സഹായത്തോടുകൂടി ഇത്തരം തെറ്റുകൾ ഉണ്ടാകാതിരിക്കാനുള്ള നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്.

ശ്രീ. ആന്റണി ജോണിനുവേണ്ടി ശ്രീ. ജെയിംസ് മാത്യു: സർ, ഇതര സംസ്ഥാന തൊഴിലാളികൾക്കുവേണ്ടി മാതൃകാപരമായ പദ്ധതികൾ ആവിഷ്കരിച്ച സർക്കാരിനെ അഭിനന്ദിക്കുകയാണ്. ഇവരിൽ വലിയൊരു ശതമാനം കുടുംബസമേതം ഇവിടെവന്ന് താമസിച്ച് തൊഴിലെടുക്കുകയാണ്. അവരുടെ കുട്ടികൾക്കുള്ള പഠന സൗകര്യം വളരെ പ്രയാസകരമാണ്. തൊഴിൽ/വിദ്യാഭ്യാസ വകുപ്പുകൾ കൂടിയാലോചിച്ച് ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികൾക്ക് നമ്മുടെ പൊതുവിദ്യാലയങ്ങളിൽ മാതൃഭാഷകൂടി പഠിക്കാനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് വളരെ പ്രധാനപ്പെട്ടൊരു നിർദ്ദേശമാണ്. കുടുംബസമേതം താമസിക്കാനുള്ള സൗകര്യമൊരുക്കുക എന്നതാണ് പ്രധാനം. കുടുംബസമേതം താമസിക്കുമ്പോഴാണ് കുട്ടികളുടെ വിദ്യാഭ്യാസംപോലുള്ള കാര്യങ്ങളിൽ പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിയുന്നത്. പാലക്കാട് കഞ്ചിക്കോട് ഇപ്പോൾ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയിൽ ഒരു മുറിയിൽ 10 തൊഴിലാളികളെ വീതം താമസിപ്പിക്കാനുള്ള സംവിധാനമാണ് ഒരുക്കുന്നത്. 64 മുറികളാണ് തയ്യാറായി വരുന്നത്. ഇവിടെ 640 തൊഴിലാളികളെ താമസിപ്പിക്കാൻ കഴിയും. കുടുംബസമേതം താമസിക്കുന്നതിനുവേണ്ടിയുള്ള സൗകര്യങ്ങൾകൂടി പരിഗണിക്കുന്നതിന് സർക്കാർ സന്നദ്ധമാണ്. അത്തരം കാര്യങ്ങൾ ചെയ്യുമ്പോൾ, ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ നിലവിലുള്ള സാഹചര്യങ്ങൾ ഉപയോഗിച്ച് കുട്ടികളുടെ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിന് വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സമൂഹത്തിലെ ലക്ഷക്കണക്കിന് ആളുകൾ ലോകത്തിന്റെ പല ഭാഗങ്ങളിൽ ജോലിയെടുക്കുന്നുണ്ട്. അവിടെയെല്ലാം മലയാളികൾ തങ്ങളുടെ കുട്ടികളെ മലയാളം പഠിപ്പിക്കാനുള്ള സാഹചര്യം ഒരുക്കുകയാണ്. ഓരോ സ്ഥലത്തുംപോയി നമ്മൾ മലയാളം പഠിപ്പിക്കണമെന്ന് പറഞ്ഞാൽ അതിന് സൗകര്യമുണ്ടാവില്ല. അങ്ങനെയുള്ള സൗകര്യം അവർതന്നെ കണ്ടെത്തുകയല്ലാതെ എല്ലാ ഭാഷയും വിദ്യാഭ്യാസ സിലബസ്സിന്റെ ഭാഗമായി പഠിപ്പിക്കാൻ കഴിയുമെന്ന് തോന്നുന്നില്ല.

ശ്രീ. കാരാട്ട് റസാഖ്: സർ, ഇതര സംസ്ഥാന തൊഴിലാളികൾക്കായി സഹായ കേന്ദ്രങ്ങൾ ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ഇന്ത്യാ ചരിത്രത്തിൽ ആദ്യമായിട്ടാണ് ഒരു സംസ്ഥാന സർക്കാർ ഇതര സംസ്ഥാന തൊഴിലാളികളുടെ സംരക്ഷണത്തിനു വേണ്ടി പദ്ധതികൾ ആവിഷ്കരിക്കുന്നത്. ആ മഹത്വമാണ് കേരളം കൈവരിക്കുന്നത്. ഇവിടെ ബഹുമാനപ്പെട്ട അംഗത്തിന്റെ ചോദ്യവുമായി ബന്ധപ്പെട്ട് ഒരു കാര്യം വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

1979-ലാണ് അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി നിയമം കേന്ദ്രസർക്കാർ കൊണ്ടുവന്നത്. ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും കോൺട്രാക്ടർ വഴി ജോലിക്കെത്തുന്ന 5 തൊഴിലാളികളിലധികം ജോലിചെയ്യുന്ന സ്ഥാപനങ്ങളിലെ ഇതര സംസ്ഥാന തൊഴിലാളികൾക്ക് മാത്രമാണ് നിയമം ബാധകമാകുന്നത്. നമ്മുടെ നാടിന്റെ അനുഭവങ്ങളുമായി ബന്ധപ്പെട്ട് പരിശോധിക്കുമ്പോൾ ഈ നിയമം മഹാഭൂരിപക്ഷം തൊഴിലാളികൾക്കും സംരക്ഷണം നൽകുന്നതല്ല. ഈ സാഹചര്യത്തിൽ തൊഴിലാളികളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിന് ഇവിടെ ഒരു സംവിധാനം ഒരുക്കുന്ന കാര്യം സർക്കാർ ഗൗരവമായി ആലോചിക്കുകയാണ്. ജില്ലാ കേന്ദ്രങ്ങളിൽ പ്രത്യേകിച്ച് ജില്ലാ ലേബർ ഓഫീസറുമായി ബന്ധപ്പെട്ട് സഹായ കേന്ദ്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിനുള്ള സംവിധാനങ്ങളാണ് ഇപ്പോൾ തയ്യാറാക്കിവരുന്നത്. അതിനുള്ള ഒരുക്കങ്ങൾ തുടങ്ങിയിട്ടുണ്ട്. സഹായകേന്ദ്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് ഇതര സംസ്ഥാന തൊഴിലാളികളിൽ വിദ്യാഭ്യാസ യോഗ്യതയും കഴിവുമുള്ളവർ ഉണ്ടോയെന്ന് പരിശോധിച്ചുവരികയാണ്. അങ്ങനെ ലഭ്യമാകാത്തപക്ഷം ലേബർ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി അവർക്ക് എല്ലാവിധ സഹായങ്ങളും ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. അവരുടെ സ്വന്തം ഭാഷയിൽത്തന്നെ എഴുതി ലഭിക്കുന്ന പരാതിയുടെ അടിസ്ഥാനത്തിൽ അവർക്കാവശ്യമായ സംരക്ഷണം നൽകണമെന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

ശ്രീ. പി. കെ. ശശിക്കുവേണ്ടി ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, ഇതര സംസ്ഥാന തൊഴിലാളികൾക്ക് താമസസ്ഥലം ഒരുക്കുന്നു എന്നുള്ളത് വളരെ അഭിനന്ദനാർഹമായ കാര്യമാണ്. ഇതര സംസ്ഥാന തൊഴിലാളികൾക്ക് താമസസ്ഥലം വാടകയ്ക്ക് നൽകുന്നത് കേരളത്തിൽ ഒരു ബിസിനസ്സായി മാറിയിട്ടുണ്ട്. ഒരു വീട്ടിൽ കുറേയധികം ആളുകളെ താമസിപ്പിക്കുന്നു. തലയെണ്ണി വാടക ഈടാക്കുന്നു. മുറികളിൽ ആളുകളെ കുത്തിനിറയ്ക്കുന്നു. ടോയ്‌ലെറ്റോ മാലിന്യസംസ്കരണ സൗകര്യമോ ഇല്ലാത്ത സ്ഥിതിവിശേഷമാണുള്ളത്. ഓരോ മുറിയിലും എത്ര ആളുകളെ താമസിപ്പിക്കാമെന്ന് നിശ്ചയിച്ച്, ആവശ്യമായ ടോയ്‌ലെറ്റ് സൗകര്യം ക്ലിപ്തപ്പെടുത്തി നിയമം കൊണ്ടുവരുന്ന കാര്യം സർക്കാർ പരിശോധിക്കുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ഇതര സംസ്ഥാന തൊഴിലാളികൾക്ക് ആവശ്യമായ താമസ സൗകര്യമൊരുക്കുന്നതിന് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുതന്നെ തുടക്കംകുറിച്ചിട്ടുണ്ട്. അതാണ് കഞ്ചിക്കോട്ടെ പദ്ധതി. അതിന്റെ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ കേരളത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ കേന്ദ്രങ്ങളിൽക്കൂടി ഈ പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇപ്പോൾ താമസസൗകര്യം തയ്യാറാക്കിയിട്ടുള്ള മുറികളിൽ ഒരു മുറിയിൽ 10 പേരെയാണ് താമസിപ്പിക്കുന്നത്. ടു ടയർ സിസ്റ്റമുള്ള 5 കട്ടിലുകളാണുള്ളത്. അവിടെ ടോയ്‌ലറ്റ് സൗകര്യവും കുളിക്കുന്നതിനും വസ്ത്രം അലക്കുന്നതിനും വിനോദങ്ങൾക്കും മറ്റും സൗകര്യമൊരുക്കുന്നുണ്ട്. എല്ലാ സൗകര്യങ്ങളോടുംകൂടി ചെറിയ വാടകയ്ക്കാണ് ഈ താമസസൗകര്യമൊരുക്കുന്നത്. ഇതുപോലെ എല്ലാ ജില്ലകളിലും താമസസൗകര്യം ഉറപ്പുവരുത്തുന്നതിനുള്ള സമീപനമാണ് ഗവൺമെന്റ് സ്വീകരിക്കുക. ഇതിന്റെ പ്രവർത്തനങ്ങൾക്ക് തുടക്കംകുറിക്കാൻ ഈ ബഡ്ജറ്റിൽ 2.5 കോടി രൂപ ഗവൺമെന്റ് വകയിരുത്തിയിട്ടുണ്ട്. എത്ര തുക വേണ്ടിവന്നാലും സാമ്പത്തിക പ്രശ്നം പ്രതികൂലമാകാത്ത നിലയിൽ ഇത് പരിഹരിക്കുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

ശ്രീ. ഷാഫി പറമ്പിൽ: സർ, ഇതര സംസ്ഥാന തൊഴിലാളികൾ നേരിടുന്ന പ്രശ്നവുമായി ബന്ധപ്പെട്ട് മനോരമ ന്യൂസ് ഇന്നലെ ഒരു വാർത്ത പുറത്തുവിട്ടിരുന്നു. പാലക്കാട് എഫ്.സി.ഐ. ഗോഡൗണിലെ അമിതമായ കീടനാശിനി പ്രയോഗമാണത്. ഒട്ടും ശാസ്ത്രീയമല്ലാതെ ട്രാക്ടറുകൾ പുറത്തുനിന്നും വാടകയ്ക്കെടുത്ത് കാലങ്ങളായി കീടനാശിനി ഉപയോഗിക്കുന്നതുകൊണ്ട് അവിടത്തെ തൊഴിലാളികൾക്കുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ വളരെ ഗുരുതരമാണെന്ന നിലയിലാണ് ഇന്നലെ വാർത്തവന്നത്. ഭക്ഷ്യ വകുപ്പുമന്ത്രിയുമായി ആലോചിച്ച് ഇത് ശാസ്ത്രീയമാക്കി മാറ്റേണ്ടതും തൊഴിലാളികൾക്ക് നേരിടേണ്ടിവരുന്ന അപകടങ്ങൾ ഒഴിവാക്കുന്ന സാഹചര്യം സൃഷ്ടിച്ചെടുക്കേണ്ടതും അനിവാര്യമാണ്. അങ്ങയുടെ വകുപ്പ് ഇക്കാര്യത്തിൽ ഇടപെടുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചത് ഈ ചോദ്യവുമായി ബന്ധപ്പെട്ടതല്ല. തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണത്തെ മുൻനിർത്തി വിവിധ പദ്ധതികൾ ഗവൺമെന്റ് മുന്നോട്ട് കൊണ്ടുപോകുന്നുണ്ട്. ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഡിപ്പാർട്ടുമെന്റ് വഴി തൊഴിൽജന്യരോഗങ്ങൾ ഇല്ലെന്ന് ഉറപ്പുവരുത്തി അതിൽനിന്നും തൊഴിലാളികളെ വിമുക്തമാക്കുന്നതിനുള്ള നിലപാട് എടുത്തുവരികയാണ്. കേരളത്തിൽ അതിനുള്ള ശ്രമം ആരംഭിച്ചുകഴിഞ്ഞു, അത് കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച പ്രശ്നം ഉൾപ്പെടെ പരിഹരിക്കുന്നതിനുള്ള നിലപാട് ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. ഷാഫി പറമ്പിൽ പറഞ്ഞകാര്യം ഇന്നലെ ചാനലിൽ കണ്ടു. അത് വളരെ ഗൗരവമുള്ള വിഷയമാണ്. അതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, ഇതര സംസ്ഥാന തൊഴിലാളികൾ ഏറ്റവും കൂടുതൽ ജോലി ചെയ്യുന്നത് എറണാകുളം ജില്ലയിലാണ്. ഇന്ന് പൈനാപ്പിൾ കൃഷിമുതൽ കടലിൽ പോയി മീൻപിടിക്കുന്നതുവരെയുള്ള ജോലികൾ ഇതര സംസ്ഥാന തൊഴിലാളികൾ ചെയ്യുന്നുണ്ട്. ഇവരുടെ സാമൂഹ്യ സ്ഥിതിയെ സംബന്ധിച്ച് പഠിക്കാൻ സന്നദ്ധ സംഘടനകളുടെയും മറ്റും സഹായം തേടിക്കൊണ്ട് തൊഴിൽ വകുപ്പ് മുൻകയ്യെടുത്ത് ആരോഗ്യ മേഖലയിലടക്കമുള്ള പൊതുവായ സ്ഥിതിവിവരക്കണക്കെടുത്ത് പഠനം നടത്താൻ തയ്യാറാകുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ഗവൺമെന്റ് ഇപ്പോൾ ആവിഷ്കരിച്ചിട്ടുള്ള ആവാസ് പദ്ധതിയിലൂടെ എല്ലാ വിവരങ്ങളും ശേഖരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. കേരളത്തിൽ ജോലി ചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികൾ എത്രയാണെന്ന് കൃത്യമായി നിർണ്ണയിക്കപ്പെട്ടിട്ടില്ല. നേരത്തെ ഇവിടെ നടത്തിയ പഠന റിപ്പോർട്ടിൽ 25 ലക്ഷത്തിൽക്കൂടുതൽ എന്നേ പറയുന്നുള്ളൂ. ഇത് കൃത്യമായി നിർണ്ണയിക്കേണ്ടതുണ്ട്. ഇപ്പോൾ ഗവൺമെന്റ് ആവിഷ്കരിച്ച ആവാസ് പദ്ധതിയിലൂടെ ആരോഗ്യ ഇൻഷ്വറൻസിന്റെ ഭാഗമായി തൊഴിലാളികളെ രജിസ്റ്റർ ചെയ്യുമ്പോൾ എല്ലാവരുടെയും വിവരങ്ങൾ ശേഖരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഇത് ഗവൺമെന്റ് ചെലവിലാണ് നടത്തുന്നത്. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. അങ്ങനെ വരുമ്പോൾ ഓരോ പ്രദേശത്തും വന്നുചേരുന്ന തൊഴിലാളികളുടെ യഥാർത്ഥ വിവരങ്ങൾ ശേഖരിക്കാൻ കഴിയുമെന്നാണ് ഗവൺമെന്റ് കരുതുന്നത്.

ശ്രീ. കെ. സി. ജോസഫ്: സർ, ഗൾഫ് രാജ്യങ്ങളിലെ മലയാളികളുടെ ലേബർ ക്യാമ്പുകളിലെ അവസ്ഥയെപ്പറ്റി എന്നും പരാതിയുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ അവിടെ സ്ഥിതി മെച്ചപ്പെട്ടു. കേരളത്തിലെ ലേബർ ക്യാമ്പുകളിൽ അവിടത്തെക്കാൾ പരമ ദയനീയമായ സാഹചര്യമാണ് ഇന്നുള്ളത്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ കഞ്ചിക്കോട്ടെയും കോഴിക്കോട്ടെയും തിരുവനന്തപുരത്തെയും പദ്ധതികൾകൊണ്ട് പരിഹരിക്കാവുന്നതല്ല ഈ പ്രശ്നം. ഇവരെ ജോലിക്ക് കൊണ്ടുവരുന്ന ദല്ലാളന്മാർ തൊഴിലുടമകളിൽനിന്ന് അമിതമായ കൂലിവാങ്ങി ഇവർക്ക് തുച്ഛമായ കൂലി കൊടുക്കുന്നു. ഇവരുടെ താമസസ്ഥലങ്ങളിൽ ലേബർ ഡിപ്പാർട്ടുമെന്റിന്റെ ശ്രദ്ധ ആവശ്യമാണ്. സ്വകാര്യ താമസ ഇടങ്ങളിൽ പാലിക്കേണ്ട മാനദണ്ഡങ്ങൾ, ഈടാക്കാവുന്ന വാടക, നൽകേണ്ട സൗകര്യങ്ങൾ എന്നിവയെപ്പറ്റി ഗൗരവമായ പഠനം ഉണ്ടായില്ലെങ്കിൽ കുറ്റകൃത്യങ്ങൾ ചെയ്യാനുള്ള

താല്പര്യം വർദ്ധിക്കുമെന്നുള്ളത് മെമ്പർമാർ ചൂണ്ടിക്കാണിച്ചതാണ്. അവിടെ ടോയ്‌ലെറ്റോ കിടക്കാനുള്ള സൗകര്യങ്ങളോ ഇല്ല. പകലന്തിയോളം പണിയെടുത്തിട്ട് വിശ്രമിക്കാനുള്ള സമയം കിട്ടുന്നില്ല. ഈ ദയനീയ സാഹചര്യം ഡിപ്പാർട്ടുമെന്റ് ഗൗരവമായി എടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. സ്വകാര്യ വ്യക്തികളുടെ ആവാസ കേന്ദ്രങ്ങൾ പരിശോധിച്ച് സൗകര്യങ്ങളുണ്ടാക്കാൻ ശ്രമിക്കണം. ശ്രീ. എസ്. ശർമ്മ ചെയർമാനായ എസ്റ്റിമേറ്റ്സ് കമ്മിറ്റി പഠനം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ ഗൗരവമായ ഇടപെടൽ ഉണ്ടാകുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ഇതര സംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന എല്ലാ മേഖലയും അങ്ങനെയാണെന്ന് കണക്കാക്കരുത്, അതിൽ വ്യത്യാസമുണ്ട്. ഞാൻ പാലക്കാട് കഞ്ചിക്കോട് മേഖലയിലെ സ്വകാര്യ ഉടമകളുടെ നേതൃത്വത്തിലുള്ള താമസസ്ഥലം സന്ദർശിച്ചിരുന്നു. സാമാന്യം മെച്ചപ്പെട്ട സൗകര്യം അവർക്കുണ്ട്. എന്നാൽ ആ സൗകര്യം ഇല്ലാത്ത താമസ കേന്ദ്രങ്ങളുമുണ്ട്. അത്തരം സ്വകാര്യ ഉടമകളുടെ നേതൃത്വത്തിലുള്ള താമസ കേന്ദ്രങ്ങൾ കർശനമായ പരിശോധനയ്ക്ക് വിധേയമാക്കി കേരളത്തിൽ നിലവിലുള്ള എല്ലാ നിയമങ്ങളുടേയും പരിരക്ഷ ലഭിക്കുന്നതിനുള്ള നിലപാട് സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച പ്രശ്നം ഗൗരവമായിത്തന്നെയാണ് കാണുന്നത്. തൊഴിലിടങ്ങളിൽ ഇതര സംസ്ഥാന തൊഴിലാളികളെ ചൂഷണം ചെയ്യുന്ന സ്ഥിതി ഒരുതരത്തിലും അനുവദിക്കാൻ പാടില്ല. താമസകേന്ദ്രങ്ങൾ ഉൾപ്പെടെ എല്ലാ പ്രശ്നങ്ങളും ഗവൺമെന്റ് സജീവമായി പരിഗണിച്ച് പരിഹാരമുണ്ടാക്കുന്നതിനുള്ള ശ്രമം നടത്തുന്നതാണ്.

ശ്രീ. എൽദോ എബ്രഹാം: സർ, കേരളത്തിലെ ഇതര സംസ്ഥാന തൊഴിലാളികളുടെ തലസ്ഥാനം ഏതാണെന്ന് ചോദിച്ചാൽ പെരുമ്പാവൂർ എന്നാണ് ഉത്തരം. തൊട്ടടുത്തുള്ള മൂവാറ്റുപുഴയിലും ഇവരെക്കൊണ്ട് നിറഞ്ഞിരിക്കുകയാണ്. പ്ലൈവുഡ്, പശ, ഫർണിച്ചർ തുടങ്ങിയ കമ്പനികളിലൊക്കെ ആയിരക്കണക്കിന് ആളുകൾ ജോലി ചെയ്യുകയാണ്. മലയാളികൾക്ക് ഇത്തരം സ്ഥാപനങ്ങളിൽ ജോലി നൽകാൻ വൈമുഖ്യം കാണിക്കുന്ന ധാരാളം ഉടമകളുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളെ ചൂഷണം ചെയ്യുകയാണ് കേരളത്തിലെ തടി മിൽ ഉടമകൾ. മൂവാറ്റുപുഴയിലെ ചിപ്പ് ബോർഡ് കമ്പനിയിൽ കഴിഞ്ഞ മൂന്നുമാസമായി ഒരു അംഗീകൃത ട്രേഡ് യൂണിയന്റെ സമരം തുടരുകയാണ്. തൊഴിൽ നൽകാൻ ഉടമ തയ്യാറാകുന്നില്ല. ഇതര സംസ്ഥാന തൊഴിലാളികളെ യഥേഷ്ടം ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ ഗവൺമെന്റ് ഇടപെടുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ഇന്ന് നിലവിലുള്ള ഭരണഘടനാ തത്വങ്ങളും നിയമവ്യവസ്ഥകളും അനുസരിച്ച് മാത്രമേ ഒരു ഗവൺമെന്റിന് നിലപാട് സ്വീകരിക്കാൻ കഴിയുകയുള്ളൂ. ഇന്ത്യയുടെ ഇതര ഭാഗങ്ങളിൽനിന്നും വരുന്ന തൊഴിലാളികളെ ഒരു വേർതിരിവുമില്ലാതെ സമീപിക്കാൻ നമുക്ക് സാധിക്കണം. എല്ലാ വിഭാഗം തൊഴിലാളികൾക്കും ജോലി ലഭിക്കണമെന്ന നിലപാടാണ് ഗവൺമെന്റിനുള്ളത്.

മി.സ്പീക്കർ : ചോദ്യം നമ്പർ (*212)

## പട്ടിക-ഗോത്രവർഗ്ഗക്കാരുടെ സമഗ്ര വികസനത്തിനായുള്ള പദ്ധതികൾ

2 (*212) ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. പി. വി. അൻവർ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക-ഗോത്രവർഗ്ഗക്കാരുടെ സമഗ്ര വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണ്;

(ബി) എല്ലാവർക്കും കുടിവെള്ളവും ആരോഗ്യ സുരക്ഷയും ഭവനവും ഉറപ്പാക്കുന്നതോടൊപ്പം സ്ഥായിയായ വികസന പദ്ധതികൾ വഴി ഉപജീവന മാർഗ്ഗം നൽകുന്നതിനും പദ്ധതികളുണ്ടോ;

(സി) കേന്ദ്രസർക്കാർ പദ്ധതിയായ വനബന്ധു കല്യാൺയോജന പ്രകാരം സംസ്ഥാനത്തെ പട്ടിക-ഗോത്രവർഗ്ഗക്കാരുടെ ഉന്നമനത്തിനായി രൂപം നൽകിയിട്ടുള്ള പദ്ധതികൾ എന്തൊക്കെയെന്നും അവയ്ക്കായി ലഭിക്കുന്ന കേന്ദ്രസഹായം എത്രയെന്നും അറിയിക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ,

(എ) പട്ടികവർഗ്ഗക്കാരുടെ സമഗ്ര വികസനവും പുരോഗതിയും സാംസ്കാരിക ഉന്നമനവും ലക്ഷ്യംവച്ചുകൊണ്ടുള്ള നിരവധി പദ്ധതികളാണ് പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നത്. വിദ്യാഭ്യാസം, സാമ്പത്തികം, അടിസ്ഥാന സൗകര്യ വികസനം, ആരോഗ്യം, ശുചിത്വം മറ്റ് സാമൂഹ്യക്ഷേമ പരിപാടികൾ എന്നീ നിലകളിലുള്ള വികസന പ്രവർത്തനങ്ങൾക്കാണ് ഊന്നൽ നൽകിയിട്ടുള്ളത്. വിദ്യാഭ്യാസ വികസനത്തിലാണ് ഏറ്റവും കൂടുതൽ ശ്രദ്ധ ചെലുത്തുന്നത്.

സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വികസനത്തിനായി 2017-18 സാമ്പത്തിക വർഷത്തിൽ ആകെ 890.09 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഇതിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 139.16 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്.

പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിന് ഊന്നൽ നൽകി 2017-18 സാമ്പത്തിക വർഷം നടപ്പിലാക്കുന്നതിനായി ആവിഷ്കരിച്ച പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. സാമൂഹ്യ പഠനമുറി
2. ഗോത്രബന്ധു
3. അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി
4. ഗോത്രവാത്സല്യനിധി
5. വയനാട് ഗോത്ര ഭാഷാ പഠനകേന്ദ്രം
6. ആരോഗ്യ വിദ്യാഭ്യാസ പരിപാടിയും തെരഞ്ഞെടുക്കപ്പെട്ട പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ലഹരി വിരുദ്ധ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കലും
7. പോഷകാഹാരക്കുറവ്, ശിശു-മാതൃ മരണ നിരക്ക് എന്നിവ കുറയ്ക്കുന്നതിനായുള്ള പോഷകാഹാര പുനരധിവാസ പ്രചരണ പരിപാടി ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ

വിശദ വിവരം അനുബന്ധം -1 ആയി ചേർക്കുന്നു.*

(ബി) ഉണ്ട്.

<u>കുടിവെള്ളം</u>:- പട്ടികവർഗ്ഗ മേഖലകളിൽ ശുദ്ധജല ദൗർലഭ്യം പരിഹരിക്കുന്നതിനായി വാട്ടർ അതോറിറ്റി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജലനിധി മുതലായ വിവിധ ഏജൻസികൾ വഴി കുടിവെള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു.

<u>ആരോഗ്യസുരക്ഷ</u>:- സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാർക്ക് ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതി പ്രകാരം മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിലും തെരഞ്ഞെടുക്കപ്പെട്ട മറ്റ് സഹകരണ ആശുപത്രികളിലും പൂർണ്ണമായും സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നു. ഐ.ടി.ഡി.പി. പ്രോജക്ട് ആഫീസർമാർ/പട്ടികവർഗ്ഗ വികസന ആഫീസർമാർ മുഖേനയും വകുപ്പ് അധ്യക്ഷൻ മുഖേനയും ചികിത്സാ ധനസഹായം നൽകുന്നു. കൂടാതെ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും വിവിധ ചികിത്സകൾക്ക് ധനസഹായം അനുവദിച്ചുവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 5 അലോപ്പതി ഒ. പി. ക്ലിനിക്കുകളും, ആറളത്ത് ഒരു ആയുർവ്വേദ ആശുപത്രിയും സംസ്ഥാനത്താകെ 17 ആയുർവ്വേദ ഡിസ്പെൻസറികളും പ്രവർത്തിക്കുന്നു. ഇടുക്കി ജില്ലയിലും തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാടും ഓരോ ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. HLL (Hindustan Lifecare Limited) മുഖേന വകുപ്പിന് കീഴിൽ മലപ്പുറം, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ ഓരോ ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. കൂടാതെ, KMSCL (Kerala Medical Services Corporation Limited) മുഖേന കൊല്ലം ജില്ലയിലും ഇടുക്കി ജില്ലയിലെ അടിമാലിയിലും ഓരോ ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകളും പ്രവർത്തിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അട്ടപ്പാടി മേഖലയിൽ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി 3 NRC (Nutrition Rehabilitation Centre) കളും പ്രവർത്തിക്കുന്നു.

സിക്കിൾസെൽ അനീമിയ രോഗികൾക്ക് മരുന്ന്, മറ്റ് ജീവനോപാധികൾ എന്നിവ വാങ്ങുന്നതിലേയ്ക്കായി പ്രതിമാസം 2,000 രൂപ വീതം സമാശ്വാസ ധനസഹായം നൽകുന്ന പദ്ധതിയും ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി പ്രതിമാസം 1,000 രൂപ വീതം 18 മാസത്തേയ്ക്ക് നൽകുന്ന ജനനി-ജന്മരക്ഷാ പദ്ധതിയും പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിവരുന്നു.

<u>ഭവന പദ്ധതി:-</u> അർഹരായ മുഴുവൻ പട്ടികവർഗ്ഗക്കാർക്കും വീട് ലഭ്യമാക്കുന്നതിനായി സമ്പൂർണ്ണ ഭവന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. സമ്പൂർണ്ണ ഭവന പദ്ധതി നടപ്പിലാക്കുന്നതിനായി ജനറൽ ഹൗസിംഗ് പദ്ധതി, എ.ടി.എസ്.പി. ഭവന പദ്ധതി, ഹഡ്കോ ഭവന പദ്ധതി, ഗ്രാമവികസന വകുപ്പ് മുഖാന്തിരം PMAY ഭവന പദ്ധതി എന്നീ പദ്ധതികൾ പ്രകാരം വീടുകൾ അനുവദിച്ച് വരുന്നു. 2016-17 സാമ്പത്തിക വർഷം മുതൽ വനബന്ധു കല്യാൺ യോജന പദ്ധതിയിലുൾപ്പെടുത്തിയും പട്ടികവർഗ്ഗക്കാർക്ക് വീട് അനുവദിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം മുതൽ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി, ലൈഫ് മിഷൻ പദ്ധതി എന്നിവയിലുൾപ്പെടുത്തിയും പുതിയ വീടുകൾ അനുവദിക്കുന്നതാണ്.

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സ്പിൽ ഓവർ ആയ 26118 വീടുകൾ പൂർത്തീകരിക്കാതെയുണ്ടായിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇതിൽ 4965 വീടുകൾ പൂർത്തീകരിച്ചു.

2016-17 സാമ്പത്തിക വർഷം ആകെ 6709 വീടുകൾ അർഹരായ ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് അനുവദിച്ചിട്ടുണ്ട്. ഇതടക്കം 32827 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കാനുണ്ട്.

<u>ജീവനോപാധി പദ്ധതികൾ:-</u> പരമ്പരാഗത കാർഷിക നൈപുണ്യം പരിപോഷിപ്പിച്ചുകൊണ്ട് പരമ്പരാഗത കൃഷിരീതികളിൽനിന്നും സ്ഥായിയായ വരുമാനം ഉറപ്പുവരുത്തുന്നതിനായി വിവിധ സർക്കാർ ഏജൻസികളുമായി സഹകരിച്ച് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

- കന്നുകാലി വളർത്തലിൽ താല്പര്യമുള്ളവർക്ക് മിൽമ, മൃഗ സംരക്ഷണ വകുപ്പ് തുടങ്ങിയവ മുഖേനയുള്ള പദ്ധതികൾ.
- വനോല്പന്നങ്ങൾ ശേഖരിച്ച് വിപണനം നടത്തുന്നതിനായി എസ്.സി./എസ്.ടി. ഫെഡറേഷൻ മുഖേനയുള്ള പദ്ധതികൾ.

- വിവിധ ട്രേഡുകളിൽ നൈപുണ്യം സൃഷ്ടിക്കുന്നതിനായി എൻ.റ്റി.റ്റി.എഫ്, ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇൻഡ്യാ ലിമിറ്റഡ്, കെൽട്രോൺ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യ ലിമിറ്റഡ്, സെന്റർ ഫോർ ബയോ പോളിമർ ടെക്നോളജി ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ മുഖേന പരിശീലനങ്ങൾ നൽകി യുവാക്കൾക്ക് തൊഴിൽ ഉറപ്പു വരുത്തുന്ന പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നു.

(സി) അഞ്ചുവർഷത്തെ ഒരു പരിപ്രേക്ഷ്യാ പദ്ധതി 2015-16 സാമ്പത്തിക വർഷം വകുപ്പ് കേന്ദ്രസർക്കാരിന് സമർപ്പിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ വനബന്ധു കല്യാൺ യോജന (വി.കെ.വൈ.) ആരംഭിച്ചുവെങ്കിലും കാര്യമായ കേന്ദ്ര സഹായം ലഭിച്ചിട്ടില്ല. 2015-16-ൽ കേവലം മൂന്നുകോടി രൂപ മാത്രമാണ് ലഭിച്ചത്.

എന്നാൽ 2016-17 വർഷത്തിൽ 10 കോടി രൂപ സംസ്ഥാന സർക്കാർ ഈ പദ്ധതിയിൽ നീക്കിവയ്ക്കുകയുണ്ടായി. 2017-18-ലും 10 കോടി രൂപ സംസ്ഥാന സർക്കാർ നീക്കിവച്ചിട്ടുണ്ട്.

2016-17 സാമ്പത്തിക വർഷം വി.കെ.വൈ. പദ്ധതി പ്രകാരം മാനന്തവാടി പട്ടികവർഗ്ഗ വികസന ആഫീസറുടെ പരിധിയിൽപ്പെടുന്ന 1854 പുതിയ വീടുകൾ അനുവദിക്കുകയും ടി പദ്ധതി നിർവ്വഹണത്തിനായി ആദ്യഗഡുവെന്നോണം 5,40,41,000 രൂപ 2016-17 സാമ്പത്തിക വർഷത്തിൽ വി.കെ.വൈ. ബഡ്ജറ്റ് ശീർഷകത്തിൽനിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്. കേന്ദ്ര സഹായം നാളിതു വരെയായി ലഭിച്ചിട്ടില്ല.

ശ്രീ. സി. കെ. ശശീന്ദ്രനുവേണ്ടി ശ്രീ. ഒ. ആർ. കേളു: സർ, പട്ടികവർഗ്ഗ വിഭാഗത്തിനുവേണ്ടി ഈ ഗവൺമെന്റ് നടപ്പാക്കുന്ന പദ്ധതികൾ അഭിനന്ദനാർഹമാണ്. ഇതോടൊപ്പം 'PESA' (Provisions of the Panchayats Extension to the Scheduled Areas Act) നടപ്പാക്കണമെന്നാണ് കേന്ദ്ര ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുന്നത്. ഇത് കേരള ഗവൺമെന്റ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയാൻ താല്പര്യമുണ്ട്.

ശ്രീ. എ. കെ. ബാലൻ: സർ, ഇത് ഗവൺമെന്റിന്റെ പരിഗണനയിലുള്ള വിഷയമാണ്.

ശ്രീ. ഒ. ആർ. കേളു: സർ, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് ഇപ്പോഴും തുടരുന്നുവെന്നുള്ളതാണ് സർവ്വേ കാണിക്കുന്നത്. അത്തരം കാര്യങ്ങൾ പരിഹരിക്കുന്നതിന് ഗോത്ര ഭാഷാജ്ഞാനമുള്ള അദ്ധ്യാപകരെ നിയമിക്കുന്നതിന് ഈ ഗവൺമെന്റ് നടപടി സ്വീകരിക്കുന്നുണ്ടോ?

ശ്രീ. എ. കെ. ബാലൻ : സർ, ഇതുമായി ബന്ധപ്പെട്ട് രണ്ട് പദ്ധതികൾ ഗവൺമെന്റ് ആവിഷ്കരിക്കുകയാണ്. ഒന്ന് സാമൂഹ്യപഠനമുറി, മറ്റൊന്ന് ആദിവാസി മേഖലകളിൽ ഗോത്രഭാഷ കൈകാര്യം ചെയ്യാൻ കഴിവുള്ള ആൾക്കാരെ തെരഞ്ഞെടുത്ത് പ്രത്യേക ട്രെയിനിംഗ് കൊടുത്ത് കുട്ടികളെ പഠിപ്പിക്കുന്നതിനുള്ള അദ്ധ്യാപകരുടെ നിയമനം. അതിനായി വയനാട്ടിൽ ഇപ്പോൾ 246 പട്ടികവർഗ്ഗ വിഭാഗങ്ങളിൽനിന്ന് പഠിച്ച് പാസ്സായവർക്ക് ജോലികൊടുക്കാൻ പോവുകയാണ്. ഇത് അവിടെ പരീക്ഷണം നടത്തിയശേഷം ബാക്കിയുള്ള ഊരുകളിലേയ്ക്കുകൂടി വ്യാപിപ്പിക്കും. ഇതിന്റെ പ്രശ്നം എന്നുപറയുന്നത്, മലയാളം പഠിച്ച് അവിടെ പഠിപ്പിക്കാൻ പോയാൽ അവർക്ക് ഈ ഭാഷ മനസ്സിലാകില്ല. ഗോത്ര ഭാഷ വിവിധ ഭാഷകളിലുള്ളതാണ്. അതുകൊണ്ട് ഗോത്ര ഭാഷയിൽത്തന്നെ ഇവരെ ആദ്യം പഠിപ്പിക്കണം. അങ്ങനെ വിദ്യാഭ്യാസ നിലവാരം ഉയർത്താൻ പറ്റുന്ന രൂപത്തിൽ ഇവരെ മാറ്റിയെടുക്കാൻ സാധിക്കും. യഥാർത്ഥത്തിൽ വലിയ രൂപത്തിലുള്ള കൊഴിഞ്ഞുപോക്കിനുള്ള പ്രധാന കാരണം നമ്മൾ പഠിപ്പിക്കുന്ന മലയാളം ഇവർക്ക് മനസ്സിലാകാത്തതുകൊണ്ടാണ്. ഗോത്ര ഭാഷയിൽ പലതിനും ലിപിയില്ല. അതിന് പ്രത്യേക ട്രെയിനിംഗ് കൊടുത്തുകൊണ്ട് അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. പി. വി. അൻവറിനുവേണ്ടി ശ്രീ. ഡി. കെ. മുരളി : സർ, ആദിവാസി മേഖലകളിലെ പഠനം മെച്ചപ്പെടുത്തുന്നതിന് പുതിയ മോഡൽ സ്കൂളുകൾ സ്ഥാപിക്കുമെന്ന് അങ്ങ് പ്രഖ്യാപിച്ചിട്ടുണ്ട്. എന്റെ നിയോജകമണ്ഡലമായ ഞാറനീലിയിലാണ് ആദ്യത്തെ സി.ബി.എസ്.ഇ. സ്കൂൾ തുടങ്ങിയത്. അവിടെ അദ്ധ്യാപകരെ കരാറടിസ്ഥാനത്തിലാണ് നിയമിക്കുന്നത്. അതിന്റെ ഭാഗമായി അദ്ധ്യാപകർ അവിടെ താമസിച്ച് പഠിപ്പിക്കാൻ തയ്യാറാകുന്നില്ല. മാത്രമല്ല ഓരോ വർഷവും അദ്ധ്യാപകർ മാറിക്കൊണ്ടിരിക്കുകയാണ്. ഇതിന് പരിഹാരമായി സ്ഥിരം നിയമനത്തിലേയ്ക്ക് കടക്കാൻ കഴിയുമോ; ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. കെ. ബാലൻ: സർ, ഇത് വളരെ ഗൗരവമുള്ള പ്രശ്നമാണ്. നമ്മുടെ എം.ആർ.എസ്.-കളെല്ലാം നൂറ് ശതമാനം വിജയമുള്ള സ്ഥാപനങ്ങളാണ്. ഏറ്റവും താണനിലവാരത്തിലുള്ള കുട്ടികൾ എം.ആർ.എസ്.-കളിൽ പഠിച്ച് എസ്.എസ്.എൽ.സി. എത്തുമ്പോഴേയ്ക്കും അവരുടെ വിദ്യാഭ്യാസനിലവാരം നമ്മളൊന്നും ഊഹിക്കാത്ത രൂപത്തിൽ ശക്തിപ്പെടുകയാണ്. ഇവിടത്തെ പ്രശ്നം, ആവശ്യത്തിന് സ്റ്റാഫില്ല എന്നുള്ളതാണ്. പല എം.ആർ.എസ്.-കളിലും ഇപ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴിയാണ് നിയമനം നടത്തുന്നത്. ഇവിടത്തെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ ഗവൺമെന്റ് ആരംഭിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് ഇക്കാര്യങ്ങൾ സംസാരിച്ചിട്ടുണ്ട്. ഒഴിവുകൾ നോട്ടിഫൈ ചെയ്ത് പി.എസ്.സി.-ക്ക് വിടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. ബി. ഡി. ദേവസ്സി</u>: സർ, പട്ടികവർഗ്ഗ വിഭാഗങ്ങളിൽ ഭൂമി കൈവശമില്ലാത്ത എത്ര കുടുംബങ്ങളുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; അവർക്ക് ഭൂമി നൽകുന്നതിനുള്ള ഭാവി പരിപാടിയുണ്ടോ? എന്റെ മണ്ഡലത്തിലെ വാഴച്ചാൽ, വാച്ചുമരം, ആനക്കയം, ഷോളയാർ, മാരാംകോട്, രണ്ടുകൈ എന്നീ കോളനികളിൽ ആദിവാസികൾക്ക് വീട് വയ്ക്കുന്നതിനോ, കൃഷി ചെയ്യുന്നതിനോ സ്ഥലമില്ലാത്ത അവസ്ഥയുണ്ട്. വനം, പട്ടികവർഗ്ഗ വികസനം, റവന്യൂ എന്നീ വകുപ്പുകൾ സംയുക്ത പരിശോധന നടത്തി കുറച്ചുപേർക്ക് ഭൂമി നൽകാൻ അനുയോജ്യമായ സ്ഥലം കണ്ടെത്തിയെങ്കിലും പിന്നീട് വനം വകുപ്പിന്റെ തടസ്സവാദംമൂലം അതും കൊടുക്കാൻ കഴിഞ്ഞിട്ടില്ല. ഇക്കാര്യത്തിൽ അടിയന്തര നടപടി ഉണ്ടാകുമോ?

<u>ശ്രീ. എ. കെ. ബാലൻ</u> : സർ, കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കേന്ദ്ര വനാവകാശ നിയമപ്രകാരം 24846 പേർക്ക് ആർ.ഒ.ആർ. കൊടുക്കാനുള്ള നടപടി സ്വീകരിച്ചു. അതിൽ ആ ഗവൺമെന്റ് 16723 റൈറ്റിലുകളും പിന്നീട് വന്ന ഗവൺമെന്റ് 8000-ത്തിലധികം റൈറ്റിലുകളും കൊടുത്തു. അതിനുശേഷം ഒരു തുടർനടപടിയും എടുത്തിരുന്നില്ല. ഇതുപ്രകാരം ഇപ്പോൾ 5000-ത്തിലധികം ആർ.ഒ.ആർ. കൊടുക്കാൻ ബാക്കിയുണ്ട്. അതുകൊണ്ടുമാത്രം ഭൂമിയുടെ പ്രശ്നം പരിഹരിക്കാൻ പറ്റില്ല. ലഭ്യമായിട്ടുള്ള കണക്കുപ്രകാരം ഭൂമിയില്ലാത്ത 12435 ആദിവാസികളാണുള്ളത്. നേരത്തേ ഇവിടെ സൂചിപ്പിച്ചതു പോലെ ബഹുമാനപ്പെട്ട റവന്യൂ, വനം വകുപ്പുമന്ത്രിമാർ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുടെ യോഗം വിളിച്ചുചേർത്തിരുന്നു. ഇപ്പോൾ 5075 ആർ.ഒ.ആർ. കൊടുക്കാൻ സാധിക്കും. 12,435 എണ്ണം മാത്രമേ പ്രശ്നമായിട്ടുള്ളൂ. സുപ്രീംകോടതിയുടെ വിധിപ്രകാരം പത്തുപതിനഞ്ച് കൊല്ലം മുമ്പേ പത്തുപതിനേഴായിരം ഏക്കറോളം ഭൂമി അനുവദിച്ചതാണ്. പക്ഷേ പിന്നീട് 1500 ഏക്കറോളമേ കൊടുക്കാൻ കഴിഞ്ഞിട്ടുള്ളൂ. അതിൽത്തന്നെ 4000 ഏക്കർ ഭൂമി ഇപ്പോൾ കൊടുക്കാൻ പറ്റും. അതിന് ഇപ്പോൾ ഗവൺമെന്റിന്റെ ഉത്തരവായിട്ടുണ്ട്. സംയുക്ത യോഗം വിളിച്ചുചേർത്ത് അതിനുള്ള നടപടി എടുത്തിട്ടുണ്ട്. പിന്നെയുള്ള 3000-ത്തോളം ആദിവാസികളുടെ പ്രശ്നം ഈ വർഷം തന്നെ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കും. എൽ.ഡി.എഫ്. ഗവൺമെന്റ് കാലാവധി പൂർത്തീകരിക്കുന്നതിനുമുമ്പ് ആദിവാസികളുടെ ഭൂപ്രശ്നവും പാർപ്പിട പ്രശ്നവും പരിഹരിക്കുമെന്ന കാര്യത്തിൽ സംശയം വേണ്ട.

<u>ശ്രീമതി വീണാ ജോർജ്ജ്</u>: സർ, പട്ടികവർഗ്ഗ ക്ഷേമത്തിനായുള്ള സംസ്ഥാന ബഡ്ജറ്റ് വിഹിതം ദേശീയ അനുപാതവുമായി താരതമ്യം ചെയ്യുമ്പോൾ മികച്ചതാണ്. കാലാകാലങ്ങളായി ഇത്തരത്തിൽ തുക നീക്കിവച്ചിട്ടും ഇവരുടെ ജീവിതനിലവാരത്തിൽ കാര്യമായ മാറ്റം ഉണ്ടാകുന്നില്ല. ഇത് എന്തുകൊണ്ടാണ്; എവിടെയാണ് വീഴ്ച സംഭവിക്കുന്നത്? ഇത് സംബന്ധിച്ച് സർക്കാർ സമഗ്രമായും ശാസ്ത്രീയമായും പഠനം നടത്തുന്നതിനെക്കുറിച്ച് ആലോചിക്കുമോ? അവരുടെ തനത് കലാരൂപങ്ങൾ, സാംസ്കാരിക പൈതൃകം ഇവയൊക്കെ സംരക്ഷിക്കുന്നതിനുവേണ്ടി എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത്?

ശ്രീ. എ. കെ. ബാലൻ: സർ, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിനായി കേന്ദ്ര ഗവൺമെന്റ് അവരുടെ പദ്ധതി വിഹിതത്തിന്റെ 25 ശതമാനം നീക്കി വയ്ക്കേണ്ടതാണ്. ഇന്ത്യാ രാജ്യത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗം മൊത്തം ജനസംഖ്യയുടെ 25 ശതമാനമുണ്ട്. എന്നാൽ 12 ശതമാനത്തിൽ കൂടുതൽ പദ്ധതി വിഹിതം കേന്ദ്രസർക്കാർ നീക്കിവയ്ക്കാറില്ല. കേരളത്തെ സംബന്ധിച്ചിടത്തോളം 10 ശതമാനത്തോളം വരുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിനായി ബഡ്ജറ്റ് വിഹിതത്തിന്റെ പത്ത് ശതമാനത്തിൽ കൂടുതൽ തുക നീക്കിവയ്ക്കാറുണ്ട്. അതിൽ ഭൂരിഭാഗവും വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ചെലവുകൾക്കാണ് പോകുന്നത്. ബാക്കിയുള്ളതിൽ കുറച്ച് തുക വികസനപ്രവർത്തനങ്ങൾക്കും ക്ഷേമ പ്രവർത്തനങ്ങൾക്കുമായി ചെലവിടുന്നു. അവരുടെ ജീവിതനിലവാരം ഉയർന്നില്ലെന്ന് പറയുന്നതിനോട് എനിക്ക് യോജിപ്പില്ല. ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് ജീവിതനിലവാരം മെച്ചപ്പെടുത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. പ്രധാനമായും ആരോഗ്യ-ഭൂമി സംബന്ധമായ പ്രശ്നങ്ങളാണ് നമ്മുടെ മുമ്പിലുള്ളത്. ആരോഗ്യ പ്രശ്നം പരിഹരിക്കുന്നതിനുള്ള അതിശക്തമായ നടപടികളാണ് ഇപ്പോൾ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. അതിനായി സമഗ്ര ആരോഗ്യ പദ്ധതി, ജനനി-ജന്മരക്ഷാ പദ്ധതി തുടങ്ങിയവയുണ്ട്. കുട്ടികൾക്കാണ് സാധാരണയായി പരിരക്ഷ കിട്ടാതിരിക്കുന്നത്. സ്കൂളുകളിൽ അവരുടെ ആരോഗ്യപ്രശ്നം കൈകാര്യം ചെയ്യാനുള്ള സംവിധാനം മുൻകാലങ്ങളിൽ ഉണ്ടായിരുന്നില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വയനാട്ടിൽ മാത്രം 9800 കുട്ടികളെ സമഗ്ര പരിശോധനയ്ക്ക് വിധേയമാക്കി. അതിൽ ആരോഗ്യപ്രശ്നം രൂക്ഷമായ കുറച്ച് കുട്ടികളേ ഉണ്ടായിരുന്നുള്ളൂ, ബാക്കിയുള്ളവർക്ക് പ്രശ്നങ്ങളുണ്ടായിരുന്നില്ല. ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റീഹാബിലിറ്റേഷൻ സെന്ററുകൾ തുടങ്ങുകയും ആവശ്യമായ ഭക്ഷണസാധനങ്ങളും മരുന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതു പോലെ, ഏറ്റവും വലിയ പ്രശ്നം തൊഴിൽ ഉറപ്പുവരുത്തുക എന്നുള്ളതാണ്. അതിനായി ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ഒരു പ്രത്യേക സ്കീമിന് രൂപം കൊടുത്തിട്ടുണ്ട്. കൂടുതൽ തൊഴിലവസരങ്ങൾ നൽകികൊണ്ട് സ്വയം പര്യാപ്തതയിലേയ്ക്ക് അവരെ എത്തിക്കണം, അതിനായി ഒരു മൈക്രോ പ്ലാനിംഗ് യഥാർത്ഥത്തിൽ ആവശ്യമാണ്. ആ ദിശയിലേയ്ക്കുള്ള ശക്തമായ നടപടിയാണ് ഇപ്പോൾ ഗവൺമെന്റ് സ്വീകരിക്കുന്നത്. അവരുടെ സാംസ്കാരിക പരിപാടികൾക്ക് നല്ല പ്രോത്സാഹനമാണ് ഗവൺമെന്റ് കൊടുക്കുന്നത്. പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ തനത് കലകൾ ജനങ്ങളുടെ മുമ്പാകെ അവതരിപ്പിക്കുന്നതിനും ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിൽക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇപ്പോൾത്തന്നെ ഗദ്ദിക പരിപാടി പാലക്കാട് വടക്കാഞ്ചേരിയിലും കോഴിക്കോട് വളയത്തും നടത്തിക്കഴിഞ്ഞു. ദിവസവും 15000 മുതൽ 40000 വരെ ആളുകൾ അവിടെ വരുകയുണ്ടായി. ഏതാണ്ട് 80 ലക്ഷം രൂപയുടെ ഉല്പന്നങ്ങൾ വിറ്റഴിക്കാൻ സാധിച്ചു. ഈ പരിപാടി കുറച്ചുകൂടി വിപുലമാക്കാനുള്ള തീരുമാനമുണ്ട്. അന്യംനിന്നുപോകുന്ന അവരുടെ കലകൾ സംരക്ഷിക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിക്കും.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമത്തിനായുള്ള കോടിക്കണക്കിന് രൂപയുടെ ഫണ്ട് ഓരോ സാമ്പത്തിക വർഷവും ലാപ്സായി പോകുന്നുവെന്ന കാര്യം അങ്ങേയ്ക്കുമറിയാം. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഈ ഫണ്ട് എങ്ങനെയെങ്കിലും ചെലവഴിക്കണമെന്ന് കരുതി കെട്ടിടങ്ങളും മറ്റും പണിയുകയാണ് ചെയ്യാറുള്ളത്. എന്നാൽ ഈ കെട്ടിടങ്ങൾ യാതൊരു ഉപയോഗവുമില്ലാതെ സാമൂഹ്യവിരുദ്ധരുടെ താവളമായി മാറുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കോ മറ്റ് സ്ഥാപനങ്ങൾക്കോ അനുവദിക്കുന്ന ഫണ്ട് 100 ശതമാനവും ചെലവഴിക്കാൻ സാധിക്കാറില്ല. എല്ലാ ഗവൺമെന്റുകളുടെ കാലത്തും ഈ സ്ഥിതിയാണുള്ളത്. എന്റെ ചോദ്യം, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ഫണ്ട് 100 ശതമാനം ചെലവഴിക്കുന്നതിന് തടസ്സമായി നിൽക്കുന്ന നിയമങ്ങളിൽ മാറ്റംവരുത്താൻ അങ്ങ് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏത് വിധമാണെന്ന് വിശദമാക്കാമോ?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ബഡ്ജറ്റ് മുഖേന നീക്കിവയ്ക്കുന്ന പ്ലാൻ ഫണ്ട് ചെലവഴിക്കുന്നതിൽ വലിയ പിന്നോക്കാവസ്ഥ ഉണ്ടെന്ന് എനിക്ക് തോന്നുന്നില്ല. 2016-17 വർഷം 529.28 കോടി രൂപയായിരുന്നു ബഡ്ജറ്റ് അലോട്ട്മെന്റ്, അതിൽ 500.18 കോടി രൂപ ചെലവഴിച്ചു. അതായത് 95 ശതമാനം അച്ചീവ്മെന്റാണ് ഉണ്ടായിട്ടുള്ളത്, അതേ നമുക്ക് സാധിക്കുകയുള്ളൂ. ഇത് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് എറ്റവും നല്ല അച്ചീവ്മെന്റാണ്. പട്ടികജാതി വിഭാഗത്തിനായി 84 ശതമാനം തുക ചെലവഴിച്ചുകഴിഞ്ഞു, ബാക്കിയുള്ളതിന് എ.എസ്. കൊടുത്തു, അതിൽ ലാപ്സ് വരില്ല. എന്നാൽ ഇവിടെ പറഞ്ഞതുപോലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുക്കുന്ന ഫണ്ട് യഥാസമയം വിനിയോഗിക്കുന്നതിൽ യഥാർത്ഥത്തിൽ കാലതാമസവും വീഴ്ചയും വരുന്നുണ്ട്. അതിന് പലകാരണങ്ങളുമുണ്ട്. അതിലൊന്ന് സമയബന്ധിതമായി ഇവ നടപ്പിലാക്കുന്നതിനുള്ള സംവിധാനങ്ങൾ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഇല്ല എന്നതാണ്. ചിലത് 100 ശതമാനത്തിൽ എത്തിക്കുന്നുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി നീക്കിവയ്ക്കുന്ന ഫണ്ട് യഥാസമയം ചെലവഴിക്കുന്നതിൽ വരുന്ന വീഴ്ച ഇല്ലാതാക്കുന്നതിന് ശക്തമായ നിയമനിർമ്മാണം നടത്താൻ ഗവൺമെന്റ് ഇപ്പോൾ ആലോചിക്കുന്നുണ്ട്. കുറ്റക്കാരായ വ്യക്തികളേയും സ്ഥാപനങ്ങളേയും നിയമത്തിന് മുമ്പിൽ കൊണ്ടുവരുന്നതിനും ഫണ്ട് ചെലവഴിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും കഴിയുന്ന രീതിയിലുള്ള സമഗ്രമായ നടപടികൾ ഈ നിയമത്തിലുണ്ടാകും.

<u>ശ്രീ. ബി. സത്യൻ</u>: സർ, പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമ സമിതി വയനാടുൾപ്പെടെയുള്ള നാല് ജില്ലകൾ സന്ദർശിച്ചു. അവിടെയെല്ലാം കാണുന്ന ഗുരുതരമായ വിഷയം തൊഴിലില്ലായ്മയാണ്. പകൽ 11 മണിക്ക് കോളനികളിൽ എത്തിയപ്പോൾ പുരുഷന്മാരും സ്ത്രീകളുമുൾപ്പെടെ ജോലിയില്ലാതിരിക്കുന്ന അവസ്ഥയാണ് കാണാൻ കഴിഞ്ഞത്. തോട്ടം മേഖലയിലെ അവരുടെ തൊഴിൽ ഏതാണ്ടവസാനിച്ചിരിക്കുകയാണ്. വനാന്തരങ്ങളിൽ പരമ്പരാഗതമായി ചെയ്തിരുന്ന തൊഴിൽ ഇപ്പോൾ അവർക്ക് ചെയ്യാൻ സാധിക്കുന്നില്ല. കൊടിയ ദാരിദ്ര്യത്തിലാണ് കഴിയുന്നത്. കുഞ്ഞുങ്ങൾക്ക് സ്കൂളുകളിൽനിന്ന് കിട്ടുന്ന ഭക്ഷണവും ഇപ്പോൾ നല്കുന്ന റേഷനുമാണ് അവരുടെ ആകെയുള്ള ആശ്വാസം. ഈ ചെറിയ ആനുകൂല്യങ്ങൾ മാത്രമാണ് അവർക്കുള്ളത്. വനാന്തരങ്ങളിലും അനുബന്ധ മേഖലകളിലും തൊഴിലുറപ്പാക്കുന്നതിനും നിശ്ചിത വരുമാനമുണ്ടാക്കുന്നതിനും സാധ്യമാകുന്ന വിധത്തിലുള്ള ഒരു പദ്ധതി പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് മുഖാന്തിരം നടപ്പിലാക്കാൻ സാധിക്കുമോ?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള പ്രധാനപ്പെട്ട സ്കീമാണ് എം.ജി.എൻ.ആർ.ഇ.പി. (മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി). അതിൽ കേന്ദ്ര ഗവൺമെന്റ് തൊഴിൽ ദിനങ്ങൾ 100 എന്നത് ഇപ്പോൾ 200 ആക്കിയിട്ടുണ്ട്. ഈ പദ്ധതി ഫലപ്രദമായി ആദിവാസി മേഖലയിൽ നടപ്പിലാക്കാൻ സാധിച്ചാൽ തൊഴിൽപ്രശ്നം കുറേയധികം പരിഹരിക്കാൻ കഴിയും. അതുപോലെ കൂടുതൽ തൊഴിലവസരങ്ങൾ അതാത് മേഖലകളിൽ സൃഷ്ടിക്കുന്നതിനാവശ്യമായ നടപടികളും ആലോചിക്കാവുന്നതാണ്. ഇതിന്റെ ഭാഗമായി ഗ്രാമവികസന കമ്മീഷണറേറ്റുമായി ബന്ധപ്പെട്ട് ചർച്ച നടത്തുന്നുണ്ട്, ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കപ്പുറം കുറേക്കൂടി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ഏതെല്ലാം തലത്തിൽ കഴിയുമെന്ന കാര്യം ആലോചിക്കുന്നുണ്ട്. കൃഷി വകുപ്പും ഇതുസംബന്ധിച്ച് ചില ആലോചനകൾ ഇപ്പോൾ നടത്തുന്നുണ്ട്. ഇതെല്ലാം ഏകോപിപ്പിച്ചുകൊണ്ടുള്ള സമഗ്രമായ പദ്ധതിക്ക് ഗവൺമെന്റ് രൂപം നൽകും.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ അവസാന ഘട്ടത്തിൽ 'പെസ' നിയമം (പഞ്ചായത്ത്സ് എക്സ്റ്റെൻഷൻ ടു ഷെഡ്യൂൾഡ് ഏരിയാസ് ആക്ട്, 1996) നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ആദിവാസി മേഖലയിലെ വിവിധ സംഘടനകളെ ഉൾപ്പെടുത്തിക്കൊണ്ട് വിപുലമായ ചർച്ച നടത്തിയിരുന്നു. അന്ന് ഏകദേശ ധാരണയിലെത്തിയതായിരുന്നു. ഈ നിയമം നടപ്പാക്കിയാൽ കുറേയേറെ മാറ്റംവരുത്താൻ സാധിക്കുമെന്ന അഭിപ്രായം ഈ വിഭാഗങ്ങൾക്കിടയിലുണ്ട്. അതുകൊണ്ട് 'പെസ' നിയമം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, 'പെസ' നിയമം നടപ്പിലാക്കുന്ന കാര്യം തത്വത്തിൽ ഗവൺമെന്റ് അംഗീകരിച്ചിരിക്കുകയാണ്. മുൻ സർക്കാർ അന്ന് തെരഞ്ഞെടുത്തത് വയനാട്, മലപ്പുറം, കണ്ണൂർ ജില്ലകളിലെ ഏതാനും കോളനികളെയാണ്. എന്നാൽ തെക്കൻ ജില്ലകളിൽപ്പെട്ട ആദിവാസി പ്രദേശങ്ങളെ ഇതിലുൾപ്പെടുത്തിയിരുന്നില്ല. മാത്രവുമല്ല ചെറിയ കോളനികൾ സ്വയംഭരണ പ്രദേശങ്ങളായി മാറുമ്പോൾ ഒരു വാർഡിൽ തന്നെ ചെറിയ രൂപത്തിലുള്ള സ്വയംഭരണ സ്ഥാപനങ്ങൾ സൃഷ്ടിക്കപ്പെടും. ശാസ്ത്രീയമായ പരിശോധനയില്ലാതെയാണ് ഈ രീതിയിൽ ചില സെറ്റിൽമെന്റുകളെ തെരഞ്ഞെടുത്തത്. 'പെസ' നിയമം പ്രായോഗികമായി നടപ്പിലാക്കുന്നതിനാവശ്യമായ പരിശോധനകൾ നടത്തുന്നതിനായി എസ്.സി./എസ്.റ്റി. ഡിപ്പാർട്ട്മെന്റ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ കൂടുതൽ സ്ഥലങ്ങളെ ഉൾപ്പെടുത്തണമോ, വേണ്ടയോ എന്ന കാര്യം ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

ശ്രീ. കെ. വി. വിജയദാസ്: സർ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഒരു ലക്ഷം രൂപ വരെയുള്ള കടങ്ങൾ എഴുതിത്തള്ളണമെന്നുള്ളത് കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തെടുത്ത തീരുമാനമായിരുന്നു. പട്ടികജാതി വിഭാഗത്തിന് 2010 വരെയും പട്ടികവർഗ്ഗ വിഭാഗത്തിന് 2014 വരെയുമുള്ള കാലാവധി വച്ചുകൊണ്ടാണ് എഴുതിത്തള്ളാൻ തീരുമാനിച്ചത്. പക്ഷേ, ഗുണഭോക്താക്കൾക്ക് വേണ്ടത്ര ഇതിന്റെ പ്രയോജനം ലഭിച്ചിട്ടില്ലെന്നുള്ളത് സത്യമാണ്. കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്ത് ഇതിന്റെ കാലദൈർഘ്യം വർദ്ധിപ്പിക്കാൻ ആത്മാർത്ഥമായി ശ്രമിക്കാത്തതിന്റെ ഫലമായി അത് ഗുണകരമായില്ല. ഈ ഗവൺമെന്റെങ്കിലും രണ്ട് വിഭാഗങ്ങൾക്കുമുള്ള കാലാവധി 2016 വരെയാക്കി നിജപ്പെടുത്തി ഒരു ലക്ഷം രൂപ വരെയുള്ള കടം എഴുതിത്തള്ളുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളെ സംബന്ധിച്ച് ഏറ്റവും ഉപകാരപ്രദമായതും ഒരു ലക്ഷം രൂപ വരെയുള്ള കടങ്ങൾ എഴുതിത്തള്ളുന്നതുമായ ഒരു സ്കീമാണിത്. ഈ സ്കീം കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റാണ് കൊണ്ടുവന്നത്. അന്ന് നിജപ്പെടുത്തിയിരുന്നത് 25,000 രൂപയായിരുന്നു. പിന്നീട് അത് ഒരു ലക്ഷം രൂപയായി വർദ്ധിപ്പിക്കുകയുണ്ടായി. പല കാരണങ്ങളാൽ ഗുണഭോക്താക്കൾക്ക് ആ തുക പൂർണ്ണമായും നൽകാൻ

സാധിച്ചിരുന്നില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇപ്പോൾ 69413 പേർക്ക് 88 കോടി രൂപ കൊടുക്കുകയുണ്ടായി. മുൻ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ പട്ടികവർഗ്ഗ വിഭാഗങ്ങളുടേത് 2010 എന്നുള്ള കാലദൈർഘ്യം 2014 വരെ എന്നാക്കി മാറ്റിയിട്ടുണ്ട്. ഈ രൂപത്തിൽ, പട്ടികജാതി വിഭാഗത്തിനുകൂടി 2014 എന്നുള്ള കാലദൈർഘ്യത്തിൽ ഒരു പാരിറ്റി നിശ്ചയിക്കാൻ കഴിയുമോ എന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പുമായി ആലോചിച്ച് തീരുമാനമെടുക്കുന്നതായിരിക്കും.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് സർക്കാർ ധാരാളം കാര്യങ്ങൾ ചെയ്യുന്നതിൽ സന്തോഷമുണ്ട്. കഴിഞ്ഞ നാലഞ്ച് വർഷമായി എന്റെ മണ്ഡലത്തിൽ മാത്രമല്ല, മറ്റ് മണ്ഡലങ്ങളിലും ഓരോ കോളനികളെ ദത്തെടുക്കുകയും അവയുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഒരു കോടി രൂപ വീതം ചെലവഴിച്ചുകൊണ്ടുള്ള പദ്ധതികൾ നടപ്പിലാക്കിവരികയുമാണ്. വർഷങ്ങളായിട്ടും ഒരു മണ്ഡലത്തിലും കോളനികളുടെ നിർമ്മാണ ജോലികൾ പൂർത്തീകരിച്ചിട്ടില്ല. ഇതിലെ പ്രധാന കാരണം, ഇതിന്റെ നിർമ്മാണ ജോലികൾക്ക് കരാർ കൊടുത്തിരിക്കുന്നത് നിർമ്മാണവുമായി ബന്ധമില്ലാത്ത സിഡ്കോ, കിറ്റ്കോ തുടങ്ങിയ ഏജൻസികൾക്കാണ്. ആലുവയിൽ ഇതുപോലൊരു കമ്പനി പ്രവർത്തിക്കുന്നു, അവിടെ ഫർണിച്ചറാണ് നിർമ്മിക്കുന്നത്. അവരെയാണ് ഈ കരാർ ഏൽപ്പിച്ചിരിക്കുന്നത്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി പരിശോധന നടത്തുകയും ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി നിർമ്മാണജോലികൾ പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കണമെന്നുമാണ് എന്റെ അപേക്ഷ.

ശ്രീ. എ. കെ. ബാലൻ: സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത് നല്ലൊരു കാര്യമാണ്. എം.എൽ.എ.-മാർക്ക് ഇഷ്ടപ്പെട്ട, അവരവരുടെ മണ്ഡലങ്ങളിൽ ഒരു കോടി രൂപ ഉപയോഗിച്ച് ഒരു കോളനി നിർമ്മിക്കുക എന്നുപറയുന്നത് നല്ലൊരു സമഗ്രവികസന പദ്ധതിയാണ്. വീടുകൾ റിപ്പെയർ ചെയ്യാനും കമ്മ്യൂണിറ്റി ഹാൾ പണിയാനും വഴി നടക്കാനുള്ള സൗകര്യങ്ങളുണ്ടാക്കാനും കൾച്ചറൽ പരിപാടികൾ സംഘടിപ്പിക്കാനും മറ്റും ഇതിലൂടെ സാധിക്കും. ഏജൻസികൾ നിർമ്മാണ പ്രവർത്തനങ്ങളുടെ ചുമതല ഏറ്റെടുത്തു, അവർ അതിന്റെ ഉത്തരവാദിത്വം നിർവ്വഹിച്ചില്ല എന്നുള്ളതാണ് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത്. ഗവൺമെന്റ് ആ ഏജൻസികളുമായി ചേർന്ന് ഒരു യോഗം വിളിച്ചുചേർക്കുകയുണ്ടായി.

അതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ.-മാർക്ക് രണ്ട് കോളനികൾ തെരഞ്ഞെടുക്കാമെന്ന രീതിയിലാണ് ഗവൺമെന്റ് കത്ത് നൽകിയിട്ടുള്ളത്. അത്തരത്തിൽ കോളനികളെ തെരഞ്ഞെടുത്താൽ അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഏത് ഏജൻസിക്ക് കരാർ കൊടുക്കണമെന്ന് എം.എൽ.എ.-മാർക്ക് തന്നെ തീരുമാനിക്കാം. കളക്ടറുടെ നിയന്ത്രണത്തിലുള്ള പല നിർമ്മിതികളും ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്. അതിനാൽ നിർമ്മിതികൾ എടുക്കുന്നതായിരിക്കും കുറച്ചുകൂടി നല്ലത്.

<u>ശ്രീ. ആർ. രാജേഷ്</u>: സർ, പട്ടികജാതി വിഭാഗത്തിന് മാത്രമായി മാറ്റിവയ്ക്കുന്ന തുകയിൽ കേന്ദ്രസർക്കാർ വലിയ കുറവാണ് വരുത്തിയിട്ടുള്ളത്. സംസ്ഥാന സർക്കാർ വളരെ മാതൃകാപരമായും ജനസംഖ്യാനുപാതികമായും കൂടുതൽ തുക പ്ലാൻ ഫണ്ടിൽ വകയിരുത്തി. അതിന് എന്റെ അഭിനന്ദനം അറിയിക്കുന്നു. എന്റെ ചോദ്യം, എസ്.പി.വി.-യിൽ 25,000 കോടി രൂപയുടെ പദ്ധതിയിൽ കിഫ്ബി വഴി പട്ടികജാതി വിഭാഗത്തിനായി നിലവിൽ ഏതെങ്കിലും പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ടോ; ഏതെങ്കിലും പ്രോജക്ട് സമർപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ കഴിഞ്ഞ സർക്കാർ പ്രഖ്യാപിച്ച പല കോളനികളുടെയും പണം മാറിക്കൊടുക്കാത്തതിന്റെ ഭാഗമായി പ്രവൃത്തികൾ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ഇതുംകൂടി സർക്കാർ പരിശോധിക്കുമോ?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ഈ രീതിയിൽ നല്ലൊരു ഇടപെടൽ ഇപ്പോൾ നടത്തിയിട്ടുണ്ട്. 250 കോടി രൂപയാണ് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പ്രത്യേകിച്ച്, വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് അനുവദിച്ചിട്ടുള്ളത്. അതിൽ പട്ടികവർഗ്ഗ വികസന വകുപ്പിൽ എം.ആർ.എസ്.-കൾ (മോഡൽ റെസിഡൻഷ്യൽ സ്കൂൾ) ഉൾപ്പെടെ 11 സ്ഥാപനങ്ങൾക്ക് 100 കോടി രൂപയും പട്ടികജാതി വകുപ്പിൽ 14 സ്ഥാപനങ്ങൾക്ക് 155 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഇതിൽ ഹോസ്റ്റലുകൾ, എം.ആർ.എസ്.-കൾ എന്നിവയുടെ നവീകരണമാണുള്ളത്. ഇതുമായി ബന്ധപ്പെട്ട് കിഫ്ബിയിൽ തുക ആവശ്യമാണെങ്കിൽ ഇനിയും നൽകാമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സൂചിപ്പിച്ചിട്ടുണ്ട്. പശ്ചാത്തല സൗകര്യവികസനത്തിനും കുട്ടികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനും കിഫ്ബി വഴി ലഭിക്കുന്ന തുക ഉപയോഗിച്ചുകൊണ്ട് പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കും.

മി. സ്പീക്കർ : ചോദ്യം നമ്പർ (*213)

**വനാതിർത്തി ജണ്ടയിട്ട് വേർതിരിക്കുന്ന നടപടി**

3 (*213) ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാതിർത്തി ജണ്ടയിട്ട് വേർതിരിക്കുന്ന നടപടി പുരോഗമിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വേർതിരിക്കാനായി അവശേഷിക്കുന്ന വനാതിർത്തി എത്ര കിലോമീറ്ററാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിലേയ്ക്കായി എത്ര ജണ്ടകൾ നിർമ്മിക്കണമെന്ന് കണക്കാക്കിയിട്ടുണ്ടോ; സംസ്ഥാനത്ത് എവിടെയാണ് ജണ്ട നിർമ്മാണം അവശേഷിക്കുന്നതെന്ന് അറിയിക്കുമോ;

(സി) വനമേഖല ജണ്ട ഇട്ട് വേർതിരിക്കുന്നതുമായി ബന്ധപ്പെട്ട് നേരിടുന്ന പ്രധാന പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ,

(എ) വനാതിർത്തി ജണ്ടയിട്ട് വേർതിരിക്കുന്ന നടപടി പുരോഗമിക്കുന്നുണ്ട്; വേർതിരിക്കാനായി അവശേഷിക്കുന്ന വനാതിർത്തി ഏകദേശം 2300 കി.മീ. ആണ്.

(ബി) ഇതിലേയ്ക്കായി ഏകദേശം 41,000-ത്തോളം ജണ്ടകൾ നിർമ്മിക്കേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് 29 വന ഡിവിഷനുകളിൽ വനാതിർത്തി നിർണ്ണയം പൂർത്തിയാക്കാനുണ്ട്. അവയുടെ പേരുവിവരം ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം, അച്ചൻകോവിൽ, പുനലൂർ, തെന്മല, കോന്നി, കോട്ടയം, കോതമംഗലം, മൂന്നാർ, മാങ്കുളം, തൃശ്ശൂർ, മലയാറ്റൂർ, നെന്മാറ, പാലക്കാട്, മണ്ണാർക്കാട്, നിലമ്പൂർ സൗത്ത്, നിലമ്പൂർ നോർത്ത്, കണ്ണൂർ, വയനാട് നോർത്ത്, വയനാട് സൗത്ത്, കോഴിക്കോട്, കാസർഗോഡ്, തിരുവനന്തപുരം വൈൽഡ് ലൈഫ്, സെന്തുരുണി വൈൽഡ് ലൈഫ്, പെരിയാർ ടൈഗർ റിസർവ് ഈസ്റ്റ്, പെരിയാർ ടൈഗർ റിസർവ് വെസ്റ്റ്, മൂന്നാർ വൈൽഡ് ലൈഫ്, പീച്ചി വൈൽഡ് ലൈഫ്, സൈലന്റ് വാലി വൈൽഡ് ലൈഫ്, വയനാട് വൈൽഡ് ലൈഫ്.

(സി) വനമേഖല ജണ്ടയിട്ട് വേർതിരിക്കുന്നതുമായി ബന്ധപ്പെട്ട് നേരിടുന്ന പ്രധാന പ്രശ്നങ്ങൾ ചുവടെ ചേർക്കുന്നു:

(I) ബഹു. ഹൈക്കോടതി, മുൻസിഫ് കോടതി, ട്രിബ്യൂണൽ തുടങ്ങിയവയുടെ പരിഗണനയിലിരിക്കുന്ന അതിർത്തി നിർണ്ണയവുമായി ബന്ധപ്പെട്ട കേസ്സുകളും അവയുടെ ഉത്തരവുകളും.

(ii) 1-1-1977-ന് മുമ്പുള്ളതാണെന്ന് അവകാശപ്പെടുന്ന വനം കയ്യേറ്റങ്ങൾ സംയുക്ത പരിശോധന നടത്തുന്നതിലുള്ള കാലതാമസവും 1-1-1977-നമുമ്പുള്ളതെന്ന് കണ്ടെത്തിയ വനം കയ്യേറ്റങ്ങൾക്ക് കേന്ദ്രസർക്കാരിന്റെ അനുമതി ലഭിക്കുന്നതിലുള്ള കാലതാമസവും, അനുമതി ലഭിച്ച കയ്യേറ്റങ്ങൾക്ക് സർവ്വേ ചെയ്ത സ്കെച്ചുകൾ ലഭ്യമല്ലാത്തതും കാരണം വനാതിർത്തി നിശ്ചയിക്കാൻ കഴിയാത്ത അവസ്ഥയുണ്ട്.

(iii) സ്വകാര്യ ഭൂമിയുമായി വനാതിർത്തി പങ്കിടുന്ന പ്രദേശങ്ങളിലെ സർവ്വേ പോയിന്റുകൾ സ്വാഭാവികമായോ, അല്ലാത്തതോ ആയ കാരണങ്ങളാൽ കണ്ടെത്താനാകാത്ത ചില വിഷയങ്ങൾ.

(iv) വനം കയ്യേറ്റം നിലനിൽക്കുന്ന സ്ഥലങ്ങളിലെ തദ്ദേശവാസികളുടെ പ്രതിരോധം.

(v) ഭൂപ്രകൃതിയുടെ കിടപ്പും റോഡുകളുടെ അഭാവവും കാരണം വനാതിർത്തി വേർതിരിക്കേണ്ട വനമേഖലകളിൽ ജണ്ട നിർമ്മാണത്തിന് ആവശ്യമായ നിർമ്മാണവസ്തുക്കൾ എത്തിക്കുന്നതിലുള്ള ബുദ്ധിമുട്ടുകളും ജണ്ട നിർമ്മാണം ഇഴയുന്നതിനുള്ള ചില കാരണങ്ങളിൽപ്പെടുന്നു.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, അങ്ങ് നൽകിയ മറുപടി (സി)-യിൽ വനമേഖല ജണ്ടയിട്ട് വേർതിരിക്കുന്നതുമായി ബന്ധപ്പെട്ട തടസ്സങ്ങളെ സംബന്ധിച്ച് സൂചിപ്പിച്ചിട്ടുണ്ട്. ജോയിന്റ് വെരിഫിക്കേഷൻ പൂർത്തീകരിക്കാത്തതാണ് വനാതിർത്തികളിൽ ജണ്ടയിടുന്നതിനുള്ള പ്രധാന തടസ്സം. ആളുകളുടെ സഹകരണമുണ്ടാകുന്നില്ല, പ്രതിരോധമുണ്ടാകുന്നുണ്ട് തുടങ്ങിയ കാര്യങ്ങളാണ് അങ്ങയുടെ മറുപടിയിൽ പറയുന്നത്. ഫുഡ് ഫോർ വർക്കിന്റെ ഭാഗമായി കുടിയിരുത്തപ്പെട്ടിട്ടുള്ള ആളുകളെയെല്ലാം കയ്യേറ്റക്കാരായി ഈ ഉത്തരത്തിന്റെ ഭാഗമായി പറഞ്ഞിരിക്കുന്നതിനോട് യോജിക്കാൻ പ്രയാസമുണ്ട്. ജോയിന്റ് വെരിഫിക്കേഷൻ പൂർത്തിയാക്കുക എന്നതാണ് ഇതിലെ ഏറ്റവും

പ്രധാന പ്രശ്നം. ജോയിന്റ് വെരിഫിക്കേഷൻ പൂർത്തിയാക്കണമെങ്കിൽ റവന്യൂ, വനം വകുപ്പുകളുടെ സംയുക്ത പരിശോധനയുണ്ടാകണം. വനഭൂമി എത്രയാണ്, റവന്യൂ ഭൂമി എത്രയാണ്, ജനങ്ങളുടെ കയ്യിലിരിക്കുന്ന ഭൂമി എത്രയാണെന്ന് വേർതിരിക്കുന്നതിനുവേണ്ടി അടിയന്തരമായി ജോയിന്റ് വെരിഫിക്കേഷൻ പൂർത്തിയാക്കി വനാതിർത്തി നിർണ്ണയിക്കുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാജു</u>: സർ, ജോയിന്റ് വെരിഫിക്കേഷൻ നടത്തുന്നതിനും ജണ്ട നിർമ്മിക്കുന്നതിനുമുള്ള കാലതാമസത്തെ സംബന്ധിച്ചാണ് ഞാൻ ആദ്യം ഉത്തരത്തിൽ സൂചിപ്പിച്ചത്. 1999 വരെ നടത്തിയ സംയുക്ത പരിശോധന പ്രകാരം 5667.45 ഹെക്ടറിലെ വനം കയ്യേറ്റം 1-1-1977-നുമുമ്പുള്ളതാണെന്ന് കണ്ടെത്തിയിട്ടുണ്ട്. 1999-ലെ സർക്കാർ ഉത്തരവ് പ്രകാരം 3751 ഹെക്ടർ ഭൂമിയിലെ വനം കയ്യേറ്റം സംബന്ധിച്ച് റവന്യൂ, വനം വകുപ്പുകളുടെ സംയുക്ത പരിശോധന നടത്താൻ ബാക്കിയുണ്ടായിരുന്നു. ഇവയിൽ പലതും ഇതിനോടകം തന്നെ സംയുക്ത പരിശോധനയ്ക്ക് വിധേയമാക്കിക്കഴിഞ്ഞു. അവശേഷിക്കുന്നവ യുണ്ടെങ്കിൽ അവ കണ്ടെത്തി അതുംകൂടി സംയുക്ത പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്. 31-1-1995-ൽ 28588 ഹെക്ടർ ഭൂമിയിലെ വനം കയ്യേറ്റം കേന്ദ്രസർക്കാർ അംഗീകരിച്ച് പട്ടയം നൽകാൻ അനുമതി നൽകിയിരുന്നതാണ്. ഇനി ക്രമപ്പെടുത്താൻ അവശേഷിക്കുന്ന വനഭൂമി കയ്യേറ്റങ്ങളെല്ലാം ഒരു പ്രൊപ്പോസലായി നൽകേണ്ടതാണെന്ന കേന്ദ്രസർക്കാരിന്റെ നിർദ്ദേശം നടപ്പിലാക്കുന്നതിനായി അവശേഷിക്കുന്ന അപേക്ഷയിൽക്കൂടി സംയുക്ത പരിശോധന നടത്തി പ്രൊപ്പോസൽ തയ്യാറാക്കേണ്ടതുണ്ട്. അതിന്റെ നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: സർ, ജണ്ടയിട്ട് വനാതിർത്തി നിർണ്ണയിച്ചാൽപ്പോലും മൃഗങ്ങൾക്ക് ജണ്ട കണ്ട് മനസ്സിലാക്കാനുള്ള കഴിവില്ലാത്തതുകൊണ്ട് പലപ്പോഴും ആന അടക്കമുള്ള ജീവികൾ നാട്ടിലേയ്ക്കിറങ്ങി കൃഷി നശിപ്പിക്കുന്ന സാഹചര്യമാണുള്ളത്. കാട്ടാന നാട്ടിലിറങ്ങി കൃഷി നശിപ്പിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ് കഴിഞ്ഞ മാസങ്ങളിൽ ഇടുക്കി ജില്ലയിൽ നടന്ന ഡി.ഡി.സി. മീറ്റിംഗുകളിൽ പ്രധാനമായും ചർച്ച ചെയ്തത്. അതുമായി ബന്ധപ്പെട്ട് മനസ്സിലാക്കിയ ഒരു കാര്യം, മൃഗങ്ങൾക്കാവശ്യമായ ഭക്ഷണവും വെള്ളവും വനത്തിൽ ലഭ്യമാകുന്നില്ല എന്നുള്ളതാണ്. ഇതുമൂലം എത്ര ജണ്ടയിട്ടാലും ഇവ നാട്ടിലേയ്ക്കിറങ്ങും. ഇതൊഴിവാക്കുന്നതിനായി മൃഗങ്ങൾക്കാവശ്യമുള്ള ഭക്ഷണം വനത്തിനുള്ളിൽ ഉറപ്പുവരുത്തുന്നതടക്കമുള്ള വിഷയങ്ങളിൽ ഗവൺമെന്റ് ഇടപെടുമോ?

<u>ശ്രീ. കെ. രാജു</u>: സർ, മൂന്നാറിൽ വനത്തിനുള്ളിൽ മൃഗങ്ങൾക്ക് വെള്ളമെത്തിച്ചുകൊടുക്കുന്നതിനുള്ള ഒരു പരിപാടി നടപ്പിലാക്കിയിട്ടുണ്ട്. അത് സംസ്ഥാനത്താകെ വ്യാപിപ്പിക്കുക എന്നത് ബുദ്ധിമുട്ടുള്ള വിഷയമാണ്. എങ്കിലും അങ്ങനെയൊരു പരീക്ഷണം ആരംഭിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ ശരിയാണ്. വനത്തിനുള്ളിൽ ആവശ്യമായ ആഹാരവും വെള്ളവും കിട്ടാതെ വരുന്ന സാഹചര്യത്തിലാണ് വന്യജീവികൾ കൂട്ടത്തോടെ വനത്തിന് പുറത്തേയ്ക്ക് വരുന്നത്. വനാതിർത്തികളിൽ കൃഷിയുള്ളതുകൊണ്ട് രുചിയേറിയ ഭക്ഷണം കിട്ടുന്ന ഒരു സ്ഥിതിയുമുണ്ട്. ഇത് പരിഹരിക്കുന്നതിന് വനം വകുപ്പ് വളരെ സീരിയസ്സായ ചർച്ചകൾ നടത്തിക്കഴിഞ്ഞു. വനത്തിനുള്ളിൽ പരമാവധി ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുവേണ്ടിയുള്ള ശ്രമമാണ് നടക്കുന്നത്. ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഞാനും വനം വകുപ്പ് ഉദ്യോഗസ്ഥരുംകൂടി ഒരു യോഗം ചേർന്നു. ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ പ്ലാന്റേഷനുകൾ നടത്തുന്നുണ്ട്. ഇതിൽ മാഞ്ചിയം, യൂക്കാലിപ്റ്റസ് തുടങ്ങിയ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നത് പരമാവധി ഒഴിവാക്കിക്കൊണ്ട് ആ സ്ഥലങ്ങളിൽക്കൂടി ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കണമെന്ന് യോഗത്തിൽ തീരുമാനിച്ചു. ഹരിത കേരളം പദ്ധതിയുടെ ഭാഗമായി ഒരു കോടി മരം വച്ചുപിടിപ്പിക്കുന്നതിനായി വനം വകുപ്പ് തൈകൾ തയ്യാറാക്കുന്നുണ്ട്. അതിൽ പരമാവധി ഫലവൃക്ഷങ്ങൾ ഉൾപ്പെടുത്തുന്നതിനും വനത്തിനുള്ളിലും മറ്റും വച്ചുപിടിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. വന്യജീവികൾക്കാവശ്യമായ ഭക്ഷണം വനത്തിനുള്ളിൽത്തന്നെ ലഭ്യമാക്കുന്നതിനുള്ള നടപടികളാണ് വനം വകുപ്പ് ആലോചിക്കുന്നത്.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, വനത്തേയും വനവിഭവങ്ങളേയും സംരക്ഷിച്ചുകൊണ്ട് ജനങ്ങൾക്ക് ബുദ്ധിമുട്ടില്ലാത്ത നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോകുന്നതിനെ അഭിനന്ദിക്കുകയാണ്. വനമേഖലയുമായി ബന്ധപ്പെട്ട് അതിർത്തി പങ്കിടുന്ന പ്രദേശങ്ങളിൽ സ്വകാര്യ ഭൂവുടമയ്ക്ക് എൻ.ഒ.സി. ലഭ്യമാക്കുന്നതിനും ഭൂമി കൈമാറ്റം ചെയ്യുന്നതിനുമൊക്കെയായി നിരവധി ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. കെ. രാജു</u>: സർ, അതിർത്തി തർക്കങ്ങൾ പൂർണ്ണമായി പരിഹരിക്കണമെങ്കിൽ വനമേഖലയും സ്വകാര്യ ഭൂമിയും തമ്മിലുള്ള അതിർത്തി നിശ്ചയിച്ച് ജണ്ടയിടേണ്ടത് അത്യാവശ്യമാണ്. അതുകൊണ്ടുതന്നെയാണ് ഗവൺമെന്റ് അക്കാര്യത്തിൽ മുൻഗണന നൽകി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുന്നത്.

<u>ശ്രീ. ആർ. രാമചന്ദ്രൻ</u>: സർ, സ്വകാര്യഭൂമിയുമായി അതിർത്തി പങ്കിടുന്ന വനഭൂമിയിൽ കൂടുതൽ ജണ്ടകൾ സ്ഥാപിക്കുന്നത് അതിർത്തി തർക്കങ്ങൾ ഒഴിവാക്കുന്നതിന് സഹായകരമാണ്. ഈ നടപടികൾ എത്രയും വേഗം പൂർത്തീകരിക്കാനാവശ്യമായ തുക വകയിരുത്തിയിട്ടുണ്ടോ?

<u>ശ്രീ. കെ. രാജു</u>: സർ, ജണ്ടകൾ സ്ഥാപിക്കുന്നതിനാവശ്യമായ പണവുമായി ബന്ധപ്പെട്ട് പ്രശ്നങ്ങളില്ല. ഇതുമായി ബന്ധപ്പെട്ട് നിലവിൽ വേറെ ചില പ്രശ്നങ്ങളുണ്ട്. ആവശ്യമായ സ്കെച്ചില്ലാത്തതും പ്രാദേശികമായി എതിർപ്പുവരുന്ന പ്രദേശങ്ങളുമുണ്ട്, സംയുക്ത പരിശോധനയിൽ 1977-നുമുമ്പുള്ള കയ്യേറ്റമാണോ അല്ലയോ എന്നൊക്കെയുള്ള പ്രശ്നങ്ങളുണ്ട്. അങ്ങനെയുള്ള കാരണങ്ങളാലാണ് കാലതാമസമുണ്ടാകുന്നത്. ജണ്ട നിർമ്മിക്കുന്നതുമായി ബന്ധപ്പട്ട് പണം വിഷയമല്ല. കാരണം പദ്ധതിയിൽത്തന്നെ അതിനാവശ്യമായ ഫണ്ട് വകയിരുത്തിയിട്ടുണ്ട്.

<u>ശ്രീ. വി. ആർ. സുനിൽ കുമാർ:</u> സർ, സംസ്ഥാനത്ത് എത്ര ഏക്കർ വനം കയ്യേറിയിട്ടുണ്ടെന്നുള്ളതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

<u>ശ്രീ. കെ. രാജു:</u> സർ, 1999 വരെ നടത്തിയ സംയുക്ത പരിശോധന പ്രകാരം 5667 ഹെക്ടർ വനം കയ്യേറിയതായി കണ്ടെത്തിയിട്ടുണ്ട്. 1999-ലെ സർക്കാർ ഉത്തരവ് പ്രകാരം 3761.75 ഹെക്ടറിലെ വനം കയ്യേറ്റം സംബന്ധിച്ച് റവന്യൂ-വനം വകുപ്പുകൾ സംയുക്ത പരിശോധനയിലൂടെ കണ്ടെത്തി തീരുമാനമെടുത്തിട്ടുണ്ട്.

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, വനാതിർത്തിയിൽ ജണ്ടയിട്ട് വേർതിരിച്ചതുമായി ബന്ധപ്പെട്ട ഒരു ചോദ്യമാണ്. അങ്ങയുടെ നിയോജകമണ്ഡലത്തിലുള്ള അച്ചൻകോവിലിന് തൊട്ടടുത്ത് ജണ്ടയിട്ട് തിരിച്ചുകൊടുത്തിരിക്കുന്ന ഭൂമിയിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുറേ ആളുകൾ താമസിക്കുന്നുണ്ട്. അവരുടെ ഉന്നമനത്തിനായി പല കാര്യങ്ങളും ചെയ്യുന്നുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എ. കെ. ബാലൻ ചോദ്യത്തിന് മറുപടിയായി പറഞ്ഞു. എന്നാൽ, ആ കോളനികളിലേയ്ക്ക് എത്തിച്ചേരാൻ അച്ചൻകോവിലാറിലൂടെ മാത്രമേ കഴിയൂ, മറ്റൊരു മാർഗ്ഗവുമില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അവിടെ പാലം പണിയുന്നതിനുവേണ്ടി രണ്ട് കോടി രൂപ നബാർഡിൽനിന്നും അനുവദിച്ചിരുന്നു. ആ പണം ഉപയോഗിച്ച് പാലം പണിയാനുള്ള അനുമതി വനം വകുപ്പ് കൊടുക്കുന്നില്ല. അവിടെ പാലം പണിയുന്നതിനായി ഒരു മരംപോലും മുറിച്ചുമാറ്റേണ്ട ആവശ്യമില്ല. പാലം പണി പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാജു:</u> സർ, ആദിവാസികളുടെ സെറ്റിൽമെന്റിലേയ്ക്ക് പോകുന്നതിന് നേരത്തേയുള്ള വഴിയാണെങ്കിൽ അത് മെയിന്റനൻസ് ചെയ്യുന്നതിനോ അവിടെ പാലം പണിയുന്നതിനോ നിയമപരമായി യാതൊരു തടസ്സവുമില്ല. ഈ കേസ് പ്രത്യേകമായി പരിഗണിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : സർ, വനാതിർത്തിയിലെ ജണ്ട നിർമ്മാണംകൊണ്ട് കയ്യേറ്റം പൂർണ്ണമായും തടയുമോ; അത് എത്രകണ്ട് ഫലപ്രദമാണ്? കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പട്ടാമ്പി മണ്ഡലത്തിലെ ഒലവക്കോട് ഡിവിഷനിൽ 124 ഏക്കർ വനഭൂമി കോടതിവിധിപ്രകാരം പ്രൈവറ്റ് കക്ഷികൾക്ക് കൊടുത്തിട്ടുണ്ട്. അത് തിരിച്ചുപിടിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാജു:</u> സർ, ബഹുമാനപ്പെട്ട മെമ്പർ ഈ വിഷയം ഉന്നയിച്ചു കൊണ്ട് കത്ത് തന്നാൽ അത് പരിശോധിച്ചശേഷം ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, എന്റെ നിയോജകമണ്ഡലം ഉൾപ്പെടുന്ന കേരള-കർണ്ണാടക വനാതിർത്തികളിൽ, നമ്മുടെ ജണ്ട കവർ ചെയ്തുകൊണ്ട് കർണ്ണാടക സംസ്ഥാനം അവരുടെ ജണ്ട സ്ഥാപിച്ച് വനാതിർത്തി കയ്യേറുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അത് തടയുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാജു:</u> സർ, കർണ്ണാടകവും കേരളവും തമ്മിൽ വേർതിരിക്കുന്ന അതിർത്തിയിലെ ജണ്ട കയ്യേറി രണ്ടുകൂട്ടരും ജണ്ടയിടുന്നുവെന്നത് ഒരു പുതിയ അറിവാണ്. ഇതിന്റെ ഡീറ്റെയിൽസ് തന്നാൽ അന്വേഷിച്ച് ആവശ്യമായ നടപടി സ്വീകരിക്കും.

<u>ശ്രീ. പുരുഷൻ കടലുണ്ടി:</u> സർ, കൂരാച്ചുണ്ടിൽ വളരെക്കാലമായി താമസിക്കുന്ന വീടിന്റെ മുന്നിൽ സ്കെച്ചില്ലാതെയും സംയുക്ത പരിശോധന നടത്താതെയും ജണ്ട കെട്ടിയ സംഭവമുണ്ടായിട്ടുണ്ട്. ഇത്ര ജണ്ടകെട്ടിയാൽ ഇത്ര കാശ് എന്നൊരു കോൺട്രാക്ടും ഉണ്ടായിരുന്നു. അത് ഇപ്പോഴും തുടരുന്നുണ്ടോ; ഇത് പരിശോധിച്ചിട്ടാണോ ചെയ്യുന്നത്?

<u>ശ്രീ. കെ. രാജു:</u> സർ, ജണ്ട കെട്ടുന്നത് വനം വകുപ്പിലെ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽത്തന്നെയാണ്. ഇത് ടെണ്ടർ ചെയ്തുകൊടുക്കാറില്ല. കരാറുകാരനെ ഏൽപ്പിച്ചാൽ അവർ എവിടെയെങ്കിലും ജണ്ട കെട്ടിയിട്ട് പോകും. അതുകൊണ്ട് വനം വകുപ്പിലെ ഉദ്യോഗസ്ഥർ നിന്നാണ് ജണ്ടയുടെ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നത്. വനത്തിന്റെ അതിർത്തി കവിഞ്ഞ്, 1977-നുമുൻപ് സ്വകാര്യ വ്യക്തി കയ്യേറിയിരിക്കുന്ന ഭൂമിയിലേക്കിറക്കി ജണ്ട കെട്ടിയിട്ടുണ്ടെങ്കിൽ; ആ വിവരം സംബന്ധിച്ച് പ്രത്യേകമായി പരാതി ലഭിക്കുകയാണെങ്കിൽ അതിനെക്കുറിച്ച് അന്വേഷിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കും.

<u>മി. സ്പീക്കർ</u> : ഓർഡർ... ഓർഡർ...

(ചോദ്യോത്തരസമയം കഴിഞ്ഞു.)

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### വനസംരക്ഷണ പദ്ധതികൾ

4(*214) ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനസംരക്ഷണത്തിനായി പുതിയ പദ്ധതികൾ പ്രഖ്യാപിക്കുമ്പോഴും, വനവിസ്തൃതി ചുരുങ്ങുന്നുവെന്നത് വസ്തുതയാണോ;

(ബി) ഈ വർഷം കാട്ടുതീമൂലം എത്ര ഹെക്ടർ വനം കത്തിനശിച്ചുവെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(സി) വരൾച്ച കാരണം വന്യജീവികൾ നാട്ടിലേക്കിറങ്ങുന്നതും നാശനഷ്ടങ്ങൾ വരുത്തുന്നതും തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) വനവിസ്തൃതി ചുരുങ്ങുന്നുവെന്നത് വസ്തുതയല്ല.

(ബി) ഈ വർഷം കാട്ടുതീ 2977.47 ഹെക്ടർ വനപ്രദേശത്തെ ബാധിച്ചിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്.

(സി) വരൾച്ച കാരണം വന്യജീവികൾ നാട്ടിലേയ്ക്കിറങ്ങുന്നതും നാശനഷ്ടങ്ങൾ വരുത്തുന്നതും തടയുന്നതിനായി വനത്തിനുള്ളിൽ തടയണകളും കുളങ്ങളും നിർമ്മിച്ച് ജലലഭ്യത ഉറപ്പുവരുത്തുന്നുണ്ട്. ഭക്ഷണ ലഭ്യതയ്ക്കായി വയലുകളുടെ പരിപാലനം, അധിനിവേശ സസ്യങ്ങൾ നീക്കംചെയ്യൽ തുടങ്ങിയ പ്രവർത്തനങ്ങൾ ചെയ്തുവരുന്നുണ്ട്. കൂടാതെ സോളാർ പവർ ഫെൻസിംഗ്, ആന പ്രതിരോധ മതിൽ, ആന പ്രതിരോധ കിടങ്ങ് എന്നിവ നിർമ്മിക്കുകയും എലിഫന്റ്സ് സ്കേറിംഗ് വാച്ചർമാർ, റാപിഡ് റെസ്പോൺസ് ടീം എന്നിവയുടെ സേവനം ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം രൂക്ഷമായ മേഖലകളിൽ സമയോചിതമായി പ്രവർത്തിച്ച് സംഘർഷം ലഘൂകരിക്കുന്നതിന് പഞ്ചായത്ത്/മുനിസിപ്പാലിറ്റി തലത്തിൽ ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുവാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

## ദേശീയ മത്സ്യവികസന ബോർഡ് പ്രവർത്തനങ്ങൾ

5(*215) ശ്രീ. വി. ജോയി :
ശ്രീ. എസ്.ശർമ്മ :
ശ്രീ. എം. നൗഷാദ് :
ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യമേഖലയിൽ ദേശീയ മത്സ്യവികസന ബോർഡ് സാമ്പത്തിക സഹായം നൽകുന്ന പദ്ധതികൾ ഏതെല്ലാമാണ്;

(ബി) ഉൾനാടൻ മത്സ്യകൃഷി മേഖലയിൽ ഉല്പാദന വർദ്ധനവിനും കൃഷി വിപുലീകരണത്തിനും ദേശീയ മത്സ്യവികസന ബോർഡ് സഹായം ലഭ്യമാക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) സംസ്ഥാനത്തെ ആഴക്കടൽ മത്സ്യബന്ധനത്തിനും മത്സ്യ സംസ്കരണത്തിനും വിപണനത്തിനും പ്രസ്തുത ബോർഡിന്റെ പ്രവർത്തനങ്ങൾ എത്രമാത്രമുണ്ടെന്ന് അറിയിക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) 2016-17 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ മത്സ്യമേഖലയിൽ ദേശീയ മത്സ്യ വികസന ബോർഡ് സാമ്പത്തിക സഹായം നൽകുന്ന പദ്ധതികളൊന്നും അനുവദിച്ചിട്ടില്ല. മുൻ വർഷങ്ങളിൽ സംസ്ഥാനത്തുടനീളം ആധുനിക ശുചിത്വ മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുന്നതിനും, ഉൾനാടൻ മത്സ്യകൃഷി വികസിപ്പിക്കുന്നതിനായി കർഷകർക്ക് പരിശീലനം നൽകുന്നതിനും, മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനും, അലങ്കാര മത്സ്യഉത്പാദനവുമായി ബന്ധപ്പെട്ട് ട്രെയിനിംഗ് നൽകുന്നതിനും, അലങ്കാര മത്സ്യകൃഷി വികസിപ്പിക്കുന്നതിനും ദേശീയ മത്സ്യ വികസന ബോർഡിന്റെ സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ഉൾനാടൻ മത്സ്യ ഉത്പാദന വർദ്ധനവിനും കൃഷി വിപുലീകരണത്തിനുമായി വിവിധ കാലയളവുകളിൽ ദേശീയ മത്സ്യ വികസന ബോർഡിന്റെ സഹായം ലഭിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) സംസ്ഥാനത്തെ മത്സ്യക്കച്ചവടക്കാർക്കും ഉപഭോക്താക്കൾക്കും ഒരുപോലെ പ്രയോജനപ്പെടുന്ന രീതിയിൽ മത്സ്യവിപണനം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യം വച്ചുകൊണ്ട് മത്സ്യമാർക്കറ്റുകൾ ആധുനികവൽക്കരിക്കുന്നതിന് ദേശീയ മത്സ്യ വികസന ബോർഡിന്റെ ധനസഹായം ലഭ്യമായിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## തൊഴിൽ നിയമങ്ങൾ പാലിക്കാത്ത കടയുടമകൾക്കെതിരെ നടപടി

6(*216) ശ്രീ. കാരാട്ട് റസാഖ് :

ശ്രീമതി യു. പ്രതിഭ ഹരി :

ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ കടകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് 1960-ലെ ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിൽ പ്രതിപാദിച്ചിരിക്കുന്ന പ്രകാരമുള്ള സൗകര്യങ്ങളും ആനുകൂല്യങ്ങളും അവകാശങ്ങളും ലഭിയ്ക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ചില കടയുടമകൾ അധിക കൂലി നൽകാതെ അധിക സമയം ജോലി ചെയ്യിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇപ്രകാരം തൊഴിൽ നിയമങ്ങൾ പാലിക്കാത്ത കടയുടമകൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) സംസ്ഥാനത്ത് എൻഫോഴ്സ്മെന്റ് വിഭാഗം ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഉൾപ്പെടുന്ന എൻഫോഴ്സ്മെന്റ് വിഭാഗം 1960-ലെ കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമപ്രകാരം കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. മിനിമം വേതനം നൽകാത്ത കേസുകളിൽ സ്ഥാപന ഉടമകൾക്കെതിരെ ക്ലെയിം പെറ്റീഷനും മറ്റ് വിവിധ നിയമലംഘനങ്ങൾക്ക് പ്രോസിക്യൂഷനും ഫയൽ ചെയ്തുവരുന്നു. കൂടാതെ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പുവരുത്തുന്നതിലേയ്ക്കുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. തൊഴിൽ വകുപ്പ് ആരംഭിച്ച കോൾ സെന്റർ മുഖേന 155214/180042555214 എന്നീ നമ്പരുകളിൽ രാവിലെ 7 മണിമുതൽ വൈകുന്നേരം 7 മണിവരെയുള്ള സമയത്ത് ലഭിക്കുന്ന പരാതികൾ തത്സമയം രജിസ്റ്റർ ചെയ്യപ്പെടുകയും അതാത് ഇൻസ്പെക്ടർമാർക്ക് കൈമാറി യഥാസമയം തന്നെ അതിന്മേൽ നടപടി സ്വീകരിക്കുന്നതിനും കഴിയുന്നു.

(ബി) ഉണ്ട്. തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ, സ്വകാര്യ സ്ഥാപനങ്ങളിൽ പരിശോധന നടത്തി വിവിധ തൊഴിൽ നിയമ പ്രകാരമുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താറുണ്ട്. 2017-ൽ നാളിതുവരെ 10380 സ്ഥാപന പരിശോധനകൾ നടത്തുകയും 121 ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. ക്ലെയിം പെറ്റീഷനുകളിൽ അധിക കൂലി നൽകാതെ അധിക സമയം ജോലി ചെയ്യിച്ചതിന്റെ കുടിശ്ശികയും ഉൾപ്പെടുത്താറുണ്ട്.

(സി) സ്വീകരിച്ചുവരുന്നുണ്ട്.

## കരിയർ ഡെവലപ്‌മെന്റ് സെന്ററുകൾ

7(*217) ശ്രീ. പി. ടി. എ. റഹീം :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. എം. സ്വരാജ് :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആരംഭിച്ചിട്ടുള്ള കരിയർ ഡെവലപ്‌മെന്റ് സെന്ററുകൾ ഗ്രാമ പ്രദേശങ്ങളിലെ തൊഴിൽരഹിതർക്ക് ഏതു വിധത്തിൽ പ്രയോജനപ്രദമാകുമെന്ന് അറിയിക്കാമോ;

(ബി) അനുയോജ്യമായ തൊഴിൽ മേഖലകൾ തെരഞ്ഞെടുക്കുന്നതിനും അത്തരം മേഖലകളിലെ തൊഴിൽ സാധ്യതകൾ മനസ്സിലാക്കി അതിനാവശ്യമായ വൈദഗ്ധ്യങ്ങൾ വികസിപ്പിക്കുന്നതിനും ഇത്തരം സെന്ററുകളിൽ ഉള്ള സാധ്യത വിശദമാക്കുമോ;

(സി) ഇത്തരം സ്ഥാപനങ്ങൾ ഏതൊക്കെ സ്ഥലങ്ങളിൽ സ്ഥാപിക്കാനുദ്ദേശിക്കുന്നെന്നും ഇവയിലൂടെ ലഭ്യമാവുന്ന സേവനങ്ങൾ എന്തെല്ലാമെന്നും അറിയിക്കാമോ; ഇത്തരം സേവനത്തിനു നൽകേണ്ടിവരുന്ന ഫീസ് തൊഴിൽരഹിതർക്ക് ഭാരമാകാത്ത തരത്തിൽ നിജപ്പെടുത്തുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) കരിയർ ഇൻഫർമേഷൻ, വ്യക്തിഗത ഗൈഡൻസ്, ഗ്രൂപ്പ് ഗൈഡൻസ്, കരിയർ കൗൺസിലിങ്, കരിയർ ഇന്ററസ്റ്റ് ഗോൾ സെറ്റിംഗ്, പ്രീ ഇന്റർവ്യൂ പരിശീലനം, വ്യക്തിത്വ വികസന പരിപാടികൾ, അനുയോജ്യമായ കോഴ്സുകളുടെ തെരഞ്ഞെടുപ്പുകൾ എന്നിവയിലൂടെയും മത്സരപരീക്ഷാ പരിശീലന പരിപാടികൾ, മോക്ക് ഇന്റർവ്യൂ എന്നിവയിലൂടെയും മികച്ച കോഴ്സുകളും തൊഴിലും നേടിയെടുക്കാൻ

ഉദ്യോഗാർത്ഥികളെ പ്രാപ്തരാക്കുക, വിദ്യാഭ്യാസ മേഖലയിലുണ്ടാകുന്ന പുതിയ കോഴ്സുകളെക്കുറിച്ചും തൊഴിൽ മേഖലയിലെ നൂതന പ്രവണതകളെക്കുറിച്ചും അറിവ് പകർന്ന് നൽകുക, ഉദ്യോഗാർത്ഥിയുടെ സ്കിൽ, എബിലിറ്റി, ആപ്റ്റിറ്റ്യൂഡ് എന്നിവ ടെസ്റ്റ് ചെയ്ത് തൊഴിലിനുള്ള സ്വീകാര്യതയും നിലവാരവും മനസ്സിലാക്കി ക്കൊടുക്കുക, മൃദു നൈപുണ്യ പരിശീലനം നൽകി പ്രൊഫഷണൽ സമീപനം ഉള്ളവരാക്കി മാറ്റുക തുടങ്ങിയവയാണ് കരിയർ ഡെവലപ്മെന്റ് സെന്ററുകൾ മുഖേന വിദ്യാർത്ഥികൾക്കും തൊഴിലന്വേഷകർക്കും ലഭ്യമാക്കുന്ന സേവനങ്ങൾ.

(ബി) ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ മാർഗ്ഗനിർദ്ദേശങ്ങളും ആവശ്യമായ നൈപുണ്യ പരിശീലനങ്ങളും നൽകുകയാണ് പ്രധാനമായും കരിയർ ഡെവലപ്മെന്റ് സെന്ററുകൾകൊണ്ടുദ്ദേശിക്കുന്നത്. തൊഴിൽ അവബോധ നൈപുണ്യ പരിശീലന ക്ലാസുകൾ നയിക്കുന്നതിന് അതാത് മേഖലയിൽ വൈദഗ്ദ്ധ്യമുള്ള ഫാക്കൽറ്റികളുടെ സേവനമാണ് പ്രയോജനപ്പെടുത്തുന്നത്. കൂടാതെ കരിയർ സംബന്ധമായ എല്ലാ അറിവുകളും ശേഖരിച്ച് ക്രോഡീകരിച്ച് അനുയോജ്യമായ സോഫ്റ്റ്‌വെയറിൽ സൂക്ഷിക്കുകയും ദൈനംദിനം നവീകരിച്ച് ഒരു കരിയർ ഇൻഫർമേഷൻ ഡാറ്റാ ബാങ്കായി സൂക്ഷിച്ച് വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കും പ്രയോജനപ്രദമാകും വിധത്തിൽ വിനിയോഗിക്കുകയും ചെയ്യുന്നു.

(സി) 2016-17 സാമ്പത്തിക വർഷം കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയിലും പാലക്കാട് ജില്ലയിലെ ചിറ്റൂരിലും തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകരയിലും സി.ഡി.സി. ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുകയും പേരാമ്പ്രയിലും ചിറ്റൂരിലും കരിയർ ഡെവലപ്മെന്റ് സെന്ററുകൾ പ്രവർത്തനമാരംഭിക്കുകയും ചെയ്തിട്ടുണ്ട്.

2017-18 സാമ്പത്തിക വർഷത്തിൽ സ്ഥലലഭ്യതയനുസരിച്ച് വിവിധ സ്ഥലങ്ങളിൽ സി.ഡി.സി. ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കും അവരവരുടെ യോഗ്യതയും കഴിവും അഭിരുചിയും അനുസരിച്ച് ഉന്നതപഠനത്തിനുള്ള കോഴ്സുകൾ തെരഞ്ഞെടുക്കുന്നതിനും അനുയോജ്യമായ തൊഴിൽ തെരഞ്ഞെടുക്കുന്നതിനും ആവശ്യമായ എല്ലാവിധത്തിലുള്ള മാർഗ്ഗനിർദ്ദേശങ്ങളും തൊഴിൽ നൈപുണ്യ പരിശീലനങ്ങളും സി.ഡി.സി. മുഖാന്തിരം നൽകുന്നു. നിലവിൽ സി.ഡി.സി. നൽകുന്ന എല്ലാ സേവനങ്ങളും സൗജന്യമാണ്.

## മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് പദ്ധതി

8(*218) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിൽ മത്സ്യസമ്പത്ത് കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ;

(ബി) കടലിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കാമോ;

(സി) കൃത്രിമ പാരുകൾ കടലിൽ സ്ഥാപിക്കുന്ന പദ്ധതി എവിടെ യൊക്കെയാണ് ആരംഭിച്ചിട്ടുള്ളത്;

(ഡി) ഈ പദ്ധതിമൂലം മത്സ്യോത്പാദനം കൂടുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എത്ര രൂപ ചെലവിലാണ് പദ്ധതി ആവിഷ്കരിക്കുന്നത് എന്നറിയിക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ) :

(എ) ഉണ്ട്. മാറിക്കൊണ്ടിരിക്കുന്ന ഭൗമാന്തരീക്ഷത്തിന്റെയും കടലിലെ ആവാസ വ്യവസ്ഥയുടെയും അനിയന്ത്രിതമായി ചെറുമത്സ്യങ്ങളെ പിടി കൂടുന്നതിന്റെയും പരിണിതഫലമായി കടലിൽ മത്സ്യസമ്പത്ത് കുറയുന്നതായി കാണുന്നുണ്ട്.

(ബി) ഉണ്ട്. കടലിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി കടലിൽ കൃത്രിമ പാര് സ്ഥാപിക്കുന്ന പദ്ധതി, സീ റാഞ്ചിംഗ്, കൂട്ടുകൃഷി മുതലായ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(സി) 2011-12 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ പദ്ധതിയിലൂടെ പൂവാർ, പുതിയതുറ, കരുംകുളം എന്നീ മത്സ്യഗ്രാമങ്ങളിലെ തീരക്കടലിലാണ് കൃത്രിമ പാരുകൾ നിക്ഷേപിച്ചത്. 2014-15 സാമ്പത്തിക വർഷത്തിൽ 40 ലക്ഷം രൂപ ചെലവിൽ മര്യനാട് തീരക്കടലിൽ 120 കോൺക്രീറ്റ് കൃത്രിമപാരുകളും 20 പ്രത്യേക പി.വി.സി. കൊണ്ട് നിർമ്മിച്ച പാരുകളും നിക്ഷേപിച്ചു. ഇതുകൂടാതെ

അടിമലത്തുറ മത്സ്യഗ്രാമത്തിന്റെ തീരക്കടലിലും 40 ലക്ഷം രൂപ ചെലവിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ കൃത്രിമ പാരുകൾ നിക്ഷേപിച്ചു. 2016-17 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം ജില്ലയിലെ ഉമ്പ, പുല്ലുവിള തീരക്കടലിലാണ് പദ്ധതി നടപ്പിലാക്കിവരുന്നത്. 2017-18 സാമ്പത്തിക വർഷം തിരുവനന്തപുരം ജില്ലയിലെ പുതുക്കുറിച്ചി, കൊച്ചുതുറ തീരക്കടലിൽ പദ്ധതി നടപ്പിലാക്കുന്നതാണ്.

(ഡി) ഈ പദ്ധതി നടപ്പിലാക്കിയതുമൂലം മത്സ്യോല്പാദനം കൂടുന്നതായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ നടത്തിയ പഠനത്തിലൂടെ മനസ്സിലാക്കുന്നു. 2017-18 സാമ്പത്തിക വർഷം ടി പദ്ധതിക്കായി ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**ക്ഷീരോത്പാദന മേഖലയിലെ സ്വയംപര്യാപ്തത**

9(*219) ശ്രീ. എം. രാജഗോപാലൻ :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരോത്പാദന മേഖലയിൽ സ്വയം പര്യാപ്തത നേടാനായി ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്;

(ബി) ഉത്പാദനക്ഷമത വർദ്ധനവിനായുള്ള കന്നുകുട്ടി പരിപാലന പദ്ധതിയുടെ വിശദാംശം നൽകുമോ;

(സി) ഈ ലക്ഷ്യ പ്രാപ്തിക്ക് അനുഗുണമായ രീതിയിലുള്ള ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനും അതിന്റെ ഫലങ്ങൾ കർഷകരിൽ യഥാസമയം എത്തിക്കാനും വെറ്ററിനറി സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ അറിയിക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) ക്ഷീരോല്പാദന മേഖലയിൽ സ്വയംപര്യാപ്തത നേടാനായി 2017-18 ബഡ്ജറ്റിൽ ക്ഷീരവികസന വകുപ്പിന്റെ വിവിധ ശീർഷകങ്ങളിലായി ആകെ 9775 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

1. ക്ഷീരവിജ്ഞാനവ്യാപന പ്രവർത്തനം - 495 ലക്ഷം

| | | | |
|---|---|---|---|
| 2. | തീറ്റപ്പുൽക്കൃഷി വികസന പദ്ധതി | - | 600 ലക്ഷം |
| 3. | ക്വാളിറ്റി കൺട്രോൾ ലാബുകളുടെ ശാക്തീകരണം | - | 466 ലക്ഷം |
| 4. | മിൽക്ക് ഷെഡ് വികസന പദ്ധതി | - | 4179 ലക്ഷം |
| 5. | കാറ്റിൽ ഫീഡ് സബ്സിഡി | - | 1400 ലക്ഷം |
| 6. | ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം | - | 2585 ലക്ഷം |
| 7. | ക്ഷീരകർഷക ക്ഷേമനിധിക്കുള്ള ധനസഹായം | - | 25 ലക്ഷം |
| 8. | വയനാട് ജില്ലയ്ക്കുള്ള സമഗ്ര ക്ഷീരവികസന പദ്ധതി | - | 25 ലക്ഷം |
| | ആകെ | | 9775 ലക്ഷം |

ക്ഷീരോല്പാദന മേഖലയിൽ സ്വയംപര്യാപ്തത നേടാനായി ക്ഷീര കർഷകരെ സഹായിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

- ഗോസമൃദ്ധി-കന്നുകാലി ഇൻഷ്വറൻസിന് പുതിയ സംസ്ഥാന പദ്ധതി
- കന്നുക്കുട്ടി പരിപാലന പദ്ധതി-ഗോവർദ്ധിനി
- രാത്രികാല അടിയന്തര വെറ്ററിനറി സേവനം
- ഇ-ഗവേണൻസ് സംരംഭങ്ങൾ.

(ബി) കാഫ് അഡോപ്ഷൻ പ്രോഗ്രാം, ഗോവർദ്ധിനി എന്നീ പദ്ധതികളാണ് കന്നുകുട്ടി പരിപാലന പദ്ധതിയിൽ നടപ്പാക്കിയിട്ടുള്ളത്. ഒരു പശുക്കുട്ടിയെ 4 മാസം മുതൽ 30 മാസം പ്രായംവരെ ശാസ്ത്രീയമായി സംരക്ഷിക്കുന്നതിനാവശ്യമായ ചെലവിന്റെ പകുതി പരിധിക്ക് വിധേയമായി സർക്കാരിന്റെ വികസന ഫണ്ടിൽനിന്നും ധനസഹായമായി നൽകുന്ന ഒരു പദ്ധതിയാണ് ഗോവർദ്ധിനി പദ്ധതി. സമാനമായ ഒരു പദ്ധതിയാണ് കാഫ് അഡോപ്ഷൻ പ്രോഗ്രാം. ഈ പദ്ധതിയിൽ ധനസഹായത്തിന്റെ പകുതി സംസ്ഥാന സർക്കാരും ശേഷിക്കുന്ന പകുതി ഗ്രാമപഞ്ചായത്തുകളും നൽകുന്നു.

സംസ്ഥാന തലത്തിൽ ഒരു അഡീഷണൽ ഡയറക്ടറുടെ നേതൃത്വത്തിൽ പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി നടപ്പിലാക്കുന്നു.

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, പാലക്കാട്, കണ്ണൂർ,

കോഴിക്കോട് എന്നീ എട്ട് ജില്ലകളിൽ ഈ പദ്ധതി നടത്തിപ്പിനായി പ്രത്യേകം ജില്ലാതല ഓഫീസുകളും വെറ്ററിനറി സർജന്മാരും നിലവിലുണ്ട്. പത്തനംതിട്ട, ഇടുക്കി, മലപ്പുറം, എറണാകുളം, വയനാട്, കാസർഗോഡ് എന്നീ ആറ് ജില്ലകളിൽ പ്രാദേശിക സർക്കാർ മൃഗാശുപത്രിയിലെ വെറ്ററിനറി ഡോക്ടർമാരാണ് പദ്ധതി നടപ്പാക്കുന്നത്.

1. 4 മാസം മുതൽ 30 മാസം വരെ ആവശ്യമായി വരുന്ന കന്നുകുട്ടി തീറ്റയുടെ പകുതി വില പരിധിക്ക് വിധേയമായി ധനസഹായം നൽകുന്നു.
2. പശുക്കുട്ടിയെ 4 മാസം മുതൽ 32 മാസംവരെ ഇൻഷ്വർ ചെയ്യുന്ന പ്രീമിയം തുകയുടെ പകുതി ധനസഹായം നൽകുന്നു.
3. കർഷകന് ശാസ്ത്രീയമായ പരിശീലനം നൽകുകയും 100 രൂപ പരിശീലന ബത്ത നൽകുകയും ചെയ്യുന്നു.
4. ആവശ്യമായ വെറ്ററിനറി സഹായം നൽകുന്നു.
5. പുൽകൃഷിക്ക് പ്രോത്സാഹനം നൽകുന്നു.

(സി) കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് സർവ്വകലാശാലയുടെ വിവിധ ഗവേഷണ സ്ഥാപനങ്ങളിലും ഉന്നതപഠന കേന്ദ്രങ്ങളിലുമായി കേരളത്തിലെ പശുക്കളുടെ പാലുത്പാദനം വർദ്ധിപ്പിക്കുന്നതിനായി വിവിധ ഗവേഷണ പദ്ധതികൾ നടത്തുകയുണ്ടായി, പശുക്കളുടെ തീറ്റ ക്രമീകരണവും തീറ്റ വസ്തുക്കളുടെ ഉപയോഗക്രമവും വർദ്ധിപ്പിക്കുക, പശുക്കളുടെ പ്രത്യുൽപ്പാദനക്ഷമത വർദ്ധിപ്പിക്കുക, പശുക്കളുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി കാലാവസ്ഥയുമായി പൊരുത്തപ്പെടുന്ന തരത്തിലുള്ള അന്തരീക്ഷ ക്രമീകരണം, പാലുത്പാദനം കുറയ്ക്കുന്ന അസുഖങ്ങൾക്കെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങളും ചികിത്സയും രൂപപ്പെടുത്തുക എന്നീ മേഖലകളിലാണ് പ്രധാനമായും ഗവേഷണപ്രവർത്തനങ്ങൾ നടന്നുവരുന്നത്.

**ക്ഷീരകർഷകരെ സഹായിക്കുന്നതിനുള്ള പദ്ധതികൾ**

10(*220) ശ്രീ. റോജി എം. ജോൺ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷീരകർഷകരെ സഹായിക്കുന്നതിനായി ഈ സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ് ;

(ബി) യുവാക്കളെ ക്ഷീരമേഖലയിലേക്ക് ആകർഷിക്കുന്നതിനായി പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കുമോ; വിശദാംശം നൽകുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) ക്ഷീരകർഷകരെ സഹായിക്കുന്നതിനായി ചുവടെ പറയുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു:

ക്ഷീരവികസന വകുപ്പ്

1. മിൽക്ക് ഷെഡ് വികസന പദ്ധതി പ്രകാരം ഡയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും ക്ഷീരകർഷകർക്ക് അവശ്യാധിഷ്ഠിത ധനസഹായവും കറവയന്ത്രം വാങ്ങുന്നതിനും തൊഴുത്ത് നിർമ്മിക്കുന്നതിനും സഹായങ്ങൾ നൽകിവരുന്നു.

2. തീറ്റപ്പുൽ കൃഷി ചെയ്യുന്നതിന് കർഷകർക്ക് ഒരു ഹെക്ടറിന് 20,000 രൂപ വരെ ധനസഹായം നൽകുകയും കൂടാതെ തരിശു സ്ഥലങ്ങൾ കണ്ടെത്തി ക്ഷീര സഹകരണ സംഘങ്ങൾക്കും സ്വാശ്രയ ഗ്രൂപ്പുകൾക്കും പുൽക്കൃഷി ചെയ്യുന്നതിന് ധനസഹായം നൽകിവരുന്നു.

3. ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് ഒരു ലിറ്റർ പാലിന് ഒരു രൂപ നിരക്കിൽ കാലിത്തീറ്റ സബ്സിഡി നൽകുന്ന പദ്ധതി നിലവിലുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം വിനിയോഗിച്ച് ക്ഷീരകർഷകർക്ക് ഒരു ലിറ്റർ പാലിന് 3 രൂപ വരെ ഇൻസെന്റീവ് നൽകുന്ന പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.

4. ക്ഷീരകർഷക ക്ഷേമനിധി മുഖാന്തിരം പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, വിവാഹ ധനസഹായം, ചികിത്സാ ധനസഹായം, മരണാനന്തര ധനസഹായം, വിദ്യാഭ്യാസ സ്കോളർഷിപ്പ് തുടങ്ങിയവ നൽകിവരുന്നു.

5. ക്ഷീരസംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും സുതാര്യ

മാക്കുന്നതിനും കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിനും സഹായകരമായ പദ്ധതികളും നടപ്പിലാക്കിവരുന്നു.

<u>മൃഗസംരക്ഷണ വകുപ്പ്</u>

- കന്നുകുട്ടി പരിപാലന പദ്ധതി
- രാത്രികാല അടിയന്തര വെറ്ററിനറി സേവനം
- സമഗ്ര കന്നുകാലി ഇൻഷ്വറൻസ്
- ഇ-ഗവേണൻസ് സംരംഭങ്ങൾ
- വന്ധ്യതാ നിവാരണ പദ്ധതി
- സൗജന്യ ധാതുലവണ മിശ്രിതം വിതരണം/വിര മരുന്ന് വിതരണം
- കന്നുകാലി ഫാമുകളുടെ യന്ത്രവൽക്കരണം-കറവയന്ത്രങ്ങൾ വാങ്ങാൻ സാമ്പത്തിക സഹായം എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

മിൽമയുടെ കീഴിലുള്ള മേഖലാ യൂണിയനുകൾ ക്ഷീരകർഷകരെ സഹായിക്കുന്നതിനായി സ്വന്തം ഫണ്ടുപയോഗിച്ചും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായം ഉപയോഗിച്ചും വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) യുവാക്കൾക്ക് മാത്രമായി പുതിയ പദ്ധതികൾക്ക് ക്ഷീരവികസന വകുപ്പ് രൂപം കൊടുത്തിട്ടില്ല. ക്ഷീരമേഖലയിലേയ്ക്ക് കടന്നുവരുന്ന പുതിയ സംരംഭകർക്ക്, പ്രത്യേകിച്ച് യുവതീയുവാക്കൾക്ക് ആവശ്യമായ സാങ്കേതിക അറിവും സാമ്പത്തിക സഹായവും ക്ഷീരവികസന വകുപ്പ് നൽകുന്നു. ഈ ലക്ഷ്യത്തോടെ ക്ഷീരപരിശീലന കേന്ദ്രം മുഖേന മികച്ച പരിശീലനവും നൽകുന്നു. ക്ഷീരവികസന വകുപ്പിന്റെ മിൽക്ക് ഷെഡ് വികസന പദ്ധതി (എം.എസ്.ഡി.പി.), ക്ഷീരഗ്രാമം, ഡയറി സോൺ പദ്ധതികളിലൂടെ യുവാക്കൾക്ക് പ്രത്യേക പരിഗണന നൽകി ഡയറി യൂണിറ്റ്, കിടാരി വളർത്തൽ യൂണിറ്റുകൾ, ഹൈടെക് ഡയറി യൂണിറ്റ് എന്നിവ ആരംഭിക്കുന്നതിനുള്ള ധനസഹായം നൽകുന്നു.

ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്ററുകൾ മുഖേന മൃഗസംരക്ഷണ വകുപ്പ് യുവാക്കളെ മൃഗസംരക്ഷണ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും അവബോധം സൃഷ്ടിക്കുന്നതിനുമായി പരിശീലന ക്ലാസുകൾ സംഘടിപ്പിക്കുകയും യുവസംരംഭകർക്ക് ഈ മേഖലയിൽ അവബോധം സൃഷ്ടിക്കാനായി പ്രത്യേക സെമിനാറുകളും ജില്ലകളിൽ നടത്തിവരുന്നു.

## ഉൾനാടൻ മത്സ്യബന്ധനമേഖല നേരിടുന്ന പ്രശ്നങ്ങൾ

11(*221) ശ്രീ. എം. മുകേഷ് :
ശ്രീ. എ. എം. ആരിഫ് :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉൾനാടൻ മത്സ്യബന്ധനമേഖല നേരിടുന്ന പ്രശ്നങ്ങളും അവ പരിഹരിച്ച് ഈ മേഖലയുടെ വികസനത്തിനായി സർക്കാർ നടത്തുന്ന പ്രവർത്തനങ്ങളും അറിയിക്കാമോ;

(ബി) ഇക്കാര്യത്തിൽ സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് സൊസൈറ്റിയുടെ ഇടപെടൽ എത്ര മാത്രം സാധ്യമാകുന്നുണ്ടെന്ന് അറിയിക്കാമോ;

(സി) അക്വാകൾച്ചർ വികസനം സാദ്ധ്യമാക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) ഉൾനാടൻ മത്സ്യങ്ങളുടെ അനിയന്ത്രിതമായ ചൂഷണം, മത്സ്യക്കുഞ്ഞുങ്ങളുടെ നാശവും ലഭ്യതക്കുറവും ജലാശയങ്ങളിലെ നീരൊഴുക്കിലുണ്ടായിട്ടുള്ള കുറവ്, ജല മലിനീകരണം, പരിസ്ഥിതി നശീകരണം, അനധികൃത/അശാസ്ത്രീയ മത്സ്യബന്ധനം, മണൽ ഖനനം, ജലമലിനീകരണം, കണ്ടൽക്കാടുകളുടെ നശീകരണം, മത്സ്യരോഗ വ്യാപനം, വിദേശമത്സ്യങ്ങളുടെ കടന്നുകയറ്റം, വിദേശ ജലസസ്യങ്ങളുടെ വ്യാപനം തുടങ്ങിയവ ഉൾനാടൻ മത്സ്യബന്ധന മേഖല നേരിടുന്ന പ്രശ്നങ്ങളാണ്. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഫിഷറീസ് ഡിപ്പാർട്ട്മെന്റ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

ഉൾനാടൻ മത്സ്യകൃഷി വികസനത്തിനായി 2017-18 സാമ്പത്തിക വർഷത്തിൽ വിവിധ പദ്ധതികൾക്കുള്ള അംഗീകാരം നൽകിയിട്ടുണ്ട്. അതിൽ ഉൾനാടൻ മത്സ്യസമ്പത്ത് സംരക്ഷണത്തിനും നടത്തിപ്പിനുമായി 350 ലക്ഷം രൂപയുടെ പദ്ധതികളും മത്സ്യോല്പാദന കേന്ദ്രങ്ങളും ഹാച്ചറികളും സ്ഥാപിക്കുന്നതിനായി 900 ലക്ഷം രൂപയുടെ പദ്ധതികളും നിലവിലുള്ള ഫാമുകളുടെയും ഹാച്ചറികളുടെയും വികസനങ്ങൾക്കും പ്രവർത്തനങ്ങൾക്കുമായി 800 ലക്ഷം രൂപയുടെ പദ്ധതികളും മത്സ്യകൃഷി വികസന പ്രവർത്തനങ്ങൾക്കായി 2,838 ലക്ഷം രൂപയുടെ പദ്ധതികളും ഉൾപ്പെടുന്നു.

ഉൾനാടൻ മത്സ്യമേഖല നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പൊതുജലാശയങ്ങളിലെ മത്സ്യവിത്ത് നിക്ഷേപം പദ്ധതി നടപ്പാക്കിവരുന്നു. ഇതിനായി 2016-17 സാമ്പത്തിക വർഷം 102.35 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി 2017-18 സാമ്പത്തിക വർഷം 253 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. മത്സ്യമേഖലയിലെ മത്സ്യലഭ്യത ഉറപ്പ് വരുത്തുന്നതിനും മത്സ്യത്തൊഴിലാളികൾക്ക് വരുമാനം വർദ്ധിപ്പിക്കുന്നതിനും പ്രസ്തുത പദ്ധതികൾ സഹായകരമാണ്.

കായലുകളിലേയും മറ്റ് ഉൾനാടൻ ജലാശയങ്ങളിലേയും മത്സ്യസമ്പത്തിന്റെ സംരക്ഷണം ഉറപ്പ് വരുത്തുന്നതിനും ഉൾനാടൻ ഫിഷറീസ് അക്വാകൾച്ചർ ആക്ടും ചട്ടങ്ങളും പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കപ്പെടുന്നത് ഉറപ്പുവരുത്തുന്നതിനും ഉൾനാടൻ ജലാശയങ്ങളിൽ പട്രോളിംഗ് നടത്തിവരുന്നു. ഇതിനായി 2017-18 സാമ്പത്തിക വർഷം 17 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുക, മത്സ്യവിഭവ സംരക്ഷണം സാധ്യമാക്കുക, മത്സ്യവിത്തുൽപ്പാദനം വർദ്ധിപ്പിക്കുക, അലങ്കാര മത്സ്യ ഉത്പാദനം വർദ്ധിപ്പിക്കുക തുടങ്ങിയവയ്ക്ക് ഊന്നൽ നൽകുന്ന പദ്ധതികൾ ഫിഷറീസ് വകുപ്പ് ഫിഷറീസ് മാനേജ്മെന്റ് സൊസൈറ്റി (ഫിർമ) വഴി നടപ്പാക്കിവരുന്നു.

(സി) അക്വാകൾച്ചർ വികസനം സാധ്യമാക്കുന്നതിനായി ജലകൃഷിവ്യാപന പദ്ധതി, നൂതന മത്സ്യക്കൃഷി പ്രദർശന ഫാം പദ്ധതി, നീല വിപ്ലവം എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കൂടാതെ നിലവിലുള്ള ഹാച്ചറികളുടെ നവീകരണവും പുതിയ ഹാച്ചറികളുടെ സ്ഥാപനവും ഇതിന്റെ ഭാഗമായി നടത്തുന്നു.

## സംസ്ഥാനത്ത് തൊഴിൽ വൈദഗ്ദ്ധ്യ പരിശീലനത്തിന് ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ

12(*222) <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> :
<u>ശ്രീ. സി. കൃഷ്ണൻ</u> :
<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> :
<u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിൽ വൈദഗ്ദ്ധ്യ പരിശീലനത്തിന് ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ എന്തെല്ലാമാണ്; ഈ രംഗത്ത് കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസിന്റെ പ്രവർത്തനം അറിയിക്കാമോ;

(ബി) പാരമ്പര്യ തൊഴിലിലുൾപ്പെടെ വൈദഗ്ദ്ധ്യമുള്ളവർക്ക് പ്രാവീണ്യ സർട്ടിഫിക്കറ്റ് നൽകാൻ സംവിധാനം ഏർപ്പെടുത്തുന്നത് തൊഴിൽ ലഭ്യതയ്ക്ക് സാധ്യത വർദ്ധിപ്പിക്കുമെന്നതിനാൽ അതിനു വേണ്ട നടപടി സ്വീകരിക്കുമോ;

(സി) തൊഴിൽരഹിതരുടെ അനുപാതം അധികമായിരിക്കുമ്പോഴും അവിദഗ്ദ്ധ തൊഴിലുകൾക്ക് സമൂഹത്തിൽ മാന്യത കല്പിക്കാത്ത സാഹചര്യം തിരുത്താനായി ഏതു വിധത്തിലുള്ള ഇടപെടൽ സാധ്യമാണെന്ന് പരിശോധിക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) വിവിധ മേഖലയിൽ തൊഴിൽ നൈപുണ്യ വികസന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി സർക്കാർ ഉടമസ്ഥതയിൽ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (Kerala Academy for Skills Excellence) സ്ഥാപിതമായി. പ്രസ്തുത സ്ഥാപനത്തിന്റെ മേൽനോട്ടത്തിൽ താഴെപ്പറയുന്ന നൈപുണ്യവികസന കേന്ദ്രങ്ങൾ തുടങ്ങിയിട്ടുണ്ട്:

I. സെന്റർ ഓഫ് എക്സലൻസ്

1. NICE (നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ്)
2. CATS (സെന്റർ ഫോർ അഡ്വാൻസ്ഡ് ട്രെയിനിംഗ് ഇൻ സെക്യൂരിറ്റി)
3. ESPOIR (എൻലൈറ്റൻ സ്കിൽസ് പ്രോഗ്രാം ഫോർ ഓയിൽ & റിഗ്)
4. CRETT (സെന്റർ ഫോർ റിസർച്ച് ഇൻ എഡ്യൂക്കേഷൻ ആന്റ് ടീച്ചർ ട്രെയിനിംഗ്)
5. CEED (സെന്റർ ഫോർ എക്സലൻസ് എന്റർപ്രെണർഷിപ് ഡെവലപ്മെന്റ്).

ഇതുകൂടാതെ നഴ്സിംഗ് മേഖലയിൽ KGNLA (KASE ഗ്ലോബൽ നഴ്സിംഗ് ലീഡർഷിപ്പ് അക്കാദമി), വാട്ടർ & വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് മേഖലയിൽ ഗ്രീൻ മെത്തേഡ് എഞ്ചിനീയറിംഗ് പ്രൈവറ്റ് ലിമിറ്റഡ് എന്നീ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള കരാർ ഒപ്പിട്ടു.

II. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ (IIIC)

കൺസ്ട്രക്ഷൻ മേഖലയിൽ അതിവിദഗ്ദ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ കൊല്ലം ജില്ലയിലെ ചവറയിൽ Indian Institute of Infrastructure and Construction (IIIC)-ന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. IIIC-ൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള കൺസ്ട്രക്ഷൻ എഞ്ചിനീയറിംഗ് ആന്റ് മാനേജ്മെന്റ് കോഴ്സുകളും മേസണറി, കാർപെന്ററി, പ്ലംബിംഗ്, ഇലക്ട്രിക്കൽ, ഡ്രാഫ്റ്റ്സ്മാൻ, സൂപ്പർവൈസർ, സൈറ്റ് മാനേജർ എന്നീ വ്യത്യസ്ത മേഖലകളിൽ നൈപുണ്യ വികസനത്തിനുതകുന്ന കോഴ്സുകളും ലഭ്യമാക്കുവാൻ ആലോചിക്കുന്നു.

III. കൗശൽ കേന്ദ്രകൾ

നൈപുണ്യ വികാസത്തിനും വ്യക്തിത്വ വികസനത്തിനും തൊഴിൽ നേടുന്നതിനും വേണ്ടിയുള്ള സ്ഥാപനമാണ് കൗശൽ കേന്ദ്ര. സ്കൂൾ-കോളേജ് തലത്തിലുള്ള വിദ്യാർത്ഥികളുടെ തൊഴിൽ അഭിരുചി മനസ്സിലാക്കി അവർക്ക് ഉചിതമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുള്ള അസസ്സ്മെന്റ് ആന്റ് കരിയർ ഗൈഡൻസ് സെല്ലായി കൗശൽ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു.

IV. എംപ്ലോയബിലിറ്റി സെന്ററുകൾ

കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റുമായി സഹകരിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി സെന്ററുകളാക്കി മാറ്റി നൈപുണ്യ വികസന പദ്ധതി നടത്തിവരുന്നു. ഇതുപ്രകാരം എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് അവരുടെ യോഗ്യതയും കഴിവും അഭിരുചിയും മനസ്സിലാക്കി കുറവുകൾ പരിഹരിക്കുന്നതിനാവശ്യമായ തരത്തിലുള്ള പരിശീലനങ്ങൾ നൽകി തൊഴിലിന് പ്രാപ്തരാക്കുകയും എംപ്ലോയബിലിറ്റി സെന്ററിനകത്തും പുറത്തുമായി ചെറുതും വലുതുമായ തൊഴിൽമേളകൾ സംഘടിപ്പിച്ച് സ്വകാര്യ മേഖലയിൽ തൊഴിൽ നേടിയെടുക്കാൻ അവരെ സഹായിക്കുകയും ചെയ്യുന്നു.

V. കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (KSID)

പരമ്പരാഗത രീതിയും ആധുനിക രീതിയും സംയോജിപ്പിച്ച് ഡിസൈൻ മേഖലയിൽ സർഗ്ഗശേഷിയുള്ള സമൂഹത്തെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ എന്ന സ്ഥാപനം കൊല്ലം ജില്ലയിലെ ചന്ദനത്തോപ്പിൽ പ്രവർത്തിക്കുന്നു. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ, അഹമ്മദാബാദിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചാണ് പ്രസ്തുത സ്ഥാപനം പ്രവർത്തിച്ചുവരുന്നത്.

VI. <u>കരിയർ ഡെവലപ്മെന്റ് സെന്റർ</u>

തൊഴിൽ അന്വേഷകർക്ക് നിശ്ചിത പ്രായപരിധിക്കകം അഭിരുചിയുള്ള കോഴ്സുകളിൽ പ്രവേശനം നേടുകയും യോഗ്യതയ്ക്കനുസരിച്ച് തൊഴിൽ ലഭ്യമാക്കുകയും ചെയ്യുക എന്നതാണ് കരിയർ ഡെവലപ്മെന്റ് സെന്ററിന്റെ സുപ്രധാന ലക്ഷ്യം. നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പിന്റെ കീഴിലാണ് കരിയർ ഡെവലപ്മെന്റ് സെന്റർ പ്രവർത്തിക്കുന്നത്. കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE)-മായി സഹകരിച്ചുകൊണ്ട് കേരളത്തിലെ വിവിധ ജില്ലകളിൽ കരിയർ ഡെവലപ്മെന്റ് സെന്ററുകൾ സ്ഥാപിച്ചുവരുന്നു.

VII. <u>അക്രെഡിറ്റേഷൻ</u>

വിവിധ വ്യവസായ മേഖലകളിൽനിന്നും ഉന്നത നിലവാരത്തിലുള്ള തൊഴിൽ പരിശീലനം നൽകുന്ന കേരളത്തിലെ സ്ഥാപനങ്ങൾക്ക് KASE അക്രെഡിറ്റേഷൻ ലഭ്യമാക്കുന്നു. നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾക്കനുസരിച്ച് കോഴ്സുകൾ രൂപകൽപ്പന ചെയ്ത് പരിശീലനം ലഭ്യമാക്കി പരമാവധി ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നേടിക്കൊടുക്കുക എന്ന വ്യവസ്ഥയിലാണ് ഈ സ്ഥാപനങ്ങൾക്ക് അക്രെഡിറ്റേഷൻ നൽകുന്നത്.

(ബി) പരിഗണിക്കുന്നതാണ്.

(സി) അതിവിദഗ്ദ്ധ തൊഴിലുകൾ ആവശ്യമുള്ള മേഖല കണ്ടെത്തി കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) മുഖേന വിവിധ നൈപുണ്യ വികസന പരിപാടികൾ നടപ്പിലാക്കുന്നതിനുള്ള സാദ്ധ്യത പരിശോധിക്കുന്നതാണ്. ഒരു പൊതു അവബോധം ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതുണ്ട്.

**ക്ഷീരകർഷകർക്കുള്ള ക്ഷേമ പദ്ധതികൾ**

13(*223) <u>ശ്രീ. ഡി. കെ. മുരളി</u> :
<u>ശ്രീ. ജെയിംസ് മാത്യു</u> :
<u>ശ്രീ. യു. ആർ. പ്രദീപ്</u> :
<u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരോത്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കാലിസമ്പത്ത് വർദ്ധിപ്പിക്കാൻ പദ്ധതിയുണ്ടെങ്കിലും മൃഗചികിത്സാ സംവിധാനം പര്യാപ്തമായ തോതിൽ ഇല്ലാത്തത് പരിഹരിക്കാൻ പദ്ധതിയുണ്ടോ;

(ബി) പ്രതിരോധ മരുന്നുകൾ നൽകി സാംക്രമിക രോഗങ്ങൾ തടയുന്നതിനും ഉല്പാദന കുറവിനിടയാക്കുന്ന അകിടുവീക്കം പോലുള്ള രോഗങ്ങൾ നിവാരണം ചെയ്യുന്നതിനും ചികിത്സാ പദ്ധതികൾ വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉത്പാദനക്ഷമത കൂടിയ ഇനങ്ങൾ വ്യാപകമാക്കുമ്പോഴും തദ്ദേശീയമായ ജനുസുകളെ സങ്കരണം നടത്താത്ത രീതിയിൽ പരിരക്ഷിച്ച് നിലനിർത്താൻ പദ്ധതി ആവിഷ്കരിക്കുമോ;

(ഡി) ക്ഷീരകർഷകർക്കായുള്ള ക്ഷേമ പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) പദ്ധതിയുണ്ട്.

- മൃഗാശുപത്രികൾക്ക് മരുന്ന് വാങ്ങുന്നതിനുള്ള ബഡ്ജറ്റ് വിഹിതം നിലവിലുള്ള 12 കോടി രൂപയിൽനിന്നും 15 കോടി രൂപയായി വർദ്ധിപ്പിച്ചു.
- രാത്രികാല അടിയന്തര വെറ്ററിനറി സേവനത്തിനുള്ള ബഡ്ജറ്റ് വിഹിതം നിലവിലുള്ള 5.41 കോടി രൂപയിൽനിന്നും 6.12 കോടി രൂപയായി വർദ്ധിപ്പിച്ചു.

  ഇതോടെ രാത്രികാല അടിയന്തര വെറ്ററിനറി സേവനം ലഭ്യമാകുന്ന ബ്ലോക്കുകളുടെ എണ്ണം 85 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്.
- മൃഗചികിത്സാ സേവനരംഗത്ത് രാത്രികാല അടിയന്തര മൃഗചികിത്സാ സേവനം നൽകുന്ന പദ്ധതി നിലവിൽ 85 ബ്ലോക്കുകളിൽ നടപ്പിലാക്കുന്നുണ്ട്. 13-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ ടി പദ്ധതി കൂടുതൽ ബ്ലോക്കുകളിലേയ്ക്ക് വ്യാപിപ്പിക്കാൻ ലക്ഷ്യമിടുന്നു.
- 2700 സ്ഥാപനങ്ങൾ മുഖേന പൊതുജനസേവനം നൽകുന്നുണ്ട്.

(ബി) മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള വെറ്ററിനറി ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ സാംക്രമിക രോഗങ്ങളെ നിയന്ത്രിക്കുന്നതിന് അടപ്പൻ (ആന്ത്രാക്സ്), കുരലടപ്പൻ (Hemorrhagic Septicemia), കരിങ്കാലി (Black Quarter) എന്നീ രോഗങ്ങൾക്കും ആടുകൾക്ക് ആടുവസന്ത എന്നീ രോഗങ്ങൾക്കുള്ള പ്രതിരോധ വാക്സിൻ നിർമ്മിക്കുന്നു. കൂടാതെ കുളമ്പുരോഗം നിർമ്മാർജ്ജനം ചെയ്യുന്നതിലേയ്ക്കായി സംസ്ഥാനതലത്തിൽ കുളമ്പുരോഗ നിയന്ത്രണ പദ്ധതി പ്രകാരം എല്ലാ ആറുമാസം കൂടുമ്പോഴും സംസ്ഥാനമൊട്ടാകെ വീടുവീടാന്തരം മൃഗസംരക്ഷണ വകുപ്പ് പ്രവർത്തകർ പ്രതിരോധ കുത്തിവയ്പ്പ് നൽകുന്നു.

2016-17 സാമ്പത്തിക വർഷം അകിടുവീക്കരോഗ നിയന്ത്രണത്തിനുവേണ്ടി 75 ലക്ഷം രൂപയാണ് അകിടുരോഗ നിയന്ത്രണ കിറ്റുകൾ വാങ്ങുന്നതിന് വകയിരുത്തിയിരുന്നത്. 35000 കർഷകർക്കാണ് ഇതിന്റെ ഗുണം ലഭിക്കുന്നത്. 2017-18 സാമ്പത്തിക വർഷത്തിലും പദ്ധതി തുടരുന്നുണ്ട്.

അകിടുവീക്കരോഗ നിയന്ത്രണ പദ്ധതി - ക്ഷീരകർഷകർക്ക് ഈ പദ്ധതി പ്രകാരം അകിടുരോഗ നിയന്ത്രണ കിറ്റുകൾ സൗജന്യ നിരക്കിൽ നൽകുന്നതാണ്.

(സി)

1. മൃഗസംരക്ഷണ വകുപ്പ്, രാഷ്ട്രീയ ഗോകുൽ മിഷൻ മുഖേന നാടൻ ജനുസ്സിലുള്ള കന്നുകാലികളെ വളർത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കേരളത്തിന്റെ വടക്കൻ ജില്ലകളിൽ കാണുന്ന "കാസർഗോഡ് കുള്ളൻ" എന്ന നാടൻ കന്നുകാലി ഇനത്തിനെ സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ബദിയഡുക്ക ഫാമിൽ സംരക്ഷിച്ചുവരുന്നു.

2. വെച്ചൂർ പശുക്കളെ സംരക്ഷിക്കുവാൻ വെച്ചൂർ കൺസർവേഷൻ ട്രസ്റ്റ് (VCT) മുഖാന്തിരം കേരള വെറ്ററിനറി അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയിൽ ഫാം നടത്തുന്നുണ്ട്.

3. കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് പുത്തൂർ നാടൻ ജനുസ്സുകളുടെ സംരക്ഷണത്തിന് ഫാം നടത്തുന്നുണ്ട്.

(ഡി) ക്ഷീരകർഷകരുടെ ക്ഷേമപ്രവർത്തനങ്ങൾ പ്രധാനമായും ക്ഷീരകർഷക ക്ഷേമനിധിയിലൂടെയാണ് നടപ്പിലാക്കുന്നത്. ക്ഷീരകർഷകർക്ക് ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, വിവാഹ ധനസഹായം, മരണാനന്തര സഹായം, ചികിത്സാ സഹായം, അപകട മരണത്തിനുള്ള ധനസഹായം, വിദ്യാഭ്യാസ സ്കോളർഷിപ്പ് എന്നിവ നൽകിവരുന്നു. ഇതുകൂടാതെ ക്ഷീരകർഷക ക്ഷേമനിധി ബോർഡ് അംഗങ്ങളായ ക്ഷീരകർഷകർക്ക് 60 വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് 500 രൂപ പ്രതിമാസം പെൻഷൻ അനുവദിച്ചുവരുന്നു. പെൻഷൻ തുക 1,100 രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

മിൽമയുടെ കീഴിലുള്ള മേഖലാ യൂണിയനുകൾ ക്ഷീരകർഷകരെ സഹായിക്കുന്നതിനായി സ്വന്തം ഫണ്ടുപയോഗിച്ചും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായം ഉപയോഗിച്ചും വൈവിധ്യമാർന്ന തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.

**കേരള ലീഗൽ സർവ്വീസസ് അതോറിറ്റി സേവനം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

14(*224) ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. എം. ഉമ്മർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'കെൽസ' (കേരള ലീഗൽ സർവ്വീസസ് അതോറിറ്റി)യിൽ നിന്നുള്ള സേവനം ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന് വരുമാനപരിധിയുണ്ടോ; എങ്കിൽ പരിധി കണക്കാക്കുന്നത് ഏതു മാനദണ്ഡപ്രകാരമാണെന്ന് വ്യക്തമാക്കുമോ;

(സി) വരുമാന പരിധിയിൽ വർദ്ധനവ് വരുത്തി കൂടുതൽ പേർക്ക് സേവനം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) 1987-ലെ നിയമസേവന അതോറിറ്റി നിയമത്തിലെ സെക്ഷൻ 12 പ്രകാരം സൗജന്യ നിയമസഹായത്തിന് അർഹതയുള്ള വിഭാഗങ്ങൾ താഴെ കൊടുക്കുന്നു:

1. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ
2. യാചകവൃത്തി, പെൺവാണിഭം, അടിമവേല മുതലായവയ്ക്കായി അനധികൃത കൈമാറ്റത്തിന് വിധേയരാകുന്നവർ
3. സ്ത്രീകളും കുട്ടികളും
4. വികലാംഗക്ഷേമ നിയമപരിധിയിൽപ്പെട്ടവർ
5. പ്രകൃതിദുരന്തം, സാമുദായിക കലാപം, മതവർഗ്ഗീയ കലാപം, ഭൂകമ്പം, വ്യാവസായിക ദുരന്തം മുതലായവയ്ക്ക് ഇരയാകുന്നവർ
6. വ്യാവസായിക തൊഴിലാളികൾ
7. പുനരധിവാസ ഗൃഹങ്ങളിലെ അന്തേവാസികൾ, ജുവനൈൽ ഹോമിലെ അന്തേവാസികൾ, മാനസികരോഗ ചികിത്സാലയങ്ങളിലെ അന്തേവാസികൾ, അനാഥാലയങ്ങളിലെ അന്തേവാസികൾ മുതലായവർ
8. കസ്റ്റഡി പ്രതികൾ
9. സുപ്രീംകോടതി ഒഴികെയുള്ള കോടതികളിൽ അതത് സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന വരുമാന പരിധിക്ക് അടിസ്ഥാനമായും, സുപ്രീംകോടതിയിൽ കേന്ദ്രഗവൺമെന്റ് നിശ്ചയിക്കുന്ന വരുമാന പരിധി അടിസ്ഥാനമാക്കിയും സൗജന്യ നിയമസഹായം നൽകുന്നു.

(ബി) 1998-ലെ കേരള സംസ്ഥാന നിയമസേവന അതോറിറ്റി ചട്ടങ്ങളിലെ റൂൾ 12-ന്റെ അടിസ്ഥാനത്തിൽ നിലവിൽ ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവർക്ക് സൗജന്യ നിയമസേവനം ലഭ്യമാണ്.

(സി) കേരള സംസ്ഥാന നിയമസേവന അതോറിറ്റിയുടെ 16-2-2017-ൽ നടന്ന അതോറിറ്റി മീറ്റിംഗിലെ തീരുമാനപ്രകാരം സൗജന്യ നിയമസഹായ ത്തിനുള്ള വരുമാന പരിധി ഒരു ലക്ഷം രൂപയിൽനിന്ന് മൂന്ന് ലക്ഷം രൂപയായി ഉയർത്തുന്നതിനാവശ്യമായ ഭേദഗതികൾ ചട്ടങ്ങളിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**തോട്ടണ്ടി ക്ഷാമം പരിഹരിക്കാനായി കശുമാവ് കൃഷി വ്യാപനം**

15(*225) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ആർ. രാജേഷ് :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി സംസ്കരണ വ്യവസായം നേരിടുന്ന തോട്ടണ്ടി ക്ഷാമം പരിഹരിക്കാനായി വിദേശത്തുനിന്ന് ഇറക്കുമതിക്കുള്ള ശ്രമം വിജയിച്ചുവോ; മറ്റ് സംസ്ഥാനങ്ങളിൽനിന്ന് തോട്ടണ്ടി ലഭ്യമാകുന്നുണ്ടോ;

(ബി) തോട്ടണ്ടി ലഭ്യത ഉറപ്പാക്കാനായി കശുമാവ് കൃഷി വികസന ഏജൻസിയുടെ പ്രവർത്തനം വഴി സംസ്ഥാനത്ത് കൃഷിവ്യാപനം സാദ്ധ്യമായിട്ടുണ്ടോ;

(സി) കശുമാവ് കൃഷിക്കായി നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ്;

(ഡി) സാമൂഹ്യ വനവൽകരണത്തിന്റെ പേരിൽ വച്ചു പിടിപ്പിച്ചിട്ടുള്ള അക്കേഷ്യ പോലുള്ള പരിസ്ഥിതിക്ക് വിനാശകാരിയായ മരങ്ങൾ മുറിച്ചുമാറ്റി അവിടങ്ങളിൽ കശുമാവ് കൃഷി ആരംഭിക്കാൻ വനം വകുപ്പുമായി ബന്ധപ്പെട്ട് നടപടിയെടുക്കാൻ സാധിക്കുമോ എന്ന് വിശദമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) സംസ്ഥാനത്തെ കശുവണ്ടി വ്യവസായത്തിന് ഒരു വർഷം ഏകദേശം 6 ലക്ഷം മെട്രിക് ടൺ തോട്ടണ്ടിയാണ് ആവശ്യമായി വരുന്നത്. എന്നാൽ ആഭ്യന്തര ഉല്പാദനം വെറും 80000 മെട്രിക് ടൺ മാത്രമാണ്. കേരളത്തിലെ കശുവണ്ടി വ്യവസായം നിലനിന്നു പോകുന്നത് വിദേശ തോട്ടണ്ടിയുടെ ഇറക്കുമതിയി ലൂടെയാണ്. ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടാണ് വിദേശ തോട്ടണ്ടി ഇറക്കുമതി ചെയ്തുവരുന്നത്. ബിഡ്ഡർമാരുടെ പങ്കാളിത്തത്തിലുണ്ടാകുന്ന കുറവ്, ഉദ്ദേശിച്ച നിലവാരമുള്ള തോട്ടണ്ടിയുടെ ദൗർലഭ്യം, കേന്ദ്രസർക്കാർ ഏർപ്പെടുത്തിയ ഉയർന്ന ഇറക്കുമതി ചുങ്കം കാരണം തോട്ടണ്ടിക്ക് നൽകേണ്ടി വരുന്ന ഉയർന്ന വില, തോട്ടണ്ടി വ്യവസായികൾ തമ്മിലുള്ള കിടമത്സരം മുതലായ കാരണങ്ങളാൽ വിദേശത്തുനിന്നുള്ള തോട്ടണ്ടി ഇറക്കുമതി പലപ്പോഴും വിജയിക്കാറില്ല. വ്യവസായത്തിനായി ആവശ്യം വരുന്ന തോട്ടണ്ടി ലഭ്യമാക്കുന്നതിനായും ഈ മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായും ഒരു സ്പെഷ്യൽ പർപ്പസ് എന്ന നിലയ്ക്ക് കാഷ്യൂ ബോർഡ് രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിൽനിന്നും തോട്ടണ്ടി ലഭ്യമാകുന്നില്ല.

(ബി) ഉണ്ട്. തോട്ടണ്ടിയുടെ ആഭ്യന്തര ഉല്പാദന കുറവ് കേരളത്തിലെ കശുവണ്ടി വ്യവസായത്തെ വളരെ പ്രതികൂലമായി ബാധിച്ച അവസ്ഥയിൽ 2007-ൽ അന്നത്തെ ഗവൺമെന്റ് സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി എന്ന പേരിൽ ഒരു ഏജൻസി രൂപീകരിച്ച് കശുമാവ് കൃഷി വ്യാപനത്തിനായി വിവിധ പദ്ധതികൾ നടത്തിവരുന്നുണ്ട്. ടി ഏജൻസിയുടെ പ്രവർത്തനത്തിന്റേയും കൂടി ഭാഗമായി സംസ്ഥാനത്ത് ഇപ്പോൾ 87010 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി വ്യാപിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. എസ്റ്റേറ്റ് അടിസ്ഥാനത്തിൽ കൃഷി ചെയ്യാൻ തയ്യാറാകുന്ന കർഷകർക്കും സഹായങ്ങൾ നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുന്നതാണ്.

(സി) 2017-18 വർഷത്തേയ്ക്ക് മൂന്നുതരം സ്കീമുകളാണ് കശുമാവ് കൃഷി വ്യാപനത്തിനായി ഉദ്ദേശിക്കുന്നത്.

1. കശുമാവ് പുതുക്കൃഷി എന്ന സ്കീമിൽ താല്പര്യമുള്ള കർഷകർക്ക് അപേക്ഷ പ്രകാരം ഏക്കർ ഒന്നിന് 80 ഗ്രാഫ്റ്റ് തൈകൾ നൽകും. രണ്ട് വർഷം കഴിഞ്ഞ് ആരോഗ്യത്തോടെ നിലനിൽക്കുന്ന മരം ഒന്നിന് 60 രൂപ നിരക്കിൽ സബ്സിഡി നൽകും. ഇതിന് അപേക്ഷിക്കാനുള്ള ഫോറം ഏജൻസിയുടെ വെബ്സൈറ്റിൽ ലഭ്യമാണ്.

2. കശുമാവ് തോട്ടം സ്കീം - 2 ഹെക്ടറോ അതിലധികമോ ഉള്ള സ്ഥാപനങ്ങളോ/വ്യക്തികളോ കശുമാവ് കൃഷിക്ക് താല്പര്യപ്പെടുകയാണെങ്കിൽ അവർക്ക് ഗ്രാഫ്റ്റ് തൈകളും അതിനുപുറമേ നിലം ഒരുക്കാനായി ഹെക്ടറിന് 12,000 രൂപയും നൽകുന്നതാണ് ഈ പദ്ധതി.

3. മുറ്റത്തൊരു കശുമാവ് സ്കീം - സ്കൂൾ വിദ്യാർത്ഥികൾ, റസിഡന്റ്സ് അസോസിയേഷനുകൾ, കശുവണ്ടി തൊഴിലാളികൾ, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവർക്ക് കശുമാവ് കൃഷിയെക്കുറിച്ചുള്ള അവബോധവും താല്പര്യവും ഉണ്ടാക്കാനുള്ളതാണ് ഈ പ്രോജക്ട്. ഇതുപ്രകാരം തൈകൾ ബന്ധപ്പെട്ട സ്ഥാപനത്തിലെത്തിച്ച് വിതരണം നടത്തുന്നു.

   2017-18-ലെ ബഡ്ജറ്റിൽ ജൈവകശുവണ്ടി കൃഷിക്കും തോട്ടണ്ടി ബാങ്ക് സ്ഥാപിക്കുന്നതിനും ആറരക്കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി) തദ്ദേശഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. പരിസ്ഥിതിക്ക് വിനാശകാരിയായ അക്കേഷ്യ പോലുള്ള മരങ്ങൾ മുറിച്ചുമാറ്റി കശുമാവ് കൃഷി ചെയ്യുന്ന കാര്യം സർക്കാർ ഗൗരവപൂർവ്വം പരിശോധിക്കുന്നതാണ്.

## ഗുണനിലവാരമില്ലാത്ത കവർപാൽ

16 (*226) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന കവർപാൽ ബ്രാൻഡുകളിൽ വലിയൊരു പങ്ക് ഗുണനിലവാരമില്ലാത്തതാണെന്ന് ക്ഷീര വികസന വകുപ്പിന്റെ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പാലിന്റെ ഗുണനിലവാരം സംബന്ധിച്ച നടപടികൾ സ്വീകരിക്കുവാനുള്ള അധികാരം നിലവിൽ ആർക്കാണ്;

(സി) ഒന്നിലേറെ തവണ ഗുണനിലവാര പരിശോധനയിൽ പരാജയപ്പെട്ട ബ്രാന്റുകൾ ഏതെല്ലാമാണ്; വ്യക്തമാക്കുമോ;

(ഡി) ഇത്തരം ബ്രാന്റുകൾക്കെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ക്ഷീര വികസന വകുപ്പ് രേഖാമൂലം ബന്ധപ്പെട്ടവർക്ക് കത്തയച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം അറിയിക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) സംസ്ഥാനത്ത് വിപണനം നടത്തുന്ന ചില പാക്കറ്റ് പാലുകളിൽ നിശ്ചിത ഗുണനിലവാരം പുലർത്തുന്നില്ലെന്ന് കണ്ടെത്തിയിരുന്നു.

(ബി) 2006-ലെ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ആക്ട് പ്രകാരം ഭക്ഷ്യസുരക്ഷാ കമ്മീഷണർക്കാണ് നിലവിൽ പാലിന്റെ ഗുണനിലവാരം സംബന്ധിച്ച നടപടികൾ സ്വീകരിക്കുന്നതിനുള്ള അധികാരം.

(സി) ക്ഷീരവികസന വകുപ്പ് - ഒന്നിലേറെ തവണ ഗുണനിലവാര പരിശോധനയിൽ പരാജയപ്പെട്ട ബ്രാന്റുകൾ ചുവടെ ചേർക്കുന്നു:

PDDP, Malanadu, Vagamon, Gopika, Sakthi, Milco, A-One, Omgo, Cowma, Amrutha, Ksheera, Jeeva, Ambadi, Hilma.

ഭക്ഷ്യസുരക്ഷാ വകുപ്പ് - ഒന്നിലേറെ തവണ ഗുണനിലവാര പരിശോധനയിൽ പരാജയപ്പെട്ട ബ്രാന്റുകൾ ഇല്ല.

(ഡി) 2011-ൽ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ആക്ട് പ്രാബല്യത്തിൽ വന്നതിനുശേഷം പാലിന്റെ ഗുണനിലവാരം സംബന്ധിച്ച നടപടികൾ സ്വീകരിക്കുന്നതിനുള്ള അധികാരം ക്ഷീരവികസന വകുപ്പിൽ നിക്ഷിപ്തമല്ലാത്തതിനാൽ ക്ഷീരവികസന വകുപ്പ് സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളെടുത്ത് പരിശോധിക്കാത്ത സാഹചര്യത്തിൽ ബന്ധപ്പെട്ടവർക്ക് കത്തയച്ചിട്ടില്ല.

**കടുത്ത വരൾച്ച വനമേഖലയിലുണ്ടാക്കിയ പ്രത്യാഘാതങ്ങൾ**

17 (*227) ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം അനുഭവപ്പെട്ട കടുത്ത വരൾച്ച സംസ്ഥാനത്തെ വനമേഖലയിലുണ്ടാക്കിയ പ്രത്യാഘാതങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ജലലഭ്യതയില്ലാത്ത വനപ്രദേശങ്ങളിൽ കുഴൽകിണർ സ്ഥാപിക്കാനും കാട്ടിനുള്ളിൽ തന്നെ ടാങ്കുകൾ നിർമ്മിക്കാനും ഇവയിൽ വെള്ളം സംഭരിച്ച് വന്യമൃഗങ്ങൾക്ക് നല്കാനും നടപടി സ്വീകരിക്കുമോ;

(സി) രൂക്ഷമായ വരൾച്ച കാരണം വയനാട് ജില്ലയിൽ വന്യമൃഗങ്ങൾ നാട്ടിലേക്കിറങ്ങുന്നത് പതിവായിട്ടുണ്ടോ; ഇതിന് എന്ത് പരിഹാര നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) ഈ വർഷം സംസ്ഥാനത്ത് അനുഭവപ്പെടുന്ന കടുത്ത വരൾച്ചമൂലം വയനാട് (185.23 ഹെക്ടർ), ആറളം (2 ഹെക്ടർ), പീച്ചി (82.75 ഹെക്ടർ), പറമ്പിക്കുളം (70 ഹെക്ടർ) എന്നീ വനപ്രദേശങ്ങളിൽ കാട്ടുതീ വലിയ തോതിലുണ്ടായി. വനപ്രദേശങ്ങളിൽ രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്നുണ്ട്. വന്യജീവികൾ, പ്രത്യേകിച്ച് കാട്ടാനകൾ ജനവാസ കേന്ദ്രങ്ങളിൽ പ്രവേശിക്കുന്ന സംഭവങ്ങൾ കൂടുതൽ ഉണ്ടാകുന്നുണ്ട്. വരൾച്ച രൂക്ഷമായതിനാൽ സംസ്ഥാനത്തെ വനപ്രദേശങ്ങളിലെ വിവിധ ഇക്കോ ടൂറിസം സെന്ററുകളിലേയ്ക്ക് പ്രവേശനം നിയന്ത്രിച്ചത് കാരണം ഇക്കോ ടൂറിസത്തിൽനിന്നും ലഭിച്ചിരുന്ന വരുമാനത്തിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്.

(ബി) വേനൽക്കാലം ആരംഭിക്കുന്നതിന് മുമ്പുതന്നെ വനമേഖലകളിലെ ചെക്ക് ഡാം, വാട്ടർഹോൾ, മറ്റ് ജലസ്രോതസ്സുകൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ നടത്തി ജലലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. കൂടാതെ വനത്തിനുള്ളിൽ വാഹനങ്ങളിൽ ജലം എത്തിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടില്ലാത്തയിടങ്ങളിൽ അതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(സി) രൂക്ഷമായ വരൾച്ച കാരണം വയനാട് ജില്ലയിൽ വന്യമൃഗങ്ങൾ നാട്ടിലിറങ്ങി മനുഷ്യജീവനും കൃഷിക്കും നാശനഷ്ടം വരുത്തുന്ന സംഭവങ്ങൾ റിപ്പോർട്ട് ചെയ്യുന്നുണ്ട്. ഇത് തടയുന്നതിനായി വയനാട് ജില്ലയിൽ 514.116 കിലോമീറ്റർ ദൂരം സോളാർ പവർ ഫെൻസിംഗ് സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ 430.14 കിലോമീറ്റർ ആനപ്രതിരോധ കിടങ്ങ്, 21.468 കിലോമീറ്റർ ആന പ്രതിരോധ മതിൽ, 1.466 കിലോമീറ്റർ കല്ല് പതിപ്പിച്ച കിടങ്ങ് എന്നിവ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യമൃഗങ്ങളെ തുരത്തുന്നതിന് 118 എലിഫന്റ് സ്കെയറിംഗ് വാച്ചർമാരേയും നിയമിച്ചിട്ടുണ്ട്. പ്രശ്നബാധിത പ്രദേശങ്ങളിൽ ഡിസ്പ്ലേ ബോർഡോടുകൂടി എസ്.എം.എസ്. അലർട്ട് സംവിധാനം സ്ഥാപിച്ചിട്ടുണ്ട്. ടി സംവിധാനത്തിന്റെ സഹായത്തോടെ പ്രദേശവാസികളുടെ മൊബൈൽ ഫോണിലേയ്ക്ക് വോയിസ് കോളും മെസേജും വഴി വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം സംബന്ധിച്ച മുന്നറിയിപ്പ് നൽകിവരുന്നുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം രൂക്ഷമായ വനമേഖലകൾ ഉൾപ്പെടുന്ന തദ്ദേശഭരണ സ്ഥാപനങ്ങളിൽ ജനകീയ-ഉദ്യോഗസ്ഥ പങ്കാളിത്തത്തോടെ രൂപീകരിച്ചിട്ടുള്ള ജനജാഗ്രതാ സമിതികൾ ഊർജ്ജിതമായി പ്രവർത്തിച്ച് സംഘർഷം ലഘൂകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ വനത്തിനുള്ളിൽ പരമാവധി ജലലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**വന്യമൃഗങ്ങളുടെ ആക്രമണം**

18 (*228) <u>ശ്രീ. കെ. രാജൻ</u> :
<u>ശ്രീ. മുല്ലക്കര രത്നാകരൻ</u> :
<u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങൾ സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിൽ ഇറങ്ങി നാശനഷ്ടമുണ്ടാക്കുന്ന പ്രദേശങ്ങൾ ഏതൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) വന്യമൃഗങ്ങൾ നാട്ടിലേക്കിറങ്ങുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) ആയത് തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജു</u>):

(എ) കണ്ണൂർ ജില്ലയിൽ ആറളം പ്രദേശം, വയനാട് ജില്ലയിൽ തിരുനെല്ലി, നൂൽപ്പുഴ മേഖലകൾ, പാലക്കാട് ജില്ലയിൽ മണ്ണാർക്കാട്, മുക്കാളി പ്രദേശങ്ങൾ, ഇടുക്കി ജില്ലയിൽ ദേവികുളം പ്രദേശം, കൊല്ലം ജില്ലയിൽ കുളത്തുപ്പുഴ വനമേഖല, തിരുവനന്തപുരം ജില്ലയിലെ പാലോട്, പേപ്പാറ വനമേഖലകൾ എന്നീ പ്രദേശങ്ങളിലാണ് വന്യമൃഗങ്ങൾ കൂടുതലായി ജനവാസകേന്ദ്രങ്ങളിലിറങ്ങി നാശനഷ്ടങ്ങൾ ഉണ്ടാക്കുന്നത്.

(ബി) വനത്തിനുള്ളിൽ കുടിവെള്ളം, ആഹാരവസ്തുക്കൾ എന്നിവയുടെ ലഭ്യത കുറയുന്നത്, ആനത്താരകൾ ശിഥിലമാകുന്നത്, വനാതിർത്തി പങ്കിടുന്ന ജനവാസ കേന്ദ്രങ്ങളിൽ വന്യമൃഗങ്ങളെ ആകർഷിക്കുന്ന തരത്തിലുള്ള കൃഷിരീതികൾ നടത്തുന്നത്, വനാതിർത്തിയിൽ വന്യജീവികളെ ആകർഷിക്കുന്ന രീതിയിൽ ജൈവമാലിന്യം നിക്ഷേപിക്കുന്നത്, വന്യജീവികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് എന്നിവയാണ് വന്യമൃഗങ്ങൾ നാട്ടിലിറങ്ങുന്നതിനുള്ള പ്രധാന കാരണങ്ങൾ.

(സി) സംസ്ഥാനത്ത് അനുഭവപ്പെടുന്ന വരൾച്ചയുടെ പശ്ചാത്തലത്തിൽ ഭക്ഷണത്തിനും കുടിവെള്ളത്തിനും വന്യമൃഗങ്ങൾ കാട്ടുവിട്ട് ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് വരുന്നത് ഒഴിവാക്കാൻ കാട്ടിനുള്ളിലെ ചെക്ക് ഡാമുകൾ, കുളങ്ങൾ ഉൾപ്പെടെ 1500-ഓളം ജലസ്രോതസ്സുകൾ നവീകരിക്കുകയും പരമാവധി ജലലഭ്യത ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയ കുളങ്ങൾ നിർമ്മിക്കുന്നുണ്ട്. അധിനിവേശ സസ്യങ്ങളെ നീക്കംചെയ്ത് വനത്തിനുള്ളിലെ ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കുന്നുണ്ട്. ജലസ്രോതസ്സുകളുടെ സമീപപ്രദേശങ്ങളിൽ മുള, പുല്ലുകൾ എന്നിവ വച്ചുപിടിപ്പിക്കുന്നുണ്ട്.

KIIFB-ൽ ഉൾപ്പെടുത്തി 100 കോടി രൂപ വന്യജീവി ആക്രമണം തടയുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിട്ടുണ്ട്. ആയതിൽ 2016-17 വർഷത്തിലെ പദ്ധതി വിഹിതമായ 25 കോടി രൂപ ഉപയോഗ പ്പെടുത്തിയിട്ടുള്ള പ്രതിരോധ നിർമ്മാണങ്ങൾ പുരോഗമിച്ചുവരുന്നു.

സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങി കൃഷിക്കും മനുഷ്യജീവനും നാശം വരുത്തുന്ന ആന പോലുള്ള വന്യജീവികളെ മയക്കുവെടിവച്ച് പിടിച്ച് വനാന്തരങ്ങളിൽ തുറന്നുവിടുന്ന നടപടിയും സ്വീകരിക്കുന്നുണ്ട്.

മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് പഞ്ചായത്ത്-മുനിസിപ്പാലിറ്റി തലത്തിൽ ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും തദ്ദേശീയരും ചേർന്നുള്ള ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. 175 ജനജാഗ്രതാ സമിതികൾ ഇതിനോടകം നിലവിൽ വന്നു.

ഇതിനുപുറമേ, ജനവാസ മേഖലയിൽ ആനയോ മറ്റ് വന്യജീവികളോ കടന്നിട്ടുള്ളതായി അറിഞ്ഞാൽ പ്രദേശവാസികളുടെ മൊബൈൽ ഫോണുകളിലേയ്ക്ക് എസ്.എം.എസ്. മുഖാന്തിരം അറിയിപ്പ് നൽകി അപകടം കുറയ്ക്കുന്നതിനുള്ള Early Warning SMS Alert System മൂന്നാർ, വയനാട്, ആറളം മേഖലയിൽ നടപ്പിലാക്കിയിട്ടുണ്ട്. മറ്റ് 43 മേഖലകളിൽ നടപ്പിലാക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുമുണ്ട്.

## സംസ്ഥാനത്തെ മദ്യനയം

19(*229) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ സർക്കാർ അധികാരമേറ്റ് ഒരു വർഷത്തോളമാകാറായിട്ടും മദ്യനയം രൂപപ്പെടുത്തി പ്രഖ്യാപിക്കാതിരുന്നതിന്റെ കാരണങ്ങൾ വിശദമാക്കുമോ;

(ബി) മദ്യനയം രൂപപ്പെടുത്താതെ കള്ളുഷാപ്പുകളുടെയും ബിയർ വൈൻ പാർലറുകളുടെയും കാലാവധി നീട്ടി നൽകിയതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ;

(സി) നയരൂപീകരണത്തിൽ കാലതാമസം വരുത്തിയതുമൂലം നിലവിലെ ലൈസൻസികൾക്കുണ്ടായ സാമ്പത്തിക ലാഭത്തെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) ദേശീയ/സംസ്ഥാന പാതയോരങ്ങളുടെ 500 മീറ്റർ ദൂരപരിധിക്കുള്ളിൽ മദ്യശാലകൾ പ്രവർത്തിക്കാൻ പാടില്ലെന്ന ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിന്യായത്തെ തുടർന്ന് ഉരുത്തിരിഞ്ഞ പുതിയ സാഹചര്യം, മലപ്പുറം ലോക്സഭാ ഉപതെരഞ്ഞെടുപ്പിനോടനുബന്ധിച്ചുള്ള പെരുമാറ്റച്ചട്ടം എന്നിവ കാരണം സംസ്ഥാനത്ത് പുതിയ മദ്യനയം പ്രഖ്യാപിക്കുന്നതിൽ കാലതാമസം നേരിട്ടിട്ടുണ്ട്. സംസ്ഥാനത്ത് മദ്യനയം പ്രഖ്യാപിക്കുന്നതിന് കാലതാമസം നേരിട്ടതിനെ തുടർന്ന് 25-3-2017-ലെ G.O.(MS)16/2017/TD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കള്ളുഷാപ്പുകളുടെ ലൈസൻസ് നിലവിലുള്ള നിരക്കിന്റെ ആനുപാതിക ലൈസൻസ് ഫീസ് ഈടാക്കിക്കൊണ്ടും മറ്റ് പൊതുവ്യവസ്ഥകൾ പാലിച്ചുകൊണ്ടും 1-4-2017 മുതൽ 3 മാസത്തേയ്ക്കും മറ്റ് ലൈസൻസുകൾ നിലവിലെ വ്യവസ്ഥകൾക്ക് വിധേയമായി, നിലവിലെ ലൈസൻസ് ഫീസ് ഈടാക്കിക്കൊണ്ട് 1-4-2017 മുതലും പുതുക്കി നൽകിയിട്ടുള്ളതുമാണ്.

(ബി) അബ്കാരി ആക്ടും അനുബന്ധചട്ടങ്ങളും അനുസരിച്ച് സർക്കാരിന് ഒരു നിശ്ചിത കാലയളവിലേയ്ക്ക് നിലവിലുള്ള മദ്യഷാപ്പുകളുടെ പ്രിവിലേജ് ദീർഘിപ്പിച്ച് നൽകുന്നതിനും ലൈസൻസ് കാലയളവ് ദീർഘിപ്പിച്ച് നൽകുന്നതിനും അധികാരം നൽകിക്കൊണ്ട് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ടി മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുള്ളത്.

(സി) നിലവിലുള്ള ലൈസൻസുകളുടെ കാലാവധി താല്ക്കാലികമായി നീട്ടിയതുകൊണ്ട് സർക്കാരിന് ലഭിക്കേണ്ട റവന്യൂ യഥാവിധി ഈടാക്കിക്കൊണ്ട് മാത്രമാണ് നിലവിലുള്ള നിയമത്തിന് അനുസൃതമായി മദ്യഷാപ്പുകൾ പ്രവർത്തിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളത്. ആയതിനാൽ നിലവിലെ ലൈസൻസികൾക്ക് സാമ്പത്തിക ലാഭം ഉണ്ടാകുന്നുവോ എന്നതിനെക്കുറിച്ച് വിലയിരുത്തേണ്ട ആവശ്യമില്ലെന്ന് കാണുന്നു. കൂടാതെ ലൈസൻസികൾക്ക് സാമ്പത്തിക ലാഭം ഉണ്ടാക്കിക്കൊടുക്കുകയെന്നുള്ളത് സർക്കാരിന്റെ നയമല്ല.

**കരിയർ ഡെവലപ്മെന്റ് സെന്ററുകൾ**

20(*230) <u>ശ്രീ. എം. സ്വരാജ്</u> :
<u>ശ്രീ. ആർ. രാജേഷ്</u> :
<u>ശ്രീ. യു. ആർ. പ്രദീപ്</u> :
<u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ അന്വേഷകർക്കായി കരിയർ ഡെവലപ്പ്മെന്റ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇവയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) വിദ്യാർത്ഥികൾക്കും തൊഴിലന്വേഷകർക്കും എന്തെല്ലാം സഹായങ്ങളും സേവനങ്ങളുമാണ് കരിയർ ഡെവലപ്മെന്റ് സെന്ററുകൾ മുഖേന ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) നിലവിൽ ഏതെല്ലാം ജില്ലകളിലാണ് ഇത്തരം സെന്ററുകൾ ആരംഭിച്ചിട്ടുള്ളത്;

(ഇ) കൂടുതൽ ജില്ലകളിൽ പ്രസ്തുത സെന്ററുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>):

(എ) ഉണ്ട്.

(ബി) കരിയർ ഇൻഫർമേഷൻ, വ്യക്തിഗത ഗൈഡൻസ്, ഗ്രൂപ്പ് ഗൈഡൻസ്, കരിയർ കൗൺസിലിംഗ്, കരിയർ ഇന്ററസ്റ്റ് ഗോൾ സെറ്റിംഗ്, പ്രീ ഇന്റർവ്യൂ പരിശീലനം, വ്യക്തിത്വ വികസന പരിപാടികൾ, അനുയോജ്യമായ കോഴ്സുകളുടെ തെരഞ്ഞെടുപ്പ് എന്നിവയിലൂടെ മികച്ച കോഴ്സുകളും മത്സര പരീക്ഷാ പരിശീലന പരിപാടികൾ, മോക്ക് ഇന്റർവ്യൂ എന്നിവയിലൂടെ അഭികാമ്യമായ തൊഴിലും നേടിയെടുക്കാൻ ഉദ്യോഗാർത്ഥികളെ പ്രാപ്തരാക്കുകയാണ് കരിയർ ഡെവലപ്മെന്റ് സെന്ററുകളുടെ ലക്ഷ്യം.

(സി) കരിയർ ഇൻഫർമേഷൻ, വ്യക്തിഗത ഗൈഡൻസ്, ഗ്രൂപ്പ് ഗൈഡൻസ്, കരിയർ കൗൺസിലിങ്, കരിയർ ഇന്ററസ്റ്റ് ഗോൾ സെറ്റിംഗ്, പ്രീ ഇന്റർവ്യൂ പരിശീലനം, വ്യക്തിത്വ വികസന പരിപാടികൾ, അനുയോജ്യമായ കോഴ്സുകളുടെ തെരഞ്ഞെടുപ്പുകൾ എന്നിവയിലൂടെയും മത്സരപ്പരീക്ഷാ പരിശീലന പരിപാടികൾ, മോക്ക് ഇന്റർവ്യൂ എന്നിവയിലൂടെയും മികച്ച കോഴ്സുകളും തൊഴിലും നേടിയെടുക്കാൻ ഉദ്യോഗാർത്ഥികളെ പ്രാപ്തരാക്കുക, കൂടാതെ വിദ്യാഭ്യാസ മേഖലയിലുണ്ടാകുന്ന പുതിയ കോഴ്സുകളെക്കുറിച്ചും തൊഴിൽ മേഖലയിലെ നൂതന പ്രവണതകളെക്കുറിച്ചും അറിവ് പകർന്നു നൽകുക, ഉദ്യോഗാർത്ഥിയുടെ സ്കിൽ, എബിലിറ്റി, ആപ്റ്റിറ്റ്യൂഡ് എന്നിവ ടെസ്റ്റ് ചെയ്ത് തൊഴിലിനുള്ള സ്വീകാര്യതയും നിലവാരവും മനസ്സിലാക്കി ക്കൊടുക്കുക, നൈപുണ്യ പരിശീലനം നൽകി പ്രൊഫഷണൽ സമീപനം ഉള്ളവരാക്കി മാറ്റുക തുടങ്ങിയവയാണ് കരിയർ ഡെവലപ്മെന്റ് സെന്ററുകൾ മുഖേന വിദ്യാർത്ഥികൾക്കും തൊഴിലന്വേഷകർക്കും ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നത്. കൂടാതെ തൊഴിലന്വേഷകരായ ഉദ്യോഗാർത്ഥികൾക്ക് എംപ്ലോയബിലിറ്റി സെന്ററുകൾ സംഘടിപ്പിക്കുന്ന ജോബ് ഫെസ്റ്റുകളിൽ പങ്കെടുക്കുന്നതിനുള്ള അവസരവും ഉണ്ടാക്കിക്കൊടുക്കുന്നു.

(ഡി) നിലവിൽ കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയിലും പാലക്കാട് ജില്ലയിലെ ചിറ്റൂരിലും.

(ഇ) തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകരയിൽ സി.ഡി.സി. ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. മറ്റ് ജില്ലകളിലെ സാദ്ധ്യത പരിശോധിച്ചുവരുന്നു.

**ക്ഷീരോല്പാദന, മൃഗസംരക്ഷണ മേഖലയിൽ സമഗ്ര ഇൻഷ്വറൻസ് പദ്ധതി**

21(*231) ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീരോല്പാദന,മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക് പ്രഖ്യാപിച്ചിട്ടുള്ള സമഗ്ര ഇൻഷുറൻസ് പദ്ധതിയുടെ വിശദാംശം അറിയിക്കാമോ;

(ബി) രാത്രികാലങ്ങളിലുൾപ്പെടെ സേവനം ലഭിക്കുന്ന രീതിയിൽ മൃഗചികിത്സാ സംവിധാനം വ്യാപിപ്പിക്കുന്നതിനും മരുന്ന് ലഭ്യത ഉറപ്പാക്കുന്നതിനും കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(സി) വായ്പയെടുത്ത് കടക്കെണിയിലായ ക്ഷീര കർഷകരെ സഹായിക്കാനായി കടാശ്വാസ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) കന്നുകാലികളുടെ മരണംമൂലവും ഉൽപ്പാദനശേഷി നഷ്ടപ്പെടുന്നതുമൂലവും കർഷകനുണ്ടാകുന്ന നഷ്ടം പരിഹരിച്ച് അവരെ മൃഗസംരക്ഷണ മേഖലയിൽത്തന്നെ നിലനിർത്തുന്നതിന് ലക്ഷ്യമിട്ട് വിഭാവനം ചെയ്തിരിക്കുന്ന കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയാണ് ഗോസമൃദ്ധി. സംസ്ഥാന ബഡ്ജറ്റിൽ പുതിയ പദ്ധതി പ്രഖ്യാപിച്ചതു വഴി കേന്ദ്ര സഹായത്തിന്റെ അഭാവത്തിലും ക്ഷീരകർഷകർക്ക് അവരുടെ വിലയേറിയ ഉരുക്കളുടെ നഷ്ടത്തിൽനിന്നും സംരക്ഷണം ഉറപ്പുവരുത്താൻ കഴിയും എന്നതാണ് പ്രത്യേകത. ഗോസമൃദ്ധി പദ്ധതിക്ക് 2017-18 സാമ്പത്തിക വർഷം 5 കോടി രൂപ നീക്കിവച്ചിരിക്കുന്നു.

ഇതിനുപുറമേ ഇൻഷ്വറൻസ് പരിരക്ഷ, മറ്റുമാർഗ്ഗങ്ങളിൽ നിന്നുമുള്ള നഷ്ടപരിഹാരം എന്നിവ ലഭിക്കാത്ത കർഷകർക്ക് തങ്ങളുടെ ഉരുക്കൾ നഷ്ടപ്പെട്ടാൽ നഷ്ടപരിഹാരം നൽകുന്നതിന് ഒരു കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പ്രാഥമിക ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ, മേഖലാ യൂണിയനുകൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവയുമായി ചേർന്ന് ക്ഷീരവികസന വകുപ്പ് മുഖേന കർഷകരെയും അവരുടെ കുടുംബാംഗങ്ങളെയും കറവമാടുകളെയും ഉൾപ്പെടെ ഇൻഷ്വർ ചെയ്യുന്നതിനുള്ള ഒരു സമഗ്ര പദ്ധതി സർക്കാർ പരിശോധിച്ചുവരുന്നു. ഈ പദ്ധതി പ്രകാരം ഇൻഷ്വറൻസ് പരിരക്ഷകൾക്ക് പുറമേ ചികിത്സാ സഹായവും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി)

- മൃഗാശുപത്രികൾക്ക് മരുന്ന് വാങ്ങുന്നതിനുള്ള ബഡ്ജറ്റ് വിഹിതം നിലവിലുള്ള 12 കോടി രൂപയിൽനിന്നും 15 കോടി രൂപയായി വർദ്ധിപ്പിച്ചു.

- രാത്രികാല അടിയന്തര വെറ്ററിനറി സേവനത്തിനുള്ള ബഡ്ജറ്റ് വിഹിതം നിലവിലുള്ള 5.41 കോടി രൂപയിൽനിന്നും 6.12 കോടി രൂപയായി വർദ്ധിപ്പിച്ചു. ഇതോടെ രാത്രികാല അടിയന്തര വെറ്ററിനറി സേവനം ലഭ്യമാവുന്ന ബ്ലോക്കുകളുടെ എണ്ണം 85 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) ക്ഷീരകർഷകരെ സഹായിക്കുന്നതിനായി 2016-17-ൽ കടാശ്വാസ പദ്ധതി പ്രകാരം 5 കോടി രൂപ അനുവദിക്കുകയും ടി തുക പൂർണ്ണമായി വിനിയോഗിക്കുകയും അതിന്റെ പ്രയോജനം 2285 കർഷകർക്ക് ലഭിക്കുകയും ചെയ്തിട്ടുണ്ട്.

## പട്ടികവർഗ്ഗക്കാരുടെ പാർപ്പിട പ്രശ്നങ്ങൾ

22(*232) ശ്രീ. അടൂർ പ്രകാശ് :

ശ്രീ. എ. പി. അനിൽ കുമാർ :

ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാരുടെ പാർപ്പിട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കൈക്കൊണ്ട നടപടികൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയതെന്ന് വ്യക്തമാക്കുമോ;

(സി) ഇവരുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് പ്രയോജനപ്പെടുത്തിയതെന്ന് വിവരിക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) സംസ്ഥാനത്തെ ഭവനരഹിതരായ മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും വീട് അനുവദിക്കുന്നതിനായി സമ്പൂർണ്ണ ഭവന പദ്ധതി നടപ്പിലാക്കിവരുന്നു. ടി പദ്ധതിയിൽ ഉൾപ്പെടുത്തി ജനറൽ ഹൗസിംഗ് പദ്ധതി, ഹഡ്കോ ഭവന നിർമ്മാണ പദ്ധതി, എ.ടി.എസ്.പി. ഭവന നിർമ്മാണ പദ്ധതി എന്നിവ പ്രകാരം സംസ്ഥാനത്തെ അർഹരായ ഭവനരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് മുൻഗണനാക്രമത്തിൽ വീട് അനുവദിച്ചുവരുന്നു. കൂടാതെ ഗ്രാമവികസന വകുപ്പ് മുഖാന്തിരം പി.എം.എ.വൈ. ഭവന പദ്ധതി പ്രകാരവും വീടുകൾ അനുവദിച്ചുവരുന്നു.

കൂടാതെ പട്ടികവർഗ്ഗക്കാർക്ക് പട്ടികവർഗ്ഗ വികസന വകുപ്പും വിവിധ സർക്കാർ ഏജൻസികളും മുമ്പ് അനുവദിച്ച് നൽകിയതും നിലവിൽ വാസയോഗ്യമല്ലാത്തതുമായ വീടുകളുടെ പണി പൂർത്തിയാക്കുന്നതിനും അറ്റകുറ്റ പണികൾക്കുമായി വകുപ്പ് വീടൊന്നിന് പരമാവധി ഒരു ലക്ഷം രൂപ വരെ അനുവദിച്ചുവരുന്നു. നടപ്പ് സാമ്പത്തിക വർഷം മുതൽ ഭവന പുനരുദ്ധാരണത്തിന് 1.50 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് മുൻവർഷങ്ങളിലേത് പോലെ ജനറൽ ഹൗസിംഗ്, എ.ടി.എസ്.പി. ഭവന പദ്ധതി, ഹഡ്കോ ഭവന പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിച്ചുവരുന്നു. ഈ സർക്കാർ അധികാരമേറ്റശേഷം ജനറൽ ഹൗസിംഗ് പദ്ധതിയിൽ 1875 വീടുകളും വനബന്ധു കല്യാൺ യോജന പദ്ധതി പ്രകാരം 1854 വീടുകളും ഹഡ്കോ ഭവന പദ്ധതി പ്രകാരം 2980 വീടുകളും ഉൾപ്പെടെ ആകെ 6709 വീടുകൾ പട്ടികവർഗ്ഗക്കാർക്ക് അനുവദിച്ചിട്ടുണ്ട്. കൂടാതെ 2017-18 സാമ്പത്തിക വർഷം മുതൽ ലൈഫ് മിഷൻ പദ്ധതി പ്രകാരം ഭവനരഹിതരായിട്ടുള്ള എല്ലാവർക്കും 5 വർഷത്തിനുള്ളിൽ വീട് നൽകുന്നതിനുള്ള പദ്ധതിയും വിഭാവനം ചെയ്തിട്ടുണ്ട്. വയനാട്, പാലക്കാട് ജില്ലകളിലെ അർഹരായ മുഴുവൻ പട്ടികവർഗ്ഗക്കാർക്കും വീട് നൽകി ടി ജില്ലകളെ ഭവനരഹിതരില്ലാത്ത ജില്ലകളാക്കി മാറ്റുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(സി) ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ജനറൽ ഹൗസിംഗ്, എ.ടി.എസ്.പി. ഭവന പദ്ധതി, ഹഡ്കോ ഭവന പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിക്കുന്നു. ഇതുകൂടാതെ 2016-17 സാമ്പത്തിക വർഷം വനബന്ധു കല്യാൺ യോജന പദ്ധതിയിൽ ഉൾപ്പെടുത്തി 1854 വീടുകളും ഗ്രാമവികസന വകുപ്പ് മുഖാന്തിരം ഐ.എ.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 4395 വീടുകളും അർഹരായ പട്ടികവർഗ്ഗക്കാർക്ക് അനുവദിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം മുതൽ ലൈഫ് മിഷൻ പദ്ധതി, അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി എന്നീ നവീന പദ്ധതികളിൽ ഉൾപ്പെടുത്തിയും അർഹരായ പട്ടികവർഗ്ഗക്കാർക്ക് പുതിയ വീടുകൾ അനുവദിക്കുന്നതാണ്.

മുൻ വർഷങ്ങളിൽ അനുവദിച്ചതും നിലവിൽ വാസയോഗ്യമല്ലാത്തതുമായ വീടുകൾ വാസയോഗ്യമാക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഭവന പുനരുദ്ധാരണ പദ്ധതി, ഗ്രാമവികസന വകുപ്പിന്റെ പി.എം.എ.വൈ. പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിച്ചുവരുന്നു.

**അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്മെന്റ് പദ്ധതി**

23(*233) <u>ശ്രീ. കെ. ബാബു</u> :
<u>ശ്രീ. ജെയിംസ് മാത്യു</u> :
<u>ശ്രീ. ആന്റണി ജോൺ</u> :
<u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ സ്കൂൾ വിദ്യാഭ്യാസകാലത്ത് സഹായിക്കുന്നതിനായി അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്മെന്റ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പഠനത്തിലും പാഠ്യേതര പ്രവർത്തനങ്ങളിലും എന്തെല്ലാം സഹായമാണ് ഈ പദ്ധതി വഴി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലഭിക്കുന്നത്;

(സി) ഈ പദ്ധതിയിലേയ്ക്ക് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കുമോ;

(ഡി) വരുന്ന അദ്ധ്യയന വർഷം കൂടുതൽ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) :

(എ) ഉണ്ട്.

(ബി) അയ്യങ്കാളി ടാലന്റ് സെർച്ച് ആന്റ് ഡെവലപ്മെന്റ് സ്കീം പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് 5-ാം ക്ലാസ് മുതൽ 10-ാം ക്ലാസ് വരെയുള്ള പഠനത്തിന് പുസ്തകങ്ങൾ, യൂണിഫോം, പഠന സാമഗ്രികൾ, ബാഗ്, കുട, ട്യൂഷൻ ഫീസ് എന്നീ ഇനത്തിൽ ധനസഹായം നൽകുന്നു. പുസ്തകങ്ങൾ, യൂണിഫോം, പഠന സാമഗ്രികൾ, ബാഗ്, കുട എന്നിവ വാങ്ങുന്നതിന് ഓരോ അദ്ധ്യായന വർഷവും 1,000 രൂപ വീതവും സ്റ്റൈപ്പന്റായി പ്രതിമാസം 150 രൂപ വീതം 10 മാസത്തേയ്ക്ക് ആകെ 1,500 രൂപയും നൽകുന്നു. പഠന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി ഫർണിച്ചർ വാങ്ങുന്നതിനും മറ്റുമായി 1,000 രൂപ (പദ്ധതി കാലയളവിൽ ഒരു പ്രാവശ്യം) നൽകിവരുന്നു. കണക്ക്, സയൻസ്, ഇംഗ്ലീഷ് എന്നീ വിഷയങ്ങളിൽ ട്യൂഷൻ നൽകുന്നതിന് ഒരു വിഷയത്തിന് പ്രതിമാസം 80 രൂപ നിരക്കിൽ ഒരു മാസത്തേയ്ക്ക് ആകെ 240 രൂപ നൽകുന്നു. വിദ്യാർത്ഥികളെയും അവരുടെ രക്ഷിതാക്കളേയും പങ്കെടുപ്പിച്ചുകൊണ്ട് ജില്ലാതലത്തിൽ ഒരു ഏകദിന ബോധവൽക്കരണ സെമിനാർ സംഘടിപ്പിച്ചുവരുന്നു. സെമിനാറിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും യാത്രാപ്പടിയും ഉച്ചഭക്ഷണവും നൽകുന്നു.

(സി) സർക്കാർ എയ്ഡഡ് സ്കൂളുകളിൽ 4-ാം ക്ലാസിൽ പഠിച്ചുവരുന്ന വിദ്യാർത്ഥികൾക്കായി (പട്ടികവർഗ്ഗ വികസന വകുപ്പിന്റെയോ, വകുപ്പ് ധനസഹായം നൽകുന്നതോ ആയ ഹോസ്റ്റലുകളിൽ താമസിക്കുന്നവരൊഴികെ) വാർഷിക പരീക്ഷയ്ക്ക് മുമ്പായി നടത്തുന്ന മത്സരപ്പരീക്ഷയുടെ അടിസ്ഥാനത്തിലാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്. രക്ഷകർത്താവിന്റെ വാർഷിക കുടുംബ വരുമാന പരിധി 50,000 രൂപയാണ്.

(ഡി) നിലവിൽ 5-ാം ക്ലാസിൽ പ്രവേശനം നേടുന്ന 200 കുട്ടികളെയാണ് പദ്ധതിക്കായി തെരഞ്ഞെടുത്ത് വരുന്നത്. എണ്ണം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല.

## തൊഴിലാളിക്ഷേമത്തിന് പ്രാമുഖ്യം നൽകുന്ന തൊഴിൽനയം രൂപീകരിക്കാൻ നടപടി

24(*234) ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രത്തിൽ എൻ.ഡി.എ. സർക്കാർ അധികാരത്തിൽ എത്തിയതിനു ശേഷം യു.പി.എ. സർക്കാർ തുടർന്നുവന്ന തൊഴിലാളിവിരുദ്ധ നിലപാടുകൾ തീവ്രമാക്കിയതിനെ തുടർന്ന് സംഘടനാ ഭേദമെന്യേ തൊഴിലാളികൾ ദേശീയ തലത്തിൽ സംയുക്തമായി പണിമുടക്കിന് നിർബന്ധിതരായ സ്ഥിതി കണക്കിലെടുത്ത് സംസ്ഥാനത്ത് തൊഴിലാളി ക്ഷേമത്തിന് പ്രാമുഖ്യം നൽകുന്ന തൊഴിൽ നയം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; സംസ്ഥാന തൊഴിൽ നയത്തിന്റെ അടിസ്ഥാന കാഴ്ചപ്പാടിനും നയരൂപീകരണത്തിനുമായി നടപടികൾ ആരംഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ബി) തൊഴിൽ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ മെച്ചപ്പെടുത്താൻ നടപടിയെടുത്തിട്ടുണ്ടോ;

(സി) വ്യാപാര വാണിജ്യ സ്ഥാപനങ്ങൾക്ക് ഗ്രേഡിംഗ് ഏർപ്പെടുത്താനുള്ള തൊഴിൽ വകുപ്പിന്റെ നീക്കം തൊഴിലാളികൾക്ക് എങ്ങനെ പ്രയോജനപ്രദമാകാനിടയുണ്ടെന്ന് അറിയിക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) ഉണ്ട്. കരട് തൊഴിൽ നയം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഗ്രേഡിംഗ് നടപ്പിലാക്കുന്നതിലൂടെ തൊഴിലാളികൾക്ക് അർഹമായ സേവന-വേതന വ്യവസ്ഥകൾ ലഭ്യമാക്കുകവഴി സ്ഥാപനത്തോട് കൂറ് വർദ്ധിക്കുകയും തൊഴിലാളി-തൊഴിലുടമ ബന്ധം കൂടുതൽ ദൃഢമാക്കുന്നതിനുള്ള സാഹചര്യം ഒരുങ്ങുകയും ഔദ്യോഗിക അംഗീകാരം ലഭിച്ച സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ സാമൂഹ്യ പദവി ഉയർത്തപ്പെടുന്നതിനുള്ള സാഹചര്യം ഒരുക്കുകയും ചെയ്യും. ഇത് ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്തുന്നു. മേൽ ലക്ഷ്യം പൂർത്തീകരിക്കുന്നതിനുവേണ്ടി നടപ്പിലാക്കുന്ന ഗ്രേഡിംഗ് സംവിധാനം ആത്യന്തികമായി സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്കും സാമൂഹിക സുസ്ഥിരതയ്ക്കും കാരണമായിത്തീരും.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**അദ്ധ്യാപക-അദ്ധ്യാപകേതര ജീവനക്കാരിൽ പട്ടികജാതി പട്ടികവർഗ്ഗക്കാർ**

25(*235) ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. ഇ. പി. ജയരാജൻ :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ഖജനാവിൽനിന്നും ശമ്പളം പറ്റുന്ന അഞ്ചുലക്ഷത്തിലധികം വരുന്ന ജീവനക്കാരിൽ ഇരുപത്തിയേഴ് ശതമാനം വരുന്ന എയിഡഡ് സ്കൂൾ/കോളേജുകളിലെ അദ്ധ്യാപക - അദ്ധ്യാപകേതര ജീവനക്കാരിൽ എത്ര ശതമാനം പേർ പട്ടികജാതി/പട്ടികവർഗ്ഗക്കാരുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) സർക്കാർ ഖജനാവിൽനിന്നും ശമ്പളം നൽകുന്നതായതിനാൽ വിദ്യാഭ്യാസ നിയമത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് ഈ മേഖലയിൽ കൂടി സംവരണം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് പരിഗണിക്കുമോ;

(സി) സർക്കാർ ജിവനക്കാരുടെ എണ്ണം കുറയ്ക്കുകയും പകരം കരാർവൽക്കരണവും സ്വകാര്യവൽക്കരണവും കേന്ദ്രസർക്കാർ നയമായി മാറുകയും ചെയ്തിട്ടുള്ളതായി സർക്കാരിന് അറിവുണ്ടോ; എങ്കിൽ ഈ മേഖലകളിൽക്കൂടി സംവരണം ഏർപ്പെടുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ -സി) ഇല്ല

**കെട്ടിക്കിടക്കുന്ന കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടി**

26(*236) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. എം. ഉമ്മർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോടതികളിൽ കെട്ടിക്കിടക്കുന്ന കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്ന കാര്യത്തിൽ ഫലപ്രദമായ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കെട്ടിക്കിടക്കുന്ന കേസുകളിൽ ഭൂരിഭാഗവും സർക്കാരുമായി ബന്ധപ്പെട്ടവയാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ കെട്ടിക്കിടക്കുന്ന കേസുകൾ എത്രയും പെട്ടെന്ന് തീർപ്പാക്കിക്കിട്ടാൻ വേണ്ട നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ നിർദ്ദേശാനുസരണം അഞ്ച് വർഷത്തിൽ കൂടുതൽ പഴക്കമുള്ള കേസ്സുകളിൽ 'Zero Pendency' കൈവരിക്കുന്നതിനായി അത്തരം കേസുകൾ തീർപ്പാക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകിവരുന്നുണ്ട്. കെട്ടിക്കിടക്കുന്ന കേസുകൾ തീർപ്പാക്കുന്ന പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും അവലോകനം ചെയ്യുന്നതിനുമായി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഒരു 'Delay & Arrears Committee' രൂപീകരിച്ചിട്ടുണ്ട്. കേസുകൾ പെട്ടെന്ന് തീർപ്പാക്കുന്നതിനായി കേസുകൾ ഒന്നിച്ചുചേർക്കൽ, തരംതിരിക്കൽ തുടങ്ങിയ പ്രക്രിയകൾ ഹൈക്കോടതിയിൽ ചെയ്തുവരുന്നുണ്ട്. പെട്ടെന്ന് തീർപ്പാക്കേണ്ട കേസ്സുകളെ TFD (Targeted for Disposal) എന്ന വിഭാഗത്തിലും Stayed Cases-നെ 'Lower Court Proceedings Stayed' എന്ന വിഭാഗത്തിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

കീഴ്കോടതികളുടെ പ്രവർത്തനങ്ങൾ ഹൈക്കോടതി നിരീക്ഷിക്കുകയും കെട്ടിക്കിടക്കുന്ന കേസുകൾ ഫലവത്തായി തീർപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിവരികയും ചെയ്യുന്നുണ്ട്. ഓരോ കോടതികളിലും തീർപ്പാക്കേണ്ട കേസുകൾ സംബന്ധിച്ച് നിശ്ചിത target നൽകുക, Special List System, Unit System തുടങ്ങിയ പദ്ധതികൾ വഴി കീഴ്കോടതികളിലെ കേസുകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ ഹൈക്കോടതി സ്വീകരിച്ചുവരുന്നു.

(ബി&സി) കെട്ടിക്കിടക്കുന്ന കേസ്സുകളിൽ ഭൂരിഭാഗവും സർക്കാരുമായി ബന്ധപ്പെട്ട കേസ്സുകളാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എങ്കിലും സർക്കാരുമായി ബന്ധപ്പെട്ട കേസ്സുകൾ തീർപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി ചെയ്തുവരുന്നു. കോടതികളുടെ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിനുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളും സർക്കാർ നൽകിവരുന്നുണ്ട്. കേസുകൾ എത്രയും വേഗം തീർപ്പാക്കുന്നതിന് ഹൈക്കോടതിയുമായി ബന്ധപ്പെട്ട പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്.

## ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ

27(*237) ശ്രീ. പി. ഉണ്ണി :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. എൻ. വിജയൻ പിള്ള :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിയമവിരുദ്ധ ലഹരി വസ്തുക്കളുടെ ശേഖരണം, കടത്തൽ എന്നിവയുടെ ഉറവിടം കണ്ടെത്തി അവ ഇല്ലായ്മ ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇത്തരം ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ പൊതുജനങ്ങളുടെ സജീവ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) യുവജനങ്ങളെയും വിദ്യാർത്ഥികളെയും ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ ബോധ്യപ്പെടുത്തുന്നതിനായി വ്യാപകമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) നിയമവിരുദ്ധ ലഹരി വസ്തുക്കൾ സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ടു വരുന്നത് തടയുന്നതിന് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധനകൾ കർശനമാക്കിയിട്ടുള്ളതാണ്. വിവിധ സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് വിഭാഗങ്ങളുടെ ഏകോപനവും സഹകരിച്ചുള്ള പ്രവർത്തനവും ഉറപ്പുവരുത്തുന്നതിന് വകുപ്പുകൾ തമ്മിലുള്ള യോഗങ്ങൾ സംഘടിപ്പിച്ച് ചർച്ചകൾ നടത്തിവരുന്നതും വിവരങ്ങൾ പരസ്പരം കൈമാറുന്നതിന് തീരുമാനിച്ചി ട്ടുള്ളതുമാണ്. എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തമിഴ്നാട്-കർണ്ണാടക സംസ്ഥാനങ്ങളിലെ പോലീസ് സേനയുമായും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുമായി ചേർന്ന് ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകളും നടത്തിവരുന്നു. കൂടാതെ അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹനപരിശോധന നടത്തുന്നതും എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളും പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങളും നടത്തിവരുന്നതും ചെക്ക് പോസ്റ്റുകൾ മറികടന്ന് സമാന്തര പാതകളിലൂടെ കള്ളക്കടത്ത് നടത്താൻ സാധ്യതയുള്ള റോഡുകളിൽ വാഹനപരിശോധന കർശനമാക്കിയിട്ടുള്ളതും ദേശീയപാതകളിൽ വാഹന പരിശോധന നടത്തി വരുന്നുമുണ്ട്. ഇത്തരത്തിൽ സംസ്ഥാനത്ത് നിയമവിരുദ്ധ ലഹരി വസ്തുക്കളുടെ ശേഖരണം, കടത്തൽ എന്നിവയുടെ ഉറവിടം കണ്ടെത്തി അവ ഇല്ലായ്മ ചെയ്യുന്നതിന് ശക്തമായ നടപടികളാണ് നിലവിൽ സ്വീകരിച്ചുവരുന്നത്.

(ബി) വ്യാജമദ്യം, മയക്കമരുന്നുകൾ, പുകയില ഉൽപ്പന്നങ്ങൾ മുതലായവയുടെ ഉൽപ്പാദനം, കടത്ത്, വിപണനം, വിൽപ്പന, ഉപഭോഗം തുടങ്ങിയ അബ്കാരി/എൻ.ഡി.പി.എസ്./എം.&റ്റി.പി./കോട്പ കുറ്റകൃത്യങ്ങൾ സംബന്ധിച്ച വിവരങ്ങളും പരാതികളും പൊതുജനങ്ങളിൽനിന്നും ഫോൺ, ഇ-മെയിൽ, വാട്സ്-ആപ്പ്, ഫെയ്സ്-ബുക്ക് തുടങ്ങി വിവിധ മാർഗ്ഗങ്ങളിലൂടെ സ്വീകരിച്ച് സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇത്തരത്തിൽ ലഭിക്കുന്ന പരാതികൾ സ്വീകരിക്കുന്നതിനും ടി പരാതികളിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും 24 മണിക്കൂറും പ്രവർത്തിക്കുന്ന പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ പൊതുജനങ്ങളുടെ സജീവ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനും സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ-കോളേജ് ലഹരിവിരുദ്ധ ക്ലബ്ബുകൾ, എൻ.എസ്.എസ്., കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികൾ അടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ എന്നിവരുടെ കൂടി സഹകരണത്തോടെ ലഹരിവിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനും മയക്കമരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കാനും ലക്ഷ്യമിട്ടാണ് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി" എന്ന ബോധവൽക്കരണ മിഷന് സംസ്ഥാന സർക്കാർ രൂപം നൽകിയിട്ടുള്ളത്.

(സി) മദ്യവർജ്ജനത്തിന് ഊന്നൽ നൽകിയും മയക്കമരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കുവാനും ലക്ഷ്യമിട്ടാണ് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി" എന്ന ബോധവത്കരണ മിഷന് സംസ്ഥാന സർക്കാർ രൂപം നൽകിയിട്ടുള്ളത്. യുവജനങ്ങളെയും വിദ്യാർത്ഥികളെയും ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ ബോധ്യപ്പെടുത്തി വ്യാപകമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക എന്നുള്ളതാണ് ടി മിഷന്റെ പരമപ്രധാനമായ ലക്ഷ്യം. ആയതിന്റെ ഭാഗമായി വിവിധ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. സ്കൂൾ, കോളേജ് അടക്കം എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുകയും ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ സജീവമാക്കുകയും വിമുക്തിയുടെ ഉദ്ദേശലക്ഷ്യമാണ്.

ലഹരിക്കെതിരായി പൊതുജനങ്ങൾക്കിടയിൽ, പ്രത്യേകിച്ച് വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കുമിടയിൽ അവബോധം വളർത്തുന്നതിന് എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ വിപുലമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് വരുന്നതും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിലവിൽ 2542 ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുമുണ്ട്. വിവിധ മാധ്യമങ്ങളിലൂടെ മദ്യ-ലഹരിവിരുദ്ധ ബോധവൽക്കരണ സന്ദേശങ്ങൾ പ്രസിദ്ധീകരിക്കുന്നതിനും ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനും ഇതിനോടകംതന്നെ നടപടി സ്വീകരിച്ചിട്ടുണ്ട്.

## ബാർ തൊഴിലാളികളുടെ പുനരധിവാസത്തിന് പദ്ധതി

28(*238) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ നഷ്ടപ്പെട്ട ബാർ തൊഴിലാളികളുടെ പുനരധിവാസത്തിന് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) മദ്യത്തിന് ഏർപ്പെടുത്തിയിട്ടുള്ള സെസ് വിനിയോഗിച്ച് തൊഴിലാളികൾക്കുള്ള പുനരധിവാസം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ&ബി) നിലവിലുള്ള മദ്യനയത്തിന്റെ ഭാഗമായി പൂട്ടിയ ബാർ ഹോട്ടലുകളിൽ ഉണ്ടായിരുന്ന തൊഴിലാളികൾക്ക് ജോലി നൽകണമെന്ന വ്യവസ്ഥയിന്മേലാണ് ഇത്തരം ഹോട്ടലുകൾ ബാർ ലൈസൻസിന്റെ തുടർച്ച യെന്നോണം ബിയർ ആന്റ് വൈൻ പാർലർ ലൈസൻസുകളാക്കി മാറ്റിയത്. തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളുടെ പുനരധിവാസമടക്കമുള്ള വിഷയങ്ങൾ സംബന്ധിച്ച് 'പുനർജനി 2030' എന്ന പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൻ കീഴിൽ സമാഹരിച്ച തുകയിൽനിന്നും ഓരോ തൊഴിലാളികൾക്കും ഇടക്കാല സമാശ്വാസമായി ആദ്യ ഗഡുവായി 5,000 രൂപ വീതം 5851 പേർക്കും രണ്ടാം ഗഡുവായി 10,000 രൂപ വീതം 5809 പേർക്കും തൊഴിൽ നഷ്ടപ്പെട്ടതുമൂലം ആത്മഹത്യ ചെയ്ത മൂന്ന് തൊഴിലാളികളുടെ ആശ്രിതർക്ക് 2,00,000 രൂപ വീതവും നൽകിയിട്ടുണ്ട്.

## നിർമ്മാണ മേഖലയിൽ നിലനിൽക്കുന്ന തൊഴിൽ പ്രതിസന്ധി

29(*239) ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. റോജി എം. ജോൺ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ മേഖലയിൽ നിലനിൽക്കുന്ന തൊഴിൽ പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) മണൽ ക്ഷാമം, സിമന്റിന്റെ വിലവർദ്ധനവ്, ജലക്ഷാമം എന്നിവ നിർമ്മാണ മേഖലയിലെ തൊഴിലവസരങ്ങളെ സാരമായി ബാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മണൽ വാരൽ നിരോധനം, ക്വാറികളിൽ പാറ പൊട്ടിക്കുന്നതിന് ഏർപ്പെടുത്തിയ നിരോധനം, ഇഷ്ടിക നിർമ്മാണത്തിനുള്ള അസംസ്കൃത വസ്തുവായ ക്ലേ എടുക്കുന്നതിന് ഏർപ്പെടുത്തിയ നിരോധനം എന്നിവമൂലം നിർമ്മാണ സാമഗ്രികൾ സുലഭമായി ലഭിക്കുന്നില്ല. സിമന്റ്, കമ്പി എന്നിവയുടെ വില വർദ്ധനവ്, കടുത്ത വേനൽമൂലമുള്ള ജലലഭ്യതക്കുറവ്, നോട്ട് നിരോധനംമൂലം വിപണിയിലും ക്രയശേഷിയിലുമുണ്ടായ മാറ്റങ്ങൾ എന്നിവ ഉൽപ്പാദകരേയും ഉപഭോക്താക്കളേയും സാരമായി ബാധിച്ചിട്ടുണ്ട്. നോട്ട് നിരോധനത്തെത്തുടർന്ന് നിർമ്മാണരംഗത്ത് പണിയെടുക്കുന്ന ഇതരസംസ്ഥാന തൊഴിലാളികൾക്ക് കൃത്യമായി കൂലി ലഭിക്കാത്തതിനാൽ സ്വദേശത്തേയ്ക്ക് മടങ്ങിപ്പോകുന്ന സാഹചര്യം സംജാതമായിട്ടുണ്ട്. ഇവയെല്ലാം നിർമ്മാണ മേഖലയിൽ പ്രതിസന്ധിക്ക് കാരണമായിട്ടുണ്ട്.

**മത്സ്യത്തൊഴിലാളികളുടെ ഉന്നമനവും സംരക്ഷണവും**

30(*240) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന വേളയിൽ കേരളത്തിലെ മത്സ്യ ത്തൊഴിലാളികളെ വിദേശ രാജ്യക്കാർ അകാരണമായി പിടിച്ചുകൊണ്ടുപോകുന്ന സംഭവങ്ങൾ അടുത്തകാലത്ത് വളരെ കൂടിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവരെ സംരക്ഷിക്കാൻ എന്തൊക്ക നടപടികൾ സ്വീകരിക്കാനു ദ്ദേശിക്കുന്നുവെന്ന് വിശദമാക്കുമോ;

(സി) കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനായി ഈ സർക്കാർ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഇവരെ സംരക്ഷിക്കാനായി എന്തൊക്കെ പദ്ധതികൾ രൂപീകരിക്കാനുദ്ദേശിക്കുന്നുവെന്നും വിശദമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) വിദേശ രാജ്യക്കാർ അവരുടെ സമുദ്രാതിർത്തി ലംഘിച്ചുവെന്നാരോപിച്ച് പിടിച്ചുകൊണ്ടുപോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം അന്യരാജ്യങ്ങളുടെ സമുദ്രാതിർത്തി ലംഘിച്ചതായി ആരോപിക്കപ്പെട്ട രണ്ട് സംഭവങ്ങളിലായി തടവിലാക്കപ്പെട്ട മുഴുവൻ മത്സ്യത്തൊഴിലാളികളേയും മോചിപ്പിച്ചെടുക്കാനായിട്ടുണ്ട്. കൂടാതെ നയതന്ത്ര ഇടപെടലുകളിലൂടെ അന്യരാജ്യങ്ങളുടെ സമുദ്രാതിർത്തിയിൽ കടന്ന് അനധികൃത മത്സ്യബന്ധനം നടത്തുന്നത് നിയമലംഘനമാണെന്നും അങ്ങനെ നിയമലംഘനം നടത്തുന്ന യാനങ്ങൾ കണ്ടുകെട്ടി പിഴ ഈടാക്കുന്നതും യാനത്തിന്റെ രജിസ്ട്രേഷനും ലൈസൻസും റദ്ദ് ചെയ്യുന്നതുമാണെന്ന കാര്യം മത്സ്യത്തൊഴിലാളികളെ ബോധവൽക്കരിക്കുന്നതിനായി ക്ലാസുകൾ സംഘടിപ്പിക്കുകയും പത്രക്കുറിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്.

(സി) മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനായി ഫിഷറീസ് വകുപ്പ് മുഖേനയും ഏജൻസികൾ മുഖേനയും താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു:

1. 2016-17 സാമ്പത്തിക വർഷം ഭവനരഹിതരായ 3149 മത്സ്യത്തൊഴിലാളികൾക്ക് ഭവന പദ്ധതി
2. ഭൂരഹിതരായ 800 മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിന് ഭൂമി അനുവദിക്കുന്ന പദ്ധതി
3. കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ട 248 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്ന പദ്ധതി
4. 4500 മത്സ്യത്തൊഴിലാളി ഭവനങ്ങൾ പുനരുദ്ധരിക്കുന്ന പദ്ധതി - 2,000 ലക്ഷം രൂപ
5. 1700 ആരോഗ്യകരമായ ശൗചാലയ നിർമ്മാണ പദ്ധതി- 297.50 ലക്ഷം രൂപ
6. മത്സ്യത്തൊഴിലാളികളുടെ കോളനി നവീകരണ പരിപാടി- 750 ലക്ഷം രൂപ
7. 60 മത്സ്യത്തൊഴിലാളി ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു
8. മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് കരിയർ ഗൈഡൻസ് 72 എണ്ണം

9. 50 മെഡിക്കൽ ക്യാമ്പുകൾ

10. അക്ഷരസാഗരം 10 ലക്ഷം രൂപ

11. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യമായി 20 കോടി രൂപ ചെലവഴിച്ചു

12. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യ മെഡിക്കൽ എൻട്രൻസ്, പി.എസ്.സി., ബാങ്ക്, സിവിൽ സർവ്വീസ് പരിശീലന പരിപാടി

13. മത്സ്യത്തൊഴിലാളി കോളനികളുടെ അടിസ്ഥാന സൗകര്യ വികസനം-227 ലക്ഷം രൂപ

14. മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസ ചെലവ് വഹിക്കൽ

15. മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാലയത്തിൽനിന്നുള്ള കൊഴിഞ്ഞുപോക്ക് തടയൽ പദ്ധതി പ്രകാരം 4000 പേർക്ക് സഹായം

16. ഫിഷറീസ് സ്കൂളുകളുടെ നവീകരണ പദ്ധതി

17. മത്സ്യത്തൊഴിലാളികളുടെ മക്കൾ പഠിക്കുന്ന 20 സ്കൂളുകളിൽ അടുക്കളപ്പുര നവീകരണ പദ്ധതി -200 ലക്ഷം രൂപ

18. 40 തീരദേശ സർക്കാർ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം പദ്ധതി

19. കൊല്ലം, എറണാകുളം, ആലപ്പുഴ, മലപ്പുറം എന്നീ ജില്ലകളിലെ മത്സ്യത്തൊഴിലാളികളുടെ 8, 9 ക്ലാസുകളിൽ പഠിക്കുന്ന പെൺമക്കൾക്ക് സൈക്കിൾ നൽകുന്ന പദ്ധതി-2000 പേർക്ക്

20. തീരദേശത്തെ സ്കൂളുകളിൽ കായിക സൗകര്യവും കളിസ്ഥലവും ഏർപ്പെടുത്തുന്ന പദ്ധതി-50 സ്കൂളുകൾ

21. തീരദേശത്തെ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം. തീരദേശത്തെ ആരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ 2016-17 - 2,325.5 ലക്ഷം രൂപ

22. മത്സ്യത്തൊഴിലാളി മേഖലയിലെ സ്ത്രീ ശാക്തീകരണം സാധ്യമാക്കുന്ന തീരമൈത്രി പദ്ധതി -5 കോടി രൂപ

23. മത്സ്യത്തൊഴിലാളികൾ മത്സ്യഫെഡിൽനിന്നും എടുക്കുന്ന കുടിശ്ശികയാകുന്ന വായ്പകൾക്ക് പലിശയ്ക്ക് സഹായം നൽകുന്ന പദ്ധതി

24. മത്സ്യത്തൊഴിലാളി യുവതികൾക്കായി തീരനൈപുണ്യ പദ്ധതി

25. മത്സ്യത്തൊഴിലാളി വനിതകൾക്ക് പലിശരഹിത വായ്പ

26. മത്സ്യത്തൊഴിലാളികളുടെ യാനങ്ങൾക്ക് ഇന്ധന സബ്സിഡി

27. ആധുനിക മത്സ്യമാർക്കറ്റുകളുടെ നിർമ്മാണം

28. മത്സ്യത്തൊഴിലാളി ഭവന പുനർ വൈദ്യുതീകരണം (4000 എണ്ണം)- 800 ലക്ഷം രൂപ

29. തീരപ്രദേശത്ത് അംഗനവാടികൾ, ലൈബ്രറികൾ എന്നിവ ഒരുക്കലും സൗകര്യം മെച്ചപ്പെടുത്തലും

30. മത്സ്യത്തൊഴിലാളി അപകട ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി

31. മത്സ്യത്തൊഴിലാളി സാമ്പത്തിക തണൽ പദ്ധതി

32. മത്സ്യത്തൊഴിലാളികളുടെ സമ്പാദ്യശീലം വർദ്ധിപ്പിക്കുന്നതിന് സമ്പാദ്യ സമാശ്വാസ പദ്ധതി

33. മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ സബ്സിഡി-31.5 കോടി രൂപ

34. മത്സ്യത്തൊഴിലാളികൾക്ക് ഉല്പാദന ബോണസ്-83.55 ലക്ഷം രൂപ

35. മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനോപകരണങ്ങൾ സ്വന്തമാക്കുന്നതിന് വായ്പാ പദ്ധതി

36. ഭൂരഹിത മത്സ്യത്തൊഴിലാളികൾക്ക് കെട്ടിട സമുച്ചയം നിർമ്മിക്കുന്ന പദ്ധതി

37. കടലിൽ കൂടുകളിൽ മത്സ്യകൃഷി നടത്തുന്ന പദ്ധതി

38. 2017-2018 വർഷം ഭൂരഹിത ഭവനരഹിതരായ 750 മത്സ്യത്തൊഴിലാളികൾക്ക് ഭൂമിയും വീടും നൽകുന്ന പദ്ധതി.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പട്ടികജാതിക്കാർക്കായി കുടിശ്ശിക നിവാരണ പദ്ധതി

1(2021) ശ്രീ. എസ്.രാജേന്ദ്രൻ :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. കെ. ആൻസലൻ :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതിക്കാർക്കായി കുടിശ്ശികവായ്പാ നിവാരണ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം തരത്തിലുള്ള വായ്പകളാണ് പ്രസ്തുത പദ്ധതി പ്രകാരം എഴുതിതള്ളുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി കൂടുതൽ ഫലപ്രദമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇതിനായി നടപ്പു സാമ്പത്തിക വർഷം എത്ര രൂപ വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 100/2009 പജ.പവ.വി.വ. തീയതി 12-11-2009 പ്രകാരം സർക്കാർ വകുപ്പുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ മുതലായവയിൽനിന്നും എടുത്തിട്ടുള്ളതും 25,000 രൂപയിൽ താഴെ ഉള്ളതുമായ 31-3-2006-ന് കാലാവധി കഴിഞ്ഞതുമായ വായ്പകളാണ് എഴുതിത്തള്ളാൻ തീരുമാനിച്ചത്. സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 99/13 തീയതി 10-12-2013 പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, വ്യവസായ വാണിജ്യ വകുപ്പ്, സഹകരണ സ്ഥാപനങ്ങൾ, ഖാദി ഗ്രാമ വ്യവസായ ബോർഡ് എന്നിവയിൽ നിന്നെടുത്ത കടങ്ങളിൽ 50,000 രൂപയുടെ ബാദ്ധ്യത സർക്കാർ ഏറ്റെടുക്കാൻ തീരുമാനിച്ചു.

സർക്കാർ ഉത്തരവ് (പി) നമ്പർ 24/2015 തീയതി 30-3-2015 പ്രകാരം ഒന്നര ലക്ഷം രൂപവരെ വാർഷിക വരുമാനമുള്ള പട്ടികജാതി വിഭാഗക്കാർ പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, സഹകരണ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നെടുത്തിട്ടുള്ളതും 31-3-2010-ന് തിരിച്ചടവ് കാലാവധി

കഴിഞ്ഞതുമായ ഒരു വായ്പയ്ക്ക് മുതലും പലിശയുമടക്കം ഒരു ലക്ഷം രൂപവരെയുള്ള ബാദ്ധ്യതകൾ സർക്കാർ എഴുതിത്തള്ളുന്നു. വായ്പാ കണക്കിലെ പിഴപ്പലിശ/മറ്റ് ചാർജ്ജുകൾ എന്നിവ സ്ഥാപനങ്ങൾ എഴുതിത്തള്ളേണ്ടതും ബാക്കിവരുന്ന തുക വായ്പക്കാർ അടയ്ക്കേണ്ടതുമാണ്. ഈ ഇനത്തിൽ മുൻ സർക്കാരിന്റെ കാലത്ത് നൽകാൻ ബാക്കിയുണ്ടായിരുന്ന 88.54 കോടി രൂപ 2016-17 വർഷം അനുവദിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ രണ്ട് ഉത്തരവുകൾ കൂടാതെ സർക്കാർ ഉത്തരവ് (പി) നമ്പർ 118/2016 ധന വകുപ്പ് തീയതി 20-8-2016 പ്രകാരമുള്ള കടാശ്വാസ പദ്ധതിയും നിലവിലുണ്ട്. മറ്റെല്ലാ വിഭാഗങ്ങൾക്കൊപ്പം പട്ടികജാതി വിഭാഗത്തിൽ പ്പെട്ടവരുടേയും ജപ്തി ഭീഷണി നേരിടുന്ന വായ്പകളിലും കടാശ്വാസം അല്ലെങ്കിൽ പലിശയിളവ് അനുവദിച്ചിട്ടുണ്ട്. ഇതുപ്രകാരം അഞ്ചുലക്ഷം രൂപ വരെയുള്ള വായ്പകളിലെ വായ്പാ തുകയുടെ ഇരട്ടിയോ അതിലധികമോ തിരിച്ചടവ് വന്നിട്ടുള്ള വായ്പകളിൽ ശേഷിക്കുന്ന തുക പൂർണ്ണമായും എഴുതിത്തള്ളുന്നു. കൂടാതെ വായ്പാ തുകയുടെ ഒന്നര മടങ്ങ് എന്നാൽ രണ്ട് മടങ്ങ് താഴെ തിരിച്ചടവ് നടത്തിയവരുടെ വായ്പയുടെ ബാക്കി നിൽക്കുന്ന തുക 24 തുല്യമാസ ഗഡുക്കളായി പലിശ, പിഴപ്പലിശ ഒഴിവാക്കി പുനഃക്രമീകരിച്ച് കൊടുക്കുന്നു. ഈ വായ്പാ കണക്കുകളിൽ 1-9-2016-ന ശേഷം പലിശയോ പിഴപ്പലിശയോ ഈടാക്കുന്നതല്ല.

(സി) ഈ പദ്ധതി നിലവിൽ ഫലപ്രദമായി നടന്നുവരുന്നു.

(ഡി) 2225-80-190-94 ശീർഷകത്തിൽ ടോക്കൺ പ്രൊവിഷൻ നൽകിയിട്ടുണ്ട്.

## കൊട്ടാരക്കര മണ്ഡലത്തിൽപ്പെടുന്ന പട്ടികജാതി കോളനികളുടെ അടിസ്ഥാനസൗകര്യ വികസനം

2(2022) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽപ്പെടുന്ന പട്ടികജാതി കോളനികളുടെ പേരുവിവരവും കുടുംബങ്ങളുടെ എണ്ണവും വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പട്ടികജാതി കോളനികളിൽ വിവിധ ഫണ്ടുകൾ ഉപയോഗപ്പെടുത്തി കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ നടത്തിയ പ്രധാന അടിസ്ഥാനസൗകര്യ വികസനങ്ങളുടെ വിശദാംശങ്ങൾ നൽകുമോ;

(സി) കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ ഏതെല്ലാം കോളനികളെ അംബേദ്കർ ഗ്രാമവികസന പരിപാടിയിൽ ഉൾപ്പെടുത്താൻ സാധിക്കും എന്ന വിവരം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽപ്പെടുന്ന പട്ടികജാതി കോളനികളുടെ പേരും കുടുംബങ്ങളുടെ എണ്ണവും അനുബന്ധം 1 * ആയി ചേർക്കുന്നു.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുമതി നൽകിയ കോർപ്പസ് ഫണ്ട് പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം 2* ആയി ചേർക്കുന്നു. സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം 3 കോളനികളുടെ വികസനത്തിനായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | കോളനിയുടെ പേര് | നിർവ്വഹണ ഏജൻസി | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | പ്ലാക്കാട് അംബേദ്കർ കോളനി | നിർമ്മിതി കേന്ദ്രം | 1 കോടി | 90 ലക്ഷം |
| 2 | കുളക്കട മാവടി അംബേദ്കർ കോളനി | നിർമ്മിതി കേന്ദ്രം | 1 കോടി | 65 ലക്ഷം |
| 3 | ഓട്ടുമല കോളനി | നിർമ്മിതി കേന്ദ്രം | 1 കോടി | 65 ലക്ഷം |

(സി) നാൽപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങളുള്ള കോളനികളെയാണ് ടി പദ്ധതിയിൽ തെരഞ്ഞെടുക്കുവാൻ കഴിയുക. കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ നടക്കുന്ന്, ചേക്കോട്ട്കോണം, കൊടുവന്നൂർകോണം, IHDP കോളനി പുന്നൂർമുക്ക്, അംബേദ്കർ ഗ്രാമം, കൊടിമൂട്ടിൽ, മറവൻകോട്, പ്ലാക്കോട് കാരുവേലിൽ, വല്ലം IHDP, ചാലൂകോണം IHDP, കൊതുമ്പിൽ തെക്കേക്കര എന്നീ കോളനികൾ അംബേദ്കർ ഗ്രാമവികസന പരിപാടിയിൽ ഉൾപ്പെടുത്താൻ അർഹതയുണ്ട്. ഇപ്പോൾ ഒരു മണ്ഡലത്തിൽ 2 എണ്ണമാണ് തെരഞ്ഞെടുക്കുന്നത്.

**വാമനപുരം മണ്ഡലത്തിലെ കോർപ്പസ് ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ**

3(2023) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിൽ വാമനപുരം നിയോജക മണ്ഡലത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകളിൽ നിന്നുള്ള കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നിർവ്വഹിക്കുന്നതിന് അനുവദിച്ച പ്രവൃത്തികളിൽ പൂർത്തിയാക്കാത്ത പ്രവൃത്തികൾ ഏതെല്ലാം;

(ബി) എങ്കിൽ പ്രവൃത്തി പൂർത്തീകരിക്കാനുള്ള കാലതാമസത്തിന്റെ കാരണമെന്താണെന്ന് വിശദമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) <u>പട്ടികജാതി വികസന വകുപ്പ്</u>

പൂർത്തിയാക്കാത്ത പ്രവൃത്തികളുടെ വിശദവിവരം അനുബന്ധം (1)* ആയി ചേർത്തിരിക്കുന്നു.

<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>

പൂർത്തിയാക്കാത്ത പ്രവൃത്തികളുടെ വിശദവിവരം അനുബന്ധം (2)* ആയി ചേർത്തിരിക്കുന്നു.

(ബി) <u>പട്ടികജാതി വികസന വകുപ്പ്</u>

കിടാരിക്കുഴി ഒൻപത് ഏക്കർ പട്ടികജാതി കോളനി കുടിവെള്ള പദ്ധതിക്കും അയണിമൂട് പട്ടികജാതി കോളനി കുടിവെള്ള പദ്ധതിക്കും ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിൽനിന്നും clearance ലഭിച്ചിട്ടില്ല. പരപ്പിൽ കിഴക്കേവിള കോളനി റോഡ് മെറ്റലിംഗ് & ടാറിംഗ് പദ്ധതി നിർമ്മാണ മേഖലയിൽ വരുന്ന വസ്തുപരമായ തർക്കംമൂലം നിർമ്മാണം തടസ്സപ്പെട്ട സാഹചര്യമാണുള്ളത്.

<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>

പൊതുമരാമത്ത് വകുപ്പ്, നന്ദിയോട് ഗ്രാമ പഞ്ചായത്ത് എന്നീ നിർവ്വഹണ ഏജൻസികൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ട്. പ്രവൃത്തികൾ പൂർത്തീകരിച്ചുവരുന്നു.

**ദേവികുളം മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിൽ നിന്നുള്ള ചികിത്സാധനസഹായം**

4(2024) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ദേവികുളം നിയോജകമണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിൽനിന്നും നാളിതുവരെ ചികിത്സാ ധനസഹായം നൽകിയിട്ടുള്ളവരുടെ വിവരം ലഭ്യമാക്കുമോ;

(ബി) ചികിത്സാ ധനസഹായം അനുവദിച്ചവർക്ക് തുക ലഭിക്കുന്നതിന് കാലതാമസം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ അത് പരിഹരിക്കാൻ നടപടികൾ എന്തെങ്കിലും സ്വീകരിച്ചുവോയെന്ന് വ്യക്തമാക്കുമോ;

(ഡി) ഇല്ലെങ്കിൽ ആവശ്യമായ നടപടി ഉടൻ സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ദേവികുളം നിയോജകമണ്ഡലത്തിൽ നാളിതുവരെ 235 പേർക്ക് 46,10,000 രൂപ ചികിത്സാധനസഹായം നൽകിയിട്ടുണ്ട്. സഹായം ലഭിച്ചവരുടെ പേരുവിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി&ഡി) ആയത് പരിഹരിക്കുന്നതിലേയ്ക്കായി ചികിത്സാധനസഹായ വിതരണ പദ്ധതി ഓൺലൈനാക്കുന്നതിനും ഗുണഭോക്താക്കളുടെ അക്കൗണ്ട് വഴി തുക താമസംകൂടാതെ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

**വൈപ്പിൻ മണ്ഡലത്തിലെ പട്ടികജാതി കോളനികളെ സ്വയംപര്യാപ്തമാക്കൽ**

5(2025) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി കോളനികളെ സ്വയം പര്യാപ്തമാക്കുന്നതിനായി വൈപ്പിൻ മണ്ഡലത്തിൽനിന്നും നിർദ്ദേശിക്കപ്പെട്ടിട്ടുള്ള വളപ്പ് പുലയ കോളനി, ഞാറയ്ക്കൽ സിഷോർ കോളനി എന്നിവിടങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

വളപ്പ് പുലയ കോളനിയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഞാറയ്ക്കൽ സീഷോർ കോളനിയുടെ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ഫൈനൽ ബിൽ ഉടൻ സമർപ്പിക്കുന്നതിനും നിർവ്വഹണ ഏജൻസിയായ FIT-ക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**പട്ടികജാതി വിഭാഗങ്ങൾക്കുള്ള സമഗ്ര ഭവനനിർമ്മാണ പദ്ധതിയുടെ ഗുണഭോക്താക്കൾ**

6(2026) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗര ഗ്രാമ പ്രദേശങ്ങളിലെ മുഴുവൻ പട്ടിക ജാതി കുടുംബങ്ങൾക്കും വീട് ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി മാത്രം പദ്ധതി നടപ്പാക്കുന്നത് രാഷ്ട്രീയ സാമ്പത്തിക വിവേചനങ്ങൾക്കിടയാക്കുന്ന എന്ന ആരോപണം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(സി) അർഹതപ്പെട്ട എല്ലാവരുടെയും ലിസ്റ്റ് ജില്ലാ അടിസ്ഥാനത്തിൽ തയ്യാറാക്കി പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത പദ്ധതിക്കുള്ള സാമ്പത്തിക വിഹിതം എത്ര; ലോൺ വിഹിതം എത്ര; ഓരോകുടുംബത്തിനും സ്ഥലം വാങ്ങാൻ എത്ര രൂപ നൽകുന്നുണ്ട് ; വീട് വെക്കാൻ എത്ര രൂപ നൽകുന്നുണ്ട്;

(ഇ) എത്ര കുടുംബങ്ങളെ ഈ വർഷം ഗുണഭോക്താക്കൾ ആക്കാൻ ഉദ്ദേശിക്കുന്നു ; വരുന്ന 4 വർഷം കൊണ്ട് എത്രപേർക്ക് സഹായം നൽകും; എത്രവർഷം കൊണ്ട് മുഴുവൻ പട്ടിക ജാതി കുടുംബങ്ങളും വീടിനു അർഹത നേടും എന്നീ വിവരങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ സ്വന്തമായി ഭൂമിയുള്ള ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭവനനിർമ്മാണ ധനസഹായ പദ്ധതി പ്രകാരം വീട് നിർമ്മിക്കുന്നതിന് 3,00,000 രൂപയും ദുർബല വിഭാഗ ഭവന പുനരധിവാസ പദ്ധതി പ്രകാരം 3,50,000 രൂപയും ധനസഹായം അനുദിച്ചുവരുന്നുണ്ട്.

(ബി) ഇല്ല.

(സി) നിലവിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കുന്ന ഗുണഭോക്തൃ ലിസ്റ്റിന്റെ അടിസ്ഥാനത്തിലും പട്ടികജാതി വികസന വകുപ്പ് മുഖേന ഭൂമി ലഭിച്ചവർക്കും നേരിട്ട് അപേക്ഷ സമർപ്പിക്കുന്ന പ്രത്യേക പരിഗണനയർഹിക്കുന്ന വിഭാഗക്കാർക്കും അർഹത പരിശോധിച്ച് ധനസഹായം അനുവദിച്ചുവരുന്നു. ഭവനരഹിതരായവരുടെ ലിസ്റ്റ് ജില്ലാതലത്തിൽ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ഡി) ഭവന നിർമ്മാണ ധനസഹായ പദ്ധതിക്ക് 2017-18 വർഷം 500 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. സ്ഥലമില്ലാത്തവർക്ക് സ്ഥലം വാങ്ങുന്നതിന് 180 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പ് മുഖേന ലോൺ അനുവദിക്കുന്നില്ല. ഭൂരഹിതരായ പട്ടികജാതിക്കാർക്ക് ഭൂമി വാങ്ങുന്നതിന് ഗ്രാമ പ്രദേശത്ത് 5 സെന്റ് ഭൂമി വാങ്ങുന്നതിന് 3,75,000 രൂപയും മുനിസിപ്പാലിറ്റി പ്രദേശത്ത് 3 സെന്റിന് 4,50,000 രൂപയും കോർപ്പറേഷൻ പ്രദേശത്ത് 3 സെന്റിന് 6,00,000 രൂപയും അനുവദിച്ചുനൽകുന്നു. വീട് നിർമ്മിക്കുന്നതിന് ഭവന നിർമ്മാണ പദ്ധതി പ്രകാരം 3,00,000 രൂപയും ദുർബല വിഭാഗ ഭവന പുനരധിവാസ പദ്ധതി പ്രകാരം 3,50,000 രൂപയും അനുവദിക്കുന്നുണ്ട്.

(ഇ) 2017-18 വർഷം വകുപ്പുതല പദ്ധതിയിൽ 6000 പേർക്ക് വീട് അനുവദിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഓരോ വർഷവും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പരമാവധി കുടുംബങ്ങൾക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ഇപ്പോൾ ഭവനരഹിതരും കൈവശഭൂമിയുള്ളവരുമായ എല്ലാ കുടുംബങ്ങൾക്കും 2018-19-ഓടെ വീട് അനുവദിക്കാനാണ് ലക്ഷ്യമിടുന്നത്.

## പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി ഇന്റഗ്രേറ്റഡ് സ്പോർട്സ് ഹോസ്റ്റലുകൾ

7(2027) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സ്പോർട്സ് രംഗത്തെ മികവ് ചെറുപ്പത്തിൽത്തന്നെ കണ്ടെത്തുന്നതിന് വെള്ളായണിയിൽ സ്ഥാപിച്ച സ്പോർട്സ് ഹോസ്റ്റലിന്റെ പ്രവർത്തനം വിശദമാക്കാമോ;

(ബി) അതേ മാതൃകയിൽ കോളേജ് തലം വരെയുള്ള ആൺ പെൺ കുട്ടികൾക്ക് ഗുണകരമായ രീതിയിൽ ഇന്റഗ്രേറ്റഡ് സ്പോർട്സ് ഹോസ്റ്റലുകൾ സ്ഥാപിക്കുമോ; ഇതിനു എസ്.ടി.പി., എസ്.സി.പി. ഫണ്ടുകൾ ഉപയോഗിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത പരിശീലനകേന്ദ്രങ്ങളിൽ ലോകോത്തര നിലവാരമുള്ള കോച്ചുമാരെ നിയമിക്കുമോ; ഇന്ത്യയുടെ കായിക വികസനത്തിന് ഇതു മുതൽക്കൂട്ടാകും എന്ന് കരുതുന്നുവോ;

(ഡി) പാലക്കാട് മെഡിക്കൽ കോളേജ്, ചിറ്റൂർ ഗവണ്മെന്റ് കോളേജ് എന്നിവയെ ഇതിനായി പരിഗണിക്കുമോ?

ഉത്തരം

(എ) വെള്ളായണിയിലെ സ്പോർട്സ് എം.ആർ.എസ്.-ൽ സ്പോർട്സ് അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തുന്നതിനായി സെലക്ഷൻ ട്രയൽ നടത്തി അഞ്ചാം ക്ലാസ്, പ്ലസ് വൺ എന്നിവയിലേയ്ക്ക് പ്രവേശനം നടത്തുന്നു. ആൺ-പെൺ പ്രവേശനാനുപാതം 1:1 ആണ്. സ്പോർട്സ് ഓഫീസറുടെ നേതൃത്വത്തിൽ അത്‌ലറ്റിക്, ഫുട്ബോൾ, ജൂഡോ, റസ്ലിംഗ്, തായ്ക്ക്വാണ്ടോ, ജിംനാസ്റ്റിക് എന്നീ ഇനങ്ങളിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകിവരുന്നു. ജില്ലാതലം മുതൽ ദേശീയതലംവരെയുള്ള എല്ലാ മത്സരങ്ങളിലും അർഹതയുള്ള വിദ്യാർത്ഥികളെ കൃത്യമായി പങ്കെടുപ്പിച്ചുവരുന്നു. ദേശീയതലത്തിൽ യോഗ്യത നേടുന്ന വിദ്യാർത്ഥികൾക്ക് ദേശീയ ക്യാമ്പിലും തുടർ യോഗ്യതകൾ അനുസരിച്ച് അന്തർദ്ദേശീയതലത്തിലുള്ള മത്സരങ്ങളിലും പങ്കെടുക്കാൻ സ്ഥാപനത്തിന്റെ പ്രവർത്തനഫലമായി അവസരം കിട്ടിയിട്ടുണ്ട്.

(ബി-ഡി) പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**കൊല്ലം മണ്ഡലത്തിലെ കോളനികളുടെ വികസന പ്രവർത്തനങ്ങൾ**

8(2028) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം നിയമസഭാമണ്ഡലത്തിൽ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ട കോളനികളുടെ വികസന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ഓരോ കോളനിയിലും നടപ്പാക്കിയ വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങളും പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് പൂർത്തിയാകുമെന്നുള്ള വിശദാംശങ്ങളും ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. കൊല്ലം നിയമസഭാ മണ്ഡലത്തിൽനിന്നും 2012-13-ൽ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം പ്രാക്കുളം കോളനിയെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

| ഏറ്റെടുത്ത പ്രവൃത്തികൾ | പൂർത്തീകരിച്ച പ്രവൃത്തികൾ | പൂർത്തീകരിക്കേണ്ട പ്രവൃത്തികൾ |
|---|---|---|
| 1. സംരക്ഷണ ഭിത്തി നിർമ്മാണം<br>2. കോൺക്രീറ്റ് റോഡ്<br>3. കിണറുകളുടെ പുനരുദ്ധാരണം<br>4. പാർക്കിന്റെ നവീകരണം<br>5. വീടുകളുടെ പുനരുദ്ധാരണം<br>6. പൈപ്പ് കമ്പോസ്റ്റ് | 1. സംരക്ഷണ ഭിത്തി നിർമ്മാണം<br>2. കോൺക്രീറ്റ് റോഡ്<br>3. വീടുകളുടെ പുനരുദ്ധാരണം | 1. കിണറുകളുടെ നവീകരണം<br>2. പാർക്കിന്റെ നവീകരണം<br>3. പൈപ്പ് കമ്പോസ്റ്റ് |

പ്രാക്കുളം കോളനിയുടെ പദ്ധതി നിർവ്വഹണം അടിയന്തരമായി പൂർത്തീകരിക്കുവാൻ നിർവ്വഹണ ഏജൻസിയായ കെ.എൽ.ഡി.സി.-ക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഇന്ദിരാ ആവാസ് യോജന പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് തുക അനുവദിക്കാൻ നടപടി

9(2029) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ദിരാ ആവാസ് യോജനയിൽ ഉൾപ്പെട്ട പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് 2014-15, 2015-16 കാലയളവിൽ എസ്.സി./എസ്.റ്റി. ഡിപ്പാർട്ടുമെന്റ് നൽകേണ്ട തുക നാളിതു വരെയായും നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ തുക അടിയന്തരമായി അനുവദിച്ച് വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

### ഉത്തരം

(എ) ഇന്ദിരാ ആവാസ് യോജനയിലുൾപ്പെട്ട പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് 2014-15 വരെയുള്ള അധികധനസഹായ ഇനത്തിൽ 178.335 കോടി രൂപയും 2015-16 വർഷത്തിൽ 203 കോടി രൂപയും ചേർത്ത് ആകെ 381.335 കോടി രൂപ ബാദ്ധ്യതയുണ്ടായിരുന്നു. 7-10-2016-ലെ 2850/2016 ത.ഭ.വ. ഉത്തരവുപ്രകാരം ടി തുക തദ്ദേശഭരണ സ്ഥാപനങ്ങളുടെ SCP പദ്ധതി വിഹിതത്തിൽനിന്ന് വിനിയോഗിക്കാൻ അനുമതി നൽകി. ടി നടപടിക്കുശേഷവും ബാക്കിവന്ന ബാദ്ധ്യതയായ 107 കോടി രൂപ 2016-17 വർഷത്തിൽ പട്ടികജാതി വികസന വകുപ്പിൽനിന്ന് ഗ്രാമവികസന വകുപ്പിന് നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 6.5077 കോടി രൂപ കൂടി ഈ ഇനത്തിൽ ഗ്രാമവികസന വകുപ്പിന് നൽകാനുണ്ട്.

(ബി) 2015-16 സാമ്പത്തിക വർഷം ഇന്ദിരാ ആവാസ് യോജന പദ്ധതി പ്രകാരം പട്ടികവർഗ്ഗക്കാർക്ക് അനുവദിച്ച 4395 വീടുകൾക്ക് വീടൊന്നിന് ഒരു ലക്ഷം രൂപ വച്ച് അനുവദിക്കേണ്ട 43.95 കോടി രൂപയിൽ ജില്ലാ-ബ്ലോക്ക്-ഗ്രാമ പഞ്ചായത്തുകളുടെ 2016-17-ലെ വാർഷിക പദ്ധതിയിൽപ്പെടുത്തി അനുവദിച്ച തുക കഴിച്ച് ബാക്കിവന്ന 27,02,90,111 രൂപയിൽ 20.5123 കോടി രൂപ 2016-17 സാമ്പത്തിക വർഷത്തെ PMAY പദ്ധതി വിഹിതത്തിൽനിന്നും കണ്ടെത്തുന്നതിനും അനുമതി നൽകിയിട്ടുണ്ട്.

**പഠനമുറി പദ്ധതി**

10(2030) ശ്രീ. സി. ദിവാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. കെ. രാജൻ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിലുള്ള കുട്ടികളുടെ പഠന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി "പഠനമുറി" എന്ന പേരിൽ പദ്ധതി നിലവിലുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ എന്തെല്ലാം സൗകര്യങ്ങളാണ് നല്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ?

ഉത്തരം

(എ) "പഠനമുറി" എന്ന പേരിൽ ഒരു പദ്ധതി 2017-18 വർഷം നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) സ്വന്തമായി വാസയോഗ്യമായ വീടുള്ള ഹൈസ്കൂൾതലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ വീടിനോട് ചേർന്ന് 120 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ളതും കോൺക്രീറ്റ് മേൽക്കൂരയുള്ളതും ടൈൽസ് പാകിയ തറയുള്ളതുമായ ഒരു മുറി, പുസ്തകം സൂക്ഷിക്കുന്നതിനുള്ള ഭിത്തി, അലമാര (രണ്ട് കുട്ടികൾക്കാവശ്യമുള്ളത്), ലൈറ്റ്, ഫാൻ, സ്റ്റഡി ഡസ്ക്, 3 പ്ലാസ്റ്റിക് കസേരകൾ, കമ്പ്യൂട്ടർ, കമ്പ്യൂട്ടർ ടേബിൾ എന്നീ സൗകര്യങ്ങളാണ് ഒരുക്കാനുദ്ദേശിക്കുന്നത്.

(സി) ഇതുസംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**ഒല്ലൂർ മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പാക്കിയ പദ്ധതികൾ**

11(2031) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികളിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ഒല്ലൂർ നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികളിൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കാൻ ഭരണാനുമതി നൽകിയ പദ്ധതികളുടെ വിശദാംശങ്ങളും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

ഉത്തരം

(എ) കോർപ്പസ് ഫണ്ടിൽ പദ്ധതികൾ ഏറ്റെടുത്തിട്ടില്ല.

(ബി) ഈ സർക്കാരിന്റെ കാലത്ത് ഒല്ലൂർ നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികളിൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കാൻ ഭരണാനുമതി നൽകിയ പദ്ധതികളുടെ വിശദാംശങ്ങളും നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർക്കുന്നു.*

**സ്വാശ്രയ ഗ്രാമം പദ്ധതിപ്രകാരം ഏറ്റെടുക്കുന്ന പട്ടികജാതി കോളനികൾ**

12(2032) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ ഗ്രാമം പദ്ധതി പ്രകാരം ഈ സാമ്പത്തിക വർഷം എത്ര പട്ടികജാതി കോളനികൾ ഏറ്റെടുക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സ്വാശ്രയ ഗ്രാമം പദ്ധതി 2012-13, 2013-14 വർഷങ്ങളിലാണ് നടപ്പാക്കിയത്. 2016-17-ൽ അംബേദ്കർ ഗ്രാമ വികസന പരിപാടി എന്ന പേരിൽ സങ്കേത വികസന പരിപാടി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിപ്രകാരം 2016-17 വർഷം ഒരു നിയോജകമണ്ഡലത്തിൽ 2 എന്ന നിലയിൽ 140 മണ്ഡലങ്ങളിലായി 280 കോളനികളെ ഏറ്റെടുക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

(ബി) കോർപ്പസ് ഫണ്ടിൽനിന്നാണ് ഇതിനാവശ്യമായ തുക ചെലവഴിക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കുന്നതിന് നടപടി

13(2033) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ മുഴവൻ പട്ടികജാതി കുടുംബങ്ങൾക്കും ഭൂമി ലഭ്യമാക്കുന്നതിന് എത്ര ഭൂമി ഓരോ ജില്ലയിലും വേണ്ടിവരും;

(ബി) ഇതിനായി ഓരോ ജില്ലയിലും എത്ര ഭൂമി കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) പട്ടികജാതി വികസന വകുപ്പ് നടപ്പാക്കിവരുന്ന ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ഗുണഭോക്താവ് സ്വന്തമായി ഭൂമി കണ്ടെത്തുകയാണ് ചെയ്യുന്നത്. ഓരോ വർഷവും ബഡ്ജറ്റിൽ വകയിരുത്തുന്ന തുകയ്ക്ക് അനുസൃതമായി ഗുണഭോക്താക്കളുടെ എണ്ണം നിശ്ചയിക്കുന്നു. ഇത് പഞ്ചായത്തുകളിൽ ഏറ്റവും കുറഞ്ഞത് 5 സെന്റും മുനിസിപ്പാലിറ്റിയിലും കോർപ്പറേഷനിലും 3 സെന്റും വീതമാണ്. ഓരോ ഗുണഭോക്താവിനും അനുവദിക്കുന്ന തുകയ്ക്ക് ലഭിക്കാവുന്ന പരമാവധി അളവിലുള്ള ഭൂമി വാങ്ങാവുന്നതാണ്. 1-4-2016-ലെ കണക്ക് പ്രകാരം 30698 ഭൂരഹിത കുടുംബങ്ങളാണ് ഉണ്ടായിരുന്നത്. 2016-17-ൽ 4465 കുടുംബങ്ങൾക്ക് സ്ഥലം നൽകിയിട്ടുണ്ട്.

## ആലത്തൂർ മണ്ഡലത്തിലെ കോളനികളിലേയ്ക്ക് കുടിവെള്ള പദ്ധതി

14(2034) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികളിൽ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പാക്കിയ കുടിവെള്ള പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) 2016-17-ൽ പ്രസ്തുത കോളനികളിൽ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പാക്കാനായി ഭരണാനുമതി നൽകിയ കുടിവെള്ള പദ്ധതികളെക്കുറിച്ച് വിശദീകരിക്കാമോ?

ഉത്തരം

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികളിൽ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പാക്കിയ കുടിവെള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) 2016-17-ൽ ആലത്തൂർ നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികളിൽ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കാൻ ഭരണാനുമതി നൽകിയ കുടിവെള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**ആലത്തൂർ നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികൾ**

15(2035) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ എത്ര പട്ടികജാതി കോളനികളാണ് നിലവിലുള്ളത്;

(ബി) പ്രസ്തുത പട്ടികജാതി കോളനികളുടെ നില മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം പുതിയ പദ്ധതികൾ പരിഗണനയിലുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 380.

(ബി) കോളനികളുടെ നില മെച്ചപ്പെടുത്തുന്നതിനായി അംബേദ്കർ ഗ്രാമ വികസന പരിപാടി പ്രകാരവും കോർപ്പസ് ഫണ്ട് വിനിയോഗിച്ചുമുള്ള പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

**പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ, ലാപ്ടോപ്പ്, പ്രൊജക്ടർ എന്നിവ നൽകുന്നതിന് വ്യവസ്ഥ**

16(2036) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമ - ബ്ലോക്ക് - ജില്ലാ പഞ്ചായത്തുകളുടെ പദ്ധതികളിൽ ഉൾപ്പെടുത്തി പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കംപ്യൂട്ടർ, ലാപ്റ്റോപ്, പ്രൊജക്ടർ (എൽ.സി.ഡി.) എന്നിവ നൽകുന്നതിന് വ്യവസ്ഥയുണ്ടോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം മേഖലയിൽ പഠിക്കുന്നവർക്ക് ഇത് നൽകാൻ കഴിയും; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ത്രിതല പഞ്ചായത്തുകളുടെ തനത് ഫണ്ട് ഇക്കാര്യത്തിന് വേണ്ടി ഉപയോഗിക്കാമോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) ഈ സർക്കാർ വന്നശേഷം കോ-ഓർഡിനേഷൻ കമ്മിറ്റി (സി.ഡി.) ഇതുമായി ബന്ധപ്പെട്ട് പുതിയ തീരുമാനങ്ങൾ എന്തെങ്കിലും എടുത്തിട്ടുണ്ടോ; വിശദീകരിക്കാമോ?

ഉത്തരം

(എ) ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളുടെ പദ്ധതികളിൽ ഉൾപ്പെടുത്തി പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ, ലാപ്ടോപ്പ് എന്നിവ നൽകുന്നതിന് വ്യവസ്ഥയുണ്ട്.

(ബി) ബിരുദം, ബിരുദാനന്തരബിരുദം, പോളിടെക്നിക് ഡിപ്ലോമ എന്നീ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് അർഹതയുണ്ട്.

(സി & ഡി) വിശദാംശങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

## പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭൂമിയും വീടും ലഭ്യമാക്കുന്നതിന് പദ്ധതി വിഹിതം

17(2037) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂമിയും വീടുമില്ലാത്തവർക്ക് ഇവ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത ആവശ്യത്തിലേക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പദ്ധതി വിഹിതം എത്രയാണ്; വിശദമാക്കുമോ;

(സി) ഇതിൽ കേന്ദ്ര സർക്കാരിൽനിന്നും എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും എത്ര തുക ലഭ്യമായിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

## ഉത്തരം

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂരഹിതർക്ക് "ഭൂമി വാങ്ങി നല്കൽ പദ്ധതി" , ആദിവാസി പുനരധിവാസ വികസന മിഷൻ തുടങ്ങിയ പദ്ധതികൾ പ്രകാരം ഭൂമി ലഭ്യമാക്കിവരുന്നു. ആദിവാസി വനാവകാശ നിയമ പ്രകാരവും സുപ്രീം കോടതിയിൽനിന്നും വിതരണത്തിന് അനുമതി ലഭിച്ച ഭൂമിയും വിതരണം ചെയ്യുന്നതാണ്. ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ജനറൽ ഹൗസിംഗ് പദ്ധതി, എ.റ്റി.എസ്.പി. ഭവന പദ്ധതി, ഹഡ്കോ ഭവന പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി വീടുകൾ അനുവദിച്ചുവരുന്നു. 2016-17 സാമ്പത്തിക വർഷം മുതൽ വനബന്ധു കല്യാൺ യോജന പദ്ധതിയിൽ ഉൾപ്പെടുത്തിയും വീടുകൾ അനുവദിച്ചിട്ടുണ്ട്. ഇവ കൂടാതെ ഗ്രാമ വികസന വകുപ്പ് മുഖാന്തിരം പി.എം.എ.വൈ. ഭവന പദ്ധതിയിൽ ഉൾപ്പെടുത്തിയും പട്ടികവർഗ്ഗക്കാർക്ക് വീടുകൾ അനുവദിച്ചുവരുന്നു.

പട്ടികജാതിയിൽപ്പെട്ട ഭൂമിയും വീടും ഇല്ലാത്തവർക്ക് ഭൂമിയും വീടും നൽകുന്ന പദ്ധതി വകുപ്പ് നടപ്പിലാക്കിവരുന്നു. ഭൂമി നൽകുന്ന പദ്ധതിയും വീട് നൽകുന്ന പദ്ധതിയും വെവ്വേറെയാണ് നടപ്പിലാക്കുന്നത്. ഭൂമിയില്ലാത്ത പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് സ്വന്തമായി ഭൂമി വാങ്ങുന്നതിന് ഗ്രാമപ്രദേശങ്ങളിൽ സെന്റ് 1-ന് 75,000 രൂപ നിരക്കിൽ 5 സെന്റ് ഭൂമി വാങ്ങുന്നതിനും മുനിസിപ്പാലിറ്റികളിൽ സെന്റ് 1-ന് 1.50 ലക്ഷം രൂപ നിരക്കിൽ 3 സെന്റ് ഭൂമി വാങ്ങുന്നതിനും കോർപ്പറേഷനുകളിൽ സെന്റ് 1-ന് 2 ലക്ഷം രൂപ നിരക്കിൽ 3 സെന്റ് ഭൂമി വാങ്ങുന്നതിനും പട്ടികജാതി വികസന വകുപ്പ് മുഖേന ധനസഹായം അനുവദിച്ചുവരുന്നു. ഇതിലേയ്ക്ക് ഓരോ വർഷവും, ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകുന്നതിനായി പ്രത്യേകം തുകകൾ ബജറ്റിൽ വകയിരുത്തുകയും ടി തുക വർഷാരംഭത്തിൽ ജില്ലകൾക്ക് അനുവദിച്ച് നൽകുകയും ചെയ്യുന്നു. പ്രസ്തുത തുകയ്ക്ക് അനുസൃതമായി ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് ധനസഹായം അനുവദിച്ചുവരുന്നു. രണ്ട് പദ്ധതിക്കും ഗ്രാമസഭ/വാർഡ് സഭ ലിസ്റ്റിൽ ഉൾപ്പെട്ടവർക്കാണ് പ്രധാനമായും ധനസഹായം അനുവദിക്കുന്നത്. ഗ്രാമസഭാ ലിസ്റ്റ് ലഭ്യമല്ലാത്ത സാഹചര്യത്തിൽ നേരിട്ട് അപേക്ഷ ക്ഷണിച്ച് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു. സ്വന്തമായി വീടില്ലാത്ത പട്ടികജാതിക്കാർക്ക് ഭവന നിർമ്മാണ ധനസഹായമായി 3 ലക്ഷം രൂപയും ദുർബല വിഭാഗ പുനരധിവാസ പദ്ധതി പ്രകാരം 3.5 ലക്ഷം രൂപയും അനുവദിച്ചുനൽകുന്നു. ഭൂരഹിതർക്ക് ഭൂമി

വാങ്ങുന്നതിന് 2017-18 വർഷം 180 കോടി രൂപയും ഭവന നിർമ്മാണ സഹായത്തിന് 500 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. 2017-18-ലേയ്ക്കുള്ള ഫണ്ട് ജില്ലകൾക്ക് അനുവദിച്ചുനൽകുകയും ഗ്രാമസഭാ ലിസ്റ്റ് 2017 മേയ് 15-നകം ലഭ്യമാക്കി ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമവികസന വകുപ്പ് പി.എം.എ.വൈ. പദ്ധതിയിലും തദ്ദേശഭരണ സ്ഥാപനങ്ങൾ എസ്.സി.എസ്.പി. പദ്ധതി വിഹിതത്തിൽനിന്നും ഭവന പദ്ധതികൾ നടപ്പാക്കിവരുന്നു.

(ബി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഭൂമി നൽകുന്ന പദ്ധതിയിൽ സംസ്ഥാന വിഹിതം മാത്രമാണുള്ളത്. നടപ്പു സാമ്പത്തികവർഷം ഭൂമി വാങ്ങി നൽകുന്നതിനും പട്ടികവർഗ്ഗ പുനരധിവാസ പ്രവർത്തനങ്ങൾക്കുമായി " ആദിവാസി പുനരധിവാസ വികസന മിഷൻ" പദ്ധതിയിൽ 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് പുതിയ വീടുകൾ അനുവദിക്കുന്നതിനും മുൻ വർഷങ്ങളിൽ അനുവദിച്ച വീടുകളുടെ തുടർ ഗഡുക്കൾ അനുവദിക്കാനും ഭവന പുനരുദ്ധാരണത്തിനുമായി ജനറൽ ഹൗസിംഗ് പദ്ധതി ശീർഷകത്തിൽ നടപ്പു സാമ്പത്തിക വർഷം സംസ്ഥാന പദ്ധതിയിൽ 115.08 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

പട്ടികവർഗ്ഗക്കാർക്ക് വീട് അനുവദിക്കുന്ന മറ്റ് പദ്ധതിയായ വനബന്ധു കല്യാൺ യോജന പദ്ധതിയിൽ നടപ്പ് സാമ്പത്തിക വർഷം 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിൽ 100% കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു. കൂടാതെ ഗ്രാമവികസന പരിപാടിയിൽ ഉൾപ്പെടുന്ന പി.എം.എ.വൈ. പദ്ധതിയുടെ 2017-18 സാമ്പത്തിക വർഷത്തെ വിഹിതം 4559.20 ലക്ഷം രൂപയാണ്. ആയതിൽ 60% കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു.

2017-18 വർഷത്തിൽ ഭൂമി വാങ്ങുന്നതിനുള്ള ധനസഹായമായി 180 കോടി രൂപയും ഭവന നിർമ്മാണ സഹായമായി 500 കോടി രൂപയും സംസ്ഥാന വിഹിതമായി പട്ടികജാതി വികസന വകുപ്പിൽ വകയിരുത്തിയിട്ടുണ്ട്.

(സി) പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് കേന്ദ്ര സർക്കാരിൽനിന്നും നാളിതുവരെയായി തുകയൊന്നും ലഭ്യമായിട്ടില്ല.

## പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമത്തിന് ഊന്നൽ നൽകി പുതിയ പദ്ധതികൾ

18(2038) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമത്തിന് ഊന്നൽ നൽകി എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് അറിയിക്കുമോ;

(ബി) എസ്.സി.പി., റ്റി.എസ്.പി. എന്നീ ഇനങ്ങളിൽ എത്ര കോടി രൂപയാണ് 2017-18 -ലെ ബജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ജന സംഖ്യാനുപാതത്തിൽ അധികമായി പദ്ധതി അടങ്കലിൽ വക കൊള്ളിക്കാറുണ്ടോ; ഇക്കാര്യത്തിലുള്ള കേന്ദ്ര സർക്കാർ സമീപനം ഇതിന് നേർ വിപരീതമാണോ; എങ്കിൽ വിശദമാക്കുമോ?

### ഉത്തരം

(എ) പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിന് ഊന്നൽ നൽകി 2017-18 സാമ്പത്തിക വർഷം നടപ്പിലാക്കിവരുന്ന പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. സാമൂഹ്യപഠനമുറി
2. ഗോത്രബന്ധു
3. അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി
4. ഗോത്രവാത്സല്യനിധി
5. വയനാട് ഗോത്രഭാഷാ പഠന കേന്ദ്രം
6. ആരോഗ്യ വിദ്യാഭ്യാസ പരിപാടിയും തെരഞ്ഞെടുക്കപ്പെട്ട പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ലഹരിവിരുദ്ധ പ്രചരണ പരിപാടികൾ സംഘടിപ്പിക്കലും

7. പോഷകാഹാരക്കുറവ്, ശിശു മാതൃമരണ നിരക്ക് എന്നിവ കുറയ്ക്കുന്നതിനായുള്ള പോഷകാഹാര പുനരധിവാസ പ്രചാരണ പരിപാടി ന്യൂട്രീഷൻ റിഹാബിലിറ്റേഷൻ.

വാത്സല്യനിധി പദ്ധതി, പഠനമുറി പദ്ധതി, കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം എന്നീ ജില്ലകളിൽ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ നിർമ്മിക്കുന്നതിനുള്ള പദ്ധതി, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പുതിയ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, പുതിയ പി.ഇ.റ്റി.സി.-കൾ, എം.ആർ.എസ്.-കൾ എന്നിവ നിർമ്മിക്കാനുള്ള പദ്ധതി എന്നിവയാണ് പട്ടികജാതിക്ഷേമത്തിന് ഊന്നൽ നൽകി 2017-18 സാമ്പത്തിക വർഷം പുതുതായി നടപ്പിലാക്കുന്ന പദ്ധതികൾ.

(ബി) പട്ടികവർഗ്ഗ വികസന വകുപ്പിൽ 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ടി.എസ്.പി. ഫണ്ട് വിഹിതം 890.09 കോടി രൂപയാണ്.

സംസ്ഥാന പദ്ധതി വിഹിതമായി 1,427.60 കോടി രൂപയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള എസ്.സി.പി. വിഹിതമായി 1,172.05 കോടി രൂപയും ഉൾപ്പെടെ 2,599.65 കോടി രൂപ പട്ടികജാതി വികസന വകുപ്പിൽ 2017-18-ലെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(സി) ഉണ്ട്. കേരളത്തിലെ ജനസംഖ്യയിൽ 1.45% വരുന്ന പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി 2017-18 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ബഡ്ജറ്റിൽനിന്നും 2.38 ശതമാനമായ 750.93 കോടി രൂപ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി വകയിരുത്തിയിട്ടുണ്ട്. കേരളത്തിലെ ജനസംഖ്യയിൽ 9.1% വരുന്ന പട്ടികജാതി വിഭാഗക്കാരുടെ ഉന്നമനത്തിനായി 2017-18 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിരിക്കുന്ന തുക സംസ്ഥാന പദ്ധതി അടങ്കലിന്റെ 9.81% തുകയാണ്.

ഭാരതത്തിന്റെ ജനസംഖ്യയുടെ 16.6% വരുന്ന പട്ടികജാതിക്കാർക്കും 8.6% വരുന്ന പട്ടികവർഗ്ഗക്കാർക്കും ചേർന്ന് ആകെ 25.2% പട്ടികജാതി പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായി കേന്ദ്രസർക്കാർ 2014-15 സാമ്പത്തിക വർഷത്തിൽ 14.4 ശതമാനവും 2015-16-ൽ 10.09 ശതമാനവും 2016-17-ൽ 11.50 ശതമാനവും ബജറ്റ് വിഹിതമാണ് വകയിരുത്തിയിട്ടുള്ളത്. 2017-18 സാമ്പത്തിക വർഷത്തിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കായി കേന്ദ്ര സർക്കാർ 84,311 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

19(2039) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഇപ്പോൾ എന്തെല്ലാം വിദ്യാഭ്യാസ ആനുകൂല്യങ്ങളാണ് ലഭ്യമാക്കി വരുന്നത്;

(ബി) 2016 ജൂൺ മാസം ഓരോ വിദ്യാഭ്യാസ ആനുകൂല്യത്തിനും അനുവദിക്കപ്പെട്ടിരുന്ന ധനസഹായ തുക എത്രയായിരുന്നു;

(സി) 2016-17 ലെ പുതുക്കിയ ബജറ്റ് പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഇരുപത്തിയഞ്ച് ശതമാനം വർദ്ധിപ്പിക്കും എന്ന് പ്രഖ്യാപിച്ചിരുന്നത് നടപ്പിലാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായോ; ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത ഉത്തരവുകൾ പ്രകാരം 2016-17 ൽ പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലഭ്യമാക്കേണ്ടുന്ന ധനസഹായങ്ങളും ആനുകൂല്യങ്ങളും വിതരണം ചെയ്തിട്ടുണ്ടോ ?

### ഉത്തരം

(എ)

I. പട്ടികജാതി വിദ്യാർത്ഥികൾക്ക് നൽകിവരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു :

1. പ്രീമെട്രിക് സ്കോളർഷിപ്പ്
2. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്
3. പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്
4. അപ്ഗ്രഡേഷൻ ഓഫ് മെറിറ്റ്
5. 9, 10 ക്ലാസുകളിലെ പ്രീമെട്രിക് സ്കോളർഷിപ്പ് (100 % CSS)
6. ഗവൺമെന്റ് ഓഫ് ഇന്ത്യാ സ്കോളർഷിപ്പ്
7. സ്റ്റെതസ്കോപ്പ് വാങ്ങൽ

8. ലാപ്ടോപ്പ് വാങ്ങൽ

9. പ്രാരംഭച്ചെലവ്

10. വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കുള്ള ധനസഹായം

11. അയ്യങ്കാളി ടാലന്റ് സെർച്ച് & ഡെവലപ്മെന്റ് സ്കീം

12. മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനത്തിന് ധനസഹായം നൽകുന്ന പദ്ധതി.

13. പ്രത്യേക പ്രോത്സാഹന സമ്മാനം

14. ബുക്ക് ബാങ്ക് സ്കീം (50 % CSS)

15. Upgradation of Merit (State Scheme)

16. പാരലൽ കോളേജുകളിൽ പഠിക്കുന്നവർക്ക് ധനസഹായം

17. വിദേശ പഠനസഹായം

18. ലംപ്സം ഗ്രാന്റ് & സ്റ്റൈപന്റ്.

II. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് താഴെപ്പറയുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്നു:

1. നഴ്സറി സ്കൂൾ വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ് പ്രീമെട്രിക് തലം

2. ഒന്നു മുതൽ പത്തുവരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ്, സ്റ്റൈപന്റ്.

3. പോസ്റ്റ് മെട്രിക് തലം: സർക്കാർ അംഗീകരിച്ച ഫീസ് (വരുമാന പരിധിയില്ലാതെ) വാർഷിക ലംപ്സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈപന്റ്, കോളേജ്/അംഗീകൃത ഹോസ്റ്റലേഴ്സിന് ABLC യും പോക്കറ്റ് മണിയും നൽകുന്നു.

4. കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം പ്രീമെട്രിക് തലം 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രതിവർഷ സ്കോളർഷിപ്പ് 1,500 രൂപ

5. ബുക്കുകൾ തുടങ്ങിയ പഠന സാമഗ്രികൾ വാങ്ങുന്നതിനുള്ള ഗ്രാന്റ് 750 രൂപ

6. ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് (2.5 ലക്ഷം കുടുംബ വാർഷിക വരുമാനമുള്ള) 3,500 രൂപ.

7. പെരിപ്പതറ്റിക് സെന്റർ, ഏകാധ്യാപക വിദ്യാലയം എന്നിവിടങ്ങളിലെ കുട്ടികൾക്ക് ലംപ്സം ഗ്രാന്റ്/പ്രതിമാസ സ്റ്റൈപന്റ്

8. അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്മെന്റ് സ്കീം

9. ട്യൂട്ടോറിയൽ ഗ്രാന്റ്

10. സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം

11. ബെറ്റർ എഡ്യൂക്കേഷൻ

12. ലാപ്ടോപ്പ് വിതരണം

13. മെഡിക്കൽ എഞ്ചിനീയറിംഗ് എൻട്രൻസ് പരിശീലനം

14. വിദേശ പഠന ധനസഹായം.

ഇതിനെല്ലാമുപരിയായി 2-7-2009-ലെ സ.ഉ.(പി)50/2009/പജ.പവ.വി.വ. ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള എല്ലാ അനുകൂല്യങ്ങളും പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകിവരുന്നു.

(ബി) 11/1/2012-ലെ ജി.ഒ.(എം.എസ്.)6/12/പജപവവിവ ഉത്തരവിലെ നിരക്കുകൾ പ്രകാരമാണ് 2015-16 അദ്ധ്യയനവർഷംവരെ വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ചിരുന്നത്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.) *

(സി) 2016-17 അധ്യയന വർഷം മുതൽ വിദ്യാഭ്യാസാനുകൂല്യങ്ങൾ 25% വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു.

1. സ.ഉ.(എം.എസ്.) നമ്പർ 43/2016/പ.ജ.പ.വ.വി.വ. തീയതി 25/06/2016

2. സ.ഉ.(പി) നമ്പർ 4/2016/പജപവവിവ തീയതി 23/07/2016

(ഡി) ഉണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള സ്റ്റൈപ്പന്റ്

20(2040) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ അദ്ധ്യയനവർഷം മുതൽ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകുവാനുള്ള സ്റ്റൈപന്റ് തുക കൊടുത്തുതീർക്കുന്നതിന് ഏർപ്പെടുത്തിയിരിക്കുന്ന ക്രമീകരണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം എത്ര കോടി രൂപയുടെ സാമ്പത്തിക സഹായം കുട്ടികൾക്ക് നൽകിയിട്ടുണ്ട്; ഇതിൽ ചെലവഴിക്കാത്തത്എത്ര കോടി രൂപയാണെന്നു കൂടി അറിയിക്കാമോ?

ഉത്തരം

(എ) പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് വിതരണത്തിന് അദ്ധ്യയന വർഷം ആരംഭിക്കുമ്പോൾത്തന്നെ വിദ്യാർത്ഥികളുടെ ക്ലെയിം സ്ഥാപനത്തിൽനിന്നും യഥാസമയംതന്നെ ഫോർവേഡ് ചെയ്യുന്നതിനുള്ള നിർദ്ദേശം എല്ലാ സ്ഥാപന മേധാവികൾക്കും നൽകിയിട്ടുണ്ട്. അദ്ധ്യയന വർഷാരംഭത്തിൽ തന്നെ വകുപ്പിലേയും സ്ഥാപനങ്ങളിലേയും ഇ-ഗ്രാന്റ്സ് കൈകാര്യം ചെയ്യുന്ന ജീവനക്കാർക്ക് സ്കോളർഷിപ്പ് സംബന്ധിച്ച് ഏകദിന ശിൽപ്പശാല ജില്ലാടിസ്ഥാനത്തിൽ നൽകിവരുന്നുണ്ട്.

പ്രീമെട്രിക് വിദ്യാഭ്യാസം ചെയ്യുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റും 5 മാസത്തെ സ്റ്റൈപ്പന്റും ഉൾപ്പെടെ ഒന്നാം ഗഡു ജൂൺ മാസം മുതലും ബാക്കി 5 മാസത്തെ സ്റ്റൈപ്പന്റ് രണ്ടാം ഗഡുവായി നവംബർ മാസം മുതലും അതാത് സ്ഥാപന മേധാവികൾ മുഖാന്തിരം നൽകുന്നതിന് മുൻകാലങ്ങളിലേതു പോലെ 2017-18 അദ്ധ്യയന വർഷവും ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്.

പോസ്റ്റ് മെട്രിക് പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യം ഇ-ഗ്രാന്റ്സ് മുഖേന വിതരണം ചെയ്യുന്നതിന് 2017-18 അദ്ധ്യയന വർഷവും മുൻകാലങ്ങളിലേതുപോലെ ആവശ്യമായ ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) 2016-17 സാമ്പത്തിക വർഷം പട്ടികജാതി വിദ്യാർത്ഥികൾക്ക് നേരിട്ട് വിദ്യാഭ്യാസാനുകൂല്യ ഇനത്തിൽ (സ്റ്റൈപന്റ്, ട്യൂഷൻ ഫീ, എക്സാം ഫീ, ഹോസ്റ്റൽ ഫീ, പോക്കറ്റ് മണി മുതലായവ) നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

കുട്ടികൾക്ക് നൽകിയത് - 328,96,40,000 രൂപ

പട്ടികവർഗ്ഗ വികസന വകുപ്പ്

(എ) പോസ്റ്റ് മെട്രിക് വിഭാഗം

| | | |
|---|---|---|
| ആകെ അനുവദിക്കപ്പെട്ടത് | - | 31,30,00,000 രൂപ |
| വിതരണം ചെയ്തത് | - | 29,73,60,060 രൂപ |
| ചെലവഴിക്കാത്തത് | - | 1,56,39,940 രൂപ |

(ബി) പ്രീ-മെട്രിക് വിഭാഗം

| | | |
|---|---|---|
| ആകെ അനുവദിച്ചത് | - | 16,50,00,000 രൂപ |
| ചെലവഴിച്ചത് | - | 16,45,71,671 രൂപ |
| ശേഷിക്കുന്നത് | - | 4,28,329 രൂപ |

(സി) പ്രീ-മെട്രിക് വിഭാഗം (കേന്ദ്ര വിദ്യാഭ്യാസാനുകൂല്യം)

| | | |
|---|---|---|
| ആകെ അനുവദിച്ചത് | - | 5,00,00,000 രൂപ |
| ചെലവഴിച്ചത് | - | 3,78,16,550 രൂപ |
| ശേഷിക്കുന്നത് | - | 1,21,83,450 രൂപ |

**പട്ടികജാതി ഉപദേശക സമിതിയുടെ ചുമതലകൾ**

21(2041) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പട്ടികജാതി ഉപദേശകസമിതി പുനസംഘടിപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സമിതിയുടെ ചെയർമാനും അംഗങ്ങളും ആരെല്ലാമാണ്;

(സി) പ്രസ്തുത ഉപദേശകസമിതിയുടെ പ്രധാന ചുമതലകൾ എന്തെല്ലാ മാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പട്ടികജാതി വികസന വകുപ്പുമന്ത്രി ചെയർമാനും പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ കൺവീനറുമായ പ്രസ്തുത സമിതിയിൽ 13 അനൗദ്യോഗിക അംഗങ്ങളും 20 ഔദ്യോഗിക അംഗങ്ങളും ഉണ്ട്. വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

(സി)

1. പട്ടികജാതി ജനവിഭാഗങ്ങളുടെ ക്ഷേമ പദ്ധതികൾ സംബന്ധിച്ച് സർക്കാരിന് ഉപദേശം നൽകുക.
2. നടപ്പിലാക്കിയ പദ്ധതികളുടെ അവലോകനത്തിനും പുതിയതായി ആവിഷ്കരിച്ച് നടപ്പിലാക്കേണ്ട പദ്ധതികൾ സംബന്ധിച്ചും സർക്കാരിനെ ഉപദേശിക്കുക.
3. വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ സന്ദർശിക്കുന്നതിനും കൂടുതൽ മെച്ചപ്പെടുത്തുന്നതിനുമുള്ള നിർദ്ദേശങ്ങൾ നൽകുക.

**പട്ടികജാതി ജനവിഭാഗത്തിന്റെ സമഗ്ര ഉന്നമനത്തിനായുള്ള പദ്ധതികൾ**

22(2042) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷം പട്ടികജാതി ജനവിഭാഗത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ നൽകുമോ;

(ബി) കഴിഞ്ഞ സർക്കാർ ഓരോ വർഷവും പട്ടികജാതി ക്ഷേമത്തിനായി വകയിരുത്തിയ തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) വിശദാംശങ്ങൾ അനുബന്ധം (1) ആയി ചേർക്കുന്നു.*

(ബി) വിശദാംശങ്ങൾ അനുബന്ധം (2) ആയി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിന് ധനസഹായം

23(2043) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതിക്കാരായ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഗവൺമെന്റിന്റെ എന്തെല്ലാം ആനുകൂല്യങ്ങളാണ് ഇതിനായി നല്കിവരുന്നുവെന്ന് വിശദീകരിക്കുമോ;

(സി) എന്തെല്ലാം പദ്ധതികളാണ് ഇവരുടെ വിദ്യാഭ്യാസത്തിനും അവയുടെ പ്രോത്സാഹനത്തിനും ആവിഷ്കരിച്ചു നടപ്പാക്കിയിട്ടുള്ളതെന്നു വെളിപ്പെടുത്തുമോ ?

### ഉത്തരം

(എ-സി) സംസ്ഥാനത്ത് പട്ടികജാതിക്കാരായ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിനായി താഴെപ്പറയുന്ന വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു:

1. പ്രീമെട്രിക് സ്കോളർഷിപ്പ്
2. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്
3. പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്
4. അപ്ഗ്രഡേഷൻ ഓഫ് മെറിറ്റ്
5. 9, 10 ക്ലാസുകളിലെ പ്രീമെട്രിക് സ്കോളർഷിപ്പ് (100 % CSS)
6. ഗവൺമെന്റ് ഓഫ് ഇന്ത്യാ സ്കോളർഷിപ്പ്
7. സ്റ്റെതസ്കോപ്പ് വാങ്ങൽ
8. ലാപ്ടോപ്പ് വാങ്ങൽ
9. പ്രാരംഭച്ചെലവ്

10. വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കുള്ള ധനസഹായം

11. അയ്യങ്കാളി ടാലന്റ് സെർച്ച് & ഡെവലപ്മെന്റ് സ്കീം

12. മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനത്തിന് ധനസഹായം നൽകുന്ന പദ്ധതി

13. പ്രത്യേക പ്രോത്സാഹന സമ്മാനം

14. ബുക്ക് ബാങ്ക് സ്കീം (50% CSS)

15. Upgradation of Merit (State Scheme)

16. പാരലൽ കോളേജുകളിൽ പഠിക്കുന്നവർക്ക് ധനസഹായം

17. വിദേശ പഠനസഹായം

18. ലംപ്സംഗ്രാന്റ് & സ്റ്റൈപ്പന്റ്.

ഇതിനെല്ലാമുപരിയായി 2-7-2009-ലെ സ.ഉ.(പി)50/2009/പജ.പവ.വിവ. ഉത്തരവിൽ (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)* പ്രതിപാദിച്ചിട്ടുള്ള എല്ലാ ആനുകൂല്യങ്ങളും പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകിവരുന്നു.

## പ്രൊഫഷണൽ വിദ്യാഭ്യാസത്തിലേയ്ക്ക് കൂടുതൽ വിദ്യാർത്ഥികളെ എത്തിക്കാൻ കർമ്മപരിപാടി

24(2044) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിലേക്ക് ഈ വർഷം കൂടുതൽ എസ്. സി./എസ്. ടി. വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികളെ എത്തിക്കുന്നതിനുള്ള പ്രത്യേക കർമ്മപരിപാടിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) വരും വർഷങ്ങളിൽ ഈ വിഭാഗങ്ങളിൽപ്പെട്ട കൂടുതൽ വിദ്യാർത്ഥികളെ ഉന്നത വിദ്യാഭ്യാസ മേഖലയിലേയ്ക്ക് എത്തിക്കുന്നതിന് പ്രത്യേക പദ്ധതിയ്ക്ക് രൂപം നൽകുമോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിലേയ്ക്ക് വിദ്യാർത്ഥികളെ എത്തിക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികളാണ് നിലവിലുള്ളത്. വിഷൻ എൻട്രൻസ് കോച്ചിംഗ് പദ്ധതി പ്രകാരം മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷ എഴുതുന്നതിനുള്ള പരിശീലനത്തിനായി 20,000 രൂപ വരെ ധനസഹായം നൽകുന്നു. പി.ഇ.റ്റി.സി.-കൾ വഴിയും പ്രവേശന പരീക്ഷയ്ക്ക് പരിശീലനം നൽകിവരുന്നുണ്ട്. മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷകൾക്കായി എം.ആർ.എസ്.-കളിൽ +1, +2 ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ടി സ്കൂളിൽത്തന്നെ പ്രത്യേക പരിശീലന ഏജൻസികൾ വഴി പരിശീലനം നൽകിവരുന്നു. കൂടാതെ +2 സയൻസ് വിഷയം ഐച്ഛികമായി എടുത്ത് വിജയം കൈവരിച്ച 80 വിദ്യാർത്ഥികൾക്ക് പ്രവേശന പരീക്ഷാ പരിശീലനരംഗത്തെ പ്രമുഖ സ്ഥാപനങ്ങൾവഴി ഒരു വർഷം നീണ്ടുനിൽക്കുന്ന പരിശീലനം നൽകിവരുന്നു.

'ക്രസ്റ്റ് ' മുഖേന എം.ആർ.എസ്.-കളിലേയും പോസ്റ്റ്/പ്രീമെട്രിക് ഹോസ്റ്റലുകളിലെയും വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നൽകി സംസ്ഥാനത്തിന് പുറത്തുള്ളതുൾപ്പെടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്നതിന് പ്രത്യേക കോച്ചിംഗ് നടത്തിവരുന്നുണ്ട്. അട്ടപ്പാടിയിലും 'കാർസൽ' മുഖേന സമാനമായ പരിശീലന പരിപാടി നടത്തിവരുന്നുണ്ട്. വിവിധ ഹോട്ടൽ മാനേജ്മെന്റ് കോഴ്സുകളുടെ പ്രവേശന പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന വിദ്യാർത്ഥികൾക്ക് പരിശീലനം നൽകിവരുന്നു. സി.എ., ഐ.സി.ഡബ്ല്യു.എ. കോഴ്സുകൾക്ക് പഠനം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകിവരുന്നു.

(ബി&സി) നിലവിലുള്ള പ്രവർത്തനങ്ങൾ പര്യാപ്തമാണോ എന്ന് പരിശോധിക്കുന്നതാണ്.

## പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ സാമ്പത്തിക പിന്നാക്കാവസ്ഥ പരിഹരിക്കാൻ ആവിഷ്കരിച്ചിട്ടുള്ള വികസന തന്ത്രം

25(2045) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പട്ടികജാതിക്കാർക്കും, പട്ടിക വർഗ്ഗക്കാർക്കും വേണ്ടിയുള്ള എസ്. സി. എസ്. പി., ടി. എസ്. പി. ഉപപദ്ധതികൾ ഉപേക്ഷിച്ചെങ്കിലും ജനസംഖ്യാനുപാതികമായതിലും അധികം തുക ഈ ഉപപദ്ധതികൾക്ക് വകയിരുത്തിക്കൊണ്ട് സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന വികസന പദ്ധതികൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ബി) വികസന പദ്ധതികളുടെ ആസൂത്രണ പ്രക്രിയയിൽ ഈ ജനവിഭാഗങ്ങളെ കൂടി പങ്കാളികളാക്കാൻ സ്വീകരിച്ചിട്ടുള്ള മാർഗ്ഗം എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(സി) പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ സാമ്പത്തിക പിന്നാക്കാവസ്ഥ പരിഹരിക്കാനായി ആവിഷ്കരിച്ചിട്ടുള്ള വികസന തന്ത്രം വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കേന്ദ്ര സർക്കാർ പഞ്ചവത്സര പദ്ധതി നിർത്തലാക്കിയതിലൂടെ എസ്.സി.എസ്.പി.-യും ടി.എസ്.പി.-യും ഇല്ലാതായിരിക്കുകയാണ്. ഓരോ വകുപ്പിന്റെയും സ്കീമുകൾ നിശ്ചിത തുക പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും വകയിരുത്തുന്ന രീതിയാണ് കേന്ദ്രബജറ്റിൽ സ്വീകരിച്ചിട്ടുള്ളത്. എന്നാൽ കേരള സർക്കാർ പഞ്ചവത്സര പദ്ധതിയും എസ്.സി.എസ്.പി., ടി.എസ്.പി. എന്നീ ഉപപദ്ധതികളും തുടരുകയാണ്.

സംസ്ഥാന ജനസംഖ്യയുടെ 1.45% വരുന്ന പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി 2017-18 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ബജറ്റിൽനിന്നും 2.83 ശതമാനമായ 751 കോടി രൂപ പട്ടികവർഗ്ഗ വികസനത്തിനായുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി വകയിരുത്തിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കാൻ പോകുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. *

സംസ്ഥാനത്തെ പട്ടികജാതി ജനസംഖ്യ 9.1% ആണെങ്കിലും അതിലുപരിയായി സംസ്ഥാന പദ്ധതി അടങ്കലിന്റെ 9.81% തുക വകയിരുത്തിയിട്ടുണ്ട്. പട്ടികജാതി വികസനത്തിനുവേണ്ടി 2017-18 വർഷത്തിൽ നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. അവയുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

(ബി) പട്ടികവർഗ്ഗക്കാരുടെ വികസന പദ്ധതികൾ തയ്യാറാക്കുന്നത് പ്രാദേശിക തലത്തിൽ ഊരുകൂട്ടങ്ങൾ മുഖേനയാണ്. പദ്ധതികളുടെ ആശയ രൂപീകരണവുമായി ബന്ധപ്പെട്ട ചർച്ചകളിൽ ടി വിഭാഗത്തിന്റെ പ്രതിനിധികളെ പങ്കെടുപ്പിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പട്ടികജാതി വിഭാഗങ്ങളുടെ പൂർണ്ണ പങ്കാളിത്തത്തോടെ നടത്തുന്ന ഗ്രാമസഭയിൽ വെച്ചാണ് അവർക്കുവേണ്ടിയുള്ള വികസന പദ്ധതികൾ ആസൂത്രണം ചെയ്യുന്നത്. ഗുണഭോക്താക്കളുടെ പങ്കാളിത്തം ഉറപ്പ് വരുത്താനായി പ്രൊമോട്ടർമാരുടെ സേവനം കാര്യക്ഷമമായി ഉപയോഗിക്കുന്നുണ്ട്. കൂടാതെ സംസ്ഥാനത്തിന്റെ പഞ്ചവത്സര പദ്ധതിയുടെ നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിൽ ഈ ജനവിഭാഗത്തിന്റെ പ്രതിനിധികളെ പങ്കെടുപ്പിക്കാറുണ്ട്.

(സി) സർക്കാർ എടുക്കുന്ന നയപരമായ തീരുമാനങ്ങൾക്ക് അനുസൃതമായിട്ടാണ് പദ്ധതികൾ രൂപകല്പന ചെയ്ത് സമർപ്പിക്കുന്നതും പദ്ധതികൾക്ക് അനുമതി നൽകുന്നതും.

പട്ടികജാതിക്കാരുടെ സാമ്പത്തിക പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനായി എസ്.സി.എസ്.പി.-യിൽ ഉൾപ്പെടുത്തി പട്ടികജാതി വകുപ്പ് മുഖേന നടത്തുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. സ്വയംതൊഴിൽ പദ്ധതി
2. വക്കീലന്മാർക്കുള്ള ധനസഹായം
3. സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചവർക്കുള്ള അപ്രന്റീസ്ഷിപ്പ്
4. ടൂൾകിറ്റ്
5. പട്ടികജാതിക്കാരുടെ വായ്പ എഴുതിത്തള്ളൽ പദ്ധതി
6. ഉൽപ്പന്ന പ്രദർശന വിപണനമേള
7. സ്വയംപര്യാപ്ത ഗ്രാമങ്ങൾ
8. വിദേശ തൊഴിൽ ധനസഹായം.

പട്ടികവർഗ്ഗക്കാരുടെ വികസനം ഊന്നൽ നൽകി 2017-18 സാമ്പത്തിക വർഷം സാമൂഹ്യപഠനമുറി, ഗോത്രബന്ധു, അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി, പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനുള്ള പുനരധിവാസ പ്രചാരണ പരിപാടിയായ ന്യൂട്രീഷൻ റിഹാബിലിറ്റേഷൻ പദ്ധതി എന്നിവ ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമേ പരമ്പരാഗത കാർഷിക നൈപുണ്യം പരിപോഷിപ്പിക്കുന്നതിനും കൃഷി രീതികളിൽനിന്ന് സ്ഥായിയായ വരുമാനം ഉറപ്പുവരുത്തുന്നതിനുമായി വിവിധ സർക്കാർ ഏജൻസികളുമായി സഹകരിച്ച് പദ്ധതി നടപ്പിലാക്കിവരുന്നു.

## പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ സമഗ്രവികസനത്തിന് പ്രത്യേക ഘടകപദ്ധതിയെന്ന വികസനനയം

26(2046) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സമഗ്ര വികസനത്തിനായി പ്രത്യേക ഘടകപദ്ധതി എന്ന വികസനനയം എന്നാണ് രൂപം കൊണ്ടതെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം ഒരു വികസന നയം രൂപം കൊണ്ടതിനുശേഷം പ്രസ്തുത വിഭാഗങ്ങളെ സാമ്പത്തിക പുരോഗതിയിലേക്കും സാമൂഹിക ശാക്തീകരണ ത്തിലേക്കും നയിക്കുന്ന എന്തെല്ലാം മാറ്റങ്ങളാണ് രൂപപ്പെടുത്തുവാൻ കഴിഞ്ഞിട്ടുള്ള തെന്ന് വ്യക്തമാക്കുമോ;

(സി) ഗവൺമെന്റ് നേരിട്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയും നൽകിവരുന്ന ക്ഷേമവികസന പദ്ധതികൾ എത്രകണ്ട് ഈ വിഭാഗങ്ങളെ മുഖ്യധാരയിലെത്തിക്കാൻ സഹായിച്ചുവെന്നതിനെ സംബന്ധിച്ച് ഒരു പഠനം നടത്താൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

### ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പ്

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സമഗ്രവികസനത്തിനായി പ്രത്യേക ഘടകപദ്ധതി എന്ന വികസനനയം (SCP - Special Component Plan) 6-ാം പഞ്ചവത്സര പദ്ധതി മുതലാണ് പ്ലാനിംഗ് കമ്മീഷൻ രൂപം നൽകിയത്.

പട്ടികവർഗ്ഗ വികസന വകുപ്പ്

അഞ്ചാം പഞ്ചവത്സര പദ്ധതിയുടെ ആദ്യ വർഷമായ 1974-75-ലാണ് ട്രൈബൽ സബ് പ്ലാൻ പദ്ധതി ആരംഭിച്ചത്.

(ബി) പട്ടികജാതി വികസന വകുപ്പ്

കേരളത്തിലെ ജനസംഖ്യയുടെ 9.10% വരുന്ന പട്ടികജാതി വിഭാഗക്കാരെ ഇതര ജനവിഭാഗങ്ങളോടൊപ്പം എത്തിക്കുക എന്നതാണ് പ്രത്യേക ഘടക പദ്ധതിയുടെ ലക്ഷ്യം. ഈ ലക്ഷ്യം നിറവേറ്റുന്നതിനുവേണ്ടി പട്ടികജാതിക്കാരുടെ

സാമൂഹ്യം, വിദ്യാഭ്യാസം, സാമ്പത്തികം തുടങ്ങിയ എല്ലാ മേഖലകളിലും സമഗ്ര വികസനത്തിനും ഉന്നമനത്തിനും പ്രാധാന്യം നൽകി സർക്കാർ ബഹുമുഖ വികസന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. ആയതിന്റെ ഫലമായി പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഏതൊരു പൗരന്റേയും അവകാശങ്ങളെക്കുറിച്ചും ചുമതലകളെക്കുറിച്ചും സ്വയം ബോധവാന്മാരാകുന്നതിനും ഇതര വിഭാഗങ്ങളോടൊപ്പം അവകാശങ്ങൾ നേടിയെടുക്കുന്നതിനുമുള്ള പരിജ്ഞാനം ലഭ്യമാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. അഖിലേന്ത്യാ ശരാശരിയേക്കാൾ ഉയർന്ന സാക്ഷരതാ നിരക്ക് കേരളത്തിലെ പട്ടികജാതിക്കാർക്ക് നേടാൻ കഴിഞ്ഞിട്ടുണ്ട്. തൊഴിൽപരം, സാമൂഹ്യം, സാമ്പത്തികം തുടങ്ങി എല്ലാ മേഖലകളിലും കേരളത്തിലെ പട്ടികജാതിക്കാർ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് മുന്നിലാണ്. പട്ടികജാതി വിഭാഗക്കാരെ സാമ്പത്തിക പുരോഗതിയിലേയ്ക്കും സാമൂഹിക ശാക്തീകരണത്തിലേയ്ക്കും നയിക്കുന്നതിനുവേണ്ടി എസ്.സി.എസ്.പി.-യിൽ ഉൾപ്പെടുത്തി നടത്തുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.

<u>സാമ്പത്തിക വികസന പദ്ധതികൾ</u>

സ്വയം തൊഴിൽ പദ്ധതി, തൊഴിൽ പരിശീലനം, സംരംഭകത്വ വികസന പരിശീലനം, സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചവർക്കുള്ള അപ്രന്റീസ്ഷിപ്പ്, ടൂൾകിറ്റ്, പട്ടികജാതിക്കാരുടെ വായ്പ എഴുതിത്തള്ളൽ പദ്ധതി, ഉൽപ്പന്ന പ്രദർശന വിപണന മേള, സ്വയം പര്യാപ്ത ഗ്രാമങ്ങൾ, വിദേശ തൊഴിൽ ധനസഹായം, കേരള സംസ്ഥാന എസ്.സി./എസ്.റ്റി. ഫെഡറേഷൻ മുഖേനയുള്ള ധനസഹായം, കേരള സംസ്ഥാന എസ്.സി./എസ്.റ്റി. ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവയിലൂടെയുള്ള പദ്ധതികൾ തുടങ്ങിയവ സാമ്പത്തിക വികസനത്തിനായി പട്ടികജാതി വികസനത്തിനുള്ള പ്രത്യേക ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിവരുന്നു.

<u>സാമൂഹ്യക്ഷേമ പദ്ധതികൾ</u>

വിവിധ വിദ്യാഭ്യാസ ധനസഹായ പദ്ധതികൾ, വിവാഹ ധനസഹായം, മിശ്ര വിവാഹിതർക്കുള്ള ധനസഹായം, ഭൂരഹിത പുനരധിവാസ പദ്ധതി, ഭവന നിർമ്മാണ ധനസഹായം, ദുർബല വിഭാഗങ്ങൾക്കുള്ള പ്രത്യേക പുനരധിവാസ പദ്ധതി, ടോയ്ലറ്റ് നിർമ്മാണം, പട്ടികജാതി വികസന വകുപ്പുമന്ത്രിയുടെ ഔദ്യോഗിക നാമധേയത്തിൽ രൂപീകരിച്ച ദുരിതാശ്വാസനിധി, ഉദ്യോഗാർത്ഥികൾക്കുള്ള യാത്രാബത്ത, ഐക്യദാർഢ്യ പക്ഷാചരണം, ഭവനപുനരുദ്ധാരണം, ഹോമിയോ ഹെൽത്ത് സെന്റർ, വിജ്ഞാൻവാടി തുടങ്ങിയ പദ്ധതികൾ സാമൂഹിക ക്ഷേമത്തിനായി പട്ടികജാതി വികസനത്തിനായുള്ള പ്രത്യേക ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിവരുന്നു.

<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>

ട്രൈബൽ സബ് പ്ലാൻ പദ്ധതി ആരംഭിക്കുന്നതിനുമുമ്പ് ഭൂരിഭാഗം പട്ടികവർഗ്ഗക്കാരും ദാരിദ്ര്യരേഖയ്ക്ക് താഴെ ആയിരുന്നു. എന്നാൽ വിദ്യാഭ്യാസം, ആരോഗ്യം, ശുചിത്വം, അടിസ്ഥാന സൗകര്യ വികസനം, പാർപ്പിടം, ഭൂമി, തൊഴിൽ നൈപുണ്യം എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള ട്രൈബൽ സബ്പ്ലാൻ പദ്ധതികളിലൂടെ പട്ടികവർഗ്ഗക്കാരുടെ സാമൂഹികവും സാമ്പത്തികവുമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. വകുപ്പ് നടത്തുന്ന പദ്ധതികളിലൂടെയും വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെയും 1997-98 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രാദേശിക ആവശ്യങ്ങൾ കണക്കിലെടുത്തുകൊണ്ട് ഏറ്റെടുത്ത് നടത്തിയ പദ്ധതികളിലൂടെയും പ്രോജക്ടാധിഷ്ഠിത കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയും പട്ടികവർഗ്ഗ ജനവിഭാഗത്തിന് കാര്യമായ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. 1976-78 കാലയളവിൽ എക്കണോമിക് ആന്റ് സ്റ്റാറ്റിസ്റ്റിക്കൽ വകുപ്പ് നടത്തിയ സാമൂഹിക സാമ്പത്തിക സർവ്വേയിലെ വസ്തുതകളും 2008-ൽ വകുപ്പ് നടത്തിയ സർവ്വേ റിപ്പോർട്ടുകളും പരിശോധിച്ചാൽ സാമൂഹിക സാമ്പത്തിക മേഖലകളിൽ നേട്ടം കൈവരിച്ചതായി കാണുന്നുണ്ട്. നാഷണൽ സാമ്പിൾ സർവ്വേ ഓർഗനൈസേഷൻ (NSSO) യുടെ ഏറ്റവും ഒടുവിലത്തെ സർവ്വേ റിപ്പോർട്ട് വ്യക്തമാക്കുന്നത് പട്ടികവർഗ്ഗ വിഭാഗത്തിൽ ഏകദേശം 33 1/3 ശതമാനം മാത്രമാണ് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളത്.

ജനസംഖ്യാനുപാതത്തിൽ കവിഞ്ഞ് ഫണ്ട് വകയിരുത്തി പട്ടികവർഗ്ഗ മേഖലകളിൽ വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(സി)

<u>പട്ടികജാതി വികസന വകുപ്പ്</u>

നടപടി സ്വീകരിച്ചിട്ടുണ്ട്. പഠനം നടത്തുന്നതിനായി സ്വയംഭരണ സ്ഥാപനമായ GIFT (Gulati Institute of Finance and Taxation) നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പഠനം നടത്തി അന്തിമ റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>

2008-ൽ പട്ടികവർഗ്ഗക്കാരുടെ പുരോഗതി സംബന്ധിച്ച് സോഷ്യോ എക്കണോമിക് പഠനം നടത്തിയിട്ടുണ്ട്. 10 വർഷം പൂർത്തിയായ സാഹചര്യത്തിൽ പദ്ധതികൾ നടത്തിപ്പിന്റെ പുരോഗതി പട്ടികവർഗ്ഗ മേഖലയിൽ എത്തിയിട്ടുണ്ടെന്ന് മനസ്സിലാക്കുന്നതിനായി 2008-ന് സമാനമായ സർവ്വേ ആരംഭിക്കുന്നതിന് സർക്കാർ ആലോചിച്ചുവരികയാണ്.

**ഞാറക്കലിൽ ബാബുവിന് ഭവനനിർമ്മാണത്തിനുള്ള അവസാനഗഡു അനുവദിക്കാൻ നടപടി**

27(2047) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ ഞാറക്കലിൽ പട്ടികജാതി ഭവന നിർമ്മാണ പദ്ധതി പ്രകാരം അപേക്ഷിച്ച് രണ്ടു ഗഡു തുക ലഭ്യമായ ബാബു എം. എ.-ക്ക് അവസാന ഗഡു തുക ഉദ്യോഗസ്ഥരുടെ പിഴവുമൂലം അക്കൗണ്ട് നമ്പർ മാറിപ്പോയതിനാൽ ഇതുവരെ ലഭ്യമായിട്ടില്ലാത്തതിനാൽ ഈ തുക അനുവദിച്ചു കിട്ടണമെന്ന് ആവശ്യപ്പെട്ട് കത്ത് ലഭിച്ചിരുന്നോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ബി) ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടി വ്യക്തമാക്കാമോ;

(സി) നിർദ്ധന കുടുംബത്തിൽപ്പെട്ട ബാബുവിന് അർഹതപ്പെട്ട അനുകൂല്യം എന്നത്തേക്ക് ലഭ്യമാക്കാനാകുമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ലഭിച്ചിരുന്നു. ഞാറയ്ക്കൽ മന്ത്രുപറമ്പിൽ ശ്രീ. ബാബു. എം.എ. എന്നയാൾക്ക് ഭവനനിർമ്മാണ ധനസഹായത്തിന്റെ മൂന്ന് ഗഡു തുകകൾ അനുവദിക്കുകയും ആയത് കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. എന്നാൽ അവസാന ഗഡു തുക 45,000 രൂപ ഇ-ഹൗസിംഗ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി അയയ്ക്കുകയും തുക അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിന് നൽകുകയും acknowledgment receipt ലഭിക്കുകയും ചെയ്തിരുന്നു. ടിയാന് തുക ലഭ്യമായില്ലെന്ന പരാതിയെത്തുടർന്ന് BIMS വഴി പരിശോധിച്ചപ്പോൾ തുക ട്രഷറി മുഖേന ക്രെഡിറ്റ് ചെയ്തപ്പോൾ അക്കൗണ്ട് നമ്പർ മാറി മറ്റൊരാളുടെ അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റായതായി അറിയാൻ കഴിഞ്ഞു. തുടർന്ന് SBT ഞാറയ്ക്കൽ ബ്രാഞ്ച് മാനേജരോട് അന്വേഷിച്ചതിൽ ടി തുക SBT-യുടെ ബാംഗ്ലൂർ ബ്രാഞ്ചിലെ 67221011935 എന്ന അക്കൗണ്ട് നമ്പരിലേയ്ക്കാണ് ക്രെഡിറ്റായതെന്ന് അറിയാൻ കഴിഞ്ഞു. തുടർന്ന് ടി തുക ബ്ലോക്ക് ചെയ്യുന്നതിനും ശ്രീ. ബാബു മന്ത്രുപ്പറമ്പിലിന്റെ SBT ഞാറയ്ക്കൽ ബ്രാഞ്ചിലെ ടിയാന്റെ 67224044935 നമ്പർ അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യുന്നതിനും SBT ഞാറയ്ക്കൽ ബ്രാഞ്ച് മാനേജർ, SBT HSR layout ബ്രാഞ്ച് മാനേജർ, ബാംഗ്ലൂർ SBT റീജണൽ മാനേജർ, എറണാകുളം ജില്ലാ ട്രഷറി ഓഫീസർ എന്നിവർക്ക് കത്ത് നൽകിയിട്ടുണ്ട്.

(സി) ശ്രീ. ബാബുവിന് അടിയന്തരമായി തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**ചെങ്ങന്നൂർ പാണ്ടവൻ പാറയിലെ കുടിവെള്ള പദ്ധതി**

28(2048) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗക്കാർ ഏറെ താമസിക്കുന്ന ചെങ്ങന്നൂർ പാണ്ടവൻ പാറയിലെ കുടിവെള്ള പദ്ധതി ആരംഭിക്കാനുള്ള കാലതാമസം വിശദീകരിക്കാമോ;

(ബി) പ്രസ്തുത കുടിവെള്ള പദ്ധതിയുടെ ഡി.പി.ആർ. സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്ന് ;

(സി) പ്രസ്തുത കുടിവെള്ള പദ്ധതിയെന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട പാണ്ടവൻപാറ പട്ടികജാതി കോളനി കുടിവെള്ള പദ്ധതിക്കായി കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയ 360.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് അബ്സ്ട്രാക്റ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇതിന്മേൽ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ആയത് വർക്കിംഗ് ഗ്രൂപ്പിന്റെ ശിപാർശ സഹിതം സർക്കാർ പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്.

(ബി) സമർപ്പിച്ചിട്ടില്ല.

(സി) പ്രസ്തുത കുടിവെള്ള പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റിയിൽനിന്നും ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**കല്ല്യാശ്ശേരി മണ്ഡലത്തിൽ പട്ടികജാതി ഗ്രാമം പദ്ധതി**

29(2049) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വയം പര്യാപ്ത പട്ടികജാതി ഗ്രാമം പദ്ധതിയിൽ കല്ല്യാശ്ശേരി മണ്ഡലത്തിൽനിന്നും ഏതൊക്കെ കോളനികളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്;

(ബി) ഇതിനായി എത്ര തുക അനുവദിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) അംബേദ്കർ ഗ്രാമവികസന പരിപാടി പ്രകാരം 2016-17-ൽ കല്യാശ്ശേരി മണ്ഡലത്തിൽനിന്നും പുഞ്ചവയൽ, വെടിയപ്പൻ ചാൽ എന്നീ പട്ടികജാതി കോളനികളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) തെരഞ്ഞെടുക്കപ്പെടുന്ന ഓരോ കോളനിയിലും പരമാവധി ഒരു കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്താനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

പുഞ്ചവയൽ കോളനിയുടെ പദ്ധതി നിർവ്വഹണത്തിന് നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രത്തിന് MOU ഒപ്പുവച്ചതു പ്രകാരം 50,00,000 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. വെടിയപ്പൻ ചാൽ കോളനിയുടെ പദ്ധതി നിർവ്വഹണം ജില്ലാ നിർമ്മിതി ഏറ്റെടുത്തിട്ടില്ലാത്ത സാഹചര്യത്തിൽ ബഹു. എം.എൽ.എ. നിർദ്ദേശിക്കുന്ന ഏജൻസിക്ക് 2017-18 സാമ്പത്തിക വർഷം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തുക അനുവദിച്ചു നൽകുന്നതാണ്.

**നെയ്യാറ്റിൻകര മണ്ഡലത്തിലെ അംബേദ്കർ ഗ്രാമ പദ്ധതി**

30(2050) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ 2015 - 16 വർഷത്തിൽ അംബേദ്കർ ഗ്രാമ പദ്ധതി പ്രകാരം ചെങ്കൽ പഞ്ചായത്തിലെ ആലത്തറവിളാകം പട്ടികജാതി കോളനിയിൽ നടപ്പാക്കിയ പണികൾ പൂർത്തീകരിക്കാൻ കാലതാമസം ഉണ്ടായത് എന്തുകൊണ്ട്; പ്രസ്തുത പണി ഉടൻ പൂർത്തീകരിക്കാൻ കഴിയുമോ;

(ബി) കുളത്തൂർ പഞ്ചായത്തിലെ തോണിക്കടവ് പട്ടികജാതി കോളനിയിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം നടപ്പിലാക്കിയ പണികൾ പൂർത്തീകരിച്ചോ; മേൽപ്പറഞ്ഞ പണികളിൽ ഏതെങ്കിലും ക്രമക്കേട് നടന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവാദപ്പെട്ടവരുടെ പേരിൽ നടപടി സ്വീകരിച്ചോ;

(സി) പണികൾ പൂർത്തീകരിക്കാൻ കാലതാമസം വരുത്തിയ ഏജൻസിക്കെതിരെ എന്ത് നടപടി സ്വീകരിച്ചു?

<u>ഉത്തരം</u>

(എ) ആലത്തറവിളാകം കോളനിയുടെ പ്രവൃത്തികൾ നിർവ്വഹണ ഏജൻസിയായ FIT-നാണ് നൽകിയിരുന്നത്. ഒന്നാം ഗഡുവായി 25 ലക്ഷം രൂപ 12/2014-ൽ അഡ്വാൻസായി നൽകിയെങ്കിലും കോളനി നിവാസികളുടെ ആവശ്യപ്രകാരം പ്രവൃത്തികളിൽ മാറ്റം വരുത്തുകയും റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിച്ച് നൽകേണ്ടിവരികയും തുടർന്ന് MOU വച്ച് പ്രവൃത്തികൾ ചെയ്ത ശേഷം വർക്ക് ബില്ല് ഉൾപ്പെടെയുള്ള രേഖകൾ ഏജൻസി ഹാജരാക്കാൻ വൈകിയതിനാൽ രണ്ടാം ഗഡുവായ 40 ലക്ഷം രൂപ 23-3-2017-ന് മാത്രമാണ് അനുവദിച്ച് നൽകിയിട്ടുള്ളത്. കോളനിക്കാർക്കിടയിലുണ്ടാകുന്ന തർക്കങ്ങളും സാങ്കേതിക കാരണങ്ങളുമാണ് പ്രവൃത്തികൾ പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നതിന് കാരണമായി ഏജൻസി അറിയിച്ചിട്ടുള്ളത്. എത്രയും വേഗം പ്രവൃത്തികൾ പൂർത്തീകരിച്ച് ഫൈനൽ ബില്ല് ഹാജരാക്കുന്നതിന് ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പണികൾ പൂർത്തീകരിച്ചിട്ടില്ല. നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കോളനിയിലെ പ്രവൃത്തികളിൽ എന്തെങ്കിലും ക്രമക്കേട് നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കോളനിക്കാർക്കിടയിലുണ്ടാകുന്ന തർക്കങ്ങളും സാങ്കേതിക കാരണങ്ങളുമാണ് പ്രവൃത്തികൾ പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നതിന് കാരണമായി ഏജൻസി അറിയിച്ചിട്ടുള്ളത്. പണികൾ പൂർത്തീകരിക്കുന്നതിന് ഏജൻസി മനഃപൂർവ്വമായി കാലതാമസം വരുത്തിയിട്ടില്ലാത്തതിനാൽ ഏജൻസിക്കെതിരെ നടപടി സ്വീകരിച്ചിട്ടില്ല.

**പട്ടികജാതിക്കാരുടെ പാർപ്പിട പ്രശ്നങ്ങൾ**

31(2051) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> :
<u>ശ്രീ. കെ. മുരളീധരൻ</u> :
<u>ശ്രീ. എ. പി. അനിൽ കുമാർ</u> :
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതിക്കാരുടെ പാർപ്പിട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കൈക്കൊണ്ട നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ഈ ഗവൺമെന്റിന്റെ കാലത്ത് പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയതെന്ന് വ്യക്തമാക്കുമോ;

(സി) ഇവരുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് പ്രയോജനപ്പെടുത്തിയതെന്ന് വിവരിക്കുമോ?

<u>ഉത്തരം</u>

(എ-സി) സംസ്ഥാനത്തെ സ്വന്തമായി ഭൂമിയുള്ള ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 3 ലക്ഷം രൂപയും ദുർബല വിഭാഗ ഭവന പുനരധിവാസ പദ്ധതി പ്രകാരം 3.5 ലക്ഷം രൂപയും ധനസഹായമായി അനുവദിച്ചു നൽകുന്നു. ടി തുക നാല് നിശ്ചിത ഗഡുക്കളായി (15%, 30%, 40%, 15%) ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്നു. കൂടാതെ 2007-08 മുതൽ അനുവദിച്ചുനൽകിയതിൽ പൂർത്തിയാകാതെ അവശേഷിക്കുന്ന വീടുകളുടെ പൂർത്തീകരണത്തിന് സ്പിൽഓവർ പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചു നൽകുന്നുണ്ട്. 2007-08 മുതൽ 2012-13 വർഷം വരെ അനുവദിച്ച വീടുകളിൽ പഴയ നിരക്കിൽ തുക കൈപ്പറ്റി പണി പൂർത്തിയാകാതെ അവശേഷിക്കുന്ന ഗുണഭോക്താക്കൾക്ക് ഒടുവിൽ കൈപ്പറ്റിയ ധനസഹായത്തുക രണ്ട് ലക്ഷം രൂപയ്ക്ക് ആനുപാതിക നിരക്കിൽ അധിക ധനസഹായമായി അനുവദിക്കുന്ന ഒരു പുതിയ പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

ഈ സർക്കാരിന്റെ കാലത്ത് ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 14,946 വീടുകൾ അനുവദിച്ചു നൽകിയിട്ടുണ്ട്. കൂടാതെ 2007-08 മുതൽ അനുവദിച്ച വീടുകളിൽ പൂർത്തിയാകാതെ അവശേഷിച്ച 16,363 വീടുകളിൽ 4,567 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനായി 2016-17 വർഷം 232,35,94,800 രൂപ ചെലവഴിച്ചിട്ടുണ്ട്. അധിക ധനസഹായം അനുവദിക്കുന്ന പദ്ധതി പ്രകാരം 2016-17 വർഷം 2,14,15,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

ദുർബല വിഭാഗ ഭവന പുനരധിവാസ പദ്ധതി പ്രകാരം 378 പേർക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിച്ചുനൽകിയിട്ടുണ്ട്. ആയതിൽ 45 പേർ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. മറ്റുള്ളവ വിവിധ ഘട്ടങ്ങളിലാണ്. ഇതിനായി 2016-17 വർഷം 17,43,15,900 രൂപ ചെലവഴിച്ചിട്ടുണ്ട്.

## ആദിവാസികൾക്കും പട്ടികജാതി വിഭാഗങ്ങൾക്കും ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് കാലതാമസം

32(2052) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളെന്തെന്ന് വ്യക്തമാക്കുമോ;

(ബി) ആദിവാസികൾക്ക് ജാതി സർട്ടിഫിക്കറ്റുകൾ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ആദിവാസികൾക്കും മറ്റ് പട്ടികജാതി വിഭാഗങ്ങൾക്കും കാലതാമസം കൂടാതെ ജാതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ജാതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് റവന്യൂ അധികാരികൾക്ക് തീരുമാനം കൈക്കൊള്ളാൻ കഴിയാത്ത കേസ്സുകളിന്മേൽ കിർത്താഡ്സിന്റെ നരവംശശാസ്ത്രപരമായ അന്വേഷണ റിപ്പോർട്ട് ആവശ്യപ്പെടാറുണ്ട്. 1996-ലെ ആക്ട് 11 പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് വിശദമായ വംശവൃക്ഷാവലി തയ്യാറാക്കി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ആവശ്യമായ കാലതാമസം ഉണ്ടാകാറുണ്ട്.

ജാതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് താലൂക്ക് തലത്തിൽത്തന്നെ തീരുമാനം കൈക്കൊള്ളുന്നതിന് സഹായകരമായ പരിശീലനം റവന്യൂ അധികാരികൾക്ക് കിർത്താഡ്സിൽ നൽകിവരുന്നു. കൂടാതെ കാലാകാലങ്ങളായി തീർപ്പുകൽപ്പിക്കപ്പെടാതെ കിടക്കുന്ന അപേക്ഷകളിന്മേൽ ജില്ലകൾ തോറും റവന്യൂ അദാലത്തുകൾ നടത്തി തീർപ്പുകൽപ്പിക്കുന്നുണ്ട്.

(ബി) ആദിവാസികൾക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിന് നിലവിൽ നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങൾ വ്യാജ സർട്ടിഫിക്കറ്റ് ഹാജരാക്കി ഇവർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ മറ്റുള്ളവർ തട്ടിയെടുക്കുന്നത് തടയുന്നതിന് സഹായകരമാണ്. ലളിതമായ നടപടിക്രമങ്ങളിലൂടെ ജാതി സർട്ടിഫിക്കറ്റ് നൽകിയാൽ വ്യാജ ജാതി സർട്ടിഫിക്കറ്റുകളുടെ എണ്ണം കൂടാൻ സാദ്ധ്യതയുണ്ട്. എന്നതുകൊണ്ട് ഇപ്പോൾ ഈ വിഷയം പരിഗണിക്കാൻ നിർവ്വാഹമില്ല.

(സി) തർക്കവിഷയങ്ങൾ ഒഴിച്ചുള്ള കേസ്സുകളിൽ കാലതാമസം കൂടാതെ ജാതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നുണ്ട്.

**ആറളം ഫാമിൽ ആദിവാസികൾക്കായി നിർമ്മിച്ച ഭവനപദ്ധതിയുടെ പരാജയത്തിന് കാരണം**

33(2053) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്കായി ആറളം ഫാമിൽ പാർപ്പിടം നിർമ്മിക്കാൻ സംസ്ഥാന നിർമ്മിതി കേന്ദ്രത്തെ ചുമതലപ്പെടുത്തിയിരുന്നോ;

(ബി) എങ്കിൽ നിർദ്ദേശിച്ച പാർപ്പിടങ്ങൾ നിർമ്മിച്ചിട്ടില്ലെന്നത് മാത്രമല്ല നിർമ്മാണം പൂർത്തിയായവയിൽ കക്കൂസും കിണറുമടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താത്തതുമായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിയിൽ നിർമ്മിതി കേന്ദ്രത്തിന് തൊണ്ണൂറ് ലക്ഷത്തോളം രൂപയുടെ നഷ്ടം സംഭവിച്ചതായി കണ്ടെത്തിയിട്ടുണ്ടോ;

(ഡി) വ്യക്തമായ പഠനത്തിന്റെയും ആസൂത്രണത്തിന്റെയും അഭാവമാണ് ഭവനപദ്ധതിയുടെ പരാജയത്തിന് കാരണമെന്ന് കരുതുന്നുണ്ടോ; ഏങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ചുമതലപ്പെടുത്തിയിരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കണ്ടെത്തിയിട്ടില്ല. കക്കൂസ്, കിണർ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെ ഭവനനിർമ്മാണം നടത്താനാണ് നിർമ്മിതി കേന്ദ്രത്തിന് അനുമതി നൽകിയിരുന്നത്. എന്നാൽ നിർമ്മിതി കേന്ദ്രം പൂർത്തിയാക്കിയ 361 വീടുകളിൽ കക്കൂസ്, കിണർ എന്നിവ പണിയാത്തതിനുള്ള തുക തിരികെ അടയ്ക്കാൻ നിർമ്മിതി കേന്ദ്രത്തിന് നിർദ്ദേശം നൽകുകയും ആയതുപ്രകാരം 65,52,150 രൂപ തിരികെ അടച്ചിട്ടുണ്ട്.

(ഡി) 400 വീടുകളുടെ നിർമ്മാണത്തിന് ചുമതലപ്പെടുത്തിയതിൽ 361 വീടുകൾ നിർമ്മിതി കേന്ദ്രം പൂർത്തീകരിച്ചിട്ടുണ്ട്. വീടിനുള്ളിൽ കക്കൂസ് പണിയുന്നതിന് ഗുണഭോക്താക്കൾക്ക് എതിർപ്പുണ്ടായതിനാൽ ഒരു ടോയ്‌ലെറ്റിന് 7,000 രൂപ നിരക്കിൽ ഗുണഭോക്താക്കൾ നേരിട്ട് ചെയ്യുന്നതിന് 53 പേർക്ക് മുഴുവൻ തുകയും 28 പേർക്ക് ഭാഗികമായും തുക അനുവദിച്ചിരുന്നു. ഒരു കിണർ നിർമ്മിക്കുന്നതിന് 10,330 രൂപ നിരക്കിൽ 44 ഗുണഭോക്താക്കൾക്ക് മുഴുവൻ തുകയും 91 ഗുണഭോക്താക്കൾക്ക് ഭാഗികമായും തുക നിർമ്മിതി കേന്ദ്രം അനുവദിച്ചിരുന്നു. നിർമ്മിതി കേന്ദ്രം പണി പൂർത്തീകരിക്കാത്ത വീടുകൾ, കിണർ, ടോയ്‌ലെറ്റ് എന്നിവ ഗുണഭോക്താക്കൾ മുഖേന ചെയ്യുന്നതിനും അനുമതി നൽകിയിരുന്നു. നിലവിൽ ഗുണഭോക്താക്കൾ നേരിട്ട് ഭവന നിർമ്മാണം നടത്തുന്നതിനാൽ പദ്ധതി പരാജയപ്പെട്ടുവെന്ന് കരുതാനാകില്ല.

**ഗോത്രവർഗ്ഗ വിഭാഗങ്ങൾക്കായി പി.കെ. കാളൻ കുടുംബക്ഷേമ പദ്ധതി**

34(2054) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. പി. വി. അൻവർ :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗോത്രവർഗ്ഗ വിഭാഗങ്ങളുടെ വികസനത്തിനായി പി. കെ. കാളൻ കുടുംബക്ഷേമ പദ്ധതി എന്ന പേരിലുള്ള പുതിയ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) ഓരോ പട്ടികവർഗ്ഗ സെറ്റിൽമെന്റിനും പദ്ധതി തയ്യാറാക്കുന്നതിനായി ഊരുകൂട്ടങ്ങളുടെ പങ്കാളിത്തവും വിലയിരുത്തലും ലഭ്യമാക്കുമോ;

(ഡി) ഏതെല്ലാം വകുപ്പുകളുടെ ഏകോപനത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്;

(ഇ) ഈ പദ്ധതി മോണിറ്റർ ചെയ്യുന്നതിന് ഉന്നതതല കമ്മിറ്റി രൂപീകരിക്കുന്നുണ്ടോ; എങ്കിൽ ആരെല്ലാമാണ് ഇതിൽ അംഗങ്ങളാകുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആദിവാസി അധിവാസ മേഖലകളിൽനിന്ന് മാറി ഒറ്റപ്പെട്ട് താമസിക്കുന്ന ആദിവാസി കുടുംബങ്ങൾ ഉണ്ട്. ഇവരുടെ എണ്ണം വളരെ കുറവായതിനാൽ പലപ്പോഴും ആദിവാസി ഉപപദ്ധതി ഫണ്ട് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കാറില്ല. ഇപ്രകാരമുള്ള കുടുംബങ്ങളുടെ വികസനമാണ് പി.കെ. കാളൻ കുടുംബക്ഷേമ പദ്ധതിയുടെ ലക്ഷ്യം.

(സി) ഓരോ സെറ്റിൽമെന്റിനും പദ്ധതി തയ്യാറാക്കുന്നതിന് ഊരുകൂട്ടങ്ങളുടെ പങ്കാളിത്ത ഗ്രാമീണ വിലയിരുത്തലിന്റെ സഹായത്തോടെ മൈക്രോ പ്ലാൻ തയ്യാറാക്കിയാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. പങ്കാളിത്ത ഗ്രാമീണ വിലയിരുത്തലിനായി വിവിധ വകുപ്പുകളുമായി വിശദമായ ചർച്ചകളും വിവരങ്ങൾ രേഖപ്പെടുത്തി നിർവ്വഹണത്തിന് അനുയോജ്യമായ രൂപരേഖ അന്തിമമാക്കുക എന്നത് അനിവാര്യമാണ്. ഓരോ മൈക്രോ പ്ലാനും അതാത് ജില്ലാ കളക്ടറുടെ അംഗീകാരം നേടുന്നതാണ്.

(ഡി) ഗ്രാമവികസനം, സാമൂഹ്യനീതി, വനം, ആരോഗ്യം, വിദ്യാഭ്യാസം എന്നീ വികസന വകുപ്പുകളും കുടുംബശ്രീ മിഷൻ, എം.എൻ.ആർ.ഇ.ജി.എസ്., പഞ്ചായത്തുകൾ, പ്രാദേശിക ജില്ലാ സംസ്ഥാന തലത്തിൽ ഏകോപനം ഉറപ്പാക്കുന്നതാണ്.

(ഇ) പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയുടേയും ആസൂത്രണ ബോർഡ് വൈസ് ചെയർമാന്റെയും നേതൃത്വത്തിൽ സംസ്ഥാനതലത്തിൽ രൂപീകരിച്ചിട്ടുള്ള ഒരു ഉന്നതതല കമ്മിറ്റിയാണ് സംസ്ഥാനതലത്തിൽ ഈ പരിപാടി മോണിറ്റർ ചെയ്യുന്നത്. ജില്ലാതലത്തിൽ ജില്ലാ കളക്ടർ ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ അവലോകനം നടത്തി യഥാസമയം പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

## കോതമംഗലം മണ്ഡലത്തിൽ ആദിവാസി വിദ്യാർത്ഥികൾക്കായി ഹോസ്റ്റലുകൾ

35(2055) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ 16-ഓളം വരുന്ന ആദിവാസി കോളനികളിലെ വിദ്യാർത്ഥികൾക്കായി എത്ര ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) മണ്ഡലത്തിൽ പുതുതായി ഹോസ്റ്റൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) കോതമംഗലം മണ്ഡലത്തിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി നാല് പ്രീമെട്രിക് ഹോസ്റ്റലുകളാണുള്ളത്.

1. മാതിരപ്പള്ളി പ്രീമെട്രിക് ഹോസ്റ്റൽ (ഗേൾസ്)
2. നേരിയമംഗലം പ്രീമെട്രിക് ഹോസ്റ്റൽ (ഗേൾസ്)
3. പിണവൂർക്കുടി പ്രീമെട്രിക് ഹോസ്റ്റൽ (ബോയ്സ്)
4. ഇടമലയാർ പ്രീമെട്രിക് ഹോസ്റ്റൽ (ബോയ്സ്).

(ബി&സി) ഉണ്ട്. കിഫ്ബി ഫണ്ട് ഉപയോഗിച്ച് നേരിയമംഗലം എന്ന സ്ഥലത്ത് പെൺകുട്ടികൾക്കായുള്ള ഒരു പോസ്റ്റ്മെട്രിക് ഹോസ്റ്റൽ നിർമ്മിക്കുന്നതിന് 4.43 കോടി രൂപയുടെയും ഇടമലയാർ ഹോസ്റ്റലിനുവേണ്ടി പിണവൂർക്കുടി എന്ന സ്ഥലത്ത് പുതിയ കെട്ടിടം പണിയുന്നതിന് 5 കോടി രൂപയുടെയും അനുമതി ലഭ്യമാക്കിയിട്ടുണ്ട്.

## പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂരഹിത കുടുംബങ്ങൾക്ക് ഭൂമി

36 (2056) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭൂമി ലഭ്യമാക്കുന്നതിന് ഓരോ ജില്ലയിലും എത്ര ഭൂമി വേണ്ടിവരുമെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി ഓരോ ജില്ലയിലും എത്ര ഭൂമി കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഭൂരഹിതരായ മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭൂമി ലഭ്യമാക്കുന്നതിന് ഓരോ ജില്ലയിലും വേണ്ടിവരുന്ന ഭൂമി സംബന്ധിച്ചും കണ്ടെത്തിയ ഭൂമി സംബന്ധിച്ചുമുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള ഗോത്ര സാരഥി പദ്ധതി

37(2057) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി ഗോത്ര സാരഥി പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ യാത്രാ സൗകര്യത്തിനായി എന്തെല്ലാം സംവിധാനങ്ങളാണ് ഈ പദ്ധതിയിൽ ഏർപ്പെടുത്തിയിരിക്കുന്നത്;

(സി) ആരുടെയെല്ലാം സഹകരണത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) വനാന്തരങ്ങളിലും എത്തിച്ചേരാൻ കഴിയാത്ത പ്രദേശങ്ങളിലും താമസിക്കുന്ന കൂടുതൽ വിദ്യാർത്ഥികളെ ഈ പദ്ധതിയുടെ കീഴിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ ഈ പദ്ധതിയനുസരിച്ച് എൽ.പി. തലത്തിൽ പഠിക്കുന്ന കുട്ടികളുടെ വാസസ്ഥലവും സ്കൂളും തമ്മിൽ 1/2 കിലോമീറ്ററിൽ കൂടുതലും യു.പി. തലത്തിൽ 1 കിലോമീറ്ററിൽ കൂടുതലും ഹൈസ്കൂൾ തലത്തിൽ 2 കിലോമീറ്ററിൽ കൂടതലും ആയിരിക്കണം. ഓരോ കോളനിയിൽനിന്നും സ്കൂളിൽ പോയിവരുന്ന കുട്ടികൾ 5 പേരോ അതിൽ കുറവോ ആണെങ്കിൽ ടി വിദ്യാർത്ഥികൾക്ക് ഓട്ടോറിക്ഷയും 5 മുതൽ 12 വരെ ആണെങ്കിൽ ജീപ്പും അതിൽ കൂടുതലാണെങ്കിൽ അനുയോജ്യമായ വാഹനവും ഏർപ്പെടുത്തുന്നു.

(സി) പട്ടികവർഗ്ഗ വികസന വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ സഹകരണത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

(ഡി) വനാന്തരങ്ങളിലും എത്തിച്ചേരാൻ കഴിയാത്ത പ്രദേശങ്ങളിലും താമസിക്കുന്ന മുഴുവൻ വിദ്യാർത്ഥികളെയും ഈ പദ്ധതിയുടെ ഭാഗമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

## ആദിവാസി മേഖലയിൽ നടത്തുന്ന ക്ഷേമപ്രവർത്തനങ്ങളെക്കുറിച്ച് പരിശോധന

38(2058) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആദിവാസി മേഖലയിൽ നടത്തുന്ന ക്ഷേമ പ്രവർത്തനങ്ങൾ പൂർണ്ണമായും പ്രസ്തുത മേഖലയിലേക്ക് എത്തുന്നില്ല എന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കുമോ;

(സി) ഇതിൽ വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) പട്ടികവർഗ്ഗക്കാർക്കായി വകയിരുത്തിയിട്ടുള്ള തുക പൂർണ്ണമായും അവരുടെ ഉന്നമനത്തിനായി വിനിയോഗിക്കുന്നതിന് സർക്കാർ പൂർണ്ണ ശ്രദ്ധ ചെലുത്തിയിട്ടുണ്ട്.

പട്ടികവർഗ്ഗക്കാരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി വകയിരുത്തുന്ന തുക അവരുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് തന്നെ ചെലവഴിക്കുന്നുവെന്ന് കൃത്യമായി മോണിറ്റർ ചെയ്യുന്നതിന് ജില്ലാ കളക്ടർ അദ്ധ്യക്ഷനായി എം.എൽ.എ.-മാർ ഉൾപ്പെടുന്ന കമ്മിറ്റിയും ഡിസ്ട്രിക്ട് ഡെവലപ്മെന്റ് കൗൺസിലും നിലവിലുണ്ട്. ഇതിനുപുറമേ സംസ്ഥാന തലത്തിൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും പദ്ധതി വിലയിരുത്തിവരുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ചെയർമാനും ജോയിന്റ് ഡയറക്ടർ കൺവീനറും ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ ഓഫീസർമാർ എന്നിവർ അംഗങ്ങളുമായി രൂപീകരിച്ച കമ്മിറ്റി സംസ്ഥാന തലത്തിൽ പദ്ധതി വിനിയോഗം വിലയിരുത്തുന്നുണ്ട്. പദ്ധതി നടത്തിപ്പിന്റെ സാമ്പത്തിക, ഭൗതിക നേട്ടങ്ങൾ ജില്ലാ ഓഫീസർമാർ നേരിട്ട് വിലയിരുത്തുന്നുണ്ട്. ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാതലത്തിൽ ചേരുന്ന ജില്ലാ വികസന സമിതി യോഗത്തിലും ടി പദ്ധതികൾ വിലയിരുത്തുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥർ എല്ലാ ജില്ലകളിലും സന്ദർശനം നടത്തി പുരോഗതി വിലയിരുത്തുന്നു. കൂടാതെ പട്ടികവർഗ്ഗക്കാർക്കുള്ള ഭൂരിഭാഗം സാമ്പത്തിക സഹായങ്ങളും ബാങ്ക് അക്കൗണ്ട് മുഖേനയാണ് നൽകിവരുന്നത്.

എന്നാൽ പ്രതികൂല കാലാവസ്ഥ, നിർമ്മാണസാമഗ്രികളുടെ ദൗർലഭ്യം എന്നിവമൂലം നിർമ്മാണപ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കാലതാമസം വരുന്നുണ്ട്.

(സി) ചില പദ്ധതികളിലെ നടത്തിപ്പിൽ പാകപ്പിഴകൾ സംഭവിച്ചതായി ആക്ഷേപം ഉയർന്നിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വകുപ്പുതലത്തിലും ധനകാര്യ പരിശോധന വിഭാഗം മുഖേനയും അന്വേഷിച്ച് നടപടി സ്വീകരിച്ചുവരുന്നു.

ജനനി ജന്മരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട് ധനവിനിയോഗത്തിൽ ക്രമക്കേട് കണ്ടെത്തിയതിനെത്തുടർന്ന് പദ്ധതി നടത്തിപ്പ് സമയത്ത് അസി.ഡയറക്ടർ (വിദ്യാഭ്യാസം) ചുമതലയുള്ള ഉദ്യോഗസ്ഥനെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്.

**പ്രാക്തന ഗോത്ര വർഗ്ഗങ്ങളുടെ ഉന്നതിക്കായി പദ്ധതി**

39 (2059) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബദിയടുക്കയിൽ താമസിക്കുന്ന പ്രാക്തന ഗോത്രവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നതിക്കായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

പ്രാക്തന ഗോത്രവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നമനത്തിനായി ബദിയടുക്ക ഗ്രാമപഞ്ചായത്തിൽ പി.വി.ടി.ജി. വിഭാഗത്തിൽപ്പെട്ടവർക്കായി നടപ്പിലാക്കുന്ന ഫുഡ് സപ്പോർട്ട്, അടിയ - പണിയ പാക്കേജ് എന്നീ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. കൂടാതെ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള എല്ലാ പദ്ധതികളും ബദിയടുക്ക ഗ്രാമപഞ്ചായത്തിലും നടപ്പിലാക്കിവരുന്നു.

**ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി നൽകുന്ന നടപടി**

40 (2060) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി നൽകുന്നതിനുള്ള എന്തെങ്കിലും പദ്ധതികളോ തീരുമാനങ്ങളോ നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ ഭൂരഹിതരായ എത്ര ആദിവാസികൾക്ക് ഭൂമി അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഒരു ഗുണഭോക്താവിന് 10 ലക്ഷം രൂപ ചെലവഴിച്ച് 25 സെന്റ് മുതൽ 1 ഏക്കർ ഭൂമി വരെ വാങ്ങി നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. കൂടാതെ വനാവകാശ നിയമം (2006) പ്രകാരം പട്ടികവർഗ്ഗക്കാർക്ക് ഭൂമിയിന്മേലുള്ള വ്യക്തിഗത കൈവശാവകാശം നൽകിവരുന്നു. സുപ്രീംകോടതി വിധി പ്രകാരം വിട്ടുകിട്ടിയ 7149 ഏക്കർ ഭൂമി കൂടി വിതരണത്തിന് ലഭ്യമായിട്ടുള്ളതും വിതരണം ചെയ്യുന്നതാണ്.

(ബി) ഈ സർക്കാർ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതി പ്രകാരം 174 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി വാങ്ങി നൽകിയിട്ടുണ്ട്. കൂടാതെ വനാവകാശ നിയമം (2006) പ്രകാരം 136 കുടുംബങ്ങൾക്ക് ഭൂമിയിന്മേലുള്ള വ്യക്തിഗത കൈവശാവകാശം അനുവദിച്ചു നൽകിയിട്ടുണ്ട്.

## പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിന് ധനസഹായം

41 (2061) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഗവൺമെന്റിന്റെ കാലത്ത് ഇതിനായി എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിയതെന്ന് വിശദീകരിക്കുമോ;

(സി) എന്തെല്ലാം പദ്ധതികളാണ് ഇവരുടെ വിദ്യാഭ്യാസത്തിനും അവയുടെ പ്രോത്സാഹനത്തിനും ആവിഷ്കരിച്ച് നടപ്പാക്കിയതെന്ന് വിവരിക്കുമോ?

ഉത്തരം

(എ&ബി) പ്രീമെട്രിക് തലത്തിലുള്ള (1-ാം ക്ലാസ് മുതൽ എസ്.എസ്.എൽ.സി. വരെ) വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈപന്റ് എന്നിവ നൽകിവരുന്നു.

പോസ്റ്റ് മെട്രിക് തലത്തിൽ വിവിധ കോഴ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വരുമാന പരിധിയില്ലാതെ മുഴുവൻ ഫീസും വാർഷിക ലംപ്സം ഗ്രാന്റും പ്രതിമാസ സ്റ്റൈപന്റും നൽകിവരുന്നു. സർക്കാർ/ സർവ്വകലാശാല അംഗീകരിച്ചിട്ടുള്ള എല്ലാ സ്ഥാപനങ്ങളിലും എല്ലാ കോഴ്സുകൾക്കും പ്രസ്തുത ആനുകൂല്യം ലഭ്യമാക്കുന്നു. ടി തുക ഇ-ഗ്രാന്റ്സ് പദ്ധതി മുഖേനയാണ് നൽകിവരുന്നത്. കോളേജ് ഹോസ്റ്റലുകളിലും മറ്റ് അംഗീകൃത ഹോസ്റ്റലുകളിലും താമസിച്ചുപഠിക്കുന്നവർക്ക് പ്രതിമാസ സ്റ്റൈപന്റിനുപകരം യഥാർത്ഥ താമസ ഭക്ഷണച്ചെലവും പോക്കറ്റ് മണിയും നൽകുന്നു. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം പ്രീമെട്രിക് തലത്തിൽ 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രതിവർഷം 1,500 രൂപ സ്കോളർഷിപ്പ് ഇനത്തിലും 750 രൂപ ബുക്ക് തുടങ്ങിയ പഠന സാമഗ്രികൾ വാങ്ങുന്നതിന് ഗ്രാന്റിനത്തിലും നൽകുന്നു. ഹോസ്റ്റലിൽ താമസിച്ചുപഠിക്കുന്ന വിദ്യാർത്ഥികൾക്ക് യഥാക്രമം 3,500 രൂപയും 1,000 രൂപയും നൽകുന്നു. ഈ ആനുകൂല്യം ലഭിക്കുന്നതിന് വരുമാന പരിധി രണ്ടര ലക്ഷം രൂപയാക്കി നിശ്ചയിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പിൻ കീഴിലുള്ള പെരിപ്പതറ്റിക് സെന്റർ, ഏകാദ്ധ്യാപക വിദ്യാലയം എന്നിവിടങ്ങളിലെ കുട്ടികൾക്ക് ലംപ്സം ഗ്രാന്റും പ്രതിമാസ സ്റ്റൈപന്റും നൽകുന്നു. നഴ്സറി സ്കൂളുകളിലെ കുട്ടികൾക്ക് ലംപ്സം ഗ്രാന്റ് മാത്രം നൽകിവരുന്നു. കൂടാതെ മെഡിക്കൽ എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്ക് (വാർഷിക വരുമാനം 40,000 രൂപയ്ക്ക് താഴെ) പ്രാരംഭ ചെലവിനത്തിൽ 5,000 രൂപ ധനസഹായം നൽകിവരുന്നു. സ്വാശ്രയ സ്ഥാപനങ്ങളിലടക്കം റിസർവേഷൻ, മെരിറ്റടിസ്ഥാനത്തിൽ എൻട്രൻസ് ലിസ്റ്റിൽനിന്നും അഡ്മിഷൻ ലഭിക്കുന്ന പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് G.O.(P) No.50/2009/SCSTDD പ്രകാരവും വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ചുവരുന്നു. മേൽപ്പറഞ്ഞ ആനുകൂല്യങ്ങളെല്ലാം ഈ ഗവൺമെന്റും നൽകിവരുന്നു.

(സി) പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഉന്നമനത്തിനും പ്രോത്സാഹനത്തിനുമായി ഈ സർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.*

**ആദിവാസികൾക്കിടയിലെ ശിശുമരണ നിരക്കും പോഷകാഹാരക്കുറവും**

42(2062) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്കിടയിലെ ശിശുമരണ നിരക്ക് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ആദിവാസികൾക്കിടയിലെ ശിശുമരണ നിരക്ക് വർദ്ധിക്കുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ആദിവാസികൾക്കിടയിലെ ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനും പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനുമായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഉണ്ട്. 2013-ൽ അട്ടപ്പാടി മേഖലയിൽ ആദിവാസി ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ യൂണിസെഫ്, ഡോ. ഇക്ബാൽ കമ്മിറ്റി, ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ, തൃശ്ശൂർ മെഡിക്കൽ കോളേജ് ഡോക്ടർമാരുടെ നേതൃത്വത്തിലുള്ള സംഘം ഹൈദരാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ന്യൂട്രീഷ്യൻ എന്നീ സംഘങ്ങൾ അട്ടപ്പാടി മേഖലയിൽ പഠനം നടത്തിയിട്ടുണ്ട്. കൂടാതെ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിലെ ശിശുമരണം സംബന്ധിച്ച് ഒരു സമഗ്ര പഠനം നടത്തുന്നതിന് ആരോഗ്യ വകുപ്പിന് നിർദ്ദേശം നൽകണമെന്നഭ്യർത്ഥിച്ചുകൊണ്ട് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബാധകമല്ല.

(സി) ആദിവാസി ശിശുമരണങ്ങൾ ഒഴിവാക്കുന്നതിനും സമഗ്ര ആരോഗ്യ സംരക്ഷണത്തിനുമായി ക്ഷേമപദ്ധതികൾ സർക്കാർ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പിലാക്കിവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയും സാമൂഹ്യനീതി, ആരോഗ്യം, സിവിൽ സപ്ലൈസ് എന്നീ വകുപ്പുകൾ മുഖേനയും സർക്കാരിന്റെ മറ്റ് ഏജൻസികൾ മുഖേനയുമാണ് പ്രധാനമായും പദ്ധതികൾ നടപ്പിലാക്കി വരുന്നത്.

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ വർഷകാലത്തും പഞ്ഞമാസങ്ങളിലും ഭക്ഷ്യസഹായ പദ്ധതി, ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും സ്വന്തം നിലയ്ക്ക് പോഷകാഹാരം വാങ്ങിക്കഴിക്കുന്നതിലേയ്ക്കായി പ്രതിമാസം 1,000 രൂപ വീതം നൽകുന്ന ജനനീ-ജന്മരക്ഷാ പദ്ധതി, അട്ടപ്പാടി മേഖലയിൽ പാകം ചെയ്ത ഭക്ഷണം നൽകുന്ന കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു.

സാമൂഹ്യനീതി വകുപ്പിൻകീഴിൽ അംഗൻവാടികൾ മുഖേന ഗർഭിണികൾക്കും കുട്ടികൾക്കും പ്രത്യേക പോഷകാഹാരം നൽകിവരുന്നു. പ്രീ-സ്കൂൾ കുട്ടികൾക്ക് പാൽ, മുട്ട എന്നിവയും വിതരണം ചെയ്യുന്നു. കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കായി സബല കിറ്റുകൾ വിതരണം നടത്തുന്നു. പോഷകാഹാര അപര്യാപ്തതയുള്ളവരെ കണ്ടെത്തി സപ്ലിമെന്ററി ന്യൂട്രീഷൻ പ്രോഗ്രാം നടപ്പിലാക്കിവരുന്നു. കുട്ടികൾക്കായി അമൃതം ന്യൂട്രിമിക്സ് വിതരണം നടത്തുന്നു. ആരോഗ്യ വകുപ്പ് മുഖേന ഗർഭിണികൾക്കും കുട്ടികൾക്കും അയൺ ഫോളിക് ആസിഡ് ഗുളികകൾ വിതരണം നടത്തുകയും ചെയ്യുന്നു.

ശിശുമരണനിരക്ക് കൂടുതലായി അനുഭവപ്പെട്ടിരുന്ന അട്ടപ്പാടി മേഖലയിൽ പാകംചെയ്ത ഭക്ഷണം നൽകുന്ന കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി നടപ്പിലാക്കിവരുന്നു.

അട്ടപ്പാടിയിലെ ശിശുമരണനിരക്ക് കുറയ്ക്കാനായി മേൽപ്പറഞ്ഞവ കൂടാതെ 3 NRC (Nutrition Rehabilitation Centre) കളും കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയുടെ കീഴിൽ പ്രവർത്തിക്കുന്നു. ഇവിടെ പോഷകാഹാര ക്കുറവുമൂലമുള്ള രോഗങ്ങൾക്ക് ചികിത്സ നൽകുന്നു.

കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ നിലവിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഉണ്ട്. കൂടാതെ 24 മണിക്കൂർ കാഷ്വാലിറ്റി, ലാബ്, മരുന്ന് വിതരണ സംവിധാനങ്ങളും ഐ.സി.യു. സംവിധാനവും ഉണ്ട്. സ്കാനിംഗിനുള്ള സൗകര്യങ്ങൾ, ഓപ്പറേഷൻ തിയേറ്റർ, രക്തബാങ്ക് എന്നിവയും സ്പെഷ്യൽ ഒ.പി. ചികിത്സയും ഉണ്ട്.

പ്രതിമാസ കുത്തിവെയ്പ് നൽകൽ, നവജാത ശിശു സംരക്ഷണ സൗകര്യം, പാലിയേറ്റീവ് കെയർ യൂണിറ്റ്, ഡയാലിസിസ് യൂണിറ്റ്, സിക്കിൾസെൽ അനീമിയ ക്ലിനിക്, കൗൺസിലിംഗ്, മാനസികരോഗ, ക്ഷയരോഗ-അരിവാൾ രോഗ പുനരധിവാസ പദ്ധതികൾ എന്നിവയും മാരകരോഗങ്ങളുടെ സ്ക്രീനിംഗ് ടെസ്റ്റും ഈ ആശുപത്രിയിൽ നടത്തിവരുന്നു.

## എസ്.സി./എസ്.റ്റി. വിഭാഗത്തിൽപ്പെട്ടവർക്ക് ചികിത്സാ സഹായം

43 (2063) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ എസ്.സി./എസ്.റ്റി. വിഭാഗത്തിൽപ്പെട്ടവർക്ക് എത്ര കോടി രൂപയുടെ ചികിത്സാസഹായമാണ് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിൽ എസ്.സി./എസ്.റ്റി. വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് ചികിത്സ സഹായം അനുവദിച്ചിട്ടുണ്ടെന്നും അറിയിക്കാമോ?

ഉത്തരം

(എ) പട്ടികജാതി വിഭാഗത്തിൽ 17664 പേർക്ക് 31,57,32,554 രൂപയും പട്ടികവർഗ്ഗ വിഭാഗത്തിൽ 29243 പേർക്ക് 13 കോടി 80 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി) പട്ടികജാതി വിഭാഗത്തിൽ 111 പേർക്കും പട്ടികവർഗ്ഗ വിഭാഗത്തിൽ 840 പേർക്കും അനുവദിച്ചിട്ടുണ്ട്.

## പട്ടികജാതി-പട്ടികവർഗ്ഗവിഭാഗങ്ങളുടെ മാനവവിഭവശേഷി വർദ്ധിപ്പിക്കാൻ പദ്ധതി

44 (2064) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗവിഭാഗം ആകെ ജനസംഖ്യയുടെ എത്രശതമാനം വരുമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഭാഗങ്ങളുടെ മാനവവിഭവശേഷി വർദ്ധിപ്പിക്കുന്നതിനുതകുന്ന എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത വിഭാഗങ്ങൾക്കുവേണ്ടി പരമ്പരാഗത മേഖലയിലുള്ള തൊഴിലവസരം നേടിയെടുക്കുന്നതിന് ഉതകുന്ന പദ്ധതികൾക്കു രൂപം നൽകാൻ സാധിച്ചിട്ടുണ്ടോ; ഈ ലക്ഷ്യം മുൻനിർത്തി എന്തെല്ലാം പുതിയതായി ചെയ്യാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗം ആകെ ജനസംഖ്യയുടെ 10.55% വരും (9.1%+ 1.45%)

(ബി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ മാനവവിഭവശേഷി വർദ്ധിപ്പിക്കുന്നതിനുതകുന്ന പദ്ധതികളുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(സി) പരമ്പരാഗത മേഖലയിലുള്ള തൊഴിലവസരം നേടിയെടുക്കുന്നതിന് ഉതകുന്ന പദ്ധതികൾക്ക് രൂപം നൽകാൻ സാധിച്ചിട്ടുണ്ട്. പട്ടികജാതിക്കാരുടെ പാരമ്പര്യ ഉൽപ്പന്നങ്ങൾക്കും പട്ടികജാതി സ്വയം സഹായം സംഘങ്ങളുടെ ഉൽപ്പന്നങ്ങൾക്കും വിപണി കണ്ടെത്തുന്നതിനുവേണ്ടി ഗദ്ദിക മേള സംഘടിപ്പിക്കുന്നുണ്ട്. വരുംവർഷങ്ങളിൽ ഗദ്ദിക മേള കൂടുതൽ വിപുലമായി നടത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

പട്ടികവർഗ്ഗ വികസന വകുപ്പിൽ 'ഉറവ്' എന്ന സ്ഥാപനവുമായി സഹകരിച്ച് മുള ഉൽപ്പന്നങ്ങളിൽ മൂല്യവർദ്ധന നടത്തുന്നതിനും കുടുംബശ്രീ മുഖേന ജൈവകൃഷി രീതികളിലൂടെ കൂടുതൽ തൊഴിൽ അവസരങ്ങളുണ്ടാക്കുന്നതിനും നൈപുണ്യ വികസനത്തിനും വന ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധന നടത്തുന്നതിനും സെന്റർ ഫോർ ഡെവലപ്മെന്റ് മാനേജ്മെന്റ് എന്ന സ്ഥാപനവുമായി സഹകരിച്ച് പുതിയ പരിശീലന പരിപാടികളും ആവിഷ്കരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമത്തിനുള്ള പുതിയ പദ്ധതികൾ**

45 (2065) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമത്തിനായുള്ള എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്; വ്യക്തമാക്കുമോ;

(ബി) ഹാംലെറ്റ് പദ്ധതിക്കും സ്വയം പര്യാപ്ത ഗ്രാമം പദ്ധതിക്കും പകരമായി കൊണ്ടു വന്ന പദ്ധതികൾ ഏതെല്ലാമാണ്; വിശദമാക്കാമോ;

(സി) ഏറനാട് മണ്ഡലത്തിൽനിന്നും ഏതെല്ലാം പട്ടികജാതി പട്ടികവർഗ്ഗ കോളനികളെയാണ് പുതിയ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ;

(ഡി) ഇവയ്ക്ക് ഓരോന്നിനും അനുവദിച്ച തുക ,ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് അടക്കമുള്ള വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പ്

വാത്സല്യനിധി പദ്ധതി, പഠനമുറി പദ്ധതി, കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം എന്നീ ജില്ലകളിൽ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ നിർമ്മിക്കുന്നതിനുള്ള പദ്ധതി, പെൺകുട്ടികൾക്കും ആൺകുട്ടികൾക്കുമായി 6 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, എം.ആർ.എസ്.-കൾ എന്നിവ നിർമ്മിക്കുന്നതിനുള്ള പദ്ധതി എന്നിവയാണ് പട്ടികജാതി ക്ഷേമത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ.

പട്ടികവർഗ്ഗ വികസന വകുപ്പ്

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടിക വർഗ്ഗക്ഷേത്തിനായി ആവിഷ്കരിച്ച പുതിയ പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) <u>പട്ടികജാതി വികസന വകുപ്പ്</u>

നാൽപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ താമസിച്ചുവരുന്ന സങ്കേതങ്ങളെ തെരഞ്ഞെടുത്ത് പരമാവധി ഒരുകോടി രൂപയുള്ള അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ നടപ്പിലാക്കുന്ന അംബേദ്കർ ഗ്രാമവികസനപദ്ധതിയാണ് സ്വയം പര്യാപ്ത ഗ്രാമം പദ്ധതിക്ക് പകരമായി കൊണ്ടുവന്നിട്ടുള്ളത്.

<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>

ഹാംലെറ്റ് പദ്ധതിക്കുപകരമായി അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി 100.00 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ സംസ്ഥാനത്തെ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ വസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ സാമൂഹിക സാമ്പത്തിക വികസനത്തിനാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ, തൊഴിൽ വേതനം ലഭ്യമാക്കുക, മെച്ചപ്പെട്ട ആരോഗ്യപ്രവർത്തനങ്ങൾക്കാവശ്യമായ പോഷകാഹാരം നൽകൽ (വനിതകൾക്കും കുട്ടികൾക്കും) ഭവന നിർമ്മാണം, കുടിവെള്ളം, ശുചിത്വപരിപാടിയിൽ ദുർഘട സാഹചര്യങ്ങളിൽ വസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ പുനരധിവാസവും അടിസ്ഥാനസൗകര്യ വികസനവും ഉൾപ്പെടുത്തിയിരിക്കുന്നു. വിശദവിവരം അനുബന്ധം 2 ആയി ചേർക്കുന്നു.*

(സി) <u>പട്ടികജാതി വികസന വകുപ്പ്</u>

ഏറനാട് മണ്ഡലത്തിൽനിന്നും വെള്ളാമ്പുറം പട്ടികജാതി കോളനി, തെയ്യുന്ന് പട്ടികജാതി കോളനി എന്നിവയെയാണ് പുതിയ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>

ഏറനാട് മണ്ഡലത്തിൽനിന്നും ഒരു കോളനിയേയും ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ഡി) <u>പട്ടികജാതി വികസന വകുപ്പ്</u>

ഇവയ്ക്ക് ഓരോന്നിനും ഒന്നാം ഗഡുവായി 50% തുക അതായത് 50.00 ലക്ഷം രൂപ വീതം നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രത്തിന് നൽകിയിട്ടുണ്ട്. ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് അനുബന്ധം 3 ആയി ചേർക്കുന്നു. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## നിയമ വകുപ്പിലെ ഉദ്യോഗസ്ഥനെ പിരിച്ചുവിടാൻ നടപടി

46 (T2066) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിൽ ജോലി നോക്കിവരവെ സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങാതെ സംസ്ഥാനം വിട്ട് പൂനയിലെ ഭാരതീയ വിദ്യാപീഠ് ഡീംഡ് യൂണിവേഴ്സിറ്റിയിൽ റഗുലറായി എൽ.എൽ.ബി. കോഴ്സ് പഠിക്കുകയും, ഇത് മറച്ചുവച്ച് പ്രസ്തുത കാലയളവിൽ ശമ്പളവും ആനുകൂല്യങ്ങളും കൈപ്പറ്റി, പെരുമാറ്റ ദൂഷ്യത്തിന് നടപടി നേരിട്ട ഉദ്യോഗസ്ഥൻ ഇപ്പോഴും സെക്രട്ടേറിയറ്റ് നിയമവകുപ്പിൽ ജോലിയിൽ തുടരുന്നുണ്ടോ;

(ബി) എങ്കിൽ ഇയാളുടെ ഇപ്പോഴത്തെ ഔദ്യോഗിക പദവി എന്താണെന്ന് വെളിപ്പെടുത്തുമോ;

(സി) മഹാരാഷ്ട്രയിൽ റെഗുലർ പഠനവും അതേകാലയളവിൽ കേരളത്തിൽ ജോലിയും ചെയ്ത ഇയാൾ സർക്കാരിനെ കബളിപ്പിച്ചതായി അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ; കണ്ടെത്തിയെങ്കിൽ ഇയാൾക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ ഉദ്യോഗസ്ഥനെ സർവ്വീസിൽനിന്നും പിരിച്ചുവിടുന്നതിനുള്ള നടപടിയുടെ ഭാഗമായി മുൻ സർക്കാർ പി.എസ്.സി.-യുടെ ഉപദേശം തേടിയിരുന്നോ;പിരിച്ചുവിടാൻ നിയമപരമായി തടസ്സമില്ലെന്ന് പി എസ് സി അഭിപ്രായപ്പെട്ടിരുന്നോ; എങ്കിൽ പി.എസ്.സി.-യുടെ അഭിപ്രായകുറിപ്പിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) പി.എസ്.സി.-യുടെ അഭിപ്രായം അംഗീകരിച്ച് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(എഫ്) ഈ ഉദ്യോഗസ്ഥനെതിരെ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; ശിക്ഷ സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) പൂനെയിലെ ഭാരതീയ വിദ്യാപീഠ് ഡീംഡ് സർവ്വകലാശാലയിൽനിന്ന് റഗുലർ എൽ.എൽ.ബി. കോഴ്സ് പഠിച്ചുകൊണ്ടിരിക്കെ തിരുവനന്തപുരം ദന്തൽ കോളേജിൽ വാച്ച്മാൻ തസ്തികയിൽ ജോലി ലഭിക്കുകയും തുടർകാലയളവിൽ

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

പ്രസ്തുത ഉദ്യോഗസ്ഥൻ സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങാതെ പഠിക്കുകയുണ്ടായി. മേൽ പ്രവൃത്തിയോടനുബന്ധിച്ച് പ്രസ്തുത ഉദ്യോഗസ്ഥനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും ആയത് ടിയാന്റെ രണ്ട് വാർഷിക ശമ്പള വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ തടഞ്ഞുകൊണ്ട് തീർപ്പാക്കി ഉത്തരവായിട്ടുള്ളതുമാണ്. ടിയാൻ ഇപ്പോൾ സെക്രട്ടേറിയറ്റ് നിയമ വകുപ്പിൽ സെക്ഷൻ ഓഫീസറായി ജോലി ചെയ്യുന്നു.

(ബി) ഇയാൾ ഇപ്പോൾ നിയമ വകുപ്പിൽ സെക്ഷൻ ഓഫീസറായി ജോലി ചെയ്യുന്നു.

(സി) സർക്കാരിനെ കബളിപ്പിച്ചതായി അന്വേഷണത്തിൽ കണ്ടെത്തിയിട്ടില്ല. എന്നാൽ ടിയാന്റെ പ്രവൃത്തി അച്ചടക്കരാഹിത്യവും കൃത്യവിലോപവുമാണെന്ന് അന്വേഷണത്തിൽ കണ്ടെത്തുകയുണ്ടായി. തുടർന്ന് ഇയാൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ച് തീർപ്പാക്കിയിട്ടുള്ളതാണ്.

(ഡി) ടി ഉദ്യോഗസ്ഥനെ സർവ്വീസിൽനിന്ന് നീക്കം ചെയ്യുന്നതിനായി മുൻ സർക്കാർ പി.എസ്.സി.-യുടെ ഉപദേശം തേടിയിരുന്നു. എന്നാൽ 27-8-2013-ന് ടിയാന് നൽകിയ കാരണം കാണിക്കൽ നോട്ടീസ് നിയമപരമായി നിലനിൽക്കുന്നതല്ലെന്നും പ്രസ്തുത കാരണം കാണിക്കൽ നോട്ടീസ് റദ്ദാക്കിക്കൊണ്ട് definite charge frame ചെയ്തു നൽകിയ 5-1-2011-ലെ മെമ്മോയിൽ കാണിച്ചിട്ടുള്ള കുറ്റാരോപണങ്ങളുടെ അടിസ്ഥാനത്തിലും അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിലും കാരണം കാണിക്കൽ നോട്ടീസ് പുതുക്കി നൽകി സർക്കാർ താത്കാലികമായി തീരുമാനിച്ചിട്ടുള്ള ശിക്ഷ നൽകി അച്ചടക്കനടപടി തീർപ്പാക്കുന്നതിന് നിയമ തടസ്സമില്ലാത്തതാണെന്ന് പി.എസ്.സി. അഭിപ്രായപ്പെട്ടിട്ടുണ്ട്. പി.എസ്.സി.-യുടെ അഭിപ്രായത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ഇ) പി.എസ്.സി.-യുടെ അഭിപ്രായം അംഗീകരിച്ച് പുതുക്കിയ Show Cause Notice 9-5-2016-ന് ഇദ്ദേഹത്തിന് നൽകി തുടർ നടപടി സ്വീകരിച്ചിട്ടുള്ളതാണ്.

(എഫ്) ഈ ഉദ്യോഗസ്ഥന്റെ രണ്ട് വർഷത്തെ വാർഷിക ശമ്പള വർദ്ധനവ് സഞ്ചിത ഫലത്തോടെയല്ലാതെ തടഞ്ഞുകൊണ്ട് ടിയാനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പ് കൽപ്പിച്ചിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

**ട്രൈബ്യൂണലുകളുടെയും പബ്ലിക് പ്രോസിക്യൂട്ടർമാരുടെയും ലിസ്റ്റ്**

47 (2067) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) ജില്ലാകോടതികൾ, ട്രൈബ്യൂണലുകൾ, സ്പെഷ്യൽ കോർട്ടുകൾ എന്നിവിടങ്ങളിൽ പബ്ളിക് പ്രോസിക്യൂട്ടർ/അഡീഷണൽ ഗവ.പ്ളീഡർ എന്നിവരുടെ എത്ര തസ്തികകൾ വീതം ഉണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ; ഇതിൽ എത്ര പേരെ നിയമിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) കേരളത്തിൽ എത്ര സ്പെഷ്യൽ ട്രൈബ്യൂണലുകൾ ഉണ്ട്; ഇവിടെ എത്ര ഗവ.പ്ളീഡർമാരുടെ തസ്തികകൾ ഉണ്ട്; ഇതിൽ എത്ര പേരെ നിയമിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(സി) കേരള ഹൈക്കോടതിയിൽ ഗവ.പ്ളീഡർ /സീനിയർ ഗവ.പ്ളീഡർ / സ്പെഷ്യൽ ഗവ:പ്ളീഡർ എന്നിവരുടെ എത്ര തസ്തികകൾ ഉണ്ട്; പ്രസ്തുത തസ്തികകളിൽ ഇപ്പോൾ എത്ര പേരെ നിയമിച്ചിട്ടുണ്ട് വിശദമാക്കാമോ;

(ഡി) കേരളത്തിലെ അഡീഷണൽ ഗവ.പ്ളീഡർ/ഗവ.പ്ളീഡർ/സ്പെഷ്യൽ ഗവ.പ്ളീഡർ എന്നിവരുടെ മാസ ശമ്പളം നിശ്ചയിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് നിലവിൽ ഉണ്ടോ; ഇതിന്റെ കോപ്പി ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കേരളത്തിലെ ജില്ലാ കോടതികളിലെ പബ്ലിക് പ്രോസിക്യൂട്ടർ/ അഡീഷണൽ ഗവൺമെന്റ് പ്ലീഡർ എന്നിവരുടെ തസ്തികകളുടെ എണ്ണവും എത്ര പേരെ നിയമിച്ചിട്ടുണ്ടെന്നുള്ള വിവരവും താഴെ ചേർക്കുന്നു :

| Sl. No | DISTRICT COURTS | Total No. Of posts of DGPs & AGPs | Appointment effected |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | Thiruvananthapuram | 14 [DGP-1<br>AGP-13] | DGP-1<br>AGP-13 |
| 2 | Kollam | 10 [DGP-1<br>AGP-9] | DGP-Nil<br>AGP-9 |
| 3 | Pathanamthitta | 7 [DGP-1<br>AGP-6] | DGP-1<br>AGP-6 |
| 4 | Alappuzha | 11 [DGP-1<br>AGP-10] | DGP-1<br>AGP-10 |

| (1) | (2) | (3) | (4) |
|---|---|---|---|
| 5 | Kottayam | 8 [DGP-1<br>AGP-7] | DGP-1<br>AGP-7 |
| 6 | Idukki | 6 [DGP-1<br>AGP-5] | DGP-1<br>AGP-5 |
| 7 | Ernakulam | 19 [DGP-1<br>AGP-18] | DGP-1<br>AGP-18 |
| 8 | Thrissur | 7 [DGP-1<br>AGP-6] | DGP-1<br>AGP-6 |
| 9 | Palakkad | 7 [DGP-1<br>AGP-6 | DGP-1<br>AGP-6 |
| 10 | Malappuram | 6 [DGP-1<br>AGP-5] | DGP-1<br>AGP-5 |
| 11 | Kozhikode | 11 [DGP-1<br>AGP-10] | DGP-1<br>AGP-10 |
| 12 | Wayanad | 4 [DGP-1<br>AGP-3] | DGP-1<br>AGP-3 |
| 13 | Kannur | 7 [DGP-1<br>AGP-7] | DGP-1<br>AGP-7 |
| 14 | Kasaragod | 6 [DGP-1<br>AGP-5] | DGP-1<br>AGP-5 |
| | Total | 123 | 122 |

കേരളത്തിലെ മോട്ടോർ ആക്സിഡന്റ് ട്രൈബ്യൂണലുകളിലെ ഗവൺമെന്റ് പ്ലീഡർമാരുടെ തസ്തികകളുടെ എണ്ണവും എത്ര പേരെ നിയമിച്ചിട്ടുണ്ടെന്നുള്ള വിവരവും താഴെ ചേർക്കുന്നു:

| SL.No | DISTRICT | No. Of posts of GPs in MACT | Appointment effected |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | Thiruvananthapuram | 10 | Thiruvananthapuram -3<br>Neyyattinkara -1<br>Attingal -3 |
| 2 | Kollam | 4 [Kollam -3<br>Punalur -1] | Kollam -1<br>Punalur -1 |
| 3 | Pathanamthitta | 1 [Pathanamthitta-1] | Pathanamthitta -1 |
| 4 | Alappuzha | 4 [Alappuzha-2<br>Mavelikkara-2 | Alappuzha -2<br>Mavelikkara-2 |
| 5 | Kottayam | 3 [Kottayam -2<br>Pala -1] | Kottayam-2<br>Pala -1 |
| 6 | Idukki | 1 [Thodupuzha -1] | Thodupuzha-1 |
| 7 | Ernakulam | 5 [Ernakulam -2<br>Perumbavoor-1<br>Muvattupuzha-1<br>N. Paravur-1] | Ernakulam -2<br>Perumbavoor-1<br>Muvattupuzha-1<br>N.Paravur -1 |
| 8 | Thrissur | 2 [Thrissur -1<br>Irinjalakkuda -1] | Thrissur -1<br>Irinjalakkuda -1 |

| (1) | (2) | (3) | (4) |
|---|---|---|---|
| 9 | Palakkad | 2 Palakkad-1 Ottapalam-1] | Palakkad-1 Ottapalam-1 |
| 10 | Malappuram | 2 [Tirur -1 Manjeri-1] | Tirur-1 Manjeri-1 |
| 11 | Kozhikode | 3 [Kozhikode-2 Vadakara-1] | Kozhikode-1 Vadakara-1 |
| 12 | Wayanad | 1 [Kalpetta -1] | Kalpetta -1 |
| 13 | Kannur | 2 [Thalassery -2] | Thalassery -1 |
| 14 | Kasaragod | 1 [Kasaragod -1] | Kasaragod -1 |
| | Total | 39 | 33 |

കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ 5 സീനിയർ ഗവൺമെന്റ് പ്ലീഡർമാരുടെയും 8 ഗവൺമെന്റ് പ്ലീഡർമാരുടെയും തസ്തിക നിലവിലുണ്ട്. ആയതിൽ 3 സീനിയർ ഗവൺമെന്റ് പ്ലീഡർമാരെയും 4 ഗവൺമെന്റ് പ്ലീഡർമാരെയും നിയമിച്ചിട്ടുള്ളതാകുന്നു. കൂടാതെ കോഴിക്കോട് വഖഫ് ട്രൈബ്യൂണലിലും കൊല്ലം വഖഫ് ട്രൈബ്യൂണലിലും ഓരോ ഗവൺമെന്റ് പ്ലീഡർമാരെ നിയമിച്ചിട്ടുള്ളതാകുന്നു.

(ബി) താഴെ പറയുന്ന ട്രൈബ്യൂണലുകളിലേയ്ക്കാണ് നിയമ വകുപ്പിൽനിന്ന് ഗവൺമെന്റ് പ്ലീഡർമാരെ നിയമിക്കുന്നത്:-

1. മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രൈബ്യൂണൽ

2. വഖഫ് ട്രൈബ്യൂണൽ

3. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ.

ആയതിൽ കേരളത്തിലെ 14 ജില്ലകളിലെ മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രൈബ്യൂണലുകളിലെ ഗവൺമെന്റ് പ്ലീഡർമാരുടെ 39 തസ്തികകളിൽ 33 ഗവൺമെന്റ് പ്ലീഡർമാരെയും കോഴിക്കോട് വഖഫ് ട്രൈബ്യൂണലിലും

കൊല്ലം വഖഫ് ട്രൈബ്യൂണലിലും ഓരോ ഗവൺമെന്റ് പ്ലീഡർമാരെയും നിയമിച്ചിട്ടുള്ളതാകുന്നു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ 5 സീനിയർ ഗവൺമെന്റ് പ്ലീഡർമാരുടെയും 8 ഗവൺമെന്റ് പ്ലീഡർമാരുടെയും തസ്തിക നിലവിലുണ്ട്. ആയതിൽ 3 സീനിയർ ഗവൺമെന്റ് പ്ലീഡർമാരെയും 4 ഗവൺമെന്റ് പ്ലീഡർമാരെയും നിയമിച്ചിട്ടുള്ളതാകുന്നു.

(സി) കേരള ഹൈക്കോടതിയിലെ ഗവൺമെന്റ് പ്ലീഡർമാരുടെയും സീനിയർ ഗവൺമെന്റ് പ്ലീഡർമാരുടെയും സ്പെഷ്യൽ ഗവൺമെന്റ്പ്ലീഡർമാരുടെയും തസ്തികകളുടെ എണ്ണം താഴെ ചേർക്കുന്നു:-

| | | |
|---|---|---|
| ഗവൺമെന്റ് പ്ലീഡർമാർ | - | 54 |
| സീനിയർ ഗവൺമെന്റ് പ്ലീഡർമാർ | - | 54 |
| സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ | - | 20 |

ആയതിൽ നിലവിൽ 47 ഗവൺമെന്റ് പ്ലീഡർമാരെയും 49 സീനിയർ ഗവൺമെന്റ് പ്ലീഡർമാരെയും 20 സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർമാരെയുമാണ് നിയമിച്ചിട്ടുള്ളത്.

(ഡി) കേരളത്തിലെ അഡീഷണൽ ഗവൺമെന്റ് പ്ലീഡർ/ഗവൺമെന്റ് പ്ലീഡർ/സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ എന്നിവരുടെ മാസശമ്പളം നിശ്ചയിച്ചു കൊണ്ട് പുറപ്പെടുവിച്ച 28-9-2015 തീയതിയിലെ ജി.ഒ. (എം.എസ്). നമ്പർ 156/15/നിയമം നമ്പർ സർക്കാർ ഉത്തരവ് നിലവിലുണ്ട്. ആയതിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

**വി. സാംബശിവന്റെ പൂർണ്ണകായ പ്രതിമ**

48 (2068) <u>ശ്രീ. എം. നൗഷാദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിശ്വ പ്രസിദ്ധ കഥാപ്രസംഗകനായിരുന്ന അനശ്വരനായ വി. സാംബശിവന്റെ പൂർണ്ണകായ പ്രതിമ അദ്ദേഹത്തിന്റെ മുഖ്യ കർമ്മ മണ്ഡലമായിരുന്ന കൊല്ലം നഗരത്തിൽ ഏതെങ്കിലും ഭാഗത്ത് സ്ഥാപിക്കണമെന്ന നിർദ്ദേശം സാംസ്കാരിക വകുപ്പിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) പ്രതിമ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലങ്ങൾ ഏതൊക്കെയെന്ന് വെളിപ്പെടുത്താമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ&ബി) വി. സാംബശിവന്റെ പ്രതിമ കൊല്ലം ജില്ലയിൽ സ്ഥാപിക്കാൻ സർക്കാർ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കൊല്ലത്ത് പ്രവർത്തിക്കുന്ന വി. സാംബശിവൻ ഫൗണ്ടേഷന്റെ സെക്രട്ടറിയുടെ 9-7-2016-ലെ നിവേദനം 762140 എന്ന തപാൽ നമ്പരായി സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ടി നിവേദനം സർക്കാരിൽ എ 2/234/2016/ സാം.കാ.വ. നമ്പർ ഫയലായി പരിശോധിച്ചുവരുന്നു. വി. സാംബശിവന് സ്മാരകം/പ്രതിമ നിർമ്മിക്കുന്നതിന് ധനസഹായം അനുവദിക്കുന്ന വിഷയം പരിശോധിക്കുന്നതിന് സ്മാരകം/പ്രതിമ നിർമ്മാണത്തിനുള്ള സ്ഥലവും അടിസ്ഥാന സൗകര്യങ്ങളും ഉറപ്പാക്കി വിശദമായ പ്ലാനും എസ്റ്റിമേറ്റും ബന്ധപ്പെട്ട രേഖകൾ സഹിതം സർക്കാരിൽ സമർപ്പിക്കുവാൻ കൊല്ലത്തെ വി.സാംബശിവൻ ഫൗണ്ടേഷൻ സെക്രട്ടറിയോട് 13-3-2017-ൽ അഭ്യർത്ഥിച്ചിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് സ്ഥല ലഭ്യതയ്ക്കനുസരിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്.

**അവശ കലാകാരന്മാരുടെ സംരക്ഷണം**

49 (2069) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ അവശ കലാകാരന്മാരെ സംരക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; ഈയിനത്തിൽ ഒരു വർഷം ചെലവഴിക്കുന്ന തുക എത്രയെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ കലാകാരന്മാരുടെ ക്ഷേമത്തിന് നിലവിലുണ്ടായിരുന്ന 750 രൂപ പെൻഷൻ വർദ്ധിപ്പിച്ച് പ്രതിമാസം 1,500 രൂപ വീതം പെൻഷനും കൂടാതെ ചികിത്സാ സഹായവും നൽകിവരുന്നു.

ഈയിനത്തിൽ കഴിഞ്ഞ വർഷം 3,75,24,000 രൂപ പെൻഷനായും 5,30,000 രൂപ ചികിത്സാ സഹായ ഇനത്തിലും നൽകിയിട്ടുണ്ട്.

## കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ കരാർ ജീവനക്കാർ

50 (2070) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ കരാർ ജീവനക്കാരെ ദിവസവേതന ക്കാരാക്കി മാറ്റുന്നതിനുള്ള സമ്മതപത്രം വാങ്ങിച്ചിട്ടുണ്ടോ;

(ബി) മൂന്ന് വർഷം മുമ്പ് എല്ലാ നടപടിക്രമങ്ങളും പാലിച്ച് തയ്യാറാക്കിയ റാങ്ക് പട്ടിക പ്രകാരം കരാറടിസ്ഥാനത്തിൽ നിയമിച്ച ജീവനക്കാരെ ദിവസവേതനാടി സ്ഥാനത്തിലേക്ക് മാറ്റിയത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെയും വിജ്ഞാന മുദ്രണം പ്രസ്സിലെയും 2017 ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിലായി ഒരു വർഷത്തേയ്ക്കുള്ള കരാർ കാലാവധി അവസാനിക്കുന്ന 17 ജീവനക്കാരുടെ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകേണ്ടതില്ലെന്ന് 13-3-2017-ലെ 45/C1/2017/സാം.കാ.വ. കത്തുപ്രകാരം സർക്കാർ നിർദ്ദേശം നൽകിയിരുന്നു. പുതിയ നിയമനം നിയമാനുസൃതം നടത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതും പുതിയ നിയമനം നടത്തുന്നതുവരെ താൽപ്പര്യമുള്ള മുൻ കരാർ ജീവനക്കാരെ അവരുടെ സമ്മതപ്രകാരം ദിവസ വേതനത്തിന് നിയോഗിച്ചിട്ടുള്ളതുമാകുന്നു.

## ബാബുരാജ് മ്യൂസിക്കൽ അക്കാദമി

51 (2071) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാബുരാജ് മ്യൂസിക്കൽ അക്കാദമി സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ബി) ആയതിന്റെ ഫയൽ ഇപ്പോൾ ഏത് ഘട്ടത്തിലാണ് വിശദമാക്കാമോ;

(സി) പ്രസ്തുത അക്കാദമി സ്ഥാപിക്കുന്നതിന് ഭൂമി ഏറ്റെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത അക്കാദമി എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കാൻ കഴിയും എന്ന് അറിയിക്കാമോ?

ഉത്തരം

(എ-ഡി) ബാബുരാജ് മ്യൂസിക്കൽ അക്കാദമി സ്ഥാപിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

**പണ്ഡിറ്റ് കറുപ്പൻ സ്മാരക നിർമ്മാണം**

52 (2072) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറായി പണ്ഡിറ്റ് കറുപ്പൻ സ്മാരക നിർമ്മാണത്തിന് സംസ്ഥാന ബജറ്റിൽ അനുവദിച്ച തുക സാംസ്കാരിക വകുപ്പിൽനിന്നും ലഭ്യമാക്കുന്നതിനായി പണ്ഡിറ്റ് കറുപ്പൻ സ്മാരക സമിതി സർക്കാരിൽ അപേക്ഷ നൽകിയിരുന്നോ എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷയിന്മേൽ സർക്കാർ സ്വീകരിച്ച തുടർ നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) തുക അനുവദിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സം നിലവിലുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ചെറായി പണ്ഡിറ്റ് കറുപ്പൻ സ്മാരക നിർമ്മാണത്തിന് 2016-17 സാമ്പത്തിക വർഷത്തിലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച 50 ലക്ഷം രൂപ ധനസഹായം അനുവദിക്കണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ടുള്ള പണ്ഡിറ്റ് കറുപ്പൻ സ്മാരക സമിതി ചെയർമാൻ/സെക്രട്ടറിയുടെ നിവേദനം സർക്കാരിൽ 29-3-2017 -ൽ 1330097/2017 നമ്പർ തപാലായി ലഭിച്ചിട്ടുണ്ട്.

(ബി&സി) ടി നിവേദനം സർക്കാരിൽ എ 2/104/2017/സാം.കാ.വ. നമ്പർ ഫയലായി പരിശോധിച്ചുവരുന്നു. ടി നിവേദനത്തിലെ ആവശ്യങ്ങൾ പരിഗണിക്കുന്നതിനായി ധനകാര്യ വകുപ്പിലേക്കയയ്ക്കുകയും ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടതനുസരിച്ച് കറുപ്പൻ സ്മാരക നിർമ്മാണത്തിന് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം സംബന്ധിച്ച വിശദ വിവരങ്ങൾ, കെട്ടിടം നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റും പ്ലാനും കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ സ്ഥാപനത്തിന് അനുവദിച്ചിരുന്ന ഗ്രാന്റിന്റെ വിനിയോഗ സർട്ടിഫിക്കറ്റ്, ഓഡിറ്റ് റിപ്പോർട്ട് എന്നിവ സർക്കാരിൽ ഹാജരാക്കുവാൻ പണ്ഡിറ്റ് കറുപ്പൻ സ്മാരക സമിതി സെക്രട്ടറിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

## പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് കലാ-സാഹിത്യ-സാംസ്കാരിക രംഗങ്ങളിൽ പ്രോത്സാഹനം

53(2073) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് കലാ, സാഹിത്യ, സാംസ്കാരിക രംഗങ്ങളിൽ മതിയായ അവസരങ്ങൾ ലഭിക്കുന്നില്ലെന്ന് കരുതുന്നുണ്ടോ;

(ബി) എങ്കിൽ കൂടുതൽ അവസരങ്ങൾ ലഭ്യമാകുന്ന തരത്തിൽ എന്തെല്ലാം പ്രോത്സാഹനങ്ങളാണ് നൽകി വരുന്നതെന്ന് വിശദമാക്കുമോ;

(സി) പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ടവരുടെ സാഹിത്യ സൃഷ്ടികൾ പ്രസിദ്ധികരിക്കുന്നതിനോ സിനിമ, നാടകം എന്നിവയ്ക്കോ ഏതെങ്കിലും തരത്തിലുള്ള സാമ്പത്തികസഹായം നൽകി വരുന്നുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് കലാസാഹിത്യ സംസ്കാരിക രംഗങ്ങളിൽ അവസരങ്ങൾ ലഭിക്കുന്നതിനായി എല്ലാ വർഷവും സംസ്ഥാനത്തെ 2 സ്ഥലങ്ങളിൽ 2 കലാമേളകൾ ഗദ്ദിക എന്ന പേരിൽ (10 ദിവസം വീതം) സംഘടിപ്പിക്കുന്നു. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പ് മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികൾക്കായി 'സർഗ്ഗോത്സവം' എന്ന കലാമേള സംഘടിപ്പിക്കുന്നുണ്ട്. കലാകായിക മേളകളിൽ മികവ് പുലർത്തുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക ക്യാഷ് അവാർഡ് അനുവദിച്ചു നൽകുന്നുണ്ട്. പട്ടികജാതി വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ പട്ടികവർഗ്ഗക്കാരെക്കൂടി ഉൾപ്പെടുത്തി സാഹിത്യ ശിൽപശാല എല്ലാ വർഷവും സംഘടിപ്പിക്കുന്നുണ്ട്. സംസ്ഥാന സ്കൂൾ കലോൽസവത്തിൽ പട്ടികവർഗ്ഗ വിഭാഗക്കാരുടെ തനത് നൃത്തരൂപങ്ങൾ പ്രദർശന ഇനമായി അവതരിപ്പിക്കുന്നുണ്ട്.

(സി) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ സാഹിത്യ സൃഷ്ടികൾ പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കുന്നതിന് 20,000 രൂപ സാമ്പത്തിക സഹായം അനുവദിക്കുന്നു. സിനിമ, നാടകം എന്നിവയ്ക്ക് സാമ്പത്തിക സഹായം നൽകുന്നില്ല.

## സാംസ്കാരിക സ്ഥാപനങ്ങൾക്ക് നൽകിയ ധനസഹായം

54 (2074) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സർക്കാർ, അർദ്ധ സർക്കാർ മേഖലയിലുള്ള സാംസ്കാരിക സ്ഥാപനങ്ങൾക്ക് നൽകിയ ധനസഹായങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) 2016-17 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ധനസഹായ തുക ചെലവഴിക്കപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) കുഞ്ചൻ സ്മാരകത്തിന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലഭ്യമാക്കിയ ധനസഹായങ്ങളുടെ വിശദാംശം നൽകുമോ?

### ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ, അർദ്ധസർക്കാർ മേഖലയിലുള്ള സാംസ്കാരിക സ്ഥാപനങ്ങൾക്ക് നൽകിയ ധനസഹായങ്ങളുടെയും സ്ഥാപനങ്ങൾ ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുഞ്ചൻ സ്മാരകത്തിന് താഴെപ്പറയുന്ന ധനസഹായം അടിസ്ഥാന സൗകര്യവികസനത്തിനും സാംസ്കാരിക പ്രവർത്തനത്തിനും അനുവദിച്ചിട്ടുണ്ട്:

1. 10-1-2017 ലെ സ.ഉ. (സാധാ) നമ്പർ 8/2017/സാം.കാ.വ. പ്രകാരം 10 ലക്ഷം രൂപ.
2. 18-3-2017-ലെ സ.ഉ. (സാധാ) നമ്പർ 174/2017/സാം.കാ.വ. പ്രകാരം 13.94 ലക്ഷം രൂപ.
3. 29-3-2017-ലെ സ.ഉ. (സാധാ) നമ്പർ 251/2017/സാം.കാ.വ. പ്രകാരം 25 ലക്ഷം രൂപ.

കൂടാതെ സാംസ്കാരിക വകുപ്പദ്ധ്യക്ഷൻ 2205-00-102-98-36 (NP) എന്ന ശീർഷകത്തിൽനിന്നും നാല് ലക്ഷം രൂപ ആവർത്തന ഗ്രാന്റായി അനുവദിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട എഴുത്തുകാരുടെ പുസ്തക പ്രസിദ്ധീകരണം

55 (2075) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട എഴുത്തുകാരുടെ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് സാമ്പത്തിക സഹായങ്ങൾ നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇല്ലെങ്കിൽ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്ന പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പിൽ നിലവിലില്ല.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട എഴുത്തുകാരുടെ സാഹിത്യകൃതികൾ പ്രസിദ്ധീകരിക്കുന്നതിന് വകുപ്പിൽനിന്നും പരമാവധി 20,000 രൂപ അല്ലെങ്കിൽ പ്രസ്തുത കൃതിയുടെ 1000 കോപ്പി അച്ചടിക്കുന്നതിനുള്ള ചെലവ് ഇതിൽ ഏതാണോ കുറവ് അപ്രകാരമുള്ള തുക ധനസഹായമായി നൽകിവരുന്നു.

(ബി) പ്രസിദ്ധീകരണ യോഗ്യമായ കൃതികൾ പുസ്തകമാക്കി പ്രസിദ്ധീകരിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പിൽ പ്രൊപ്പോസലുകൾ ലഭിക്കുകയാണെങ്കിൽ ധനസഹായം അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## കലാഭവൻ മണിയുടെ പേരിൽ പഠന പരിശീലന കേന്ദ്രം

56(2076) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാടൻപാട്ട് എന്ന കലാരൂപത്തെ ഏറ്റവും ജനകീയമാക്കി മാറ്റിയ കലാഭവൻ മണിയുടെ പേരിൽ നാടൻപാട്ടിനായി ഒരു പഠന പരിശീലന, ഗവേഷണ കേന്ദ്രം/അക്കാദമി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

കേരള ഫോക്‌ലോർ അക്കാദമിയുടെ ഉപകേന്ദ്രമായി ചാലക്കുടിയിൽ കലാഭവൻ മണി സ്മാരകം സ്ഥാപിക്കുന്നതിന്, കേരള ഫോക്‌ലോർ അക്കാദമിക്ക് 2016-2017-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി സാംസ്കാരിക വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എങ്കിലും സ്മാരക

നിർമ്മാണത്തിനാവശ്യമായ സ്ഥലവും ഭൗതിക സാഹചര്യങ്ങളും ലഭ്യമല്ലാത്ത സാഹചര്യത്തിൽ 2016-17 സാമ്പത്തിക വർഷം തുക അനുവദിച്ചിരുന്നില്ല. പ്രസ്തുത സ്മാരകത്തിൽ നാടൻപാട്ടുകളുടെ സംരക്ഷണത്തിനും പ്രചരണത്തിനും വേണ്ടി ഒരു ഉപകേന്ദ്രവും ഈ ഉപകേന്ദ്രത്തോട് ചേർന്ന് ഇന്ത്യയിലെ മുഴുവൻ സംസ്ഥാനങ്ങളിലെയും  നാടൻ സംഗീത ഉപകരണങ്ങളുടെ ഒരു മ്യൂസിയവും നാടൻപാട്ടുകൾ ഡോക്യുമെന്റ് ചെയ്യുന്നതിനാവശ്യമായ സ്റ്റുഡിയോയും (ഒരു സൗണ്ട് റെക്കോർഡിംഗ് സ്റ്റുഡിയോ), ഡിജിറ്റൽ ആർക്കൈവ്സ് എന്നിവ സ്ഥാപിക്കുന്നതിനുവേണ്ടി കേരള ഫോക്‌ലോർ അക്കാദമി ഉദ്ദേശിക്കുന്നുണ്ട്. ചാലക്കുടിയിൽ കലാഭവൻ മണി സ്മാരകം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സ്മാരകത്തിനായുള്ള സ്ഥലവും  മറ്റ് അടിസ്ഥാന സൗകര്യങ്ങളും അടിയന്തരമായി ലഭ്യമാക്കുന്നതിന് നടപടി ത്വരിതപ്പെടുത്താൻ കേരള ഫോക്‌ലോർ അക്കാദമി സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## വാമനപുരം നിയോജകമണ്ഡലത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് നടത്തിയ പ്രവർത്തനങ്ങൾ

57(2077) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് 2016-17-ൽ വാമനപുരം നിയോജകമണ്ഡലത്തിൽ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിവരിക്കാമോ;

(ബി) ഇതിനായി ചെലവഴിച്ച ഫണ്ട് എത്ര എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് വാമനപുരം നിയോജകമണ്ഡലത്തിൽപ്പെട്ട വെഞ്ഞാറമൂട് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ സ്കൂൾ സെമിനാറും കല്ലറ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ പാർലമെന്ററി ലിറ്ററസി ക്ലബ് സംസ്ഥാനതല ഉദ്ഘാടനവും ബി.ആർ.എം.എച്ച്.എസ്.എസ്. എലവട്ടം സ്കൂളിൽ  പാർലമെന്ററി ലിറ്ററസി ക്ലബ്ബും ഗവൺമെന്റ് എച്ച്.എസ്. ഭരതന്നൂർ, ബി.ആർ.എം.എച്ച്.എസ്.എസ്. എലവട്ടം എന്നീ സ്കൂളുകളിൽ യൂത്ത് പാർലമെന്റ് മത്സരങ്ങളും സംഘടിപ്പിച്ചിട്ടുണ്ട്.

(ബി) യൂത്ത് പാർലമെന്റ് മത്സരം, സ്കൂൾ സെമിനാർ, പാർലമെന്ററി ലിറ്ററസി ക്ലബ് എന്നിവ സംഘടിപ്പിച്ച വകയിൽ മേൽ പരാമർശിച്ചിട്ടുള്ള സ്കൂളുകൾക്ക് ആകെ 59,850 രൂപ അനുവദിച്ചിട്ടുണ്ട്.

## സ്കൂളുകൾ കേന്ദ്രീകരിച്ച് പാർലമെന്ററികാര്യ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ

58(2078) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്നതിനും ജനാധിപത്യ അവബോധം സൃഷ്ടിക്കുന്നതിനുമായി സ്കൂളുകൾ കേന്ദ്രീകരിച്ച് എന്തെല്ലാം പ്രവർത്തനങ്ങളാണ് കഴിഞ്ഞവർഷം പാർലമെന്ററി കാര്യവകുപ്പ് നടത്തിയതെന്ന് വിശദമാക്കാമോ;

(ബി) കോഴിക്കോട് ജില്ലയിൽ ഏതെല്ലാം വിദ്യാലയങ്ങളിൽ ഇതിന്റെ ഭാഗമായി പരിശീലനം നടന്നുവെന്നും പരിശീലനത്തിനായി ഓരോ വിദ്യാലയത്തിലും എത്ര തുക വീതം ചെലവഴിച്ചുവെന്നും വിശദമാക്കുമോ?

ഉത്തരം

(എ) പാർലമെന്ററികാര്യ വകുപ്പിന് കീഴിലുള്ള പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് വിവിധ സെമിനാറുകൾ സംഘടിപ്പിക്കുകയും യൂത്ത് പാർലമെന്റ് മത്സരങ്ങൾ, പാർലമെന്ററി ലിറ്ററസി ക്ലബ്, ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ് എന്നിവ രൂപീകരിച്ച് കുട്ടികളിൽ ജനാധിപത്യബോധം സൃഷ്ടിക്കുന്നതിനും ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി) കോഴിക്കോട് ജില്ലയിൽ പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് 2016-17 വർഷത്തിൽ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് നടത്തിയ പരിശീലന പരിപാടികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

## സിനിമാ പ്രദർശന കേന്ദ്രങ്ങൾ

59 (2079) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിൽ ഇപ്പോൾ എത്ര സിനിമാ പ്രദർശന കേന്ദ്രങ്ങൾ നിലവിലുണ്ട് എന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ഇവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

സംസ്ഥാനത്ത് നിലവിൽ 583 സിനിമാ തിയേറ്ററുകൾ ഉണ്ട്. ഇതിൽ പ്രവർത്തനക്ഷമമായവ 570 ആണ്.

ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| | |
|---|---|
| തിരുവനന്തപുരം | 58 |
| കൊല്ലം | 37 |
| പത്തനംതിട്ട | 16 |
| ആലപ്പുഴ | 27 |
| കോട്ടയം | 32 |
| എറണാകുളം | 80 |
| ഇടുക്കി | 08 |
| തൃശ്ശൂർ | 55 |
| പാലക്കാട് | 73 |
| മലപ്പുറം | 67 |
| കോഴിക്കോട് | 45 |
| വയനാട് | 15 |
| കണ്ണൂർ | 35 |
| കാസർഗോഡ് | 22 |
| ആകെ | 570 |

**സർക്കാർ ഉടമസ്ഥതയിൽ ഗ്രാമീണ മിനി തിയേറ്ററുകൾ**

60 (2080) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകോത്തര സിനിമകൾ ഗ്രാമീണ ജനതയെ പരിചയപ്പെടുത്തുന്നതിനും സിനിമാ ആസ്വാദനവും ചർച്ചയും നടത്തുന്നതിനും വേണ്ടി സർക്കാർ ഉടമസ്ഥതയിൽ ഗ്രാമീണ മിനി തിയേറ്ററുകളും ഓപ്പൺ ഫോറത്തിനുള്ള വേദികളും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ;

(ബി) ഗ്രാമീണ മേഖലയിലെ സാംസ്കാരിക നിലയങ്ങൾ, കമ്മ്യൂണിറ്റി ഹാളുകൾ, ഓപ്പൺ എയർ ഓഡിറ്റോറിയം എന്നിവ ഇതിനുവേണ്ടി ഉപയോഗ പ്പെടുത്തുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) നല്ല സിനിമകളുടെ പ്രദർശനത്തിനായി ഗ്രാമീണ മേഖലയിലുൾപ്പെടെ കേരളത്തിലുടനീളം സിനിമാ തിയേറ്ററുകൾ നിർമ്മിക്കുന്നതിന് സർക്കാർ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. കിഫ്ബി ഫണ്ടുപയോഗിച്ച് കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ 100 കോടി രൂപ ചെലവിൽ ഈ വർഷംതന്നെ ആകെ 25 സ്ക്രീനുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമേ സ്വകാര്യ പങ്കാളിത്തത്തോടെ തിയേറ്ററുകൾ സ്ഥാപിക്കാനുള്ള സാദ്ധ്യതയും ആലോചിക്കുന്നുണ്ട്.

(ബി) ഇക്കാര്യം പരിഗണനയിലില്ല.

**ചിത്രാഞ്ജലി സ്റ്റുഡിയോയുടെ വികസനം**

61 (2081) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിത്രാഞ്ജലി സ്റ്റുഡിയോയുടെ വികസനത്തിന് പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ നവീകരണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പദ്ധതി പരിഗണനയിൽ ഉണ്ടോ; എങ്കിൽ വിശദികരിക്കാമോ?

ഉത്തരം

(എ&ബി) 150 കോടി രൂപയുടെ കിഫ്ബി ഫണ്ടുപയോഗിച്ച് ചിത്രാഞ്ജലി സ്റ്റുഡിയോ ഫിലിം സിറ്റി ആയി വികസിപ്പിക്കുന്ന ബൃഹത് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ Detailed Project Report (DPR) തയ്യാറാക്കുന്നതിനുള്ള കൺസൾട്ടന്റിനെ നിയമിക്കുവാനായി Request for proposals (RFP) ക്ഷണിച്ചിട്ടുണ്ട്.

## കായംകുളത്ത് മൾട്ടിപ്ലക്സ് തിയേറ്റർ നിർമ്മാണം

62 (2082) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം നഗരസഭ പ്രദേശത്ത് മൾട്ടിപ്ലക്സ് തിയേറ്ററിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളുടെ നിലവിലുള്ള പുരോഗതി വിശദമാക്കാമോ?

ഉത്തരം

കായംകുളം നഗരസഭ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് തിയേറ്റർ നിർമ്മാണത്തിന് നൽകാൻ നിർദ്ദേശിച്ചിരിക്കുന്ന സ്ഥലം കൈമാറുന്നതിലേയ്ക്കായുള്ള കരട് എഗ്രിമെന്റ് കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ അംഗീകരിച്ച് തുടർ നടപടികൾക്കായി നഗരസഭയ്ക്ക് നൽകിയിട്ടുണ്ട്. നഗരസഭയും കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനും എഗ്രിമെന്റിൽ ഏർപ്പെട്ടുകഴിഞ്ഞാൽ കിഫ്ബിയുടെ ചട്ടപ്രകാരം തിയേറ്റർ നിർമ്മാണവുമായി ബന്ധപ്പെട്ട അനന്തരനടപടികൾ സ്വീകരിക്കുന്നതാണ്.

## പയ്യന്നൂരിൽ തിയേറ്റർ നിർമ്മിക്കുന്നതിന് നടപടി

63 (2083) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ പയ്യന്നൂരിൽ തിയേറ്റർ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ തിയേറ്റർ നിർമ്മിക്കുന്നതിനുള്ള നടപടിക്രമം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(സി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് തീയേറ്റർ നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പയ്യന്നൂർ നഗരസഭ കൗൺസിൽ തിയേറ്റർ നിർമ്മാണത്തിന് നിർദ്ദേശിച്ചിരിക്കുന്ന സ്ഥലം കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ഉദ്യോഗസ്ഥ സംഘം സന്ദർശിച്ച് തിയേറ്റർ നിർമ്മാണത്തിന്റെ സാദ്ധ്യത വിലയിരുത്തിവരുന്നു.

(ബി) പയ്യന്നൂർ നഗരസഭ സ്ഥലം വിട്ടുനൽകുന്നതിനുള്ള സമ്മതപത്രം കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് കൈമാറിയിട്ടുണ്ട്. ഇനി നഗരസഭയുമായി കരാർ വയ്ക്കേണ്ടതുണ്ട്. കിഫ്ബി ഫണ്ടുപയോഗിച്ച് തിയേറ്റർ സമുച്ചയം നിർമ്മിക്കുന്ന പദ്ധതിയിൽ ടി സ്ഥലവും ഉൾപ്പെടുത്തിയിട്ടുണ്ട്. കിഫ്ബി മാനദണ്ഡപ്രകാരം പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) ഈ സാമ്പത്തിക വർഷത്തിന്റെ രണ്ടാം പാദത്തിൽ നിർമ്മാണം ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**കേരള ചലച്ചിത്ര അക്കാദമിയുടെ പ്രവർത്തനങ്ങൾ**

64 (2084) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> :

<u>ശ്രീ. സി. കെ. നാണു</u> :

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ചലച്ചിത്ര അക്കാദമി അടുത്ത സാമ്പത്തിക വർഷം ഏതൊക്കെ ഫിലിം ഫെസ്റ്റിവലുകളാണ് സംഘടിപ്പിക്കാനുദ്ദേശിക്കുന്നതെന്നും ഇതിലേക്ക് ചിത്രങ്ങൾ തെരെഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡമെന്താണെന്നും വ്യക്തമാക്കുമോ;

(ബി) ചലച്ചിത്ര അക്കാദമി ഫിലിം ക്ലബ്ബുകൾക്ക് ഫണ്ട് നൽകുന്നതിന്റെ മാനദണ്ഡമെന്താണ്; പ്രാദേശിക ഫിലിം ക്ലബുകൾക്ക് മറ്റെന്തൊക്കെ സഹായങ്ങളാണ് അക്കാഡമി നൽകുന്നത്;

(സി) ഫിലിം ആസ്വാദനവുമായി ബന്ധപ്പെട്ട് അക്കാദമി എന്തെങ്കിലും കോഴ്സുകൾ നടത്തുന്നുണ്ടോ; സ്കൂൾ-കോളേജ് തലങ്ങളിൽ ഫിലിം ആസ്വാദനം പ്രോത്സാഹിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്;

(ഡി) സിനിമ വ്യവസായം സംസ്ഥാനത്തിന് നൽകുന്ന റവന്യൂ വരുമാനം എത്രയെന്ന് അറിയാമോ; എങ്കിൽ വ്യക്തമാക്കാമോ;

(ഇ) സിനിമ വ്യവസായംമൂലം സാങ്കേതികവും അല്ലാത്തതുമായി സംസ്ഥാനത്ത് സൃഷ്ടിക്കപ്പെടുന്ന തൊഴിലവസരങ്ങൾ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) ചലച്ചിത്ര അക്കാദമി നടപ്പുവർഷം (2017-18) ജൂൺ 16 മുതൽ 20 വരെ തിരുവനന്തപുരത്ത് കൈരളി, ശ്രീ-നിള തിയേറ്ററുകളിൽ 10-ാമത് രാജ്യാന്തര ഡോക്യുമെന്ററി ഹ്രസ്വ ചിത്രമേള സംഘടിപ്പിക്കുന്നതാണ്. ഡിസംബർ 8 മുതൽ 15 വരെ 22-ാമത് രാജ്യാന്തര ചലച്ചിത്രമേള നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ഈ രണ്ട് മേളകളിലും എൻട്രികൾ ക്ഷണിച്ച് തെരഞ്ഞെടുക്കപ്പെടുന്ന ചിത്രങ്ങളാണ് പ്രദർശിപ്പിക്കുക. ചലച്ചിത്ര മേഖലയിലെ പ്രമുഖർ അടങ്ങുന്ന ജൂറിയാണ് രണ്ട് മേളകളിലേയ്ക്കും ചിത്രങ്ങൾ തെരഞ്ഞെടുക്കുന്നത്. ഇതിനുപുറമേ കുട്ടികളുടെ ചലച്ചിത്രോത്സവം, നാഷണൽ ഫിലിം ഫെസ്റ്റിവൽ, 2 പ്രാദേശിക ചലച്ചിത്ര മേള എന്നിവ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. 2018-ൽ മലയാള സിനിമയുടെ നവതി ആഘോഷത്തെ തുടർന്ന് വിപുലമായ പരിപാടികൾ നടത്തുന്ന വിഷയം പരിഗണനയിലുണ്ട്.

(ബി) നല്ല സിനിമകളെ പ്രേക്ഷകരിൽ എത്തിക്കുന്നതിന്റെ ഭാഗമായി ഫിലിം ക്ലബ്ബുകൾ നൽകുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ ഭരണസമിതിയുടെ അംഗീകാരത്തിന് വിധേയമായി സാമ്പത്തിക സഹായം നൽകിവരുന്നു. ഇതിനായി അക്കാദമി സിനിമകളുടെ ഡി.വി.ഡി.-യും ടെക്നിക്കൽ സൗകര്യവും നൽകിവരുന്നു.

(സി) അവധിക്കാലത്ത് ഹൈസ്കൂൾ കുട്ടികൾക്കായി 5 ദിവസം നീണ്ടുനിൽക്കുന്ന സിനിമാ ആസ്വാദന ക്യാമ്പ് കേരളത്തിലെ മൂന്ന് മേഖലകളിലായി നടത്തിവരുന്നു. കൂടാതെ സ്കൂൾ, കോളേജ് തലങ്ങളിൽ അവരുടെ ആവശ്യപ്രകാരം നല്ല സിനിമകൾ പ്രദർശിപ്പിച്ചുവരുന്നു.

(ഡി&ഇ) ഇതുസംബന്ധിച്ച ക്രോഡീകരിച്ച വിവരം ലഭ്യമല്ല.

## വിദ്യാർത്ഥികൾക്ക് ചലച്ചിത്ര രംഗത്ത് അഭിരുചി ഉണ്ടാക്കുന്നതിനുള്ള പദ്ധതികൾ

65(2085) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികൾക്ക് ചലച്ചിത്ര രംഗത്ത് അഭിരുചി ഉണ്ടാക്കുന്നതിനും അഭിനയം, തിരക്കഥ, സംവിധാനം, ഫോട്ടോഗ്രഫി തുടങ്ങിയവയിലെ കഴിവുകൾ വിലയിരുത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും സംസ്ഥാന ചലച്ചിത്ര അക്കാഡമിയോ സർക്കാരോ ഏതെങ്കിലും തരത്തിലുള്ള പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ;

(ബി) സ്കൂളുകളിൽ സിനിമാ ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും വിദ്യാർത്ഥികളുടെ പങ്കാളിത്തത്തോടെ സിനിമകൾ നിർമ്മിക്കുന്നതിനും ഏതെങ്കിലും തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന് തയ്യാറാകുമോ;

(സി) സംസ്ഥാന ചലച്ചിത്ര അക്കാഡമിയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനും കൂടുതൽ പദ്ധതികളും പരിപാടികളും സംഘടിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) വിദ്യാർത്ഥികൾക്ക് ചലച്ചിത്ര രംഗത്ത് അഭിനയം, ഫോട്ടോഗ്രാഫി, തിരക്കഥ തുടങ്ങിയ മേഖലകളിൽ അഭിരുചി വളർത്തുന്നതിന് അവധിക്കാലത്ത് ഹൈസ്കൂൾ കുട്ടികൾക്കായി 5 ദിവസം നീണ്ടുനിൽക്കുന്ന സിനിമാ ആസ്വാദന ക്യാമ്പ് കേരളത്തിലെ മൂന്ന് മേഖലകളിലായി ചലച്ചിത്ര അക്കാദമി നടത്തിവരുന്നു. കൂടാതെ സ്കൂൾ, കോളേജ് തലങ്ങളിൽ അവരുടെ ആവശ്യപ്രകാരം നല്ല സിനിമകൾ പ്രദർശിപ്പിച്ചുവരുന്നു.

(ബി) ഇതിനായി ഇപ്പോൾ പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല.

(സി) പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

**മീൻവല്ലം ടൂറിസം പദ്ധതി**

66 (2086) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര വനം-പരിസ്ഥിതി വകുപ്പ് മന്ത്രാലയത്തിൽ നിന്നുള്ള തടസ്സം ഉന്നയിച്ച് വനം വകുപ്പ് പാലക്കാട്ടെ മീൻവല്ലം ടൂറിസം പദ്ധതിക്കടക്കം തടസ്സവാദങ്ങൾ ഉന്നയിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദ വിവരങ്ങൾ നൽകുമോ;

(ബി) ടൂറിസം വകുപ്പും വനം വകുപ്പും തമ്മിൽ ഉഭയകക്ഷി ചർച്ച നടത്തി പദ്ധതികൾക്കുള്ള കാലതാമസം ഒഴിവാക്കുവാൻ കഴിയുന്ന തരത്തിൽ ഒരു കമ്മറ്റിക്ക് രൂപം നൽകുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിൽ മീൻവല്ലം ഇക്കോടൂറിസം നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നു.

(ബി) മേൽ ഉത്തരവിന്റെ വെളിച്ചത്തിൽ ബാധകമല്ല.

## ജൈവ വൈവിദ്ധ്യ സംരക്ഷണത്തിനായി പദ്ധതി

67 (2087) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. പി. ടി. എ. റഹീം :
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൈവ വൈവിദ്ധ്യ സംരക്ഷണത്തിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ടോ;

(ബി) വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന വൃക്ഷ-ലതാദികളുടെയും ജന്തുജാലങ്ങളുടെയും സംരക്ഷണത്തിന് വേണ്ടി എന്തെല്ലാം പരിപാടികളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(സി) ജൈവ വൈവിദ്ധ്യ സംരക്ഷണവുമായി ബന്ധപ്പെട്ട ഇക്കോ കേഡറ്റ്സ്, കുരുവിക്ക് ഒരു കൂട് എന്നീ പരിപാടികൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി പ്രകൃതി മിത്ര അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ) വനങ്ങളിൽ ജൈവവൈവിദ്ധ്യം സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനുമായി താഴെപ്പറയുന്ന പദ്ധതികൾ വനം വകുപ്പ് നടപ്പിലാക്കി വരുന്നു:

1. 15 വന്യജീവി സങ്കേതങ്ങൾ, 5 ദേശീയോദ്യാനങ്ങൾ, ഒരു കമ്മ്യൂണിറ്റി റിസർവ് എന്നിവയുടെ സംരക്ഷണവും പരിപാലനവും.
2. പെരിയാർ ടൈഗർ റിസർവ്, പറമ്പിക്കുളം ടൈഗർ റിസർവ് എന്നീ ടൈഗർ റിസർവ്വുകളുടെ സംരക്ഷണവും പരിപാലനവും.
3. ആനകളുടെ പ്രത്യേക സംരക്ഷണത്തിനായി "പ്രൊജക്ട് എലിഫന്റ്" പദ്ധതി.
4. ജൈവവൈവിദ്ധ്യ മേഖലകളായി യുനെസ്കോ (UNESCO) കണ്ടെത്തിയ നീലഗിരി ബയോസ്ഫിയർ, അഗസ്ത്യമല ബയോസ്ഫിയർ എന്നീ റിസർവ്വുകളുടെ സംരക്ഷണവും പരിപാലനവും.

വനേതര പ്രദേശങ്ങളിൽ ജൈവവൈവിദ്ധ്യം സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനുമായി താഴെപ്പറയുന്ന പദ്ധതികൾ വനം വകുപ്പ് നടപ്പിലാക്കിവരുന്നു:

1. സംരക്ഷിത മേഖലയ്ക്ക് പുറത്തുള്ള സ്വാഭാവിക വനങ്ങളിലെ ജൈവ വൈവിദ്ധ്യ സംരക്ഷണം.

2. വനത്തിന് പുറത്തുള്ള കാവുകൾ, കണ്ടൽക്കാടുകൾ എന്നിവയുടെ പരിപാലനം.

3. സാമൂഹ്യ വനവൽക്കരണ വിഭാഗത്തിൽ 'ഹരിത കേരളം' പദ്ധതി പ്രകാരമുള്ള വൃക്ഷത്തൈ വിതരണവും വച്ചുപിടിപ്പിക്കലും കുരുവിക്കൊരു കൂട്, വനമിത്ര/പ്രകൃതി മിത്ര അവാർഡുകൾ, സിറ്റിസൺ കൺസർവേറ്റർ പദ്ധതി, വന ദീപ്തി പദ്ധതി, നഗര ഹരിതവൽക്കരണം പദ്ധതി, അവബോധന ക്ലാസുകൾ, കുട്ടിവനം പദ്ധതി, നക്ഷത്ര വനം പദ്ധതി, ഔഷധത്തോട്ടം പദ്ധതി, കടലാമ സംരക്ഷണം, പക്ഷി സംരക്ഷണം മുതലായ ജൈവവൈവിദ്ധ്യ സംരക്ഷണം.

4. പ്രക്ഷീണ വനങ്ങളുടേയും അതോടുചേർന്ന വനേതര ലാന്റ്സ്കേപ്പിന്റേയും പുനരുദ്ധാരണവും പരിചരണവും ലക്ഷ്യമാക്കിയിട്ടുള്ള 'ഹരിത ഭാരത ദൗത്യം' (ഗ്രീൻ ഇന്ത്യാ മിഷൻ) പദ്ധതി.

(ബി) ഹരിത ഭാരത ദൗത്യത്തിൽ വനമേഖലയെ വിവിധ വാട്ടർ ഷെഡ്ഡുകളായി തിരിച്ച് സംരക്ഷിക്കപ്പെടേണ്ടുന്ന, വംശനാശം നേരിടുന്നതും അല്ലാത്തതുമായ വൃക്ഷലതാദികളുടെയും ജന്തുജാലങ്ങളുടേയും സംരക്ഷണത്തിനു വേണ്ടി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന വൃക്ഷലതാദികളുടെ സംരക്ഷണത്തിനായി വൃക്ഷ തൈകൾ നട്ടുപിടിപ്പിച്ച് വിതരണം ചെയ്തുവരുന്നു. വംശനാശം സംഭവിച്ചു കൊണ്ടിരിക്കുന്ന ജന്തുജാലങ്ങളുടെ സംരക്ഷണത്തിനുവേണ്ടി "കുരുവിക്കൊരു കൂട്" എന്ന പദ്ധതിയും കടലാമ സംരക്ഷണ പ്രവർത്തനങ്ങളും ഏറ്റെടുത്തു നടപ്പിലാക്കി വരുന്നു. വനത്തിനുള്ളിൽ ജലസ്രോതസ്സുകൾ സംരക്ഷിച്ചും വന്യജീവികൾക്ക് ആവശ്യമായ വൃക്ഷങ്ങളുടേയും ചെടികളുടേയും വളർച്ച പ്രോത്സാഹിപ്പിച്ചും അനാവശ്യമായ കളകളെ ഒഴിവാക്കുന്നതിനുള്ള വിവിധ പരിപാടികൾ പദ്ധതി പ്രവർത്തനത്തിന്റെ ഭാഗമായും ഗ്രീൻ ഇന്ത്യാ മിഷന്റെ ഭാഗമായി പ്രത്യേകമായും നടത്തിവരുന്നു.

(സി) ജൈവവൈവിദ്ധ്യ സംരക്ഷണവുമായി ബന്ധപ്പെട്ട ഇക്കോ കേഡറ്റ്സ്, കുരുവിയ്ക്കൊരു കൂട് എന്നീ പരിപാടികൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) മിഷൻ 676 പദ്ധതി പ്രകാരം ഓരോ പഞ്ചായത്തിലും ജൈവവൈവിദ്ധ്യ സംരക്ഷണത്തിനായി പ്രവർത്തിക്കുന്ന ഒരു വ്യക്തിയെ പഞ്ചായത്ത് തലത്തിൽ തെരഞ്ഞെടുത്ത് 2,000 രൂപയും പ്രശസ്തിപത്രവുമടങ്ങുന്ന പ്രകൃതി മിത്ര അവാർഡ് 2014-15 വർഷത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.

**വനാതിർത്തി സംരക്ഷിക്കുന്നതിന് പദ്ധതികൾ**

68 (2088) ശ്രീ. പി. ടി. തോമസ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. അനിൽ അക്കര :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനാതിർത്തി സംരക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്, വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് വനാതിർത്തി വേർതിരിക്കുന്നതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിവരിക്കുമോ;

(സി) വനമേഖലയിൽ കയ്യേറ്റം തടയുന്നതിനും വനപ്രദേശങ്ങൾ സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം?

ഉത്തരം

(എ) സംസ്ഥാനത്ത് വനാതിർത്തി സംരക്ഷിക്കുന്നതിന് സർവ്വേ നടത്തി അതിരുകൾ നിർണ്ണയിച്ച് കയ്യാലകൾ/ജണ്ടകൾ/മുള്ളുവേലികൾ എന്നിവ സ്ഥാപിച്ചുവരുന്നു.

(ബി) കേരളത്തിലെ വനാതിർത്തികളിൽ സ്ഥിരം ജണ്ട നിർമ്മിച്ചാണ് സ്വകാര്യഭൂമിയിൽനിന്നും വേർതിരിക്കുന്നത്. ഇത്തരത്തിൽ സ്ഥാപിക്കേണ്ട ജണ്ടകളുടെ എണ്ണം, ജണ്ട സ്ഥാപിക്കേണ്ട സ്ഥലം എന്നീ വിവരങ്ങൾ റെയിഞ്ച്/ഡിവിഷൻ തലങ്ങളിൽ നിർണ്ണയിച്ച് ആയത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വനാതിർത്തി വേർതിരിക്കുന്നതിനായി 2017-18 വർഷാരംഭത്തിൽ 41000-ത്തോളം ജണ്ടകൾ സ്ഥാപിക്കേണ്ടതായി കണക്കാക്കിയിട്ടുണ്ട്. വനാതിർത്തി പൂർണ്ണമായും ജണ്ട സ്ഥാപിച്ച് വേർതിരിക്കുന്നതിലേയ്ക്കായി അവശേഷിക്കുന്ന ജണ്ടനിർമ്മാണം, വർഷം തിരിച്ച് സ്ഥാപിക്കേണ്ട ജണ്ടകളുടെ എണ്ണം നിശ്ചയിച്ച് തുടർനടപടി റെയിഞ്ച്/ഡിവിഷൻ തലങ്ങളിൽ സ്വീകരിച്ചു വരുന്നു. വനാതിർത്തി കണ്ടെത്തുന്നതിനുള്ള സർവ്വേ ജോലികളിലെ കാലതാമസം

ഒഴിവാക്കുന്നതിനായി 120 വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് മൂന്നുമാസത്തെ സർവ്വേ പരിശീലനം നൽകി ഇവരുടെ സേവനം ഉപയോഗിച്ചുവരുന്നുണ്ട്. ഈ പ്രവൃത്തിക്ക് ആവശ്യമായ ഫണ്ടും ലഭ്യമായിട്ടുണ്ട്. ജണ്ട നിർമ്മാണത്തിന്റെ പുരോഗതി വിലയിരുത്തുന്നതിലേയ്ക്കായി ഡീമാർക്കേഷൻ ഓഫ് ഫോറസ്റ്റ് ബൗണ്ടറീസ് എന്ന പ്രത്യേക മോഡ്യൂൾ തയ്യാറാക്കി സർക്കിൾ, ഹെഡ്ക്വാർട്ടേഴ്സ്, സർക്കാർ തലത്തിൽ പ്രതിമാസ അവലോകനം നടത്തിവരുന്നു.

(സി) വനമേഖലയിൽ കയ്യേറ്റം തടയുന്നതിനും വനപ്രദേശങ്ങൾ സംരക്ഷിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. വനം കയ്യേറ്റങ്ങൾ തടയുന്നതിനായി വനാതിർത്തികളിൽ ജണ്ടകളും കയ്യാലകളും നിർമ്മിച്ചും ഫീൽഡ് പട്രോളിംഗുകൾ യഥാസമയം നടത്തിയും വനസംരക്ഷണ സമിതികൾ മുഖേന ബോധവൽക്കരണം സംഘടിപ്പിച്ചും നടപടികൾ സ്വീകരിച്ചുവരുന്നു. പുതുതായി ശ്രദ്ധയിൽവരുന്ന വനം കയ്യേറ്റങ്ങൾ അപ്പപ്പോൾത്തന്നെ ഒഴിപ്പിക്കാറുണ്ട്. അനധികൃത വനം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരവും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## വനം വകുപ്പിന് കീഴിലുള്ള വിവിധ തസ്തികകളിലേയ്ക്ക് പട്ടിക വർഗ്ഗ വിഭാഗത്തിൽനിന്ന് പ്രത്യേക നിയമനം

69 (2089) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനസംരക്ഷണത്തിനായി വനം വകുപ്പിനുകീഴിലുള്ള വിവിധ തസ്തികകളിലേക്ക് പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്ന് പ്രത്യേക നിയമനം നടത്താൻ തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ എതെല്ലാം തസ്തികകളിലേക്കാണ് ഇത്തരത്തിൽ പ്രത്യേക നിയമനം നടത്താൻ ഉദ്ദേശിക്കുന്നത്; ഓരോ തസ്തികളിലെയും എത്ര ഒഴിവുകൾ ഇത്തരത്തിൽ നികത്താനാണ് തീരുമാനിച്ചിട്ടുള്ളത്;

(സി) പട്ടികവർഗ്ഗ വിഭാഗങ്ങളിൽ ഉൾപ്പെട്ട നിലവിൽ വനം വകുപ്പിന്റെ വിവിധ തസ്തികകളിൽ താത്കാലിക അടിസ്ഥാനത്തിലും കരാർ അടിസ്ഥാനത്തിലും സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് ഈ നിയമനങ്ങളിൽ എന്തെങ്കിലും മുൻഗണന നൽകാൻ ഉദ്ദേശിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) തീരുമാനമെടുത്തിട്ടില്ല.

(ബി&സി) 'എ' പിരിവിനുള്ള ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

**വനം വകുപ്പിന്റെ ഓഫീസുകൾ**

70 (2090) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജക മണ്ഡലത്തിൽ വനം വകുപ്പിന്റെ ഏതൊക്കെ ഓഫീസുകളാണ് നിലവിലുള്ളത്;

(ബി) ആലത്തൂർ നിയോജകമണ്ഡലം ഉൾപ്പെടുന്ന വനം ഡിവിഷൻ, റെയിഞ്ച്, ഫോറസ്റ്റ് സ്റ്റേഷൻ തുടങ്ങിയ ഓഫീസുകളുടെ വിലാസം, ഫോൺ നമ്പർ എന്നിവ ലഭ്യമാക്കാമോ;

(സി) ആലത്തൂർ നിയോജകമണ്ഡലത്തിൽ വനംവകുപ്പിന്റെ നിയന്ത്രണത്തിലുള്ള റോഡുകൾ ഏതൊക്കെയെന്ന് വിവരിക്കാമോ?

ഉത്തരം

(എ) ഫോറസ്റ്റ് റെയിഞ്ച് ഓഫീസ് - ആലത്തൂർ റെയിഞ്ച്, മംഗലം ഡാം ഫോറസ്റ്റ് സ്റ്റേഷൻ എന്നിവ ആലത്തൂർ നിയോജകമണ്ഡലത്തിലുള്ള വനം വകുപ്പിന്റെ ഓഫീസുകളാണ്.

(ബി)

1. നെന്മാറ വനം ഡിവിഷൻ

   അയിനംപാറ (പി.ഒ)

   നെന്മാറ, പിൻ -678 508

   ഫോൺ - 04923 243179.

2. റെയിഞ്ച് ഫോറസ്റ്റ് ഓഫീസ്,

   ആലത്തൂർ റെയിഞ്ച്, അണയ്ക്കപ്പാറ,

   അഞ്ചുമൂർത്തിമംഗലം. പി.ഒ, പിൻ- 678 682.

   ഫോൺ -04922 258 655.

3. മംഗലം ഡാം ഫോറസ്റ്റ് സ്റ്റേഷൻ,

   കലിങ്കയം (പി.ഒ), പാലക്കാട് ജില്ല,

   ഫോൺ - 8547602399.

(സി) ആലത്തൂർ നിയോജകമണ്ഡലത്തിൽ വനം വകുപ്പിന്റെ നിയന്ത്രണത്തിലുള്ള റോഡുകൾ താഴെ പറയുന്നു:

1. വീഴുമല – കോട്ടേക്കുളം റോഡ്
2. ഇരക്കുളം - വെള്ളപ്പാറക്കുന്ന്
3. മഞ്ഞപ്ര – ചിറക്കുന്ന്
4. ചീക്കോട് - പയ്യാംകുണ്ട്
5. ചീറാട്ടുകുളമ്പ് - നടവത്തുപാറ
6. നിരങ്ങൻപാറ – കടവണിത്തോട്
7. വെമ്പല്ലൂർ - മുരിങ്ങമല
8. പേഴുംകോട് - മലമ്പാത
9. ചൂരുപാറ – മണ്ണെണ്ണക്കയം
10. കടപ്പാറ - തളികക്കല്ല്
11. മേമല – പൂതൻതോട്
12. മണ്ണെണ്ണക്കയം - മുച്ചിനിറപ്പ്
13. മണ്ണെണ്ണക്കയം - രണ്ടാം പുഴ
14. അയ്യപ്പൻപാടി - പടുകുറ്റി
15. കവിളുപാറ – കവിളുപാറ കോളനി
16. വിളുപാറ – അംഗൻവാടി
17. കവിളുപാറ -ചെമ്പകപ്പാറ
18. കവിളുപാറ – താഴെകോളനി.

**കേരള വന വികസന നിധി**

71(2091) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വന വികസന നിധിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) 2011-2016 കാലയളവിൽ ഈ നിധിയിലേക്ക് നിക്ഷേപിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ;

(സി) ഈ തുക എന്തെല്ലാം പദ്ധതികൾക്കായാണ് വിനിയോഗിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത തുക വിനിയോഗിച്ച് നടപ്പിലാക്കിയ പദ്ധതികളെയും പരിപാടികളെയും സംബന്ധിച്ച വിവരങ്ങളും വരവ് ചെലവ് കണക്കുകളും സമർപ്പിക്കുന്നില്ല എന്നുള്ള കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ കണ്ടെത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വനോല്പന്നങ്ങളുടെ വിൽപ്പനയോടനുബന്ധിച്ച് വില്പനവിലയുടെ 5 ശതമാനമായി ശേഖരിക്കുന്ന വനവികസന നികുതി, വനങ്ങളുടെ വികസനത്തിനും വനഗവേഷണത്തിനും വിനിയോഗിക്കുന്നതിനാണ് കേരള വനവികസന നിധി (കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് ഫണ്ട് - KFDF) രൂപവൽക്കരിച്ചിട്ടുള്ളത്.

(ബി) 2011-2016 കാലയളവിൽ കേരള വന വികസന നിധിയിലേയ്ക്ക് നിക്ഷേപിക്കപ്പെട്ട തുക ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 2011-12 | - | 10.75 കോടി |
| 2012-13 | - | 11.097 കോടി |
| 2013-14 | - | 15.58 കോടി |
| 2014-15 | - | 16.54 കോടി |
| 2015-16 | - | 14.66 കോടി |

(സി) വനവികസന നിധിയുടെ വിനിയോഗം ചുവടെ ചേർക്കും പ്രകാരമാണ് :

1. സോഫ്റ്റ് വുഡ് സ്പീഷീസുകളുടെയും വ്യവസായ അസംസ്കൃത വസ്തുക്കൾക്കായി വിനിയോഗിക്കുന്ന മറ്റ് മരങ്ങളുടെയും നടീലിനും പരിപാലനത്തിനും തൽസംബന്ധമായ അനുബന്ധ പ്രവർത്തനങ്ങൾക്കും - 60%

2. വനഗവേഷണത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കും - 40%

1989-ലെ കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് ഫണ്ട് റൂൾസ് 4-ാം ചട്ടത്തിൽ അനുശാസിച്ചിട്ടുള്ള സംഗതികൾക്കാണ് കേരള വനവികസന നിധിയിൽനിന്നും ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ള തുക വിനിയോഗിക്കുന്നത്.

(ഡി) വനവികസന നിധിയുടെ ഓരോ വർഷത്തെയും വരവ്-ചെലവ് കണക്കുകളും നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങളും സമർപ്പിക്കുന്നില്ല എന്ന കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ കണ്ടെത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് വിശദമായ മറുപടി സമർപ്പിച്ചിട്ടുണ്ട്.

## വനിതാ ഫോറസ്റ്റ് ഗാർഡുമാരുടെ എണ്ണം വർദ്ധിപ്പിക്കൽ

72(2092) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര വനിതാ ഫോറസ്റ്റ് ഗാർഡുമാർ ഉണ്ട്; ഇത് എത്ര ശതമാനം വരും;

(ബി) പോലീസ്, എക്സൈസ് എന്നീ വിഭാഗങ്ങളിലേതു പോലെ പ്രസ്തുത ശതമാനം 10% ആക്കി ഉയർത്തുന്നതിന് നടപടി സ്വീകരിക്കാൻ ഉദ്ദേശ്യമുണ്ടോ;

(സി) വന വിസ്തൃതി കുറഞ്ഞു വരുന്നത്, കാലാവസ്ഥാവ്യതിയാനം, ചൂട് കൂടി വരുന്നതു ഏന്നിവ കണക്കിലെടുത്ത്, വനിതാ ഫോറസ്റ്റ് ഗാർഡുമാരെ ഉൾപ്പെടുത്തി സോഷ്യൽ ഫോറസ്ട്രി വിഭാഗം ശക്തിപ്പെടുത്തി മരങ്ങൾ വെച്ചു പിടിപ്പിക്കേണ്ട ആവശ്യകതയും അവ സംരക്ഷിക്കേണ്ട ആവശ്യകതയും സംബന്ധിച്ച് ഗ്രാമീണ ജനങ്ങൾക്കിടയിലും, സ്ത്രീകൾക്കിടയിലും ബോധവൽക്കരണം നടത്തുന്നതിനും, ലഭ്യമായ എല്ലാ സ്ഥലങ്ങളിലും മരങ്ങൾ വെച്ചു പിടിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) വനം വകുപ്പിൽ നിലവിൽ 137 വനിതാ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർക്ക് നിയമനം നൽകിയിട്ടുണ്ട്. ആയത് മൊത്തം ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ 5.23% വരും.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) നിലവിൽ കാലാവസ്ഥാ വ്യതിയാനംമൂലമുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി "ഹരിത ഭാരത ദൗത്യം", "ഹരിത കേരളം" എന്നീ പദ്ധതികൾ വനം ടെറിട്ടോറിയൽ വിഭാഗത്തിന്റെയും സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിന്റെയും നേതൃത്വത്തിൽ നടപ്പിലാക്കിവരുന്നുണ്ട്. ജനങ്ങളുടെ പങ്കാളിത്തത്തോടുകൂടി വനാവരണം വർദ്ധിപ്പിക്കുന്നതിനും നീർത്തടങ്ങൾ സംരക്ഷിക്കുന്നതിനും മറ്റുമുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. വനിതാ ഫോറസ്റ്റ് ഗാർഡ് ഉൾപ്പെടെ ജീവനക്കാരേയും പൊതുജനങ്ങളെയും വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി ബോധവത്കരണ/പ്രകൃത പഠന ക്യാമ്പുകളും സംഘടിപ്പിച്ചുവരുന്നുണ്ട്.

**വനഭൂമി കയ്യേറ്റം**

73(2093) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വനഭൂമി കയ്യേറ്റം വ്യാപകമാണെന്ന ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും റിപ്പോർട്ടുകൾ വനം വകുപ്പ് സർക്കാറിന് കൈമാറിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി)) സ്വകാര്യ വ്യക്തികളുടെ വനം കയ്യേറ്റം ചെറുക്കുന്നതിനും കയ്യേറിയവ വീണ്ടെടുക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേരളത്തിൽ വനഭൂമി കയ്യേറ്റങ്ങൾ വ്യാപകമാണെന്ന ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കേരളത്തിൽ വനഭൂമി കയ്യേറ്റങ്ങൾ വ്യാപകമാണെന്ന ആക്ഷേപങ്ങൾ സംബന്ധിച്ച് റിപ്പോർട്ടുകൾ വനം വകുപ്പ് സർക്കാരിന് കൈമാറിയിട്ടില്ല.

(സി) സ്വകാര്യ വ്യക്തികളുടെ വനം കയ്യേറ്റം ചെറുക്കുന്നതിനായി സ്വകാര്യ ഭൂമിയും വനഭൂമിയും വേർതിരിക്കുന്നതിന് വനഭൂമി സർവ്വേ നടത്തി ജണ്ട ഇട്ട് വേർതിരിച്ചുവരുന്നു. ഒഴിപ്പിക്കലിനെതിരെ കോടതി ഉത്തരവുകൾ നിലവിലുണ്ടെങ്കിൽ ആയത് നീക്കി ഒഴിപ്പിക്കൽ നടത്താനും നടപടി സ്വീകരിക്കാറുണ്ട്. കയ്യേറ്റക്കാർക്കെതിരെ കേസുകളെടുത്ത് തുടർ നടപടികൾ സ്വീകരിക്കാറുണ്ട്. പുതുതായി ശ്രദ്ധയിൽവരുന്ന വനം കയ്യേറ്റങ്ങൾ അപ്പപ്പോൾത്തന്നെ ഒഴിപ്പിക്കാറുണ്ട്. വനം കയ്യേറ്റങ്ങൾ മോണിറ്റർ ചെയ്യുന്നതിനും പരിഹാര മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയും കൂടാതെ സർക്കിൾ തലത്തിൽ ഫോറസ്റ്റ് കൺസർവേറ്റർ അദ്ധ്യക്ഷനായ സർക്കിൾ ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയും രൂപീകരിച്ച് പ്രവർത്തനം നടത്തുന്നുണ്ട്.

**ബീറ്റ് ഫോറസ്റ്റ് ഓഫീസറുടെ ഒഴിവുകൾ**

74(2094) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും അതിൽ എത്ര ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ടു ചെയ്തിട്ടുണ്ടെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത തസ്തികയിലേക്കുള്ള പി.എസ്.സി റാങ്ക് ലിസ്റ്റിന്റെ നിലവിലെ സ്ഥിതി ജില്ല തിരിച്ച് അറിയിക്കാമോ;

(സി) പ്രസ്തുത തസ്തികയിലെ മുഴുവൻ ഒഴിവുകളിലും നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) വനം വകുപ്പിൽ നിലവിൽ 195 ബീറ്റ് ഫോറസ്റ്റ് ഓഫീസറുടെ ഒഴിവുകളുണ്ട്. ആയതിൽ 193 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേയ്ക്ക് നേരിട്ടുള്ള നിയമനം, തസ്തികമാറ്റം വഴിയുള്ള നിയമനം എന്നിവയ്ക്കായി എല്ലാ ജില്ലകളിലേയ്ക്കും റാങ്ക് പട്ടിക 31-1-2017-ൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

(സി) പ്രസ്തുത തസ്തികയിലെ ഒഴിവുകളിലേയ്ക്ക് പി.എസ്.സി. അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്.

**വനഭൂമി കയ്യേറ്റം തടയുന്നതിനുള്ള സംവിധാനം**

75(2095) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനഭൂമി കയ്യേറ്റം തടയുന്നതിന് നിലവിലുള്ള സംവിധാനം എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത സംവിധാനം ഫലപ്രദമായി നടക്കുന്നുണ്ടോ എന്ന് പരിശോധിക്കാറുണ്ടോ;

(സി) വനഭൂമി കയ്യേറിയതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ നിലവിലുണ്ടെന്നും ആയതിന്റെ നിലവിലെ സ്ഥിതിയും അറിയിക്കാമോ;

(ഡി) പ്രസ്തുത കേസുകൾ കൈകാര്യം ചെയ്യുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വനം കയ്യേറ്റ ശ്രമങ്ങൾ യഥാസമയം കണ്ടെത്തുകയും അവ തടയുകയും കുറ്റക്കാർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. വനഭൂമിയുടെ സംരക്ഷണത്തിനായി വനാതിർത്തി നിർണ്ണയിച്ച് സ്ഥിരം ജണ്ട കെട്ടിയും കയ്യാല സ്ഥാപിച്ചും വനം കയ്യേറ്റത്തിന് സാധ്യതയുള്ള സ്ഥലങ്ങളിൽ നിരന്തരം പട്രോളിംഗ് നടത്തിയും കയ്യേറ്റത്തിനെതിരെ കേസുകളെടുത്തും ജനപങ്കാളിത്ത പ്രവർത്തനങ്ങളിലൂടെയും വനസംരക്ഷണം നടത്തുന്നു.

(ബി) പരിശോധിക്കാറുണ്ട്.

(സി) വനഭ്രമി കയ്യേറിയതുമായി ബന്ധപ്പെട്ട് നിലവിലുള്ള കേസുകൾ 463 എണ്ണമാണ്. ഈ കേസുകളിൽ ഭൂരിഭാഗവും കോടതിയുടെ പരിഗണനയിലും വിചാരണയിലുമാണ്.

(ഡി) 1961-ലെ കേരള വന നിയമം, 1971-ലെ കേരള ഫോറസ്റ്റ് വെസ്റ്റിംഗ് ആന്റ് അസൈൻമെന്റ് ആക്ട് എന്നിവ പ്രകാരം വനം കയ്യേറ്റത്തിന് കേസ് രജിസ്റ്റർ ചെയ്യുകയും പ്രതികൾക്കെതിരെ അന്വേഷണം നടത്തി ബന്ധപ്പെട്ട ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ കുറ്റപത്രം സമർപ്പിക്കുകയും അത്തരം കയ്യേറ്റം നിയമപ്രകാരം ഒഴിപ്പിക്കുകയും കയ്യേറ്റക്കാർക്കെതിരെ നിയമനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

**ഇക്കോ-ടൂറിസം കേന്ദ്രങ്ങൾ**

76(2096) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ഇക്കോ-ടൂറിസം കേന്ദ്രങ്ങൾ തുടങ്ങാൻ പദ്ധതി തയ്യാറായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ബി) നിലവിലുള്ള പ്രധാന ഇക്കോ-ടൂറിസം കേന്ദ്രങ്ങൾ എവിടെയല്ലാമാണ്;

(സി) പ്രസ്തുത കേന്ദ്രങ്ങളിൽ പുതിയ സംവിധാനങ്ങളും സൗകര്യങ്ങളും ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പുതിയ ഇക്കോ-ടൂറിസം കേന്ദ്രങ്ങൾ തുടങ്ങാൻ പദ്ധതി തയ്യാറാക്കിയിട്ടില്ല.

(ബി) സംസ്ഥാനത്തെ നിലവിൽ പ്രവർത്തിക്കുന്ന ഇക്കോ-ടൂറിസം കേന്ദ്രങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) സംസ്ഥാനത്ത് നിലവിൽ 60 ഇക്കോ-ടൂറിസം കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇക്കോ-ടൂറിസം കേന്ദ്രങ്ങളിൽ താഴെപ്പറയുന്ന കാര്യങ്ങൾ നടപ്പിൽ വരുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1. ഇക്കോ-ടൂറിസം പ്രദേശങ്ങളിൽ പ്രവേശനത്തിന്/ബുക്കിംഗ് ഓൺലൈൻ ടിക്കറ്റിംഗ് സംവിധാനം ഏർപ്പെടുത്തുക

2. ഇക്കോ-ടൂറിസം പ്രദേശങ്ങളിലെ എല്ലാ നിർമ്മാണ പ്രവർത്തനങ്ങൾക്കും പരിസ്ഥിതി സൗഹൃദ വസ്തുക്കൾ മാത്രം ഉപയോഗിക്കുക

3. ഓരോ ഇക്കോ-ടൂറിസം പ്രദേശത്തിനും ഉൾക്കൊള്ളാൻ കഴിയുന്ന സന്ദർശകരുടെ എണ്ണം കണക്കാക്കി അതനുസരിച്ച് സന്ദർശകരെ ക്രമീകരിക്കുക.

ഈ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിലൂടെ ഇക്കോ-ടൂറിസം പ്രവർത്തനങ്ങളുടെ കാര്യക്ഷമതയും കൃത്യതയും വർദ്ധിപ്പിക്കാൻ സാധിക്കും.

## ഗ്രീൻ ഇൻഡ്യാ മിഷൻ പദ്ധതി

77(2097) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. അനിൽ അക്കര :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള വനങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി ഗ്രീൻ ഇൻഡ്യാ മിഷൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(സി) പദ്ധതി നടപ്പിലാക്കുവാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) കാലാവസ്ഥാ വ്യതിയാനംമൂലമുള്ള ഭവിഷ്യത്ത് നേരിടുന്നതിന് ദേശീയ കർമ്മപദ്ധതിയുടെ ഭാഗമായി എട്ട് ദൗത്യങ്ങളിൽ ഒന്നാണ് ഹരിത ഭാരത ദൗത്യം (ഗ്രീൻ ഇൻഡ്യാ മിഷൻ - GIM). വനാശ്രിത സമൂഹങ്ങളുടെ നിലനിൽപ്പിൽ വനങ്ങൾ ചെലുത്തുന്ന സ്വാധീനം ഉൾക്കൊണ്ടാണ് ഈ പദ്ധതി രൂപകൽപ്പന ചെയ്തിട്ടുള്ളത്. രാജ്യത്തെ വനങ്ങൾ ഉൾപ്പെടെയുള്ള പ്രകൃതി സമ്പത്തിന് ദൂരവ്യാപക പ്രത്യാഘാതം സൃഷ്ടിക്കുന്ന കാലാവസ്ഥാവ്യതിയാനം മൂലമുള്ള അനന്തര ഫലങ്ങൾ ജനജീവിതത്തെ സാരമായി ബാധിക്കുമെന്ന തിരിച്ചറിവാണ് ഹരിതഭാരത ദൗത്യത്തിന് അടിസ്ഥാനം. രാജ്യത്തെ വനസമ്പത്തിന്റെ ഗുണമേന്മയും

വിസ്തീർണ്ണവും വർദ്ധിപ്പിക്കുകയും അതുവഴി വനം നൽകുന്ന പാരിസ്ഥിതിക സേവനങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യുക, സാമൂഹ്യവനവത്കരണ പരിപാടികളുടെ ഭാഗമായ അഗ്രോ ഫോറസ്ട്രി പ്രവർത്തനവും നഗര വനവത്കരണവും വിപുലീകരിക്കുക, തണ്ണീർത്തടങ്ങൾ സംരക്ഷിക്കുക, വനാശ്രിത സമൂഹങ്ങൾക്ക് ഗുണദായകമായ ജീവനോപായങ്ങൾ വികസിപ്പിക്കുക, വിറകിന് പകരം പുനരുത്പാദനക്ഷമമായ ഇന്ധനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക എന്നിവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

ഭക്ഷ്യസുരക്ഷ, ശുദ്ധജലസുരക്ഷ, ജൈവ വൈവിധ്യ സംരക്ഷണം, സുസ്ഥിര ജീവനം, കാർബൺ സംഭരണം, ജലപരിവൃത്തി എന്നിവ ജി.ഐ.എം. ഹരിതവത്കരണത്തിന്റെ ആത്യന്തിക ലക്ഷ്യങ്ങളാണ്. 12, 13 പഞ്ചവത്സര പദ്ധതിയുടെ കാലയളവിൽ 10 വർഷംകൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നത്. സംസ്ഥാനത്തിന് അഞ്ചുവർഷത്തേയ്ക്ക് 336 കോടി രൂപയുടെ പദ്ധതിക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്.

(ബി) രാജ്യത്തെ വന സമ്പത്ത് വർദ്ധിപ്പിക്കുക, പരിസ്ഥിതി സംരക്ഷിക്കുക, വനങ്ങളുടെ വിസ്തീർണ്ണം വർദ്ധിപ്പിക്കുക, സോഷ്യൽ ഫോറസ്ട്രി - അഗ്രോ ഫോറസ്ട്രി പ്രവർത്തനങ്ങൾ വിപുലീകരിക്കുക, തണ്ണീർത്തടങ്ങൾ സംരക്ഷിക്കുക എന്നിവയാണ് പ്രധാനമായും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. അതോടൊപ്പം ജനങ്ങളുടെ ജീവിതനിലവാര വർദ്ധനവ്, കാവുസംരക്ഷണം, ജലസ്രോതസ്സുകളുടെ സംരക്ഷണം, പ്രകൃതിജന്യമായ ഇന്ധനങ്ങളുടെ ഉപയോഗത്തെ പ്രോത്സാഹിപ്പിക്കൽ തുടങ്ങിയവയും ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നുണ്ട്. കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതം കുറയ്ക്കുന്നതിനായി പരമാവധി കാർബൺ സംഭരണത്തോടൊപ്പം ജൈവവൈവിധ്യം, ജലം, ജൈവപിണ്ഡം തുടങ്ങിയ പാരിസ്ഥിതിക സേവനങ്ങൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ടുള്ള സമഗ്രമായ ഹരിതവത്കരണത്തിനാണ് ജിം ഊന്നൽ നൽകുന്നത്.

ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് 5 ഉപദൗത്യങ്ങളാണ് നിർദ്ദേശിച്ചിട്ടുള്ളത്.

1. പ്രക്ഷീണവനങ്ങളുടെ ഗുണമേന്മ ഉയർത്തി അവ നൽകുന്ന പാരിസ്ഥിതിക സേവനങ്ങൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിരത്തി ശോഷണ വിധേയമായ ഇടതൂർന്ന വനം, നാമമാത്രമായ വനാവരണമുള്ള പ്രക്ഷീണ വനം, പുൽമേടുകൾ എന്നിവിടങ്ങളിൽ നിർദ്ദിഷ്ട പ്രവർത്തനങ്ങൾ നടത്തുകയെന്നതാണ് ഒന്നാം ഉപദൗത്യം വിഭാവനം ചെയ്യുന്നത്.

2. രണ്ടാം ഉപദൗത്യം വനാവരണം വർദ്ധിപ്പിക്കലും ജൈവവ്യവസ്ഥയുടെ പുനർ നിർമ്മാണവും ഉദ്ദേശിച്ചിട്ടുള്ളതാണ്. വനവും വനേതര മേഖലയും ഈ ദൗത്യത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കണ്ടൽ വനങ്ങൾ ഈ ദൗത്യത്തിന്റെ

പരിധിയിൽ വരുന്നു.

3. മൂന്നാം ഉപദൗത്യം ലക്ഷ്യം വയ്ക്കുന്നത് നഗര-ഉപനഗര പ്രദേശങ്ങളിൽ വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിനാണ്.

4. കാർഷിക വനവൽക്കരണവും സാമൂഹ്യവനവത്കരണവും ഉൾപ്പെട്ടതാണ് നാലാം ഉപമിഷൻ. കാർഷിക വനവത്കരണം ത്വരിതപ്പെടുത്തുക, മരങ്ങൾ നട്ട് കാറ്റിനെ ചെറുക്കാൻ ശേഷിയുള്ള സംരക്ഷണ കവചം തീർക്കുക, കനാലുകൾ റോഡുകൾ എന്നിവയുടെ ഓരത്ത് ലഭ്യമായ പ്രദേശങ്ങളിൽ വൃക്ഷം വച്ചുപിടിപ്പിക്കൽ എന്നിവയാണ് ഈ ദൗത്യത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള കർമ്മ പരിപാടികൾ.

5. ശോഷിത തണ്ണീർത്തടങ്ങളുടെ പുനർ നിർമ്മാണമാണ് അഞ്ചാമത് ഉപദൗത്യത്തിലൂടെ നടപ്പാക്കുന്നത്. കായലുകൾ, അന്താരാഷ്ട്ര റാംസർ കൺവെൻഷൻ അംഗീകൃത തണ്ണീർത്തടങ്ങൾ, വനമേഖലയിലുൾപ്പെട്ട ജലാശയങ്ങൾ, ചതുപ്പുകൾ എന്നിവ ഈ ദൗത്യത്തിന്റെ പരിധിയിൽപ്പെടുന്നു.

മേൽ ഉപദൗത്യങ്ങളോടൊപ്പം വനശോഷണകാരകമായ വിറകുൽപ്പാദനം പടിപടിയായി കുറച്ചുകൊണ്ട് വരുന്നതിനായി വനാനുബന്ധമേഖലകളിൽ ഇന്ധനക്ഷമത കൂടുതലുള്ള അടുപ്പുകൾ, എൽ.പി.ജി. തുടങ്ങിയവ പ്രചരിപ്പിക്കുന്നതിനും പാരമ്പര്യേതര ഇന്ധനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും പ്രത്യേക പരിഗണന നൽകുന്നു.

(സി) ദേശീയതലത്തിൽ കേന്ദ്ര വനം, പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിനുകീഴിൽ വരുന്ന ഗ്രീൻ ഇന്ത്യ മിഷൻ ആസ്ഥാനമാണ് പദ്ധതി ആസൂത്രണവും നിയന്ത്രണവും നിർവ്വഹിക്കുന്നത്. സംസ്ഥാനതലത്തിൽ സംസ്ഥാന വന വികസന ഏജൻസി (SFDA) യാണ് പദ്ധതിക്ക് മേൽനോട്ടം വഹിക്കുക. ചീഫ് സെക്രട്ടറി ചെയർമാനായ സംസ്ഥാന സ്റ്റിയറിംഗ് കമ്മിറ്റിയാണ് വാർഷിക കർമ്മ പദ്ധതി, ദീർഘകാല പദ്ധതി എന്നിവയ്ക്ക് അംഗീകാരം നൽകുന്നത്. L2 തലത്തിൽ വനവികസന ഏജൻസികളായിരിക്കും പദ്ധതിയുടെ ആസൂത്രണ നിർവ്വഹണ മേൽനോട്ടം നടത്തുന്നത്. L3 തലത്തിൽ ആസൂത്രണ-നിർവ്വഹണ-നിരീക്ഷണ ചുമതല വനസംരക്ഷണ സമിതികൾ, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവയ്ക്കാണ്. ഗ്രീൻ ഇൻഡ്യാ മിഷൻ പദ്ധതി നീർത്തടാധിഷ്ഠിത പദ്ധതിയായാണ് രൂപകൽപ്പന ചെയ്തിട്ടുള്ളത്. സമഗ്ര ഭൂപ്രദേശാധിഷ്ഠിത (Landscape) മേഖലകൾ മൂന്ന് തലങ്ങളിലായാണ് പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുള്ളത്.

1. അതിവിസ്തൃത ഭൂപ്രദേശം (L1 തലം)

നദീതടങ്ങൾ, വിസ്തൃത ഭൗമ-ജൈവ മേഖലകൾ എന്നിങ്ങനെ വളരെ വിസ്തൃത ഭൂപ്രദേശമാണ് മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുത്തിട്ടുള്ളത്. പാരിസ്ഥിതിക സാമൂഹ്യ-സാമ്പത്തിക പരിഗണനകളും പ്രവർത്തന മേഖല തെരഞ്ഞെടുക്കുന്നതിന് അടിസ്ഥാനമാക്കിയിട്ടുണ്ട്.

2. സംഘാടന തലം (L2 തലം)

നിശ്ചിത ഘടകങ്ങളുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമം നിശ്ചയിച്ച് തെരഞ്ഞെടുക്കുന്ന പ്രദേശമാണ് അടുത്ത തലം. ഇതിന് L2 തലമെന്ന് പറയുന്നു. വനസാന്ദ്രത, വൃക്ഷാവരണം, കാലാവസ്ഥാ വ്യതിയാനംമൂലമുള്ള അനന്തര ഫലങ്ങൾ വനമേഖലയെ ദോഷകരമായി ബാധിക്കാനുള്ള സാധ്യത, ജൈവവൈവിധ്യ സമ്പന്നത, വന്യജീവി ഇടനാഴികൾ, ആദിവാസി ജനസംഖ്യ, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾ എന്നിങ്ങനെയുള്ള ഘടകങ്ങളുടെ വിലയിരുത്തലിലൂടെ മുൻഗണനാടിസ്ഥാനത്തിൽ പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുക്കുന്ന ഭൂപ്രദേശമാണ് സംഘടനാതലം (Operational Level) അഥവാ L2-തലം ഉപനീർത്തടങ്ങൾ ഉൾപ്പെട്ട 100 ച.കി.മി. വിസ്തൃതിയുള്ള പ്രദേശങ്ങളാണ് L2 ആയി നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

3. പ്രവൃത്തി തലം (L3-തലം) (Working Unit)

L2 തലത്തിനുള്ളിൽ വരുന്ന 1-10 Sq.km വിസ്തൃതിയുള്ള സൂക്ഷ്മ നീർത്തടങ്ങളാണ് (micro watershed) വിവിധ പ്രവൃത്തികൾക്കായി L3- തലത്തിൽ തെരഞ്ഞെടുത്തിട്ടുള്ളത്. ഇതിൽ വനമേഖലയോടൊപ്പം വനേതര മേഖലയും ഉൾപ്പെടും.

L3-തലത്തിൽ വന സംരക്ഷണ സമിതികൾ/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ/പഞ്ചായത്ത് ഹരിത സമിതികൾ എന്നിവയുടെ നേതൃത്വത്തിൽ പ്രാദേശിക ജനപങ്കാളിത്തത്തോടെ സൂക്ഷ്മാസൂത്രണ പ്രവർത്തനങ്ങൾ നടത്തി വിവിധ ഉപദൗത്യങ്ങൾ നടപ്പാക്കുന്നതിനുള്ള സമഗ്ര പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. L2-തലത്തിൽ ഇവ ക്രോഡീകരിച്ച് വ്യക്തമായ ഭൗതികധന ലക്ഷ്യമുള്ള ദീർഘകാല സംസ്ഥാന പദ്ധതി രൂപീകരിച്ചിട്ടുണ്ട്.

അഞ്ചുവർഷംകൊണ്ട് പൂർത്തിയാക്കേണ്ട ഗ്രീൻ ഇൻഡ്യാ മിഷൻ പദ്ധതിയുടെ ആകെ അടങ്കൽ തുക 332 കോടി രൂപയാണ്. പദ്ധതി നടത്തിപ്പിന്റെ ഒന്നാം വർഷമായ 2016-17-ൽ 15.2470 കോടി രൂപയുടെ ധനസഹായം ലഭിച്ചു. ഇതിൽ കേന്ദ്ര വിഹിതമായ 9.45 കോടി രൂപയും സംസ്ഥാന വിഹിതമായ 6.098 കോടി രൂപയും ഉൾപ്പെടുന്നു. ഈ തുക പദ്ധതി നടത്തിപ്പിലേയ്ക്കായി വനവികാസ ഏജൻസികൾക്ക് വിതരണം ചെയ്തു. ഓരോ വനവികാസ ഏജൻസിയും പദ്ധതി നടത്തിപ്പിനായി പ്രത്യേക സൂക്ഷ്മാസൂത്രണ രേഖ തയ്യാറാക്കി അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു.

## കാട്ടാന ശല്യത്തിന് പരിഹാര നടപടികൾ

78(2098) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാനകൾ നാട്ടിലിറങ്ങി ഉണ്ടാക്കുന്ന ആക്രമണങ്ങളിൽ ജനങ്ങൾക്ക് ജീവഹാനിയും കൃഷി നഷ്ടവും സംഭവിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കഴിഞ്ഞ ആറ് മാസത്തിനിടയിൽ ഈ വിധത്തിൽ സംസ്ഥാനത്ത് ജീവഹാനി സംഭവിച്ചവർ എത്ര; എത്ര രൂപയുടെ കൃഷിനാശം സംഭവിച്ചു; വിശദാംശങ്ങൾ നൽകുമോ;

(സി) ഇതിനു പരിഹാരമായി വനം വകുപ്പ് എന്തെല്ലാം നടപടികൾ കൈക്കൊള്ളും; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കഴിഞ്ഞ ആറുമാസത്തിനിടയിൽ കാട്ടാനയുടെ ആക്രമണംമൂലം 19 പേർക്ക് ജീവഹാനി സംഭവിക്കുകയും 1,38,53,208 രൂപയുടെ കൃഷിനാശം ഉണ്ടാവുകയും ചെയ്തിട്ടുണ്ട്.

(സി) വന്യമൃഗങ്ങൾ കാടുവിട്ട് ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് വരുന്നത് ഒഴിവാക്കാൻ കാട്ടിനുള്ളിലെ ചെക്ക്ഡാമുകൾ, കുളങ്ങൾ ഉൾപ്പടെ 1500-ഓളം ജലസ്രോതസുകൾ നവീകരിക്കുകയും പരമാവധി ജലലഭ്യത ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആവശ്യമുള്ള സ്ഥലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പുതിയ കുളങ്ങൾ നിർമ്മിക്കുന്നുണ്ട്. അധിനിവേശ സസ്യങ്ങളെ നീക്കംചെയ്ത് വനത്തിനുള്ളിലെ ജലസ്രോതസുകൾ പുനരുജ്ജീവിപ്പിക്കുന്നുണ്ട്. ജലസ്രോതസ്സുകളുടെ സമീപപ്രദേശങ്ങളിൽ മുള, പുല്ലുകൾ എന്നിവ വച്ചുപിടിപ്പിക്കുന്നുണ്ട്.

കിഫ്ബിയിൽ ഉൾപ്പെടുത്തി 100 കോടി രൂപ വന്യജീവി ആക്രമണം തടയുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിട്ടുണ്ട്. ആയതിൽ 2016-17 വർഷത്തിലെ പദ്ധതി വിഹിതമായ 25 കോടി രൂപ ഉപയോഗപ്പെടുത്തിയുള്ള പ്രതിരോധ നിർമ്മാണങ്ങൾ പുരോഗമിച്ചുവരുന്നു.

സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങി മനുഷ്യജീവന് ഭീഷണിയാകുന്ന ആന പോലുള്ള വന്യജീവികളെ മയക്കുവെടിവച്ച് പിടിച്ച് വനാന്തരങ്ങളിൽ തുറന്നുവിടുന്ന നടപടിയും സ്വീകരിക്കുന്നുണ്ട്.

മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിൽ ജനപ്രതിനിധികളും വനം വകുപ്പ് ഉദ്യോഗസ്ഥരും തദ്ദേശീയരും ചേർന്നുള്ള ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. 175 ജനജാഗ്രതാ സമിതികൾ ഇതിനോടകം നിലവിൽ വന്നു.

ഇതിനുപുറമേ ജനവാസ മേഖലയിൽ ആനയോ മറ്റ് വന്യജീവികളോ കടന്നിട്ടുള്ളതായി അറിഞ്ഞാൽ പ്രദേശവാസികളുടെ മൊബൈൽ ഫോണുകളിലേയ്ക്ക് എസ്.എം.എസ്. മുഖാന്തിരം അറിയിപ്പുനൽകി അപകടം കുറയ്ക്കുന്നതിനുള്ള Early warning SMS Alert System മൂന്നാർ, വയനാട്, ആറളം മേഖലയിൽ നടപ്പിലാക്കിയിട്ടുണ്ട്. മറ്റ് 43 മേഖലകളിൽ നടപ്പിലാക്കാവാനുള്ള നടപടി സ്വീകരിച്ചിട്ടുമുണ്ട്.

**ദേവികുളം മണ്ഡലത്തിൽ ജനവാസ കേന്ദ്രത്തിൽ കാട്ടാന ഇറങ്ങുന്നത്**

79(2099) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിൽ ജനവാസ കേന്ദ്രത്തിൽ കാട്ടാന ഇറങ്ങി ഒരാളെ കൊലപ്പെടുത്തുകയും കൃഷി ഭൂമി നശിപ്പിക്കുകയും ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ എന്ത് തുടർനടപടിയാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(സി) ഇല്ലെങ്കിൽ ആവശ്യമായ നടപടി ഉടൻ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ദേവികുളം റെയ്ഞ്ച് അരുവിക്കാട് സെക്ഷനിലെ കുരിശ്ശടി ഭാഗത്ത് 21-3-2017-ന് വൈകുന്നേരം 6 മണിക്ക് ജോർജ് S/o അലക്സാണ്ടർ (59 വയസ്സ്) ഹൗസ് നമ്പർ 243, മിഡിൽ ഡിവിഷൻ, ദേവികുളം എസ്റ്റേറ്റ് മൂന്നാർ പി.ഒ. എന്നയാൾ കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെട്ടിട്ടുണ്ട്.

(ബി&സി) മരണപ്പെട്ട ആളുടെ മരണാനന്തര ചെലവുകൾക്ക് അടിയന്തര ധനസഹായമായി 50,000 രൂപ നൽകിയിട്ടുണ്ട്. അനന്തരാവകാശിക്ക് നിലവിലെ ചട്ടപ്രകാരം 5 ലക്ഷം രൂപയുടെ നഷ്ടപരിഹാരത്തിന് അർഹതയുണ്ട്. അനന്തരാവകാശ സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് ടി തുക അനുവദിക്കുന്നതാണ്. വന്യജീവി ആക്രമണംമൂലം കൃഷിനാശമുണ്ടായവർക്ക് നിയമാനുസരണം ഫണ്ടിന്റെ ലഭ്യത അനുസരിച്ച് നഷ്ടപരിഹാരം നൽകുന്നുണ്ട്.

## നബാർഡ് മുഖേന ഫോറസ്റ്റ് റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിനുള്ള പദ്ധതി

80(2100) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ് മുഖേന ഫോറസ്റ്റ് റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) എങ്കിൽ കാസർഗോഡ് ജില്ലയിൽനിന്നും ഏതൊക്കെ ഫോറസ്റ്റ് റോഡുകളാണ് പരിഗണനയിലുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിലേക്കായി ഉദുമ എം.എൽ.എ. നൽകിയ ഹർജിയിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) നടപ്പിലാക്കുന്നുണ്ട്. കൊല്ലം ജില്ലയിൽ സതേൺ സർക്കിളിന് കീഴിൽ അലിമുക്ക്-അച്ചൻകോവിൽ (25 കി.മീ.) ആര്യങ്കാവ്-റോസ്മല എന്നീ ഫോറസ്റ്റ് റോഡുകളുടെ നവീകരണവുമായി ബന്ധപ്പെട്ട ശിപാർശ നബാർഡ് ട്രാഞ്ചെ XXIII (2016-17)-ൽ പരിഗണിക്കുന്നതിനായി നബാർഡിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) കാസർഗോഡ് ജില്ലയിൽനിന്നും ഫോറസ്റ്റ് റോഡുകൾ ഇപ്പോൾ പരിഗണനയിലില്ല.

(സി) കാസർഗോഡ് റെയ്ഞ്ചിലെ പരപ്പ റിസർവ് വനത്തിലൂടെ കടന്നുപോകുന്ന പരപ്പ-മയ്യള റോഡ് ഗതാഗതയോഗ്യമാക്കാനാവശ്യപ്പെട്ട് ഉദുമ എം.എൽ.എ. അപേക്ഷ സമർപ്പിച്ചിരുന്നു. നിലവിൽ ഈ റോഡ് സോളിംഗ് ചെയ്ത് ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്.

## കാവുകളും കുളങ്ങളും സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ

81(2101) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ക്ഷേത്രങ്ങളോടനുബന്ധിച്ചുള്ള കാവുകളും കുളങ്ങളും സംരക്ഷിക്കുന്നതിന് വനംവകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(ബി) കാവുകൾ സംരക്ഷിക്കുന്നതിന് വനംവകുപ്പ് ധനസഹായം നൽകി വരുന്നുണ്ടോ; പ്രസ്തുത ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കേണ്ടത് ഏത് ഓഫീസിലാണെന്ന് വ്യക്തമാക്കുമോ;

(സി) കാവുകളുടെ സംരക്ഷണത്തിലേക്കായി നൽകുന്ന ധനസഹായം എത്രയെന്ന് വ്യക്തമാക്കുമോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) കാവ് സംരക്ഷണത്തിനായി സർക്കാർ ഉത്തരവ് (ആർ.റ്റി.) നമ്പർ 485/2016/വനം തീയതി 24-12-2016 പ്രകാരം ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ട്. ഓരോ ജില്ലയിലും അപേക്ഷ ക്ഷണിക്കുകയും അവ പരിശോധിച്ച് വലുതും ജൈവവൈവിധ്യമൂല്യമുള്ളതുമായ കാവുകളെ തെരഞ്ഞെടുത്ത് ദീർഘകാലാടിസ്ഥാനത്തിലുള്ള ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ധനസഹായം നൽകിവരുന്നുണ്ട്. ഈ ഫണ്ട് ഉപയോഗിച്ച് കാവിന്റെ ചുറ്റുമതിൽ നിർമ്മാണം, കുളങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾ എന്നിവ നടത്തിവരുന്നു.

(ബി) കാവുകൾ സംരക്ഷിക്കുന്നതിന് വനം വകുപ്പ് ധനസഹായം നൽകിവരുന്നുണ്ട്. ഇതിനായുള്ള അപേക്ഷകൾ അതാത് ജില്ലകളിലെ സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കാണ് സമർപ്പിക്കേണ്ടത്.

(സി) കാവിന്റെ ഉടമകൾ/ദേവസ്വം/ട്രസ്റ്റി എന്നിവർക്ക് ദീർഘകാലാടിസ്ഥാനത്തിലുള്ള ധനസഹായത്തിനായി സൂക്ഷ്മാസൂത്രണ രേഖ സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ് (ആർ.റ്റി.)നമ്പർ 485/2016/വനം, തീയതി 24-12-2016 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് സംസ്ഥാനതല വിദഗ്ദ്ധ സമിതിയുടെ തീരുമാനപ്രകാരം വനം വകുപ്പ് ആദ്യഗഡുവായി 25,000 രൂപ അഥവാ അംഗീകൃത പദ്ധതിയുടെ 10% (ഇതിലേതാണോ കുറവ്) തുക ധനസഹായം നൽകിവരുന്നു. പിന്നീട് വൗച്ചറുകളും രേഖകളും നൽകുന്ന മുറയ്ക്ക് ബാക്കി ഗഡുക്കൾ നൽകിവരുന്നു. കൂടാതെ 25,000 രൂപയോ അതിൽ കുറവോ പദ്ധതി ചെലവിനായി വരുന്നവയ്ക്ക് മുഴുവൻ തുകയും മതിയായ വൗച്ചറുകൾ സമർപ്പിക്കുന്ന മുറയ്ക്ക് നൽകുന്നു.

## പാലക്കാട് ജില്ലയിൽ നടന്ന വനം കയ്യേറ്റങ്ങൾ

82(2102) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ എത്ര വനം കയ്യേറ്റങ്ങൾ കണ്ടെത്തിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ കാലിക സ്ഥിതി വ്യക്തമാക്കാമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിൽ ആകെ 1509 വനം കയ്യേറ്റങ്ങളിലൂടെ 3202.5175 ഹെക്ടർ വനഭൂമി കയ്യേറിയതായി കണ്ടെത്തിയിട്ടുണ്ട്. പാലക്കാട് ജില്ലയിൽ ഉൾപ്പെടുന്ന മണ്ണാർക്കാട് വന ഡിവിഷനിൽ അട്ടപ്പാടി ട്രൈബൽസ് ഷിഫ്റ്റിംഗ് കൾട്ടിവേഷനുവേണ്ടി കയ്യേറിയ 2023 ഹെക്ടർ വനഭൂമി ഉൾപ്പെടെ 1120 വനം കയ്യേറ്റങ്ങളിലൂടെ 2928.9421 ഹെക്ടർ വനഭൂമി കയ്യേറിയതായി കണക്കാക്കിയിട്ടുണ്ട്. കൂടാതെ നെന്മാറ ഡിവിഷനിൽ 369 വനം കയ്യേറ്റങ്ങളിലൂടെ 237.6513 ഹെക്ടറും പാലക്കാട് ഡിവിഷൻ 18 വനം കയ്യേറ്റങ്ങളിലൂടെ 35.2181 ഹെക്ടറും സൈലന്റ്‌വാലി ഡിവിഷനിൽ രണ്ട് കയ്യേറ്റങ്ങളിലൂടെ 0.706 ഹെക്ടർ സ്ഥലവും കയ്യേറിയതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) അട്ടപ്പാടി ട്രൈബൽസ് ഷിഫ്റ്റിംഗ് കൾട്ടിവേഷനുവേണ്ടി കയ്യേറിയ 2023 ഹെക്ടർ ഭൂമി നിലവിൽ വനം വകുപ്പിന്റെ നിയന്ത്രണത്തിലാണ്. കൂടാതെ മണ്ണാർക്കാട് ഡിവിഷന്റെ പരിധിയിൽ 13.0553 ഹെക്ടർ സ്ഥലത്തെ കയ്യേറ്റവും സൈലന്റ് വാലി ഡിവിഷനിലെ 0.706 ഹെക്ടർ സ്ഥലത്തെ കയ്യേറ്റവും ഒഴിപ്പിച്ചിട്ടുള്ളതാണ്. മറ്റ് വനഭൂമി കയ്യേറ്റങ്ങൾ ഒഴിപ്പിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## അഡ്വഞ്ചർ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ക്രമീകരണങ്ങൾ

83(2103) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടിലൂടെയുള്ള അഡ്വഞ്ചർ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനും കാടിന്റെ ഭംഗി ആസ്വദിക്കാൻ വരുന്ന ടൂറിസ്റ്റുകൾക്കുവേണ്ടിയും സംസ്ഥാന വനം വകുപ്പ് സജ്ജമാക്കിയിരിക്കുന്ന ക്രമീകരണങ്ങൾ വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ എത്ര രൂപയുടെ ആദായം വനം വന്യജീവി വകുപ്പുമായി ചേർന്ന് നേടി എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) പരിസ്ഥിതിക്ക് അനുയോജ്യമായ രീതിയിൽ ഇക്കോ-ടൂറിസം നടപ്പാക്കുന്നതിനുള്ള പരിപാടികളാണ് വനം വകുപ്പ് സ്വീകരിച്ചുവരുന്നത്. വനസംരക്ഷണ സമിതികളുടെയും ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളുടെയും പങ്കാളിത്തത്തോടെ ഇക്കോടൂറിസം പദ്ധതികൾ നടപ്പിലാക്കിവരുന്നു. വനപരിസ്ഥിതിക്ക് കോട്ടം വരാത്ത രീതിയിൽ വനസംരക്ഷണത്തിന് ഊന്നൽ നൽകിയുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി സന്ദർശക സുരക്ഷ, പ്രാഥമിക സൗകര്യങ്ങൾ എന്നിവയാണ് ഒരുക്കുന്നത്. കാട്ടിലൂടെയുള്ള ട്രക്കിംഗ്, ജലാശയങ്ങളിലെ ബോട്ടിംഗ്, വെള്ളച്ചാട്ടങ്ങൾ, പുൽമേടുകൾ എന്നിവിടങ്ങളിലേയ്ക്കുള്ള സന്ദർശനം, കാട്ടിനുള്ളിലെ താമസം എന്നിവയാണ് സന്ദർശകർക്കായി ഒരുക്കിയിരിക്കുന്ന സൗകര്യം. വനത്തിലൂടെയുള്ള മൂന്നുദിവസങ്ങൾ വരെ ദീർഘിപ്പിക്കുന്ന ട്രക്കിംഗ് പരിപാടിയാണ് അഡ്വഞ്ചർ ടൂറിസത്തിന്റെ ഭാഗമായി ഒരുക്കുന്നത്.

(ബി) കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷനും വനം വന്യജീവി വകുപ്പുമായി ചേർന്നുള്ള ടൂറിസം പരിപാടികൾ ഒന്നും ഇപ്പോൾ നിലവിലില്ല.

**ഒറ്റപ്പാലം മണ്ഡലത്തിൽ വനംവകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ**

84(2104) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ വനം വകുപ്പു മുഖേന നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇതിനായി 2016-17 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്ര; എത്ര തുക ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാനുള്ള പ്രവൃത്തികൾക്ക് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ വനം വകുപ്പ് മുഖേന വികസന പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

(ബി) ഇതിനായി 2016-17 വർഷത്തെ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല.

(സി) മേൽ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

## ജാനകിക്കാട് ഇക്കോ ടൂറിസം പദ്ധതി

85(T 2105) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജാനകിക്കാട് ഇക്കോടൂറിസം പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി വിപുലീകരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ച് വരുന്നുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ജാനകിക്കാട് ഇക്കോ ടൂറിസം നിലവിൽ നല്ലനിലയിൽ പ്രവർത്തിച്ചുവരുന്നു. വൈവിദ്ധ്യമാർന്ന സസ്യജാലങ്ങളും പക്ഷികളും ചിത്രശലഭങ്ങളും ഇവിടത്തെ പ്രത്യേകതകളാണ്. ഇവിടെയെത്തുന്ന സഞ്ചാരികൾ ചവർമതി നദിയുടെ കുളിർമയുള്ള ജലം ആവോളം ആസ്വദിക്കാറുണ്ട്. സഞ്ചാരികളുടെ മറ്റൊരു ആകർഷണീയത ഇവിടെയുള്ള പുരാതന ക്ഷേത്രമാണ്. കൂടാതെ വനത്തിലൂടെയുള്ള ട്രക്കിംഗ് സഞ്ചാരികൾക്ക് ഒരു നവ്യാനുഭവം പ്രദാനം ചെയ്യുന്നു. ആവശ്യമായ സുരക്ഷാ ക്രമീകരണങ്ങളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും സഞ്ചാരികൾക്കായി ഇവിടെ ഒരുക്കിയിട്ടുണ്ട്.

## വനപ്രദേശത്തെ വരൾച്ച

86(2106) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനമേഖലകളിൽ വനം വകുപ്പ് നട്ടുപിടിപ്പിക്കുന്ന മാഞ്ചിയം, അക്കേഷ്യ തുടങ്ങിയ വൃക്ഷങ്ങൾ അമിതമായ ജല ഉപഭോഗം നടത്തുന്നതുമൂലം വനപ്രദേശം വരൾച്ചയുടെ പിടിയിലമരുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ടി വൃക്ഷങ്ങൾ വളർന്നു വരുന്നത് മനുഷ്യർക്കും മൃഗങ്ങൾക്കും ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; വിശദ വിവരങ്ങൾ നൽകുമോ ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പഠനം നടത്തിയിട്ടില്ല.

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## കേരളത്തിന്റെ വനഭൂമിയുടെ വിസ്തീർണ്ണം

87(2107) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ കേരളത്തിന്റെ വനഭൂമിയുടെ വിസ്തീർണ്ണം എത്രയാണ്;

(ബി) കൃഷിയിടങ്ങളിലേയ്ക്ക് ഇറങ്ങിചെന്ന് വനം വകുപ്പ് ജണ്ടയിടുന്നതായുള്ള മാധ്യമവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

(എ) നിലവിൽ കേരളത്തിന്റെ വനഭൂമിയുടെ വിസ്തീർണ്ണം 11,309.48 ച. കിമീറ്റർ. ആകുന്നു.

(ബി) വനം വകുപ്പിൽ നിലവിലുള്ള വാർത്താ മാധ്യമങ്ങളിൽ ഇത്തരത്തിലുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## വനഭൂമയിലൂടെ കടന്നുപോകുന്ന റോഡുകൾ മെയിന്റനൻസ് ചെയ്യുന്നത്

88(2108) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനഭൂമിയിലൂടെ കടന്നുപോകുന്ന റോഡുകൾ മെയിന്റനൻസ് ചെയ്യുവാൻ വനം വകുപ്പിന്റെ ഭാഗത്തുനിന്നും തടസ്സം ഉണ്ടാകുന്നത് സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം ഉൾവനപ്രദേശങ്ങളിലെ ആദിവാസി കോളനികളിലേക്കും മറ്റുമുള്ള റോഡുകൾ വർഷങ്ങളായി മെയിന്റനൻസ് ഇല്ലാതെ കിടക്കുന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(സി) ഇത് പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിൽ ടാർ ചെയ്ത റോഡുകൾ മെയിന്റനൻസ് ചെയ്യുന്നതിന് വനം വകുപ്പിന്റെ ഭാഗത്തുനിന്നും തടസ്സമില്ല. 1980-ന മുമ്പ് നിലവിലുള്ള റോഡുകൾ നിലവിലുള്ള വീതിയിൽ, മരങ്ങൾ മുറിക്കാതെ മെയിന്റനൻസ് ചെയ്യുന്നതിനും തടസ്സമില്ല. തടസ്സമുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) ആദിവാസി കോളനികളിലേയ്ക്ക് വനാവകാശ നിയമപ്രകാരം ഒരു ഹെക്ടർ വരെ വനഭൂമി റോഡിന് അനുവദിക്കുന്നുണ്ട്. ആദിവാസി കോളനികളിലേയ്ക്കും മറ്റുമുള്ള റോഡുകൾ വർഷങ്ങളായി മെയിന്റനൻസ് ഇല്ലാതെ കിടക്കുന്ന സാഹചര്യം നിലവിലില്ല.

## മണിയാറൻകുടി-ഉടുമ്പന്നൂർ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ

89(2109) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണിയാറൻകുടി-ഉടുമ്പന്നൂർ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ എൽ.എ.സി.-എ.ഡി.എസ്.-ൽ ഉൾപ്പെടുത്തി നിർവ്വഹിക്കുന്നതിന് ഭരണാനുമതി നല്കി ഉത്തരവായത് എന്നാണ്; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഇപ്രകാരം ഭരണാനുമതി നല്കി ഉത്തരവായതിനുശേഷം റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; ഇതുമായി ബന്ധപ്പെട്ട് നടത്തിയ കത്തിടപാടുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത റോഡിന്റെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് കോതമംഗലം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോട് റിപ്പോർട്ട് ആവശ്യപ്പെടുകയോ കത്തയക്കുകയോ ചെയ്തിരുന്നോ; എങ്കിൽ ഇതുസംബന്ധിച്ച് ഡി.എഫ്.ഒ യുടെ മറുപടി എപ്രകാരമായിരുന്നു; വിശദാംശങ്ങൾ നൽകുമോ;

(ഡി) പ്രസ്തുത റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടും തുടർ നടപടികൾക്ക് കാലതാമസം നേരിടുന്നത് കണക്കിലെടുത്ത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒരുയോഗം അടിയന്തരമായി വിളിച്ചുചേർക്കുമോ?

### ഉത്തരം

(എ) G.O.(Rt)No.98/2016/F&WLD dated 3-3-2016 പ്രകാരമാണ് മണിയാറൻകുടി-ഉടുമ്പന്നൂർ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ എൽ.എ.സി.-എ.ഡി.എസ്.-ൽ ഉൾപ്പെടുത്തി നിർവ്വഹിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവായത്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധം 1-ആയി ചേർക്കുന്നു*.

(ബി) 1980-ലെ വനസംരക്ഷണ നിയമപ്രകാരമുള്ള നടപടികൾ പൂർത്തിയാക്കിയതിനുശേഷം മാത്രമേ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് അനുവദിക്കാവൂ എന്ന് 16-3-2016 തീയതിയിലെ എഫ്.സി.2-21147/2015 നമ്പർ മേലെഴുത്ത് പ്രകാരം വനം വകുപ്പ് ആസ്ഥാനത്തുനിന്നും കോതമംഗലം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോട് നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ കോതമംഗലം വന വികസന ഏജൻസിയോ, മറ്റേതെങ്കിലും യൂസർ ഏജൻസിയോ Forest (Conservation) Act, 1980 പ്രകാരമുള്ള അനുമതിക്കായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ല. ഇതുസംബന്ധിച്ച് കോതമംഗലം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽനിന്നും ലഭിച്ച കത്തിന്റെ പകർപ്പും വനം വകുപ്പ് ആസ്ഥാനത്തുനിന്നും നൽകിയ കത്തിന്റെ പകർപ്പും അനുബന്ധം 2-ആയി ചേർത്തിരിക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പ്രസ്തുത റോഡിന്റെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് വനം വകുപ്പ് ആസ്ഥാനത്തെ 18-3-2016-ലെ എഫ്.സി.2-21147/2015 നമ്പർ മേലെഴുത്ത് പ്രകാരം Forest (Conservation) Act, 1980 പ്രകാരമുള്ള അനുമതിക്കുശേഷം മാത്രമേ ബന്ധപ്പെട്ട യൂസർ ഏജൻസിക്ക് റോഡിന്റെ നിർമ്മാണത്തിന് അനുമതി നൽകേണ്ടതുള്ളൂ എന്ന് കോതമംഗലം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ മറുപടിയായി 29-6-2016-ലെ എ 3-5128/2011 നമ്പർ കത്ത് പ്രകാരം കോതമംഗലം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ടി ഓഫീസിൽനിന്നും സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ ആരായുകയുണ്ടായി. ആയതിന് വനം വകുപ്പ് ആസ്ഥാനത്തുനിന്നും കോതമംഗലം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് മറുപടി നൽകിയിട്ടുണ്ട്. മണിയാറൻകുടി-ഉടുമ്പന്നൂർ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന യൂസർ ഏജൻസി വന വികസന ഏജൻസി ആണെങ്കിൽ Forest (Conservation) Act, 1980 പ്രകാരമുള്ള നടപടിക്രമങ്ങൾക്കായി വന വികസന ഏജൻസി അപേക്ഷ സമർപ്പിക്കേണ്ടതാണെന്ന് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറെ അറിയിച്ചിരുന്നു. ഇതുസംബന്ധിച്ച് നാളിതുവരെ യൂസർ ഏജൻസിയിൽനിന്നും പ്രൊപ്പോസൽ ലഭിച്ചിട്ടില്ല.

(ഡി) ടി വിഷയവുമായി ബന്ധപ്പെട്ട്, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒരു യോഗം വിളിച്ചുചേർക്കുന്നതിന് ആലോചിക്കുന്നതാണ്.

**വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതിനാൽ മുടങ്ങിക്കിടക്കുന്ന പദ്ധതികൾ**

90(2110) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനംവകുപ്പിന്റെ അനുമതി ലഭിക്കാത്തതിനാൽ ഏറനാട് മണ്ഡലത്തിലെ മുടങ്ങിക്കിടക്കുന്ന പദ്ധതികൾ ഏതെല്ലാമാണ് ; വിശദമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷകളിൻ മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; വ്യക്തമാക്കുമോ;

(സി) ആയതിൽ വനം വകുപ്പിന്റെ അനുമതി ലഭിച്ചവ ഏതെല്ലാമാണ്; വിശദമാക്കുമോ?

ഉത്തരം

(എ) മൊടവണ്ണ കടവ് പാലം പണി, നിലമ്പൂർ നായാടംപൊയിൽ റോഡിന്റെ നിർമ്മാണം, മാടം-വീട്ടിക്കുന്ന് റോഡ് നിർമ്മാണം എന്നിവയാണ് വനം വകുപ്പിന്റെ അനുമതി ആവശ്യമുള്ള ഏറനാട് മണ്ഡലത്തിലെ പദ്ധതികൾ.

(ബി) മൊടവണ്ണ കടവ് പാലം - കോൺക്രീറ്റ് പാലം നിർമ്മിക്കുന്നതിന് ആവശ്യമായ അപേക്ഷ വനം വകുപ്പിൽ ലഭിച്ചിട്ടില്ല. നിലമ്പൂർ-നായാടംപൊയിൽ റോഡ് നിർമ്മാണം-പി.ഡബ്ല്യു.ഡി. അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ച അപേക്ഷയിന്മേൽ സ്ഥല പരിശോധന നടത്തി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മാടം-വീട്ടിക്കുന്ന് റോഡ് നിർമ്മാണം - വനാവകാശ നിയമപ്രകാരം കോൺക്രീറ്റ് ചെയ്യുന്നതിന് വനം വകുപ്പ് അനുമതി നൽകിയിട്ടുണ്ട്.

## വന്യമൃഗങ്ങളുടെ ആക്രമണത്താൽ മരണപ്പെടുന്നവരുടെ ആശ്രിതർക്ക് ധനസഹായം

91(2111) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വന്യമൃഗങ്ങളുടെ ആക്രമണത്തെ തുടർന്ന് മരണപ്പെടുന്നവരുടെ ആശ്രിതർക്ക് എന്തെങ്കിലും ധനസഹായം അനുവദിക്കാറുണ്ടോ; എങ്കിൽ എത്ര രൂപ വീതമാണ് ധനസഹായം അനുവദിക്കാറുള്ളതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

വന്യമൃഗങ്ങളുടെ ആക്രമണത്തെ തുടർന്ന് മരണപ്പെടുന്നവരുടെ ആശ്രിതർക്ക് സർക്കാർ ഉത്തരവ് നമ്പർ (എം.എസ്.)96/2014/വനം തീയതി 14-1-2014 പ്രകാരം 5 ലക്ഷം രൂപയും വനത്തിന് പുറത്തുവച്ചുള്ള പാമ്പുകടിമൂലമുള്ള മരണത്തിന് ഒരു ലക്ഷം രൂപയും നഷ്ടപരിഹാരം നൽകിവരുന്നു.

കൂടാതെ, വനത്തിനുള്ളിലും വനാതിർത്തി പ്രദേശങ്ങളിലും താമസിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആൾക്കാർക്കായി ഒരു ലക്ഷം രൂപയുടെ ഇൻഷ്വറൻസ് പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ 18750 പേർക്കാണ് സർക്കാർ ഇത്തരത്തിൽ ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുള്ളത്.

## അഗസ്ത്യാർകൂടം സന്ദർശനത്തിന് സ്ത്രീകൾക്ക് അനുമതി

92(2112) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേററ ശേഷം അഗസ്ത്യാർകൂടം സന്ദർശനത്തിന് സ്ത്രീകൾക്ക് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) അഗസ്ത്യാർകൂടം സന്ദർശനവേളയിൽ സ്ത്രീകൾ അതിരുമല വരെ പോകുന്നതിന് കോടതി അനുമതി നൽകിയെന്ന റിപ്പോർട്ട് ശരിയാണോ;

(സി) പുരുഷൻമാരെപ്പോലെ ഇവർക്കും മലകയറുന്നതിന് അനുമതി നൽകുന്ന കാര്യത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 2017 ഫെബ്രുവരി മാസത്തിലെ അഗസ്ത്യാർകൂടം തീർത്ഥാടന വേളയിൽ പെണ്ണൊരുമ എന്ന സംഘടന സമർപ്പിച്ച അപേക്ഷയിന്മേൽ സർക്കാർ ചർച്ച നടത്തുകയും തുടർന്ന് പരീക്ഷണാടിസ്ഥാനത്തിൽ 10 പേരടങ്ങുന്ന സ്ത്രീ സംഘത്തെ 2017 ഫെബ്രുവരി 25-ന് അഗസ്ത്യാർകൂടം ട്രക്കിംഗിന് പ്രവേശനം അനുവദിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. വനത്തിലെ ആദിവാസികളുടെ ആചാര വിശ്വാസങ്ങൾ കൂടി കണക്കിലെടുത്ത് 2018-ലെ അഗസ്ത്യാർകൂടം ട്രക്കിംഗിന് സ്ത്രീകളെ (ആദിവാസികളുടെ ആചാരാനുഷ്ഠാനങ്ങൾക്ക് ഭംഗം വരാത്ത രീതിയിൽ) പ്രവേശിക്കാൻ അനുവദിക്കുന്നതാണെന്ന് തീരുമാനിച്ചു. എന്നാൽ സ്ത്രീകളാരുംതന്നെ 2017 ഫെബ്രുവരി മാസത്തിലെ തീർത്ഥാടന വേളയിൽ അഗസ്ത്യാർകൂടം സന്ദർശിച്ചിട്ടില്ല.

(ബി) അഗസ്ത്യാർകൂടം സന്ദർശനവേളയിൽ സ്ത്രീകൾ അതിരുമലവരെ മാത്രം പോകുന്നതിന് കോടതി അനുമതി നൽകിയെന്ന റിപ്പോർട്ട് ശരിയാണ്.

(സി) 24-2-2017-ന് വനം വന്യജീവി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ എടുത്ത തീരുമാനങ്ങളിലൊന്ന് വനത്തിലെ ആദിവാസികളുടെ ആചാര വിശ്വാസങ്ങൾ കൂടി കണക്കിലെടുത്ത് 2018-ലെ അഗസ്ത്യാർകൂടം ട്രക്കിംഗിന് സ്ത്രീകളെ (ആദിവാസികളുടെ ആചാരാനുഷ്ഠാനങ്ങൾക്ക് ഭംഗം വരാത്ത രീതിയിൽ) കോടതി ഉത്തരവുകൾക്ക് വിധേയമായി പ്രവേശിക്കാൻ അനുവദിക്കുന്നതാണെന്നതാണ്.

## കാട്ടുമൃഗങ്ങൾ വിള നശിപ്പിച്ചതുമായി ബന്ധപ്പെട്ട കേസുകൾ

93(2113) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനമേഖലയിൽ കടുത്ത വേനലിൽ ജല ദൗർലഭ്യംമൂലം ആന, പന്നി, കുരങ്ങ് എന്നിവ നാട്ടിൽ വെള്ളവും ഭക്ഷണവും തേടിയെത്തി കർഷകരുടെ വിളകൾ നശിപ്പിച്ചതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ ഈ വേനൽകാലത്ത് ഇതേവരെ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന് അറിയിക്കാമോ;

(ബി) കാട്ടുമൃഗങ്ങൾ വിള നശിപ്പിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) കാട്ടുമൃഗങ്ങൾക്ക് വേനൽക്കാലത്ത് അവയുടെ ആവാസമേഖല യോടനുബന്ധിച്ച് വെള്ളം ലഭ്യമാക്കുന്നതിന് ആവശ്യമായ സ്ഥലങ്ങളിൽ ചെറിയ തടയണകളും മറ്റും നിർമ്മിച്ച് ജലലഭ്യത ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 2017 ജനവരി 1 മുതൽ നാളിതുവരെ ഇത്തരത്തിലുള്ള 1805-ഓളം കേസുകൾക്കാണ് കൃഷി നശിച്ചതുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരം ആവശ്യപ്പെട്ട് ഓൺലൈനായി അപേക്ഷ ലഭിച്ചിട്ടുള്ളത്.

(ബി) ഉണ്ട്. 8-1-2015-ലെ സർക്കാർ ഉത്തരവ് (എം.എസ്.)നമ്പർ 02/2015/വനം പ്രകാരം കാട്ടുമൃഗങ്ങളുടെ ആക്രമണംമൂലം വിള നശിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നുണ്ട്.

(സി) കാട്ടുമൃഗങ്ങൾക്ക് വേനൽക്കാലത്ത് അവയുടെ ആവാസ മേഖലയോട നുബന്ധിച്ച് വെള്ളം ലഭ്യമാക്കുന്നതിന് സ്വാഭാവിക ജലാശയങ്ങൾ, ചെക്ക് ഡാമുകൾ, കുളങ്ങൾ ഉൾപ്പെടെ 1500-ഓളം ജലസ്രോതസ്സുകൾ നവീകരിക്കുകയും പരമാവധി ജലലഭ്യത ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയ കുളങ്ങൾ നിർമ്മിക്കുന്നുണ്ട്. അധിനിവേശ സസ്യങ്ങളെ നീക്കംചെയ്ത് വനത്തിനുള്ളിലെ ജലസ്രോതസുകൾ പുനരുജ്ജീവിപ്പിക്കുന്നുണ്ട്. ജലസ്രോതസ്സുകളുടെ സമീപ പ്രദേശങ്ങളിൽ മുള, പുല്ലുകൾ എന്നിവ വച്ചുപിടിപ്പിക്കുന്നുണ്ട്.

**കാട്ടുമൃഗങ്ങളുടെ ആക്രമണം തടയുന്നതിന് നടപടി**

94(2114) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാട്ടുമൃഗങ്ങളുടെ ആക്രമണം കൂടിവരുന്ന കാര്യം സർക്കാർ പരിശോധിക്കുമോ;

(ബി) ജനവാസമേഖലയിലേയ്ക്ക് കടന്നുകയറുന്ന കാട്ടുപന്നികളെ നിയന്ത്രിക്കുന്നതിന് സഹായകരമായ പുതിയ നിയമം കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ;

(സി) കാട്ടുമൃഗങ്ങളുടെ ആക്രമണംമൂലം ഉണ്ടാകുന്ന നഷ്ടത്തിന് നൽകിവരുന്ന ധനസഹായം വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുമോ; സഹായം എളുപ്പത്തിൽ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ വനാതിർത്തി പ്രദേശങ്ങളിലുള്ള ജനവാസ കേന്ദ്രങ്ങളിലും കൃഷിയിടങ്ങളിലും വന്യമൃഗശല്യം ലഘൂകരിക്കുന്നതിന് ക്രിയാത്മകമായ നടപടികൾ കൈക്കൊള്ളുന്നുണ്ട്. കൂടാതെ, മനുഷ്യ-വന്യജീവി സംഘർഷം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കാര്യക്ഷമമായി ഈ പ്രശ്നം പരിഹരിക്കുന്നതിന്

തദ്ദേശീയരും, ജനപ്രതിനിധികളും, വനം വകുപ്പുദ്യോഗസ്ഥരും ചേർന്നുള്ള ജനജാഗ്രതാ സമിതികൾ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിൽ രൂപീകരിക്കാൻ 7-2-2017-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 51/2017/വനം പ്രകാരം ഉത്തരവാകുകയും, 175 ജനജാഗ്രതാ സമിതികൾ ഇതിനോടകം രൂപീകരിച്ചിട്ടുമുണ്ട്.

(ബി) കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ ഉപാധികളോടെ വെടിവച്ചു കൊല്ലുന്നതിന് നിലവിലുണ്ടായിരുന്ന സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 95/2014/വനം തീയതി 17-11-2014-ന്റെ കാലാവധി അവസാനിച്ചതിനെത്തുടർന്ന് കാലാവധി നീട്ടി പുതിയ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്.

(സി) വന്യമൃഗങ്ങളുടെ ആക്രമണംമൂലമുണ്ടാകുന്ന ജീവനാശത്തിന് മുമ്പ് നൽകിയിരുന്നത് 3 ലക്ഷം രൂപയായിരുന്നു. ആയത് 2014-ലെ സർക്കാർ ഉത്തരവുപ്രകാരം 5 ലക്ഷം രൂപയും വനത്തിന് പുറത്തുവച്ച് പാമ്പുകടിയേറ്റ് മരണപ്പെടുന്നവരുടെ ആശ്രിതർക്ക് ഒരു ലക്ഷം രൂപയുമായി വർദ്ധിപ്പിച്ചിട്ടുണ്ട്. മനുഷ്യർക്കുണ്ടാകുന്ന പരിക്ക്, സ്ഥിരമായ അംഗവൈകല്യം, കന്നുകാലികൾക്കും വീടുകൾക്കും തുടങ്ങി മറ്റു നാശനഷ്ടങ്ങൾ എന്നിവയ്ക്ക് നൽകിവന്നിരുന്ന നഷ്ടപരിഹാരത്തുക 2013-ൽ വർദ്ധിപ്പിക്കുകയും പരമാവധി 75,000 രൂപയാക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ വർഷത്തിൽ പരമാവധി 4 തവണ വരെ നഷ്ടപരിഹാരത്തിന് ഒരു വ്യക്തിക്ക് അപേക്ഷിക്കാവുന്നതാണ്.

നഷ്ടപരിഹാരത്തുക വേഗത്തിലും സുതാര്യതയോടെയും അപേക്ഷകർക്ക് ലഭ്യമാക്കുന്നതിനായി ഇതുമായി ബന്ധപ്പെട്ട നടപടികൾ ഇ-ഡിസ്ട്രിക്ട് മുഖേന ഓൺലൈനായി ആണ് 1-8-2016 മുതൽ സ്വീകരിച്ചുവരുന്നത്.

**വനവത്കരണത്തിനുള്ള പദ്ധതികൾ**

95(2115) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നശിച്ചുപോയ വനങ്ങൾക്കുപകരം വനം വച്ചുപിടിപ്പിക്കുന്നതിനും ഔഷധ സസ്യങ്ങൾ പരിപാലിക്കുന്നതിനും പദ്ധതി നിലവിലുണ്ടോ;

(ബി) മുൻ വർഷങ്ങളിൽ ഈ പദ്ധതി പ്രകാരം വെച്ചുപിടിപ്പിച്ചിട്ടുള്ള മരങ്ങൾ വേണ്ടവിധം സംരക്ഷിക്കുന്നതിന് സാധിച്ചിട്ടുണ്ടോ ;എത്ര ഹെക്ടർ സ്ഥലത്താണ് ഇപ്രകാരം മരങ്ങൾ വച്ചുപിടിപ്പിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) ഇത്തരം പ്രദേശങ്ങളെ കാട്ടുതീയിൽനിന്നും സംരക്ഷിക്കുന്നതിന് വനസംരക്ഷണ സമിതികളുടെ സേവനം പ്രയോജനപ്പെടുത്തുമോ;

(ഡി) അപൂർവ്വങ്ങളായ ചോലവനങ്ങൾ, കണ്ടൽ കാടുകൾ, മറ്റ് പ്രത്യേക പ്രദേശങ്ങളിലെ ആവാസ വ്യവസ്ഥയുടെ സംരക്ഷണം എന്നിവയും കൂടി ഈ പദ്ധതി പ്രകാരം ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നശിച്ചുപോയ വനങ്ങൾക്കുപകരം വനം വച്ചുപിടിപ്പിക്കുന്നതിനും ഔഷധ സസ്യങ്ങൾ പരിപാലിക്കുന്നതിനും പദ്ധതി നിലവിലുണ്ട്.

(ബി) മുൻ വർഷങ്ങളിൽ ഈ പദ്ധതി പ്രകാരം വച്ചുപിടിപ്പിക്കുന്നതിനുള്ള മരങ്ങൾ വേണ്ടവിധം സംരക്ഷിക്കുന്നതിന് സാധിച്ചിട്ടുണ്ട്. 19884.847 ഹെക്ടർ സ്ഥലത്ത് ഇപ്രകാരം മരങ്ങൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്.

(സി) ഇത്തരം പ്രദേശങ്ങളെ കാട്ടുതീയിൽനിന്നും സംരക്ഷിക്കുന്നതിന് വനസംരക്ഷണ സമിതിയുടെ സേവനം പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

(ഡി) കണ്ണൂർ ഡിവിഷനിൽ 82 ഹെക്ടറും കാസർഗോഡ് ഡിവിഷനിൽ 54.695 ഹെക്ടർ പ്രദേശത്തും കണ്ടൽക്കാടുകൾ റിസർവ് വനമായി ഏറ്റെടുത്തിട്ടുണ്ട്. കാസർഗോഡ് ഡിവിഷനിലെ 15 ഹെക്ടർകൂടി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. അപൂർവ്വങ്ങളായ ചോലവനങ്ങൾ, ബാക്കിയുള്ള കണ്ടൽക്കാടുകൾ, മറ്റ് പ്രത്യേക പ്രദേശങ്ങളിലെ ആവാസവ്യവസ്ഥയുടെ സംരക്ഷണം എന്നിവ ഏറ്റെടുക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കേണ്ടതുണ്ട്.

**ആനക്കൊമ്പ് മ്യൂസിയം ആരംഭിക്കാൻ നടപടി**

96(2116) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ഫോറസ്റ്റ് സ്റ്റേഷനുകളിലും മറ്റുമായി എത്ര കിലോ ആനക്കൊമ്പ് സൂക്ഷിക്കുന്നുണ്ട്;

(ബി) ഇത് ഉപയോഗിച്ച് ആനകമ്പക്കാരുടെ എണ്ണം ഏറെ കൂടുതലുള്ള തൃശ്ശൂർ കേന്ദ്രീകരിച്ച് ആനക്കൊമ്പ് മ്യൂസിയം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വനം വകുപ്പ് ആസ്ഥാനത്തുള്ള സ്ട്രോങ് റൂമിലും ജില്ലാ ട്രഷറികളിലുമായി ഏകദേശം 9 ടൺ ആനക്കൊമ്പുകൾ സൂക്ഷിക്കുന്നുണ്ട്.

(ബി) പ്രത്യേക നിക്ഷേപ പദ്ധതിയായ കിഫ്ബിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം കോട്ടൂരിൽ 105 കോടി രൂപ ചെലവിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ആന പുനരധിവാസ കേന്ദ്രം വികസിപ്പിക്കുന്നതിന് ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഒരു ആന മ്യൂസിയവും വിഭാവന ചെയ്തിട്ടുണ്ട്. ആയതിനാൽ തൃശ്ശൂർ ആസ്ഥാനമാക്കി ആനക്കൊമ്പ് മ്യൂസിയം ആരംഭിക്കുന്നതിന് ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

## വന്യജീവികൾക്ക് കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിന് നടപടി

97(2117) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടും വരൾച്ചമൂലം കുടിവെള്ളമില്ലാതെ കാട്ടിലെ പക്ഷിമൃഗാദികൾ ചത്തൊടുങ്ങുന്നുവെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരളത്തിലെ ജലസമൃദ്ധമായ വനമേഖലയിൽ പോലും അതിരൂക്ഷമായ വരൾച്ചയുടെ കാരണം വകുപ്പ് പഠനവിധേയമാക്കിയിട്ടുണ്ടോ;

(സി) പക്ഷികൾക്കും മൃഗങ്ങൾക്കും കുടിവെള്ള ലഭ്യത ഉറപ്പ് വരുത്തുന്നതിന് ചെക്ക് ഡാം (തടയണ) നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) വനത്തിനുള്ളിലെങ്കിലും ശാസ്ത്രീയ മാർഗ്ഗങ്ങളിലൂടെ ജലലഭ്യത ഉറപ്പുവരുത്തി പക്ഷിമൃഗാദികളുടെ സംരക്ഷണത്തിന് മറ്റ് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇത്തരത്തിലുള്ള പഠനം വനം വകുപ്പ് നടത്തിയിട്ടില്ല.

(സി) വരൾച്ച മുൻകൂട്ടി കണ്ട് കേരളത്തിലെ വനമേഖലയിൽ ആവശ്യമുള്ള സ്ഥലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തടയണ നിർമ്മിക്കുകയും നിലവിലുണ്ടായിരുന്നവയുടെ അറ്റകുറ്റപ്പണികൾനടത്തി പരമാവധി ജലം ശേഖരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ഡി) വനത്തിനുള്ളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി സ്വാഭാവിക ജലാശയങ്ങൾ, ചെക്ക് ഡാമുകൾ, കുളങ്ങൾ ഉൾപ്പെടെ 1500-ഓളം വരുന്ന ജലസ്രോതസ്സുകൾ നവീകരിക്കുകയും പരമാവധി ജലലഭ്യത ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയ കുളങ്ങൾ നിർമ്മിക്കുന്നുണ്ട്. അധിനിവേശ സസ്യങ്ങളെ നീക്കംചെയ്ത് വനത്തിനുള്ളിലെ ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കുന്നുണ്ട്. ജലസ്രോതസ്സുകളുടെ സമീപ പ്രദേശങ്ങളിൽ മുള, പുല്ലുകൾ എന്നിവ വച്ചുപിടിപ്പിക്കുന്നുണ്ട്.

**ജനവാസ കേന്ദ്രങ്ങളിൽ കാട്ടാനകളുടെയും മറ്റ് മൃഗങ്ങളുടെയും ശല്യം**

98(2118) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ വനപ്രദേശങ്ങളോട് ചേർന്ന് കിടക്കുന്ന ജനവാസ കേന്ദ്രങ്ങളിലും കൃഷിയിടങ്ങളിലും കാട്ടാനകളുടെയും മറ്റ് വന്യ മൃഗങ്ങളുടെയും ശല്യം വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രശ്നപരിഹാരത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ഇനി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വനപ്രദേശത്തോട് ചേർന്നുകിടക്കുന്ന ജനവാസ കേന്ദ്രങ്ങളിലും കൃഷിയിടങ്ങളിലും കാട്ടാനകളുടെയും മറ്റ് വന്യമൃഗങ്ങളുടെയും ശല്യം വർദ്ധിച്ചുവരുന്ന സ്ഥലങ്ങളിൽ സോളാർ വേലിയും കിടങ്ങുകളും പ്രത്യേക നിക്ഷേപ പദ്ധതിയായ കിഫ്ബി വഴി നിർമ്മിക്കുന്നതിനുള്ള ഇ-ടെൻഡറുകൾ വിളിച്ചിട്ടുണ്ട്. കൂടാതെ വന്യമൃഗങ്ങളുടെ ശല്യം കൂടുതലായി കണ്ടുവരുന്ന പ്രദേശങ്ങളിൽ റാപ്പിഡ് റെസ്പോൺസ് ടീം നിരന്തരം പട്രോളിംഗ് നടത്തി വരുന്നുണ്ട്. കൂടാതെ റാപ്പിഡ് റെസ്പോൺസ് ടീമിന്റെ അംഗസംഖ്യ വർദ്ധിപ്പിച്ച് പട്രോളിംഗ് ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഫണ്ടിന്റെ ലഭ്യത അനുസരിച്ച് സോളാർ വേലികളും കിടങ്ങുകളും കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. അതുപോലെ വന്യമൃഗങ്ങൾ കാടിന് പുറത്തേയ്ക്ക് ഇറങ്ങുന്നത് സംബന്ധിച്ച് ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിനായി Early Warning SMS Alert System ടി സ്ഥലങ്ങളിൽ നടപ്പാക്കുന്നുണ്ട്.

**റാപ്പിഡ് റെസ്പോൺസ് ടീമിന്റെ പ്രവർത്തനങ്ങൾ**

99(2119) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കാട്ടാനകൾ വ്യാപകമായി കൃഷിനശിപ്പിച്ചു കൊണ്ടിരിക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം ഘട്ടങ്ങളിൽ പ്രവർത്തിക്കുന്നതിനായി റാപ്പിഡ് റെസ്പോൺസ് ടീം പ്രസ്തുത ജില്ലയ്ക്കും അനുവദിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) റാപ്പിഡ് റെസ്പോൺസ് ടീം ജില്ലയ്ക്ക് അനുവദിച്ച ഉത്തരവല്ലാതെ സ്റ്റാഫിനേയും, വാഹനവും ഇതുവരെ അനുവദിച്ചില്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ വന്യമൃഗങ്ങളുടെ ശല്യം കൂടികൊണ്ടിരിക്കുന്ന പ്രസ്തുത ജില്ലയിൽ റാപ്പിഡ് റെസ്പോൺസ് ടീം പ്രവർത്തനസജ്ജമാക്കാനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കർണ്ണാടക വനമേഖലയിൽനിന്നും വരുന്ന കാട്ടാനകൾ കൃഷിയിടങ്ങളിലിറങ്ങി കൃഷി നശിപ്പിക്കാറുണ്ട്.

(ബി) സർക്കാർ ഉത്തരവ് (എം.എസ്.)നമ്പർ 73/2014 വനം തീയതി 28-2-2014 പ്രകാരം കാസർഗോഡ് ഉൾപ്പെടെ 5 റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിച്ചിട്ടുണ്ട്. ടി ഉത്തരവിൽ ടി റാപ്പിഡ് റെസ്പോൺസ് ടീമുകൾക്കുവേണ്ടി പുതിയ തസ്തികകൾക്കോ വാഹനങ്ങൾക്കോ അനുമതി ഉണ്ടായിരുന്നില്ല. ആയതിനാൽ നിലവിലെ ജീവനക്കാർ, വാഹനങ്ങൾ എന്നിവ പുനഃക്രമീകരിച്ചു കൊണ്ടും ലഭ്യമായ അടിസ്ഥാന സംവിധാനങ്ങൾ പുനഃസംവിധാനം ചെയ്തുകൊണ്ടും റാപ്പിഡ് റെസ്പോൺസ് ടീം പ്രവർത്തിക്കുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നിരുന്നാലും നിലവിലെ ജീവനക്കാർ, വാഹനങ്ങൾ എന്നിവ പുനഃക്രമീകരിച്ചുകൊണ്ടും ലഭ്യമായ അടിസ്ഥാന സംവിധാനങ്ങൾ ഉപയോഗിച്ചുകൊണ്ടും നിലവിൽ റാപ്പിഡ് റെസ്പോൺസ് ടീം പ്രവർത്തിച്ചുവരുന്നുണ്ട്.

(ഡി) നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന റാപ്പിഡ് റെസ്പോൺസ് ടീമുകൾക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പുതിയ വാഹനം നൽകുന്നതും തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതുമാണ്.

**വന്യജീവി ആക്രമണത്തിൽ നാശനഷ്ടമുണ്ടാകുന്നവർക്കുള്ള സഹായം**

100(2120) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗത്തിന്റെ ആക്രമണംമൂലം കൃഷിയിലും മറ്റും നാശനഷ്ട മുണ്ടാകുന്നവർക്ക് ഇപ്പോൾ ലഭിച്ചു വരുന്ന സാമ്പത്തിക സഹായം തുച്ഛമാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ അവ വർദ്ധിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ അവ വർദ്ധിപ്പിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വന്യമൃഗങ്ങളുടെ ആക്രമണംമൂലമുണ്ടാകുന്ന ജീവനാശത്തിന് മുമ്പ് നൽകിയിരുന്നത് 3 ലക്ഷം രൂപയായിരുന്നു. ആയത് 2014-ലെ സർക്കാർ ഉത്തരവുപ്രകാരം 5 ലക്ഷം രൂപയും വനത്തിന് പുറത്തുവച്ച് പാമ്പുകടിയേറ്റ് മരണപ്പെടുന്നവരുടെ ആശ്രിതർക്ക് 1 ലക്ഷം രൂപയുമാക്കി വർദ്ധിപ്പിച്ചിട്ടുമുണ്ട്. മനുഷ്യർക്കുണ്ടാകുന്ന പരിക്ക്, സ്ഥിരമായ അംഗവൈകല്യം, കന്നുകാലികൾക്കും വീടുകൾക്കും തുടങ്ങി മറ്റ് നാശനഷ്ടങ്ങൾ എന്നിവയ്ക്ക് നൽകിവന്നിരുന്ന നഷ്ടപരിഹാരത്തുക 2013-ൽ വർദ്ധിപ്പിക്കുകയും പരമാവധി 75,000 രൂപയാക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ വർഷത്തിൽ പരമാവധി 4 തവണവരെ നഷ്ടപരിഹാരത്തിന് ഒരു വ്യക്തിക്ക് അപേക്ഷിക്കാവുന്നതാണ്.

(സി) നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

**ആനമുടിച്ചോല നാഷണൽ പാർക്കിലെ ക്യാമറ മോഷണം**

101(2121) ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറയൂരിന് സമീപം ആനമുടിച്ചോല നാഷണൽ പാർക്കിൽ കടുവയുടെ കണക്കെടുപ്പിനായി സ്ഥാപിച്ച ക്യാമറ മോഷണം പോയ കേസിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണ്;

(ബി) കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 22-9-2015-നം 16-4-2017-നം ആനമുടിച്ചോലയിൽനിന്ന് നിരീക്ഷണ ക്യാമറ മോഷണം പോയിട്ടുണ്ട്. ആയതിന് ഐ.പി.സി.1860 സെക്ഷൻ 379 പ്രകാരം യഥാക്രമം എഫ്.ഐ.ആർ. നമ്പർ 0470 തീയതി 24-9-2015, എഫ്.ഐ.ആർ. നമ്പർ 189/2017 ആയി മറയൂർ പോലീസ് സ്റ്റേഷനിൽ കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(ബി) കുറ്റക്കാരെ കണ്ടെത്തുന്ന മുറയ്ക്ക് നിയമപ്രകാരം കർശന നടപടി സ്വീകരിക്കുന്നതാണ്.

**അതിരപ്പിള്ളി പഞ്ചായത്തിൽ വന്യജീവികളുടെ ആക്രമണം**

102(2122) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി പഞ്ചായത്തിലെ നിരവധി ആദിവാസി കോളനികളിലടക്കം വിവിധ പ്രദേശങ്ങളിൽ കാട്ടാനയടക്കമുള്ള വന്യജീവികളുടെ ആക്രമണം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മലക്കപ്പാറയിൽ കാട്ടാനയുടെ ആക്രമണത്തിൽ മരണമടഞ്ഞ കാളിമുത്തു മകൻ അറുമുഖത്തിന്റെ കുടുംബത്തിന് ധനസഹായം നൽകുവാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) വന്യ ജീവികളുടെ നിരന്തരമായ ആക്രമണം തടയുന്നതിനായി ഫെൻസിംഗ് നിർമ്മാണമടക്കമുള്ള പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 9-4-2017-ന് മലക്കപ്പാറയിൽ കാട്ടാനയുടെ ആക്രമണത്തിൽ കാളിമുത്തു മകൻ അറുമുഖത്തിന്റെ മരണം റിപ്പോർട്ട് ചെയ്ത ഉടൻതന്നെ വനം വകുപ്പ് ജീവനക്കാർ സ്ഥലത്തെത്തി അടിയന്തര സഹായങ്ങൾ നൽകിയിട്ടുണ്ട്. പരേതന്റെ അനന്തരാവകാശ സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് അനന്തരാവകാശികൾക്ക് നിയമാനുസരണം അർഹതപ്പെട്ട ധനസഹായമായ 5 ലക്ഷം രൂപ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) അതിരപ്പിള്ളി പഞ്ചായത്തിലെയും സമീപ വനമേഖലകളോട് ചേർന്നുള്ള പ്രദേശങ്ങളിലും കാട്ടാന അടക്കമുള്ള വന്യജീവികളുടെ ആക്രമണം തടയുന്നതിനായി ചാലക്കുടി ഫോറസ്റ്റ് ഡിവിഷനുകീഴിൽ വരുന്ന പ്രദേശങ്ങളിൽ 21.55 കി.മീ. സോളാർ ഫെൻസിംഗ് നടത്തിയിട്ടുണ്ട്. വാഴച്ചാൽ ഡിവിഷനിൽ വരുന്ന പ്രദേശങ്ങളിൽ 2016-17 സാമ്പത്തിക വർഷം 1.1 കി.മീറ്റർ സോളാർ ഫെൻസിംഗ് ചെയ്തിട്ടുണ്ട്. കൂടാതെ ഈ മേഖലയിൽ നിലവിലുള്ള 4 കി.മീ. സോളാർ ഫെൻസിംഗിന്റെ അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ ഈ മേഖലകളിൽ ഫെൻസിംഗ് നിർമ്മാണ പ്രവൃത്തികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടത്തുന്നതാണ്.

## കോഴി വളർത്തൽ പദ്ധതി

103(2123) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിന്റെ കോഴി വളർത്തൽ പദ്ധതി തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം പഞ്ചായത്തിൽ ആരംഭിച്ചെന്ന് വ്യക്തമാക്കുമോ;

(ബി) കെപ്കോയുമായി സഹകരിച്ച് സ്കൂൾ വിദ്യാർത്ഥികൾക്ക് കോഴിക്കുഞ്ഞ് വിതരണം ചെയ്യുന്ന പദ്ധതി തിരുവനന്തപുരം ജില്ലയിൽ നടപ്പിലാക്കിയോ; ഉണ്ടെങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിലെ ആനാട്, അരുവിക്കര, മാണിക്കൽ, നന്ദിയോട്, നെല്ലനാട്, പനവൂർ, പാങ്ങോട്, പെരിങ്ങമ്മല, പുല്ലമ്പാറ, തൊളിക്കോട്, ഉഴമലയ്ക്കൽ, വാമനപുരം, വെള്ളനാട്, വെമ്പായം, പൂവച്ചൽ, അമ്പൂരി, കള്ളിക്കാട്, കുറ്റിച്ചൽ, മാറനല്ലൂർ, ഒറ്റശേഖരമംഗലം, കാട്ടാക്കട, മലയിൻകീഴ്, വിളപ്പിൽ, കുന്നത്തുകാൽ, കോട്ടുകാൽ, കാരോട്, പള്ളിച്ചൽ, പൂവാർ, കുളത്തൂർ, വെള്ളറട, അതിയന്നൂർ, ബാലരാമപുരം, കൊല്ലയിൽ, തിരുപുറം, കരകുളം, പെരുങ്കടവിള, കഠിനംകുളം, വെങ്ങാനൂർ, കല്ലിയൂർ, പോത്തൻകോട്, മംഗലപുരം, പുളിമാത്ത്, കീഴാറ്റിങ്ങൽ, ഇലകമൺ, മണമ്പൂർ, വെട്ടൂർ, മുദാക്കൽ, ചെമ്മരുതി, പള്ളിക്കൽ, ശാർക്കര, വെള്ളംകൊള്ളി, പഴയകുന്നുമ്മേൽ, കരവാരം, നാവായിക്കുളം എന്നീ പഞ്ചായത്തുകളിലാണ് മൃഗസംരക്ഷണ വകുപ്പിന്റെ കോഴി വളർത്തൽ പദ്ധതി നടപ്പിലാക്കിയത്.

(ബി) കെപ്കോയുമായി സഹകരിച്ച് സ്കൂൾ വിദ്യാർത്ഥികൾക്ക് കോഴിക്കുഞ്ഞ് വിതരണം ചെയ്യുന്ന പദ്ധതി മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിയിട്ടില്ല. എന്നാൽ കെപ്കോ ആവിഷ്കരിച്ച് നടപ്പാക്കുന്ന 'കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് ' എന്ന പദ്ധതി തിരുവനന്തപുരം ജില്ലയിൽ നടപ്പാക്കിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കിയ തിരുവനന്തപുരം ജില്ലയിലെ സ്കൂളുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**പോത്താനിക്കാട് മൃഗാശുപത്രിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് നടപടി**

104(2124) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ നിയോജക മണ്ഡലത്തിലെ പോത്താനിക്കാട് മൃഗാശുപത്രിക്ക് കെട്ടിടം നിർമ്മിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ള തെന്നും ആയതിന്റെ നിലവിലെ സ്ഥിതിയും അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രൊപ്പോസലിൽ അപാകതകൾ ഉള്ളതിനാൽ പരിഹരിച്ച നൽകുന്നതിന് എറണാകുളം ജില്ലാ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൃത്യമായ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതിയും ഫണ്ടും നൽകുന്നതാണ്.

**കാക്കൂർ പഞ്ചായത്തിൽ ലൈവ്സ്റ്റോക്ക് പാർക്ക്**

105(T2125) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഏലത്തൂർ നിയോജകമണ്ഡലത്തിൽപ്പെട്ട കാക്കൂർ പഞ്ചായത്തിൽ ലൈവ് സ്റ്റോക്ക് പാർക്ക് സ്ഥാപിക്കുന്നതിനായി സർക്കാർ ഭൂമി അനുവദിക്കുന്നതിനു വേണ്ടി 22-2-2017-ന് ചേർന്ന മന്ത്രിതല യോഗ തീരുമാനം പ്രകാരം കൈക്കൊണ്ട നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് സർവ്വകലാശാല അധികാരികളും റവന്യൂ ഉദ്യോഗസ്ഥരും സംയുക്തമായി നിർദ്ദേശിക്കപ്പെട്ട സ്ഥലം സന്ദർശിച്ചു. സർവ്വകലാശാലയ്ക്ക് സ്ഥലം കൈമാറുന്ന മുറയ്ക്ക് ഒരു മേഖലാ കേന്ദ്രം അവിടെ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സർവ്വകലാശാല സ്വീകരിക്കുന്നതാണ്. ആയതിനുള്ള പദ്ധതിയുടെ കരട് സർവ്വകലാശാല തയ്യാറാക്കിയിട്ടുണ്ട്.

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## കന്നുകാലി കർഷകർ നേരിടുന്ന പ്രശ്നങ്ങൾ

106 (2126) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ പകർച്ചവ്യാധികളും രോഗങ്ങളും മൂലം കേരളത്തിൽ കന്നുകാലി വളർത്തൽ ആദായകരമാകുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കന്നുകാലികർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന് നിലവിലുള്ള സംവിധാനം പര്യാപ്തമല്ലെന്ന ആക്ഷേപങ്ങൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കന്നുകാലികളിലെ രോഗബാധമൂലം കർഷകർക്കുണ്ടാകുന്ന നഷ്ടങ്ങൾ നികത്താനായി സംസ്ഥാന സർക്കാർ സമഗ്രമായ കന്നുകാലി ഇൻഷ്വറൻസ് പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച സർക്കാർ ഉത്തരവ് സ.ഉ. (സാധാ.) നമ്പർ 512/2016/എ.എച്ച്.ഡി. തീയതി 29-11-2016 പ്രകാരം പുറപ്പെടുവിച്ചു. 2017-18 സാമ്പത്തിക വർഷം പദ്ധതി നടപ്പിലാക്കാനായി 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതുപ്രകാരം ഒരു ലക്ഷത്തോളം കന്നുകാലികളെ ഇൻഷ്വർ ചെയ്യാൻ ലക്ഷ്യമിടുന്നു. കൂടാതെ പേ വിഷബാധ, ആന്ത്രാക്സ്, പാമ്പിൽനിന്നുള്ള വിഷബാധ, അപകടങ്ങൾ തുടങ്ങിയവമൂലമുള്ള കന്നുകാലികളിലെ മരണത്തിന് ദുരന്തനിവാരണ ഫണ്ടിൽനിന്നും നഷ്ടപരിഹാരം നൽകിവരുന്നു. 2017-18 വർഷം ഒരു കോടി രൂപ ഈ ഇനത്തിൽ വകയിരുത്തിയിട്ടുണ്ട്.

## മൃഗശാലകളിലെ താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി

107 (2127) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗശാലകളിൽ താൽക്കാലികമായി ജോലിചെയ്യുന്ന 10 വർഷം ആയ ജീവനക്കാരെ സ്ഥിരപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം എന്തെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മൃഗശാലകളിൽ എത്ര പേരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്?

ഉത്തരം

(എ) ഇല്ല. നിലവിലുള്ള നിയമപ്രകാരം മൃഗശാലയിലെ തസ്തികകളിൽ നിയമനം നടത്തുന്നത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് /പി.എസ്.സി. മുഖേനയാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മൃഗശാലകളിൽ ആരെയും സ്ഥിരപ്പെടുത്തിയിട്ടില്ല.

## കല്ല്യാശ്ശേരി മണ്ഡലത്തിലെ മൃഗാശുപത്രികൾ

108 (2128) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ എത്ര മൃഗാശുപത്രികൾ നിലവിലുണ്ട്, അവയിൽ എത്രയെണ്ണത്തിന് സ്വന്തമായി കെട്ടിടമുണ്ട്; വിശദാംശം നൽകുമോ;

(ബി) മൃഗാശുപത്രികൾ നവീകരിക്കുന്നതിന് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ 10 മൃഗാശുപത്രികൾ നിലവിലുണ്ട്. ഇവയിൽ ചുവടെ ചേർക്കുന്ന 9 മൃഗാശുപത്രികൾക്ക് സ്വന്തമായി കെട്ടിടമുണ്ട്:

1. വെറ്ററിനറി ഡിസ്പെൻസറി, കൊവ്വപ്രം
2. വെറ്ററിനറി ഡിസ്പെൻസറി, നരിക്കാംവള്ളി
3. വെറ്ററിനറി ഡിസ്പെൻസറി, പഴയങ്ങാടി
4. വെറ്ററിനറി ഡിസ്പെൻസറി, കണ്ടോന്താർ
5. വെറ്ററിനറി ഡിസ്പെൻസറി, ഇരിണാവ്
6. വെറ്ററിനറി ഡിസ്പെൻസറി, കണ്ണപുരം
7. വെറ്ററിനറി ഡിസ്പെൻസറി, കുഞ്ഞിമംഗലം
8. വെറ്ററിനറി ഡിസ്പെൻസറി, വേങ്ങര
9. വെറ്ററിനറി ഡിസ്പെൻസറി, മുറിയാത്തോട്.

(ബി) ഈ മൃഗാശുപത്രികൾ നവീകരിക്കുന്നതിനുള്ള പദ്ധതികളൊന്നും ഇപ്പോൾ നിലവിലില്ല.

## വളർത്തുനായകളുടെ സൗജന്യ കുത്തിവെയ്പിന് കേന്ദ്രസഹായം

109 (2129) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വളർത്തുനായകളുടെ സൗജന്യ കുത്തിവെയ്പിന് കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാന സർക്കാരിന് പ്രത്യേക സാമ്പത്തിക സഹായം ലഭിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് യഥാസമയങ്ങളിൽ വിനിയോഗിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കുത്തിവെയ്പ് എടുക്കുവാൻ ഒരോ ജില്ലയിലും മൊബൈൽ വിംഗിനെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2015-16-ൽ 130 ലക്ഷം രൂപ കേന്ദ്ര വിഹിതമായി ലഭിച്ചിരുന്നു.

(ബി) ഈ തുക സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പേവിഷ വിമുക്ത കേരളം പദ്ധതി (Rabies free Kerala Vaccination Programme) ക്കുവേണ്ടി ഫലപ്രദമായി വിനിയോഗിച്ചു.

(സി) സംസ്ഥാനത്തെ മുഴുവൻ മൃഗാശുപത്രികളിലും എല്ലാ ദിവസവും പേവിഷ പ്രതിരോധ കുത്തിവയ്പ് നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതിനാൽ മൊബൈൽ വിംഗ് ആരംഭിച്ചിട്ടില്ല.

**സുരക്ഷാപരിശോധനയില്ലാത്ത അറവുമാടുകൾ**

110 (2130) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെക്ക്പോസ്റ്റുകളിലൂടെ സുരക്ഷാപരിശോധനയില്ലാതെ അറവുമാടുകളെ കൊണ്ടുവരുന്നത് ആന്ത്രാക്സും കുളമ്പുരോഗവുമുൾപ്പെടെയുള്ള പകർച്ചവ്യാധി ഭീഷണി ഉണ്ടാക്കുന്ന കാര്യം മൃഗസംരക്ഷണ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ;

(ബി) ചെക്ക്പോസ്റ്റുകളിൽ വെറ്ററിനറി ഡോക്ടർ സീൽ ചെയ്ത മാടുകളെ മാത്രമേ കടത്തി വിടുകയുള്ളൂ എന്ന നിയമം കർശനമായി പാലിക്കുവാനുള്ള നിർദ്ദേശം അധികൃതർക്ക് നൽകുവാൻ നടപടി സ്വീകരിക്കുമോ;

(സി) പരിശോധനയില്ലാതെ കൊണ്ടുവരുന്ന മൃഗങ്ങൾ വഴി കേരളത്തിലെ മൃഗങ്ങൾക്ക് ആന്ത്രാക്സ്, കുളമ്പു രോഗങ്ങൾ തുടങ്ങിയവ പിടിപെടുന്നകാര്യം പ്രത്യേകമായി പരിശോധിച്ച് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചെക്ക് പോസ്റ്റുകളിലൂടെ രോഗവാഹകരെന്ന് സംശയിക്കപ്പെടുന്ന ഉരുക്കളെ കടത്തിവിടാറില്ല. സംസ്ഥനത്തോ പുറത്തോ സാംക്രമിക രോഗങ്ങളുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടാൽ ചെക്ക് പോസ്റ്റുകൾക്ക് കൂടുതൽ ജാഗ്രതാ നിർദ്ദേശം നൽകുകയും കുളമ്പുരോഗം തിരിച്ചറിയാനുള്ള റാപ്പിഡ് കിറ്റ് ഉപയോഗിച്ച് ചെക്ക് പോസ്റ്റുകളിൽ പരിശോധന നടത്തുകയും ചെയ്യാറുണ്ട്.

(ബി) ചെക്ക് പോസ്റ്റുകളിലൂടെ കടന്നുപോകുന്ന ഓരോ കൺസൈൻമെന്റുകൾക്കൊപ്പവും ഉരുക്കൾക്ക് ഷെഡ്യൂൾ പ്രകാരമുള്ള പ്രതിരോധ കുത്തിവയ്പുകൾ നൽകിയിട്ടുണ്ടെന്നും രോഗമില്ലെന്ന് സൂചിപ്പിക്കുന്ന കേന്ദ്ര മൃഗസംരക്ഷണ ബോർഡ് (AWBI) നിർദ്ദേശിക്കുന്ന തരത്തിലുള്ള മാതൃകയിൽ അംഗീകൃത വെറ്ററിനറി സർജന്റെ ഫോൺ നമ്പരും രജിസ്റ്റർ നമ്പരും ഉൾപ്പെടെയുള്ള സീൽ പതിച്ച ആരോഗ്യ സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. ആരോഗ്യ സർട്ടിഫിക്കറ്റില്ലാതെ വരുന്ന ഉരുക്കളെ സംസ്ഥാനത്തേയ്ക്ക് കടത്തിവിടരുതെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കേരളത്തിലെ മൃഗസംരക്ഷണ ചെക്ക് പോസ്റ്റുകൾ വഴി പരിശോധനയില്ലാതെ ഉരുക്കളെ കടത്തിവിടരുതെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. രോഗവാഹകരെന്ന് ഭൗതിക പരിശോധനയിലോ കിറ്റുകൾ ഉപയോഗിച്ചുള്ള പരിശോധനകൾ വഴിയോ മനസ്സിലായാൽ ഉരുക്കളെ തിരിച്ചയയ്ക്കുന്നു.

**പാൽക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ**

111 (2131) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിദിനം എത്ര ലിറ്റർ പാലിന്റെ ആവശ്യകതയാണുള്ളത്; ഇതിൽ എത്ര ലിററർ ഇവിടെ ഉല്പാദിപ്പിക്കുന്നുണ്ടെന്ന് അറിയിക്കാമോ;

(ബി) കടുത്ത വേനൽ കാരണം ഉല്പാദനത്തിൽ ശരാശരി എത്ര ലിറ്റർ കുറവ് വന്നിട്ടുണ്ട്;

(സി) പാൽ ക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഏകദേശം 87 ലക്ഷം ലിറ്റർ പാൽ പ്രതിദിനം ആവശ്യമുണ്ട്. ഇതിൽ പ്രതിദിനം ഏകദേശം 78 ലക്ഷം ലിറ്റർ പാൽ ആഭ്യന്തരമായി ഉല്പാദിപ്പിക്കപ്പെടുന്നുവെന്ന് കണക്കാക്കിയിരിക്കുന്നു.

(ബി) പാലുല്പാദനത്തിൽ ഗണ്യമായ കുറവ് വന്നിട്ടില്ല. കടുത്ത വേനൽ അനുഭവപ്പെട്ട ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ മിൽമയുടെ ആഭ്യന്തര സംഭരണത്തിൽ ഏതാണ്ട് 4.62 ശതമാനം കുറവുണ്ടായിട്ടുണ്ട്. എന്നാൽ ഏപ്രിൽ മാസത്തിൽ മിൽമയുടെ ആഭ്യന്തര സംഭരണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്.

(സി) കടുത്ത വേനൽ കാരണം പാൽ ക്ഷാമം പരിഹരിക്കുന്നതിനായി ക്ഷീരവികസന വകുപ്പ് സ്വീകരിച്ച നടപടികൾ പ്രധാനമായും താഴെ പറയുന്നവയാണ്:

1. പാൽ വില ലിറ്ററിന് 4 രൂപ വർദ്ധിപ്പിക്കുകയും ഇതിൽ 3.35 രൂപയും ക്ഷീരകർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്.

2. കടുത്ത വരൾച്ചയെത്തുടർന്ന് പച്ചപ്പുല്ലിന്റെയും വൈക്കോലിന്റെയും ക്ഷാമവും വിലവർദ്ധനവും പരിഹരിക്കുന്നതിനായി സംസ്ഥാനത്തെ തെരഞ്ഞെടുത്ത ക്ഷീരസംഘങ്ങളിലൂടെ ക്ഷീരകർഷകർക്ക് മിതമായ നിരക്കിൽ പച്ചപ്പുല്ലും വൈക്കോലും വിതരണം ചെയ്യുന്നതിന് 35 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കി.

3. ക്ഷീരകർഷകർ സംഘത്തിലളക്കുന്ന പാലിന് ആനുപാതികമായി ഒരു ലിറ്റർ പാലിന് ഒരു രൂപയുടെ കാലിത്തീറ്റ സബ്സിഡി അനുവദിക്കുകയും ഇതിനായി 13.5 കോടി രൂപ കർഷകർക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

4. കറവപ്പശുക്കൾ വാങ്ങുന്നതിനായി ബാങ്ക് വായ്പ എടുക്കുകയും തിരിച്ചടയ്ക്കാനാകാതെ ജപ്തി ഭീഷണി നേരിടുകയും ചെയ്ത കർഷകരെ സഹായിക്കുന്നതിനായി 5 കോടി രൂപയുടെ കാർഷിക കടാശ്വാസ പദ്ധതി നടപ്പിലാക്കി. ഇതിന്റെ ഭാഗമായി ഒരു കർഷകന് ഒരു കറവപ്പശുവിന് 20,000 രൂപയും പരമാവധി ഒരു ലക്ഷം രൂപ വരെയും ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്. ഇതിന്റെ പ്രയോജനം 2285 കർഷകർക്ക് ലഭിച്ചിട്ടുണ്ട്.

5. ക്ഷീരകർഷകരെ ഈ മേഖലയിൽ നിലനിർത്തുന്നതിനുവേണ്ടി വേനൽക്കാല ഇൻസെന്റീവ്, കുറഞ്ഞ നിരക്കിൽ വൈക്കോൽ, കാലിത്തീറ്റയ്ക്ക് പ്രത്യേക ഡിസ്കൗണ്ട് തുടങ്ങി വിവിധ പദ്ധതികൾ ഫെഡറേഷനും മേഖലാ യൂണിയനുകളും നടപ്പിലാക്കി കർഷകരുടെ സംഭരണ വിലയിൽ വർദ്ധനവ് നൽകി.

6. പാൽ ക്ഷാമമുണ്ടായ അവസരങ്ങളിൽ വിപണി നിലനിർത്തുന്നതിനായി കർണ്ണാടക/തമിഴ്നാട് ഡയറി ഫെഡറേഷനുകളിൽ നിന്നും പാൽ വാങ്ങിയിട്ടുണ്ട്.

**പാൽ വിതരണം നടത്തുന്ന സ്വകാര്യ കമ്പനികൾ**

112 (2132) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പാൽ വിതരണം നടത്തുന്ന സ്വകാര്യ കമ്പനികൾ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

കേരളത്തിൽ മലപ്പുറം, വയനാട്, കാസർഗോഡ് എന്നീ ജില്ലകളൊഴികെ മറ്റെല്ലാ ജില്ലകളിലും സ്വകാര്യ പാൽ കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്.

**ക്ഷീര കർഷകരെ സഹായിക്കാൻ പദ്ധതികൾ**

113 (2133) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷീര കർഷകരെ സഹായിക്കുവാൻ എന്തെല്ലാം പദ്ധതികൾ വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്;

(ബി) പാലുത്പാദനം വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(സി) കർഷകരെ സഹായിക്കുവാൻ പശുയൂണിറ്റുകൾ, കറവയന്ത്രം എന്നീ പദ്ധതികൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; കന്നുകാലി ഇൻഷ്വറൻസ് വഴി ഈ സാമ്പത്തിക വർഷം എത്ര തുക വിതരണം ചെയ്തു; വിശദമാക്കുമോ?

ഉത്തരം

(എ) ക്ഷീരകർഷകരെ സഹായിക്കുന്നതിനായി ക്ഷീരവികസന വകുപ്പ് പ്രധാനമായും താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്:

1. മിൽക്ക് ഷെഡ് വികസന പദ്ധതി പ്രകാരം ഡയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും ക്ഷീരകർഷകർക്ക് അവശ്യാധിഷ്ഠിത ധനസഹായവും കറവയന്ത്രം വാങ്ങുന്നതിനും തൊഴുത്ത് നിർമ്മിക്കുന്നതിനും സഹായങ്ങൾ നൽകിവരുന്നു.

2. തീറ്റപ്പുൽ കൃഷി ചെയ്യുന്നതിന് കർഷകർക്ക് ഒരു ഹെക്ടറിന് 20,000 രൂപ വരെ ധനസഹായം നൽകുകയും കൂടാതെ തരിശ് സ്ഥലങ്ങൾ കണ്ടെത്തി ക്ഷീര സഹകരണ സംഘങ്ങൾക്കും സ്വാശ്രയ ഗ്രൂപ്പുകൾക്കും പുൽക്കൃഷി ചെയ്യുന്നതിന് ധനസഹായം നൽകിവരുന്നു.

3. ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീര കർഷകർക്ക് ഒരു ലിറ്റർ പാലിന് ഒരു രൂപ നിരക്കിൽ കാലിത്തീറ്റ സബ്സിഡി നൽകുന്ന പദ്ധതി നിലവിലുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം വിനിയോഗിച്ച് ക്ഷീര കർഷകർക്ക് ഒരു ലിറ്റർ പാലിന് 3 രൂപ വരെ ഇൻസെന്റീവ് നൽകുന്ന പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.

4. ക്ഷീര കർഷക ക്ഷേമനിധി മുഖാന്തിരം പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, വിവാഹ ധനസഹായം, ചികിത്സാ ധനസഹായം മരണാനന്തര ധനസഹായം, വിദ്യാഭ്യാസ സ്കോളർഷിപ് തുടങ്ങിയവ നൽകിവരുന്നു.

5. ക്ഷീര സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും സുതാര്യമാക്കുന്നതിനും കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിനും സഹായകരമായ പദ്ധതികളും നടപ്പിലാക്കിവരുന്നു.

(ബി) പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. മിൽക്ക് ഷെഡ് വികസന പദ്ധതി പ്രകാരം ഡയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിനും കറവ യന്ത്രങ്ങൾ വാങ്ങുന്നതിനും മറ്റ് അവശ്യാധിഷ്ഠിത സഹായങ്ങളും നൽകിവരുന്നു.

2. സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട അഞ്ച് ഗ്രാമ പഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതിയും 50 ബ്ലോക്കുകളിൽ ഡയറി സോൺ പദ്ധതികളും നടപ്പിലാക്കുന്നു.

3. തീറ്റപ്പുൽ കൃഷി ചെയ്യുന്നതിന് കർഷകർക്ക് ഒരു ഹെക്ടറിന് 20,000 രൂപ വരെ ധനസഹായം നൽകുകയും കൂടാതെ തരിശ് സ്ഥലങ്ങൾ കണ്ടെത്തി ക്ഷീര സഹകരണ സംഘങ്ങൾക്കും സ്വാശ്രയ ഗ്രൂപ്പുകൾക്കും പുൽക്കൃഷി ചെയ്യുന്നതിന് ധനസഹായം നൽകിവരുന്നു.

4. ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീര കർഷകർക്ക് ഒരു ലിറ്റർ പാലിന് ഒരു രൂപ നിരക്കിൽ കാലിത്തീറ്റ സബ്സിഡി നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

5. ക്ഷീര കർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, വിവാഹ ധനസഹായം, മരണാനന്തര സഹായം, ചികിത്സാ സഹായം, വിദ്യാഭ്യാസ സ്കോളർഷിപ്പ് തുടങ്ങിയവ നൽകുന്നു.

പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി മുഖേന ഗോവർദ്ധിനി, കാഫ് അഡോപ്ഷൻ പ്രോഗ്രാം എന്നീ പദ്ധതികളിലൂടെ പശുവിന് ശാസ്ത്രീയമായ പരിചരണം നൽകി അതിനെ ഉത്പാദനക്ഷമതയുള്ള പശുവാക്കി മാറ്റുന്നതിന് ധനസഹായം നൽകിവരുന്നു.

മൃഗസംരക്ഷണ വകുപ്പ് അകിടുവീക്കരോഗ നിയന്ത്രണ പരിപാടിയിലൂടെ സംസ്ഥാന ക്ഷീര കർഷകർക്ക് അകിടുവീക്ക രോഗ നിയന്ത്രണ കിറ്റുകൾ സൗജന്യനിരക്കിൽ നൽകുന്നതാണ്.

മിൽമയുടെ കീഴിലുള്ള മേഖലാ യൂണിയനുകൾ ക്ഷീരകർഷകരെ സഹായിക്കുന്നതിനായി സ്വന്തം ഫണ്ട് ഉപയോഗിച്ചും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായം ഉപയോഗിച്ചും വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(സി) മൃഗസംരക്ഷണ വകുപ്പിൽ പശു യൂണിറ്റുകൾ തുടങ്ങുന്നതിന് ഈ സാമ്പത്തിക വർഷം പദ്ധതിയില്ല. കറവയന്ത്രം നൽകുന്ന പദ്ധതിക്ക് 2016-17 സാമ്പത്തിക വർഷത്തിൽ നടപടി സ്വീകരിച്ചിരുന്നു. ഈ വർഷവും പ്രസ്തുത പദ്ധതി തുടരുന്നതാണ്. നാഷണൽ ലൈവ്സ്റ്റോക്ക് മിഷന്റെ കീഴിൽ കേന്ദ്ര സർക്കാർ സഹായത്തോടെ ലഭ്യമായ കന്നുകാലി ഇൻഷ്വറൻസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി സബ്സിഡി തുകയുടെ 40 ശതമാനം (69.52 ലക്ഷം രൂപ) മുൻകൂറായി പൊതുമേഖല ഇൻഷ്വറൻസ് കമ്പനിയായ യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനിക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഈ പദ്ധതി നടന്നുവരികയാണ്.

ഈ സാമ്പത്തിക വർഷം സംസ്ഥാന ബഡ്ജറ്റിൽ അഞ്ച് കോടി രൂപ കന്നുകാലി ഇൻഷ്വറൻസിനായി നീക്കിവച്ചിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

മിൽമയുടെ കീഴിലുള്ള മേഖലാ യൂണിയനുകൾ കറവയന്ത്രങ്ങൾ വാങ്ങുന്നതിന് സബ്സിഡി നൽകിവരുന്നു. മലബാർ മേഖലാ യൂണിയൻ 4 പശുക്കളുള്ള യൂണിറ്റിന് ഫാം സപ്പോർട്ട് പദ്ധതി നടപ്പിലാക്കിവരുന്നു. എറണാകുളം മേഖലാ യൂണിയൻ കന്നുകാലി ഇൻഷ്വൻസ് മാസ്റ്റർ പോളിസി പ്രകാരം ഇൻഷ്വർ ചെയ്യുന്ന ഓരോ പശുവിനും 200 രൂപ വീതം പ്രീമിയം സബ്സിഡി നൽകുന്നുണ്ട്.

തിരുവനന്തപുരം മേഖലാ യൂണിയൻ കന്നുകാലികൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷയ്ക്കായി 2016-17 കാലയളവിൽ 572 ലക്ഷം രൂപ പ്രീമിയം സബ്സിഡി നൽകിയിട്ടുണ്ട്.

## പാലിന്റെ ഗുണനിലവാര പരിശോധനാ സംവിധാനങ്ങൾ

114 (2134) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലിന്റെ ഗുണനിലവാര പരിശോധനാ സംവിധാനങ്ങൾ കാര്യക്ഷമമാക്കുന്നതിന് നൂതന സാങ്കേതിക വിദ്യയുടെ ഉപയോഗം എത്രത്തോളമുണ്ടെന്ന് അറിയിക്കുമോ; ആയതിലേക്ക് ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(ബി) കേരളത്തിലേക്ക് വരുന്ന അന്യസംസ്ഥാന പാലിന്റെ ഗുണമേന്മ ഉറപ്പാക്കുന്നതിന്, അതിർത്തി പ്രദേശങ്ങളിൽ ചെക്ക് പോസ്റ്റുകൾ സ്ഥാപിക്കുന്നതിന് ഈ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) കേരളത്തിൽ ക്ഷീരവികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ എത്ര മേഖലാ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്; ഈ സർക്കാർ വന്നതിന് ശേഷം പുതുതായി ലാബുകൾ തുടങ്ങിയിട്ടുണ്ടോ?

### ഉത്തരം

(എ) പാലിന്റെ ഗുണനിലവാര പരിശോധനാ സംവിധാനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ സംസ്ഥാനത്ത് തിരുവനന്തപുരം ഗവൺമെന്റ് അനലിറ്റിക്കൽ ലബോറട്ടറി, കോഴിക്കോട് റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറി, എറണാകുളം റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറി എന്നീ ലബോറട്ടറികൾ പ്രവർത്തിക്കുന്നു. കൂടാതെ തിരുവനന്തപുരം ഗവൺമെന്റ് അനലിറ്റിക്കൽ ലബോറട്ടറി, കോഴിക്കോട് റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറി എന്നീ ലബോറട്ടറികളുടെ നിയന്ത്രണത്തിൽ മൊബൈൽ ലബോറട്ടറികൾ പ്രവർത്തിക്കുന്നു.

തിരുവനന്തപുരം, എറണാകുളം എന്നീ അനലിറ്റിക്കൽ ലബോറട്ടറികൾക്ക് NABL (National Accreditation Board for Testing and Calibration Laboratories) അംഗീകാരമുണ്ട്. കൂടാതെ ഈ ലാബുകളിൽ പാലിൽ മായം ചേർക്കുന്നത് കണ്ടുപിടിക്കുവാനുള്ള ആധുനിക പരിശോധനാ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

പാലിന്റെ ഗുണനിലവാര പരിശോധന കാര്യക്ഷമമാക്കുന്നതിന് തിരുവനന്തപുരത്ത് NABL അക്രെഡിറ്റേഷനോടുകൂടിയ സ്റ്റേറ്റ് ഡയറി ലാബ് പ്രവർത്തിച്ചുവരുന്നു. അഫ്ലാട്ടോക്സിൻ പരിശോധിക്കുന്നതിന് HPLC (High Performance Liquid Chromatography), പെസ്റ്റിസൈഡ്സ് റെസിഡ്യൂസ് പരിശോധിക്കുന്നതിന് Gas Chromatography, പാലിലും പാലുല്പന്നങ്ങളിലുമുള്ള ലോഹങ്ങളുടെ സാന്നിദ്ധ്യം കണ്ടുപിടിക്കുന്നതിനുള്ള Atomic Absorption Spectra Photometer തുടങ്ങിയ നൂതന സാങ്കേതിക വിദ്യകളുപയോഗിച്ച് ഫുഡ് സേഫ്റ്റി & സ്റ്റാന്റേർഡ്സ് ആക്ട് (FSSA) പ്രകാരമുള്ള എല്ലാ ടെസ്റ്റുകളും ചെയ്യുന്നതിനുള്ള സൗകര്യം ഇവിടെ ഏർപ്പെടുത്തിയിട്ടുണ്ട്.

സ്റ്റേറ്റ് ഡയറി ലാബിൽ പാലിൽ A2 കേസിൻ കണ്ടുപിടിക്കുന്നതിനുള്ള നൂതന സാങ്കേതികവിദ്യയും പാലിലെയും പാലുല്പന്നങ്ങളിലെയും ലോഹങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള Atomic Absorption Spectra Autometer സ്ഥാപിച്ച് പ്രവർത്തനം കൂടുതൽ വിപുലീകരിക്കുന്നതിനായി അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. കൂടാതെ കാസർഗോഡ് റീജിയണൽ ഡയറി ലാബിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. ആഭ്യന്തര വിപണിയിൽനിന്നും ലഭിക്കുന്ന പാൽ കർശനമായ ഗുണനിലവാര പരിശോധനകൾക്ക് വിധേയമാക്കിയതിനുശേഷമാണ് മിൽമ സ്വീകരിക്കുന്നത്. കേരളത്തിലെ മിൽമ പ്ലാന്റുകളിലെല്ലാം തന്നെ ഇതിനായി സുസജ്ജമായ ലബോറട്ടറികളുണ്ടാക്കിയിട്ടുണ്ട്. മിൽമ ഡയറികളുടെ ലബോറട്ടറികളിൽ ആന്റിബയോട്ടിക് ടെസ്റ്റ്, അഡൽട്രേഷൻ ടെസ്റ്റ്, പ്രിസർവേറ്റീവ് ടെസ്റ്റ്, ബാക്ടീരിയോളജിക്കൽ ടെസ്റ്റ് എന്നീ പരിശോധനകൾ കൂടി നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നു. കൂടാതെ പുറമേയുള്ള NABL (National Accreditation Board for Testing And Calibration Laboratories) Accredited ലാബുകൾ വഴി മിൽമയുടെ ഡയറികൾ ഹെവി മെറ്റൽസ്, ആന്റിബയോട്ടിക്സ് പെസ്റ്റിസൈഡ്സ് തുടങ്ങിയവയുടെ പരിശോധനയും കൃത്യമായി നടത്തിവരുന്നു. കൃത്യമായ ഇടവേളകളിൽ ഗവൺമെന്റ് ലാബ്/ഗവൺമെന്റ് അംഗീകൃത ലാബുകളിലൂടെയും പാലിന്റെ ഗുണനിലവാര പരിശോധന മിൽമ നടത്തുകയും ചെയ്യുന്നുണ്ട്.

(ബി) അന്യസംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേയ്ക്ക് കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് അതിർത്തി പ്രദേശങ്ങളിൽ ചെക്ക് പോസ്റ്റുകൾ സ്ഥാപിക്കുന്നതിന് നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

(സി) മൂന്ന് മേഖലാ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ സർക്കാർ വന്നതിനുശേഷം പുതുതായി ലാബുകൾ തുടങ്ങിയിട്ടില്ല.

## പാലിന്റെയും പാലുല്പന്നങ്ങളുടെയും ഗുണനിലവാരം

115 (2135) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാലിന്റെയും പാൽ ഉത്പന്നങ്ങളുടെയും ഗുണനിലവാരം ഉറപ്പ് വരുത്തുവാൻ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലുത്പാദനത്തിൽ എത്ര ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഭക്ഷ്യസുരക്ഷാ വകുപ്പ്, സംസ്ഥാനത്തെ വിപണിയിൽ ലഭ്യമായ പാലിന്റെയും പാലുല്പന്നങ്ങളുടെയും സാമ്പിളുകൾ നിശ്ചിത ഇടവേളകളിൽ ശേഖരിച്ച് വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന അനലിറ്റിക്കൽ ലാബുകളിൽ അയച്ചുകൊടുത്ത് പരിശോധന നടത്തിവരുന്നു. ഇതുകൂടാതെ ചെക്ക് പോസ്റ്റുവഴി കേരളത്തിലെത്തുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കുന്നതിനായി ഭക്ഷ്യസുരക്ഷാ വകുപ്പ് രണ്ട് മൊബൈൽ ലബോറട്ടറികൾ പ്രവർത്തിപ്പിക്കുന്നുണ്ട്. പാലിന്റെ ഗുണമേന്മ പരിശോധനയിൽ മായം കണ്ടെത്തിയാൽ ബന്ധപ്പെട്ടവർക്കെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമമനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

ക്ഷീരവികസന വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്ത് സ്റ്റേറ്റ് ഡയറി ലാബും കോട്ടയം, പാലക്കാട്, കാസർഗോഡ് എന്നിവിടങ്ങളിൽ റീജിയണൽ ലാബും പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ അന്യ സംസ്ഥാനത്തുനിന്നും വരുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ചെക്ക് പോസ്റ്റുകളിൽ സ്ഥിരം പരിശോധനാ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മിൽമാ ഡയറികളുടെ ലബോറട്ടറികളിൽ ആന്റിബയോട്ടിക് ടെസ്റ്റ്, അഡൽട്രേഷൻ ടെസ്റ്റ്, പ്രിസർവേറ്റീവ് ടെസ്റ്റ്, ബാക്ടീരിയോളജിക്കൽ ടെസ്റ്റ് എന്നീ പരിശോധനകൾ നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നു. കൂടാതെ പുറമേയുള്ള NABL (National Accreditation Board for Testing and Calibration Laboratories) Accredited ലാബുകൾ വഴി മിൽമയുടെ ഡയറികൾ ഹെവി മെറ്റൽസ്, ആന്റി ബയോട്ടിക്സ്, പെസ്റ്റിസൈഡ്സ് തുടങ്ങിയവയുടെ പരിശോധനയും കൃത്യമായി നടത്തിവരുന്നു. കൃത്യമായ ഇടവേളകളിൽ ഗവൺമെന്റ് ലാബ്/ഗവൺമെന്റ് അംഗീകൃത ലാബുകളിലൂടെയും പാലിന്റെ ഗുണനിലവാര പരിശോധന മിൽമ നടത്തുകയും ചെയ്യുന്നുണ്ട്.

(ബി) ക്ഷീരസംഘങ്ങൾ മുഖേനയുള്ള പ്രതിദിന ശരാശരി പാൽ സംഭരണം 16.36 ലക്ഷം ലിറ്ററിൽ നിന്നും 16.41 ലക്ഷം ലിറ്ററായി വർദ്ധിച്ചിട്ടുണ്ട്.

2017 ഏപ്രിൽ മാസത്തിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് മിൽമയുടെ ആഭ്യന്തര സംഭരണത്തിൽ ഏതാണ്ട് 8.2 ശതമാനത്തോളം വർദ്ധനവുണ്ടായിട്ടുണ്ട്.

**ക്ഷീരകർഷക കടാശ്വാസ പദ്ധതി**

116 (2136) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച ക്ഷീരകർഷക കടാശ്വാസ പദ്ധതി പ്രകാരം എന്തെല്ലാം നടപടികളാണ് ഇതുവരെ നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ;

(ബി) കോഴിക്കോട് ജില്ലയിൽ നിന്നും ഇതുപ്രകാരം എത്ര അപേക്ഷകൾ ലഭിച്ചുവെന്നും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ക്ഷീരകർഷക കടാശ്വാസ പദ്ധതിക്കായി 5 കോടി രൂപ അനുവദിക്കുകയും ടി തുക പൂർണ്ണമായും വിനിയോഗിച്ച് 2285 കർഷകർക്ക് ഇതിന്റെ പ്രയോജനം ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്.

ബാങ്ക് വായ്പയെടുത്ത് വാങ്ങിയ പശുക്കൾ ചത്തുപോയതുമൂലമോ ഉത്പാദനം കുറഞ്ഞതുമൂലമോ വായ്പ തിരിച്ചടയ്ക്കാനാവാതെ കടക്കെണിയിലായ ക്ഷീരകർഷകരെ സഹായിക്കുന്നതിനുമാണ് ഈ പദ്ധതി നടപ്പിലാക്കിയത്. ഈ പദ്ധതി പ്രകാരം ഒരു കർഷകന് ഒരു കറവപ്പശുവിന് 20,000 രൂപ പരമാവധി ഒരു ലക്ഷം രൂപ വരെയുള്ള ധനസഹായമാണ് നൽകിയത്. ടി തുക അവരുടെ ബാങ്ക് വായ്പ അക്കൗണ്ടിലേയ്ക്കാണ് നൽകിയത്.

(ബി) കോഴിക്കോട് ജില്ലയിൽനിന്നും 217 അപേക്ഷകൾ ലഭിക്കുകയും അതിൽ അർഹരായ 181 പേർക്ക് 47,13,000 (നാൽപ്പത്തിയേഴ് ലക്ഷത്തി പതിമൂവായിരം രൂപ മാത്രം) ധനസഹായം നൽകിയിട്ടുണ്ട്.

**അന്യസംസ്ഥാന കമ്പനികളുടെ പാലും പാലുല്പന്നങ്ങളും**

117 (2137) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര അന്യസംസ്ഥാന കമ്പനികളുടെ പാലും പാലുത്പന്നങ്ങളും വിൽപ്പനയ്ക്കെത്തുന്നുണ്ട്;

(ബി) ഇവയെല്ലാം മായം കലർന്നിട്ടില്ല എന്നും ഭക്ഷ്യയോഗ്യമാണെന്നും ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ഏകദേശം ഇരുപതോളം അന്യസംസ്ഥാന കമ്പനികളുടെ പാൽ ബ്രാന്റുകൾ വില്പനയ്ക്കെത്തുന്നുണ്ട്.

(ബി) ക്ഷീരവികസന വകുപ്പിന് ഭക്ഷ്യസുരക്ഷാ നിയമം 2006 പ്രാബല്യത്തിൽ വന്നതിനുശേഷം സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ശേഖരിക്കുന്നതിനും നിയമനടപടികൾ സ്വീകരിക്കുന്നതിനും അധികാരമില്ല.

ഭക്ഷ്യസുരക്ഷാ വകുപ്പ് കേരള സംസ്ഥാനത്തെ വിപണിയിൽ ലഭ്യമായ പാലിന്റെയും പാലുല്പന്നങ്ങളുടെയും സാമ്പിളുകൾ നിശ്ചിത ഇടവേളകളിൽ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിനുകീഴെ പ്രവർത്തിക്കുന്ന അനലിറ്റിക്കൽ ലാബുകളിൽ അയച്ചുകൊടുത്ത് പരിശോധന നടത്തിവരുന്നു.

ഇതുകൂടാതെ ചെക്ക്പോസ്റ്റ് വഴി കേരളത്തിലെത്തുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കുന്നതിനായി ഭക്ഷ്യസുരക്ഷാ വകുപ്പ് മൊബൈൽ ലബോറട്ടറികൾ പ്രവർത്തിപ്പിക്കുന്നുണ്ട്. പാലിന്റെ ഗുണമേന്മ പരിശോധനയിൽ മായം കണ്ടെത്തിയാൽ ബന്ധപ്പെട്ടവർക്കെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമമനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്. ആഭ്യന്തര വിപണിയിൽനിന്നും ലഭിക്കുന്ന പാൽ കർശനമായ ഗുണനിലവാര പരിശോധനകൾക്ക് വിധേയമാക്കിയതിനുശേഷമാണ് മിൽമ സ്വീകരിക്കുന്നത്. കേരളത്തിലെ മിൽമ പ്ലാന്റുകളിലെല്ലാംതന്നെ ഇതിനായി സുസജ്ജമായ ലബോറട്ടറികളുണ്ടാക്കിയിട്ടുണ്ട്.

മിൽമ ഡയറികളുടെ ലബോറട്ടറികളിൽ ആന്റിബയോട്ടിക് ടെസ്റ്റ്, അഡൽട്രേഷൻ ടെസ്റ്റ്, പ്രിസർവേറ്റീവ് ടെസ്റ്റ്, ബാക്ടീരിയോളജിക്കൽ ടെസ്റ്റ് എന്നീ പരിശോധനകൾ കൂടി നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നു. കൂടാതെ പുറമേയുള്ള NABL (National Accreditation Board for Testing and Calibration Laboratories) Accredited ലാബുകൾ വഴി മിൽമയുടെ ഡയറികൾ ഹെവി മെറ്റൽസ്, ആന്റിബയോട്ടിക്സ്, പെസ്റ്റിസൈഡ്സ് തുടങ്ങിയവയുടെ പരിശോധനയും കൃത്യമായി നടത്തിവരുന്നു. കൃത്യമായ ഇടവേളകളിൽ ഗവൺമെന്റ് ലാബ്/ ഗവൺമെന്റ് അംഗീകൃത ലാബുകളിലൂടെയും പാലിന്റെ ഗുണനിലവാര പരിശോധന മിൽമ നടത്തുകയും ചെയ്യുന്നുണ്ട്.

## ക്ഷീരോല്പാദന രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുന്നതിനായുള്ള പദ്ധതികൾ

118 (2138) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീരോല്പാദന രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതികളുടെ ഭാഗമായി പാലിന്റെ സംഭരണ, സംസ്കരണ, വിതരണ പ്രക്രിയകൾ ശാസ്ത്രീയമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(ബി) ക്ഷീര കർഷകർക്ക് പാലിന് ന്യായമായ വിലയും കുറഞ്ഞവിലയ്ക്ക് കാലിത്തീറ്റയും ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പാൽ സംഭരണം കൂടുതൽ കാര്യക്ഷമവും സുതാര്യവും ആക്കുന്നതിനായി എ.എം.സി. യൂണിറ്റുകൾ (ആട്ടോമാറ്റിക് മിൽക് കളക്ഷൻ യൂണിറ്റ്) ഇല്ലാത്ത ക്ഷീരസഹകരണ സംഘങ്ങളിൽ എ.എം.സി. യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പാലിന്റെ ഗുണമേന്മ ഉറപ്പു വരുത്തുന്നതിനായി ക്വാളിറ്റി അവയർനെസ് പ്രോഗ്രാമുകൾ സംഘടിപ്പിക്കാനും പാൽ പരിശോധനാ ഉപകരണങ്ങളുടെ കൃത്യത ഉറപ്പുവരുത്തുന്നതിനുമായി കാലിബ്രേഷൻ നിർബന്ധമാക്കുകയും ക്ഷീരസംഘങ്ങൾ സംഭരിക്കുന്ന പാലിന്റെ സൂക്ഷിപ്പ് മേന്മ വർദ്ധിപ്പിക്കുന്നതിനായി കോൾഡ് ചെയിൻ സിസ്റ്റം വ്യാപിപ്പിക്കാനും ഉദ്ദേശിക്കുന്നു. ക്ഷീര സംഘങ്ങൾക്ക് പാൽ പരിശോധനാ ഉപകരണങ്ങൾ വാങ്ങുന്നതിനും ഫുഡ്സേഫ്റ്റി സ്റ്റാൻഡേർഡ് നിലനിർത്തുന്നതിനും ആവശ്യമായ ധനസഹായം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. എല്ലാ ക്ഷീരസംഘങ്ങളെയും ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ബന്ധിപ്പിക്കുന്നതിന് വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെ ഒരു നെറ്റ്‌വർക്കിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) രാജ്യത്ത് പാലിന് ഏറ്റവും കൂടുതൽ സംഭരണ വില നൽകുന്നത് കേരളത്തിലാണ്. മിൽമ പാൽ സംഭരണ വില്പന വിലകൾ 11-2-2017 മുതലാണ് വർദ്ധിപ്പിച്ചിട്ടുള്ളത്. 2014 ജൂലൈ മാസത്തിലാണ് ഇതിനുമുമ്പ് വർദ്ധിപ്പിച്ചത്. കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ കർഷകർക്ക് ഉല്പാദനച്ചെലവിലുണ്ടായ വർദ്ധനവ് കണക്കിലെടുത്ത് സംഭരണ വില വർദ്ധിപ്പിച്ച് നൽകുന്നതിനായിട്ടാണ്

പാൽ വില വർദ്ധിപ്പിച്ചത്. ഈ കാരണത്താൽ വർദ്ധിപ്പിച്ച വില്പന വിലയുടെ 83.75 ശതമാനം അതായത് വില്പന വില നാല് രൂപ വർദ്ധിപ്പിച്ചപ്പോൾ അതിൽനിന്നും 3.35 രൂപയും കർഷകർക്ക് നൽകുകയാണുണ്ടായത്. പാൽ വില ചാർട്ട് പരിഷ്കരണത്തിലൂടെ പാൽ വില വർദ്ധനവിന്റെ ഗുണം കർഷകന് പൂർണ്ണമായും ലഭ്യമായിട്ടുണ്ടെന്നും ഉറപ്പുവരുത്തിയിട്ടുണ്ട്. കൂടാതെ ക്ഷീര കർഷകർ നേരിടുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് മേഖലാ യൂണിയനുകൾ ക്ഷീരകർഷകർക്ക് പാൽ വിലയിൽ ഇൻസെന്റീവും നൽകിവരുന്നു. കാലിത്തീറ്റയുടെ വില വർദ്ധനവുമൂലം ക്ഷീരകർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി സംഘത്തിൽ അളക്കുന്ന ഒരു ലിറ്റർ പാലിന് ഒരു രൂപയുടെ കാലിത്തീറ്റ സബ്സിഡി നൽകിവരുന്നു. കൂടാതെ ത്രിതല പഞ്ചായത്ത് പദ്ധതികൾ മുഖേന ഒരു ലിറ്റർ പാലിന് മൂന്ന് രൂപവരെ കാലിത്തീറ്റ സബ്സിഡി നൽകുന്ന പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്.

ഉരുക്കൾക്കാവശ്യമായ ധാതുലവണ മിശ്രിതം, വൈറ്റമിൻ സപ്ലിമെന്റുകൾ എന്നിവയും സബ്സിഡി നിരക്കിൽ സംഘം മുഖേന നല്കിവരുന്നു. കാലിത്തീറ്റയെ അധികമായി ആശ്രയിക്കുന്നത് ഒഴിവാക്കുന്നതിനും പച്ചപ്പുല്ലിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിനും തീറ്റപ്പുൽ കൃഷി വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

കടുത്ത വരൾച്ചയെ നേരിടുന്നതിനായി ക്ഷീര സഹകരണ സംഘങ്ങൾ മുഖേന വൈക്കോൽ/പച്ചപ്പുല്ല് കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നതിനായി 35 ലക്ഷം രൂപ അടിയന്തരമായി അനുവദിച്ചു.

മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കുന്ന പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടിയിലൂടെ സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകിവരുന്നു. ഈ വർഷം 2.5 ലക്ഷം കന്നുകുട്ടികൾക്ക് ഇപ്രകാരം തീറ്റ നൽകുന്നുണ്ട്. ഇതിന് 53.8 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

കാലിത്തീറ്റ ഫാക്ടറികളിലേയ്ക്കാവശ്യമായ മിക്ക അസംസ്കൃത വസ്തുക്കളും കേരളത്തിൽ ലഭ്യമല്ലാത്തതിനാൽ വടക്കേ ഇന്ത്യ ഉൾപ്പെടെയുള്ള അന്യ സംസ്ഥാനങ്ങളിൽനിന്നുമാണ് വാങ്ങുന്നത്.

അസംസ്കൃത വസ്തുക്കളുടെ വില ക്രമാതീതമായി വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിലും കർഷകരുടെ ബുദ്ധിമുട്ട് പരിഗണിച്ച് പൊതുമേഖലയിലും സഹകരണ മേഖലയിലുമുള്ള കാലിത്തീറ്റ ഫാക്ടറികൾ ഭീമമായ നഷ്ടം സഹിച്ചുകൊണ്ടാണ് ഇപ്പോൾ ക്ഷീരകർഷകർക്ക് കാലിത്തീറ്റ വിതരണം ചെയ്യുന്നത്. കൂടാതെ മിൽമയുടെ മേഖലാ യൂണിയനുകൾ അവരുടെ ലാഭ വിഹിതത്തിൽനിന്നും കർഷകർക്ക് കാലിത്തീറ്റ സബ്സിഡി നൽകിവരുന്നുണ്ട്.

## പഞ്ചായത്ത് തലത്തിൽ ക്ഷീരവികസന യൂണിറ്റുകൾ

119 (2139) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പഞ്ചായത്ത്തലത്തിൽ ക്ഷീര വികസന യൂണിറ്റുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

സംസ്ഥാനത്ത് ക്ഷീരോല്പാദന സാദ്ധ്യത കൂടുതലുള്ള 20 പഞ്ചായത്തുകളിൽ ക്ഷീരവികസന യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള ശിപാർശ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

## മൃഗശാലകളുടെ നവീകരണം

120 (2140) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മൃഗശാലകളിൽ നിലവിൽ മൃഗങ്ങളും മറ്റും വളരെ കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കഴിഞ്ഞ മൂന്നു മാസത്തിനുള്ളിൽ മൃഗശാലകളിലെ മൃഗങ്ങൾ പലതും ചത്തുപോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സംരക്ഷണത്തിലെ പിഴവു മൂലമാണോ ഇങ്ങനെ സംഭവിച്ചത്;

(സി) നിലവിലുള്ള മൃഗശാലകൾ ഹൈടെക് ആക്കി ഏറ്റവും നല്ല നിലയിൽ നവീകരിച്ച് കൂടുതൽ മൃഗങ്ങളെയും പക്ഷികളെയും മറ്റും ഇവിടെ എത്തിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) മൃഗശാലകളിൽ നിലവിൽ മൃഗങ്ങളുടെ എണ്ണം കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കഴിഞ്ഞ മൂന്നുമാസക്കാലയളവിനുള്ളിൽ 8 മൃഗങ്ങളാണ് പ്രായാധിക്യം കാരണം ചത്തുപോയിട്ടുള്ളത്. മൃഗങ്ങൾ തമ്മിലുള്ള പരസ്പര പോരാട്ടം വഴിയുള്ള മരണങ്ങളാണ് ഉണ്ടായിട്ടുള്ളത്. സംരക്ഷണത്തിലെ പിഴവ് കൊണ്ടുള്ള മരണങ്ങളുണ്ടായിട്ടില്ല.

(സി) നവീകരണത്തിന്റെ ഭാഗമായി തൃശ്ശൂർ മൃഗശാല പുത്തൂർ എന്ന സ്ഥലത്ത് മാറ്റുന്നതിനുവേണ്ട നടപടികൾ വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ സ്വീകരിച്ചിട്ടുണ്ട്.

തിരുവനന്തപുരം മൃഗശാലയുടെ നവീകരണത്തിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കി കേന്ദ്ര മൃഗശാലയുടെ അംഗീകാരം വാങ്ങുകയും പ്രസ്തുത മാസ്റ്റർ പ്ലാൻ പ്രകാരമുള്ള നവീകരണ പ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്യുന്നു. തിരുവനന്തപുരം മൃഗശാലയിൽ ലഭ്യമല്ലാത്ത ജിറാഫ്, സീബ്ര, വെള്ള സിംഹം, ജാഗ്വാർ, ഏഷ്യൻ സിംഹങ്ങൾ, കഴുതപ്പുലികൾ എന്നിവയെ കൊണ്ടുവരുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ഐ.സി.എ.ഡി. പദ്ധതിയിൽ കണ്ടല്ലൂരിലെ കുടിവെള്ള വിതരണം

121 (2141) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്റഗ്രേറ്റഡ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി കായംകുളം കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിൽ കുടിവെള്ള വിതരണത്തിനായി തുക അനുവദിച്ചിട്ടും നാളിതുവരെ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ രൂക്ഷമായ കുടിവെള്ള പ്രതിസന്ധി നേരിടുന്ന പ്രസ്തുത പ്രദേശത്ത് എത്രയുംപെട്ടന്ന് പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2012-ൽ ഭരണാനുമതി ലഭിച്ചെങ്കിലും തുടർനടപടി സ്വീകരിച്ചിരുന്നില്ല. എന്നാൽ ഈ പദ്ധതിക്ക് 2016 ആഗസ്റ്റിൽ 120.75 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകിയതായി കേരള വാട്ടർ അതോറിറ്റി അറിയിച്ചിരുന്നു. ഇക്കാര്യത്തിൽ വാട്ടർ അതോറിറ്റിയുമായി ചർച്ച നടത്തി പദ്ധതി പെട്ടെന്ന് യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## മത്സ്യ മാർക്കറ്റുകളുടെ നവീകരണം

122 (2142) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷത്തിൽ മത്സ്യ മാർക്കറ്റുകളുടെ നവീകരണത്തിനായി എത്ര തുക വകയിരുത്തി; ഇതിൽ എത്ര തുക ചെലവഴിച്ചു; വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ ഫണ്ട് ലഭ്യമാക്കുവാൻ തീരുമാനിച്ച മത്സ്യ മാർക്കറ്റുകളുടെ നവീകരണ പദ്ധതികൾക്കെല്ലാം ഭരണാനുമതി നൽകിയോ; ഇവ ഏത് ഏജൻസി മുഖേനയാണ് നടപ്പിലാക്കിയത്; വ്യക്തമാക്കുമോ;

(സി) കൊല്ലം നിയോജക മണ്ഡലത്തിലെ അഞ്ചാലുംമൂട്, പനയം, തങ്കശ്ശേരി മത്സ്യ മാർക്കറ്റുകളുടെ നവീകരണത്തിനായി സമർപ്പിക്കപ്പെട്ടിട്ടുള്ള പ്രൊപ്പോസലിന് അംഗീകാരം നൽകി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 2016-17 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാരിന്റെ Blue Revolution പദ്ധതിയിൽ റീട്ടെയിൽ ഫിഷ് മാർക്കറ്റ് എന്ന ഘടകത്തിനായി 500 ലക്ഷം രൂപയുടെ (50:50) ഭരണാനുമതി ലഭിക്കുകയും അതിൽ കേന്ദ്ര വിഹിതമായ 250 ലക്ഷം രൂപ ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി കരിക്കോട് ഫിഷ് മാർക്കറ്റിന് 356 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും അതിലേയ്ക്കായി 150 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) 2016-17 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാരിന്റെ Blue Revolution പദ്ധതിയിൽ റീട്ടെയിൽ ഫിഷ് മാർക്കറ്റ് എന്ന ഘടകത്തിൽ ഉൾപ്പെടുത്തി കരിക്കോട് ഫിഷ് മാർക്കറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി മയ്യനാട് ഫിഷ് മാർക്കറ്റിന്റെ 159 ലക്ഷം രൂപയുടെ പ്രൊപ്പോസലിന് ഭരണാനുമതി നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേനയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്.

(സി) കൊല്ലം ജില്ലയിലെ അഞ്ചാലുംമൂട്, കടപ്പാക്കട എന്നീ മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിനായുള്ള പ്രൊപ്പോസലുകൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളുകൾ**

123 (2143) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളുകളിൽ റസിഡൻഷ്യൽ സംവിധാനമായതിനാൽ ഇന്നത്തെ സാഹചര്യത്തിൽ രക്ഷിതാക്കൾക്ക് കുട്ടികളെ അയക്കുന്നതിൽ താൽപ്പര്യക്കുറവുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളുകളിൽ അടിസ്ഥാന സൗകര്യ വികസനത്തോടൊപ്പം, നിലവിൽ തുടരുന്ന രീതിയോടൊപ്പം ഡേ സ്കോളേഴ്സ് എന്ന നിലയിൽ, പൊതുവിദ്യാലയങ്ങളിൽ നിലവിലെ രീതിപോലെ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്ന കാര്യം പരിഗണിക്കുമോ; നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഫിഷറീസ് സ്കൂളുകളിൽ 50 ശതമാനം അധികരിക്കാത്ത രീതിയിൽ ഡേ സ്കോളേഴ്സിനുകൂടി പ്രവേശനം നൽകാൻ അനുമതി നൽകിയിട്ടുണ്ട്. വരുന്ന അദ്ധ്യയന വർഷം മുതൽ ആയത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നു.

## കടലിൽ കൃത്രിമപ്പാര് നിക്ഷേപം

124 (2144) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരക്കടലിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി കടലിൽ കൃത്രിമപ്പാരുകൾ നിക്ഷേപിക്കുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പദ്ധതിയുടെ ഭാഗമായി എത്ര കൃത്രിമപ്പാരുകൾ തീരക്കടലിൽ നിക്ഷേപിക്കുമെന്ന് അറിയിക്കാമോ; നേരത്തേ ഇത്തരം കൃത്രിമപ്പാരുകൾ കടലിൽ നിക്ഷേപിക്കുകയുണ്ടായോ; എങ്കിൽ എവിടങ്ങളിലാണ് അത് നിക്ഷേപിച്ചിരുന്നത്;

(സി) കടലിൽ നിലവിലുള്ള പ്രകൃതിദത്തപാരുകൾക്ക് സമീപമാണോ ഇത്തരം കൃത്രിമപ്പാരുകൾ സ്ഥാപിക്കുക;

(ഡി) എങ്കിൽ ഇത് മത്സ്യപ്രജനനത്തിനും വളർച്ചയ്ക്കും മത്സ്യസമ്പത്തിന്റെ വർദ്ധനവിനും സഹായകരമാകുമോ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിക്കായി 100 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതുപയോഗിച്ച് നിർമ്മിച്ച 120 എണ്ണം കൃത്രിമപ്പാരുകൾ 21-4-2017-ന് ഉമ്പ തീരക്കടലിൽ നിക്ഷേപിച്ചു. പുല്ലുവിള തീരക്കടലിൽ 120 കൃത്രിമപ്പാരുകൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുന്നു.

(ബി) 2016-17 സാമ്പത്തിക വർഷത്തിലെ പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ ഉമ്പ പുല്ലുവിള തീരക്കടലിൽ 120 എണ്ണം കോൺക്രീറ്റ് കൃത്രിമപ്പാരുകൾ നിക്ഷേപിച്ചുവരുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം ജില്ലയിലെ പുതുക്കുറിച്ചി, കൊച്ചുതുറ തീരക്കടലിൽ 120 എണ്ണം കോൺക്രീറ്റ് കൃത്രിമപ്പാരുകൾ നിക്ഷേപിക്കുന്നതിനുള്ള പദ്ധതിയുടെ പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു.

2011-12 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ പദ്ധതിയിലൂടെ തിരുവനന്തപുരം ജില്ലയിലെ പൂവാർ, പുതിയതുറ, കരുംകുളം എന്നീ മത്സ്യഗ്രാമങ്ങളിലെ തീരക്കടലിൽ 300 കോൺക്രീറ്റ് കൃത്രിമപ്പാരുകൾ നിക്ഷേപിച്ചു. 2014-15 സാമ്പത്തിക വർഷത്തിൽ മര്യനാട് തീരക്കടലിൽ 120 കോൺക്രീറ്റ് കൃത്രിമപ്പാരുകളും 20 പ്രത്യേക P.V.C. നിർമ്മിതമായ പാരുകളും നിക്ഷേപിച്ചു. തീരക്കടലിലും കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന 120 കൃത്രിമപ്പാരുകൾ നിക്ഷേപിച്ചു.

(സി) നിലവിലുള്ള പ്രകൃതിദത്ത പാരുകൾക്ക് സമീപമുള്ള Rocky Bed-ൽ കൃത്രിമപ്പാരുകൾ സ്ഥാപിക്കുന്നത് അഭികാമ്യമായതിനാൽ ഇങ്ങനെയുള്ള സ്ഥലങ്ങൾ കണ്ടെത്തിയാണ് കൃത്രിമപ്പാരുകൾ നിക്ഷേപിക്കുന്നത്.

(ഡി) 2012 മാർച്ചിൽ തിരുവനന്തപുരം ജില്ലയിലെ പുതിയതുറ, കരുംകുളം, പൂവാർ മത്സ്യഗ്രാമങ്ങളുടെ തീരക്കടലിൽ 300 കൃത്രിമപ്പാരുകൾ നിക്ഷേപിക്കുകയുണ്ടായി. 11 മാസത്തിനുശേഷം കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ നടത്തിയ പഠനത്തിലൂടെ പദ്ധതി ലക്ഷ്യം കണ്ടതായി മനസ്സിലാക്കുന്നു. ഈ പ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികളുമായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ നടത്തിയ അഭിമുഖ ചർച്ചയിലൂടെ കടലിൽനിന്നുമുള്ള മത്സ്യലഭ്യത ഇരട്ടിച്ചതായി അറിയുന്നു.

**ശാന്തീവനം - വലിയ പെരുമ്പുഴ റോഡ് പണി**

125 (2145) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ ചെന്നിത്തല ഗ്രാമ പഞ്ചായത്തിലുള്ള ശാന്തീവനം-വലിയ പെരുമ്പുഴ റോഡ് ടെൻഡർ കഴിഞ്ഞ് കരാർ ഏറ്റെടുത്തിട്ടും പണി ആരംഭിയ്ക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) മഴക്കാലത്തിനു മുൻപ് ഈ റോഡിന്റെ പണി പൂർത്തീകരിക്കുവാൻ എന്തെല്ലാം നടപടികളാണ് ഇനി ശേഷിക്കുന്നതെന്ന് വിശദീകരിക്കുമോ;

(സി) ഈ റോഡിന്റെ പണി പൂർത്തീകരിക്കുവാൻ വേഗത്തിൽ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ ചെന്നിത്തല ഗ്രാമപഞ്ചായത്തിലുള്ള ശാന്തീവനം-വലിയ പെരുമ്പുഴ റോഡും കോയിപ്പുറത്തുപടി വലിയ പെരുമ്പുഴക്കടവ് റോഡും ഒന്നുതന്നെയാണ്. ഫിഷറീസ് റോഡുകളുടെ സർക്കാർ അംഗീകൃത ലിസ്റ്റിൽ ടി റോഡ് കോടിപ്പുറത്തുപടി വലിയപെരുമ്പുഴക്കടവ് റോഡ് എന്ന പേരിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

ടി പ്രവൃത്തി ടെണ്ടർ ചെയ്തെങ്കിലും പ്രവൃത്തികളുടെ ദർഘാസിൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് 10 ശതമാനം Price Preference നൽകുന്നതിനുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി റോഡ് പ്രവൃത്തിക്ക് ഭരണിക്കാവ് ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ദർഘാസാണ് പരിഗണനയിലുള്ളത്. കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ദർഘാസിന് സമ്മതം നൽകുന്ന കാര്യം സർക്കാർ പരിശോധിച്ച് ദർഘാസിന് അംഗീകാരം നൽകി പ്രവൃത്തി കരാറിൽ ഏർപ്പെടാവുന്നതാണ്. കരാറിൽ ഏർപ്പെട്ടശേഷം 9 മാസംകൊണ്ട് ടി പ്രവൃത്തി പൂർത്തീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

## കാസർഗോഡ് ജില്ലയിലെ തീരദേശ വികസന പദ്ധതികൾ

126 (2146) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ വികസനവുമായി ബന്ധപ്പെട്ട് ഈ സർക്കാർ എന്തൊക്കെ പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) തീരദേശ വികസന പദ്ധതിയിൽപ്പെടുത്തി കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) തീരദേശ വികസനവുമായി ബന്ധപ്പെട്ട് ഈ സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു.*

(ബി) തീരദേശ വികസന പദ്ധതിയിൽപ്പെടുത്തി കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു.*

## കൊച്ചിൻ യൂണിവേഴ്സിറ്റിയിലെ മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ്

127 (2147) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ എം.ടെക് കോഴ്സ് പൂർത്തിയാക്കിയ മത്സ്യ തൊഴിലാളി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ് ഇനത്തിൽ ലഭിക്കേണ്ട ആനുകൂല്യം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ അടിയന്തര തുടർനടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും ഇക്കാര്യത്തിൽ ഏതെങ്കിലും പരാതികൾ ലഭിച്ചാൽ അത് പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**പയ്യന്നൂരിൽ സ്കൂൾ കെട്ടിട നിർമ്മാണത്തിന് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ എസ്റ്റിമേറ്റ്**

128 (2148) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ ഗവൺമെന്റ് മാപ്പിള യു.പി.സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിന് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപറേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കോടി രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയത് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ പ്രവൃത്തിക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ലഭ്യമായോ;ഇല്ലെങ്കിൽ എന്ന് ലഭ്യമാകുമെന്ന് വിശദമാക്കാമോ;

(സി) സ്കൂൾ കെട്ടിട നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പയ്യന്നൂർ മണ്ഡലത്തിലെ ഗവൺമെന്റ് മാപ്പിള യു.പി. സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിനായി കേരള തീരദേശ വികസന കോർപ്പറേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.

(ബി&സി) ഉദിക്കുന്നില്ല.

**മത്സ്യബന്ധന ബോട്ടുടമകൾക്ക് നഷ്ടപരിഹാരം**

129 (2149) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്നവരുടെ ബോട്ടും വള്ളവും മത്സ്യ ബന്ധനോപകരണങ്ങളും നഷ്ടപ്പെട്ടാൽ, നഷ്ടപരിഹാരം നൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ; അവരുടെ മുഴുവൻ നഷ്ടവും നൽകുന്നതിന് നിലവിലുള്ള പദ്ധതി പര്യാപ്തമാണോ; വിശദാംശം നൽകുമോ;

(ബി) പര്യാപ്തമല്ലെങ്കിൽ ഇവർക്കുവേണ്ടി ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി പ്രകൃതിക്ഷോഭത്തിൽ ഇവർക്കുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്നവരുടെ ബോട്ടും വള്ളവും മത്സ്യബന്ധന ഉപകരണങ്ങളും നഷ്ടപ്പെട്ടാൽ നഷ്ടപരിഹാരം നൽകുന്നതിന് ഫിഷറീസ് വകുപ്പിന് നിലവിൽ പദ്ധതികളില്ല. അതിനാൽ ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അതിന്മേലുള്ള റിപ്പോർട്ട് ബന്ധപ്പെട്ട ജില്ലാ കളക്ടർക്ക് നൽകുകയും SDRF/NDRF (സംസ്ഥാന/ദേശീയ ദുരന്ത നിവാരണ നിധി) നിധിയിൽനിന്നും കടൽക്ഷോഭത്തിൽ മത്സ്യബന്ധന യാനം പൂർണ്ണമായി തകർന്നവർക്ക് 9,600 രൂപയും ഭാഗികമായി നഷ്ടമുണ്ടായാൽ 4,100 രൂപയും വല പൂർണ്ണമായും നശിച്ചവർക്ക് 2,600 രൂപയും ജില്ലാ കളക്ടർ നൽകിവരുന്നു.

കൂടാതെ കടൽക്ഷോഭത്തെത്തുടർന്ന് മഴക്കാലത്ത് വള്ളം, വല തുടങ്ങിയ മത്സ്യബന്ധന ഉപാധികൾ നഷ്ടപ്പെട്ട, മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരുന്ന സംഘങ്ങൾക്ക് (ഗ്രൂപ്പ്) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും സംഘം ഒന്നിന് ഒരു ലക്ഷം രൂപ വീതം നഷ്ടപരിഹാരം അനുവദിച്ചുവരുന്നു.

മത്സ്യഫെഡ് വഴി ഗുണഭോക്താക്കൾക്ക് ഉപകരണ സുരക്ഷ പദ്ധതി മുഖേന മാനദണ്ഡങ്ങൾക്ക് വിധേയമായി, മത്സ്യബന്ധന ഉപകരണങ്ങൾക്ക് അപകടം, പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ എന്നിവയ്ക്ക് നഷ്ടപരിഹാരം നൽകിവരുന്നു. എന്നാൽ മത്സ്യഫെഡ് ഗുണഭോക്താക്കളല്ലാത്ത മത്സ്യത്തൊഴിലാളികൾക്ക് പ്രകൃതിക്ഷോഭംമൂലം മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെട്ടാൽ മറ്റ് പദ്ധതി മാനദണ്ഡങ്ങൾക്ക് അനുസൃതമായി വായ്പ വിതരണത്തിന് മുൻഗണന നൽകുന്നുണ്ട്.

(ബി) പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് നടപ്പ് സാമ്പത്തിക വർഷം ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനുള്ള പദ്ധതി പരിശോധിച്ചുവരുന്നു.

**ചെങ്ങന്നൂരിലെ അലങ്കാര മത്സ്യഹാച്ചറി**

130 (2150) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005-ൽ ചെങ്ങന്നൂരിന് അനുവദിച്ച അലങ്കാര മത്സ്യ ഹാച്ചറി സ്ഥാപിക്കുന്നതിൽ നേരിടുന്ന കാലതാമസം വിശദീകരിക്കുമോ;

(ബി) പ്രസ്തുത മത്സ്യ ഹാച്ചറി എന്ന് സ്ഥാപിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ജല ലഭ്യതയില്ലാത്തതാണ് ചെങ്ങന്നൂർ അലങ്കാര മത്സ്യ ഹാച്ചറി സ്ഥാപിക്കുന്നതിന് നേരിടുന്ന കാലതാമസത്തിന് കാരണം. പദ്ധതിയുടെ 90 ശതമാനം പ്രവർത്തനങ്ങളും പൂർത്തീകരിച്ചു. ഫിഷറീസ് വകുപ്പിന്റെ അധീനതയിൽ സ്ഥിതിചെയ്യുന്ന 300 മീറ്റർ അകലെയുള്ള കിണറ്റിൽനിന്നും തൊട്ടടുത്തുള്ള ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള കോംപ്ലക്സിന് സമീപമുള്ള കിണറ്റിൽനിന്നുമാണ് അലങ്കാര മത്സ്യ ഹാച്ചറി പ്രവർത്തനത്തിന് ജല സാദ്ധ്യത കണ്ടിരുന്നത്. എം.സി. റോഡ് ഇതിന്റെ ഇരുവശത്തുമുള്ള കോൺക്രീറ്റ് നടപ്പാത, ഓട, ചെങ്ങന്നൂർ - കോഴഞ്ചേരി റോഡ് എന്നിവ വെട്ടിപ്പൊളിച്ച് പൈപ്പിട്ട് ജലം ലഭ്യമാക്കുന്നത് പ്രായോഗികമല്ലാത്തതിനാൽ ഏറ്റവും അടുത്തുള്ള ചെങ്ങന്നൂർ നഗരസഭ ഉടമസ്ഥതയിലുള്ള കോംപ്ലക്സിന് സമീപമുള്ള കിണറ്റിൽനിന്നും ജലം എടുക്കുന്നതിന് രേഖാമൂലം നഗരസഭയ്ക്ക് അപേക്ഷ നൽകി. എന്നാൽ ജലം എടുക്കുന്നത് കോംപ്ലക്സിലെ ദൈനംദിന പ്രവർത്തനങ്ങൾക്ക് തടസ്സമാകുമെന്ന് നഗരസഭ അറിയിച്ചു. പ്രസ്തുത സാഹചര്യം കൊണ്ടാണ് ചെങ്ങന്നൂർ അലങ്കാര മത്സ്യ ഹാച്ചറി പ്രവർത്തിക്കുന്നതിന് കാലതാമസം നേരിടുന്നത്.

(ബി) ചെങ്ങന്നൂർ നഗരസഭയുടെ അനുവാദം ലഭ്യമാക്കിയോ ഒരു കുഴൽക്കിണർ സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിച്ച് ജലം ലഭ്യമാക്കിയോ അലങ്കാര മത്സ്യഹാച്ചറിയുടെ പ്രവർത്തനങ്ങൾ പ്രാവർത്തികമാക്കാൻ സാധിക്കും.

**വാടാനപ്പള്ളിയിൽ സംയോജിത മത്സ്യ ഗ്രാമവികസന കുടിവെള്ള പദ്ധതി**

131 (2151) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണലൂർ നിയോജകമണ്ഡലത്തിൽ, വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിലെ തീരദേശ മേഖലയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി സംയോജിത മത്സ്യ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കുടിവെള്ള പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

മണലൂർ നിയോജകമണ്ഡലത്തിലെ വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിലെ തീരദേശ മേഖലയിലെ കുടിവെള്ള ക്ഷാമത്തിന് പരിഹാരം കാണുന്നതിലേയ്ക്കായി തീരദേശ വികസന കോർപ്പറേഷൻ മുഖേന സംയോജിത മത്സ്യ ഗ്രാമവികസന പദ്ധതി 2014-15-ൽ ഉൾപ്പെടുത്തി 140.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പദ്ധതി ഘടകങ്ങൾ ചുവടെ ചേർക്കുന്നു :

1. വാടാനപ്പള്ളി മത്സ്യഗ്രാമത്തിലെ വാർഡ് നമ്പർ 1, 16, 17, 18 -ൽ സംപ് - 160 എം.എം./90 എം.എം. എച്ച്.ഡി., പി. ഇ. പൈപ്പിൽനിന്നും റൈഡർ ലൈൻ.
2. വാടാനപ്പള്ളി മത്സ്യഗ്രാമത്തിലെ വാർഡ് നമ്പർ 9, 11, 12-ൽ സംപ് - 110 എം.എം./90 എം.എം./75 എം.എം. എച്ച്.ഡി., പി.ഇ. പൈപ്പിൽനിന്നും റൈഡർ ലൈൻ.
3. വാടാനപ്പള്ളി മത്സ്യഗ്രാമത്തിലെ വാർഡ് നമ്പർ 1, 17, 1-ൽ കേടായ പൈപ്പ് മാറ്റി സ്ഥാപിക്കൽ.
4. വാടാനപ്പള്ളി മത്സ്യഗ്രാമത്തിലെ വാർഡ് നമ്പർ 14-ലെ നിലവിലുള്ള കിണറിൽനിന്നും വാർഡ് നമ്പർ 16-ലേയ്ക്ക് 75 എം.എം. വഴി കുടിവെള്ളം എത്തിക്കൽ.

കേരള വാട്ടർ അതോറിറ്റി നിർവ്വഹണ ഏജൻസിയായിട്ടുള്ള ടി പദ്ധതി ടെണ്ടർ ചെയ്തുകഴിഞ്ഞതായി കേരള വാട്ടർ അതോറിറ്റി അറിയിച്ചിട്ടുണ്ട്.

**കൊയിലാണ്ടിയിലെ ഫിഷറീസ് വകുപ്പ് ഭൂമി**

132 (2152) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊയിലാണ്ടി മണ്ഡലത്തിൽ എവിടെയെല്ലാം ഫിഷറീസ് ഡിപ്പാർട്ട്മെന്റിന്റെ അധീനതയിൽ ഭൂമി ലഭ്യമാണ് എന്നത് ഭൂമിയുടെ വിസ്തീർണ്ണം, ഭൂമി എവിടെ സ്ഥിതിചെയ്യുന്നു, റീസർവ്വെ നമ്പർ, പഞ്ചായത്ത് മുതലായ വിവരങ്ങൾ സഹിതം വിശദമായി വ്യക്തമാക്കാമോ?

ഉത്തരം

കൊയിലാണ്ടി മണ്ഡലത്തിൽ ഫിഷറീസ് വകുപ്പിന്റെ ഭൂമി സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| വില്ലേജ് | ഭൂമിയുടെ വിസ്തീർണ്ണം | റീസർവ്വേ നമ്പർ | പഞ്ചായത്ത്/ മുനിസിപ്പാലിറ്റി | റിമാർക്സ് |
|---|---|---|---|---|
| പന്തലായനി | 228 സെന്റ് | 25/1 | കൊയിലാണ്ടി മുനിസിപ്പാലിറ്റി | ഫിഷർമെൻ കോളനി -213 സെന്റ് ഉപയോഗിക്കാത്ത ഭൂമി - 15 സെന്റ് |
| പന്തലായനി | 184 സെന്റ് | 18/1 | കൊയിലാണ്ടി മുനിസിപ്പാലിറ്റി | ഫിഷ് ക്യൂറിംഗ് യാർഡ് & ജി.ആർ. എഫ്. ടി. എച്ച്.എസ്.-100 സെന്റ് ഉപയോഗിക്കാത്ത ഭൂമി - 84 സെന്റ് |
| ഇരിങ്ങൽ | 80 സെന്റ് | 32/1 എ | പയ്യോളി മുനിസിപ്പാലിറ്റി | ഫിഷർമെൻ കോളനി - 60 സെന്റ് കയ്യേറ്റം നടന്നത് - 6 സെന്റ് ഉപയോഗിക്കാത്ത ഭൂമി - 14 സെന്റ് |
| പയ്യോളി | 175 സെന്റ് | 10/1 | പയ്യോളി മുനിസിപ്പാലിറ്റി | ഹെൽത്ത് സെന്റർ - 5 സെന്റ് ഉപയോഗിക്കാത്ത ഭൂമി - 170 സെന്റ് |

**തീരക്കടലുകളിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്ന പദ്ധതികൾ**

133 (2153) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തീരക്കടലുകളിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്ന എന്തെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ അവ വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

ഉണ്ട്. കടലിൽ കൃത്രിമപ്പാര് നിക്ഷേപിക്കുന്ന പദ്ധതി പ്രകാരം ത്രികോണാകൃതിയിലുള്ള കോൺക്രീറ്റ് ആകൃതികൾ തീരക്കടലിൽ പ്രകൃതിദത്തമായ പാരുകൾക്ക് സമീപം നിക്ഷേപിക്കുന്നു. ഇതുവഴി മത്സ്യസമ്പത്ത് ഇരട്ടിക്കുന്നതായി പഠനങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

കടലിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള മറ്റൊരു പദ്ധതിയാണ് സീറാഞ്ചിംഗ്. ഈ പദ്ധതി പ്രകാരം മത്സ്യ/ചെമ്മീൻ കുഞ്ഞുങ്ങളെ ഹാച്ചറികളിൽ ഉല്പാദിപ്പിച്ച് കായലുകളിലും അഴിമുഖങ്ങളിലും നിക്ഷേപിക്കുന്നു. ഇതിലൂടെ മത്സ്യസമ്പത്ത് വർദ്ധിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. കൂടാതെ കൂടുകൃഷി പദ്ധതി ഉപയോഗപ്പെടുത്തി കടലിൽ കൂടുകൾ ഇറക്കി അതിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് വളർത്തി പിടിച്ചെടുക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

കൂടാതെ ചെറുമത്സ്യങ്ങളെ പിടിച്ചെടുക്കുന്നത് മത്സ്യസമ്പത്തിനെ പ്രതികൂലമായി ബാധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് 14 ഇനം മത്സ്യങ്ങളുടെ ചെറുമത്സ്യങ്ങളെ പിടിക്കുന്നത് നിരോധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടുതൽ മത്സ്യങ്ങളെ ഈ പട്ടികയിൽ ഉൾപ്പെടുത്താനും നടപടി സ്വീകരിച്ചുവരുന്നു.

**മത്സ്യോല്പാദനം വർദ്ധിപ്പിക്കാൻ പദ്ധതി**

134 (2154) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കാൻ ഏതെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിന് ചുവടെ ചേർക്കുന്ന പദ്ധതികളാണ് നിലവിലുള്ളത്:

1. നീല വിപ്ലവം പദ്ധതി
2. മത്സ്യ സമൃദ്ധി II പദ്ധതി
3. നൂതന മത്സ്യക്കൃഷി പദ്ധതി
4. നാഷണൽ അഡാപ്റ്റേഷൻ ഫണ്ട് ഫോർ ക്ലൈമറ്റ് ചെയ്ഞ്ച് പദ്ധതി

5. ഓപ്പൺ വാട്ടർ റാഞ്ചിംഗ് പദ്ധതി

6. മത്സ്യസങ്കേതങ്ങൾ സ്ഥാപിക്കുന്ന പദ്ധതി

7. മത്സ്യോല്പാദന കേന്ദ്രങ്ങളും ഹാച്ചറികളും സ്ഥാപിക്കുന്ന പദ്ധതി

8. നിലവിലുള്ള ഫാമുകളുടെയും ഹാച്ചറികളുടെയും നവീകരണ പദ്ധതി.

(ബി) ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

**മത്സ്യസമ്പത്തിൽ വന്ന കുറവ്**

135 (2155) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1970-2010 കാലയളവിൽ രാജ്യമെമ്പാടുമുള്ള മത്സ്യസമ്പത്തിൽ അയല, ചൂര, കോര, തുടങ്ങിയവയിൽ 74 ശതമാനത്തിന്റെ കുറവ് വന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, കേരളത്തിൽ ഈ കാലയളവിൽ ഈ വിഭാഗം മത്സ്യങ്ങളുടെ വർദ്ധനയിൽ കാര്യമായ കുറവുണ്ടായിട്ടുണ്ടോ;

(സി) കാലാവസ്ഥ വ്യതിയാനത്തിനും കടലിൽ അടിത്തട്ടുവരെ അരിച്ചു പെറുക്കുന്ന വിദേശ കപ്പലുകളുടെ മീൻ കൊയ്ത്തലിനും ഈ കുറവിൽ കാര്യമായ പങ്കുണ്ടോ;

(ഡി) വിദേശകപ്പലുകളുടെ മീൻപിടുത്തം ഇപ്പോൾ കേന്ദ്രസർക്കാർ വിലക്കിയിട്ടുണ്ടോ;

(ഇ) പ്രസ്തുത തീരുമാനം സംസ്ഥാനത്തെ എങ്ങനെ ബാധിക്കും; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ&ബി) ഇല്ല. 1970-കളിലെ മത്സ്യ സമ്പത്തിന്റെ കണക്ക് പരിശോധനയ്ക്ക് ലഭിച്ചിട്ടില്ലെങ്കിലും 1980-2010 കാലയളവ് അടിസ്ഥാനമാക്കി നോക്കുമ്പോൾ ഇത്തരം മത്സ്യങ്ങളുടെ ഉല്പാദനത്തിൽ കുറവുണ്ടായിട്ടില്ല.

(സി) ബാധകമല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) നിലവിലുള്ള വിദേശ കപ്പലുകൾക്ക് കേന്ദ്ര സർക്കാർ വിലക്ക് ഏർപ്പെടുത്തിയിട്ടില്ല. പുതുതായി ലെറ്റർ ഓഫ് പെർമിറ്റ് അനുവദിക്കുന്നതല്ലെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശമുണ്ട്.

(ഇ) നിലവിലുള്ള വിദേശ കപ്പലുകൾക്കുള്ള ലെറ്റർ ഓഫ് പെർമിറ്റ് നിർത്തലാക്കിയാൽ മാത്രമേ കടൽ മത്സ്യസമ്പത്ത് വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കാനാവുകയുള്ളൂ.

## വാടാനപ്പള്ളിയിൽ മത്സ്യത്തൊഴിലാളികൾക്ക് ഫ്ലാറ്റ്

136 (2156) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടാനപ്പള്ളി പഞ്ചായത്തിലെ വ്യാസ നഗറിൽ മത്സ്യത്തൊഴിലാളികൾക്ക് ഫ്ലാറ്റ് പണിയുന്നതിനായി ഭൂമി വാങ്ങിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവിടെ ഫ്ലാറ്റ് പണിയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) വാടാനപ്പള്ളി പഞ്ചായത്തിലെ വ്യാസ നഗറിൽ മത്സ്യത്തൊഴിലാളികൾക്കായി ഫ്ലാറ്റ് പണിയുന്നതിനായി ഫിഷറീസ് വകുപ്പ് ഭൂമി വാങ്ങിയിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

## മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് പഠനസഹായങ്ങൾ

137 (2157) ശ്രീ. എം. വിൻസെന്റ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങളും സ്കോളർഷിപ്പും നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) എന്തെല്ലാം പഠനസഹായങ്ങളാണ് ഈ വിദ്യാർത്ഥികൾക്ക് നൽകുന്നത്; വിശദീകരിക്കുമോ;

(സി) ഏതെല്ലാം ഏജൻസി വഴിയാണ് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് വിവിധ വിദ്യാഭ്യാസ ആനുകൂല്യങ്ങളായ ലംപ്സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ്, ട്യൂഷൻ ഫീസ്, പരീക്ഷാ ഫീസ്, സ്പെഷ്യൽ ഫീസ്, ഹോസ്റ്റൽ ഫീസ് എന്നിവയും വിദ്യാഭ്യാസ സ്ഥാപനത്തോടനുബന്ധിച്ച് ഹോസ്റ്റൽ സൗകര്യം ലഭ്യമല്ലാത്ത സാഹചര്യത്തിൽ സ്വകാര്യ ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്ന മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്ക് പട്ടികജാതി വികസന വകുപ്പിൽനിന്ന് നൽകിവരുന്ന അതേ നിരക്കിൽ ഹോസ്റ്റൽ ഫീസും നൽകിവരുന്നു. 2016-17 സാമ്പത്തിക വർഷം മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നതിനായി 20 കോടി രൂപ അനുവദിക്കുകയുണ്ടായി. 2016-17 വർഷത്തെ വിദ്യാഭ്യാസ ആനുകൂല്യത്തിനുള്ള കുടിശ്ശിക നൽകുന്നതിനായി ഈ സാമ്പത്തിക വർഷം 650 ലക്ഷം രൂപ വിവിധ ജില്ലകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് താഴെപ്പറയുന്ന പഠന സഹായങ്ങളാണ് നൽകിവരുന്നത് :

1. പട്ടികജാതി വകുപ്പ് നൽകുന്ന എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും അതേ നിരക്കിൽ മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് നൽകുന്ന പദ്ധതി.

2. മാതാപിതാക്കൾ മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസം നൽകുന്നതിനുള്ള സാമ്പത്തിക സഹായ പദ്ധതി.

3. സർക്കാർ സ്കൂളുകളിൽ 8, 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന 2000 മത്സ്യത്തൊഴിലാളികളുടെ പെൺമക്കൾക്ക് സൗജന്യ ബൈ സൈക്കിൾ വിതരണം ചെയ്യുന്ന പദ്ധതി.

4. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യ മെഡിക്കൽ എൻട്രൻസ്, പി.എസ്.സി., ബാങ്ക്, സിവിൽ സർവ്വീസ് പരിശീലന പരിപാടി.

(സി) വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങളും മേൽപ്പറഞ്ഞ മറ്റ് ആനുകൂല്യങ്ങളും ഫിഷറീസ് വകുപ്പ് മുഖേനയാണ് നൽകിവരുന്നത്. സൗജന്യ ബൈസൈക്കിൾ വിതരണം ചെയ്യുന്ന പദ്ധതി, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേനയാണ് നടപ്പിലാക്കുന്നത്.

## മത്സ്യബന്ധന തൊഴിലാളികൾക്ക് നൽകുന്ന സബ്സിഡി മണ്ണെണ്ണ

138 (2158) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനത്തൊഴിലാളികൾക്ക് മാസംതോറും സബ്സിഡിയോടെ നൽകിവരുന്ന മണ്ണെണ്ണയുടെ അളവ് എത്രയെന്ന് അറിയിക്കാമോ;

(ബി) ഈ സർക്കാർ വന്നതിന് ശേഷം ഈ അളവിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യഫെഡ് വഴി ഒരു ലിറ്റർ മണ്ണെണ്ണ 25 രൂപയ്ക്ക് സബ്സിഡി നിരക്കിൽ വിതരണം ചെയ്തുവരുന്നു. കൂടാതെ സിവിൽ സപ്ലൈസ് വകുപ്പുവഴി പി.ഡി.എസ്. മണ്ണെണ്ണയും നൽകിവരുന്നു. മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന എഞ്ചിനുകളുടെ കുതിരശക്തിക്ക് അനുസരിച്ചാണ് ഓരോരുത്തർക്കും നൽകുന്ന മണ്ണെണ്ണയുടെ അളവ് നിജപ്പെടുത്തിയിട്ടുള്ളത്.

| എഞ്ചിന്റെ എച്ച്.പി. | മത്സ്യഫെഡ് വഴി നൽകുന്ന മണ്ണെണ്ണയുടെ അളവ് | സിവിൽ സപ്ലൈസ് വഴി നൽകുന്ന മണ്ണെണ്ണയുടെ അളവ് |
|---|---|---|
| 10 എച്ച്.പി. എഞ്ചിൻ വരെ പ്രതിമാസം | 140 ലിറ്റർ | 129 ലിറ്റർ |
| 10 എച്ച്.പി. മുതൽ 15 എച്ച്.പി. വരെ പ്രതിമാസം | 150 ലിറ്റർ | 136 ലിറ്റർ |
| 15 എച്ച്. പി. മുതൽ 40 എച്ച്.പി. വരെ പ്രതിമാസം | 190 ലിറ്റർ | 180 ലിറ്റർ |

(ബി) ഇല്ല.

(സി) ബാധകമല്ല.

**മത്സ്യത്തൊഴിലാളികൾക്കായുള്ള പദ്ധതികൾ**

139 (2159) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്കായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതെന്ന് വിശദീകരിക്കുമോ;

(ബി) ഇവരുടെ ഭവന നിർമ്മാണത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനും എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) മത്സ്യത്തൊഴിലാളികളുടെ ക്ഷേമവുമായി ബന്ധപ്പെട്ട് നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാം ഏജൻസികൾ മുഖേനയാണ് നടത്തുന്നതെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) സമൂഹത്തിൽ പിന്നാക്കം നിൽക്കുന്ന തീരദേശവാസികളെ മുഖ്യധാരയിലെത്തിക്കുന്നതിന് ഫിഷറീസ് വകുപ്പ് മുഖേനയും വകുപ്പിന്റെ കീഴിലുള്ള വിവിധ ഏജൻസികൾ മുഖേനയും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേനയും നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളുടെ വിശദാംശം അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു.*

(ബി) മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനം (2017-18) എന്നതിൽപ്പെടുത്തി മത്സ്യത്തൊഴിലാളികളുടെ പാർപ്പിട സൗകര്യത്തിനായി ആകെ 150 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകി. വിശദാംശങ്ങൾ അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു.*

(സി) ഫിഷറീസ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുകളെ കൂടാതെ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, സൊസൈറ്റി ഫോർ അസിസ്റ്റന്റ്സ് ടു ഫിഷർ വിമൺ (സാഫ്), മത്സ്യഫെഡ്, സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി എന്നീ ഏജൻസികൾ മുഖേനയാണ് മത്സ്യത്തൊഴിലാളി ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## നബാർഡ് ആർ.ഐ.ഡി.എഫ്. 23-ാം ട്രെഞ്ചിൽ മത്സ്യബന്ധനവും തുറമുഖവും വകുപ്പിന് കീഴിൽ വരുന്ന പദ്ധതികൾ

140 (2160) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ് ആർ.ഐ.ഡി.എഫ് 23-ാം ട്രെഞ്ചിൽ ഉൾപ്പെടുത്തി മത്സ്യബന്ധനവും തുറമുഖവും വകുപ്പിന് കീഴിൽ വരുന്ന വിവിധ വകുപ്പുകളിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നത്; ഏതെല്ലാം പദ്ധതികളുടെ ശിപാർശകൾ വിവിധ വകുപ്പുകളിൽ നിന്ന് മത്സ്യബന്ധനവും തുറമുഖവും വകുപ്പിന് ലഭിച്ചിട്ടുണ്ട്; ഓരോ പ്രോജക്റ്റിന്റെയും വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്കീമിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, തീരദേശ വികസന കോർപ്പറേഷൻ എന്നിവ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ ഏതെല്ലാമെന്ന് പറയാമോ?

ഉത്തരം

(എ) നബാർഡ് ആർ.ഐ.ഡി.എഫ്. 23-ാം ട്രെഞ്ചിൽ ഉൾപ്പെടുത്തി നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവൃത്തികളെക്കുറിച്ചുള്ള പ്രാഥമിക ചർച്ചകൾ മാത്രമാണ് ആരംഭിച്ചിട്ടുള്ളത്. നബാർഡ് ആർ.ഐ.ഡി.എഫ്. - 23-ൽ വിവിധ വകുപ്പുകളുടെ 2017-18 സാമ്പത്തിക വർഷത്തെ സെക്ടറൽ അലോക്കേഷൻ സർക്കാരിൽനിന്നും അനുവദിക്കേണ്ടതുണ്ട്.

(ബി) പ്രൊപ്പോസലുകൾ നിശ്ചയിച്ചുവരുന്നു.

## ചാലിയം ഫിഷ് ലാന്റിംഗ് സെന്റർ

141 (2161) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ചാലിയം ഫിഷ് ലാന്റിങ് സെന്ററിനുവേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ എത്രത്തോളമായി എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന് പരിസ്ഥിതി വകുപ്പിന്റെ അനുമതി ലഭ്യമായിട്ടുണ്ടോ;

(സി) ഈ പദ്ധതി നടത്തിപ്പിലെ കാലതാമസം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ചാലിയത്ത് ഫിഷ് ലാന്റിംഗ് സെന്റർ സ്ഥാപിക്കുന്നതിനുവേണ്ടി നിർദ്ദേശിച്ചിട്ടുള്ള കോഴിക്കോട്ടെ ചാലിയത്തെ ഭൂമിയുടെ ഉടമസ്ഥാവകാശം നിലവിൽ വനം വകുപ്പിനാണ്. വനം വകുപ്പിൽനിന്ന് ഭൂമി യൂസർ ഏജൻസിയായ കിൻഫ്രയ്ക്ക് കൈമാറുന്നതിനുള്ള നടപടികൾ വനം വകുപ്പ് ആരംഭിച്ചിട്ടുണ്ട്. ഇതിന് മുന്നോടിയായി സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിൽനിന്നും നിബന്ധനകൾക്ക് വിധേയമായി സ്റ്റേജ് 1 അംഗീകാരം ലഭിച്ചിരുന്നു. എന്നാൽ ഇതു സംബന്ധിച്ച് നിശ്ചിത സമയത്തിനുള്ളിൽ പരിഹാര വനവൽക്കരണത്തിനുള്ള ഭൂമി കണ്ടെത്താൻ യൂസർ ഏജൻസിക്ക് സാധിച്ചിട്ടില്ല. 24-11-2016-ൽ അവസാനിച്ച സ്റ്റേജ് 1 അംഗീകാരത്തിന്റെ കാലാവധി ദീർഘിപ്പിക്കുന്നതിന് യൂസർ ഏജൻസി നൽകിയ അപേക്ഷ വനം വകുപ്പിൽനിന്നും കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പരിസ്ഥിതി അനുമതിക്കായി സമീപിക്കേണ്ടത് യൂസർ ഏജൻസിയാണ്.

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ സ്റ്റേജ് 1 അനുമതി ദീർഘിപ്പിച്ചു ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

**ചെല്ലാനം മിനി ഫിഷിംഗ് ഹാർബർ നിർമ്മാണം**

142 (2162) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നിയോജകമണ്ഡലത്തിലെ ചെല്ലാനം മിനി ഫിഷിംഗ് ഹാർബറിലേക്കുള്ള റോഡിന്റെയും അനുബന്ധഘടകങ്ങളുടെയും നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ സ്ഥലമെടുപ്പ് നടപടികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) ചെല്ലാനം മിനി ഫിഷിംഗ് ഹാർബർ എന്നത്തേക്ക് പ്രവർത്തനക്ഷമമാക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ചെല്ലാനം മത്സ്യബന്ധന തുറമുഖത്തിലേയ്ക്കുള്ള അപ്രോച്ച് റോഡ്, മറ്റ് അനുബന്ധ ഘടകങ്ങൾ എന്നിവ നിർമ്മിക്കുന്നതിനാവശ്യമായ 130.23 ആർ സ്ഥലം ഏറ്റെടുക്കുന്നതിന് നെഗോഷ്യബിൾ പർച്ചേസ് പ്രകാരം 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. നിരവധി ചർച്ചകൾക്കുശേഷവും സ്ഥലത്തിന്റെ വില സംബന്ധിച്ച് ഭൂവുടമകളുമായി ധാരണയിലാകാത്തതിനാൽ

നെഗോഷിയേഷൻ പർച്ചേസ് പ്രകാരം സ്ഥലം ഏറ്റെടുക്കാൻ സാധിച്ചില്ല. തുടർന്ന് 11-1-2017-ൽ ഫിഷറീസ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വിളിച്ചുചേർത്ത യോഗത്തിൽ തെക്ക് ഭാഗത്തുകൂടിയുള്ള പുതിയ പ്രവേശന പാതയ്ക്കുവേണ്ടി മറ്റൊരു പ്രൊപ്പോസൽ പരിഗണിക്കുകയുണ്ടായി. ആയതിൻപ്രകാരമുള്ള അപേക്ഷ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ജില്ലാ കളക്ടർ ലാന്റ് അക്വിസിഷൻ ഓഫീസറായി സ്പെഷ്യൽ തഹസിൽദാർ, ജി.സി.ഡി.എ., എറണാകുളത്തെ നിയമിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) ചെല്ലാനം മത്സ്യബന്ധന തുറമുഖത്തിന്റെ അനുബന്ധ സൗകര്യങ്ങൾ നിർമ്മിക്കുന്നതിന് ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. ലാന്റ് അക്വിസിഷൻ പൂർത്തിയാക്കിയശേഷം അനുബന്ധ സൗകര്യങ്ങൾ നിർമ്മിച്ച് ഹാർബർ പ്രവർത്തനക്ഷമമാക്കുവാൻ സാധിക്കുന്നതാണ്.

## ചെല്ലാനം ഫിഷിംഗ് ഹാർബർ

143 (2163) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെല്ലാനം ഫിഷിംഗ് ഹാർബർ നിർമ്മാണത്തിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണ്;

(ബി) ഹാർബർ വികസനത്തിനായി സ്ഥലമെടുപ്പ് ഏത് ഘട്ടം വരെയായി;

(സി) നിലവിൽ സ്ഥലം ലഭ്യമാക്കിയിട്ടുള്ളവർക്ക് അതിന് ആവശ്യമായ നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഹാർബർ എന്നത്തേക്ക് കമ്മീഷൻ ചെയ്യുവാനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ചെല്ലാനം ഫിഷിംഗ് ഹാർബറിന്റെ തെക്കേ പുലിമുട്ട് 570 മീറ്ററും വടക്കേ പുലിമുട്ട് 150 മീറ്ററും പൂർത്തിയായിട്ടുണ്ട്. മറ്റ് അനുബന്ധ ഘടകങ്ങൾ, അപ്രോച്ച് റോഡ് എന്നിവ നിർമ്മിക്കുന്നതിന് ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. സ്ഥലം ഏറ്റെടുത്ത ശേഷം മറ്റ് അനുബന്ധഘടകങ്ങൾ നിർമ്മിക്കുന്നതാണ്.

(ബി) ചെല്ലാനം മത്സ്യബന്ധന തുറമുഖത്തിന്റെ അനുബന്ധഘടകങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ 130.23 ആർ സ്ഥലം ഏറ്റെടുക്കുന്നതിന് നെഗോഷ്യബിൾ പർച്ചേസ് പ്രകാരം 10 കോടി രൂപയുടെ ഭരണാനുമതി

നൽകിയിരുന്നു. തുടർന്ന് ഭൂമി ഏറ്റെടുക്കുന്ന നടപടികൾ സ്വീകരിച്ചെങ്കിലും സ്ഥലത്തിന്റെ വില സംബന്ധിച്ച് ഭൂവുടമകളുമായി ധാരണ ആകാത്തതിനാൽ നെഗോഷിയേഷൻ പർച്ചേസ് പ്രകാരം സ്ഥലം ഏറ്റെടുക്കാൻ സാധിച്ചില്ല. തുടർന്ന് 11-1-2017-ൽ ഫിഷറീസ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വിളിച്ചുചേർത്ത യോഗത്തിൽ തെക്ക് ഭാഗത്തുകൂടിയുള്ള പുതിയ പ്രവേശനപാതയ്ക്കുവേണ്ടി മറ്റൊരു പ്രൊപ്പോസൽ പരിഗണിക്കുകയുണ്ടായി. ആയതിൻപ്രകാരമുള്ള അപേക്ഷ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ജില്ലാ കളക്ടർ ലാന്റ് അക്വിസിഷൻ ഓഫീസറായി സ്പെഷ്യൽ തഹസിൽദാർ, ജി.സി.ഡി.എ., എറണാകുളത്തെ നിയമിച്ച് ഉത്തരവായിട്ടുണ്ട്.

(സി) സ്ഥലവില സംബന്ധിച്ച് സ്ഥലമുടമകളുമായി ധാരണയിലാകുന്ന മുറയ്ക്ക് സ്ഥലത്തിന്റെ വില സ്ഥലമുടമകൾക്ക് നൽകുന്നതാണ്.

(ഡി) ലാന്റ് അക്വിസിഷൻ പൂർത്തിയാക്കിയശേഷം അനുബന്ധ സൗകര്യങ്ങൾ നിർമ്മിച്ച് ഹാർബർ പ്രവർത്തനക്ഷമമാക്കാനാണ് ഉദ്ദേശിക്കുന്നത്.

**രാമന്തളി-പാണ്ഡ്യാലക്കടവ് ഹാർബർ**

144 (2164) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ രാമന്തളി-പാണ്ഡ്യാലക്കടവിൽ ഹാർബർ വകുപ്പ് മുഖേന നബാർഡ് സഹായത്തോടെയുള്ള പാലം നിർമ്മാണ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) നേരത്തെ ഭരണാനുമതി ലഭിച്ച ഈ പ്രവൃത്തിയുടെ പുതുക്കിയ എസ്റ്റിമേറ്റിന് എപ്പോൾ അംഗീകാരം നൽകാൻ കഴിയുമെന്ന് പ്രഖ്യാപിക്കാമോ?

<u>ഉത്തരം</u>

(എ&ബി) കാസർഗോഡ് ജില്ലയിലെ രാമന്തളി വലിയപറമ്പ നടപ്പാലത്തിന്റെ നിർമ്മാണത്തിന് 750 ലക്ഷം രൂപയുടെ ഭരണാനുമതി നബാർഡ് RIDF-XVI-ൽ ഉൾപ്പെടുത്തി നൽകിയിരുന്നു. അതനുസരിച്ച് പ്രവൃത്തിയുടെ പ്രാരംഭ നടപടികൾ ആരംഭിച്ചെങ്കിലും ജനപ്രതിനിധികൾ ഇടപെട്ടതിന്റെ അടിസ്ഥാനത്തിൽ നടപ്പാലത്തിനു പകരം ഒരു സിംഗിൾ ലെയിൻ ബ്രിഡ്ജാണ് ആവശ്യമെന്ന് അറിയിക്കുകയുണ്ടായി. അപ്രകാരം സിംഗിൾ ലെയിൻ ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള പുതുക്കിയ എസ്റ്റിമേറ്റ് RIDF XIX, XX, XXI എന്നിവയിൽ ഉൾപ്പെടുത്തി നബാർഡിന് സമർപ്പിച്ചിരുന്നുവെങ്കിലും അംഗീകാരം ലഭ്യമായിട്ടില്ല. അംഗീകാരം കിട്ടുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

## പള്ളുരുത്തി-കളത്തറ പാലം നിർമ്മാണം

145 (2165) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ പള്ളുരുത്തിയെ തീരദേശമേഖലയുമായി ബന്ധിപ്പിക്കുന്ന കളത്തറ പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിജസ്ഥിതി വിശദമാക്കാമോ;

(ബി) ഈ പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കളത്തറ പാലത്തിന്റെ (നമ്പ്യാപുരം - കാട്ടിപ്പറമ്പ്) നിർമ്മാണത്തിനു വേണ്ടി 10-12-2012-ൽ കാരാറിലേർപ്പെട്ടെങ്കിലും പ്രവൃത്തിയുടെ ഡിസൈനിൽ വ്യതിയാനം വന്നതുമൂലം കരാറുകാരൻ പ്രവൃത്തി നടപ്പാക്കാൻ വിമുഖത കാണിച്ചതിനെ തുടർന്ന് കരാർ റദ്ദുചെയ്തു. 17-12-2015 തീയതിയിലെ കരാർ പ്രകാരം പ്രവൃത്തി പുനരേർപ്പാടാക്കി ആരംഭിച്ചിട്ടുണ്ട്. റിംഗ് ബണ്ടിന്റെ പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. മേയ് മാസം ആദ്യവാരത്തിൽ പൈലിംഗ് പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

(ബി) 2017 സെപ്റ്റംബറോടെ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## കാസർഗോഡ്-കോട്ടിക്കുളം-ബേക്കൽ മത്സ്യബന്ധന തുറമുഖം

146 (2166) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ്-കോട്ടിക്കുളം-ബേക്കൽ തീരദേശ മേഖലയിൽ മത്സ്യബന്ധന തുറമുഖ നിർമ്മാണം പരിഗണനയിലുണ്ടോ;

(ബി) ഇതിന്റെ ഭാഗമായി അന്വേഷണ ഗവേഷണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ&ബി) കാസർഗോഡ്-കോട്ടിക്കുളം-ബേക്കൽ മത്സ്യബന്ധന തുറമുഖത്തിന്റെ അന്വേഷണ ഗവേഷണ പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള 67 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു.

## എലത്തൂരിൽ തീരദേശ ഫണ്ടിൽ ഭരണാനുമതി ലഭിച്ച റോഡുകൾ

147 (2167) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോഴിക്കോട് ജില്ലയിലെ എലത്തൂർ നിയോജകമണ്ഡലത്തിൽ തീരദേശഫണ്ടിലുൾപ്പെടുത്തി എത്ര റോഡുകൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും അവയുടെ പേര്, അനുവദിച്ച തുക എന്നിവയും വെളിപ്പെടുത്താമോ;

(ബി) ഭരണാനുമതി ലഭിച്ച റോഡുകളുടെ പ്രവർത്തനപുരോഗതി വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോഴിക്കോട് ജില്ലയിലെ എലത്തൂർ നിയോജകമണ്ഡലത്തിൽ തീരദേശ ഫണ്ടിലുൾപ്പെടുത്തി 8 റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി റോഡുകളുടെ പേര്, അനുവദിച്ച തുക, പുരോഗതി എന്നിവ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | റോഡിന്റെ പേര് | ഭരണാനുമതി തുക | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | കോഴിക്കോട് കോർപ്പറേഷനിലെ ഞാറക്കൽ താഴം കനോലി കനാൽ റോഡിന്റെ വികസന പ്രവൃത്തി | 69 ലക്ഷം | പ്രവൃത്തി ടെണ്ടർ ചെയ്ത് കരാർ വയ്ക്കുന്നതിന് കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട് |
| 2 | ചേളന്നൂർ പഞ്ചായത്തിലെ ഓളോപ്പാറ റോഡിന്റെ വികസന പ്രവൃത്തി | 30 ലക്ഷം | പ്രവൃത്തി ടെണ്ടർ ചെയ്ത് കരാർ വയ്ക്കുന്നതിന് കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട് |
| 3 | തലക്കുളത്തൂർ പഞ്ചായത്തിലെ അടവാട്ടുതാഴം റോഡിന്റെ വികസന പ്രവൃത്തി | 22 ലക്ഷം | നിർമ്മാണം ആരംഭിക്കുന്നതിന് കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട് |

| (1) | (2) | (3) | (4) |
|---|---|---|---|
| 4 | കോഴിക്കോട് കോർപ്പറേഷനിലെ ഡിവിഷൻ 4-ലെ മാടച്ചാൽ തൊടൊഴി റോഡിന്റെ വികസന പ്രവൃത്തി | 28.62 ലക്ഷം | കരാർ വച്ച് പ്രവൃത്തി ആരംഭിച്ചു |
| 5 | തലക്കുളത്തൂർ പഞ്ചായത്തിലെ വാർഡ് നമ്പർ 15-ലെ അരിയോളിമുക്ക് പുതിയോട്ടിൽകടവ് റോഡിന്റെ വികസന പ്രവൃത്തി | 63 ലക്ഷം | പ്രവൃത്തി ടെണ്ടർ ചെയ്ത് കരാർ വയ്ക്കുന്നതിന് കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട് |
| 6 | പറമ്പിൽകടവ് പാലം മുതൽ കൃഷ്ണൻകടവ് വരെയുള്ള റോഡിന്റെ വികസന പ്രവൃത്തി | 37 ലക്ഷം | സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു |
| 7 | കോഴിക്കോട് കോർപ്പറേഷനിലെ വാർഡ് നമ്പർ 1-ലെ മാട്ടുവയൽ അഴീക്കൽതോട് (ഡ്രെയിനേജ്, പാത്ത്‌വേ) വികസന പ്രവൃത്തി | 39 ലക്ഷം | സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു |
| 8 | തലക്കുളത്തൂർ പഞ്ചായത്തിലെ വാർഡ് നമ്പർ 1-ലെ പടന്നക്കുളം കയർ സൊസൈറ്റി റോഡിന്റെ വികസന പ്രവൃത്തി | 42.90 ലക്ഷം | സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു |

**നെയ്യാറ്റിൻകര പരുത്തിയൂരിൽ പാലം നിർമ്മാണം**

148 (2168) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ തീരപ്രദേശമായ പൊഴിയൂർ പരുത്തിയൂരിൽ 2013-14-ൽ അനുവദിച്ച പുതിയ പാലത്തിന്റെ പണികൾ ആരംഭിക്കുന്നതിന് എന്താണ് തടസ്സം എന്ന് വിശദീകരിക്കാമോ;

(ബി) പ്രസ്തുത പാലത്തിനു സൗജന്യമായി സ്ഥലം നൽകാൻ പഞ്ചായത്ത് തീരുമാനമെടുത്തിട്ടുപോലും പണി തുടങ്ങുന്നതിന് ഉദ്യോഗസ്ഥതലത്തിൽ വീഴ്ചയുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) പരുത്തിയൂർ പാലത്തിന്റെ നിർമ്മാണപ്രവർത്തനം 2017 മേയ് 31-ന് മുമ്പ് ആരംഭിക്കാൻ കഴിയുമോ?

<u>ഉത്തരം</u>

(എ) അപ്രോച്ച് റോഡിനുവേണ്ടിയുള്ള സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് നൽകാത്തതുമൂലം നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച തീരപ്രദേശമായ പൊഴിയൂരിലെ ക്ഷേത്രനട പാലം, വെള്ളമണൽ പാലം എന്നിവയുടെ നിർമ്മാണത്തിനായി തുടർനടപടികൾ സ്വീകരിക്കാൻ കഴിഞ്ഞില്ല.

(ബി) ഉദ്യോഗസ്ഥ തലത്തിൽ ഇതുസംബന്ധിച്ച് വീഴ്ചകളൊന്നും ഉണ്ടായിട്ടില്ല. സ്ഥലം ലഭിക്കുന്നതിനുള്ള കാലതാമസമാണ് നിർമ്മാണ പ്രവൃത്തികൾ താമസിക്കാനിടയാക്കിയത്. സെപ്റ്റംബർ 2013-ൽ ഭരണാനുമതി ലഭിച്ചുവെങ്കിലും അപ്രോച്ച് റോഡിനുള്ള സ്ഥലം ലഭ്യമാക്കുന്നതിനുവേണ്ടി പലതവണ പഞ്ചായത്തിനോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും 5-1-2017-ൽ മാത്രമാണ് സ്ഥലം ഏറ്റെടുത്ത് നൽകാമെന്ന ഉറപ്പ് പഞ്ചായത്ത് അധികാരികളിൽനിന്നും ലഭിച്ചത്. സ്ഥലം ഇപ്പോഴും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് കൈമാറി ലഭിച്ചിട്ടില്ല. സ്ഥലം കൈമാറി ലഭിച്ചാൽ മാത്രമേ നിർമ്മാണം സംബന്ധിച്ച് നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

(സി) പഞ്ചായത്ത് സ്ഥലം ഏറ്റെടുത്ത് നൽകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

**കാഷ്യൂ ബൂത്തുകൾ**

149 (2169) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് "കാഷ്യൂ ബൂത്തുകൾ" ആരംഭിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഇത് എവിടെയെല്ലാം ആരംഭിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്;

(ബി) കശുവണ്ടി വികസന കോർപ്പറേഷന്റെ തനത് ഉത്പന്നങ്ങൾ കൂടുതൽ ജനകീയമാക്കുന്നതിനും കൂടുതൽ വിപണന മേഖലകൾ കണ്ടെത്തുന്നതിനും മറ്റെന്തെല്ലാം പരിപാടികളാണ് സംഘടിപ്പിച്ചിട്ടുള്ളത്;

(സി) കശുവണ്ടി വികസന കോർപ്പറേഷന്റെ ഏതെല്ലാം പുതിയ ഉത്പന്നങ്ങളാണ് വിപണിയിലിറക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്;

(ഡി) ഏതെല്ലാം ഉത്പന്നങ്ങളുടെ ഉത്പാദനം അവസാനിപ്പിച്ചിട്ടുണ്ട്; ഉത്പാദനം അവസാനിപ്പിച്ചതിന് കാരണം എന്താണ്; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ഇതിനുവേണ്ടി എക്സിബിഷൻ/മേളകളിൽ പങ്കെടുക്കുകയും കൂടുതൽ ആളുകൾ വാങ്ങുന്നതിനുവേണ്ടി ചെറിയ കൺസ്യൂമർ പാക്കറ്റുകളിൽ വിപണനം നടത്തുന്നുണ്ട്.

(സി) കശുവണ്ടി വികസന കോർപ്പറേഷന്റെ വിവിധ ഗ്രേഡിലുള്ള പ്ലെയിനും റോസ്റ്റഡ് പരിപ്പുകളും കൂടാതെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ കാഷ്യൂ പൗഡർ, ബിറ്റ്സ്, സൂപ്പ്, കാഷ്യൂ വിറ്റ, ചോക്കോ കാജു, മിൽക്കികാജു തുടങ്ങിയ ഉൽപ്പന്നങ്ങളാണ് ഇപ്പോൾ വിപണിയിലുള്ളത്. കശുവണ്ടി പരിപ്പിൽനിന്നും കശുമാങ്ങയിൽനിന്നും കൂടുതൽ ഉൽപ്പന്നങ്ങൾ വിപണിയിൽ എത്തിക്കാനുള്ള ശ്രമം നടന്നുവരുന്നുണ്ട്.

(ഡി) കാഷ്യൂ കോർപ്പറേഷൻ വിപണിയിൽ ഇറക്കിയിട്ടുള്ള എല്ലാ കശുവണ്ടി പരിപ്പ് ഉൽപ്പന്നങ്ങളുടേയും ഉൽപ്പാദനം തുടർന്നുവരുന്നുണ്ട്.

**കശുവണ്ടി വ്യവസായ സംരക്ഷണം**

150 (2170) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കശുവണ്ടി വ്യവസായത്തിൽ പണിയെടുക്കുന്ന ലക്ഷക്കണക്കിന് തൊഴിലാളികളുടെ നിലനില്പിനും വ്യവസായം സംരക്ഷിക്കുന്നതിനും വേണ്ടി എന്തൊക്കെ കാര്യങ്ങൾ ആണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

2015 സെപ്റ്റംബർ മാസം മുതൽ പൂട്ടിക്കിടന്നിരുന്ന കോർപ്പറേഷൻ ഫാക്ടറികൾ 2016 ഓണത്തിനുമുമ്പ് തുറന്നുപ്രവർത്തിപ്പിച്ചു. സർക്കാരിന്റെ നിരന്തര ഇടപെടലിനെത്തുടർന്നാണ് ഇത് സാധിച്ചത്. കാപെക്സിന്റെ കീഴിലുള്ള ഫാക്ടറികളും തുറന്നുപ്രവർത്തിപ്പിക്കാൻ കഴിഞ്ഞു.

സ്വകാര്യ ഫാക്ടറികളിൽ ഭൂരിപക്ഷവും അടഞ്ഞുകിടന്നിരുന്ന സ്ഥിതിയിൽ നിന്നും സർക്കാർ ഇടപെടലിനെത്തുടർന്ന് നാനൂറിലധികം സ്വകാര്യ ഫാക്ടറികൾ തുറന്നുപ്രവർത്തിപ്പിക്കാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. തൊഴിലാളികളുടെ തൊഴിൽ ഉറപ്പുവരുത്തുന്നതിനായി തോട്ടണ്ടി ലഭ്യമായിട്ടും തുറന്നു പ്രവർത്തിപ്പിക്കാത്ത ഫാക്ടറികൾക്കെതിരെ സാദ്ധ്യമായ നിയമ നടപടിയും സ്വീകരിച്ചുവരുന്നു. സാമ്പത്തിക പ്രയാസത്താലും തോട്ടണ്ടി ലഭ്യമല്ലാത്തതിനാലും പ്രതിസന്ധി നേരിടുന്ന കശുവണ്ടി മേഖലയെ സമഗ്രമായി പുനരുദ്ധരിക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കശുവണ്ടി വ്യവസായ വകുപ്പുമന്ത്രിയും പങ്കെടുത്തു നടത്തിയ ബന്ധപ്പെട്ട യോഗതീരുമാനത്തെത്തുടർന്ന് ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ കേരള കാഷ്യൂ ബോർഡ് എന്ന പേരിൽ രൂപീകരിക്കാൻ തീരുമാനമെടുത്തുകഴിഞ്ഞു.

തദ്ദേശീയമായി തോട്ടണ്ടി ഉത്പാദനം വർദ്ധിപ്പിച്ച് ഒരു പരിധി വരെ തോട്ടണ്ടി ദൗർലഭ്യം പരിഹരിക്കാൻ കഴിയുമെന്ന് സർക്കാർ പ്രതീക്ഷിക്കുകയാണ്. കശുവണ്ടിയുടെ ഉൽപ്പാദനക്ഷമത കൂട്ടുന്നതിനും സ്വയംപര്യാപ്തത കൈവരിക്കുന്നതിനും വേണ്ടി കാപെക്സിന്റെയും കാഷ്യൂ കോർപ്പറേഷന്റെയും ഫാക്ടറി കോമ്പൗണ്ടുകളിലും ഇതര പ്രദേശങ്ങളിലുമായി ഗുണനിലവാരമുള്ള കശുമാവിൻതൈകൾ വച്ചുപിടിപ്പിച്ചു വരുന്നു. കയറ്റുമതി രംഗത്ത് നേരിടുന്ന മത്സരം ഒഴിവാക്കാനായി കാപെക്സ് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നു വരികയാണ്. സർക്കാരിന്റെ പദ്ധതി വിഹിതത്തിൽനിന്നുള്ള ധനസഹായത്തോടെ കാപെക്സ്/കോർപ്പറേഷൻ ഫാക്ടറികളിൽ ആധുനികവൽക്കരണവും ഭാഗിക യന്ത്രവൽക്കരണവും നടത്തിവരുന്നുണ്ട്.

2016-17 വർഷത്തിലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന് 30 കോടി രൂപ ആധുനികവൽക്കരണത്തിനും ഭാഗിക യന്ത്രവൽക്കരണത്തിനും വകയിരുത്തിയിരുന്നു. എന്നാൽ കശുവണ്ടി വികസന കോർപ്പറേഷന്റെ സാമ്പത്തിക പരാധീനത കണക്കിലെടുത്ത്

ഫാക്ടറികൾ ഉടൻ തുറന്നുപ്രവർത്തിപ്പിക്കേണ്ട ആവശ്യം പരിഗണിച്ച് പ്രസ്തുത തുക ഉപയോഗിച്ച് ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുവേണ്ടി ചെലവഴിച്ചിട്ടുണ്ട്. 2016-17-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ കശുവണ്ടി വികസന കോർപ്പറേഷന് 75 കോടി രൂപ അധികമായി അനുവദിച്ചിരുന്നു. ആയതിൽ 65 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത തുക അനുവദിച്ചു നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

2017-18-ലെ ബഡ്ജറ്റിൽ ഫാക്ടറികളുടെ നവീകരണത്തിനും ഭാഗിക യന്ത്രവൽക്കരണത്തിനുമായി കശുവണ്ടി വികസന കോർപ്പറേഷന് 40 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ബഡ്ജറ്റിൽ ഒരു കോടി രൂപ കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപെക്സിന്റെയും ബ്രാൻഡ് ബിൽഡിംഗിനായി അനുവദിക്കുകയും ചെയ്തു. ഇതിനുപുറമേ തോട്ടണ്ടി സംഭരണത്തിനായി കശുവണ്ടി വികസന കോർപ്പറേഷനും കാപെക്സിനുമായി 30 കോടി രൂപ ബഡ്ജറ്റ് പ്രസംഗത്തിൽ വകയിരുത്തിയിട്ടുണ്ട്. കശുവണ്ടി വികസന കോർപ്പറേഷൻ ബാങ്കുകളിൽ നിന്നെടുത്ത വായ്പ തീർപ്പാക്കുന്നതിലേയ്ക്കായി ഗവൺമെന്റിന്റെ 80 കോടി രൂപ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം നൽകിയിട്ടുണ്ട്. ഇതിനുപുറമേ കശുവണ്ടി വ്യവസായത്തിന്റെ വികസനത്തിനുവേണ്ടി 20 കോടി രൂപയും ബഡ്ജറ്റ് പ്രസംഗത്തിൽ വകയിരുത്തിയിട്ടുണ്ട്.

കശുവണ്ടി വികസന കോർപ്പറേഷന്റെ കൊട്ടിയം ഫാക്ടറിയോടനുബന്ധിച്ചുള്ള കശുമാവ് നഴ്സറിയിൽ അത്യുൽപ്പാദനശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റുകൾ ഉൽപ്പാദിപ്പിക്കുന്നുണ്ട്. കേരള സ്റ്റേറ്റ് ഏജൻസി ഫോർ കാഷ്യൂ കൾട്ടിവേഷന്റെ ആവശ്യപ്രകാരം പ്രസ്തുത കശുമാവിൻ തൈകൾ കർഷകർക്കും ഏജൻസികൾക്കും മറ്റ് ആവശ്യക്കാർക്കും 35 രൂപ നിരക്കിൽ വിതരണം ചെയ്തുവരുന്നു. കൂടാതെ കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറി കോമ്പൗണ്ടുകളിലും കശുമാവ് കൃഷി ചെയ്തുവരുന്നുണ്ട്. സംസ്ഥാന കാഷ്യു കൾട്ടിവേഷൻ ഏജൻസി മുഖാന്തിരം കശുമാവ് വ്യാപകമായ തോതിൽ കൃഷി ചെയ്തുവരികയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി കശുമാവ് തൈകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികളും എടുത്തുവരുന്നു. തോട്ടം അടിസ്ഥാനത്തിൽ കൃഷി ചെയ്യാൻ താൽപ്പര്യമുള്ള തോട്ടം ഉടമകൾക്ക് പ്രോത്സാഹനം നൽകുന്നതിനുള്ള ശ്രമങ്ങളും സർക്കാർ നടത്തിവരികയാണ്. ഇതിനകംതന്നെ പ്ലാന്റേഷൻ രംഗത്തെ സംഘടനകൾ ഇതിനായി മുന്നോട്ടുവന്നിട്ടുണ്ട്.

**കശുവണ്ടി മേഖലയിലെ പ്രശ്നങ്ങൾ**

151 (2171) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ;

(ബി) 2017-18 വാർഷിക ബഡ്ജറ്റിൽ സ്വകാര്യ കശുവണ്ടി മേഖലയ്ക്കായി നീക്കിവച്ച തുക എത്രയാണ്;

(സി) അടഞ്ഞുകിടക്കുന്ന സ്വകാര്യ കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികളുടെ മുടങ്ങി കിടക്കുന്ന പി.എഫ്. വിഹിതം ഒടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തതയും തോട്ടണ്ടിയുടെ ലഭ്യതക്കുറവുംമൂലം 18-9-2015 തീയതി മുതൽ കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികൾ അടഞ്ഞുകിടക്കുകയായിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടത്തിയ നിരന്തര ഇടപെടലുകളിലൂടെ കൂടുതൽ വ്യാപാരികൾ പങ്കെടുക്കുന്നതിനുവേണ്ടി നടപടികൾ സ്വീകരിച്ചുവഴി തോട്ടണ്ടി വാങ്ങി കോർപ്പറേഷൻ ഫാക്ടറികളും കാപെക്സ് ഫാക്ടറികളും 2016 ഓണത്തിനുമുമ്പ് തുറന്ന് അവയുടെ പ്രവർത്തനം പുനരാരംഭിച്ചു. ഇപ്രകാരം ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിച്ച് തൊഴിലാളികൾക്ക് അർഹമായ വേതനവും മറ്റ് ആനുകൂല്യങ്ങളും നൽകിവരുന്നു.

2016-17 വർഷത്തിലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന് 30 കോടി രൂപ ആധുനികവൽക്കരണത്തിനും ഭാഗിക യന്ത്രവൽക്കരണത്തിനും വകയിരുത്തിയിരുന്നു. 2016-17-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ കശുവണ്ടി വികസന കോർപ്പറേഷന് 75 കോടി രൂപ കൂടി അധികമായി വകയിരുത്തിയതിൽ 65 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത തുക റിലീസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2017-18-ലെ ബഡ്ജറ്റിൽ ഫാക്ടറികളുടെ നവീകരണത്തിനും, ഭാഗിക യന്ത്രവൽക്കരണത്തിനുമായി കശുവണ്ടി വികസന കോർപ്പറേഷന് 40 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ബഡ്ജറ്റിൽ ഒരു കോടി രൂപ കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപെക്സിന്റെയും ബ്രാൻഡ് ബിൽഡിംഗിനായി അനുവദിക്കുകയും

ചെയ്തു. ഇതിനുപുറമേ തോട്ടണ്ടി സംഭരണത്തിനായി കശുവണ്ടി വികസന കോർപ്പറേഷനും കാപെക്സിനുമായി 30 കോടി രൂപ ബഡ്ജറ്റ് പ്രസംഗത്തിൽ വകയിരുത്തിയിട്ടുണ്ട്. കശുവണ്ടി വികസന കോർപ്പറേഷൻ ബാങ്കുകളിൽ നിന്നെടുത്ത വായ്പ തീർപ്പാക്കുന്നതിലേയ്ക്കായി ഗവൺമെന്റ് 80 കോടി രൂപ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം നൽകിയിട്ടുണ്ട്. ഇതിനുപുറമേ കശുവണ്ടി വ്യവസായത്തിന്റെ വികസനത്തിനുവേണ്ടി 20 കോടി രൂപയും ബഡ്ജറ്റ് പ്രസംഗത്തിൽ വകയിരുത്തിയിട്ടുണ്ട്.

കശുവണ്ടി വികസന കോർപ്പറേഷന്റെ കൊട്ടിയം ഫാക്ടറിയോടനുബന്ധിച്ചുള്ള കശുമാവ് നഴ്സറിയിൽ അത്യുൽപ്പാദനശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റുകൾ ഉൽപ്പാദിപ്പിക്കുന്നുണ്ട്. കേരള സ്റ്റേറ്റ് ഏജൻസി ഫോർ കാഷ്യൂ കൾട്ടിവേഷന്റെ ആവശ്യപ്രകാരം പ്രസ്തുത കശുമാവിൻ തൈകൾ കർഷകർക്കും ഏജൻസികൾക്കും മറ്റ് ആവശ്യക്കാർക്കും 35 രൂപ നിരക്കിൽ വിതരണം ചെയ്തുവരുന്നു. കൂടാതെ കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറി കോമ്പൗണ്ടുകളിലും കശുമാവ് കൃഷിചെയ്തുവരുന്നുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അടഞ്ഞുകിടന്നിരുന്ന സർക്കാർ ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചതിന്റെ ഫലമായി അടഞ്ഞുകിടന്നിരുന്ന നിരവധി സ്വകാര്യ ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറന്ന് തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പാക്കുന്നതിനായി ഉദ്യോഗസ്ഥ തലത്തിലും ബഹുമാനപ്പെട്ട മന്ത്രിതലത്തിലും നിരവധി മീറ്റിംഗുകൾ വിളിക്കുകയും ആയതിന്റെ ഫലമായി 400-ലധികം ഫാക്ടറികൾ തുറക്കാൻ സാധിച്ചിട്ടുണ്ട്. കൂടാതെ ഫാക്ടറി തുറക്കാൻ അനുകൂല നിലപാട് സ്വീകരിക്കാത്ത മൂന്ന് സ്വകാര്യ കശുവണ്ടി ഫാക്ടറി മാനേജ്മെന്റുകൾക്ക് കേരള കാഷ്യൂ ഫാക്ടറി അക്വിസിഷൻ ആക്ട്, 1974 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്. കശുവണ്ടി വ്യവസായ മേഖലയിൽ നിൽക്കുന്ന പ്രശ്നങ്ങൾ സമഗ്രമായി അഭിസംബോധന ചെയ്യുന്നതിന്റെ ഭാഗമായി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ എന്ന നിലയ്ക്ക് കാഷ്യൂ ബോർഡ്, കേരള രൂപീകരിക്കാൻ സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്.

(ബി) 2017-18 വാർഷിക ബഡ്ജറ്റിൽ കശുവണ്ടി വ്യവസായം അഭിവൃദ്ധിപ്പെടുത്തുന്നതിനായി 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) 2010 വരെ കുടിശ്ശികയായിരുന്ന പി.എഫ്. വിഹിതം കൊടുത്തു തീർത്തിട്ടുണ്ട്. 2011 മുതൽ നൽകാനുള്ള പി.എഫ്. കുടിശ്ശിക നൽകുന്ന കാര്യം പരിഗണനയിലാണ്.

## കായംകുളം മണ്ഡലത്തിൽ കാപ്പക്സിന്റെ കശുവണ്ടി ഫാക്ടറികൾ

152 (2172) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ കാപ്പെക്സിന്റെ അധീനതയിൽ എത്ര കശുവണ്ടി ഫാക്ടറികൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഫാക്ടറികളിൽ ഓരോ വിഭാഗത്തിലും ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം എത്രയെന്നും 2011-2016 കാലഘട്ടത്തിൽ ഓരോ വർഷവും എത്ര വീതം തൊഴിൽ ദിനങ്ങൾ ഓരോ ഫാക്ടറികളിലും ലഭിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

ഉത്തരം

(എ) കാപ്പക്സിന്റെ അധീനതയിൽ കായംകുളം മണ്ഡലത്തിൽ രണ്ട് കശുവണ്ടി ഫാക്ടറികളുണ്ട്. അവ ചുവടെ ചേർക്കുന്നു:

1. പത്തിയൂർ CWIS
2. എരുവ CWIS

(ബി)

| വിഭാഗം | എരുവ | പത്തിയൂർ |
|---|---|---|
| സെല്ലിംഗ് സെക്ഷൻ | 135 | 115 |
| പീലിംഗ് സെക്ഷൻ | 160 | 130 |
| ഗ്രേഡിംഗ് സെക്ഷൻ | 75 | 25 |

തൊഴിൽ ദിനങ്ങൾ

| വർഷം | എരുവ | പത്തിയൂർ |
|---|---|---|
| 2011-12 | 208 | 210 |
| 2012-13 | 239 | 255 |
| 2013-14 | 193 | 200 |
| 2014-15 | 232 | 221 |
| 2015-16 | 207 | 195 |

**കശുവണ്ടി ഫാക്ടറികൾക്കായി നാടൻ തോട്ടണ്ടി**

153 (2173) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. അട്ടൂർ പ്രകാശ് :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി ഫാക്ടറികളുടെ പ്രവർത്തനത്തിനായി നാടൻ തോട്ടണ്ടി വാങ്ങാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതിയനുസരിച്ച് എവിടെ നിന്നാണ് നാടൻ തോട്ടണ്ടി വാങ്ങുന്നത്; തോട്ടണ്ടിയുടെ വില നിശ്ചയിക്കുന്നതെങ്ങനെയാണ്; വിശദമാക്കുമോ?

ഉത്തരം

(എ) കൃഷി വകുപ്പിന്റേയും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റേയും കീഴിലുള്ള ഫാമുകൾ, പ്ലാന്റേഷൻ കോർപ്പറേഷന്റെ എസ്റ്റേറ്റുകൾ, റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ കോർപ്പറേഷൻ ലിമിറ്റഡ് (RPL), സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ (SFCK), കൊല്ലം ജില്ലാ പഞ്ചായത്തിന്റെ വിവിധ ഫാമുകൾ ആറളം ഫാം എന്നിവിടങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന നാടൻ തോട്ടണ്ടി സംഭരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ കശുവണ്ടി വികസന കോർപ്പറേഷനും കാപ്പക്സും സംയുക്തമായി ഏറ്റെടുത്തിട്ടുണ്ട്. ഇതുപ്രകാരം ആഭ്യന്തരമായി ഉൽപ്പാദിപ്പിക്കുന്ന കശുവണ്ടി പരമാവധി സംഭരിച്ച് തൊഴിലാളികൾക്ക് ജോലി നൽകുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നുണ്ട്. കൂടാതെ ഇ-ടെണ്ടർ വഴി നാടൻ തോട്ടണ്ടി പർച്ചേസ് ചെയ്യുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

(ബി) തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ നൽകുകയെന്ന ലക്ഷ്യം കൈവരിക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) കൃഷി വകുപ്പിന്റേയും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റേയും കീഴിലുള്ള ഫാമുകൾ, പ്ലാന്റേഷൻ കോർപ്പറേഷന്റെ കാസർഗോഡ് ജില്ലയിലെ കാസർഗോഡ്, രാജപുരം, ചീമേനി, കണ്ണൂർ ജില്ലയിലെ നാട്ടുകാണി എന്നീ എസ്റ്റേറ്റുകൾ, റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ കോർപ്പറേഷൻ ലിമിറ്റഡ് (RPL), സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ (SFCK), കൊല്ലം ജില്ലാ പഞ്ചായത്തിന്റെ വിവിധ ഫാമുകൾ, ആറളം ഫാം എന്നിവിടങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന നാടൻ തോട്ടണ്ടി സംഭരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ കശുവണ്ടി വികസന കോർപ്പറേഷനും കാപ്പക്സും സംയുക്തമായി എടുത്തുവരുന്നു. കൂടാതെ ഇ-ടെണ്ടർ പ്രകാരം ലഭ്യമാകുന്ന

തോട്ടണ്ടിയുടെയും ചെറുകിട കർഷകരിൽനിന്നും സംഭരിക്കുന്ന തോട്ടണ്ടിയുടെയും വില നിശ്ചയിക്കുന്നതിന് 30-1-2017-ൽ സ.ഉ. (കൈയ്യെഴുത്ത്) നമ്പർ 7/2017/ വ്യവ. പ്രകാരം അഡീഷണൽ ചീഫ് സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് ചെയർമാനായും പ്രിൻസിപ്പൽ സെക്രട്ടറി, കൃഷി വകുപ്പ്, പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്, ധനകാര്യ വകുപ്പ് പ്രതിനിധി, ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ അതാത് ജില്ലയിലെ ഡെപ്യൂട്ടി ഡയറക്ടർ, ബന്ധപ്പെട്ട ജില്ലാ കളക്ടർ, കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപെക്സിന്റെയും മാനേജിംഗ് ഡയറക്ടർമാർ എന്നിവർ അംഗങ്ങളായുള്ള ഒരു വില നിർണ്ണയ സമിതി രൂപീകരിച്ചിട്ടുള്ളതാണ്.

ഇ-ടെണ്ടർ പ്രകാരം വാങ്ങുന്ന നാടൻ തോട്ടണ്ടിയുടെ വില നിശ്ചയിക്കുന്നത് ടെണ്ടർ L1 വരുന്ന പാർട്ടി ഓഫർ ചെയ്യുന്ന നിരക്കിന്റെ അടിസ്ഥാനത്തിൽ ടി പാർട്ടിയുമായി നടത്തുന്ന നെഗോഷിയേഷന്റെകൂടി അടിസ്ഥാനത്തിലാണ്.

## ഇ.എസ്.ഐ. ചികിത്സാ കേന്ദ്രങ്ങൾ

154 (2174) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ ഇ.എസ്.ഐ. (ESI) ചികിത്സാ കേന്ദ്രങ്ങൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) എല്ലാ ജില്ലകളിലും ഇ.എസ്.ഐ. ചികിത്സാ കേന്ദ്രങ്ങൾ ഉണ്ടോ; ഇല്ലാത്ത ജില്ലകൾ ഏതെല്ലാമെന്ന് അറിയിക്കുമോ;

(സി) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടിയിൽ പുതിയ ഇ.എസ്.ഐ. ഡിസ്പെൻസറി തുടങ്ങുന്നതിനുള്ള നിർദ്ദേശം പരിഗണനയിൽ ഉണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

### ഉത്തരം

(എ) ചുവടെ ചേർത്തിരിക്കുന്ന സ്ഥലങ്ങളിൽ പുതിയ ഇ.എസ്.ഐ. ഡിസ്പെൻസറികൾ ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. വെഞ്ഞാറമൂട്, കുളത്തുപ്പുഴ, റാന്നി, കണ്ണൻദേവൻ ഹിൽസ്, പീരുമേട്, മന്നംകണ്ടം, കട്ടപ്പന, കുമളി, കൂത്താട്ടുകുളം, ആലത്തൂർ, മണ്ണാർക്കാട്, കുറ്റനാട്, മുക്കം, ബാലുശ്ശേരി, താമരശ്ശേരി, കൊണ്ടോട്ടി, സുൽത്താൻ ബത്തേരി, മാനന്തവാടി.

(ബി) എല്ലാ ജില്ലകളിലും ഇ.എസ്.ഐ. ഡിസ്പെൻസറികളുണ്ട്.

(സി&ഡി) ഉണ്ട്. ഈ പ്രൊപ്പോസൽ ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

## സ്വകാര്യ മേഖലയിലെ മിനിമം വേതനം

155 (2175) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യമേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പ് വരുത്തുന്നതിനും അത് യഥാസമയം ലഭ്യമാക്കുന്നതിനും സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് അറിയിക്കുമോ;

(ബി) കൂടുതൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) തൊഴിൽ മേഖലയുമായി ബന്ധപ്പെട്ടവരുടെ പ്രശ്നങ്ങൾ പരിശോധിച്ച് പരിഹാരം കണ്ടെത്താനും മാന്യമായ വേതനവും വേതന വ്യവസ്ഥകളും തൊഴിലുറപ്പും സംരക്ഷിച്ച് തൊഴിലാളികളെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനുമായി തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ സ്വകാര്യ സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും വിവിധ തൊഴിൽ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യാറുണ്ട്. അസംഘടിത മേഖലയിൽ പണിയെടുക്കുന്ന വിവിധ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പുവരുത്തുന്നതിനും സംസ്ഥാനത്തെ വിവിധ സ്വകാര്യ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് വേതനം ബാങ്ക് വഴി നൽകുന്നതിനുമായി വേതന സുരക്ഷാ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതുവഴി തൊഴിലാളികൾക്ക് ബാങ്ക് മുഖേന വേതനം ലഭ്യമാക്കുന്നതോടൊപ്പം നിയമം അനുശാസിക്കുന്ന കുറഞ്ഞ വേതനം തൊഴിലാളികൾക്ക് യഥാസമയം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും കൂടാതെ തൊഴിലാളികൾക്ക് വേജ് സ്ലിപ്പ് നേരിട്ട് ഓൺലൈൻ മുഖേന ലഭ്യമാകുന്നതിനും കഴിയുന്നതാണ്. നിശ്ചയിക്കപ്പെട്ട വേതനം കൃത്യസമയത്ത് ലഭ്യമാകുന്നുണ്ടോയെന്ന് തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് 1948-ലെ മിനിമം വേതന നിയമപ്രകാരവും 1936-ലെ വേതനം കൊടുക്കൽ നിയമപ്രകാരവും ഓൺലൈനായിത്തന്നെ പരിശോധിക്കുന്നതിനും ഇതിൽ വീഴ്ചവരുത്തുന്ന സ്ഥാപന ഉടമകൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കാനും കഴിയും.

(ബി&സി) നിലവിൽ പുതിയതായി 'മിഡ് ഡേ മീൽ പ്രോഗ്രാം ഇൻ സ്കൂൾസ്', ഫുട്‌വെയർ മാനുഫാക്ച്ചറിംഗ്, ഫോട്ടോഗ്രാഫി ആന്റ് വീഡിയോഗ്രാഫി, പേപ്പർ ഇൻഡസ്ട്രി, പ്രൈവറ്റ് ഫൈനാൻസ് ഇൻസ്റ്റിറ്റ്യൂഷൻസ്, കേബിൾ ടി.വി. എന്നീ തൊഴിൽ മേഖലകളെ മിനിമം വേതന നിയമത്തിന്റെ പട്ടികയിലുൾപ്പെടുത്തുകയും മിനിമം വേതനം നിശ്ചയിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ആയതിൽ 'മിഡ് ഡേ മീൽ പ്രോഗ്രാം ഇൻ സ്കൂൾസ്' മേഖലയിൽ മിനിമം വേതനം നിശ്ചയിച്ചുകൊണ്ട് സർക്കാർ 2016 ആഗസ്റ്റ് 8-ലെ സ.ഉ. (അച്ചടി) നമ്പർ 136/2016/തൊഴിൽ പ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഫുട്‌വെയർ മാനുഫാക്ച്ചറിംഗ്, ഫോട്ടോഗ്രാഫി ആന്റ് വീഡിയോഗ്രാഫി, പേപ്പർ ഇൻഡസ്ട്രി, പ്രൈവറ്റ് ഫൈനാൻസ് ഇൻസ്റ്റിറ്റ്യൂഷൻസ് എന്നീ മേഖലകളിൽ മിനിമം വേതനം നിശ്ചയിക്കുന്നതിലേയ്ക്കായി സർക്കാർ പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കേബിൾ ടി.വി. മേഖലയിലെ മിനിമം വേതനം നിശ്ചയിക്കാൻ സർക്കാർ മിനിമം വേതന ഉപദേശക സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതുകൂടാതെ ചെറുകിട തോട്ടങ്ങളെ പുതിയതായി മിനിമം വേതന നിയമത്തിന്റെ പട്ടികയിൽപ്പെടുത്താൻ പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടുതൽ മേഖലകളെ മിനിമം വേതനത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

**ഇ.എസ്.ഐ. ചികിത്സാ പരിധി**

156 (2176) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.എസ്.ഐ. ചികിത്സാ പരിധിയിൽ ഇപ്പോൾ ഉൾപ്പെടുത്തിയിരിക്കുന്നത് ഏതൊക്കെ മേഖലയിലുള്ള തൊഴിലാളികളെയാണെന്ന് അറിയിക്കുമോ;

(ബി) യാതൊരു മെഡിക്കൽ ആനുകൂല്യങ്ങളും ലഭിക്കാത്ത അസംഘടിത തൊഴിലാളികളേയും ഓട്ടോറിക്ഷ, അങ്കണവാടി മേഖലകളിൽ പ്രവർത്തിക്കുന്നവർക്കും കൂടി ഇ.എസ്.ഐ. മെഡിക്കൽ ആനുകൂല്യം ലഭ്യമാക്കി ഇ.എസ്.ഐ.യുടെ സേവനം വിപുലീകരിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് പത്തോ അതിലധികമോ തൊഴിലാളികൾ ജോലി ചെയ്യുന്ന താഴെപ്പറയുന്ന വിഭാഗങ്ങളിൽപ്പെടുന്ന തൊഴിൽ സ്ഥാപനങ്ങളിലെ എല്ലാ തൊഴിലാളികൾക്കും ഇ.എസ്.ഐ. പരിരക്ഷ ലഭിക്കുന്നതാണ്. പരിരക്ഷ ലഭിക്കുന്നതിനുള്ള തൊഴിലാളികളുടെ പ്രതിമാസ വേതന പരിധി 1-1-2017 മുതൽ 21,000 രൂപയാണ്.

1. വ്യവസായശാലകൾ, വ്യാപാര സ്ഥാപനങ്ങൾ

2. ഹോട്ടൽ/റസ്റ്റോറന്റ്

3. സിനിമ തിയേറ്ററുകൾ

4. റോഡ് ഗതാഗത സ്ഥാപനങ്ങൾ

5. പത്ര മാധ്യമ സ്ഥാപനങ്ങൾ

6. സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

7. സ്വകാര്യ ആശുപത്രികൾ, ലബോറട്ടറികൾ

8. കൺസ്ട്രക്ഷൻ മേഖലയിലെ നിർമ്മാണത്തൊഴിലാളികൾ.

കൂടാതെ കേന്ദ്ര സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പത്തോ അതിലധികമോ തൊഴിലാളികളുള്ള സ്ഥാപനങ്ങളിലെ എല്ലാ കോൺട്രാക്ട്/ കാഷ്വൽ തൊഴിലാളികൾക്കും ഇ.എസ്.ഐ. പരിരക്ഷ ലഭ്യമാണ്.

(ബി) അസംഘടിത തൊഴിലാളികളെയും ഓട്ടോറിക്ഷ, അങ്കണവാടി മേഖലകളിൽ പ്രവർത്തിക്കുന്നവർക്കുംകൂടി ഇ.എസ്.ഐ.-യുടെ സേവനം ലഭിക്കുന്നതിനുള്ള നടപടികൾ ഇ.എസ്.ഐ. കോർപ്പറേഷന്റെ ഭാഗത്തുനിന്നും സ്വീകരിച്ചുവരുന്നു.

## ഇ.എസ്.ഐ. ഗുണഭോക്താക്കൾക്ക് സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സാ സൗകര്യങ്ങൾ

157 (2177) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.എസ്.ഐ. ഗുണഭോക്താക്കൾക്ക് നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സാ സൗകര്യങ്ങൾ നിഷേധിച്ചുകൊണ്ടുള്ള കേന്ദ്ര സർക്കാർ ഉത്തരവിന്റെ വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത ഉത്തരവിൽ ഇ.എസ്.ഐ. ഗുണഭോക്താക്കൾക്ക് ദോഷകരമായ വ്യവസ്ഥകൾ ഒഴിവാക്കി നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ചികിത്സാ സൗകര്യങ്ങൾ തുടർന്നും ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുമോ; ആയതിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഇ.എസ്.ഐ. ഗുണഭോക്താക്കൾക്ക് നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സാ സൗകര്യങ്ങൾ ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ 7-11-2016-ലെ V-14/11/5/2012-Med.I (policy) നമ്പർ കത്ത് പ്രകാരം പുതുക്കി നിശ്ചയിക്കുകയുണ്ടായി. ആയത് പ്രകാരം സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്ക് അർഹത നേടാൻ പ്രധാനമായും താഴെപ്പറയുന്ന യോഗ്യതകൾ ഉണ്ടായിരിക്കേണ്ടതാണ് :

1. സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്കുള്ള അസുഖം കണ്ടെത്തുന്ന തീയതിക്ക് തൊട്ടുമുമ്പുള്ള രണ്ട് വർഷം ഐ.പി. തുടർച്ചയായി ജോലി ചെയ്തിരിക്കേണ്ടതാണ്.

2. രോഗം ആരംഭിക്കുന്നതിനുമുമ്പായി നാല് അംശദായ കാലയളവുകളിലായി 156 ദിവസത്തെ അംശദായം അടയ്ക്കുകയും മേൽപ്പറഞ്ഞ നാല് അംശദായ കാലയളവിൽ ഏതെങ്കിലും രണ്ടെണ്ണത്തിൽ രോഗാനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുകയും വേണം.

(ബി) ഇ.എസ്.ഐ. ഗുണഭോക്താക്കൾക്ക് ദോഷകരമായ വ്യവസ്ഥകൾ റദ്ദാക്കണമെന്ന് കേന്ദ്ര തൊഴിൽ വകുപ്പുമന്ത്രിയോട് ആവശ്യപ്പെട്ട് ബഹുമാനപ്പെട്ട തൊഴിലും എക്സൈസും വകുപ്പുമന്ത്രി 28-4-2017-ന് കത്ത് അയച്ചിട്ടുണ്ട്. തീരുമാനം പുനഃപരിശോധിക്കുന്ന വിഷയം ഇ.എസ്.ഐ. കോർപ്പറേഷൻ ഡയറക്ടർ ജനറലിന്റെ ശ്രദ്ധയിൽപ്പെടുത്താനും നടപടി സ്വീകരിച്ചിട്ടുണ്ട്.

**ഇതര സംസ്ഥാന തൊഴിലാളികളുടെ ക്ഷേമപദ്ധതികൾ**

158 (2178) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇതര സംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനായി എന്തെങ്കിലും പദ്ധതികൾ ഏർപ്പെടുത്തിയിട്ടുണ്ടോ; അവ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ട് 'ആവാസ്' എന്ന പേരിൽ ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. ടി പദ്ധതിയിൽ അംഗമാകുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഓരോരുത്തർക്കും 15,000 രൂപയുടെ സൗജന്യ ചികിത്സ സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രിയിൽ നിന്നും എംപാനൽ ചെയ്ത സ്വകാര്യ ആശുപത്രിയിൽനിന്നും ലഭ്യമാക്കുന്നതാണ്.

ആരോഗ്യ ഇൻഷ്വറൻസിനൊപ്പം 2 ലക്ഷം രൂപയുടെ അപകട ഇൻഷ്വറൻസ് പരിരക്ഷകൂടി ഉറപ്പുവരുത്തിയിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ലേബർ ക്യാമ്പുകളിലെ ജീവിത/ശുചിത്വ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ആവശ്യമായ പരിശോധനകൾ നടത്തി നിയമ നടപടികൾ സ്വീകരിക്കാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ വിവിധ വകുപ്പുകളെ സംയോജിപ്പിച്ചുകൊണ്ട് ഇതര സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്ന തൊഴിലിടങ്ങളിലേയും വാസസ്ഥലങ്ങളിലേയും അവരുടെ ശുചിത്വവും ആരോഗ്യവും ഉറപ്പുവരുത്തുന്നതിനായി ജില്ലാ ലേബർ ആഫീസർ (എൻഫോഴ്സ്മെന്റ്) കൺവീനറും ജില്ലാ മെഡിക്കൽ ആഫീസർ, ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടർ, ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശസ്വയംഭരണം) എന്നിവരെ അംഗങ്ങളായുമുള്ള ടാസ്ക് ഫോഴ്സ് രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ഭവനം ഫൗണ്ടേഷൻ കേരള നടപ്പിലാക്കിവരുന്ന ഭവന പദ്ധതിയാണ് അപ്നാ ഘർ പദ്ധതി. ഇതര സംസ്ഥാന തൊഴിലാളികൾക്കുവേണ്ടി നിർമ്മിക്കുന്ന ഹോസ്റ്റൽ രീതിയിലുള്ള പാർപ്പിട സമുച്ചയത്തിന്റെ ആദ്യ സ്കീം പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് പൂർത്തിയാക്കിയിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

കൂടാതെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗത്വമെടുക്കുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് 25,000 രൂപ വരെയുള്ള ചികിത്സാ സഹായം, 25,000 രൂപ വരെയുള്ള ആശ്വാസ ധനസഹായം, 25,000 രൂപ വരെയുള്ള ടെർമിനൽ ബെനിഫിറ്റ്, 10,000 രൂപ സ്വാഭാവിക മരണാനന്തര ആനുകൂല്യം, അപകട മരണം സംഭവിക്കുന്നവർക്ക് 50,000 രൂപ മരണാനന്തര ആനുകൂല്യം, ഭൗതികശരീരം സ്വന്തം നാട്ടിലെത്തിക്കാൻ 15,000 രൂപ വരെയുള്ള സഹായം എന്നീ ആനുകൂല്യങ്ങളും ലഭ്യമാണ്.

**ശരണ്യ സ്വയംതൊഴിൽ പദ്ധതി**

159 (2179) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിയിരിക്കുന്ന 'ശരണ്യ' സ്വയം തൊഴിൽ പദ്ധതിയിൽ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ നൽകുന്ന തുക സ്വയം തൊഴിൽ കണ്ടെത്തുന്നതിന് അപര്യാപ്തമാണെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) എങ്കിൽ പ്രസ്തുത തുക വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളതും വാർഷിക കുടുംബവരുമാനം രണ്ട് ലക്ഷം രൂപയിൽ കവിയാത്തവരും പ്രായം 18-നും 55-നും മദ്ധ്യേയുള്ള (അവിവാഹിതകൾ ഒഴികെ) വിധവകൾ, നിയമാനുസൃതം വിവാഹബന്ധം വേർപെടുത്തിയവർ, 30 വയസ്സ് കഴിഞ്ഞ അവിവാഹിതകൾ, പട്ടികവർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ, ഭർത്താവ് ഉപേക്ഷിക്കുകയോ/ഭർത്താവിനെ കാണാതാകുകയോ ചെയ്തവർ, ഭിന്നശേഷിക്കാരായ വനിതകൾ, ശയ്യാവലംബരും നിത്യരോഗികളുമായ (അക്യൂട്ട് കിഡ്നി പ്രോബ്ലം, ക്യാൻസർ, മാനസികരോഗം, ഹീമോഫീലിയ തുടങ്ങിയവ) ഭർത്താക്കന്മാരുള്ള വനിതകൾ എന്നീ വിഭാഗത്തിലുള്ള വനിതകൾക്ക് ഈ പദ്ധതി പ്രകാരമുള്ള സ്വയം തൊഴിൽ വായ്പയ്ക്ക് അപേക്ഷിക്കാവുന്നതാണ്.

മേൽപ്പറഞ്ഞ വിഭാഗത്തിലുള്ള അർഹരായ വനിതകൾ സമർപ്പിക്കുന്ന അപേക്ഷകൾ ജില്ലാ കളക്ടർ ചെയർമാനും ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ കൺവീനറും ജനറൽ മാനേജർ ജില്ലാ വ്യവസായ കേന്ദ്രം, കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, ജില്ലാ സാമൂഹിക ക്ഷേമ ഓഫീസർ എന്നിവർ മെമ്പർമാരുമായ ജില്ലതല സമിതി അപേക്ഷകൾ പരിശോധിച്ച് അപേക്ഷകർ അനുയോജ്യരാണോയെന്നും അവർ സമർപ്പിച്ചിട്ടുള്ള പ്രോജക്ട് നടപ്പിലാക്കുവാൻ സാദ്ധ്യമാണോയെന്നും അംഗങ്ങളുടെ സംരംഭകത്വശേഷി, പ്രോജക്ടിന്റെ വിജയ സാധ്യത, അംഗങ്ങളുടെ വായ്പാ തിരിച്ചടയ്ക്കാനുള്ള കഴിവ്, സഹായം ആവശ്യമാണോ എന്നീ മാനദണ്ഡങ്ങൾ പരിശോധിച്ച് അപേക്ഷകരെ വായ്പ അനുവദിക്കുന്നതിനായി തെരഞ്ഞെടുക്കുന്നു.

(ബി&സി) അശരണരായ വനിതകൾക്ക് ചെറുകിട സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ഈ പദ്ധതി പ്രകാരം ഒരു വ്യക്തിക്ക് പരമാവധി 50,000 രൂപ വരെ പലിശരഹിത വായ്പ അനുവദിക്കുന്നു. വായ്പാ തുകയുടെ 50 ശതമാനം, പരമാവധി 25,000 രൂപ വരെ സബ്സിഡി അനുവദിക്കുന്നു. അപേക്ഷകർ സമർപ്പിക്കുന്ന പ്രോജക്ട് പരിശോധിച്ച് തുക അപര്യാപ്തമാണെങ്കിൽ ഒഴിച്ചുകൂടാനാകാത്ത സാഹചര്യത്തിൽ 1,00,000 രൂപ വരെ വായ്പ അനുവദിക്കുന്നുണ്ട്. എന്നാൽ 50,000 രൂപയ്ക്ക് മുകളിലുള്ള തുകയ്ക്ക് 3 ശതമാനം ഫ്ലാറ്റ് നിരക്കിൽ പലിശ ഈടാക്കുന്നു. 28-1-2016 തീയതിയിലെ സ.ഉ.(പി) നമ്പർ 18/2016/തൊഴിൽ ഉത്തരവ് പ്രകാരം ശരണ്യ ഗുണഭോക്താക്കൾക്ക് തുടർ വായ്പ അനുവദിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. നല്ല രീതിയിൽ സംരംഭം നടത്തിക്കൊണ്ടുപോകുകയും ആദ്യ വായ്പയുടെ 50 ശതമാനമെങ്കിലും തിരിച്ചടച്ചവർക്ക് സംരംഭം വിപുലീകരിക്കുന്നതിന് ആദ്യ വായ്പാ തുകയുടെ 80 ശതമാനത്തിൽ കവിയാത്ത തുക തുടർവായ്പയായി (ഒരിക്കൽമാത്രം) കുറഞ്ഞ പലിശ നിരക്കിൽ അനുവദിക്കുന്നതാണ്.

**പുതിയ തൊഴിലവസരങ്ങൾ**

160 (2180) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. ടി. വി. ഇബ്രാഹിം :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലില്ലാത്ത ചെറുപ്പക്കാർക്കുവേണ്ടി എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് വിശദമാക്കുമോ;

(ബി) തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ലക്ഷ്യമിടുന്ന മേഖലകൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) ഇതിന് വേണ്ടി വരുന്ന മുടക്കുമുതൽ എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) തൊഴിൽ വിപണിക്കനുസരിച്ച് തൊഴിൽ സാധ്യതയേറിയ മേഖലകൾക്ക് മുൻതൂക്കം നൽകിയാണ് തൊഴിൽ വകുപ്പിന് കീഴിലുള്ള കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) പരിശീലന പദ്ധതികൾ വിഭാവനം ചെയ്യുന്നത്. തൊഴിൽ ലഭ്യത 60 ശതമാനം ഉറപ്പാക്കുമെന്ന മാനദണ്ഡമനുസരിച്ചാണ് KASE പരിശീലന പദ്ധതികൾ നടപ്പിലാക്കുന്നതിനായി വ്യാവസായിക പങ്കാളികളെ തെരഞ്ഞെടുക്കുന്നത്. നഴ്സിംഗ്, സെക്യൂരിറ്റി സർവ്വീസസ്, ഓയിൽ ആന്റ് ഗ്യാസ്, ടീച്ചിംഗ്, എന്റർപ്രെണർഷിപ്പ്, വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ്, ആരോഗ്യ- സൗന്ദര്യ സംരക്ഷണം, ബാങ്കിംഗ് ആന്റ് ഫിനാൻസ്, മറൈൻ, ഇൻഡസ്ട്രിയൽ ഓട്ടോമേഷൻ, പെട്രോളിയം, ആയുർവ്വേദം, മൾട്ടി മീഡിയ ആന്റ് ആനിമേഷൻ, ആർക്കിടെക്ചർ ആന്റ് ഇന്റീരിയർ ഡിസൈൻ, ഫിസിയോ തെറാപ്പി, ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി, എഞ്ചിനീയറിംഗ് തുടങ്ങി വിവിധ മേഖലകളിൽ ഇതിനോടകം പരിശീലന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. തുടർന്നും വൈവിധ്യമാർന്ന തൊഴിൽ സാധ്യതയുള്ള മേഖലകളിൽനിന്നും നിർദ്ദേശങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് മുൻഗണന നൽകി പരിശീലന പദ്ധതികൾ നടപ്പാക്കി കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ ലഭ്യമാക്കാനാണ് KASE ലക്ഷ്യമിടുന്നത്.

(സി) കണക്കാക്കിയിട്ടില്ല.

**സാമൂഹിക സുരക്ഷാ പദ്ധതി**

161 (2181) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസംഘടിത മേഖലയിലെ തൊഴിലാളികൾക്കായി സാമൂഹിക സുരക്ഷാ പദ്ധതി നടപ്പിലാക്കുമെന്ന് കേന്ദ്ര തൊഴിൽ മന്ത്രി പ്രഖ്യാപിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 2008-ലെ അസംഘടിത തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷിതത്വ ആക്ടിന്റെ (2008-ലെ 33-ാം കേന്ദ്ര ആക്ട്) അടിസ്ഥാനത്തിൽ കേരള സർക്കാർ അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനും സാമൂഹ്യ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുമായി 2015-ലെ കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. 11-2-2016 മുതൽ പ്രാബല്യത്തിലാണ് ഈ പദ്ധതി നിലവിൽ വന്നിട്ടുള്ളത്. പ്രസ്തുത പദ്ധതിയിൽ എല്ലാ അസംഘടിത തൊഴിലാളികൾക്കും സ്വയം തൊഴിൽ ചെയ്യുന്ന തൊഴിലാളികൾക്കും അംഗമാകാൻ അർഹതയുണ്ടായിരിക്കുന്നതാണ്. മുമ്പ് നിലവിലുണ്ടായിരുന്ന കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമ പദ്ധതി, കേരള ഗാർഹിക തൊഴിലാളി ക്ഷേമനിധി പദ്ധതി, കേരള പാചക തൊഴിലാളി ക്ഷേമനിധി പദ്ധതി, കേരള അലക്കു തൊഴിലാളി ക്ഷേമപദ്ധതി, കേരള ക്ഷേത്ര ജീവനക്കാരുടെ ക്ഷേമനിധി പദ്ധതി, കേരള ബാർബർ-ബ്യൂട്ടീഷ്യൻസ് തൊഴിലാളി ക്ഷേമനിധി പദ്ധതി എന്നിവയിലെ അംഗങ്ങളേയും കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതി നിലവിൽ വന്ന തീയതി മുതൽ ഈ പദ്ധതിയിലെ അംഗങ്ങളായി കരുതുന്നതാണ്.

**കേന്ദ്ര സർക്കാർ പാസ്സാക്കിയ പുതിയ പി.എഫ്. ഭേദഗതി ബിൽ**

162 (2182) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> :
<u>ശ്രീ. സി. കെ. നാണു</u> :
<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പാസാക്കിയ പി.എഫ്. ഭേദഗതി ബില്ലിലെ തൊഴിലാളി അനുകൂലവും പ്രതികൂലവുമായ ഘടകങ്ങൾ എന്തൊക്കെയാണെന്ന് തൊഴിൽ വകുപ്പ് പഠിച്ചിട്ടുണ്ടോ; അതെപ്പറ്റി കൂടുതൽ വിവരങ്ങൾ സമർപ്പിക്കാമോ;

(ബി) പുതിയ പി.എഫ് ബിൽ കേരളത്തിലെ വിവിധ തൊഴിലാളി യൂണിയനുകളുമായി ചർച്ച ചെയ്യുകയോ അവരുടെ അഭിപ്രായങ്ങൾ ക്രോഡീകരിച്ച് കേന്ദ്ര സർക്കാരിലേക്ക് സമർപ്പിക്കുകയോ ചെയ്യുകയുണ്ടായോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) തൊഴിലാളികളുടേയോ തൊഴിൽ ഉടമകളുടേയോ പി.എഫ്. വിഹിതത്തിൽ വർദ്ധനവോ കുറവോ പുതിയ പി.എഫ്. നിയമപ്രകാരം വരുത്തിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) പുതിയ തൊഴിൽ നിയമത്തിലെ മറ്റ് കാതലായ വിവരങ്ങൾ ക്രോഡീകരിച്ച് സമർപ്പിക്കാമോ?

<u>ഉത്തരം</u>

(എ) കേന്ദ്ര സർക്കാർ പാസ്സാക്കിയ പി.എഫ്. ഭേദഗതി ബിൽ തൊഴിൽ വകുപ്പ് പഠനവിധേയമാക്കിയിട്ടില്ല.

(ബി) ഇല്ല.

(സി) തൊഴിലാളികളുടേയോ തൊഴിൽ ഉടമകളുടേയോ പി.എഫ്. വിഹിതത്തിൽ മാറ്റമൊന്നും വരുത്തിയിട്ടില്ല.

(ഡി) 2014-ൽ കേന്ദ്ര സർക്കാർ പാസ്സാക്കിയ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ഭേദഗതി ബില്ലിലെ കാതലായ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമം**

163 (2183) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി എന്തെല്ലാം നടപടികൾ സർക്കാർ നടപ്പിലാക്കിവരുന്നു എന്ന് അറിയിക്കുമോ;

(ബി) ഈ പദ്ധതികളുടെ പ്രയോജനം കൂടുതൽ തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിലേക്കായി സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ ഇവയുടെ വിശദാംശം അറിയിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) അസംഘടിത മേഖലയിലെ തൊഴിലാളികൾ ഉൾപ്പെടെയുള്ള തൊഴിലാളികളുടെ ക്ഷേമത്തിനായി തൊഴിൽ വകുപ്പിന്റെ കീഴിൽ നിലവിൽ 16 ക്ഷേമനിധി ബോർഡുകളും 11 ക്ഷേമപദ്ധതികളുമുണ്ട്. പ്രസ്തുത ക്ഷേമ പദ്ധതികളിൽ അംഗങ്ങളായ തൊഴിലാളികൾക്ക് പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്. കൂടാതെ അസംഘടിത മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ ക്ഷേമത്തിനും സാമൂഹ്യ സുരക്ഷിതത്വം ഉറപ്പുവരുത്തു ന്നതിനുമായി 2015-ലെ കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതി പുതുതായി രൂപീകരിച്ചിട്ടുണ്ട്.

(ബി&സി) സ്വീകരിച്ചിട്ടുണ്ട്. പുതുതായി രൂപീകരിച്ച 2015-ലെ കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ എല്ലാ അസംഘടിത തൊഴിലാളികൾക്കും സ്വയം തൊഴിൽ ചെയ്യുന്ന തൊഴിലാളികൾക്കും അംഗമാകാൻ അർഹതയുണ്ടായിരിക്കുന്നതാണ്.

**കേന്ദ്ര സർക്കാരിന്റെ പുതിയ തൊഴിൽ നിയമങ്ങൾ**

164 (2184) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> :
<u>ശ്രീ. സി. കെ. നാണു</u> :
<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ പുതിയ തൊഴിൽ നിയമങ്ങൾ കേരളത്തിലെ തൊഴിൽ മേഖലയെ എങ്ങനെയൊക്കെയാണ് ബാധിക്കുക എന്ന് വ്യക്തമാക്കാമോ; ഈ നയത്തിൽ തൊഴിലാളി വിരുദ്ധവും തൊഴിൽ ഉടമകൾക്ക് അനുകൂലവുമായ എന്തൊക്കെ ഘടകങ്ങളുണ്ട് എന്നും ഇതെപ്പറ്റി സംസ്ഥാനവുമായി ചർച്ച നടത്തുകയുണ്ടായോ എന്നും വ്യക്തമാക്കാമോ;

(ബി) കേരളത്തിൽ ജോലി ചെയ്യുന്ന ഇതരസംസ്ഥാന തൊഴിലാളികൾക്ക് വേണ്ടി സർക്കാർ എന്തൊക്കെ പരിപാടികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ; ഈ പരിപാടികൾ അവർക്കിടയിൽ എത്തിക്കാൻ എന്തൊക്കെയാണ് ചെയ്യാനുദ്ദേശിക്കുന്നതെന്നും ഇതരസംസ്ഥാന തൊഴിലാളികളുടെ സമഗ്ര ഡാറ്റാബേസ് തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കേന്ദ്ര സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഷോപ്പ് & എസ്റ്റാബ്ലിഷ്മെന്റ്സ് (റഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസസ്) ബിൽ 2015-ലെ ചില വ്യവസ്ഥകൾ സംസ്ഥാനത്ത് നിലവിൽ പ്രാബല്യത്തിലുള്ള കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് 1960, തൊഴിലാളികൾക്ക് വിഭാവന ചെയ്തിട്ടുള്ള തൊഴിൽ സുരക്ഷ ഇല്ലാതാക്കാനുള്ള സാധ്യതയുണ്ടെന്ന് കണ്ടെത്തുകയും ആയത് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ പ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കേരളത്തിന്റെ നിലവിലെ നിയമത്തിൽ ഒരു തൊഴിലാളി മാത്രമായാലും ടി നിയമത്തിന്റെ പരിധിയിൽ വരും. എന്നാൽ കേന്ദ്രം കൊണ്ടുവരുന്ന ബില്ലിൽ 10-ഉം അതിൽ കൂടുതലും തൊഴിലാളികൾ ജോലിചെയ്യുന്ന സ്ഥാപനങ്ങളും മാത്രമേ ഈ ബില്ലിന്റെ പരിധിയിൽ വരികയുള്ളൂ. നിലവിൽ അസംഘടിത മേഖലയിലുള്ള തൊഴിലാളികളെ ഈ വ്യവസ്ഥ സാരമായി ബാധിക്കും. കൂടാതെ സംസ്ഥാന നിയമത്തിൽ 12 ദിവസത്തെ ആകസ്മിക അവധിയാണ് വ്യവസ്ഥ ചെയ്തിട്ടുള്ളതെങ്കിൽ നിലവിലെ കേന്ദ്ര ബില്ലിൽ ഇത് 8 ആയി ചുരുങ്ങുന്നു.

കേരള ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ് (നാഷണൽ & ഫെസ്റ്റിവൽ ഹോളിഡേയ്സ്) ആക്ടിൽ 9 ഉത്സവ അവധിയും 4 ദേശീയ അവധിയും വ്യവസ്ഥ ചെയ്യുമ്പോൾ നിർദ്ദിഷ്ട ബില്ലിൽ അത് 8 ഉത്സവ അവധിയായും 3 ദേശീയ അവധിയായും കുറയുന്നു. ഇത് തൊഴിലാളികൾക്ക് പ്രതികൂലമാണ്. തൊഴിലുടമകൾക്ക് തൊഴിലാളികളെ നോട്ടീസ് നൽകാതെ പിരിച്ചുവിടാനുള്ള വ്യവസ്ഥ നിർദ്ദിഷ്ട കേന്ദ്ര ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് തൊഴിലാളികളുടെ താൽപ്പര്യങ്ങൾക്ക് വിരുദ്ധമാണെന്ന് വിലയിരുത്തിയിട്ടുണ്ട്. മിനിമം വേതനം നിയമം 1948, പേമെന്റ് ഓഫ് വേജസ് ആക്ട് 1936, പേമെന്റ് ഓഫ് ബോണസ് ആക്ട് 1965, Equal Remuneration Act 1976 എന്നീ കേന്ദ്ര നിയമങ്ങളെ സംയോജിപ്പിച്ചുകൊണ്ടുള്ള ലേബർ കോഡ് ഓൺ വേജസ് എന്ന കേന്ദ്ര സർക്കാരിന്റെ ബില്ല് സംബന്ധിച്ചും ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട് 1947, ട്രേഡ് യൂണിയൻ ആക്ട് 1926, ഇൻഡസ്ട്രിയൽ എംപ്ലോയ്മെന്റ് സ്റ്റാൻഡിംഗ് ഓർഡർ ആക്ട് 1946 എന്നീ മൂന്ന് കേന്ദ്ര നിയമങ്ങളെ സംയോജിപ്പിക്കുന്ന കേന്ദ്ര സർക്കാരിന്റെ ലേബർ കോഡ് ഓൺ ഇൻഡസ്ട്രിയൽ റിലേഷൻസ് എന്ന ബില്ല് സംബന്ധിച്ചുമുള്ള വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

ഏറ്റവും ഒടുവിൽ സമഗ്രമായ സാമൂഹ്യ-സുരക്ഷ, ക്ഷേമ കാര്യങ്ങൾക്കുവേണ്ടി കേന്ദ്ര സർക്കാർ പാസ്സാക്കാൻ ഉദ്ദേശിക്കുന്ന "ലേബർ കോഡ് ഓൺ സോഷ്യൽ സെക്യൂരിറ്റി ആന്റ് വെൽഫെയർ" എന്ന നിയമത്തിന്റെ കരട് അയച്ചുതന്നിട്ടുണ്ട്. നിലവിലുള്ള 15 തൊഴിൽ നിയമങ്ങൾ ക്രോഡീകരിച്ചുകൊണ്ടാണ് ഈ നിയമം തയ്യാറാക്കിയിരിക്കുന്നത്. എംപ്ലോയീസ് പ്രോവിഷഡന്റ് ഫണ്ട് ആക്ട്, എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് ആക്ട്, മെറ്റേണിറ്റി ബെനിഫിറ്റ് ആക്ട്, പേമെന്റ് ഓഫ് ഗ്രാറ്റുവിറ്റി ആക്ട്, എംപ്ലോയീസ് കോമ്പൻസേഷൻ ആക്ട്, അൺഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി ആക്ട്, വിവിധ ക്ഷേമ സെസ്/ക്ഷേമനിധി നിയമങ്ങൾ എന്നിവകൾക്ക് പകരമായിട്ടാണ് ഈ ഏകീകൃത നിയമം വിഭാവന ചെയ്തിട്ടുള്ളത്.

അഖിലേന്ത്യാതലത്തിൽ ഒരു ദേശീയ സാമൂഹ്യ സുരക്ഷ കൗൺസിലും കേന്ദ്ര സാമൂഹ്യ സുരക്ഷാ ബോർഡും അതിനുകീഴിലായി സംസ്ഥാനങ്ങൾക്കും കേന്ദ്ര ഭരണ പ്രദേശങ്ങൾക്കും പ്രത്യേകം സാമൂഹ്യ സുരക്ഷാ ബോർഡുകളും ടി നിയമം വിഭാവന ചെയ്യുന്നു. നിലവിൽ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ഇരുപതോ അതിലധികമോ തൊഴിലാളികളുള്ള സ്ഥാപനങ്ങൾക്കും എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് നിയമം പത്തോ അതിലധികമോ തൊഴിലാളികളുള്ള സ്ഥാപനങ്ങൾക്കുമാണ് ബാധകമെങ്കിൽ പുതിയ നിയമം സംഘടിത-അസംഘടിത മേഖലകളിലെ എല്ലാ തൊഴിലാളികളെയും നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നു. ഇതുകൂടാതെ സ്വയംതൊഴിൽ ചെയ്യുന്നവർക്ക് നിശ്ചിത വിഹിതമടച്ചും ഒരേസമയം ഉടമയും തൊഴിലാളിയുമായി ചെറുകിട സംരംഭങ്ങളിൽ ജോലി ചെയ്യുന്നവർക്ക് ഇരു വിഹിതങ്ങളും സ്വയം അടച്ചും ആനുകൂല്യങ്ങൾക്ക് അർഹത നേടാം. മേൽപ്പറഞ്ഞ രണ്ട് ക്ഷേമപദ്ധതികളിലും ഇപ്പോൾ ലഭ്യമാകുന്ന ആനുകൂല്യങ്ങൾ എല്ലാം പുതിയ സംവിധാനത്തിൻകീഴിൽ പുനരാവിഷ്കരിച്ചിട്ടുണ്ട്.

കേരളത്തിൽ നിലവിലുള്ള ക്ഷേമനിധികളിൽ നാമമാത്രമായ അംശാദായമേ തൊഴിലാളികളിൽനിന്ന് ഈടാക്കി വരുന്നുള്ളൂ. നൽകിവരുന്ന ആനുകൂല്യങ്ങളും അത്ര ആകർഷകമല്ല. പുതിയ നിയമം വിഭാവന ചെയ്യുന്ന ആനുകൂല്യങ്ങൾ ഉയർന്നതും ആകർഷകവുമാണ്. എന്നാൽ ഇതിൽ തൊഴിലാളി അടയ്ക്കേണ്ടി വരുന്നത് വേതനത്തിന്റെ 12.5 ശതമാനമാണ്. നിലവിൽ 10,000 രൂപ മാസശമ്പളമുള്ള ഒരു പീടികത്തൊഴിലാളി മാസം 20 രൂപ അംശദായം അടയ്ക്കുമ്പോൾ പുതിയ നിയമപ്രകാരം 1,250 രൂപ അടയ്ക്കേണ്ടതായിവരും. ഇ.പി.എഫ്., ഇ.എസ്.ഐ., കവറേജ് നിലവിലുള്ള സ്ഥാപനങ്ങളിൽ ഈ നിരക്കിലധികം (12 + 1.75%) നിലവിൽ നൽകിവരുന്നുണ്ട്. എന്നാൽ ഈ കവറേജിന് പുറത്തുള്ള അസംഘടിത മേഖലയിലെ ലക്ഷോപലക്ഷം തൊഴിലാളികളാണ് നാമമാത്രമായ അംശദായം നൽകി പരിമിതമെങ്കിലും വിവിധതരത്തിലുള്ള ആനുകൂല്യങ്ങൾ കേരളത്തിൽ കൈപ്പറ്റിവരുന്നത്. പുതിയ

നിമയപ്രകാരമുള്ള തൊഴിലാളി വിഹിതം നൽകാൻ കഴിയാതെ വന്നാൽ ഇവർക്ക് തങ്ങളുടെ രജിസ്ട്രേഷൻ നിലനിർത്താൻ കഴിയാതെ വരും. മിനിമം വേതനത്തിന് താഴെ കുടുംബവരുമാനമുള്ള തൊഴിലാളികൾ അംശദായമടയ്ക്കേണ്ടതില്ലെന്ന് പുതിയ നിയമ നിർദ്ദേശത്തിൽ പ്രസ്താവിക്കുന്നുണ്ടെങ്കിലും ആയതിന്റെ പ്രായോഗികതയെപ്പറ്റി വ്യക്തതയില്ല.

(ബി) കേരളത്തിലെ ഇതര സംസ്ഥാന തൊഴിലാളികൾക്കായി ഒരു ക്ഷേമപദ്ധതി കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വെൽഫെയർ ബോർഡിന്റെ കീഴിൽ 2010 മാർച്ച് മുതൽ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയെന്ന പേരിൽ നടപ്പാക്കിവരുന്നു. ടി പദ്ധതി പ്രകാരം 54,366 തൊഴിലാളികൾ അംഗമായിട്ടുണ്ട്. പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന തൊഴിലാളികൾക്ക് അപകട-മരണ ധനസഹായം, അത്യാഹിതങ്ങൾക്ക് സഹായം, മാരക രോഗങ്ങൾക്ക് ധനസഹായം, ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം, മൃതശരീരം നാട്ടിൽ എത്തിക്കുന്നതിനുള്ള ധനസഹായം, ചികിത്സാ ധനസഹായം, പ്രസവ ധനസഹായം എന്നിവ ലഭിക്കുന്നു.

തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ഭവനം ഫൗണ്ടേഷൻ കേരള നടപ്പിലാക്കിവരുന്ന ഭവന പദ്ധതികളിലൊന്നാണ് "അപ്നാ ഘർ" പദ്ധതി. ഇതര സംസ്ഥാന തൊഴിലാളികൾക്കുവേണ്ടി ഹോസ്റ്റൽ രീതിയിലുള്ള പാർപ്പിട സമുച്ചയമാണീ പദ്ധതിവഴി നടപ്പിലാക്കുന്നത്. ഇതിന്റെ ആദ്യ സ്കീം പാലക്കാട് ജില്ലയിലെ കിൻഫ്ര, കഞ്ചിക്കോട് ആരംഭിച്ചിട്ടുണ്ട്. ഈ മാതൃകയിൽ തിരുവനന്തപുരം/എറണാകുളം/കോഴിക്കോട് നഗരങ്ങളിലും ഇതര സംസ്ഥാന തൊഴിലാളികൾക്കുവേണ്ടി പാർപ്പിട സൗകര്യം നിർമ്മിക്കുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിലേയ്ക്കായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് 17-12-2015-ലെ ജി.ഒ.(ആർ.ടി.) 1717/15/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം ഒരു ടാസ്ക്ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. ജില്ലാ ലേബർ ഓഫീസർ (ഇ) കൺവീനറും ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യ വകുപ്പ്), ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടർ, ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശ സ്വയംഭരണ വകുപ്പ്) എന്നിവരെ അംഗങ്ങളായും ഉൾപ്പെടുത്തിക്കൊണ്ടുള്ള ടാസ്ക്ഫോഴ്സിന്റെ പ്രവർത്തനം സംസ്ഥാനത്ത് ഊർജ്ജിതമായി നടന്നുവരുന്നു. ഇതര സംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ലേബർ ക്യാമ്പുകളിലെ ജീവിത/ശുചിത്വ നിലവാരം പരിതാപകരമാണെന്ന് ബോദ്ധ്യപ്പെട്ടതിനെത്തുടർന്ന് 9 നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ഒരു സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുന്നതിനായി മെഡിക്കൽ ക്യാമ്പ്, പരസ്യ പ്രചാരണങ്ങൾ എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള ബോധവൽക്കരണ പദ്ധതി നടപ്പിലാക്കുന്നതിനായി 2016-2017 സാമ്പത്തിക വർഷം 50,00,000 രൂപ അനുവദിക്കുകയും ടി തുക ഉപയോഗിച്ച് സംസ്ഥാനമൊട്ടാകെ നടപ്പുസാമ്പത്തിക വർഷം 70 മെഡിക്കൽ ക്യാമ്പുകളും പ്രചാരണ പരിപാടികളും നടത്തിയിട്ടുണ്ട്.

ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണവും രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യ പരിരക്ഷയും നൽകുന്നതിനായി ലക്ഷ്യമിട്ടുകൊണ്ട് 27-10-2016-ലെ 1325/2016/തൊഴിൽ നമ്പർ ഉത്തരവിലൂടെ "ആവാസ്" എന്ന പദ്ധതിക്ക് രൂപംകൊടുത്തിട്ടുണ്ട്. പദ്ധതിയിൽ അംഗമാകുന്ന തൊഴിലാളികൾക്ക് ഓരോരുത്തർക്കും 15,000 രൂപയുടെ സൗജന്യ ചികിത്സ സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിൽനിന്നും എംപാനൽ ചെയ്ത സ്വകാര്യ ആശുപത്രികളിൽനിന്നും ലഭ്യമാക്കുന്നതാണ്. അതോടൊപ്പം 2 ലക്ഷം രൂപയുടെ അപകട മരണ ഇൻഷ്വറൻസ് പരിരക്ഷകൂടി ഉറപ്പുവരുത്തുന്നതാണ്. പദ്ധതി നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് സംസ്ഥാനത്ത് തൊഴിലെടുക്കുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ ഒരു ഡാറ്റാബേസ് തയ്യാറാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## വെയിലത്ത് ജോലിയെടുക്കുന്ന തൊഴിലാളികളുടെ ജോലി സമയ ക്രമീകരണം

165 (2185) ശ്രീ. എം. വിൻസെന്റ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പകൽ താപനില ക്രമാതീതമായി ഉയർന്ന സാഹചര്യത്തിൽ വെയിലത്ത് ജോലി എടുക്കുന്ന തൊഴിലാളികളുടെ ജോലി സമയം ക്രമീകരിച്ച് ഉത്തരവായിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) സർക്കാർ നിർദ്ദേശം ലംഘിക്കുന്ന തൊഴിലുടമകൾക്കെതിരെ എന്ത് നടപടിയാണ് കൈക്കൊള്ളുന്നത്;

(സി) ഇതിനകം ഏതെങ്കിലും തൊഴിലുടമക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ലേബർ കമ്മീഷണറുടെ 4-3-2017 തീയതിയിലെ ജി2/4080/2017 നമ്പർ ഉത്തരവ് പ്രകാരം വെയിലത്ത് പണിയെടുക്കുന്ന തൊഴിലാളികളുടെ ജോലിസമയം ക്രമീകരിച്ച് ഉത്തരവായിട്ടുണ്ട്. പകൽ താപനില ക്രമാതീതമായി ഉയരുന്നതിനാൽ സൂര്യാഘാതം ഏൽക്കുന്നതിനുള്ള സഹാചര്യം ഉള്ളതുകൊണ്ട് പൊതുജന താൽപ്പര്യം മുൻനിർത്തി 1958-ലെ കേരള മിനിമം വേജസ് ചട്ടങ്ങളിലെ ചട്ടം 24(3) പ്രകാരം സംസ്ഥാനത്തിനുള്ളിൽ വെയിലത്ത് നിന്ന് പണിയെടുക്കുന്ന തൊഴിലാളികളുടെ തൊഴിൽസമയം 2017 മാർച്ച് 4 മുതൽ ഏപ്രിൽ 30 വരെ പകൽ ഷിഫ്റ്റിൽ ജോലി ചെയ്യുന്നവർക്ക് ഉച്ചയ്ക്ക് 12.00 മുതൽ 3.00 മണിവരെ വിശ്രമവേളയായും ഇവരുടെ ജോലി സമയം രാവിലെ 7.00 മണി മുതൽ വൈകുന്നേരം 7.00 മണിവരെയുള്ള സമയത്തിനുള്ളിൽ 8 മണിക്കൂറായി നിജപ്പെടുത്തിയും രാവിലെയും ഉച്ചയ്ക്കുശേഷവുമുള്ള മറ്റു ഷിഫ്റ്റുകളിലെ ജോലി സമയം ഉച്ചയ്ക്ക് 12.00 മണിക്ക് അവസാനിക്കുന്ന പ്രകാരവും വൈകുന്നേരം 3.00 മണിക്ക് ആരംഭിക്കുന്ന പ്രകാരവും പുനഃക്രമീകരിച്ചിട്ടുണ്ട്.

(ബി) ടി നിയമലംഘനത്തിന് 1948-ലെ മിനിമം വേതന നിയമ പ്രകാരം 6 മാസം തടവോ 500 രൂപ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ ശിക്ഷ ലഭിക്കുന്നതാണ്.

(സി) ഇല്ല.

**ഇതരസംസ്ഥാന തൊഴിലാളികൾ**

166 (2186) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പണിയെടുക്കുന്ന ഇതരസംസ്ഥാന തൊഴിലാളികളുടെ എണ്ണം പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിൽ നിർണ്ണയിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ പരിരക്ഷയ്ക്ക് എന്തെങ്കിലും പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) വൃത്തിഹീനമായ സാഹചര്യങ്ങളിൽ താമസിക്കുന്ന ഇതരസംസ്ഥാന തൊഴിലാളികൾക്ക് മെച്ചപ്പെട്ട പാർപ്പിട സൗകര്യങ്ങളും ശുചിത്വ മുറികളും, ശൗചാലയങ്ങളും ഒരുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഇതരസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണത്തിനും വിവരശേഖരണത്തിനുമായി ആരോഗ്യ ഇൻഷ്വറൻസ് 'ആവാസ്' പദ്ധതി സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ പദ്ധതി പൂർത്തിയാവുന്നതോടെ ഇതരസംസ്ഥാന തൊഴിലാളികളുടെ എണ്ണം പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിൽ നിർണ്ണയിക്കാൻ കഴിയും.

(ബി) ഉണ്ട്.

(സി) ഇതരസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിലേയ്ക്കായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് 17-12-2015-ലെ ജി.ഒ. (ആർ.ടി.) 1717/15/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) കൺവീനറും, ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യ വകുപ്പ്), ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടർ, ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശസ്വയംഭരണ വകുപ്പ്) എന്നിവരെ അംഗങ്ങളായും ഉൾപ്പെടുത്തിക്കൊണ്ടുള്ള ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനം സംസ്ഥാനത്ത് ഊർജ്ജിതമായി നടന്നുവരുന്നു. ഇതരസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുന്നതിനായി മെഡിക്കൽ ക്യാമ്പ്, പരസ്യ പ്രചാരണങ്ങൾ എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള ബോധവൽക്കരണ പദ്ധതി നടപ്പിലാക്കിവരുന്നു. ഇതരസംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ലേബർ ക്യാമ്പുകളിലെ ജീവിത/ശുചിത്വ നിലവാരം പരിതാപകരമാണെന്ന് ബോദ്ധ്യപ്പെട്ടതിനെത്തുടർന്ന് 9 നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ഒരു സർക്കാർ ഉത്തരവ് 3-8-2016-ൽ പുറപ്പെടുവിച്ചിട്ടുണ്ട്. തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ഭവനം ഫൗണ്ടേഷൻ കേരള നടപ്പിലാക്കിവരുന്ന ഭവന പദ്ധതികളിലൊന്നാണ് അപ്നാ ഘർ പദ്ധതി. ഇതര സംസ്ഥാന തൊഴിലാളികൾക്കുവേണ്ടി ഹോസ്റ്റൽ രീതിയിലുള്ള പാർപ്പിട സമുച്ചയമാണ് ഈ പദ്ധതിവഴി നടപ്പിലാക്കുന്നത്. ഇതിന്റെ ആദ്യ സ്കീം പാലക്കാട് ജില്ലയിലെ കിൻഫ്ര, കഞ്ചിക്കോട് ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ആകെ ചെലവ് പ്രതീക്ഷിക്കുന്നത് 8 കോടി രൂപയാണ്. ഈ പദ്ധതിയുടെ നിർമ്മാണം 2017 മേയ് അവസാനത്തോടുകൂടി പൂർത്തിയാക്കാൻ കഴിയും. കൂടാതെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് നഗരങ്ങളിലും ഇതരസംസ്ഥാന തൊഴിലാളികൾക്കുവേണ്ടി പാർപ്പിട സൗകര്യം നിർമ്മിക്കുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

**അഞ്ചുലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്ന പ്രഖ്യാപനം**

167 (2187) ശ്രീ. കെ. സി. ജോസഫ് :

ശ്രീ. എൽദോസ് കുന്നപ്പിള്ളി :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ചുവർഷം കൊണ്ട് അഞ്ചുലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കുവാൻ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) വിനോദസഞ്ചാര രംഗത്ത് എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനാണ് ലക്ഷ്യമിട്ടിരുന്നത്;

(സി) ദേശീയ പാതയോരത്തെ ബിയർ-വൈൻ പാർലറുകൾ പൂട്ടിയത് ടൂറിസം രംഗത്ത് തൊഴിലവസരങ്ങൾ നഷ്ടപ്പെടുത്തുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതുമൂലമുണ്ടായ തൊഴിലവസരനഷ്ടം എപ്രകാരം പരിഹരിക്കുവാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) തൊഴിൽ വകുപ്പിനുകീഴിൽ സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയുള്ള നിയമനനടപടികൾ ത്വരിതപ്പെടുത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അതിനൊപ്പം "നിയുക്തി" ജോബ്ഫെയർ മുഖേനയും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനയുള്ള ജോബ് ഡ്രൈവുകൾ വഴിയും സ്വകാര്യ മേഖലയിൽ നിലവിലുള്ള തൊഴിലവസരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് പരമാവധി ലഭ്യമാക്കിവരുന്നു.

(ബി&സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

**സംസ്ഥാനത്തെ തൊഴിൽ നിയമങ്ങൾ**

168 (2188) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിൽ നിയമങ്ങൾ ശരിയായി നിർവ്വഹിക്കുന്നതിലേക്കായി എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു എന്ന് അറിയിക്കാമോ;

(ബി) ഈ നിയമങ്ങൾ ശരിയായി നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത തൊഴിൽദായകരെ ബോധ്യപ്പെടുത്തുന്നതിലേക്കായി പ്രചാരണങ്ങൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഈ നിയമങ്ങൾ നടപ്പിലാക്കുന്നത് സുതാര്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) എങ്കിൽ അവ എന്തെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് എൻഫോഴ്സ്മെന്റ് വിഭാഗം ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഉൾപ്പെടുന്ന എൻഫോഴ്സ്മെന്റ് വിഭാഗം 1960-ലെ കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമപ്രകാരം കടകളിലും വാണിജ്യസ്ഥാപനങ്ങളിലും പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും മിനിമം വേതനം നൽകാത്ത കേസുകളിൽ ക്ലെയിം പെറ്റീഷനും മറ്റ് വിവിധ നിയമലംഘനങ്ങൾക്ക് പ്രോസിക്യൂഷനും ഫയൽ ചെയ്തുവരുന്നു. 2017-ൽ നാളിതുവരെ 10380 സ്ഥാപന പരിശോധനകൾ നടത്തുകയും 1437 പ്രോസിക്യൂഷനും 121 ക്ലെയിം പെറ്റീഷനും ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പുവരുത്തുന്നതിലേയ്ക്കുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി അസിസ്റ്റന്റ് ലേബർ ഓഫീസർമാരുടെ അവലോകന യോഗങ്ങളും നടത്തുന്നു. തൊഴിൽ നിയമങ്ങളെക്കുറിച്ച് ജീവനക്കാർക്ക് ആവശ്യമായ പരിശീലനവും നൽകിവരുന്നു. ഈ സർക്കാർ അധികാരമേറ്റശേഷം 18-6-2016-ന് സംസ്ഥാനമൊട്ടാകെയുള്ള 42 ടെക്സ്റ്റൈൽ ഷോപ്പുകളിൽ നടത്തിയ സ്പെഷ്യൽ പരിശോധനയിൽ വിവിധ തൊഴിൽ നിയമപ്രകാരമുള്ള ലംഘനങ്ങൾ കണ്ടെത്തുകയും ആയത് പരിഹരിക്കുന്നതിന് നോട്ടീസ് നൽകുകയും ചെയ്തു. തൊഴിൽ വകുപ്പിന്റെ ശക്തമായ ഇടപെടലിനെത്തുടർന്ന് മിക്ക സ്ഥാപനങ്ങളും അപാകതകൾ പരിഹരിച്ച് രേഖകൾ ഹാജരാക്കിയിട്ടുണ്ട്. നിയമലംഘനങ്ങൾ പരിഹരിക്കാത്ത സ്ഥാപന ഉടമകൾക്കെതിരെ ക്ലെയിം പെറ്റീഷൻ,

പ്രോസിക്യൂഷൻ എന്നീ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. തൊഴിൽ വകുപ്പ് ആരംഭിച്ച കോൾ സെന്റർ മുഖേന വകുപ്പിനെ സംബന്ധിച്ചുള്ള സംശയങ്ങളും പരാതികളും 155214/180042555214 എന്നീ നമ്പരുകളിൽ രാവിലെ 7 മണി മുതൽ വൈകുന്നേരം 7 മണി വരെയുള്ള സമയത്ത് വിളിച്ച് പരിഹാരം കാണാവുന്നതാണ്. ഹെൽപ്പ്ലൈനിലൂടെ ലഭിക്കുന്ന പരാതികൾ തത്സമയം രജിസ്റ്റർ ചെയ്യപ്പെടുകയും അതാത് ഇൻസ്പെക്ടർമാർക്ക് യഥാസമയം തന്നെ അതിന്മേൽ നടപടി സ്വീകരിക്കുന്നതിനും കഴിയുന്നു.

(ബി) പരിശോധിക്കുന്നതാണ്.

(സി) നടപടി സ്വീകരിക്കും.

(ഡി) വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരമുള്ള രജിസ്ട്രേഷൻ, റിന്യൂവൽ എന്നിവയ്ക്ക് ഓൺലൈൻ സംവിധാനം മുഖേന അപേക്ഷിക്കുന്നതിനായി ലേബർ കമ്മീഷണറേറ്റ് ഓട്ടോമേഷൻ സിസ്റ്റം (LCAS) നടപ്പിലാക്കിയിട്ടുണ്ട്. ഇൻസ്പെക്ഷനും തുടർനടപടികളും ബന്ധപ്പെട്ട മേലുദ്യോഗസ്ഥർക്കുകൂടി നിരീക്ഷിക്കാവുന്നതരത്തിൽ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിവഴി തൊഴിലാളികൾക്ക് ബാങ്ക് മുഖേന വേതനം ലഭ്യമാക്കുന്നതോടൊപ്പം നിയമം അനുശാസിക്കുന്ന കുറഞ്ഞ വേതനം യഥാസമയം തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും കൂടാതെ തൊഴിലാളികൾക്ക് വേജ് സ്ലിപ്പ് നേരിട്ട് ഓൺലൈൻ മുഖേന ലഭ്യമാക്കുന്നതിനും കഴിയുന്നതാണ്. 1948-ലെ മിനിമം വേതന നിയമപ്രകാരവും 1936-ലെ വേതനം കൊടുക്കൽ നിയമപ്രകാരവും നിശ്ചയിക്കപ്പെട്ട വേതനം തൊഴിലാളികൾക്ക് കൃത്യസമയത്ത് ലഭ്യമാകുന്നുണ്ടോയെന്ന് തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് ഓൺലൈനായിത്തന്നെ പരിശോധിക്കുന്നതിനും ഇതിൽ വീഴ്ചവരുത്തുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കാനും കഴിയും. തൊഴിൽ വകുപ്പ് ആരംഭിച്ച കോൾസെന്റർ മുഖേന വകുപ്പിനെ സംബന്ധിച്ചുള്ള സംശയങ്ങളും പരാതികളും 155214/180042555214 എന്നീ നമ്പരുകളിൽ രാവിലെ 7 മണി മുതൽ വൈകുന്നേരം 7 മണി വരെ വിളിച്ച് പരിഹരിക്കാവുന്നതാണ്. ഹെൽപ്പ്ലൈനിലൂടെ ലഭിക്കുന്ന പരാതികൾ തത്സമയം രജിസ്റ്റർ ചെയ്യപ്പെടുകയും അതാത് ഇൻസ്പെക്ടർമാർക്ക് യഥാസമയം പരിഹരിക്കുന്നതിനും കഴിയുന്നു.

## സംസ്ഥാനത്തെ തൊഴിൽ വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ

169 (2189) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിലേക്കായി എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു എന്ന് അറിയിക്കുമോ;

(ബി) തൊഴിൽ വകുപ്പിലൂടെ ജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ എളുപ്പത്തിൽ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് അറിയിക്കുമോ;

(സി) തൊഴിൽ വകുപ്പിനെ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് അറിയിക്കുമോ?

ഉത്തരം

(എ) തൊഴിൽ മേഖലയുമായി ബന്ധപ്പെട്ടവരുടെ പ്രശ്നങ്ങൾ പരിശോധിച്ച് പരിഹാരം കണ്ടെത്താനും മാന്യമായ വേതനവും വേതനവ്യവസ്ഥകളും തൊഴിലുറപ്പും സംരക്ഷിച്ച് തൊഴിലാളികളെ മുഖ്യധാരയിൽ കൊണ്ടു വരുന്നതിനുമായി തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ സ്വകാര്യ സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും വിവിധ തൊഴിൽ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുകയും ചെയ്യാറുണ്ട്. സംസ്ഥാനത്ത് വിവിധ സ്വകാര്യ മേഖലകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വേതനം ബാങ്ക് വഴി നൽകുന്നതിനായുള്ള വേതന സുരക്ഷാ പദ്ധതിയും (ഇ-പേമെന്റ്) വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. തൊഴിൽ തർക്കങ്ങൾ ഉണ്ടാകുമ്പോൾ ബന്ധപ്പെട്ട കൺസീലിയേഷൻ/ അഡ്ജ്യൂഡിക്കേഷൻ സംവിധാനങ്ങൾ ഉപയോഗിച്ച് സമയബന്ധിതമായി തീർപ്പുകൽപ്പിച്ച് തൊഴിലാളികളുടെ പരാതികൾക്ക് നിവൃത്തി കാണാറുണ്ട്. 75 തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ സ്വകാര്യ മേഖലയിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികളുടെ വിവിധ നിയമപ്രകാരമുള്ള സേവന-വേതന വ്യവസ്ഥകൾ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സ്ഥാപന പരിശോധനകൾ, സ്ക്വാഡ് ഇൻസ്പെക്ഷൻ, സ്പെഷ്യൽ ഡ്രൈവ് എന്നിവ നടത്തുന്നുണ്ട്. 2016-ൽ 41431 സ്ഥാപന പരിശോധനകൾ നടത്തുകയും 5457 പ്രോസിക്യൂഷനുകൾ, 694 ക്ലെയിം പെറ്റീഷൻ എന്നിവ നൽകി തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. തൊഴിലാളികൾക്ക് തൊഴിലിടങ്ങളിൽ ഇരിപ്പിടങ്ങൾ നൽകുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനായി കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നത് സർക്കാർ പരിഗണനയിലാണ്. തൊഴിൽ സ്ഥാപനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തി മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിന് കീഴിൽ വരുന്ന സ്ഥാപനങ്ങളിൽ ഗ്രേഡിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(ബി) വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരമുള്ള രജിസ്ട്രേഷൻ, റിന്യൂവൽ, ഭേദഗതി എന്നിവയ്ക്ക് ഓൺലൈൻ സംവിധാനം മുഖേന അപേക്ഷിക്കുന്നതിനായി ലേബർ കമ്മീഷണറേറ്റ് ഓട്ടോമേഷൻ സിസ്റ്റം (LCAS) നടപ്പിലാക്കിയിട്ടുണ്ട്. അസംഘടിത മേഖലയിൽ പണിയെടുക്കുന്ന വിവിധ തൊഴിലാളികൾക്ക് വേതനം ഉറപ്പുവരുത്തുന്നതിനും സംസ്ഥാനത്തെ വിവിധ സ്വകാര്യ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് വേതനം ബാങ്ക് വഴി നൽകുന്നതിനുമായുള്ള വേതന സുരക്ഷാ പദ്ധതി (ഇ-പേമെന്റ്) പൈലറ്റ് അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ വിജയകരമായി തൊഴിൽ വകുപ്പ് പൂർത്തിയാക്കിയതിനെ തുടർന്ന് സംസ്ഥാനത്തെ എല്ലാ ജില്ലകളിലും വേതന സുരക്ഷാ പദ്ധതി ത്വരിതഗതിയിൽ നടപ്പിലാക്കിവരുന്നു. ഈ പദ്ധതി നടപ്പിലാക്കിയതുവഴി തൊഴിലാളികൾക്ക് ബാങ്ക് മുഖേന വേതനം ലഭ്യമാകുന്നതോടൊപ്പം, നിയമം അനുശാസിക്കുന്ന കുറഞ്ഞ വേതനം തൊഴിലാളികൾക്ക് യഥാസമയം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും, കൂടാതെ തൊഴിലാളികൾക്ക് വേജ് സ്ലിപ്പ് നേരിട്ട് ഓൺലൈൻ മുഖേന ലഭ്യമാക്കുന്നതിനും കഴിയുന്നു. നാളിതുവരെ ഏകദേശം 4180 സ്ഥാപനങ്ങളിൽ നിന്നും 90,115 തൊഴിലാളികൾക്ക് 424 കോടിയോളം രൂപ ഈ സംവിധാനം മുഖാന്തിരം വിതരണം ചെയ്യുന്നതിന് സാധിച്ചിട്ടുണ്ട്. തൊഴിൽ വകുപ്പിന്റെ സേവനങ്ങൾ പൊതുജനങ്ങൾക്ക് വേഗത്തിൽ എത്തിക്കാനും കൂടുതൽ പ്രയോജന പ്രദമാക്കാനും പൊതുജനങ്ങൾക്ക് വകുപ്പുമായി ബന്ധപ്പെട്ട പരാതികളും സംശയങ്ങളും ദൂരീകരിക്കുന്നതിനുമായി 25-8-2015-ൽ കോൾസെന്റർ/ ഹെൽപ്പ്ലൈൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ആയത് മികച്ച രീതിയിൽ പ്രവർത്തിച്ചുവരുന്നു. കോൾസെന്റർ മുഖാന്തിരം 1042 പരാതികൾ സ്വീകരിക്കുകയും ആയതിൽ 822 പരാതികൾ തീർപ്പാക്കുകയും, 220 പരാതികൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. വകുപ്പിനെ സംബന്ധിച്ച് 6528 എൻക്വയറികൾക്ക് സംശയനിവാരണം നടത്തുവാനും കാൾസെന്റർ മുഖാന്തിരം സാധിച്ചിട്ടുണ്ട്. സംസ്ഥാനത്തെ തൊഴിൽ മേഖലയുടെ മാറി വരുന്ന ആവശ്യങ്ങൾക്കനുസൃതമായി തൊഴിൽ വകുപ്പിന്റെ ഓൺലൈൻ സംവിധാനങ്ങളെല്ലാംതന്നെ കാലികമായി പരിഷ്കരിച്ചും ആവശ്യമായ ഭേദഗതികൾ വരുത്തിയും കാര്യക്ഷമമാക്കി നിലനിർത്തിവരുന്നു.

(സി) സംസ്ഥാനത്തെ മാറിയ സാഹചര്യങ്ങൾക്കനുസൃതമായി തൊഴിൽ നിയമങ്ങളിലും ചട്ടങ്ങളിലും ഉചിതമായ ഭേദഗതികൾ കൊണ്ടുവരുന്ന വിഷയവും കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന അസംഘടിത തൊഴിലാളികളുടെ തൊഴിൽ സാഹചര്യവും, വേതനവും മെച്ചപ്പെടുത്തുന്നതിന് പര്യാപ്തമാക്കുന്ന രീതിയിൽ തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം ശാക്തീകരിക്കുകയും നവീകരിക്കുകയും ചെയ്യുന്ന വിഷയവും പരിശോധിക്കാവുന്നതാണ്.

### നെടുമങ്ങാട് മണ്ഡലത്തിൽ ഗവൺമെന്റ് ഐ.ടി.ഐ.

170 (2190) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ ഗവൺമെന്റ് ഐ. ടി. ഐ. ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) നെടുമങ്ങാട് മണ്ഡലത്തിൽ ഗവൺമെന്റ് ഐ. ടി. ഐ. സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട് കത്ത് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ലഭിച്ചിട്ടുണ്ട്.

(സി) ഈ വിഷയത്തിൽ സാധ്യതാപഠനം നടത്തിയിട്ടുണ്ട്.

### എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം

171 (2191) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിലവിൽ തൊഴിലിനായി എത്ര പേർ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) എത്ര പേർക്ക് തൊഴിലില്ലായ്മ വേതനം ലഭ്യമാകുന്നുണ്ട്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പേർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നല്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കോതമംഗലം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിലവിൽ 25,676 പേർ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) കോതമംഗലം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ പരിധിയിലുള്ള 746 പേർക്ക് തൊഴിലില്ലായ്മ വേതനം ലഭ്യമാകുന്നുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 87 പേർക്ക് കോതമംഗലം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി വിവിധ തസ്തികകളിലേയ്ക്ക് ചുവടെ പറയും പ്രകാരം നിയമനം ലഭിച്ചിട്ടുണ്ട് :

| | | |
|---|---|---|
| പി.റ്റി. റഗുലർ | - | 21 |
| സ്ഥിരം ഒഴിവുകൾ | - | 5 |
| താൽക്കാലികം | - | 61 (179 ദിവസം) |

സംസ്ഥാനത്തൊട്ടാകെ 7964 പേർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി വിവിധ തസ്തികകളിലേയ്ക്ക് നിയമനം നൽകിയിട്ടുണ്ട്.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തവർ**

172 (2192) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ എത്ര പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ലാടിസ്ഥാനത്തിൽ വിശദാംശം നൽകുമോ;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരുന്ന സ്വയം തൊഴിൽ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 34,67,835 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| | |
|---|---|
| തിരുവനന്തപുരം | 5,14,896 |
| കൊല്ലം | 3,90,134 |
| ആലപ്പുഴ | 3,03,529 |
| പത്തനംതിട്ട | 1,23,461 |
| കോട്ടയം | 2,21,656 |
| ഇടുക്കി | 1,06,928 |
| എറണാകുളം | 2,86,961 |

| | |
|---|---|
| തൃശ്ശൂർ | 3,14,176 |
| പാലക്കാട് | 1,92,081 |
| മലപ്പുറം | 2,78,460 |
| കോഴിക്കോട് | 3,60,320 |
| വയനാട് | 89,363 |
| കണ്ണൂർ | 1,95,527 |
| കാസർഗോഡ് | 90,343 |

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താഴെപ്പറയുന്ന സ്വയംതൊഴിൽ പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. കെസ്റു 99
2. മൾട്ടിപർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്
3. ശരണ്യ സ്വയംതൊഴിൽ പദ്ധതി
4. കൈവല്യ.

മേൽ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്ട്രേഷൻ പുതുക്കൽ**

173 (2193) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്ട്രേഷനുകൾ പുതുക്കാനാവാതെ വന്നവർക്ക് അതിനുള്ള അവസരം നൽകുവാൻ നടപടി സ്വീകരിക്കുമോ;

(ബി) എംപ്ലോയ്മെന്റ് നിയമനങ്ങളിൽ സംവരണം പാലിക്കുന്നില്ലെന്ന പരാതികൾ ലഭിച്ചിട്ടുണ്ടോ;

(സി) ഇതിൽ എംപ്ലോയ്മെന്റ് വകുപ്പ് ഡയറക്ടർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) 2016 ജനുവരി മുതൽ ഇത്തരത്തിൽ ലഭിച്ച പരാതികളുടെ വിശദമായ വിവരം ലഭ്യമാക്കുമോ;

(ഇ) ദിവസ വേതനാടിസ്ഥാനത്തിൽ ക്ഷേമനിധികളിൽ നിയമിതരായവരുടെ മുഴുവൻ വിവരങ്ങളും ലഭ്യമാക്കുമോ; ഇവിടങ്ങളിൽ സംവരണം പാലിച്ചിട്ടില്ലെന്ന പരാതി നിലവിലുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 24-9-2016-ലെ സ.ഉ.(സാധാ) നമ്പർ 1196/16/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം 1-1-1995 മുതൽ 30-9-2016 വരെയുള്ള കാലയളവിൽ റദ്ദായ രജിസ്ട്രേഷൻ പുതുക്കുന്നതിന് 2016 ഒക്ടോബർ 1 മുതൽ 31 വരെ സമയം അനുവദിച്ചുനൽകിയിരുന്നു. കൂടാതെ രോഗം, കരുതൽ തടങ്കൽ നിയമം അനുസരിച്ചുള്ള അറസ്റ്റ്, ഉദ്യോഗാർത്ഥിയുടെ താമസസ്ഥലം ഉൾപ്പെടുന്ന പ്രദേശത്തോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് സ്ഥിതിചെയ്യുന്ന പ്രദേശത്തോ പ്രകൃതിക്ഷോഭം, വെള്ളപ്പൊക്കം, ഭൂമികുലുക്കം, തീപിടുത്തം, നിശാനിയമ പ്രഖ്യാപനം അല്ലെങ്കിൽ അതുപോലുള്ള നിയന്ത്രണം നടപ്പാക്കൽ എന്നീ കാരണങ്ങളാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതെ വരുന്നവർക്ക് ബന്ധപ്പെട്ട രേഖകൾ സഹിതം അപേക്ഷ സമർപ്പിച്ചാൽ സീനിയോറിറ്റി പുനഃസ്ഥാപിച്ച് രജിസ്ട്രേഷൻ പുതുക്കി നൽകാൻ വ്യവസ്ഥ നിലവിലുണ്ട്.

(ബി-ഡി) എംപ്ലോയ്മെന്റ് മുഖേനയുള്ള നിയമനങ്ങളിൽ സംവരണ തത്വങ്ങൾ കൃത്യമായി പാലിച്ചുവരുന്നു. സംസ്ഥാന സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സാമുദായിക സംവരണതത്വങ്ങൾ കർശനമായി പാലിച്ചാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കപ്പെടുന്ന ഒഴിവുകളിൽ തുടർ നടപടി സ്വീകരിച്ച് യോഗ്യരായ ഉദ്യോഗാർത്ഥികളുടെ പട്ടിക നൽകുന്നത്. 21-12-1970-ലെ സ.ഉ.(പി) നമ്പർ 413/70/പി.ഡി. ഉത്തരവിലും കെ.എസ്. & എസ്.എസ്.ആർ. 14 മുതൽ 17 വരെയും പരാമർശിച്ചിട്ടുള്ള സംവരണ വ്യവസ്ഥകൾക്കും വിധേയമായിട്ടാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ഉദ്യോഗാർത്ഥികളെ നാമനിർദ്ദേശം ചെയ്യുന്നത്. ഇപ്രകാരം നടത്തിയ നിയമനങ്ങൾ സംബന്ധിച്ച് വസ്തുനിഷ്ഠമായ പരാതികൾ ലഭിച്ചതായി കാണുന്നില്ല.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

**ഭിന്നശേഷിക്കാരുടെ തൊഴിലവസരങ്ങൾ**

174 (2194) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാരുടെ തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കാൻ സർക്കാർ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ ഭിന്നശേഷിക്കാരുടെ വിവരശേഖരണം ജില്ലാ അടിസ്ഥാനത്തിൽ പൂർത്തീകരിച്ചിട്ടുണ്ടോ; ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ടുപോയ ഭിന്നശേഷിക്കാരുടെ സമഗ്ര തൊഴിൽ പുനരധിവാസം ലക്ഷ്യമാക്കി എംപ്ലോയ്മെന്റ് വകുപ്പ് മുഖേന 'കൈവല്യ' എന്ന നവീന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയിൽ, (1) കരിയർ ഗൈഡൻസ്, മോട്ടിവേഷൻ, തൊഴിൽ സാദ്ധ്യതകളെ സംബന്ധിച്ച വിവരങ്ങൾ തുടങ്ങിയവ നൽകുന്നതിനായുള്ള "വൊക്കേഷണൽ & കരിയർ ഗൈഡൻസ്", (2) ഭിന്നശേഷിക്കാരെ തൊഴിൽ ചെയ്യാൻ പ്രാപ്തരാക്കുന്നതിനുള്ള "കപ്പാസിറ്റി ബിൽഡിംഗ്", (3) തൊഴിൽ മേഖലകളിലെ മത്സരപ്പരീക്ഷകളിൽ പങ്കെടുത്ത് വിജയം വരിക്കുന്നതിനായി "മത്സരപ്പരീക്ഷാ പരിശീലനം" (4) സ്വയംതൊഴിൽ സംരംഭങ്ങൾക്കായി "പലിശ രഹിത വായ്പാ പദ്ധതി" എന്നിങ്ങനെ നാലു ഘടകങ്ങളുണ്ട്.

എംപ്ലോയ്മെന്റ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന "ശരണ്യ" സ്വയംതൊഴിൽ സഹായ പദ്ധതിയിലും ഭിന്നശേഷിക്കാരെ ഉൾപ്പെടുത്തിയിട്ടുണ്ട്.

സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽനിന്നും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കപ്പെടുന്ന ഒഴിവുകളിലേയ്ക്ക് നാമനിർദ്ദേശം നൽകുമ്പോൾ ഭിന്നശേഷിയുള്ളവർക്ക് മുൻഗണന നൽകുന്നുണ്ട്. എംപ്ലോയ്മെന്റ് വകുപ്പ് മുഖേനയുള്ള നിയമനങ്ങളിൽ അർഹതപ്പെട്ട ഒഴിവുകളിലേയ്ക്ക് ഭിന്നശേഷിയുള്ളവർക്ക് 3 ശതമാനം സംവരണം നൽകുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

(ബി) സംസ്ഥാനത്തെ മുഴുവൻ ഭിന്നശേഷിക്കാരുടെയും വിവരങ്ങൾ തൊഴിൽ വകുപ്പിൽ ലഭ്യമല്ല. എന്നാൽ, സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 61,912 ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ജില്ല | ഭിന്നശേഷിക്കാരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 11,351 |
| കൊല്ലം | 6,765 |
| പത്തനംതിട്ട | 2,362 |
| ആലപ്പുഴ | 4,449 |
| കോട്ടയം | 3,569 |
| ഇടുക്കി | 1,640 |
| എറണാകുളം | 5,671 |
| തൃശ്ശൂർ | 4,357 |
| പാലക്കാട് | 3,955 |
| മലപ്പുറം | 4,975 |
| കോഴിക്കോട് | 6,460 |
| വയനാട് | 1,169 |
| കണ്ണൂർ | 3,287 |
| കാസർഗോഡ് | 1,902 |
| ആകെ | 61,912 |

## കരാറടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നവർക്ക് തസ്തികയ്ക്കനുസരിച്ചുള്ള മിനിമം വേതനം നൽകാൻ നടപടി

175 (2195) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പല വകുപ്പുകളിലും കരാറടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നവർക്ക് ജോലി ചെയ്യുന്ന തസ്തികയ്ക്കനുസരിച്ചുള്ള മിനിമം വേതനം നൽകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ;

(സി) ഇത്തരത്തിൽ പണിയെടുക്കുന്നവർക്ക് മാന്യമായ വേതനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഇതു സംബന്ധിച്ച് എല്ലാ വകുപ്പുകളിൽനിന്നും കരാർ ജീവനക്കാർക്ക് നൽകുന്ന വേതനത്തിന്റെയും മറ്റ് ആനുകൂല്യങ്ങളുടെയും വിവരങ്ങൾ ശേഖരിക്കുന്നതിന് തയ്യാറാകുമോ;

(ഇ) ഇത്തരത്തിൽ മിനിമം വേതനം നൽകാത്ത സാഹചര്യം ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-ഡി) സംസ്ഥാനത്ത് 80 തൊഴിൽ മേഖലകളെ മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തുകയും ആയതിൽ 75 മേഖലകളിൽ മിനിമം വേതനം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. കരാറടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നവർക്ക് മാത്രമായി മിനിമം വേതനം നിശ്ചയിച്ചുകൊണ്ട് തൊഴിൽ വകുപ്പ് ഉത്തരവിറക്കിയിട്ടില്ല. എന്നാൽ ധനകാര്യ വകുപ്പിന്റെ 26-2-2016-ലെ സ.ഉ.(പി) 28/16/ധന. ഉത്തരവിൻപ്രകാരം ദിവസവേതനാടിസ്ഥാനത്തിലും കരാറടിസ്ഥാനത്തിലും ജോലി ചെയ്തുവരുന്ന തൊഴിലാളികളുടെ വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

(ഇ) മിനിമം വേതനം നിശ്ചയിച്ചിട്ടുള്ള 75 തൊഴിൽ മേഖലകളിൽ പ്രസ്തുത വേതനം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ പരിശോധന നടത്താറുണ്ട്.

## അംഗപരിമിതർക്കായുള്ള ജോലി സംവരണം

176(2196) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ അംഗപരിമിതർക്കായി സർക്കാർ ജോലിയിൽ എത്ര ശതമാനം സംവരണം ആണ് ഏർപ്പെടുത്തിയിട്ടുള്ളത് ; താത്കാലികമായി ജോലി ചെയ്തു വരുന്ന ജീവനക്കാരിൽ ഏതു ദിവസം വരെ ജോലിയിൽ പ്രവേശിച്ചവരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്;

(ബി) 10 വർഷമായി താത്കാലികമായി ജോലിചെയ്യുന്നവർ സ്ഥിര ജോലിക്കായി കാത്തിരിക്കുന്നു എന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മാനുഷിക പരിഗണനമുൻനിർത്തി ഇവരെ സ്ഥിരജോലിക്കായി പരിഗണിക്കുന്നത് വേഗത്തിലാക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിൽ അംഗപരിമിതർക്കായി സർക്കാർ ജോലിയിൽ 3% സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്. 31-12-2003 വരെ താൽക്കാലികമായി ജോലി ചെയ്ത ജീവനക്കാർക്ക് സ്ഥിരനിയമനം നൽകിയിട്ടുണ്ട്.

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 16-8-99-നും 31-12-2003-നു മിടയിൽ താൽക്കാലികമായി 179 ദിവസവും വിടുതൽ ദിവസം പൊതു അവധി/ അവധികൾ ആയതിനാൽ 179 ദിവസം പൂർത്തിയാക്കാൻ സാധിക്കാത്തതുമായ അംഗപരിമിതർക്ക് പുനർനിയമനം നൽകാൻ സർക്കാർ തീരുമാനിക്കുകയും അത് നടപ്പിലാക്കി വരുന്നുമുണ്ട്. 2004 മുതൽ 2007 വരെയുള്ള ബാക്ക് ലോഗ് വേക്കൻസികൾ കണ്ടെത്തുകയും സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം നടത്തിവരികയുമാണ്. 2008 മുതൽ പി.എസ്.സി. വഴിയാണ് നിയമനം നടത്തുന്നത്.

## അന്യസംസ്ഥാന തൊഴിലാളികളുടെ അക്രമങ്ങൾ

177(2197) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലെ വിവിധ സ്ഥലങ്ങളിലേക്ക് ആൺ,പെൺ വിഭാഗത്തിൽ വളരെയധികം ആളുകൾ ജോലിയ്ക്കായിട്ടാണെന്ന നിലയിൽ കേരളത്തിൽ എത്തിചേരുന്നത് നിയന്ത്രിക്കാൻ സർക്കാർ എന്തെങ്കിലും നിയമം നടപ്പാക്കിയിട്ടുണ്ടോ;

(ബി) കേരളത്തിലെ പല സ്ഥലങ്ങളിലും ഈ അന്യസംസ്ഥാന തൊഴിലാളികൾ അക്രമങ്ങൾ നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കേരളത്തിലെ പ്രധാന തൊഴിൽ മേഖലകളായ ഫ്ളാറ്റ് നിർമ്മാണസ്ഥലത്തും മറ്റ് വൻകിട, ചെറുകിട കെട്ടിട നിർമ്മാണ സ്ഥലത്തും അന്യസംസ്ഥാന തൊഴിലാളികളാണ് പണിയെടുക്കുന്നതെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഇവരെക്കുറിച്ച് തൊഴിൽ വകുപ്പിൽ എന്തെങ്കിലും രജിസ്ട്രേഷൻ നടത്താൻ പദ്ധതിയുണ്ടോ; വെളിപ്പെടുത്തുമോ?

ഉത്തരം

(എ) തൊഴിൽ വകുപ്പ് മുഖേന ഇത്തരത്തിൽ നിയമങ്ങൾ ഒന്നും നടപ്പിലാക്കിയിട്ടില്ല.

(ബി) ഉണ്ട്.

(സി) ഉണ്ട്, സംസ്ഥാനത്ത് നിർമ്മാണ സ്ഥലങ്ങളിൽ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ നടത്തുന്ന പരിശോധനകളിൽ ധാരാളം ഇതരസംസ്ഥാന തൊഴിലാളികളെ കണ്ടെത്തിയിട്ടുണ്ട്. കേരളത്തിൽ ഇപ്പോൾ എത്തിച്ചേരുന്ന ഇതര സംസ്ഥാന തൊഴിലാളികൾ ഭൂരിഭാഗവും കോൺട്രാക്ടർ മുഖേനയല്ലാതെ നേരിട്ട് തൊഴിൽ തേടിയെത്തുന്നവരാണ്. ഇവരുടെ കൃത്യമായ കണക്ക് തൊഴിൽ വകുപ്പിന്റെ കൈവശമില്ല. എന്നാൽ ഇതരസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണത്തിനും വിവരശേഖരണത്തിനുമായി 'ആവാസ് ' എന്ന പേരിൽ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. പദ്ധതി പ്രാബല്യത്തിൽ വരുന്നതോടുകൂടി ഇൻഷ്വറൻസ് പദ്ധതി മുഖേന ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സുരക്ഷിതത്വം ഉറപ്പ് വരുത്താനും അതോടൊപ്പം വിവരശേഖരണം നടത്തി ഡാറ്റാ ബാങ്ക് തയ്യാറാക്കാനും തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുവാനും കഴിയും.

**കർഷകത്തൊഴിലാളി ക്ഷേമനിധി അംഗങ്ങൾക്കുള്ള അധിവർഷ ആനുകൂല്യം**

178(T 2198) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകത്തൊഴിലാളിക്ഷേമനിധിയിൽ അംഗമായിട്ടുള്ളവർക്ക് അധിവർഷ ആനുകൂല്യം വിതരണം ചെയ്യുന്ന പദ്ധതിയുണ്ടോ; വിശദീകരിക്കുമോ;

(ബി) എങ്കിൽ എന്ന് വരെയുള്ള ആനുകൂല്യം വിതരണം ചെയ്തുവെന്ന് വിശദമാക്കുമോ;

(സി) കർഷകത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ അവാർഡുകൾ നൽകി വരുന്നുണ്ടോ; 2016-17 വർഷത്തിൽ പ്രസ്തുത അവാർഡ് വിതരണം ചെയ്തിട്ടുണ്ടോ; വിശദീകരിക്കുമോ?

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ) ഉണ്ട്. കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ അംഗമായി 60 വയസ്സ് വരെ അംശദായം അടച്ച് അംഗത്വം പൂർത്തിയാക്കി റിട്ടയർ ചെയ്യുന്ന തൊഴിലാളികൾക്ക് നൽകിവരുന്ന ആനുകൂല്യമാണ് അധിവർഷാനുകൂല്യം. അംഗത്വകാലത്തിനനുസൃതമായി പ്രതിവർഷം 625 രൂപ എന്ന നിരക്കിലാണ് ആനുകൂല്യം നൽകിവരുന്നത്.

(ബി) 2009 വരെയുള്ള ആനുകൂല്യങ്ങളാണ് വിതരണം ചെയ്തിട്ടുള്ളത്.

(സി) ഉണ്ട്, കർഷകത്തൊഴിലാളി ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് ഓരോ വർഷവും സർക്കാർ സ്കൂളുകളിൽനിന്നോ സർക്കാരിന്റെ അംഗീകാരമുള്ള സ്കൂളുകളിൽ നിന്നോ SSLC/THSSLC പാസ്സാകുന്ന നിശ്ചിത എണ്ണം കുട്ടികൾക്ക്, നിശ്ചിത നിരക്കിൽ, ജില്ലാടിസ്ഥാനത്തിൽ ഉയർന്ന ഗ്രേഡുകൾ വാങ്ങുന്ന ക്രമത്തിൽ ക്യാഷ് അവാർഡ് നൽകിവരുന്നുണ്ട്. 2016-17 വർഷം 5183 കുട്ടികൾക്ക് 64 ലക്ഷം രൂപ ഈ ഇനത്തിൽ വിതരണം ചെയ്യുന്നതിന് അനുമതി നൽകുകയും വിതരണം പൂർത്തിയായി വരികയുമാണ്.

**ആരക്കുഴ ഗവൺമെന്റ് ഐ.ടി.ഐ.-യിൽ പുതിയ കോഴ്സുകൾ**

179 (2199) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ മണ്ഡലത്തിലെ ആരക്കുഴ ഗവ.ഐ.ടി.ഐ.യിൽ പുതിയ കോഴ്സുകൾ അനുവദിക്കണമെന്ന ആവശ്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ;

(സി) ഐ.ടി.ഐ.-യിൽ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഇല്ല.

(സി) പുതിയ കെട്ടിടത്തിന്റെ തെക്ക് ഭാഗം രണ്ടാം നില വാർത്ത് പ്ലാസ്റ്ററിംഗ് ജോലി പൂർത്തിയാക്കിയിട്ടുണ്ട്. വടക്ക് ഭാഗം ഒന്നാം നിലയുടെ കോൺക്രീറ്റിനായി റൂഫ് സ്ലാബിന്റെ തട്ട് തയ്യാറാക്കുന്ന ജോലികൾ പുരോഗമിച്ചിട്ടുണ്ട്.

### തിരുവമ്പാടി ഗവൺമെന്റ് ഐ.ടി.ഐ.-ക്ക് കെട്ടിടം

180(2200) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന തിരുവമ്പാടി ഗവ. ഐ.ടി.ഐ. -ക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി പഞ്ചായത്ത് വക സ്ഥലം വിട്ടുകിട്ടുന്നതിനുള്ള നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് എന്ന് സ്ഥലം ഏറ്റെടുക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) തിരുവമ്പാടി വില്ലേജിൽ OS.146 Part -ൽ റീ സർവ്വേ 599/1 (Not Final Resurvey No.)-ൽപ്പെട്ട 1 ഏക്കർ 48.25 സെന്റ് റവന്യൂ ഭൂമി ഐ.ടി.ഐ.-യ്ക്കായി കണ്ടെത്തിയിട്ടുണ്ട്. ടി സ്ഥലം വകുപ്പിന് ലഭ്യമാക്കുന്നതിനായി ലാന്റ് ട്രാൻസ്ഫർ ഫോമിൽ അപേക്ഷ, വ്യാവസായിക പരിശീലന വകുപ്പ് കോഴിക്കോട് ജില്ലാ കളക്ടർക്ക് 15-10-2016-ൽ സമർപ്പിച്ചിട്ടുണ്ട്. ഈ ഭൂമി Escheat (അന്യം നിന്ന) ആയതിനാൽ, ഭൂമി പുറമ്പോക്കായി പ്രഖ്യാപിച്ചശേഷം ഒരു വർഷം കഴിഞ്ഞാൽ മാത്രമേ കൈമാറ്റം ചെയ്യാൻ വ്യവസ്ഥയുള്ളൂ.

### ഐ.ടി.ഐ.-കൾ നവീകരിക്കാൻ നടപടി

181(2201) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ.ടി.ഐ.-കൾ നവീകരിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, കരിമ്പുഴയിലെ കേണൽ നിരഞ്ജൻ സ്മാരക സർക്കാർ ഐ.ടി.ഐ.യുടെ നവീകരണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ;

(സി) അദ്ധ്യാപക, അദ്ധ്യാപകേതര ജീവനക്കാരെ സ്ഥിരമായി നിയമിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഐ.ടി.ഐ.-കളെ മികവുറ്റ പരിശീലന കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി ചാക്ക, കോഴിക്കോട് എന്നീ ഐ.ടി.ഐ.-കളെ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഐ.ടി.ഐ.-കളാക്കി മാറ്റാൻ അനുമതി നൽകിയിട്ടുണ്ട്. അതിന്റെ നടപടികൾ നടന്നുവരുന്നു. കൂടാതെ മാന്ദ്യവിരുദ്ധ പാക്കേജിന്റെ ഭാഗമായി സംസ്ഥാനത്തെ 10 ഐ.ടി.ഐ.-കളെ കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB)-ന്റെ ധനസഹായത്തോടെ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഐ.ടി.ഐ.-കളാക്കി മാറ്റുന്നതിനും സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ആയതിന് ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കുന്നതിന് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ M/s KASE (കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ്)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വകുപ്പിലെ ഐ.ടി.ഐ.-കളുടെ നവീകരണവുമായി ബന്ധപ്പെട്ട് നടപ്പ് സാമ്പത്തിക വർഷം യന്ത്രോപകരണങ്ങളുടെ സംഭരണത്തിന് 36.85 കോടി രൂപയും വിവിധ നിർമ്മാണ പ്രവൃത്തികൾക്ക് 13.15 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ആയതു പ്രകാരമുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഐ.ടി.ഐ. സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം ഇതുവരെയും ലഭ്യമായിട്ടില്ല.

(സി) കേണൽ നിരഞ്ജൻ സ്മാരക സർക്കാർ ഐ.ടി.ഐ. എലുമ്പുലാശ്ശേരിയിൽ അദ്ധ്യാപക, അദ്ധ്യാപകേതര ജീവനക്കാരെ സ്ഥിരമായി നിയമിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടി ഐ.ടി.ഐ.-യിൽ അനുവദിച്ച തസ്തികകളിൽ പ്രിൻസിപ്പാൾ ക്ലാസ്സ്-2 തസ്തികയിലെ ഒഴിവ് നികത്തിയിട്ടുണ്ട്. പ്ലംബർ ട്രേഡിലെ ഒഴിവിൽ ഇൻസ്ട്രക്ടർ തസ്തികയിൽ സ്ഥലംമാറ്റം മുഖേനയും ഡ്രാഫ്റ്റ്സ്മാൻ സിവിൽ ട്രേഡിലെ ഒഴിവിൽ പി.എസ്.സി. മുഖേനയും നിയമനം നടത്തിയിട്ടുണ്ട്. മിനിസ്റ്റീരിയൽ വിഭാഗത്തിൽ ക്ലാർക്ക് തസ്തികയിൽ ഒരു ഉദ്യോഗസ്ഥനെ സ്ഥലംമാറ്റി നിയമിച്ചു. ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ വാച്ച്മാൻ തസ്തികയിൽനിന്നും തസ്തികമാറ്റം മുഖേന ഒരു ഉദ്യോഗസ്ഥനേയും നിയമിച്ചിട്ടുണ്ട്.

## പുതിയ തൊഴിൽ മേഖലകളും അപ്രത്യക്ഷമാകാൻ പോകുന്ന തൊഴിലുകളും സംബന്ധിച്ച്

182(2202) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാവികാസത്താൽ അടുത്ത 10 വർഷത്തിനുള്ളിൽ ഇപ്പോഴുള്ള തൊഴിലുകളുടെ 70% അപ്രത്യക്ഷമാകുമെന്ന ഇന്റർനാഷ്ണൽ ലേബർ ഓർഗനൈസേഷന്റെ റിപ്പോർട്ടിന്റെ പശ്ചാത്തലത്തിൽ തൊഴിൽ അവസരങ്ങളെ പ്പറ്റി തൊഴിൽ വകുപ്പ് എന്തെങ്കിലും പഠനം നടത്തുകയും പദ്ധതികൾ ആസൂത്രണം ചെയ്യുകയും ചെയ്തിട്ടുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട ദേശീയ അന്തർദ്ദേശീയ ഏജൻസികളുടെ റിപ്പോർട്ടുകൾ ലഭ്യമാക്കാമോ;

(സി) ഇവ കേരളത്തിലെ തൊഴിൽ മേഖലയെ എങ്ങനെ ബാധിക്കുമെന്നും ഇതിനായി തൊഴിൽ പരിശീലന വകുപ്പിൽ എന്തൊക്കെ പുതിയ കോഴ്സുകൾ ആസൂത്രണം ചെയ്യാനുദ്ദേശിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) വിവരം ലഭ്യമല്ല.

(സി) തൊഴിൽ വിപണിക്കനുസരിച്ച് തൊഴിൽ സാധ്യതയേറിയ മേഖലകൾക്ക് മുൻതൂക്കം നൽകിയാണ് തൊഴിൽ വകുപ്പിന് കീഴിലുള്ള കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) പരിശീലന പദ്ധതികൾ വിഭാവന ചെയ്യുന്നത്. നഴ്സിംഗ്, സെക്യൂരിറ്റി സർവ്വീസസ്, ഓയിൽ ആന്റ് ഗ്യാസ്, ടീച്ചിംഗ്, എന്റർപ്രെണർഷിപ്, വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ്, ആരോഗ്യ സൗന്ദര്യ സംരക്ഷണം, ബാങ്കിംഗ് ആന്റ് ഫിനാൻസ്, മറൈൻ, ഇൻഡസ്ട്രിയൽ ഓട്ടോമേഷൻ, പെട്രോളിയം, ആയുർവ്വേദം, മൾട്ടി മീഡിയ ആന്റ് ആനിമേഷൻ, ആർക്കിടെക്ചർ ആന്റ് ഇന്റീരിയർ ഡിസൈൻ, ഫിസിയോ തെറാപ്പി, ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി, എഞ്ചിനീയറിംഗ് തുടങ്ങി വിവിധ മേഖലകളിൽ ഇതിനോടകം പരിശീലന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. തുടർന്നും വൈവിധ്യമാർന്ന തൊഴിൽ സാധ്യതയുള്ള മേഖലകളിൽനിന്നും നിർദ്ദേശങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് മുൻഗണന നൽകി പരിശീലന പദ്ധതികൾ നടപ്പിലാക്കുന്നതാണ്.

**കൈവല്യ പദ്ധതി**

183(2203) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗപരിമിതരുടെ ഉന്നമനത്തിനായി സംസ്ഥാനത്ത് 'കൈവല്യ' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ, ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ഇവ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ആദ്യഘട്ടമെന്ന നിലയിൽ, പ്രസ്തുത പദ്ധതി ഏതെല്ലാം ജില്ലകളിലാണ് ആരംഭിച്ചിട്ടുള്ളത്; വിശദാംശം നല്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തിയിട്ടുള്ള സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതിയാണ് "കൈവല്യ ". ഈ പദ്ധതിയിൽ 4 ഘടക പദ്ധതികൾ സമന്വയിപ്പിച്ചിട്ടുണ്ട്.

(1) വൊക്കേഷണൽ & കരിയർ ഗൈഡൻസ്

(2) കപ്പാസിറ്റി ബിൽഡിങ്ങ്

(3) മത്സരപ്പരീക്ഷ പരിശീലനം

(4) സ്വയം തൊഴിൽ - പലിശ രഹിത വായ്പ പദ്ധതി.

പദ്ധതിയിൽ ഉൾപ്പെടുന്ന ഭിന്നശേഷിയുള്ളവരെ, മേൽ പരാമർശിച്ചിട്ടുള്ള ഒന്നോ അതിലധികമോ ഘടക പദ്ധതികളിലൂടെ വരുമാനമാർഗ്ഗമുള്ള തൊഴിൽ കണ്ടെത്തി സ്വയം പ്രാപ്തരാക്കുക എന്നതാണ് പദ്ധതികൊണ്ട് ലക്ഷ്യമാക്കുന്നത്.

ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ നല്കുന്നു:

- കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 40% ഭിന്നശേഷിയുടെ സർട്ടിഫിക്കറ്റ് സഹിതം രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ ഉദ്യോഗാർത്ഥികൾക്കും കൈവല്യ പദ്ധതിയിലേയ്ക്ക് അപേക്ഷിക്കാവുന്നതാണ്.
- ഉദ്യോഗാർത്ഥികൾക്ക് അവർ രജിസ്റ്റർ ചെയ്തിട്ടുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അപേക്ഷ നൽകാവുന്നതാണ്.
- എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും അപേക്ഷ നൽകുന്ന ഉദ്യോഗാർത്ഥികളുടെ വിവരങ്ങൾ ഉൾപ്പെടുത്തി ഒരു ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതാണ്.
- കൈവല്യയുടെ ഘടക പദ്ധതികളിലേയ്ക്ക് ഈ ഡാറ്റാ ബാങ്കിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതായിരിക്കും.
- സ്വയംതൊഴിൽ പദ്ധതിയിലേയ്ക്ക് അപേക്ഷിക്കുന്നതിന്, അപേക്ഷകന്റെ പ്രായം 55 വയസ്സ് കഴിയാൻ പാടില്ല.
- സ്വയംതൊഴിൽ വായ്പ ലഭിക്കുന്നതിന് വാർഷിക വരുമാനം 2,00,000 ( രണ്ടു ലക്ഷം രൂപ ) കവിയാൻ പാടില്ല.

- വില്ലേജ് ഓഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.
- ബി.പി.എൽ. റേഷൻ കാർഡുടമകൾ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതില്ല.
- ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള ഒരു ജില്ലാതല സമിതിയാണ് വായ്പ നൽകുന്നതിനുള്ള സംരംഭകരെ തെരെഞ്ഞെടുക്കുന്നത്.
- വായ്പാതുക അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നിക്ഷേപിക്കുകയാണ് ചെയ്യുന്നത്.
- വായ്പാതുക തവണകളായി തിരിച്ചടയ്ക്കേണ്ടതാണ്. (50% സബ്സിഡി കഴിച്ച്)
- വായ്പ ലഭിക്കുന്നതിനായി തെരെഞ്ഞെടുക്കപ്പെടുന്ന സംരംഭകൻ തിരിച്ചടവ് ഉറപ്പ് വരുത്തുന്നതിനായിട്ടുള്ള ബോണ്ട് ഒപ്പിട്ട് നൽകേണ്ടതാണ്.

(സി) 2016-17 സാമ്പത്തിക വർഷത്തിൽ കൈവല്യ പദ്ധതിയുടെ ആദ്യഘട്ടം 14 ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്. എംപ്ലോയ്മെന്റ് വകുപ്പിന് കീഴിലുള്ള അംഗപരിമിതർക്ക് വേണ്ടിയുള്ള ആറ് സ്പെഷ്യൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. സംസ്ഥാനത്തൊട്ടാകെ 2016-17 സാമ്പത്തിക വർഷത്തിൽ 307 ഭിന്നശേഷിക്കാരായ സ്വയംതൊഴിൽ സംരംഭകർക്ക് പലിശരഹിത വായ്പയും 198 ഉദ്യോഗാർത്ഥികൾക്ക് മത്സരപ്പരീക്ഷകളിൽ പങ്കെടുക്കുന്നതിനുള്ള 25 ദിവസത്തെ പരിശീലനവും ലഭ്യമാക്കിയിട്ടുണ്ട്.

## വാമനപുരം നിയോജകമണ്ഡലത്തിലെ ഐ.ടി.ഐ. പ്രവർത്തനം തുടങ്ങാൻ നടപടി

184(2204) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ അനുവദിച്ച ഐ.ടി.ഐ.-യുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണ്; വിശദമാക്കാമോ;

(ബി) ഐ.ടി.ഐ. എന്ന് മുതൽ പ്രവർത്തനം ആരംഭിക്കുവാൻ കഴിയും?

ഉത്തരം

(എ&ബി) വാമനപുരം ഗ്രാമപഞ്ചായത്തിൽ ഐ.ടി.ഐ. സ്ഥാപിക്കുന്നതിനായി പഞ്ചായത്തിലെ ഒന്നാം വാർഡായ പന്തുവിളയിൽ 70/1, 71/2, 71/2/5/7, 104/1 എന്നീ സർവ്വേ നമ്പറുകളിൽപ്പെട്ട രണ്ടേക്കർ സ്ഥലം ലഭ്യമാക്കാമെന്ന് വാമനപുരം പഞ്ചായത്ത് അറിയിച്ച് സമ്മതപത്രം ലഭ്യമാക്കിയിട്ടുണ്ട്. ഐ.ടി.ഐ. സ്ഥാപിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

## ബാറുകളിലെ ജീവനക്കാരെ പുനരധിവസിപ്പിക്കൽ

185(2205) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർത്തലാക്കിയ ബാറുകളിലെ ജീവനക്കാരെ പുനരധിവസിപ്പിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ക്ഷേമനിധി പെൻഷൻ ലഭിക്കുന്ന എത്ര പേരുണ്ട്; ലഭിക്കാത്തവർ എത്ര;

(സി) ഇവർക്ക് സ്വയംതൊഴിലുകൾ കണ്ടെത്തുവാൻ ബാങ്കുകൾ വഴി ലോൺ സൗകര്യം ഉണ്ടാക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) മദ്യനയത്തിന്റെ ഭാഗമായി പൂട്ടിയ ബാർ ഹോട്ടലുകളിൽ ഉണ്ടായിരുന്ന തൊഴിലാളികൾക്ക് ജോലി നൽകണമെന്ന വ്യവസ്ഥയിന്മേലാണ് ഇത്തരം ഹോട്ടലുകൾക്ക് ബാർ ലൈസൻസിന്റെ തുടർച്ചയെന്നോണം ബിയർ ആന്റ് വൈൻ പാർലർ ലൈസൻസുകൾ നൽകിയത്. 'പുനർജനി 2030 ' എന്ന പദ്ധതിയിലൂടെ സമാഹരിച്ച തുകയിൽനിന്നും ഓരോ തൊഴിലാളിക്കും ഇടക്കാല സമാശ്വാസമായി ആദ്യഗഡുവായി 5,000 രൂപ വീതം 5851 പേർക്കും, രണ്ടാം ഗഡുവായി 10,000 രൂപ വീതം 5809 പേർക്കും, തൊഴിൽ നഷ്ടപ്പെട്ടതുമൂലം ആത്മഹത്യ ചെയ്ത തൊഴിലാളികളുടെ ആശ്രിതർക്ക് 2,00,000 രൂപ വീതം മൂന്ന് പേർക്കും നൽകിയിട്ടുണ്ട്.

(ബി) കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി പെൻഷൻ പദ്ധതി പ്രകാരം 60 വയസ്സ് പൂർത്തിയാക്കി ക്ഷേമനിധി പെൻഷൻ കൈപ്പറ്റുന്ന ആകെ 460 പെൻഷനേഴ്സ് നിലവിലുണ്ട്. നിർത്തലാക്കിയ ബാറുകളിലെ കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗമായ 60 വയസ്സ് പൂർത്തിയാക്കിയ എല്ലാ തൊഴിലാളികൾക്കും പെൻഷന് അർഹതയുണ്ട്. ആയതുപ്രകാരം അർഹതപ്പെട്ടവർക്ക് അനുവദിച്ചുനൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. അപേക്ഷ ലഭ്യമായതിനുശേഷമേ കൃത്യമായ കണക്ക് ലഭ്യമാക്കാൻ കഴിയുകയുള്ളൂ.

(സി) പരിശോധിക്കുന്നതാണ്.

## ഇ.എസ്.ഐ. ഡിസ്പെൻസറികളിലും ആശുപത്രികളിലും ജീവനക്കാരുടെ അഭാവം

186(2206) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസിന്റെ കീഴിലുള്ള, സംസ്ഥാനത്തെ ഇ.എസ്.ഐ. ഡിസ്പെൻസറികളിലും ആശുപത്രികളിലും മതിയായ ഡോക്ടർമാരും പാരാമെഡിക്കൽ ജീവനക്കാരുമില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) കൊല്ലം ജില്ലയിലെ വിവിധ ഇ.എസ്.ഐ. ഡിസ്പെൻസറികളിൽ ഡോക്ടർമാർ, നഴ്സുമാർ മറ്റ് പാരാമെഡിക്കൽ ജീവനക്കാർ എന്നിവരുടെ തസ്തികകൾ എത്രയാണെന്ന് ഡിസ്പെൻസറി തിരിച്ച് വ്യക്തമാക്കാമോ; അവയിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുവെന്ന് വിശദീകരിക്കാമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇ.എസ്.ഐ. സ്കീം തുടങ്ങിയ സമയത്തെ സ്റ്റാഫ് പാറ്റേൺ ആണ് ഇപ്പോഴും നിലവിലുള്ളത്. ആയത് പരിഷ്കരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. ഡോക്ടർമാരുടേയും പാരാമെഡിക്കൽ ജീവനക്കാരുടെയും മറ്റ് ജീവനക്കാരുടെയും അനുവദനീയമായ തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകൾ യഥാസമയം പി.എസ്.സി.-യെ അറിയിച്ച് നിയമനം നടത്തിവരുന്നുണ്ട്. 10-10-2013 മുതൽ പി.എസ്.സി.-യിൽ ഡോക്ടർമാരുടെ റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത സാഹചര്യത്തിൽ പി.എസ്.സി.-യിൽനിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും കോൺട്രാക്ട് അടിസ്ഥാനത്തിലും ഡോക്ടർമാരെ നിയമിച്ചുവരുന്നു. അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ആഫീസർമാരുടെ റാങ്ക് ലിസ്റ്റ് ഉടൻ പ്രസിദ്ധീകരിക്കുന്നതാണെന്ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അറിയിച്ചിട്ടുണ്ട്.

(ബി) കൊല്ലം ജില്ലയിലെ ഇ.എസ്.ഐ. ഡിസ്പെൻസറികളിൽ അനുവദനീയമായ തസ്തികകളുടെ ലിസ്റ്റ് അനുബന്ധം 1 ആയും ഒഴിവുകൾ അനുബന്ധം 2 ആയും ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## റാന്നി കേന്ദ്രമാക്കി ഇ.എസ്.ഐ. ഡിസ്പെൻസറി

187(2207) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ.എസ്.ഐ. മെഡിക്കൽ കോർപ്പറേഷന്റെ കീഴിൽ മെഡിക്കൽ കോളേജുകൾ ഉള്ളത് ഏതൊക്കെ സ്ഥലങ്ങളിലാണ്; ഇ.എസ്.ഐ. മെഡിക്കൽ ചികിത്സാ സൗകര്യങ്ങൾ ലഭിക്കുന്ന സ്ഥലങ്ങളുടെ ജില്ല തിരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ;

(ബി) തോട്ടം തൊളിലാളികളും മറ്റും ധാരാളമായുള്ള റാന്നി കേന്ദ്രമാക്കി ഒരു ഇ.എസ്.ഐ. ഡിസ്പൻസറി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പത്തനംതിട്ട ജില്ലയ്ക്ക് അനുവദിച്ചിട്ടുള്ള ഇ.എസ്.ഐ. അശുപത്രിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത അശുപത്രിയുടെ പ്രവർത്തനം റാന്നിയിൽ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇ.എസ്.ഐ. മെഡിക്കൽ കോർപ്പറേഷന്റെ കീഴിൽ കേരളത്തിൽ മെഡിക്കൽ കോളേജുകൾ ഒന്നുംതന്നെ ഇല്ല.

ഇ.എസ്.ഐ. ചികിത്സാ സൗകര്യം സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ലഭ്യമാണ്. ഇ.എസ്.ഐ.സി. 2.0 പദ്ധതി പ്രകാരം സംസ്ഥാന വ്യാപകമായി ഇ.എസ്.ഐ. ചികിത്സാ പദ്ധതി നടപ്പാക്കിയിരിക്കുകയാണ്. 9 ഇ.എസ്.ഐ. ആശുപത്രികളിലും 143 ഇ.എസ്.ഐ. ഡിസ്പെൻസറികളിലും പ്രൈമറി, സെക്കന്ററി ചികിത്സാ സൗകര്യം ലഭ്യമാണ്. ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി) റാന്നി കേന്ദ്രമാക്കി ഒരു ഏക ഡോക്ടർ ടൈപ്പ് ഡിസ്പെൻസറി ആരംഭിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) പത്തനംതിട്ട ജില്ലയ്ക്ക് അനുവദിച്ചിട്ടുള്ള ഇ.എസ്.ഐ. ഡിസ്പെൻസറിയുടെ പ്രവർത്തനം ഉടൻതന്നെ പത്തനംതിട്ടയിൽ ആരംഭിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**കൊരട്ടി ഇ.എസ്.ഐ. ആശുപത്രിക്ക് പുതിയ കെട്ടിടം**

188(2208) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊരട്ടി ഇ.എസ്.ഐ. ആശുപത്രിയുടെ സ്വന്തമായുള്ള സ്ഥലത്ത് പുതിയ ആശുപത്രി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കെട്ടിടനിർമ്മാണം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ തടസ്സങ്ങൾ നീക്കി ഉടൻ നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കൊരട്ടിയിൽ ഇ.എസ്.ഐ. ഡിസ്പെൻസറിയാണുള്ളത്. പുതിയ ഡിസ്പെൻസറി നിർമ്മിക്കുന്നതിനായി കെട്ടിടത്തിന് തറക്കല്ലിടുക മാത്രമേ ചെയ്തിട്ടുള്ളൂ.

(ബി&സി) കൺസ്ട്രക്ഷൻ ഏജൻസിയുമായി ബന്ധപ്പെട്ട് കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളുടെ ചുമതലയും മേൽനോട്ടവും വഹിക്കുന്നത് ഇ.എസ്.ഐ. കോർപ്പറേഷന്റെ കേന്ദ്ര ഓഫീസാണ്. നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ ആരംഭിക്കണമെന്ന് അഭ്യർത്ഥിച്ച് 16-2-2017-ന് ഇ.എസ്.ഐ. കോർപ്പറേഷൻ ഡയറക്ടർ ജനറലിന് സർക്കാരിൽനിന്നും കത്തയച്ചിട്ടുണ്ട്.

**ഫറോക്ക് ഇ.എസ്.ഐ. ആശുപത്രിയിൽ അത്യാവശ്യ മരുന്നുകളുടെ ദൗർലഭ്യം**

189(2209) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫറോക്ക് ഇ.എസ്.ഐ. ആശുപത്രിയിൽ അത്യാവശ്യ മരുന്നുകൾ ലഭ്യമാകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആശുപത്രിയിൽ അത്യാവശ്യ മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ;

(സി) എല്ലാ വർഷവും ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ മരുന്നുകൾക്ക് ദൗർലഭ്യം നേരിടുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിക്കുമോ; ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ആശുപത്രിയിൽ നിന്നുള്ള ഇൻഡന്റിൻപ്രകാരം സ്റ്റോറിൽ ലഭിച്ച എല്ലാ മരുന്നുകളും 20-1-2017-ലെയും 11-4-2017-ലെയും ഇഷ്യു നോട്ട് പ്രകാരം നൽകിയിട്ടുണ്ട്.

(സി) എല്ലാ വർഷവും ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ മരുന്നുകൾക്ക് ദൗർലഭ്യം ഉണ്ടാകാറില്ല. സ്ഥാപനങ്ങളിൽ നിന്നുള്ള ഇൻഡന്റ് പ്രകാരം സ്റ്റോറിലുള്ള മരുന്നുകൾ ജനുവരി മാസം തന്നെ വിതരണം ചെയ്യാറുണ്ട്.

**കേരള സംസ്ഥാന ലഹരി വർജ്ജന മിഷന്റെ പ്രവർത്തനം**

190(2210) ശ്രീ. കെ. ദാസൻ :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. വി. ജോയി :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി'യുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) 'വിമുക്തി'യുടെ ഭാഗമായി സംസ്ഥാനത്തെ ജില്ലാ ആശുപത്രികളിൽ ലഹരി വിമുക്ത സെന്ററുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇത്തരം സെന്ററുകളിൽ ലഹരിക്ക് അടിമപ്പെട്ടവർക്ക് ആധുനികവും ശാസ്ത്രീയവുമായ ചികിത്സാസൗകര്യങ്ങളും സൗജന്യ കൗൺസിലിംഗ് സൗകര്യവും ഏർപ്പെടുത്തുമോ;

(ഡി) പ്രസ്തുത മിഷന്റെ ലഹരി വർജ്ജന പ്രവർത്തനങ്ങളിൽ കുടുംബശ്രീ അംഗങ്ങൾ, ആശവർക്കർമാർ, അയൽക്കൂട്ടങ്ങൾ എന്നിവരുടെ പ്രവർത്തനങ്ങൾ കൂടി ഏകോപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) എല്ലാ ജില്ലകളിലും ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ ലഹരിവിമുക്ത സെന്ററുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) ഏർപ്പെടുത്തും.

(ഡി) കുടുംബശ്രീ അംഗങ്ങൾ, ആശാ വർക്കർമാർ, അയൽക്കൂട്ടങ്ങൾ എന്നിവരെക്കൂടി ഉൾപ്പെടുത്തി വിമുക്തിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കിവരുന്നുണ്ട്.

## തുറക്കാനാവാത്ത ബിവറേജസ് ഷോപ്പുകൾ

191(2211) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളുടെ എതിർപ്പുകാരണം തുറക്കാനാവാത്ത എത്ര ബിവറേജസ് ഷോപ്പുകൾ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇവ ഏതൊക്കെയെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കുമോ;

(ബി) സുപ്രീംകോടതി വിധിമൂലം പൂട്ടിയ ബാറുകളുടെ ഫീസ് മടക്കി കൊടുക്കേണ്ടതുണ്ടോ; എങ്കിൽ എത്ര കോടിരൂപയെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

### ഉത്തരം

(എ) പഞ്ചായത്തുകളുടെ എതിർപ്പുകാരണം തുറക്കാനാവാത്ത 35 ബിവറേജസ് ഷോപ്പുകൾ നിലവിലുണ്ട്. ടി ഷോപ്പുകളെക്കുറിച്ചുള്ള വിശദവിവരം അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) ഉണ്ട്. 1,67,90,000 രൂപ ഇത്തരത്തിൽ മടക്കി നൽകേണ്ടിവരും.

## ഇതര സംസ്ഥാന തൊഴിലാളികളിലെ ലഹരി ഉപയോഗം

192(2212) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇതരസംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന ഹോസ്റ്റലുകളിൽ മദ്യവും മയക്കുമരുന്നുകളും മറ്റ് ലഹരി വസ്തുക്കളും ധാരാളമായി ഉപയോഗിക്കുന്ന കാര്യം പരിശോധിക്കുമോ;

(ബി) പരിശോധനയിൽ കുറ്റക്കാരെന്ന് തെളിയുന്നവരെ കോടതികളിൽ ഹാജരാക്കി ശിക്ഷ വാങ്ങി കൊടുക്കുവാൻ വകുപ്പ് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാം;

(സി) കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കാൻ നിലവിലെ നിയമ വ്യവസ്ഥകൾ പര്യാപ്തമാണോ;

### ഉത്തരം

(എ) സംസ്ഥാനത്ത് ഇതര സംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന ഇടങ്ങളിൽ പ്രതിവാരം ഒരു തവണയെങ്കിലും ആകസ്മിക പരിശോധനകൾ 'ഓപ്പറേഷൻ ഭായി' എന്ന പേരിൽ എക്സൈസ് വകുപ്പ് നടത്തിവരുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) എക്സൈസ് വകുപ്പ് നടത്തുന്ന പരിശോധനകളിൽ കുറ്റക്കാരെന്ന് കണ്ടെത്തുന്നവർക്കെതിരായി നിലവിലുള്ള നിയമ വ്യവസ്ഥകളുടെ പരിധിയിൽ പരമാവധി ശിക്ഷ ലഭിക്കത്തക്ക രീതിയിൽ പഴുതുകളില്ലാത്ത കുറ്റപത്രം ബഹുമാനപ്പെട്ട കോടതി മുമ്പാകെ സമർപ്പിക്കുകയും ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നുണ്ട്.

(സി) നിരോധിത പുകയില ഉല്പന്നങ്ങൾ ഉപയോഗിക്കുന്നവർക്കെതിരെ കോട്പ നിയമ പ്രകാരം 200 രൂപ പിഴയാണ് നിഷ്കർഷിച്ചിട്ടുള്ളത്. NDPS നിയമപ്രകാരം 999 ഗ്രാം വരെ കഞ്ചാവ് കൈവശംവച്ച് കൈകാര്യം ചെയ്യുന്ന കുറ്റവാളികളെ കോടതിയിൽ ഹാജരാക്കുമ്പോൾത്തന്നെ ജാമ്യം കിട്ടുന്ന നിയമ വ്യവസ്ഥയാണുള്ളത്. ഇത്തരം പ്രതികൾക്ക് ലഭിക്കാവുന്ന ശിക്ഷ 6 മാസം വരെ കഠിന തടവോ, പതിനായിരം രൂപ വരെ പിഴയോ, രണ്ടും കൂടിയോ ആണ്. ഇത്തരത്തിലുള്ള കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കുള്ള ശിക്ഷ തുലോം കുറവായതിനാൽ, കുറ്റകൃത്യങ്ങൾ കൂടിവരുന്ന സാഹചര്യത്തിൽ കേന്ദ്ര നിയമങ്ങളായ എൻ.ഡി.പി.എസ്. ആക്ട് 1985, കോട്പ ആക്ട് 2003 എന്നിവയിൽ ചില നിർണ്ണായക ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിലെ ഡെപ്യൂട്ടേഷൻ നിയമനം

193(2213) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബിവറേജസ് കോർപ്പറേഷനിലേയ്ക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജീവനക്കാരെ നിയമിക്കുന്നതിന് കോടതി ഉത്തരവുമൂലം വിലക്കിയിട്ടുണ്ടോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവ് നിലനിൽക്കെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തിയിട്ടുണ്ടോ;

(സി) അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ എത്ര പേർ ജോലി ചെയ്യുന്നുവെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽ അന്യത്ര സേവന വ്യവസ്ഥയുമായി ബന്ധപ്പെട്ട് ഒരു നിയമനവും പാടില്ലെന്നുള്ള ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ WP(C) 19522/15-ാം നമ്പർ കേസിലെ 30/06/2015-ലെ ഇടക്കാല ഉത്തരവ്, 21-3-2016-ലെ ഉത്തരവ് പ്രകാരം ബഹുമാനപ്പെട്ട ഹൈക്കോടതി പിൻവലിച്ചിട്ടുള്ളതും അന്യത്ര സേവന നിയമനവുമായി ബന്ധപ്പെട്ട തുടർ നടപടിക്രമങ്ങൾ കേസിന്റെ അന്തിമവിധിക്ക് വിധേയമായിട്ടായിരിക്കുമെന്ന് ഉത്തരവായിട്ടുള്ളതുമാകുന്നു. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഉണ്ട്.

(സി) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം ലഭിച്ച 2 പേർ നിലവിൽ ജോലി ചെയ്തുവരുന്നു.

**ലഹരി വസ്തുക്കൾ വ്യാപിക്കുന്നത് തടയാൻ നടപടി**

194(2214) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുപ്രീംകോടതി വിധി പ്രകാരം മദ്യത്തിന്റെ ലഭ്യത കുറഞ്ഞതുമൂലം, മയക്കുമരുന്നിന്റെ ഉപഭോഗം കൂടുന്നതായി ഏതെങ്കിലും തരത്തിലുള്ള റിപ്പോർട്ട് സർക്കാരിന് ലഭ്യമായിട്ടുണ്ടോ; ഈ സർക്കാർ അധികാരമേറ്റശേഷം ഇതേവരെ എക്സൈസ് വകുപ്പ് നടത്തിയ വിവിധതരം റെയ്ഡുകളുടെ എണ്ണം എത്ര; ഇതുവഴി പിടിച്ചെടുത്ത മയക്കുമരുന്നുകളുടെ പേരും ഇനവും അളവും ഇവയ്ക്ക് അന്താരാഷ്ട്ര മാർക്കറ്റിൽ ലഭിക്കാവുന്ന വിലയും സഹിതം വ്യക്തമാക്കാമോ;

(ബി) കേരളത്തിൽ കഴിഞ്ഞ 5 വർഷത്തിനിടെ മയക്കുമരുന്നിന്റെയും മറ്റും ഉപയോഗം സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള കണക്കുകൾ ലഭ്യമാണോ; മദ്യത്തിന് പകരം മറ്റ് ലഹരിവസ്തുക്കൾ ഉപയോഗിക്കുന്നതിനുള്ള പ്രവണത വർദ്ധിക്കുന്നത് സംബന്ധിച്ച് ഔദ്യോഗിക പഠനം നടത്താൻ തീരുമാനം ഉണ്ടോ; മറ്റ് ലഹരി വസ്തുക്കൾ വ്യാപിക്കുന്നത് തടയാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) സുപ്രീംകോടതി വിധി പ്രകാരം മദ്യത്തിന്റെ ലഭ്യത കുറഞ്ഞതുമൂലം മയക്കുമരുന്നിന്റെ ഉപഭോഗം കൂടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഈ സർക്കാർ അധികാരമേറ്റശേഷം 25-5-2016 മുതൽ 23-4-2017 വരെ എക്സൈസ് വകുപ്പ് 129191 വിവിധയിനം റെയ്ഡുകൾ നടത്തിയിട്ടുണ്ട്. ഇതുവഴി പിടിച്ചെടുത്ത മയക്കുമരുന്നുകളുടെ പേരും ഇനവും അളവും ഇവയ്ക്ക് അന്താരാഷ്ട്ര മാർക്കറ്റിൽ ലഭിക്കാവുന്ന വിലയും (നിലവിലെ നിയമാനുസരണം അംഗീകൃതമായ വില) ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പേര്/ഇനം | പിടിച്ചെടുത്ത അളവ് | അന്താരാഷ്ട്ര മാർക്കറ്റിൽ ലഭിക്കാവുന്ന വില |
|---|---|---|---|
| 1. | കഞ്ചാവ് | 823.426 കിലോഗ്രാം | 2,000 രൂപ/കിലോഗ്രാം |
| 2. | കഞ്ചാവ് ചെടി | 2294 എണ്ണം | - |
| 3. | കഞ്ചാവ് ലേഹ്യം | 125 ഗ്രാം | - |
| 4. | ഹാഷിഷ് | 11.451 കിലോഗ്രാം | - |
| 5. | ഹെറോയിൻ | 43.28 ഗ്രാം | 5-15 ലക്ഷം രൂപ/ കിലോ |
| 6. | ബ്രൗൺഷുഗർ | 107.24 ഗ്രാം | - |
| 7 | ഓപ്പിയം | 43 ഗ്രാം | 5,500-10,000 രൂപ/ കിലോ ഗ്രാം |
| 8 | കൊക്കൈൻ | 11 ഗ്രാം | 10-30 ലക്ഷം രൂപ/ കിലോ ഗ്രാം |
| 9 | ചരസ്സ് | 170 ഗ്രാം | - |
| 10 | ഡൈസെഫാം | 21 ആംപ്യൂൾ | - |
| 11 | നൈട്രാസെഫാം | 3695 ടാബ്ലറ്റ് | - |
| 12 | മോർഫിൻ | 50 ഗ്രാം | 2,00,000-2,50,000 രൂപ/കിലോ ഗ്രാം |
| 13 | അൽപ്രാസോളം | 6 ഗ്രാം &15 ടാബ്ലറ്റ് | - |
| 14 | എം.ഡി.എം.എ. ഓയിൽ | 3 ഗ്രാം | - |
| 15 | എം.ഡി.എം.എ. ക്രിസ്റ്റൽ | 47 ഗ്രാം | - |
| 16 | പോപ്പി പ്ലാന്റ് പൗഡർ | 450 ഗ്രാം | - |
| 17 | കൊടൈൻ ഫോസ്ഫേറ്റ് | 2.5 ലിറ്റർ | - |
| 18 | ബ്യൂപ്രി നോർഫിൻ | 10 ആംപ്യൂൾ | - |
| 19 | സ്പാസ്മോ പ്രോക്സിവോൺ | 4706 ടാബ്ലറ്റ് | - |

(ബി) കേരളത്തിൽ കഴിഞ്ഞ 5 വർഷത്തിനിടെ മയക്കുമരുന്നുകളുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ എണ്ണത്തിൽ വളരെയധികം വർദ്ധനവുണ്ടായിട്ടുണ്ട്. ഈ കാലയളവിൽ യഥാക്രമം 563, 793, 970, 1430, 2985 എൻ.ഡി.പി.എസ്. കേസുകൾ വീതമാണ് എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. 2017 വർഷം 23-4-2017 വരെ മാത്രം എക്സൈസ് വകുപ്പ് 1744 എൻ.ഡി.പി.എസ്. കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2016 വർഷം സമാന കാലയളവിൽ 766 കേസുകൾ മാത്രമാണ് രജിസ്റ്റർ ചെയ്തിരുന്നത്. മദ്യത്തിന് പകരം മറ്റ് ലഹരിവസ്തുക്കൾ ഉപയോഗിക്കുന്നതിനുള്ള പ്രവണത വർദ്ധിക്കുന്നത് സംബന്ധിച്ച് ഔദ്യോഗിക പഠനം നടത്താൻ തീരുമാനിച്ചിട്ടില്ല.

കഞ്ചാവ് അടക്കമുള്ള ലഹരിവസ്തുക്കളുടെ ഉപയോഗം വ്യാപകമാകുന്ന അപകടകരമായ പ്രവണത തടയുന്നതിന് ഇത്തരം മയക്കുമരുന്നുകൾ കണ്ടെത്തുന്നതിനും അവയുടെ ഉൽപ്പാദനവും വിതരണവും തടയുന്നതിനും എക്സൈസ് വകുപ്പ് ശക്തമായ പരിശോധനകൾ നടത്തുകയും കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. അന്യസംസ്ഥാനങ്ങളിൽനിന്നും ലഹരിമരുന്നുകൾ സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിന് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തിയിട്ടുള്ളതും ബോർഡർ/ഹൈവേ പട്രോളിങ്ങ് യൂണിറ്റുകളുടെ പ്രവർത്തനം സജീവമാക്കിയിട്ടുള്ളതുമാണ്. കൂടാതെ അതിർത്തി പ്രദേശത്ത് അയൽ സംസ്ഥാനങ്ങളിലെ പോലീസ് സേനകളുടെയും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ, മറൈൻ, എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുടെയും സഹകരണത്തോടെ ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകളും നടത്തിവരുന്നു. എക്സൈസ് ഇന്റലിജൻസ്, ഷാഡോ എക്സൈസ് വിഭാഗങ്ങളും ഫലപ്രദമായി പ്രവർത്തിച്ചുവരുന്നു.

ചില ജീവൻ രക്ഷാ മരുന്നുകൾ ലഹരിക്കായി ദുരുപയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടതിനാൽ ഡ്രഗ്സ് കൺട്രോൾ വിഭാഗവുമായി ചേർന്ന് മെഡിക്കൽ സ്റ്റോറുകളിലും പരിശോധനകൾ നടത്തുകയും ഡോക്ടറുടെ കുറിപ്പ് കൂടാതെ ഇത്തരം മരുന്നുകൾ വിൽക്കുന്നില്ലെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നു.

ലഹരിക്കെതിരായി പൊതുജനങ്ങൾക്കിടയിൽ, പ്രത്യേകിച്ച് വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കുമിടയിൽ അവബോധം വളർത്തുന്നതിന് എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ വിപുലമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു വരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിലവിൽ 2542 ലഹരി വിരുദ്ധക്ലബ്ബുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. വിവിധ മാധ്യമങ്ങളിലൂടെ മദ്യ-ലഹരി വിരുദ്ധ ബോധവൽക്കരണ

സന്ദേശങ്ങൾ പ്രസിദ്ധീകരിക്കുന്നതിനും ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. പൊതുജനപങ്കാളിത്തത്തോടെ, മദ്യവർജ്ജനത്തിന് ഊന്നൽ നൽകിയും മയക്കുമരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കാനും ലക്ഷ്യമിട്ടാണ് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി" എന്ന ബോധവത്കരണ മിഷന് സംസ്ഥാന സർക്കാർ രൂപം നൽകിയിട്ടുള്ളത്. യുവജനങ്ങളെയും വിദ്യാർത്ഥികളെയും ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ ബോദ്ധ്യപ്പെടുത്തി വ്യാപകമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക എന്നുള്ളതാണ് ടി മിഷന്റെ പരമപ്രധാനമായ ലക്ഷ്യം. ആയതിന്റെ ഭാഗമായി വിവിധ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. സാമൂഹികവും ക്രിയാത്മകവുമായ ചുവടുവയ്പുകൾ, സ്കൂൾ/കോളേജ് വിദ്യാഭ്യാസ സ്ഥാപനതല പ്രവർത്തനങ്ങൾ, വിവരവ്യാപന സംവിധാനങ്ങൾ, മദ്യവും മയക്കുമരുന്നും ഉപയോഗിച്ച് തുടങ്ങിയവരെ തിരുത്തൽ പ്രക്രിയ, നിയമവിരുദ്ധ ലഹരി ഉത്പന്നങ്ങളുടെ ലഭ്യതയും വിതരണവും ഇല്ലാതാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ, പുനരധിവാസം എന്നിവയാണ് വിമുക്തി മിഷനുമായി ബന്ധപ്പെട്ട് ആവിഷ്കരിച്ചിട്ടുള്ള കർമ്മ പദ്ധതികൾ.

## ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം

195(2215) ശ്രീമതി പി. അയിഷാ പോറ്റി :

പ്രൊഫ. കെ. യു. അരുണൻ :

ശ്രീ. എ. എൻ. ഷംസീർ :

ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാർത്ഥികളുടെ ഇടയിൽ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു തടയുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) വിദ്യാർത്ഥികളിൽ ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ സംബന്ധിച്ച് ബോധവത്കരണം നടത്തുന്നതിന് സ്കൂളുകളിലും കോളേജുകളിലും ലഹരി വിരുദ്ധ ക്ലബുകൾ രൂപീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇവയുടെ പ്രവർത്തനങ്ങൾ എന്തൊക്കയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) വിദ്യാർത്ഥികളിലെ ലഹരിവസ്തുക്കളുടെ ഉപയോഗം തടയുന്നതിനായി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനത്തോടൊപ്പം വൈവിദ്ധ്യമാർന്ന ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു. സ്കൂൾ/കോളേജ് കാമ്പസുകളുടെ 100 വാര പരിധിക്കുള്ളിൽ "കോട്പാ" നിയമപ്രകാരം പുകയില ഉൽപ്പന്നങ്ങളുടെ വിപണനവും ഉപയോഗവും പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്. മദ്യവർജ്ജനത്തിന് ഊന്നൽ നൽകിയും മയക്കുമരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കാനും ലക്ഷ്യമിട്ട് കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ 'വിമുക്തി'ക്ക് രൂപം നൽകിയിട്ടുണ്ട്. സ്കൂൾ/കോളേജുകളിൽ ലഹരിക്കെതിരെ പ്രവർത്തിക്കുന്നതിനു വേണ്ടി സംസ്ഥാനതലത്തിൽ 2542 ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. പേരോ മറ്റ് വിവരങ്ങളോ വെളിപ്പെടുത്താതെ ലഹരിവസ്തുക്കളുടെ വില്പന/ഉപയോഗത്തിനെതിരെയുള്ള പരാതിയും വിവരങ്ങളും അധികൃതരെ അറിയിക്കുന്നതിന് 1400-ഓളം സ്കൂൾ/കോളേജ് കാമ്പസുകളിൽ പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുണ്ട്. 2014-15, 2015-16, 2016-17 എന്നീ അദ്ധ്യയന വർഷങ്ങളിൽ സ്കൂൾ പാഠ്യപദ്ധതിയിലെ വിവിധ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളിൽ ലഹരിവിരുദ്ധ ആശയമടങ്ങിയ പാഠഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ലഹരിവിരുദ്ധ ആശയങ്ങളടങ്ങിയ പാഠഭാഗങ്ങൾ 2017-18 അദ്ധ്യയന വർഷം സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താൻ വിദ്യാഭ്യാസ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ലഹരിവിരുദ്ധ ക്ലബ്ബുമായി സഹകരിച്ച് പ്രവർത്തിക്കുന്ന വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ മികച്ച ലഹരി വിരുദ്ധ ക്ലബ്ബ് അംഗം, ക്ലബ്ബുകൾ പ്രസിദ്ധീകരിക്കുന്ന മികച്ച മാഗസിൻ, മാഗസിൻ സൃഷ്ടികൾ എന്നിവയ്ക്ക് കാഷ് അവാർഡും പ്രശസ്തിപത്രവും നൽകിവരുന്നു.

(ഡി) മദ്യത്തിനും മയക്കുമരുന്നിനും പുകയില ഉല്പന്നങ്ങൾക്കുമെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക, തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപം ലഹരിവസ്തുക്കളുടെ ലഭ്യത ഇല്ലാതാക്കുക, ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്ന വിദ്യാർത്ഥികളുണ്ടെങ്കിൽ അവരെ കണ്ടെത്തി ഈ ദുഃശ്ശീലത്തിൽനിന്നും പിൻതിരിപ്പിക്കുക, ലഹരി വസ്തുക്കൾക്ക് അടിമകളായവരെ കണ്ടെത്തി അവരെ ബോധവൽക്കരണത്തിലൂടെ മോചിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ നടത്തുക, ചികിത്സ ആവശ്യമുള്ളവർക്ക് അതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക മുതലായ പ്രവർത്തനങ്ങളിലൂടെ വിദ്യാർത്ഥികളെ ലഹരിവസ്തുക്കളുടെ ഉപഭോഗത്തിൽനിന്നും പൂർണ്ണമായും പിൻതിരിപ്പിക്കുക എന്നിവയാണ് ലഹരിവിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ.

## ദേശീയ സംസ്ഥാന പാതയോരത്തെ മദ്യവിൽപ്പനശാലകൾ മാറ്റണമെന്ന സുപ്രീംകോടതി വിധി

196(2216) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ സംസ്ഥാന പാതയോരത്തെ മദ്യവില്പനശാലകൾ മാറ്റണമെന്ന സുപ്രീംകോടതി വിധി പാതയോരത്ത് പ്രവർത്തിക്കുന്ന ഫൈവ് സ്റ്റാർ ഹോട്ടലുകളുടെ ബാറുകൾക്കും, ബീയർ വൈൻ പാർലറുകൾക്കും ബാധകമാകുമോ എന്ന കാര്യം സംബന്ധിച്ച് സംസ്ഥാന സർക്കാർ അറ്റോർണി ജനറലിന്റെ നിയമോപദേശം തേടിയിരുന്നോ;

(ബി) 2015-ൽ കേരള ബാർ ഹോട്ടൽ അസോസിയേഷൻ കേസിൽ (എ.ഐ.ആർ. 2016 എസ്.സി. 163) കേരള സർക്കാരിന്റെ മദ്യനയത്തിനെതിരെ അറ്റോർണി ജനറൽ സുപ്രീം കോടതിയിൽ കേസ് വാദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിലുള്ള നിയമവകുപ്പിന്റെയും, അഡ്വക്കേറ്റ് ജനറലിന്റെയും നിയമോപദേശത്തെ മറികടന്ന് അറ്റോർണി ജനറലിന്റെ നിയമോപദേശം സ്വീകരിച്ചത് എന്തടിസ്ഥാനത്തിലെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തേടിയിരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ബഹുമാനപ്പെട്ട സുപ്രീം കോടതി ഉത്തരവിൽ കൂടുതൽ വ്യക്തത വരുത്തുന്നതിനാണ് അറ്റോർണി ജനറലിന്റെ നിയമോപദേശം തേടിയത്.

## എക്സൈസ് ഓഫീസർ റാങ്ക് ലിസ്റ്റ്

197(2217) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 584/2013 കാറ്റഗറി നമ്പർ പ്രകാരം 2015-ൽ നിലവിൽവന്ന സിവിൽ എക്സൈസ് ഓഫീസർ റാങ്ക് ലിസ്റ്റിൽനിന്നും എത്രപേർക്ക് ഇതിനകം നിയമനം നൽകി; ഇതിൽ പുരുഷ/വനിതാ അനുപാതം വ്യക്തമാക്കാമോ;

(ബി) 2015 ജനുവരി 1 മുതൽ മുൻകാലപ്രാബല്യം നൽകി സിവിൽ എക്സൈസ് ഓഫീസർമാരുടെ നിയമനയോഗ്യത 2015 ഒക്ടോബറിൽ പരിഷ്കരിച്ചിരുന്നോ;

(സി) എങ്കിൽ 2015 ആഗസ്റ്റിൽ നിലവിൽവന്ന മേൽപ്പറഞ്ഞ റാങ്ക് പട്ടികയിലുള്ളവരുടെ നിയമനത്തെ പുതുക്കിയ സ്പെഷ്യൽ റൂൾസ് എപ്രകാരം ബാധിക്കുമെന്ന് വെളിപ്പെടുത്തുമോ;

(ഡി) നിർത്തിവെച്ച പുരുഷ/വനിത സിവിൽ എക്സൈസ് ഓഫീസർമാരുടെ നിയമന നടപടി പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 584/13 കാറ്റഗറി നമ്പർ പ്രകാരം 2015-ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റ് സിവിൽ എക്സൈസ് ഓഫീസർ റാങ്ക് ലിസ്റ്റ് അല്ല. സിവിൽ എക്സൈസ് ഓഫീസർമാരുടെ റാങ്ക് ലിസ്റ്റ് 534/13 കാറ്റഗറി നമ്പറാണ്. ടി 534/13 കാറ്റഗറി റാങ്ക് ലിസ്റ്റ് പ്രകാരം 493 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. ടി റാങ്ക് ലിസ്റ്റ് പുരുഷൻമാർക്ക് മാത്രമായുള്ളതാണ്.

(ബി) പരിഷ്കരിച്ചിരുന്നു.

(സി) പുതുക്കിയ സ്പെഷ്യൽ റൂൾ പ്രകാരം 2015-ൽ നിലവിൽ വന്നിട്ടുള്ള സിവിൽ എക്സൈസ് ഓഫീസർമാരുടെ റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്താൻ സാധിക്കാത്ത അവസ്ഥയുണ്ട്.

(ഡി) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ താൽക്കാലികമായി നിയമന ശിപാർശ നിർത്തിവച്ചിട്ടുള്ളതും നിലവിലുള്ള റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടതുമായ ഉദ്യോഗാർത്ഥികളുടെ നിയമന നടപടി പുനരാരംഭിക്കാൻ കേരള എക്സൈസ് ആന്റ് പ്രൊഹിബിഷൻ സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിൽ ഒരു സേവിംഗ് ക്ലോസ് ഉൾപ്പെടുത്തി ഭേദഗതി ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**എക്സൈസ് വകുപ്പിലെ ജീവനക്കാരുടെ അംഗബലം**

198 (2218) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന എക്സൈസ് വകുപ്പിലെ ജീവനക്കാരുടെ അംഗബലം ഇനം തിരിച്ച് ലഭ്യമാക്കുമോ; വകുപ്പിലെ വനിതാ എക്സൈസ് ഗാർഡുകളുടെ ജില്ല തിരിച്ചുള്ള അംഗബലം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ എണ്ണം വ്യക്തമാക്കുമോ;

(സി) ഓരോ റേഞ്ചിലും നിലവിൽ കേസ് എടുക്കുവാൻ അധികാരപ്പെടുത്തിയിരിക്കുന്ന എക്സൈസ് ഇൻസ്പെക്ടർമാർ സ്ഥലത്തില്ലാത്തതുമൂലം 24 മണിക്കൂറിനുള്ളിൽ കേസ് രജിസ്റ്റർ ചെയ്യണം എന്ന നിയമം പാലിക്കപ്പെടാതെ കുറ്റവാളികൾ രക്ഷപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിലവിൽ പോലീസ് ഡിപ്പാർട്ടുമെന്റിൽ ചെയ്യുന്നതുപോലെ ഓരോ എക്സൈസ് റേഞ്ചിലും ഇൻസ്പെക്ടറുടെ തൊട്ടുതാഴെയുള്ള ഉദ്യോഗസ്ഥർക്ക് കേസ് ചാർജ്ജ് ചെയ്യാനുള്ള അധികാരം നൽകി പ്രസ്തുത പ്രശ്നം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ)

| | |
|---|---|
| എക്സൈസ് കമ്മീഷണർ | 1 |
| അഡീഷണൽ എക്സൈസ് കമ്മീഷണർ | 2 |
| ജോയിന്റ് എക്സൈസ് കമ്മീഷണർ | 8 |
| എക്സൈസ് വിജിലൻസ് ഓഫീസർ | 1 |
| ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ | 18 |
| അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ | 19 |
| അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | 2 |
| ലോ ഓഫീസർ | 1 |
| മെക്കാനിക്കൽ എഞ്ചിനീയർ | 1 |
| ഫിനാൻസ് ഓഫീസർ | 1 |
| എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ/സൂപ്രണ്ട്/മാനേജർ | 142 |
| ജൂനിയർ സയന്റിഫിക് ഓഫീസർ | 2 |
| ലാബ് അസിസ്റ്റന്റ് | 2 |
| എക്സൈസ് ഇൻസ്പെക്ടർ | 341 |

| | |
|---|---|
| അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ | 84 |
| പ്രിവന്റീവ് ഓഫീസർമാർ | 1000 |
| സിവിൽ എക്സൈസ് ഓഫീസർമാർ | 3097 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്സ് | 9 |
| ഫെയർ കോപ്പി സൂപ്രണ്ട് | 1 |
| ടൈപ്പിസ്റ്റ് | 43 |
| ഡ്രൈവർമാർ | 303 |
| ബോട്ട് ഡ്രൈവർ | 0 |
| വാൻ ക്ലീനർമാർ | 4 |
| ഓഫീസ് അറ്റൻഡന്റ്സ് | 72 |
| പാർട്ട് ടൈം സ്വീപ്പേഴ്സ് | 211 |
| കുക്ക് | 3 |
| ആകെ | 5368 |

വനിതാജീവനക്കാരുടെ ആകെ എണ്ണം - 420

| | |
|---|---|
| തിരുവനന്തപുരം | 35 |
| കൊല്ലം | 34 |
| പത്തനംതിട്ട | 27 |
| ആലപ്പുഴ | 23 |
| ഇടുക്കി | 24 |
| കോട്ടയം | 42 |

| | |
|---|---|
| എറണാകുളം | 46 |
| തൃശ്ശൂർ | 34 |
| പാലക്കാട് | 35 |
| മലപ്പുറം | 31 |
| കോഴിക്കോട് | 24 |
| വയനാട് | 14 |
| കണ്ണൂർ | 36 |
| കാസർഗോഡ് | 15 |

(ബി)

| | |
|---|---|
| മിനിസ്റ്റീരിയൽ ജീവനക്കാരുടെ എണ്ണം | 336 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 9 |
| ഫെയർ കോപ്പി സൂപ്രണ്ട് | 1 |
| ടൈപ്പിസ്റ്റ് | 43 (2 എണ്ണം സൂപ്പർ ന്യൂമററി) |
| ആഫീസ് അറ്റൻഡന്റ് | 72 |
| പാർട്ട് ടൈം സ്വീപ്പർ | 211 |

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഓരോ എക്സൈസ് റേഞ്ച് ആഫീസുകളിലും എക്സൈസ് ഇൻസ്പെക്ടർമാർക്ക് തൊട്ടുതാഴെയുള്ള അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർമാർക്ക് അബ്കാരി കേസ് രജിസ്റ്റർ ചെയ്യുന്നതിനും കുറ്റപത്രം സമർപ്പിക്കുന്നതിനും നിലവിൽ അധികാരമുണ്ട്. എന്നാൽ എൻ.ഡി.പി.എസ്. കേസുകൾ അത്തരത്തിൽ കൈകാര്യം ചെയ്യാൻ അധികാരമില്ല. കേന്ദ്ര നിയമ പ്രകാരമായതിനാൽ എക്സൈസ് ഇൻസ്പെക്ടർ റാങ്കിലുള്ളവർക്കും അതിന് മുകളിലുള്ളവർക്കും മാത്രമാണ് അധികാരം.

## ബിവറേജസ് ഔട്ട്‌ലെറ്റുകളിലെ തിരക്ക്

199(2219) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ബിവറേജസ് ഔട്ട്‌ലെറ്റുകളുടെ എണ്ണത്തിൽ കുറവു വന്ന സാഹചര്യത്തിൽ നിലവിൽ പ്രവർത്തിക്കുന്ന ഔട്ട്‌ലെറ്റുകളിൽ ഉണ്ടാകുന്ന അഭൂതപൂർവ്വമായ തിരക്കും ഇതുകാരണമുണ്ടാകുന്ന പ്രയാസങ്ങളും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) ഈ തിരക്ക് നിയന്ത്രിക്കുന്നതിന് നിലവിൽ പ്രവർത്തിക്കുന്ന ഔട്ട് ലെറ്റുകളിൽ കൂടുതൽ കൗണ്ടറുകൾ പ്രവർത്തിപ്പിക്കുന്നതിനും അടച്ചുപൂട്ടിയ ഔട്ട് ലെറ്റുകളിലെ ജീവനക്കാരെ പ്രസ്തുത കൗണ്ടറുകളിലേക്ക് വിന്യസിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉപഭോക്താക്കളുടെ തിരക്ക് നിയന്ത്രിക്കുന്നതിനായി നിലവിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന വിദേശമദ്യ ചില്ലറവില്പനശാലകളിൽ സ്ഥലസൗകര്യ മനുസരിച്ച് കൂടുതൽ വില്പനകൗണ്ടറുകളും സെൽഫ് ഹെൽപ്പ് പ്രീമിയം കൗണ്ടറുകളും ആരംഭിച്ചിട്ടുണ്ട്. മാറ്റിസ്ഥാപിക്കാൻ അവശേഷിക്കുന്ന വിദേശമദ്യ ചില്ലറ വില്പനശാലകളിലെ ജീവനക്കാരെ നിലവിൽ പ്രവർത്തിച്ചുവരുന്ന ചില്ലറവില്പന ശാലകളിലേയ്ക്ക് നിയമിച്ചിട്ടുണ്ട്.

## വിമുക്തി പദ്ധതി

200(2220) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിമുക്തി പദ്ധതി നടപ്പിലാക്കുന്നതിന് നാളിതുവരെ ഓരോ ജില്ലയിലും എത്ര രൂപ ചെലവഴിച്ചെന്നും എന്തൊക്കെ കാര്യങ്ങൾ നടപ്പിലാക്കുന്നതിനാണ് തുക വിനിയോഗിച്ചതെന്നും വ്യക്തമാക്കാമോ?

### ഉത്തരം

വിമുക്തി പദ്ധതി നടപ്പിലാക്കുന്നതിന് ഓരോ ജില്ലയിലും ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| നമ്പർ | ജില്ല | ആകെ |
|---|---|---|
| 1 | തിരുവനന്തപുരം | 37,25,000 |
| 2 | കൊല്ലം | 34,55,000 |
| 3 | പത്തനംതിട്ട | 26,70,000 |
| 4 | ആലപ്പുഴ | 35,25,000 |
| 5 | കോട്ടയം | 37,50,000 |
| 6 | ഇടുക്കി | 25,10,000 |
| 7 | എറണാകുളം | 47,10,000 |
| 8 | തൃശ്ശൂർ | 43,50,000 |
| 9 | പാലക്കാട് | 38,75,000 |
| 10 | മലപ്പുറം | 44,85,000 |
| 11 | കോഴിക്കോട് | 36,25,000 |
| 12 | വയനാട് | 13,85,000 |
| 13 | കണ്ണൂർ | 36,30,000 |
| 14 | കാസർഗോഡ് | 20,60,000 |

മേൽ തുക ഉപയോഗിച്ച് ഓരോ ജില്ലയിലും ജില്ല/ബ്ലോക്ക്/കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/പഞ്ചായത്ത്തല ഉദ്ഘാടനങ്ങളും കമ്മിറ്റി രൂപീകരണവും നടത്തുന്നതിനും ഗ്രാമപഞ്ചായത്ത്/ബ്ലോക്ക്/കോർപ്പറേഷൻ/മുനിസിപ്പാലിറ്റി വാർഡുകളിലെ വിമുക്തി മിഷന്റെ വിവിധങ്ങളായ ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനും സ്കൂൾ/കോളേജ് തലങ്ങളിൽ വിദ്യാർത്ഥികൾക്കിടയിൽ ലഹരിക്കെതിരെയുള്ള വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനുമാണ് ടി തുക ഉപയോഗിച്ചിട്ടുള്ളത്.

## കായംകുളം എക്സൈസ് റേഞ്ച് ഓഫീസിന്റെ സുഗമമായ പ്രവർത്തനം

201(2221) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം എക്സൈസ് റേഞ്ച് ഓഫീസിൽ പ്രിവന്റീവ് ഓഫീസർമാർ, സിവിൽ എക്സൈസ് ഓഫീസർമാർ എന്നിവരുടെ എണ്ണം വളരെ പരിമിതമായത് ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നതിനാൽ നിലവിലുള്ള പ്രിവന്റീവ് ഓഫീസർമാരുടെ എണ്ണം 3-ൽ നിന്നും 5 ആയും സിവിൽ എക്സൈസ് ഗാർഡ് ഓഫീസർമാരുടെ എണ്ണം 16-ൽ നിന്നും 20 ആയും ഉയർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

## ബിവറേജസ് കോർപ്പറേഷനിലെ ജീവനക്കാരുടെ പ്രത്യേക സർവ്വീസ് റൂൾ

202(2222) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷനിലെ ജീവനക്കാരുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് പ്രത്യേക സർവ്വീസ് റൂൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനത്തിലെ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ ജോലി ചെയ്യുന്നവരുടെ പ്രൊമോഷൻ തസ്തികകൾ ഏതെല്ലാമാണെന്നും എൽ.ഡി. ക്ലാർക്ക് തസ്തികയിൽനിന്ന് നേരിട്ട് അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലേക്ക് പ്രൊമോഷൻ നൽകുന്നുണ്ടോയെന്നും വ്യക്തമാക്കുമോ;

(സി) അസിസ്റ്റന്റ് ഗ്രേഡ് II തസ്തിക പൂർണ്ണമായും പ്രൊമോഷൻ തസ്തികയായി നിശ്ചയിച്ചിട്ടുണ്ടോ;

(ഡി) സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലേക്ക് ഉദ്യോഗാർത്ഥികൾക്ക് നേരിട്ട് നിയമനം നൽകുന്നുണ്ടോ; വിശദീകരിക്കുമോ ?

ഉത്തരം

(എ) നിലവിലുണ്ട്.

(ബി) കെ.എസ്.ബി.സി.-യിലെ എൽ.ഡി. ക്ലാർക്ക് തസ്തികയിൽ ജോലി ചെയ്യുന്നവരുടെ പ്രൊമോഷൻ തസ്തികകൾ യു.ഡി. ക്ലാർക്കും അസിസ്റ്റന്റ് ഗ്രേഡ് II-ഉം ആണ്. ബിരുദയോഗ്യതയുള്ളവരെ എൽ.ഡി. ക്ലാർക്ക് തസ്തികയിൽ നിന്ന് നേരിട്ട് അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകുന്നുണ്ട്.

(സി) ഇല്ല.

(ഡി) ഒഴിവുകളുടെ എണ്ണത്തിന്റെയും യോഗ്യതയുടെയും അടിസ്ഥാനത്തിൽ നിയമനം നൽകുന്നുണ്ട്.

## ബിവറേജസ് കോർപ്പറേഷനിലെ ഡെപ്യൂട്ടേഷൻ നിയമനം

203(2223) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, ബിവറേജസ് കോർപ്പറേഷനിൽ സെയിൽസ് മാനേജർ, സെയിൽസ്മാൻ തസ്തികകളിൽ പി.എസ്.സി. ലിസ്റ്റ് നിലവിലിരിക്കെ, ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) എങ്കിൽ, സംസ്ഥാന സർവ്വീസിൽ ഏതെല്ലാം തസ്തികകളിൽ ഉള്ളവരെയാണ് ഡെപ്യൂട്ടേഷനിൽ നിയമിച്ചിട്ടുള്ളത്; അവരുടെ പേരുവിവരം ഉൾപ്പെടെയുള്ള പൂർണ്ണമായ വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽ സെയിൽസ് മാനേജർ, സെയിൽസ്മാൻ എന്നീ തസ്തികകൾ നിലവിലില്ല.

(ബി) ശ്രീ. ശ്രീകുമാരൻ. ബി, അറ്റൻഡർ, പൊതുഭരണ വകുപ്പ്, ശ്രീ. വേണുഗോപാൽ. വി, ചിക്ക് സെക്സർ, മൃഗസംരക്ഷണ വകുപ്പ്.

## ബിവറേജസ് കോർപ്പറേഷന്റെ ഹൈവേയിലെ ഷോപ്പുകൾ

204(2224) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷന്റെ ഷോപ്പുകൾ ഹൈവേയിൽനിന്നും മാറ്റി സ്ഥാപിക്കാൻ കഴിയാത്തതിനാൽ കേരളത്തിൽ എത്ര ഷോപ്പുകൾ അടച്ചുപൂട്ടേണ്ടി വന്നിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഷോപ്പുകൾ അടച്ചുപൂട്ടേണ്ടി വന്നതിനാൽ സർക്കാരിന് പ്രതിദിനം നികുതി വരുമാനത്തിലുണ്ടായ നഷ്ടം വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഹൈവേകളുടെ സമീപം പ്രവർത്തിച്ചിരുന്ന ബിവറേജസ് കോർപ്പറേഷന്റെ 179 വിദേശമദ്യ ചില്ലറ വില്പനശാലകളിൽ 118 എണ്ണം മാറ്റി സ്ഥാപിക്കാൻ സാധിച്ചിട്ടില്ല. ഇതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

(ബി) ഷോപ്പുകൾ തുറന്നുപ്രവർത്തിപ്പിക്കാൻ കഴിയാത്തതിനാൽ പ്രതിദിനം ഏകദേശം 3.88 കോടി രൂപയുടെ റവന്യൂ നഷ്ടമുണ്ടാകുന്നതായി കണക്കാക്കുന്നു.

**ഹൈക്കോടതി വിധിയെ തുടർന്ന് തുറന്ന് പ്രവർത്തിക്കുന്ന മദ്യശാലകൾ**

205(2225) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ ദേശീയ സംസ്ഥാന പാതയോരങ്ങളിലുണ്ടായിരുന്ന മദ്യശാലകൾ സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ അടച്ച് പൂട്ടിയതിനുശേഷം ഹൈക്കോടതി വിധിയെ തുടർന്ന് തുറന്ന് പ്രവർത്തിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിവിധ വിധിന്യായങ്ങൾ അടിസ്ഥാനമാക്കി, ദേശീയ/സംസ്ഥാന പാതകൾ സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കിയ വിശദീകരണങ്ങൾ പ്രകാരം, സുപ്രീം കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ തുറന്ന് പ്രവർത്തിപ്പിക്കാൻ കഴിയാതിരുന്ന 4 ബാറുകളും 73 ബിയർ-വൈൻ പാർലറുകളും 9 വിദേശമദ്യ ചില്ലറ വിൽപ്പനശാലകളും വീണ്ടും തുറന്ന് പ്രവർത്തിപ്പിച്ചുവരുന്നു.

**കശുമാമ്പഴം ഉപയോഗിച്ച് ഫെനി ഉല്പാദിപ്പിക്കുന്നതിനുള്ള അനുമതി**

206(2226) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുമാമ്പഴം ഉപയോഗിച്ച് 'ഫെനി' ഉല്പാദിപ്പിക്കുന്നതിനുള്ള അനുമതിക്കായി ഏതെങ്കിലും സ്ഥാപനം (സഹകരണ സംഘം)അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേലുള്ള നടപടിക്രമം ഏത് വരെയായി എന്ന് വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ കശുമാമ്പഴം ഉപയോഗിച്ച് 'ഫെനി' ഉല്പാദിപ്പിക്കുന്നതിന് സർക്കാർ അനുമതി നല്കുമോ?

ഉത്തരം

(എ&ബി) കശുമാമ്പഴം ഉപയോഗിച്ച് 'ഫെനി' ഉത്പാദിപ്പിക്കുന്നതിനുള്ള അനുമതിക്കായി പയ്യാവൂർ സർവ്വീസ് സഹകരണ ബാങ്ക് സമർപ്പിച്ചിട്ടുള്ള അപേക്ഷ പരിശോധിച്ചുവരുന്നു.

**മദ്യവില്പന കേന്ദ്രങ്ങൾ പൂട്ടേണ്ടിവന്നതുമൂലം നികുതിയിനത്തിൽ വന്ന കുറവ്**

207(2227) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ, പാതയോരത്തെ മദ്യവില്പന കേന്ദ്രങ്ങൾ പൂട്ടേണ്ടി വന്നതുമൂലം പ്രതിവർഷം നികുതിയിനത്തിൽ എത്ര കോടി രൂപയുടെ കുറവുണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ബി) നാഷണൽ ഹൈവേയായിരുന്ന റോഡുകൾ ജില്ലാ റോഡുകളായി മാറിയതിന്റെ അടിസ്ഥാനത്തിൽ, കോടതിയുടെ ഇടപെടൽമൂലം പൂട്ടിയ എത്ര ബാർ/ബീയർ-വൈൻ പാർലറുകൾക്ക് വീണ്ടും തുറന്ന് പ്രവർത്തിപ്പിക്കുവാൻ അനുവാദം നൽകി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവിനെത്തുടർന്ന് ദേശീയ/ സംസ്ഥാന പാതകളുടെ 500 മീറ്റർ പരിധിക്കുള്ളിലെ മദ്യവില്പന കേന്ദ്രങ്ങൾ മാറ്റിസ്ഥാപിക്കേണ്ടതായി വന്നു. എന്നാൽ എല്ലാ മദ്യവില്പനശാലകളും മാറ്റി സ്ഥാപിക്കാൻ കഴിയാത്തതിനാൽ കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ വിറ്റുവരവിൽ പ്രതിദിനം 4.56 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. ഇതേ അവസ്ഥ തുടരുകയാണെങ്കിൽ കെ.എസ്.ബി.സി.-യുടെ വിറ്റുവരവിൽ 2016-17 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2017-18 സാമ്പത്തിക വർഷത്തിൽ ഏകദേശം 1,700 മുതൽ 2,000 കോടി രൂപയുടെ കുറവുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിപ്രകാരം 1-4-2017 മുതൽ പ്രവർത്തിക്കാൻ കഴിയാതെയിരിക്കുന്ന മദ്യഷാപ്പുകൾ, ബാറുകൾ തുടങ്ങിയവ തുടർന്നും മാറ്റി സ്ഥാപിച്ച് പ്രവർത്തിപ്പിക്കാൻ കഴിയാതെ വരികയാണെങ്കിൽ ലൈസൻസ് ഫീസ് ഇനത്തിൽ സർക്കാരിന് ഉദ്ദേശം 35 കോടിയിലധികം രൂപയുടെ നഷ്ടവും ഉണ്ടാകുവാനിടയുണ്ട്.

(ബി) നാഷണൽ ഹൈവേയായിരുന്ന റോഡുകൾ സംസ്ഥാനത്ത് ജില്ലാ റോഡുകളാക്കി മാറ്റിയിട്ടില്ല. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിന്യായ പ്രകാരം ദേശീയ സംസ്ഥാന പാതയോരങ്ങളിലുണ്ടായിരുന്ന മദ്യശാലകൾ മാറ്റി സ്ഥാപിക്കേണ്ടതായി വന്നിട്ടുണ്ട്. ദേശീയ/സംസ്ഥാന പാതകൾ സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിന്യായങ്ങളെ തുടർന്ന്, പൊതുമരാമത്ത് വകുപ്പ് വിശദീകരണം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 4 ബാറുകളും 73 ബിയർ/വൈൻ പാർലറുകളും 9 വിദേശമദ്യ ചില്ലറ വില്പനശാലകളും വീണ്ടും തുറന്നു പ്രവർത്തിക്കുന്നുണ്ട്.

## മദ്യവില്പന കേന്ദ്രങ്ങൾ മാറ്റുന്നത് സംബന്ധിച്ച സുപ്രീംകോടതി വിധി

208(2228) ശ്രീ. എ. പി. അനിൽ കുമാർ :

ശ്രീ. കെ. എസ്. ശബരീനാഥൻ :

ശ്രീ. റോജി എം. ജോൺ :

ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ-സംസ്ഥാന പാതയോരത്തുള്ള മദ്യവില്പന കേന്ദ്രങ്ങൾ മാറ്റി സ്ഥാപിക്കണമെന്ന സുപ്രീംകോടതി വിധി ബിയർ-വൈൻ പാർലറുകൾക്ക് ബാധകമല്ലയെന്ന നിയമോപദേശം അറ്റോർണി ജനറലിൽ നിന്നും ലഭിച്ചിരുന്നോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് 3/4 സ്റ്റാർ ഹോട്ടലിനോടനുബന്ധിച്ചുള്ള ബാറുകൾ പൂട്ടുന്നതിനെതിരെ മദ്യ മുതലാളിമാർ കോടതിയെ സമീപിച്ചപ്പോൾ അറ്റോർണി ജനറൽ അവർക്കുവേണ്ടി ഹാജരായിരുന്നോ;

(സി) എങ്കിൽ പ്രസ്തുത അറ്റോർണി ജനറലിൽനിന്നും നിയമോപദേശം തേടുന്നതിനുണ്ടായ പ്രത്യേക സാഹചര്യം എന്തായിരുന്നു;

(ഡി) അറ്റോർണി ജനറൽ നൽകിയ നിയമോപദേശത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

### ഉത്തരം

(എ) ലഭിച്ചിരുന്നു.

(ബി) ഹാജരായിരുന്നു.

(സി) ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവിൽ വ്യക്തത വരുത്തുന്നതിനാണ് അറ്റോർണി ജനറലിന്റെ ഉപദേശം തേടിയത്.

(ഡി) അറ്റോർണി ജനറൽ നൽകിയ നിയമോപദേശത്തിന്റെ പകർപ്പ് അനുബന്ധമായി* ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**മദ്യത്തിന് ഏർപ്പെടുത്തിയ അധിക നികുതി**

209(2229) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് 2014-ൽ ലഹരി വിരുദ്ധ പ്രചരണത്തിനായി മദ്യത്തിന് അഞ്ച് ശതമാനം അധിക നികുതി ഏർപ്പെടുത്തിയിരുന്നോ;

(ബി) പ്രസ്തുത അധിക നികുതിയിലൂടെ ലഹരി വിരുദ്ധ പ്രചരണത്തിനായി എന്ത് തുക ലഭ്യമായി എന്ന് അറിയിക്കുമോ;

(സി) പ്രസ്തുത തുകയിൽ നിന്നും വിമുക്തി പദ്ധതിക്കായി ഇതുവരെ എന്തു തുക ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2014-ൽ മദ്യത്തിന് 5% പുനരധിവാസ സെസ്സ് ഏർപ്പെടുത്തിയിരുന്നു.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സുബോധം പദ്ധതിയുടെ നടത്തിപ്പിനായി 22-3-2015-ൽ 3,00,00,000 (മൂന്ന് കോടി രൂപ) സർക്കാർ അനുവദിച്ചിട്ടുള്ളതും ആയതിൽ 1,43,34,651 (ഒരു കോടി നാൽപ്പത്തി മൂന്ന് ലക്ഷത്തി മുപ്പത്തി നാലായിരത്തി അറുനൂറ്റി അൻപത്തിയൊന്ന് രൂപ) ചെലവഴിച്ചിട്ടുണ്ട്. " സുബോധം" പദ്ധതിയുടെ റ്റി.എസ്.ബി. അക്കൗണ്ടിൽ അവശേഷിച്ചിരുന്ന 1,56,65,349 രൂപ പുതുതായി രൂപീകരിച്ച ' വിമുക്തി' മിഷന് അനുവദിച്ച് നൽകിയിട്ടുണ്ട്. 'വിമുക്തി' മിഷന്റെ പ്രവർത്തനങ്ങൾക്കായി 2016-17-ൽ 7,28,95,000 രൂപ (ഏഴ് കോടി ഇരുപത്തിയെട്ട് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരം രൂപ) അനുവദിച്ചിട്ടുള്ളതാണ്.

(സി) 5,91,83,056 രൂപ ചെലവഴിച്ചിട്ടുണ്ട്.

**പത്തനംതിട്ട ജില്ലയിൽ അടച്ചുപൂട്ടിയ ബിവറേജസ് ഷോപ്പുകൾ**

210(2230) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ അടച്ചുപൂട്ടിയ ബിവറേജസ് കോർപ്പറേഷൻ വക ഷോപ്പുകൾക്ക് പകരം എവിടെയൊക്കെ പുതിയ ഷോപ്പുകൾ തുറക്കുവാൻ പദ്ധതിയുണ്ട്;

(ബി) ഷോപ്പുകൾ തുറക്കുന്നത് സംബന്ധിച്ച് വൻ പ്രതിഷേധം ഉയരുന്ന സാഹചര്യത്തിൽ സർവ്വകക്ഷിയോഗം വിളിച്ച് സമവായത്തിൽ എത്തുന്നതിന് വകുപ്പുതലത്തിൽ നടപടി സ്വീകരിക്കുമോ;

(സി) സർക്കാർ സ്ഥാപനമായ ബിവറേജസ് ഷോപ്പുകൾ സർക്കാർ ഭൂമിയിലോ ജനസാന്ദ്രത കുറഞ്ഞ പ്രദേശങ്ങളിലോ തുറക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പത്തനംതിട്ട ജില്ലയിൽ കൃത്യമായ ദൂരപരിധിയും അബ്കാരി നിയമങ്ങളും ചട്ടങ്ങളും പാലിക്കുന്ന സ്ഥലങ്ങൾ കണ്ടെത്തുന്ന മുറയ്ക്ക് ഷോപ്പുകൾ മാറ്റി സ്ഥാപിക്കുന്നതാണ്.

(ബി) പരിശോധിക്കുന്നതാണ്.

(സി) അബ്കാരി നിയമങ്ങളും ചട്ടങ്ങളും അനുശാസിക്കുന്ന വിധത്തിൽ ദൂരപരിധി പാലിച്ചുകൊണ്ട് കഴിവതും ജനസാന്ദ്രത കുറഞ്ഞ സ്ഥലങ്ങളിൽ തന്നെയാണ് ബിവറേജസ് കോർപ്പറേഷൻ ഷോപ്പുകൾ ആരംഭിക്കുന്നത്.

**വ്യാജമദ്യവും സ്പിരിറ്റും തടയാൻ നടപടി**

211(2231) <u>ശ്രീ. വി. എസ്. ശിവകുമാർ</u> :

<u>ശ്രീ. കെ. സി. ജോസഫ്</u> :

<u>ശ്രീ. റോജി എം. ജോൺ</u> :

<u>ശ്രീ. എൽദോസ് കുന്നപ്പിള്ളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൻതോതിൽ വ്യാജമദ്യവും, സ്പിരിറ്റും ഒഴുകുന്നതിനുള്ള സാഹചര്യമുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് നേരിടുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) വ്യാജമദ്യ ദുരന്തം ഉണ്ടാകാനുള്ള സാഹചര്യം കണക്കിലെടുത്ത് എക്സൈസ് റെയിഡുകൾ കർശനമാക്കിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ 2017 ജനുവരി 1 മുതൽ ഏപ്രിൽ 20 വരെ എത്ര റെയിഡുകൾ നടത്തിയെന്നും, ആയതിൽ എത്ര ലിറ്റർ വ്യാജമദ്യം/കോട പിടിച്ചെടുത്തുവെന്നും വെളിപ്പെടുത്തുമോ;

(ഡി) 2016 ജനുവരി 1 മുതൽ ഏപ്രിൽ 20 വരെ നടത്തിയ റെയിഡുകളുടെ വിശദാംശവും, പിടിച്ചെടുത്ത വ്യജമദ്യത്തിന്റെയും, കോടയുടെയും അളവും വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ദേശീയ/സംസ്ഥാന പാതയോരങ്ങളിൽനിന്നും 500 മീറ്റർ പരിധിയിൽ മദ്യവില്പനശാലകൾ 2017 ഏപ്രിൽ 1 മുതൽ പ്രവർത്തിപ്പിക്കരുതെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പരാമർശ ദൂരപരിധിക്കുള്ളിൽ പ്രവർത്തിച്ചുവന്നിരുന്ന മദ്യവില്പനശാലകൾ മാറ്റി സ്ഥാപിക്കേണ്ടതായി വന്നു. എല്ലാ മദ്യവില്പനശാലകളും ഇപ്രകാരം മാറ്റിസ്ഥാപിക്കാൻ കഴിയാത്തതുമൂലം മദ്യത്തിന്റെ ലഭ്യത വളരെയധികം കുറയുകയും ചെയ്യുന്ന സാഹചര്യത്തിൽ വ്യാജമദ്യം, സ്പിരിറ്റ് തുടങ്ങിയവയുടെ ഉത്പാദനം, കടത്ത്, വിപണനം, ഉപഭോഗം മുതലായ കുറ്റകൃത്യങ്ങൾ ക്രമാതീതമായി വർദ്ധിക്കുവാനിടയുണ്ടെന്ന് എക്സൈസ് കമ്മീഷണർ റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഈ സാഹചര്യം മുന്നിൽ കണ്ട് എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തമാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി 1-4-2017 മുതൽ 20-4-2017-വരെ സ്പെഷ്യൽ എൻഫോഴ്സ്മെന്റ് ഡ്രൈവായി പ്രഖ്യാപിച്ച് നിരന്തരം റെയ്ഡുകളും നിരീക്ഷണങ്ങളും നടത്തിയിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽനിന്നും വ്യാജമദ്യം, സ്പിരിറ്റ്, മയക്കുമരുന്നുകൾ മുതലായവ സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിന് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തിയിട്ടുണ്ട്. വാഹന പരിശോധനകൾ കർശനമാക്കുകയും ബോർഡർ/ ഹൈവേ പട്രോളിംഗ് യൂണിറ്റുകളുടെ പ്രവർത്തനം സജീവമാക്കിയിട്ടുമുണ്ട്. ഈ രീതിയിലുള്ള ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ തുടരുന്നതാണ്. ഇതിനുപുറമേ എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളും പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങളും നടത്തിവരുന്നുണ്ട്. അതിർത്തി പ്രദേശത്ത് അയൽ സംസ്ഥാനങ്ങളിലെ പോലീസ് സേനകളുടെയും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുടെയും സഹകരണത്തോടെ ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകളും നടത്തിവരുന്നു. ചെക്ക് പോസ്റ്റുകൾ മറികടന്ന് സമാന്തര പാതകളിലൂടെ വ്യാജമദ്യം/സ്പിരിറ്റ് കടത്ത് നടത്താൻ സാധ്യതയുള്ള റോഡുകളിൽ വാഹന പരിശോധന കർശനമാക്കിയിട്ടുണ്ട്. ദേശീയപാതകളിൽ വാഹനപരിശോധനയും വ്യാജമദ്യ ഉല്പാദനം നടക്കാനിടയുള്ള സ്ഥലങ്ങളിലും വനമേഖലകളിലും പ്രത്യേക നിരീക്ഷണം നടത്തിവരുന്നു.

(ബി) ഉണ്ട്. ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൂടാതെ വ്യാജ മദ്യത്തിന്റെ ഉപയോഗംമൂലമുണ്ടാകുന്ന ദോഷഫലങ്ങൾ സംബന്ധിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിന് ശ്രദ്ധിക്കുന്നതും ലൈസൻസ് സ്ഥാപനങ്ങളിൽ തുടർച്ചയായി പരിശോധനകൾ നടത്തി മദ്യം/കള്ള് സാമ്പിളുകൾ ശേഖരിച്ച് രാസപരിശോധന നടത്തുന്നതും അതുവഴി ടി സ്ഥാപനങ്ങളിലൂടെ അംഗീകൃത മദ്യം മാത്രമാണ് വിതരണം ചെയ്യുന്നതെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നു.

(സി) 2017 ജനുവരി 1 മുതൽ ഏപ്രിൽ 20 വരെ എക്സൈസ് വകുപ്പ് 42625 റെയ്ഡുകൾ നടത്തിയിട്ടുള്ളതും ടി കാലയളവിൽ ആകെ 7548 അബ്കാരി കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും ടി കേസുകളിൽ 1462 ലിറ്റർ സ്പിരിറ്റ്, 1026 ലിറ്റർ ചാരായം, 55980 ലിറ്റർ കോട, 3023 ലിറ്റർ വ്യാജമദ്യം തുടങ്ങിയവ പിടിച്ചെടുത്തിട്ടുള്ളതുമാണ്.

(ഡി) 2016 ജനുവരി 1 മുതൽ ഏപ്രിൽ 20 വരെ എക്സൈസ് വകുപ്പ് 42468 റെയ്ഡുകൾ നടത്തിയിട്ടുള്ളതും ടി കാലയളവിൽ ആകെ 7122 അബ്കാരി കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും ടി കേസുകളിൽ 1677 ലിറ്റർ സ്പിരിറ്റ്, 1029 ലിറ്റർ ചാരായം, 41689 ലിറ്റർ കോട, 2621 ലിറ്റർ വ്യാജ മദ്യം തുടങ്ങിയവ പിടിച്ചെടുത്തിട്ടുമുണ്ട്.

**ലഹരി വസ്തുക്കളുടെ ഉപഭോഗത്തിലും കേസുകളുടെ എണ്ണത്തിലും ഉണ്ടായ വർദ്ധനവ്**

212(2232) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പത്ത് മാസത്തിനിടയിൽ വ്യാജമദ്യ-മയക്കുമരുന്ന് കേസുകളുടെ എണ്ണത്തിൽ വലിയ വർദ്ധനവ് ഉണ്ടായതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ കാലയളവിൽ എക്സൈസ് വകുപ്പ് ഇതു സംബന്ധമായി എത്ര പരിശോധനകൾ നടത്തി; എത്ര ലഹരി വസ്തുക്കൾ പിടികൂടി; എത്ര പേരെ അറസ്റ്റ് ചെയ്തു; വിശദാംശങ്ങൾ നൽകുമോ;

(സി) മദ്യശാലകൾ നിരോധിച്ചതാണ് ലഹരിവസ്തുക്കളുടെ ഉപഭോഗത്തിലുള്ള വർദ്ധനവിന് കാരണമെന്ന് കരുതുന്നുണ്ടോ;

(ഡി) എങ്കിൽ ഇതു സംബന്ധമായ പഠനം നടത്താൻ വിദഗ്ദ്ധ സമിതിയെ നിശ്ചയിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഉണ്ട്. 25-5-2016 മുതൽ 31-3-2017 വരെ 22467 അബ്കാരി കേസുകളും 3486 എൻ.ഡി.പി.എസ്. കേസുകളും എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2015-16 വർഷം സമാന കാലയളവിൽ 14665 അബ്കാരി കേസുകളും 1566 എൻ.ഡി.പി.എസ്. കേസുകളുമാണ് എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 25-5-2016 മുതൽ 31-3-2017 വരെയുള്ള കാലയളവിൽ എക്സൈസ് വകുപ്പ് 120124 റെയ്ഡുകൾ നടത്തിയിട്ടുണ്ട്. പ്രസ്തുത റെയ്ഡുകളിൽ പിടിച്ചെടുത്ത ലഹരി വസ്തുക്കൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| സ്പിരിറ്റ് | - | 1330 ലിറ്റർ |
| ചാരായം | - | 3242 ലിറ്റർ |
| കോട | - | 133740 ലിറ്റർ |
| വ്യാജമദ്യം | - | 11172 ലിറ്റർ |
| വിദേശമദ്യം | - | 32557 ലിറ്റർ |
| ബിയർ | - | 5125 ലിറ്റർ |
| വൈൻ | - | 147 ലിറ്റർ |
| അരിഷ്ടം | - | 20283 ലിറ്റർ |
| കള്ള് | - | 9511 ലിറ്റർ |
| കഞ്ചാവ് | - | 742 കി.ഗ്രാം |
| കഞ്ചാവ് ചെടി | - | 2286 എണ്ണം |
| കഞ്ചാവ് ലേഹ്യം | - | 125 ഗ്രാം |
| ഹാഷിഷ് ഓയിൽ | - | 11.246 കി.ഗ്രാം. |
| ഹെറോയിൻ | - | 39.61 ഗ്രാം. |
| ബ്രൗൺ ഷുഗർ | - | 105.14 ഗ്രാം |
| ഓപ്പിയം | - | 34 ഗ്രാം |
| ചരസ്സ് | - | 170 ഗ്രാം |
| ആംപ്യൂളുകൾ | - | 57 എണ്ണം |
| ടാബ്ലറ്റ് | - | 7544 എണ്ണം |

ഈ കാലയളവിൽ അബ്കാരി കേസുകളിൽ 21107 ആളുകളെയും എൻ.ഡി.പി.എസ്. കേസുകളിൽ 3668 ആളുകളെയും എക്സൈസ് വകുപ്പ് അറസ്റ്റ് ചെയ്തിട്ടുണ്ട്.

(സി) മദ്യശാലകളുടെ പ്രവർത്തനത്തിനുള്ള നിയന്ത്രണം ലഹരിവസ്തുക്കളുടെ ഉപഭോഗത്തിലുള്ള വർദ്ധനവിന് കാരണമായെന്ന് തെളിയിക്കുന്ന പഠനങ്ങളൊന്നും നടത്തിയിട്ടില്ല. എന്നാൽ നിലവിലുള്ള മദ്യനയം നടപ്പിലായശേഷമാണ് എക്സൈസ് വകുപ്പ് കണ്ടെടുക്കുന്ന എൻ.ഡി.പി.എസ്. കേസുകളിൽ വൻ വർദ്ധനവ് ഉണ്ടായിട്ടുള്ളത്. 2013, 2014 വർഷങ്ങളിൽ യഥാക്രമം 793,970 എൻ.ഡി.പി.എസ്. കേസുകളാണ് എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്യുകയുണ്ടായതെങ്കിൽ, പുതിയ അബ്കാരി നയം നടപ്പിലാക്കിയശേഷം 2015, 2016 വർഷങ്ങളിൽ യഥാക്രമം 1430, 2985 എൻ.ഡി.പി.എസ് കേസുകളും 2017 മാർച്ച് മാസം വരെ 1425 എൻ.ഡി.പി.എസ്. കേസുകളുമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(ഡി) പരിഗണനയിലില്ല.

**കള്ളുഷാപ്പുകളിലൂടെ വിദേശമദ്യം വിൽക്കുന്നതിനായി നടപടി**

213(2233) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കള്ളുഷാപ്പുകളിലൂടെ വിദേശമദ്യം വിൽക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) സുപ്രീം കോടതിവിധിയുടെ പശ്ചാത്തലത്തിൽ ദേശീയ സംസ്ഥാന പാതയോരത്തെ സർക്കാരിന്റെ മദ്യക്കടകൾ മാറ്റുന്ന പ്രകാരം എത്ര കോടിരൂപയുടെ നഷ്ടം ഒരു മാസം ഉണ്ടാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഈ വലിയ നഷ്ടം നികത്താൻ എന്തെങ്കിലും പുതിയ പദ്ധതികൾ നടപ്പാക്കുന്നുണ്ടോ; വിവരിക്കുമോ?

<u>ഉത്തരം</u>

(എ) തീരുമാനിച്ചിട്ടില്ല.

(ബി) കെ.എസ്.ബി.സി.-യിൽനിന്നും ബാറുകളിലേയ്ക്കും കൺസ്യൂമർ ഫെഡിലേയ്ക്കുമുള്ള വിൽപ്പനയിൽ പ്രതിമാസം 72 കോടി രൂപയുടെ നഷ്ടവും കെ.എസ്.ബി.സി.-യുടെ വിദേശമദ്യ ചില്ലറ വില്പനശാലകളിൽനിന്നുള്ള വിറ്റുവരവിൽ പ്രതിമാസം 67 കോടി രൂപയുടെ നഷ്ടവുമുണ്ടായിട്ടുണ്ട്.

(സി) ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവിനനുസൃതമായി മദ്യവില്പന ശാലകൾ മാറ്റിസ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**മദ്യവില്പനശാലകൾ മാറ്റിസ്ഥാപിക്കൽ**

214(2234) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. അനിൽ അക്കര :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ ദേശീയ സംസ്ഥാന പാതയോരത്ത് നിന്നും മദ്യവിൽപ്പനകേന്ദ്രങ്ങൾ മാറ്റി സ്ഥാപിക്കുവാൻ ബിവറേജസ് കോർപ്പറേഷൻ സുപ്രീംകോടതിയോട് സാവകാശം ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള സാഹചര്യമെന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) മദ്യവിൽപ്പന ശാലകൾ ആരംഭിക്കുന്നതിന് നിരാക്ഷേപപത്രം നൽകുന്നതിനുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അധികാരം എടുത്തുകളയുവാൻ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിനുള്ള കാരണം എന്താണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ആവശ്യപ്പെട്ടിരുന്നു.

(ബി) അനുയോജ്യമായ കെട്ടിടങ്ങൾ കണ്ടുപിടിക്കുന്നതിൽ വരുന്ന കാലതാമസവും ഔട്ട്ലെറ്റുകൾ മാറ്റിസ്ഥാപിക്കുമ്പോൾ ഉണ്ടാകുന്ന എതിർപ്പുകളും തദ്ദേശഭരണ സ്ഥാപനങ്ങളുടെ അടച്ചുപൂട്ടൽ ഉൾപ്പെടെയുള്ള ഇടപെടലുകളും കോടതി വ്യവഹാരങ്ങളും കണക്കിലെടുത്താണ് ഷോപ്പുകൾ മാറ്റിസ്ഥാപിക്കുന്ന വിധി നടപ്പിലാക്കുന്നതിന് സാവകാശം വേണമെന്ന ആവശ്യവുമായി ബിവറേജസ് കോർപ്പറേഷൻ ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിച്ചത്.

(സി) ഈ വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

9.30 a.m.]

മി. സ്പീക്കർ: റൂൾ 50 എടുക്കുന്നതിനുമുമ്പ് ഒരു കാര്യം സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. പ്രതിപക്ഷത്തിന്റെ ഏതെങ്കിലും തരത്തിലുള്ള അവകാശങ്ങളോ ജനാധിപത്യ അധികാരങ്ങളോ കവരണമെന്ന് ചെയർ ആഗ്രഹിക്കുന്നില്ല. ചട്ടങ്ങൾക്കും കീഴ്വഴക്കങ്ങൾക്കും അനുസൃതമായി പരമാവധി പ്രതിപക്ഷശബ്ദം സഭയിൽ ഉയരുകയും വേണം. റൂൾ 50 പ്രകാരം ഇന്ന് നൽകിയിരിക്കുന്ന നോട്ടീസ് സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെടാവുന്നത്ര പ്രാധാന്യമുള്ളതാണെന്ന് തോന്നുന്നില്ല. ഇക്കാര്യം രാവിലെ പ്രതിപക്ഷ നേതാവിനോട് സംസാരിക്കാൻ ശ്രമിച്ചിരുന്നു. ഇത് ഒന്നാമത്തെ സബ്മിഷനായെടുത്ത് സഹകരിക്കണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. കെ. സി. ജോസഫ്: സർ, കേരളത്തിലെ ക്യാമ്പസ്സുകളിൽ നിലനിൽക്കുന്ന ഗുരുതരമായ പ്രശ്നമാണിത്. അടിയന്തരപ്രമേയം അവതരിപ്പിക്കാൻ അനുവദിക്കണം. പ്രതിപക്ഷത്തിന്റെ അവകാശമാണിത്; ദയവുചെയ്ത് അതിന് തടസ്സമുണ്ടാക്കരുത്.

മി. സ്പീക്കർ: ഇത്തരം പ്രവണത തുടരാതിരിക്കാൻ ശ്രദ്ധിക്കണം. പ്രാദേശിക വിഷയമാണെന്നാണ് പത്രവാർത്തകളിൽനിന്നും മനസ്സിലാകുന്നത്.

## II അടിയന്തരപ്രമേയം

### ആയുധ ശേഖരം

മി. സ്പീക്കർ: എറണാകുളം മഹാരാജാസ് കോളേജിലെ വിദ്യാർത്ഥികളുടെ ഹോസ്റ്റലിൽനിന്നും വാക്കത്തി, ഇരുമ്പുദണ്ഡ്, വടിവാൾ, ബോംബ് തുടങ്ങിയ മാരകായുധങ്ങൾ പോലീസ് സർച്ചിൽ കണ്ടെത്തിയത് അദ്ധ്യാപക-വിദ്യാർത്ഥി സമൂഹത്തിലും പൊതുസമൂഹത്തിലും ഉയർത്തിയ ആശങ്കയും മഹാരാജാസിലെ പ്രിൻസിപ്പലിന്റെ കസേര കത്തിച്ച സംഭവത്തിൽ തൃപ്തികരമായ നടപടികൾ പോലീസ് സ്വീകരിക്കാത്തതും ഇത്തരം കാര്യങ്ങളിൽ ബാഹ്യഇടപെടൽമൂലം ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ പോലീസിന് കഴിയാത്തതുംമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന അതീവഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. ടി. തോമസ്, കെ. എം. ഷാജി, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർക്ക് മഹാരാജാസ് കോളേജ് പ്രിൻസിപ്പൽ നൽകിയ പരാതിയിൽ സ്റ്റാഫ് ഹോസ്റ്റലിന്റെ മുറിയിൽ ആയുധങ്ങൾ സൂക്ഷിച്ചിട്ടുണ്ടെന്നും അത് സംബന്ധിച്ച് നടപടി സ്വീകരിക്കണമെന്നുമായിരുന്നു ആവശ്യപ്പെട്ടത്. പ്രമേയത്തിൽ പറയുന്നതുപോലെ വിദ്യാർത്ഥികളുടെ ഹോസ്റ്റലിൽ നിന്നല്ല അവ കണ്ടെത്തിയിട്ടുള്ളത്. ഹോസ്റ്റൽ വിദ്യാർത്ഥികൾക്ക് താമസിക്കാൻ കോളേജ് അധികൃതർ 29-4-2017-ന് താൽക്കാലികമായി അനുവദിച്ച മുറി 30-4-2017-ന് ഒഴിഞ്ഞു. പരാതിയുടെ അടിസ്ഥാനത്തിൽ പോലീസ് ഹോസ്റ്റലിലെത്തി മുറി പരിശോധിച്ചതിൽ നിർമ്മാണപ്രവർത്തനത്തിന് ഉപയോഗിക്കുന്ന വാർക്കക്കമ്പി ഉൾപ്പെടെയുള്ള സാധനങ്ങൾ കണ്ടെടുത്തതായി സെർച്ച് ലിസ്റ്റിൽ പറയുന്നുണ്ട്. എന്നാൽ പ്രമേയത്തിൽ പരാമർശിക്കുന്നതുപോലെ വടിവാളോ ബോംബോ കണ്ടെത്തിയതായി റിപ്പോർട്ടില്ല. വാർക്കക്കമ്പി, പലക കഷണം, റബ്ബർപിടിയുള്ള പൈപ്പ്, തുണിചുറ്റിയ പൈപ്പ്, വെട്ടുകത്തി, ഏണി എന്നിവയാണ് അവിടെ കണ്ടെത്തിയത്. ഇവ പ്രിൻസിപ്പലിന്റെയും അദ്ധ്യാപകരുടെയും സാന്നിദ്ധ്യത്തിൽ പരിശോധിച്ച് പട്ടിക തയ്യാറാക്കി ക്രൈം 1250/17 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും പട്ടിക കോടതിയിൽ ഹാജരാക്കിയിട്ടുള്ളതുമാണ്. മധ്യവേനലവധി ആയതിനാൽ അവിടെ കുട്ടികൾ താമസിച്ചിരുന്നില്ല. കണ്ടെടുത്ത വസ്തുക്കൾ സൂക്ഷിച്ചിരുന്നവരെ കണ്ടെത്തുന്നതിനുള്ള ഊർജ്ജിതശ്രമങ്ങൾ നടത്തിവരുന്നു. ഈ മുറിയിൽ താമസിച്ചിരുന്ന 6 കുട്ടികൾ 30-4-2017-ന് മധ്യവേനലവധിക്ക് മുറിയൊഴിഞ്ഞുപോയതായി അറിവായിട്ടുണ്ട്. അതിനുശേഷം പിറകുവശത്ത് ഏണി ചാരിയ നിലയിലും മുൻവശത്തെ വാതിലും ജനലും തുറന്നുകിടക്കുന്നതായും കോളേജ് അദ്ധ്യാപകൻ കണ്ടതായി മൊഴി നൽകിയിട്ടുണ്ട്. വിദ്യാർത്ഥികൾ പോയതിനുശേഷം മറ്റാരോ അവിടെ ഇവ കൊണ്ടുവച്ചതാകാൻ സാദ്ധ്യതയുണ്ടെന്ന് കരുതാവുന്നതാണ്. എറണാകുളം മഹാരാജാസ് കോളേജ് പ്രിൻസിപ്പലിന്റെ കസേര കത്തിച്ച സംഭവത്തിൽ കേസ് രജിസ്റ്റർ ചെയ്ത് 3 പ്രതികളെ അറസ്റ്റു ചെയ്യുകയും തുടരന്വേഷണം നടത്തിവരുകയുമാണ്. അടിയന്തരപ്രമേയത്തിൽ പ്രതിപാദിച്ചിട്ടുള്ള തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജ്, പാലക്കാട് വിക്ടോറിയ കോളേജ്, തൃശ്ശൂർ ലാ കോളേജ്, തൊടുപുഴ ന്യൂമാൻസ് കോളേജ് എന്നിവിടങ്ങളിൽ നടന്നിട്ടുള്ള എല്ലാ സംഭവങ്ങൾക്കും കേസ് രജിസ്റ്റർ ചെയ്ത് നിയമനടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. കേരള യൂണിവേഴ്സിറ്റിയിലെ സ്റ്റുഡന്റ്സ് സർവ്വീസ്

ഡയറക്ടർ ഡോ. വിജയലക്ഷ്മിയുടെ പരാതിയുടെ അടിസ്ഥാനത്തിൽ കേസെടുത്ത് നിയമനടപടി സ്വീകരിച്ചുവരുന്നു. മേൽപ്പറഞ്ഞ സംഭവങ്ങൾക്ക് നടപടി സ്വീകരിക്കുന്നതിൽ പോലീസ് ഒരു അമാന്തവും വരുത്തിയിട്ടില്ല. മഹാരാജാസ് കോളേജ് ഹോസ്റ്റൽ മുറിയിൽ ആയുധം കണ്ടെത്തിയ സംഭവവും മറ്റ് കോളേജുകളിലെ സംഭവങ്ങളും തമ്മിൽ ഒരു ബന്ധവുമില്ല. മഹാരാജാസ് കോളേജ് പ്രിൻസിപ്പൽ നൽകിയ പരാതിയിന്മേൽ പോലീസ് നടപടി സ്വീകരിക്കുക യാണുണ്ടായത്. ഇക്കാര്യത്തിൽ ഒരുതരത്തിലുള്ള ബാഹ്യ ഇടപെടലുമുണ്ടായിട്ടില്ല, മറ്റൊരു സംഭവത്തിന്റെ തുടർച്ചയായി കാണേണ്ടതുമില്ല. മഹാരാജാസ് കോളേജിലും മറ്റ് കോളേജുകളിലും നടന്നിട്ടുള്ള അക്രമസംഭവങ്ങളുമായി ബന്ധപ്പെട്ട് ചില വിദ്യാർത്ഥികൾക്കെതിരെ കേസെടുത്ത് മേൽനടപടി സ്വീകരിച്ചുവരികയാണ്. അങ്ങ് ചൂണ്ടിക്കാണിച്ചതുപോലെ ഇതിൽ അടിയന്തരമായ ഒരു പ്രശ്നവുമില്ല.

ശ്രീ. പി. ടി. തോമസ് : സർ, ലോക പ്രശസ്തരായ അനേകം പ്രതിഭാധനന്മാരുടെ പാദസ്പർശംകൊണ്ട് പുണ്യമായ മഹാരാജാസ് കോളേജ് ഇന്ന് സാമൂഹ്യ വിരുദ്ധരുടെയും ക്രിമിനലുകളുടെയും താവളമായി മാറിയിരിക്കുകയാണ്. എൽ. വി. രാമവർമ്മ അയ്യർ, പണ്ഡിറ്റ് കറുപ്പൻ, ജി. ശങ്കരക്കുറുപ്പ്, ചങ്ങമ്പുഴ, വൈലോപ്പിള്ളി, ഒ.എൻ.വി., ശ്രീ. സച്ചിദാനന്ദൻ, ശ്രീ. ബാലചന്ദ്രൻ ചുള്ളിക്കാട് അടക്കമുള്ള കവികളും ഡോ. എം. ലീലാവതി, എം. എൻ. വിജയൻ, ശ്രീ. എം. കെ. സാനു, എം. തോമസ് മാത്യു അടക്കമുള്ള നിരൂപകരും എഴുത്തുകാരും ശ്രീമതി കെ. ആർ. ഗൗരി അമ്മ, ശ്രീ. എ. കെ. ആന്റണി, ശ്രീ. വയലാർ രവി, ശ്രീ. വൈക്കം വിശ്വൻ, ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്, ശ്രീ. ടി. എ. അഹമ്മദ് കബീർ, ശ്രീ. ബിനോയ് വിശ്വം തുടങ്ങി നിരവധി രാഷ്ട്രീയ നേതാക്കളും ശ്രീ. റ്റി. വി. ആർ. ഷേണായി, ശ്രീ. കെ. എം. റോയ് അടക്കമുള്ള നിരവധി മാധ്യമപ്രവർത്തകരും ശ്രീ. കെ. കെ. വിജയകുമാർ, ശ്രീ. വേണു രാജാമണി തുടങ്ങിയ സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരുമടക്കം നൂറുകണക്കിന് പ്രതിഭാധനന്മാർ കടന്നുപോയ ആ കലാലയം ഇന്ന് സാമൂഹ്യവിരുദ്ധരുടെ കേന്ദ്രമായി മാറിയിരിക്കുകയാണ്.

മഹാരാജാസ് കോളേജ് ഹോസ്റ്റൽ പ്രവർത്തന രഹിതമായതുകൊണ്ട് കുട്ടികളെ താമസിപ്പിച്ചിരുന്ന ക്വാർട്ടേഴ്സിൽനിന്നും 3-5-2017-ൽ മാരകായുധങ്ങൾ കണ്ടെടുത്തതിന്റെ പത്രവാർത്തയും വടിവാളിന്റെ ചിത്രവുമാണ് എന്റെ കയ്യിലുള്ളത്

(പത്രത്തിന്റെ പകർപ്പ് ഉയർത്തിക്കാണിച്ചു). കണ്ടെടുത്തിട്ടുള്ള ആയുധങ്ങളുടെ പേരുകൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വായിച്ചു. അങ്ങ് പറയാത്തതുമാത്രം ഞാൻ പറയാം. വടിവാൾ ഉൾപ്പെടെയുള്ള മറ്റ് ആയുധങ്ങൾ എന്നാണ് വാർത്ത വന്നിട്ടുള്ളത്. ആയുധം കണ്ടെത്തിയതിനെത്തുടർന്ന് പോലീസ് അവിടെ എത്തിയപ്പോൾ പ്രിൻസിപ്പലിന്റെ കസേര കത്തിച്ച കേസ്സിലെ ഒന്നാം പ്രതി ഹരികൃഷ്ണൻ എന്ന പയ്യന്നൂർ സ്വദേശി നിങ്ങളെ തട്ടിക്കളയുമെന്ന് ഭീഷണി പ്പെടുത്തിയ വാർത്ത മനോരമ ചാനലിൽപ്പോലും വന്നതാണ്. അതിന്റെ ചിത്രവും എന്റെ കയ്യിലുണ്ട് (ചിത്രം ഉയർത്തിക്കാണിച്ചു). മഹാരാജാസ് കോളേജിൽ ഞാനും ഡോ. ടി. എം. തോമസ് ഐസക്കും ഒന്നിച്ച് പഠിച്ചതാണ്. കഴിഞ്ഞ ദിവസവും ഞാൻ അദ്ദേഹവുമായി സംസാരിച്ചിരുന്നു. മഹാരാജാസ് കോളേജിലേയ്ക്ക് രാവും പകലും ഇഷ്ടംപോലെ വണ്ടികൾ കയറിയിറങ്ങുകയാണ്. സാമൂഹ്യവിരുദ്ധർ അവിടെ അഴിഞ്ഞാടുകയാണ്. അവിടെ ബ്യൂട്ടിഫിക്കേഷനുവേണ്ടി കൊടുത്ത 17 ലക്ഷം രൂപ ചെലവഴിക്കാൻ എസ്.എഫ്.ഐ. യൂണിറ്റ് അനുവദിക്കുന്നില്ല. അവിടത്തെ ടൈലുകളും മറ്റും അടിച്ചുതകർക്കുകയാണ്. കോൺട്രാക്ടറോട് ഒരു ലക്ഷം രൂപ ചോദിച്ചത് കൊടുക്കാത്തതുകൊണ്ട് പ്രവർത്തനം സ്തംഭിപ്പിച്ചു. ഗേറ്റ് വയ്ക്കാൻ തുടങ്ങിയത് തടഞ്ഞു. കഴിഞ്ഞ ദിവസം യു.പി.എസ്.സി.-യുടെ പരീക്ഷ പരിശോധിക്കാൻ വന്ന ഡൽഹിക്കാരനായ ഐ.എ.എസ്. ഉദ്യോഗസ്ഥന്റെ വാഹനം തടഞ്ഞ് പണം തന്നില്ലെങ്കിൽ വിടില്ലെന്ന് ഡ്രൈവറോട് പറഞ്ഞു. ജില്ലാ കളക്ടർ ഇടപെട്ടാണ് ഡൽഹി സ്വദേശിയായ ഐ.എ.എസ്. ഓഫീസർ അവിടെനിന്നും രക്ഷപെട്ടത്. ....(ബഹളം)....

മി. സ്പീക്കർ: പ്ലീസ്... ഇരിക്കൂ... അടിയന്തരപ്രമേയത്തിനിടയിൽ പോയിന്റ് ഓഫ് ഓർഡറില്ല. പിന്നീട് അനുവദിക്കാം. ശ്രീ. പി.ടി. തോമസ്, അങ്ങ് സംസാരിക്കൂ. ....(ബഹളം).... ശ്രീ. എ. എൻ. ഷംസീർ.... ശ്രീ. എം. സ്വരാജ്... അവിടെ ഇരിക്കൂ. പ്ലീസ്.... ശ്രീ. രാജേഷ്...

ശ്രീ. പി. ടി. തോമസ് : സർ, ബഹുമാനപ്പെട്ട ചെയറിനോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ഞാൻ സംസാരിക്കുമ്പോൾ മനഃപൂർവ്വമായി, തുടർച്ചയായി മറുഭാഗത്തുനിന്ന് തടസ്സപ്പെടുത്തുകയാണ്. ഒന്നോ രണ്ടോ പ്രാവശ്യമല്ല, ഞാൻ എപ്പോൾ എഴുന്നേറ്റാലും തടസ്സപ്പെടുത്തുകയാണ്. അങ്ങ് അതിന് കൂട്ടുനിൽക്കരുത്. ദയവായി അവരെ ശാസിക്കണം, നടപടി സ്വീകരിക്കണം.

മി. സ്പീക്കർ: ചെയർ ഒന്നിനും കൂട്ടുനിൽക്കുന്നില്ല. ചെയറിന് വടി പ്രയോഗത്തിന് അവകാശമില്ല.

ശ്രീ. പി. ടി. തോമസ് : സർ, ഞാൻ പറയുന്ന, ....(ബഹളം).... എനിക്ക് വളരെ വിഷമമുണ്ട്. ഞാൻ എപ്പോൾ എഴുന്നേറ്റാലും അവർ ബഹളം വയ്ക്കുകയാണ്. അങ്ങ് അത് നിയന്ത്രിക്കാത്തതിലുള്ള പ്രതിഷേധമാണ് ഞാൻ ചൂണ്ടിക്കാണിക്കുന്നത്.

മി. സ്പീക്കർ: രണ്ട് ഭാഗത്തുനിന്നും ഈ പ്രവണത കാണുന്നുണ്ട്. പലപ്പോഴും ഞാൻ പറയാറുണ്ട്. അത് ശരിയല്ല.

ശ്രീ. പി. ടി. തോമസ് : സർ, 2017 ജനവരി 19-ന് മഹാരാജാസ് കോളേജ് പ്രിൻസിപ്പാളിന്റെ കസേര കത്തിച്ചു. ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പു മന്ത്രിയോട് എനിക്ക് വലിയ സ്നേഹമാണ്. 11 അദ്ധ്യാപകരുടെ പേരിൽ നടപടി സ്വീകരിക്കണമെന്ന് കോളേജ് കൗൺസിൽ ഏകകണ്ഠമായി തീരുമാനിച്ചു. ഒരു അദ്ധ്യാപകന്റെ പേരിൽ നോട്ടീസ് കൊടുക്കാൻ നിങ്ങൾക്ക് കഴിഞ്ഞോ; അഞ്ചുമാസം കഴിഞ്ഞില്ലേ? പട്ടികജാതി വിഭാഗത്തിൽപ്പെട്ട പ്രിൻസിപ്പാൾ ശ്രീമതി എൻ. എൽ. ബീന, സാമൂഹ്യവിരുദ്ധർക്കെതിരെ ധീരമായ നടപടി സ്വീകരിച്ചു. ആ കോളേജിൽ രാത്രികാലങ്ങളിൽ നടക്കുന്ന കാര്യങ്ങൾ പുറത്തുപറയാൻ കൊള്ളില്ല. ട്രാൻസ്ജെൻഡേഴ്സിന്റെ രീതിയിൽ വേഷം ധരിച്ച് പുറത്തുപോകുകയും അന്യസംസ്ഥാന തൊഴിലാളികളെയൊക്കെ ആകർഷിച്ച് കോളേജിൽ കൊണ്ടുവന്ന് പണം പിടിച്ചുപറിക്കുകയും ചെയ്യുകയാണ്. പോലീസ് കേസ്സെടുത്തിട്ടുണ്ട്, മുഖ്യമന്ത്രി അന്വേഷിക്കണം. അവിടെ തീവ്രവാദികളുടെ കേന്ദ്രമാകുന്നുവെന്ന് പോലീസിന്റെ റിപ്പോർട്ടുണ്ട്. രാത്രികാലങ്ങളിൽ ലൈറ്റ് അടിച്ചുതകർക്കുന്നു. കോളേജ് മുറികൾ മുഴുവൻ കീറിയ വസ്ത്രങ്ങളും ഭക്ഷണ സാധനങ്ങളും മദ്യക്കുപ്പികളുംകൊണ്ട് നിറഞ്ഞിരിക്കുന്നു. കോളേജിന്റെ പരിസരം മുഴുവൻ വൃത്തികേടാക്കിയിരിക്കുന്നു. മഹാരാജാസ് കോളേജ് ദുരന്ത പാതയിലാണ്. ശ്രീ. ഓമൽ അലോഷ്യസ് എന്ന അദ്ധ്യാപകന്റെ നേതൃത്വത്തിലാണ് പ്രിൻസിപ്പാളിന്റെ കസേര കത്തിച്ചത്. ശ്രീ. ഓമൽ അലോഷ്യസ് ആരാണെന്ന് അന്വേഷിക്കണം. അവിടത്തെ പ്രിൻസിപ്പാളിനെ ഭീഷണിപ്പെടുത്തുന്ന വിദ്യാർത്ഥി നേതാവ് പറയുന്നു, 'വിജയേട്ടൻ കേരളത്തിലെ മുഖ്യമന്ത്രിയാണെങ്കിൽ എന്നെ തൊടില്ല, അദ്ദേഹം കണ്ണൂർ സ്വദേശിയാണ്' എന്ന്. ....(ബഹളം).... മഹാരാജാസ് കോളേജ് പ്രിൻസിപ്പാളിന്റെ കസേര കത്തിച്ചു. വിക്ടോറിയ കോളേജ് പ്രിൻസിപ്പാളിന് കുഴിമാടം തീർത്തു. 27 വർഷം ജോലി ചെയ്ത സ്ഥാപനത്തിൽനിന്ന് വിരമിക്കുന്ന ദിവസം അവരുടെ കുഴിമാടം തീർത്തു. അവരും പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഒരു സ്ത്രീയാണ്, പാലക്കാട് വിക്ടോറിയ

കോളേജിലെ ശ്രീമതി സരസു എന്ന ടീച്ചർ. സ്ത്രീ ശാക്തീകരണത്തെപ്പറ്റിയാണല്ലോ നിങ്ങൾ പറയുന്നത്, തൃശ്ശൂർ ഗവൺമെന്റ് ലാ കോളേജിലെ ശ്രീമതി ബിനു പൂർണ്ണിമ മോഹൻ എന്ന ടീച്ചറിനെ നാടുകടത്തി. പകരം അങ്ങയുടെ സെക്രട്ടറിയുടെ ഭാര്യയെ അവിടെ നിയമിച്ചു. എവിടെയിരിക്കുന്നു; ഞാൻ ചോദിക്കുന്നു, തിരുവനന്തപുരത്ത് ഡോ. വിജയലക്ഷ്മി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് തന്ന പരാതിയുടെ കോപ്പി എന്റെ കൈവശമുണ്ട്. പരാതി മാത്രം വായിക്കാം. 'എന്റെ മുടിക്ക് പിടിച്ചുവലിക്കുകയും പേനാക്കത്തി ഉപയോഗിച്ച് മുതുകിൽ കുത്തി ഭീഷണിപ്പെടുത്തുകയും മൂന്നുമണിക്കൂർ സമയം അനങ്ങാൻപോലും സമ്മതിക്കാതെ, പച്ചവെള്ളം കുടിക്കാനനുവദിക്കാതെ അഡ്വ. എ. എം. റഹീം എന്നെ മാനസികമായും ശാരീരികമായും പീഡിപ്പിച്ചു. ഈ മാനസികാഘാതത്തിൽ നിന്ന് എനിക്ക് രക്ഷപ്പെടാൻ കഴിഞ്ഞിട്ടില്ല. മൂന്ന് മണിക്കൂറോളം ഒരു സ്ത്രീയായ എന്റെ ഔദ്യോഗിക കൃത്യനിർവ്വഹണം തടസ്സപ്പെടുത്തിയതിനും ഭയാനകമായ സാഹചര്യമുണ്ടാക്കി മുൾമുനയിൽ നിർത്തി വായിക്കാൻപോലും അനുവദിക്കാതെ ബില്ലുകളും ചെക്കുകളും ഒപ്പിട്ട് ബലമായി വാങ്ങിയതിനും' നടപടി സ്വീകരിക്കണമെന്ന് സ്റ്റുഡന്റ്സ് സർവ്വീസ് ഡയറക്ടർ, അതും ഒരു വനിത പരാതി നൽകിയിരിക്കുന്നു. ....(ബഹളം).... ഉന്നതരായ നാല് സ്ത്രീകളുടെ കഥയാണ് ഞാൻ പറഞ്ഞത്. മഹാരാജാസ് കോളേജ് പ്രിൻസിപ്പൽ-പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിത, വിക്ടോറിയ കോളേജിലെ പ്രിൻസിപ്പൽ- പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിത, തൃശ്ശൂർ ഗവൺമെന്റ് ലാ കോളേജിലെ പ്രിൻസിപ്പൽ- താഴ്ന്ന ജാതിയിൽപ്പെട്ടവർ, തിരുവനന്തപുരത്തെ ഡോ. വിജയലക്ഷ്മി, എവിടെയാണ് സ്ത്രീ സുരക്ഷയെപ്പറ്റി നിങ്ങൾ പറയുന്നത്? ആത്മാർത്ഥതയുണ്ടെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രതികളെ കൽത്തുറുങ്കിലടയ്ക്കണം. ....(ബഹളം).... മഹാരാജാസ് കോളേജിൽ ആദ്യം പോലീസ് ഇടപെട്ടു, പിന്നെ പോലീസ് ഇടപെടുന്നില്ല. കാരണം അതുകൊണ്ട് കാര്യമില്ലെന്ന് അവർക്ക് മനസ്സിലായി. മാത്രമല്ല കേരളത്തിലെ ക്യാമ്പസിലുള്ള ഹോസ്റ്റലുകൾ, യൂണിവേഴ്സിറ്റി കോളേജിലെ അസ്മിത കബീർ, സൂര്യ, ഗായത്രി എന്നീ മൂന്ന് പെൺകുട്ടികൾ പരാതി തന്നില്ലേ; എന്ത് നടപടി സ്വീകരിച്ചു. സദാചാര ഗുണ്ടകൾ അഴിഞ്ഞാടിയില്ലേ; യൂണിവേഴ്സിറ്റി കോളേജിലെ പാളയത്തെ ഹോസ്റ്റലിൽ ആർക്കെങ്കിലും പോകാൻ കഴിയുമോ; എഞ്ചിനീയറിംഗ് കോളേജ് ഹോസ്റ്റലിൽ പോകാൻ കഴിയുമോ?

മി. സ്പീക്കർ : പ്ലീസ്... അങ്ങ് ഓർമ്മയിലുള്ള എല്ലാ കാര്യവും പറയാതെ സ്പെസിഫിക്കായി ഒരു കാര്യം പറഞ്ഞ് അവസാനിപ്പിക്കൂ. അങ്ങ് എഴുതിത്തന്ന വിഷയത്തെ കേന്ദ്രീകരിച്ച് സംസാരിക്കൂ.

<u>ശ്രീ. പി. ടി. തോമസ് </u>: സർ, ഞാൻ അവസാനിപ്പിക്കാം. കാര്യവട്ടം ക്യാമ്പസിൽ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേൾക്കണം, ആന്ധ്രാ സ്വദേശിയായ പട്ടികജാതിക്കാരനായ രാജേഷ് എന്ന വിദ്യാർത്ഥിയെ വിറക് വെട്ടിയില്ലെന്ന് പറഞ്ഞ് പീഡിപ്പിച്ചു. അവസാനം യു.ജി.സി.-ക്ക് പരാതി കൊടുത്തു.

<u>മി. സ്പീക്കർ</u> : അദ്ധ്യാപക-വിദ്യാർത്ഥി സമൂഹത്തിനുള്ള ആശങ്കയെക്കുറിച്ചാണ് അങ്ങയുടെ നോട്ടീസ്.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ഞാൻ എഴുതിക്കൊടുത്തിട്ടുണ്ട്. ....(ബഹളം)....

<u>മി. സ്പീക്കർ</u>:ദയവായി നിങ്ങൾ ഇരിക്കണം. ശ്രീ. പി. ടി. തോമസ് അങ്ങ് പറഞ്ഞ് അവസാനിപ്പിക്കൂ. പഴയ കാര്യങ്ങൾ പറഞ്ഞുകൊണ്ടിരിക്കുകയാണ്. അങ്ങ് അടിയന്തരപ്രമേയത്തിന് എഴുതിത്തന്ന കാര്യങ്ങളിലൊതുങ്ങിനിന്ന് സംസാരിക്കൂ. പ്ലീസ്. നിങ്ങൾ ഇരിക്കൂ.

<u>ശ്രീ. പി. ടി. തോമസ് </u>: സർ, ഇത് കേൾക്കുമ്പോൾ വിഷമമുണ്ടാകും. കാരണം ആന്ധ്രാ സ്വദേശിയായ രാജേഷ്, തിരുവനന്തപുരം സ്വദേശി അരുൺ എന്ന വിദ്യാർത്ഥി, എം. ജി. യൂണിവേഴ്സിറ്റിയിലെ വിവേക്.....

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ</u>): സർ, അടിയന്തരപ്രമേയ നോട്ടീസിൽ പറയുന്ന വിഷയങ്ങളാണ് ഇവിടെ സംസാരിക്കേണ്ടത്. റൂൾ 50 ഈ രൂപത്തിൽ അപമാനിക്കപ്പെട്ട ഒരു കാലഘട്ടമുണ്ടോ?

<u>മി. സ്പീക്കർ</u>:റൂൾ 50 പ്രകാരം എഴുതിത്തന്ന നോട്ടീസിന് വിധേയമായാണ് സംസാരിക്കേണ്ടതെന്ന് ഞാൻ നേരത്തെ പറഞ്ഞു. ....(ബഹളം).... നിങ്ങൾ ഇരിക്കൂ. അദ്ദേഹം പറഞ്ഞ് അവസാനിപ്പിക്കട്ടെ. അങ്ങ് അവസാനിപ്പിക്കുന്നുണ്ടോ? അങ്ങ് പറഞ്ഞ് അവസാനിപ്പിക്കണം. ഞാൻ തുടക്കത്തിലേ പറഞ്ഞല്ലോ പഴയ കാര്യങ്ങളെല്ലാംകൂടി പറയരുതെന്ന്. പ്ലീസ്.

<u>ശ്രീ. പി. ടി. തോമസ്</u> : സർ, ചങ്ങമ്പുഴയുടെ പേരക്കുട്ടി ചങ്ങമ്പുഴ ഹരികുമാറിനെ കലോത്സവത്തിന് മാർക്ക് കൂട്ടിനൽകിയില്ല എന്നുപറഞ്ഞ് എം. ജി. യൂണിവേഴ്സിറ്റി ക്യാമ്പസിൽവച്ച് ഭീകരമായി മർദ്ദിച്ചു. ....(ബഹളം)....

മി. സ്പീക്കർ : ശ്രീ. പി. ടി. തോമസ്, ഇതൊന്നും നോട്ടീസിലില്ല. അങ്ങ് എന്തിനാണ് പ്രകോപിപ്പിക്കുന്നത്?

ശ്രീ. പി. ടി. തോമസ് : സർ, കേരളത്തിലെ ക്യാമ്പസുകളിൽ നടക്കുന്ന കാര്യമാണിത്. തൊടുപുഴ ന്യൂമാൻസ് കോളേജ് അടിച്ചുതകർത്തു. ....(ബഹളം)....

മി. സ്പീക്കർ : അങ്ങ് പറഞ്ഞ് അവസാനിപ്പിക്കൂ. ഇങ്ങനെ പ്രകോപിപ്പിക്കുന്നത് എന്തിനാണ്?

ശ്രീ. പി. ടി. തോമസ് : സർ, യൂണിവേഴ്സിറ്റി കോളേജിൽ ആർക്കും പോകാൻ കഴിയില്ല. സ്റ്റുഡന്റ്സ് സെന്ററിലേയ്ക്ക് പോകാൻ കഴിയില്ല. കേരളത്തിലെ കലാലയങ്ങളിൽ എസ്.എഫ്.ഐ.-യും എ.ബി.വി.പി.-യും അരാജകത്വം സൃഷ്ടിക്കുന്നു.

മി. സ്പീക്കർ : പ്ലീസ് കൺക്ലൂഡ്.

ശ്രീ. പി. ടി. തോമസ് : സർ, എ.ബി.വി.പി. എം.ജി. കോളേജിലും ധനുവച്ചപുരം കോളേജിലും ആരെയും കടക്കാൻ അനുവദിക്കുന്നില്ല. എസ്.എഫ്.ഐ. കേരളത്തിലെ നിരവധി കോളേജുകളിൽ ആരെയും കടക്കാൻ സമ്മതിക്കുന്നില്ല. ആർട്സ് കോളേജ്, സംസ്കൃത കോളേജ്, യൂണിവേഴ്സിറ്റി കോളേജ്, മഹാരാജാസ് കോളേജ് തുടങ്ങിയ കോളേജുകളിൽ എസ്.എഫ്.ഐ.-യുടെ തേർവാഴ്ചയാണ് നടക്കുന്നത്. ആരെയും കടക്കാൻ സമ്മതിക്കില്ല. ഇത് സ്വാശ്രയ കോളേജുകളെ സഹായിക്കാനും സംരക്ഷിക്കാനുമാണ്.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. പി. ടി. തോമസ് : സർ, കേരളത്തിലെ ക്യാമ്പസ് വലിയ ദുരന്തത്തിലാണ്, ഈ ക്യാമ്പസുകളെ രക്ഷിക്കണം. മഹാരാജാസ് കോളേജിലെ പ്രിൻസിപ്പലിന്റെ കസേര കത്തിച്ച പതിനൊന്ന് അദ്ധ്യാപകരുടെ പേരിൽ നടപടിയെടുക്കണം. വിക്ടോറിയ കോളേജ് പ്രിൻസിപ്പലിനെയും തൃശ്ശൂർ ഗവൺമെന്റ് കോളേജ് പ്രിൻസിപ്പലിനെയും അപമാനിച്ചതിന് നടപടിയെടുക്കണം. തൃശ്ശൂർ ഗവൺമെന്റ് കോളേജ് പ്രിൻസിപ്പലിന്റെ മകളെ തട്ടിക്കൊണ്ടുപോകുമെന്ന് പോസ്റ്റർ എഴുതി വച്ചിരിക്കുകയാണ്. ഡോ. വിജയലക്ഷ്മിയെ അപമാനിച്ചതിന് നടപടിയെടുക്കണം. ഇതിനെ ന്യായീകരിക്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രി അക്രമികൾക്ക് കൂട്ടുനിൽക്കുകയാണെന്ന് പറയേണ്ടിവരും. ....(ബഹളം).... കെ. കരുണാകരൻ സ്മാരകഭൂമിയിലെ എല്ലാ വസ്തുവകകളും നശിപ്പിച്ചു. മഹാരാജാസ് കോളേജിലും ഹോസ്റ്റലിലും യൂണിവേഴ്സിറ്റി കോളേജിലും ഹോസ്റ്റലിലും സാമൂഹ്യവിരുദ്ധർ എസ്.എഫ്.ഐ.-യുടെ പിന്തുണയിൽ അഴിഞ്ഞാടുകയാണ്. നടപടി സ്വീകരിക്കുമോ? മഹത്തായ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പാരമ്പര്യം ഇവർ അടിച്ചുതകർക്കുകയാണ്. ഇവരെ നിലയ്ക്കുനിർത്താൻ കഴിയുമോ? പോലീസ് നടപടി സ്വീകരിക്കുമോ?

മി. സ്പീക്കർ : പ്ലീസ് കൺക്ലൂഡ്. ശ്രീ. പി. ടി. തോമസ്, എനിക്ക് മൈക്ക് ഓഫാക്കേണ്ടിവരും.

ശ്രീ. പി. ടി. തോമസ്: സർ, ആത്മാർത്ഥതയുണ്ടെങ്കിൽ പറയണം, കൊളീജിയേറ്റ് എഡ്യൂക്കേഷൻ ഡയറക്ടറേറ്റിൽ ലൈലാ ബോസ് എന്നയാളെ പിൻവാതിലിലൂടെ നിയമിച്ചിരിക്കുകയാണ്. ഡയറക്ടർക്ക് അവിടെ പ്രവർത്തിക്കാൻ കഴിയുന്നില്ല. ....(ബഹളം).... കസേര കത്തിച്ചതിന് പതിനൊന്ന് അദ്ധ്യാപകരുടെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിക്കാൻ കഴിഞ്ഞോ?

മി. സ്പീക്കർ : മൈക്ക് ഓഫ് ചെയ്യാനും ഓൺ ചെയ്യാനുമൊക്കെ ചെയറിന് അവകാശമുണ്ട്. ....(ബഹളം)....

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, ഇവിടെ ബഹുമാന്യനായ അംഗങ്ങൾ തന്ന അടിയന്തരപ്രമേയ നോട്ടീസിൽ മഹാരാജാസ് കോളേജിലെ വിദ്യാർത്ഥികളുടെ ഹോസ്റ്റലിൽനിന്നും വാക്കത്തി, ഇരുമ്പുദണ്ഡ്, വടിവാൾ, ബോംബ് തുടങ്ങിയ മാരകായുധങ്ങൾ പോലീസ് സർച്ചിൽ കണ്ടെത്തിയെന്നാണ് പരാമർശിച്ചിട്ടുള്ളത്. അവിടെ പരിശോധന നടത്തി സെൻട്രൽ പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ തയ്യാറാക്കിയ ഫസ്റ്റ് ഇൻഫർമേഷൻ റിപ്പോർട്ട് എന്റെ കയ്യിലുണ്ട്. അതിൽ അവിടെ കണ്ടെത്തിയ കാര്യങ്ങളെക്കുറിച്ച് പറയുന്നുണ്ട്. ആ റിപ്പോർട്ടിൽ പറയുന്നത്, കട്ടിലുകളുടെ അടിവശം പരിശോധിച്ചപ്പോൾ തെക്കുവശം ഭിത്തിയോട് ചേർന്ന് കിടന്നിരുന്ന കട്ടിലിനടിയിൽ ഒരു കറുത്ത ഫ്ലക്സിൽ എന്തോ പൊതിഞ്ഞുകെട്ടിവച്ചിരിക്കുന്നതായി കാണപ്പെട്ടു. ടി കട്ടിൽ മാറ്റി ഫ്ലക്സ് തുറന്ന് നോക്കിയപ്പോൾ- രണ്ട് ചതുരാകൃതിയിലുള്ള ഇരുമ്പ് പൈപ്പ്, ഒരറ്റം ചുവന്ന തുണി ചുറ്റിയ ഇരുമ്പ് പൈപ്പ് ഒരെണ്ണം, ഇരുമ്പ് പൈപ്പുകൾ സുമാർ 90 cm നീളമുള്ളത് അഞ്ചെണ്ണം, സ്റ്റീൽ നിറത്തിലുള്ള പൈപ്പ് ഒരെണ്ണം, പല വലിപ്പത്തിലുള്ള സുമാർ ഒരു മീറ്റർ നീളമുള്ള വാർക്കക്കമ്പികൾ, റബ്ബർ പിടിയോടുകൂടിയ സുമാർ ഒന്നര അടി നീളമുള്ള ഇരുമ്പ് വെട്ടുകത്തി ഒരെണ്ണം, 75 cm നീളമുള്ളതും 1 ½ ഇഞ്ച് വണ്ണവുമുള്ള കുറവടി മൂന്നെണ്ണം, 3 അടി നീളവും 1 ഇഞ്ച് വണ്ണവുമുള്ള മുളവടി ഒരെണ്ണം, സുമാർ 2 ½ അടി നീളവും ½ ഇഞ്ച് വണ്ണവും 2 ½ ഇഞ്ച് വീതിയുമുള്ള പലക കക്ഷണം ഒരെണ്ണം എന്നിവ കാണുകയും ടി ആയുധങ്ങളും ആയത് പൊതിഞ്ഞ് സൂക്ഷിച്ചിരുന്ന ഫ്ലക്സും സർച്ച് ലിസ്റ്റ് പ്രകാരം ബന്തവസ്സിലെടുക്കുകയും ചെയ്തു. ഇത്രയും സാധനങ്ങളാണ് ഇവിടെനിന്ന് കണ്ടെടുത്തത്. ഇതിൽ പറയുന്ന സാധനങ്ങൾ പലതും ഇതിനടുത്ത് നിർമ്മാണ സ്ഥലത്ത് ആവശ്യമുള്ളതാണ്. വിദ്യാർത്ഥികൾ നേരത്തെതന്നെ ഹോസ്റ്റൽ ഒഴിഞ്ഞുപോയിരിക്കുന്നു. ഹോസ്റ്റലിനകത്ത് വിദ്യാർത്ഥികൾ താമസിക്കുന്നില്ല. അവിടെ പിൻവശത്ത് ഒരു

ഏണി ഉണ്ടായിരുന്നുവെന്നും ജനൽ തുറന്നുവച്ചിട്ടുണ്ടായിരുന്നു എന്നും പറയുന്നു. അപ്പോൾ ഇതിനകത്ത് ഈ സാധനങ്ങൾ ആരാണ് കൊണ്ടുവച്ചത്, അതാണ് പരിശോധിച്ച് കണ്ടെത്തേണ്ടത്. ഇവിടെ അദ്ദേഹം സൂചിപ്പിച്ചതുപോലെ എവിടെനിന്നാണ് വടിവാളും ബോംബും വന്നത്. അദ്ദേഹം വടിവാൾ ഇതാ എന്നുപറഞ്ഞ് എന്തോ ഒരു കടലാസ് എടുത്ത് കാണിക്കുന്നത് കണ്ടു. ഇല്ലാത്ത വടിവാളും ബോംബും എവിടെനിന്നാണ് ബഹുമാന്യനായ പി. ടി. തോമസിന്റെ കയ്യിലേയ്ക്കുവന്നത്; ഇല്ലാത്തൊരു കാര്യം എന്തിനാണ് ഉന്നയിക്കുന്നത്? സാമൂഹ്യ വിരുദ്ധർ അഴിഞ്ഞാടുകയാണെന്നാണ് അദ്ദേഹം പറഞ്ഞത്. കലാലയങ്ങൾ സാമൂഹ്യവിരുദ്ധരുടെ കേന്ദ്രങ്ങളല്ല. നമ്മുടെ കലാലയങ്ങളിലെ കാര്യങ്ങൾ നാം ശ്രദ്ധിക്കണം. പൊതുവിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ശ്രദ്ധിക്കുകതന്നെ ചെയ്യും. മഹാരാജാസ് കോളേജായാലും യൂണിവേഴ്സിറ്റി കോളേജായാലും ബ്രണ്ണൻ കോളേജായാലും വിക്ടോറിയ കോളേജായാലും; ഇതെല്ലാം കേരളത്തിലെ പ്രശസ്തമായ കോളേജുകൾതന്നെയാണ്. ആ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കാനുള്ള ശ്രമങ്ങളാണ് സംസ്ഥാന സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. അന്താരാഷ്ട്ര തലത്തിൽ പ്രശംസ പിടിച്ചുപറ്റത്തക്ക കലാലയങ്ങളാക്കി ഉയർത്താനുള്ള ശ്രമങ്ങളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. എന്തോ ഒരു സാധനം ആരോ അവിടെ കൊണ്ടുവച്ചു. അത് ആരാണെന്ന് നമുക്ക് കണ്ടെത്താം, അത് പരിശോധിക്കാം. എന്തിനാണ് ഈ രീതിയിൽ അതിന്റെമേൽ പുകമറ സൃഷ്ടിക്കാൻ നോക്കുന്നത്? അവിടെ സാമൂഹ്യവിരുദ്ധർ അഴിഞ്ഞാടുന്നു എന്നൊരു ചിത്രം എന്തിനാണ് ഉണ്ടാക്കിവയ്ക്കുന്നത്? കോളേജുകളിലായാലും മറ്റെവിടെയായാലും നടക്കാൻ പാടില്ലാത്ത സംഭവങ്ങൾ നടന്നാൽ ഗൗരവമായിത്തന്നെ നടപടി സ്വീകരിക്കും. അവിടെ കസേര കത്തിച്ച സംഭവമുണ്ടായി. കസേര കത്തിക്കാൻ പാടില്ലാത്തതാണ്. അതിൽ ആർക്കും സംശയമില്ല. കസേര കത്തിച്ച ഒരു പ്രതിയേയും സംരക്ഷിക്കുന്ന നിലപാട് സർക്കാരിനില്ല. കസേര കത്തിച്ചവർക്കെതിരെ നടപടി എടുത്തു, അറസ്റ്റും ചെയ്തു. അതുമായി ബന്ധപ്പെട്ട മറ്റ് അന്വേഷണങ്ങൾ നടക്കുകയാണ്. നമ്മൾ ഓരോരുത്തരും ആഗ്രഹിക്കുന്നവരെ പ്രതികളാക്കാൻ സാധിക്കുമോ? കേസ്സിൽപ്പെട്ടവരെയല്ലേ പ്രതികളാക്കാൻ കഴിയൂ. അദ്ദേഹത്തിന് ഏതോ അദ്ധ്യാപകരോട് വിരോധമുണ്ടെന്നുവച്ച് ആ അദ്ധ്യാപകരുടെ പേരിൽ നടപടിയെടുക്കാൻ സാധിക്കുമോ? കേസ്സിന്റെ ഭാഗമായി ആരുടെ പേരിലാണോ നടപടി എടുക്കേണ്ടത് അവരുടെ പേരിൽ നടപടി സ്വീകരിക്കും. തെറ്റ് ചെയ്തിട്ടുണ്ടെങ്കിൽ അതിന്മേൽ നടപടിയുണ്ടാകും. അക്കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇവിടെ പറഞ്ഞുപറഞ്ഞ് എവിടംവരെയാണ് എത്തിയത്? മഹാരാജാസ് കോളേജ് തീവ്രവാദികളുടെ കേന്ദ്രമാകുന്നുവെന്നാണ്

പറഞ്ഞത്. എന്തും പറയാം എന്നൊരവസ്ഥ ശരിയാണോ? ഇങ്ങനെയൊരു നിലയുണ്ടാക്കാൻ പാടുണ്ടോ? നമ്മുടെ സംസ്ഥാനത്തെ ഏറ്റവും പ്രശസ്തമായൊരു കലാലയത്തെ ഈ നിയമസഭാ വേദി ഉപയോഗിച്ച് അങ്ങേയറ്റം അധിക്ഷേപിക്കുന്ന നിലപാട് സ്വീകരിക്കാമോ? അത് നമ്മുടെ നാടിനുതന്നെ അപമാനമല്ലേ? മഹാരാജാസ് കോളേജ് ഇങ്ങനെയാണെങ്കിൽ കേരളത്തിലെ ഏത് കലാലയമാണ് നല്ലതെന്ന് പറയാൻ സാധിക്കുക? അങ്ങനെയൊരു അവസ്ഥയുണ്ടാക്കാൻ കഴിയുമോ? എവിടെയൊക്കെ നടപടികൾ ആവശ്യമായി വന്നിട്ടുണ്ടോ അവിടെയെല്ലാം സംസ്ഥാന ഗവൺമെന്റിന്റെ നിലപാടിന്റെ ഭാഗമായി പോലീസ് ശക്തമായ നടപടി സ്വീകരിച്ചിട്ടുണ്ട്. കേരളത്തിലെ കലാലയങ്ങളിൽ എസ്.എഫ്.ഐ. നല്ലരീതിയിൽ ശക്തിയോടെ മികച്ച നിൽക്കുന്നുണ്ട്. അതിന്റെയർത്ഥം അവിടെ മറ്റാർക്കും പ്രവർത്തിക്കാൻ അവകാശമില്ലെന്നല്ല. മറ്റാളുകൾക്ക് ജനാധിപത്യപരമായി പ്രവർത്തിക്കാമല്ലോ. കുട്ടികൾ സ്വീകരിക്കാത്തതിന് എസ്.എഫ്.ഐ.-യെ അസഭ്യം പറഞ്ഞതുകൊണ്ട് കാര്യമുണ്ടോ? എന്തുകൊണ്ടാണ് തങ്ങളെ യുവതലമുറ സ്വീകരിക്കാത്തതെന്നാണ് ആദ്യം ആലോചിക്കേണ്ടത്. അതിനെക്കുറിച്ച് ചിന്തിക്കണം. അവിടെ വന്നിട്ടുള്ള അപചയത്തെക്കുറിച്ച് ചിന്തിക്കണം. എസ്.എഫ്.ഐ.-ക്കെതിരെ അസഭ്യങ്ങൾ വിളിച്ചുപറഞ്ഞതുകൊണ്ട് അതിനുപകരമാവില്ല. തിരുത്തേണ്ട കാര്യങ്ങൾ സ്വയം തിരുത്താൻ തയ്യാറാകണം. ഇവിടെ അദ്ദേഹം കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പാരമ്പര്യംവരെ ഓർമ്മിപ്പിക്കുന്നതായി കണ്ടു. അത് നല്ല കാര്യംതന്നെയാണ്. ആ പാരമ്പര്യം കാത്തുസൂക്ഷിക്കാൻ ഞങ്ങൾ ശ്രമിക്കാം. അതിനൊരു വ്യത്യാസവും വരില്ല. എന്തൊക്കെയാണ് അദ്ദേഹം ഇവിടെ അവതരിപ്പിച്ചത്? ഒരുപാട് പുതിയ കാര്യങ്ങൾ ഇതിന്റെ ഭാഗമായി പറഞ്ഞിട്ടുണ്ട്. ഞാൻ ഇപ്പോൾ അതിലേയ്ക്കൊന്നും പോകുന്നില്ല. മഹാരാജാസ് കോളേജിൽ ഈ പറയുന്ന തരത്തിലുള്ള അപകടകരമായ ഒരു സാഹചര്യവുമില്ല. നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന കുറച്ച് സാധനങ്ങൾ ഒരു മുറിയിൽനിന്ന് കണ്ടെത്തിയിട്ടുണ്ട്. അത് അവിടെ കൊണ്ടുവച്ചത് ആരാണെന്ന് അന്വേഷിച്ച് കണ്ടെത്താനുള്ള നടപടി സ്വീകരിക്കാം. അതിലപ്പുറം ഒരു മാനവും അതിലില്ല. അതുകൊണ്ടുതന്നെ ഇതൊരു അടിയന്തരപ്രമേയമായി പരിഗണിക്കേണ്ടതില്ല. അടിയന്തരപ്രമേയം എന്ന നിലയ്ക്ക് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യവുമില്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

10.00 a.m.]

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : സർ, കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു കലാലയമാണ് മഹാരാജാസ് കോളേജ്. മഹാരാജാസ് കോളേജിന്റെ യഥാർത്ഥ ചിത്രമാണ് ശ്രീ. പി. ടി. തോമസ് ഇവിടെ വരച്ചുകാട്ടിയത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത് കേട്ടാൽ വെട്ടുകത്തിയും കുറുവടിയുമെല്ലാം പഠനോപകരണങ്ങളാണെന്ന് തോന്നും. പ്രിൻസിപ്പലിനോട് കയർക്കുന്ന ഒരു വിദ്യാർത്ഥിയുടെ ചിത്രം എന്റെ കയ്യിലുണ്ട് (പത്രത്തിന്റെ ഫോട്ടോകോപ്പി ഉയർത്തിക്കാട്ടി). അവിടത്തെ എസ്.എഫ്.ഐ.-യുടെ പ്രധാന നേതാവിന്റെ ചിത്രമാണ്. അങ്ങ് ഇത് പരിശോധിക്കണം. ഞാൻ അങ്ങേയ്ക്ക് ഇത് തരാം. മഹാരാജാസ് കോളേജിന്റെ സ്റ്റാഫ് ക്വാർട്ടേഴ്സിൽ വിദ്യാർത്ഥികളെ താമസിപ്പിച്ചത് പ്രിൻസിപ്പലായിരുന്നു. അവർ അവിടെനിന്നും പോയതിനുശേഷം ആ മുറിയിൽ കണ്ടെത്തിയ മാരകായുധങ്ങളെപ്പറ്റി വിവരം ലഭിച്ചപ്പോഴാണ് പ്രിൻസിപ്പൽ പോലീസിനെ അറിയിച്ചതും പോലീസ് അവിടെപ്പോയി അന്വേഷിച്ചതും. പോലീസ് അവിടെപ്പോയി അന്വേഷിച്ചതിന് എസ്.എഫ്.ഐ. നേതാവ് പ്രിൻസിപ്പലിനോട് കയർക്കുന്നതെന്തിനാണ്; അതിന്റെ ആവശ്യമെന്താണ്; അവർക്കതിൽ പങ്കില്ലെങ്കിൽ എന്തിനാണ് പ്രിൻസിപ്പലായ ശ്രീമതി എൻ. എൽ. ബീനയോട് കയർക്കുന്നത്? പ്രിൻസിപ്പലിന്റെ ഒരു സ്റ്റേറ്റ്മെന്റ് പത്രത്തിൽ വന്നിട്ടുണ്ട്. ഞാനത് വായിക്കാം - 'പ്രിൻസിപ്പലെന്ന നിലയിലുള്ള ഉത്തരവാദിത്തം നിറവേറ്റുകയാണ് ഞാൻ ചെയ്തത്. കുട്ടികൾ താമസിക്കുന്ന മുറിയിൽ വൻ ആയുധ ശേഖരമുണ്ടെന്ന് അറിഞ്ഞപ്പോൾത്തന്നെ പോലീസിനെ അറിയിച്ചു. ആയുധം കണ്ടെടുത്ത മുറിയിൽ താമസിക്കുന്ന വിദ്യാർത്ഥികൾ കുറ്റക്കാരാണെന്ന് ഞാൻ പറയുന്നില്ല. എന്നാൽ അവരുടെ അറിവില്ലാതെ ആയുധങ്ങൾ ഇവിടെ വരില്ല. ഹോസ്റ്റലിലെ അസൗകര്യംമൂലം 24 പേർക്കായി സ്റ്റാഫ് ക്വാർട്ടേഴ്സിലെ നാല് മുറികൾ നൽകിയിരുന്നു. പുറത്തുനിന്ന് ആരെയും താമസിപ്പിക്കില്ലെന്നും മറ്റുള്ളവർക്ക് ബുദ്ധിമുട്ടുണ്ടാക്കുകയില്ലെന്നും ഉറപ്പ് ലഭിച്ചശേഷമാണ് മുറി അനുവദിച്ചത്. എന്നാൽ പുറത്തുള്ള വിദ്യാർത്ഥികൾ അവിടെ താമസിച്ചതായും ആയുധങ്ങൾ ശേഖരിച്ചതായും സംശയിക്കേണ്ടിയിരിക്കുന്നു'. ഇതാണ് പ്രിൻസിപ്പൽ പറഞ്ഞിട്ടുള്ളത്. ഇതിനെപ്പറ്റി മുഖ്യമന്ത്രി ഗൗരവമായി അന്വേഷിക്കുകയാണ് വേണ്ടത്. ഒരു കലാലയത്തിന്റെ മഹത്തായ പാരമ്പര്യത്തിന് കളങ്കമുണ്ടാക്കുന്ന പ്രവർത്തനങ്ങൾ ഉണ്ടാകാൻ പാടില്ലെന്നുള്ള വ്യക്തമായ ആഗ്രഹം മുൻ നിർത്തിയാണ് ബഹുമാന്യനായ പി. ടി. തോമസ് ഇക്കാര്യം ഇവിടെ അവതരിപ്പിച്ചത്.

ശ്രീ. ഇ. പി. ജയരാജൻ : സർ, ആ പത്രം ഏതാണെന്ന് പറയാമോ?

ശ്രീ. രമേശ് ചെന്നിത്തല : സർ, കേരളത്തിൽ അച്ചടിച്ച പത്രം തന്നെയാണ്. ഈ സംസ്ഥാനത്ത് ഒരിക്കലുമുണ്ടാകാൻ പാടില്ലാത്തതായിരുന്നു മഹാരാജാസ് കോളേജിലെ പ്രിൻസിപ്പലിന്റെ കസേര കത്തിച്ച സംഭവം. ബഹു. മുഖ്യമന്ത്രിയും ഈ സഭയിലെ എല്ലാ അംഗങ്ങളും അപലപിച്ച ഒരു കാര്യമാണത്. പന്ത്രണ്ടോളം അദ്ധ്യാപകർക്കെതിരെ നടപടിയുണ്ടാകണമെന്ന ശിപാർശ വന്നിട്ട് ഒരദ്ധ്യാപകന്റെ പേരിൽപ്പോലും എന്തുകൊണ്ട് നടപടി സ്വീകരിക്കുന്നില്ല? ഇത് മറ്റുള്ളവർക്ക് അക്രമപ്രവർത്തനങ്ങൾ നടത്താനുള്ള ലൈസൻസായി മാറിയിരിക്കുകയാണ്. ഒരു കുറ്റകൃത്യമുണ്ടായാൽ അതിന് നേതൃത്വം നൽകുന്ന ആളുകൾക്കെതിരെ നടപടി സ്വീകരിക്കുമ്പോഴാണ് മറ്റുള്ളവർക്ക് കുറ്റംചെയ്യാതിരിക്കാനുള്ള പ്രേരണയുണ്ടാകുന്നത്. പ്രിൻസിപ്പലിന്റെ കസേര കത്തിച്ച സംഭവത്തെ ആരും ന്യായീകരിച്ചിട്ടില്ല. അവരുടെ പേരിൽ നടപടിയെടുക്കണം. വിദ്യാർത്ഥികളുടെ പേരിൽ കേസുണ്ടെന്നത് ഞാൻ സമ്മതിക്കുന്നു. പക്ഷെ, ഇതിന് കൂട്ടുനിന്ന അദ്ധ്യാപകരുടെ പേരിൽ എന്തുകൊണ്ട് നടപടിയുണ്ടാകുന്നില്ല; അന്വേഷണ കമ്മീഷൻ റിപ്പോർട്ടുണ്ടല്ലോ; എന്തുകൊണ്ട് നടപടിയെടുക്കുന്നില്ല? ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നവരെ സംരക്ഷിക്കാനുള്ള ബോധപൂർവ്വമായ ശ്രമം നടക്കുന്നുവെന്ന ആശങ്കയാണ് ശ്രീ. പി. ടി. തോമസ് ഇവിടെ ഉയർത്തിക്കാണിച്ചത്. ഇത് ശരിയായ നടപടിയാണോ? ഒരു കോളേജിന്റെ സമാധാനാന്തരീക്ഷത്തെ തകർക്കുന്ന നടപടി ആര് സ്വീകരിച്ചാലും അത് അംഗീകരിക്കാൻ കഴിയുമോ? മഹാരാജാസ് കോളേജിലെ സംഭവം - മഞ്ഞുമലയുടെ ഒരറ്റം മാത്രമാണ്. കേരളത്തിലെ പല കലാലയങ്ങളിലും നടക്കുന്ന സംഭവവികാസങ്ങളെപ്പറ്റി ഇവിടെ സൂചിപ്പിച്ചു. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. സ്വതന്ത്ര ചിന്തയുടെ ഉറവിടങ്ങളായി മാറേണ്ട കലാലയങ്ങൾ അക്രമകേന്ദ്രങ്ങളായി മാറാൻ പാടില്ലാത്തതാണ്. അത് നമ്മുടെ പുതിയ തലമുറയെ വഴിതെറ്റിക്കുന്ന ഒന്നാണ്. അതിനെ നമ്മളാരും പ്രോത്സാഹിപ്പിക്കാൻ പാടില്ല. കോളേജുകളിൽ എല്ലാവർക്കും പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യമുണ്ടാകണമെന്ന് ബഹു. മുഖ്യമന്ത്രി ഇവിടെ പറഞ്ഞത് ഞാൻ അംഗീകരിക്കുന്നു; ഇവിടെ അതുണ്ടോ? എം.ജി. കോളേജിൽ എ.ബി.വി.പി.-ക്കാർ ആരെയും പ്രവേശിപ്പിക്കില്ല, യൂണിവേഴ്സിറ്റി കോളേജിൽ എസ്.എഫ്.ഐ.-ക്കാർ ആരെയും പ്രവേശിപ്പിക്കില്ല. സ്വതന്ത്ര ചിന്തയുടെ ഉറവിടങ്ങളാകേണ്ട, ജനാധിപത്യത്തിന്റെ ആദ്യ പാഠങ്ങൾ പഠിക്കേണ്ട കലാലയങ്ങളെ ഇത്തരത്തിൽ മാറ്റിയത് ഈ സംസ്ഥാനത്ത് ഗുരുതരമായ പ്രതിസന്ധിയുണ്ടാക്കുന്നുണ്ട്. വിദ്യാലയങ്ങളിൽ ശരിയായ ജനാധിപത്യ

അവകാശങ്ങൾ നൽകുന്നില്ലെങ്കിൽ അവിടെ കടന്നുവരുന്നത് അരാജകത്വത്തിന് നേതൃത്വം കൊടുക്കുന്ന വർഗ്ഗീയ സംഘടനകളാണ്. നമ്മുടെ കലാലയങ്ങളിൽ എല്ലാവർക്കും പ്രവർത്തിക്കാനുള്ള അവസരം കൊടുക്കണം. എല്ലാവരും പ്രവർത്തിക്കട്ടെ, വിദ്യാർത്ഥികൾക്ക് ഇഷ്ടമുള്ള സാഹചര്യം അവർ തെരഞ്ഞെടുക്കട്ടെ. ഒരു വിഭാഗം ആളുകളെ മാത്രമേ കോളേജുകളിൽ പ്രവർത്തിക്കാൻ അനുവദിക്കൂ എന്ന അവസ്ഥയാണ് ഈ അരാജകത്വത്തിന് കാരണമായി വന്നുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് എറണാകുളം മഹാരാജാസ് കോളേജിലുണ്ടായ സംഭവത്തെ മുഖ്യമന്ത്രി ഗൗരവമായി കാണണമെന്നാണ് എനിക്ക് പറയാനുള്ളത്.

ഇവിടെ പാലക്കാട് വിക്ടോറിയ കോളേജിലെ കാര്യം പറഞ്ഞു; അവിടെ നടന്ന സംഭവം ശരിയാണോ? ഒരുകാരണവുമില്ലാതെയാണ് തൊടുപുഴ ന്യൂമാൻസ് കോളേജ് മുഴുവനും അടിച്ചുതകർത്തത്. ഇത് എത്രയോ വർഷങ്ങളുടെ പാരമ്പര്യമുള്ള കോളേജാണ്. ആ കോളേജ് അടിച്ചുതകർത്തത് എസ്.എഫ്.ഐ.-ക്കാരാണ്. അവരുടെ പേരിൽ കേസെടുത്തിട്ടുണ്ട്. ഞാനൊരു വിദ്യാർത്ഥി സംഘടനയെയും അപമാനിക്കാനല്ല ശ്രമിക്കുന്നത്. സമൂഹത്തിൽ നടക്കുന്ന ഇത്തരം സംഭവങ്ങളെ നമ്മളാരും ന്യായീകരിക്കാൻ പാടില്ല. വിദ്യാർത്ഥി സംഘടനാ പ്രവർത്തനം അനുവദിക്കണമെന്ന അഭിപ്രായമുള്ളയാളാണ് ഞാൻ. നമ്മുടെ സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുന്ന ഇത്തരം അനഭിലഷണീയ പ്രവണതകളെ മുഖ്യമന്ത്രിയെപ്പോലുള്ള ആളുകൾ ന്യായീകരിക്കരുത്. അങ്ങ് ഇതിന് തടയിടാനാണ് ശ്രമിക്കേണ്ടത്. അങ്ങേയ്ക്കതിന് ഉത്തരവാദിത്തമുണ്ട്. ഈ സംസ്ഥാനത്തിന്റെ ഭരണത്തലവൻ എന്നുള്ള നിലയിൽ ഇത്തരം തെറ്റായ പ്രവണതകളെ ന്യായീകരിക്കുന്ന നടപടി ശരിയല്ല. ഏതെങ്കിലും അദ്ധ്യാപകന്റെ പേരിൽ കേസെടുക്കണമെന്ന് ഞങ്ങളോ ശ്രീ. പി. ടി. തോമസോ പറഞ്ഞിട്ടില്ല. അന്വേഷണ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപകർ കുറ്റക്കാരാണെങ്കിൽ വിദ്യാഭ്യാസ വകുപ്പുമന്ത്രി നടപടിയെടുക്കണമെന്ന ആവശ്യമാണ് ഞങ്ങൾക്കുള്ളത്. ഇത്തരം അദ്ധ്യാപകരെയൊന്നും സംരക്ഷിക്കാൻ പാടില്ല. അതൊന്നും ശരിയായ നടപടിയല്ല. ഇവിടെ ഡോ. വിജയലക്ഷ്മിയുടെ കാര്യം പറഞ്ഞു. അവർ എന്ത് തെറ്റുചെയ്തു? അവർക്കെതിരെ ഒരു സിൻഡിക്കേറ്റ് മെമ്പറുടെ നേതൃത്വത്തിൽ നടന്നത് എത്രമാത്രം തെറ്റായ നടപടിയാണ്? ഇത് ഗൗരവതരമായ സംഭവമാണ്. മഹാരാജാസ് കോളേജിന്റെ യശസ്സിനും പാരമ്പര്യത്തിനും കളങ്കം ചാർത്തുന്ന സംഭവമാണിത്. ഈ സംഭവം തീർച്ചയായും ഗൗരവത്തോടെ എടുക്കേണ്ടതാണ്. അവിടെയുണ്ടായ ഇത്തരം സംഭവങ്ങൾ നാളെ കേരളത്തിലെ ഒരു കലാലയത്തിലും ഉണ്ടാകാൻ പാടില്ല.

ശ്രീ. റ്റി. വി. രാജേഷ് : സർ, നമ്മുടെ കലാലയ രാഷ്ട്രീയത്തെക്കുറിച്ച് നല്ലൊരു ചർച്ച നടക്കണമെന്ന അഭിപ്രായക്കാരനാണ് ഞാൻ. പക്ഷെ എം.ജി. കോളേജിൽ ഒരു സി.ഐ.-യെ വെട്ടിയ കേസിലെ പ്രതികളെ കേസ്സിൽനിന്ന് ഒഴിവാക്കാനായി അങ്ങയുടെ സർക്കാരാണ് നടപടി സ്വീകരിച്ചത്. അത് എന്ത് സന്ദേശമാണ് സമൂഹത്തിന് നൽകുന്നത്?

ശ്രീ. രമേശ് ചെന്നിത്തല: സർ, അതെല്ലാം ഈ സഭ നിരവധി തവണ ചർച്ച ചെയ്തതാണ്. ഞാൻ പറഞ്ഞുവരുന്നത്, സംസ്ഥാനത്തെ പ്രമുഖ കലാലയമായ മഹാരാജാസ് കോളേജിൽ നടന്ന ഈ സംഭവത്തെ ഗൗരവത്തോടെ കാണാൻ ഗവൺമെന്റ് തയ്യാറാകുന്നില്ല. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ഡോ. എം. കെ. മുനീർ: സർ, ഈയൊരു പ്രധാനപ്പെട്ട വിഷയത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞപ്പോൾ പഴയൊരു എസ്.എഫ്.ഐ. നേതാവ് മറുപടി പറയുന്നതുപോലെയായിപ്പോയി. മുഖ്യമന്ത്രിയെന്ന നിലയിലുള്ള മറുപടിയാണ് അങ്ങയിൽനിന്നും പ്രതീക്ഷിച്ചത്. എല്ലാ വിദ്യാലയങ്ങളിലും നമുക്ക് ഉയർത്താനുള്ള മുദ്രാവാക്യം, 'പഠിക്കുക, പഠിക്കുക, പിന്നെയും പഠിക്കുക' എന്നുള്ളതാണ്. അതിനുപകരം, 'അടിക്കുക, പൊളിക്കുക, അടിച്ചുപൊളിച്ച് നിരത്തുക' എന്ന മുദ്രാവാക്യത്തിലേയ്ക്ക് വിദ്യാർത്ഥികളെ തള്ളിവിടുന്ന സാഹചര്യം ഒഴിവാക്കാൻ പ്രത്യേകിച്ച് മുഖ്യമന്ത്രി മുൻകയ്യെടുക്കണം. മുഖ്യമന്ത്രി മഹാരാജാസ് കോളേജിൽ ധനകാര്യ വകുപ്പുമന്ത്രിയുടെയും ശ്രീ. മമ്മൂട്ടിയുടെയുംകൂടെ ഒരു ചടങ്ങിൽ പങ്കെടുത്തപ്പോൾ അവിടത്തെ വിദ്യാർത്ഥികൾക്ക് ഒരു താക്കീത് നൽകിയിരുന്നു. അത് വലിയ അക്ഷരത്തിൽ പത്രങ്ങളിൽ അച്ചടിച്ചുവന്നപ്പോൾ ഞങ്ങളതിൽ അഭിമാനം കൊണ്ടതാണ്. അതിൽനിന്നും അങ്ങ് പിന്നോട്ട് പോയതായാണ് ഞങ്ങൾ കാണുന്നത്. അവിടെ വാളും ഇരുമ്പ് ദണ്ഡുമുണ്ടായിരുന്നുവെന്നത് ഞങ്ങളുണ്ടാക്കിയ കഥയല്ല.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

'The Hindu' പത്രം നിഷ്പക്ഷ പത്രമാണെങ്കിലും കൂടുതൽ ഇടതുപക്ഷ ചിന്താഗതിയുള്ള ഒരു പത്രമാണ്. അതിൽ പറയുന്നത് - " Weapons seized from Maharaja's College staff quarters" - Swords and iron rods were found wrapped in a cloth banner. The weapons were wrapped in a cloth banner and it included swords and iron rods – ഇതിന്റെ അർത്ഥം ഇത് നിർമ്മാണോപകരണങ്ങളല്ല മറിച്ച് വാളും ഇരുമ്പ് ദണ്ഡുമാണെന്നാണ്, ഇരുമ്പ് കമ്പിയല്ല, ഇരുമ്പ് ദണ്ഡാണ്. കട്ടിലിനടിയിൽ വച്ചിട്ടുള്ള സാധനം കണ്ടിട്ട് പ്രിൻസിപ്പാൾ പോലീസുകാരെ വിളിക്കേണ്ട ആവശ്യമെന്താണ്? സെൻട്രൽ പോലീസ് അവിടെ വന്നപ്പോൾ എസ്.എഫ്.ഐ. നേതാക്കൾ അവിടേയ്ക്ക് ഓടിയെത്തി എന്ന് പത്രത്തിൽ പറയുന്നു. ഞങ്ങളില്ലാത്ത സമയത്ത് ഞങ്ങളെ കുടുക്കുന്നതിനുവേണ്ടി ആയുധം കൊണ്ടുവച്ചതാണെന്നാണ് അവിടെ വന്ന എസ്.എഫ്.ഐ. നേതാക്കൾ ആരോപണമുന്നയിച്ചിരിക്കുന്നത്. ആയുധം തന്നെയാണ് കൊണ്ടുവച്ചതെന്ന് എസ്.എഫ്.ഐ. നേതാക്കൾപോലും പറഞ്ഞ സാഹചര്യത്തിൽ പിന്നെ ഇതെങ്ങനെ നിർമ്മാണോപകരണങ്ങളായി എന്നുള്ളത് പരിശോധിക്കണം. അപ്പോൾ പോലീസ് തന്നിട്ടുള്ള റിപ്പോർട്ട് പിന്നീട് എവിടെയെങ്കിലും മാറ്റപ്പെട്ടിട്ടുണ്ടോ? ഞങ്ങൾക്ക് കിട്ടിയ ചിത്രത്തിൽ അവിടെ പോലീസിരുന്ന് കാര്യങ്ങൾ പരിശോധിക്കുന്നതും ആ ബെഞ്ചിൽ വാളുകൾ നിരത്തിവച്ചിരിക്കുന്നതുമാണ് കണ്ടത്. പോലീസ് അവിടെയുണ്ടായിരുന്നു. അപ്പോൾ ഇങ്ങനെയുള്ള ഒരു ചിത്രം എങ്ങനെ വന്നുവെന്നെങ്കിലും പോലീസിനോട് ചോദിക്കേണ്ടത് മുഖ്യമന്ത്രിയുടെ ഉത്തരവാദിത്തമാണെന്ന് ഞങ്ങൾ കരുതുന്നു. മുമ്പ് പ്രിൻസിപ്പാളിന്റെ കസേര കത്തിച്ചു, മാത്രമല്ല, അവർ ഭീഷണിയിൽ നിൽക്കുന്ന സമയം കൂടിയാണ്. ഈ സംഭവം കഴിഞ്ഞ് മുറി പൂട്ടിയിടുകയും താക്കോൽ കളഞ്ഞുപോയെന്ന് ഇവർ പറയുകയും ചെയ്തു. കോളേജ് അധികൃതർ പൂട്ടിയതിനു ശേഷം ഒരു ഏണി വരികയും അതിലൂടെ കയറി ഓടിളക്കുകയും ചെയ്തതായിട്ടൊക്കെ പത്രത്തിൽ കാണുന്നുണ്ട്. ക്യാമ്പസുകളെ നമുക്ക് ശുചീകരിച്ചെടുക്കേണ്ടതുണ്ട്. രാഷ്ട്രീയം പാടില്ല എന്നല്ല അരാഷ്ട്രീയം ഏതായാലും ഒരു സമൂഹത്തെ തകർക്കുകയേയുള്ളൂ. രാഷ്ട്രീയം വേണം. പക്ഷേ രാഷ്ട്രീയം കൊലപാതക രാഷ്ട്രീയത്തിലേയ്ക്കും അക്രമ രാഷ്ട്രീയത്തിലേയ്ക്കും പോകാതിരിക്കാൻ നേതൃത്വം ശ്രദ്ധിക്കേണ്ടതാണ്. മുൻ എസ്.എഫ്.ഐ. നേതാക്കൾ ഇന്ന്

എം.എൽ.എ.-മാരാണ്. ക്യാമ്പസുകളിൽനിന്ന് ആയുധം മാറ്റി ശുചീകരിക്കണമെന്ന് നിങ്ങളുടെ വിദ്യാർത്ഥി പ്രസ്ഥാനത്തോട് പറയാനുള്ള ആർജ്ജവം കാണിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. പാലക്കാട് വിക്ടോറിയ കോളേജിലെ ശ്രീമതി സരസു എന്ന അദ്ധ്യാപിക, അവർ എന്ത് ചെയ്തുവെന്ന് നമുക്കറിയില്ല. അതിന് വേറെ രീതികളുണ്ട്. പക്ഷേ അവർ പോയപ്പോൾ അവർക്കൊരു കുഴിമാടമുണ്ടാക്കുകയാണ് ചെയ്തത്. അതിന് ശ്രീ. എം. എ. ബേബി നൽകിയ വിശദീകരണം എന്താണ്? അതൊരു ആർട്ട് ഇൻസ്റ്റലേഷൻ ആണെന്നാണ്; ഒരു കലാപ്രവർത്തനം മാത്രമാണ്. സാധാരണ ബിനാലെയിലൊക്കെ പെയിന്റിംഗിനോടൊപ്പം ഇൻസ്റ്റലേഷൻ ഉണ്ടാകാറുണ്ട്. ഒരു അദ്ധ്യാപികയുടെ കുഴിമാടമുണ്ടാക്കിവച്ചിട്ട് അത് ആർട്ട് ഇൻസ്റ്റലേഷനാണെന്ന് പറയാൻ ശ്രീ. എം. എ. ബേബിയെപ്പോലുള്ള സാംസ്കാരിക നേതാക്കൾ തയ്യാറായത് അങ്ങേയറ്റം ദയനീയമായിപ്പോയി എന്നാണ് എനിക്ക് പറയാനുള്ളത്. ഇങ്ങനെയാണെങ്കിൽ ടി. പി. ചന്ദ്രശേഖരന്റെ മുഖത്ത് വെട്ടിയത് മുഴുവൻ ഒരു കലാപ്രവർത്തനമായിരുന്നുവെന്ന് പറയുന്ന അവസ്ഥയിലേയ്ക്ക് പോകുമോ എന്ന് ഞങ്ങൾ ഭയപ്പെടുകയാണ്. അതുകൊണ്ട് ഇക്കാര്യം ഗൗരവമായി മുഖ്യമന്ത്രി കാണണം. മുഖ്യമന്ത്രി അന്ന് മഹാരാജാസ് കോളേജിൽ നടത്തിയ പ്രസംഗത്തോട് നീതി പുലർത്തണം. മഹാരാജാസ് കോളേജ് അന്തസ്സുള്ള കോളേജാണ്. ആ കോളേജിന് അങ്ങ് പറഞ്ഞതുപോലെ കളങ്കമുണ്ടാക്കാൻ; അങ്ങയുടെ കാലഘട്ടത്തിലുള്ള ഇത്തരം പ്രവർത്തനങ്ങളിലൂടെ സമ്മതിക്കരുതെന്നു മാത്രം പറഞ്ഞുകൊണ്ട് അങ്ങ് നടത്തിയിട്ടുള്ള ഈ മറുപടിയിൽ അസംതൃപ്തി രേഖപ്പെടുത്തിക്കൊണ്ട് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, ഇന്ന് നമ്മുടെ ക്യാമ്പസുകൾ കലാപ ഭൂമിയായി മാറിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി 'മഹാരാജകീയം' എന്ന പരിപാടിയിൽ പങ്കെടുത്തുകൊണ്ട് പറഞ്ഞതാണ്, മഹാരാജാസ് മാതൃകയാകണം, തെറ്റുതിരുത്തണമെന്ന്. മമ്മൂട്ടിയോടൊപ്പം വേദി പങ്കിട്ടുകൊണ്ട് അങ്ങ് നടത്തിയ പ്രസ്താവന വലിയ വാർത്താപ്രാധാന്യം നേടിയതാണ്. വിദ്യാർത്ഥികളുടെ ഹോസ്റ്റലിലാണോ; അദ്ധ്യാപകരുടെ ഹോസ്റ്റലിലാണോ; ആ ക്യാമ്പസിൽനിന്നും ആയുധങ്ങൾ പിടിച്ചെടുത്തിരിക്കുന്നു. അതിനെ നിസ്സാരവത്കരിക്കുന്ന സമീപനമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയിൽ നിന്ന് മനസ്സിലാക്കാൻ കഴിയുന്നത്.

അത് പണിയായുധങ്ങളാണ് എന്ന നിലയിൽ കാണുമ്പോൾ അതിനകത്ത് ആധികാരികമായുള്ള നിരവധി മാധ്യമ റിപ്പോർട്ടുകളുണ്ട്. ഇവിടെ പലരും ചോദിച്ചല്ലോ, നിങ്ങൾ മാധ്യമ റിപ്പോർട്ട് വച്ചാണോ ചർച്ച ചെയ്യുന്നതെന്ന്. ഈ സഭയിൽ പലപ്പോഴും ചർച്ച ചെയ്തിട്ടുള്ളത് മാധ്യമ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ തന്നെയാണ്. മാരകായുധങ്ങളാണ് അവിടെനിന്ന് പിടിച്ചെടിത്തിട്ടുള്ളതെന്ന് വളരെ ആധികാരികമായി പറയാൻ കഴിയും. ആ ക്യാമ്പസിൽ പ്രിൻസിപ്പാളിന്റെ കസേര കത്തിച്ചപ്പോൾ അതിനോടനുബന്ധിച്ച് എത്രപേർക്കെതിരെ നടപടി സ്വീകരിക്കാൻ കഴിഞ്ഞു? അദ്ധ്യാപകർ ഉൾപ്പെടെയുള്ളവർക്കെതിരെ നടപടി സ്വീകരിച്ചോ എന്ന് നമ്മൾ ചിന്തിക്കണം. സ്വാശ്രയ മാനേജ്മെന്റുകളുമായി വിദ്യാർത്ഥികൾ സംഘർഷമുണ്ടാക്കുന്നു. വിദ്യാർത്ഥികൾ അദ്ധ്യാപകരുമായി സംഘർഷത്തിലേയ്ക്കുപോകുന്നു. ക്യാമ്പസുകളിൽ വലിയ രീതിയിലുള്ള മൂല്യത്തകർച്ച സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി അക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്. രാഷ്ട്രീയ സംഘർഷങ്ങൾ പല സന്ദർഭങ്ങളിലുമുണ്ടായിട്ടുണ്ട്. പക്ഷേ കസേര കത്തിക്കുക, കുഴിമാടം നിർമ്മിക്കുക തുടങ്ങി മറ്റൊരു രീതിയിലേയ്ക്ക് ക്യാമ്പസുകൾ പോകുന്നുവെന്നത് നമ്മൾ കാണേണ്ടതായിട്ടുണ്ട്. ഭയാനകമായ ഒരു സാഹചര്യം കേരളത്തിൽ സംജാതമാകുന്നുവെന്നുവേണം ഇത്തരം കാര്യങ്ങളിൽനിന്നും നാം മനസ്സിലാക്കേണ്ടത്. ഞാൻ മറ്റു വിഷയങ്ങളിലേയ്ക്ക് കടക്കുന്നില്ല. എന്തായാലും ഇത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഒരു ക്യാമ്പസിൽ മാത്രമായി ഇതിനെ കാണരുത്. ഇവിടെ ശ്രീ. പി. ടി. തോമസ് അതുകൊണ്ടാണ് പറഞ്ഞത്, പല ക്യാമ്പസുകളിലും ഇത്തരത്തിൽ നടക്കുന്നുണ്ട്. ന്യൂമാൻസ് കോളേജിൽ സംഭവിച്ചതെന്താണ്? ഒരു എസ്.എഫ്.ഐ. വിദ്യാർത്ഥിയെ സസ്പെന്റ് ചെയ്തു. ആ വിദ്യാർത്ഥിയെ തിരിച്ചെടുക്കുന്നതിന് കാലതാമസമുണ്ടായതിന്റെ പേരിലാണ് ആ കോളേജ് അടിച്ചുതകർത്തത്. അതിന്റെ പേരിൽ അവിടെയുണ്ടായിട്ടുള്ള പ്രശ്നങ്ങളും സാമൂഹിക വിഷയങ്ങളും വളരെ വലുതാണ്. എവിടെ നോക്കിയാലും ക്യാമ്പസുകളിൽ ഉണ്ടാകുന്ന പ്രശ്നത്തിൽ ഒരു ഭാഗത്ത് എസ്.എഫ്.ഐ. ആണെന്നത് നിർഭാഗ്യകരമാണ്. എന്തായാലും ഈ വിഷയം ചർച്ച ചെയ്യാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും വാക്കൗട്ടിൽ പങ്കുചേരുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. കെ. എം. മാണി</u> : സർ, നമ്മുടെ കലാലയങ്ങളെ കലാപ കേന്ദ്രങ്ങളാക്കാൻ പാടില്ല, ആയുധപ്പുരകളാക്കാൻ പാടില്ല. കലാലയങ്ങളിൽ നമുക്ക് ശാശ്വതമായ സമാധാനം ഉറപ്പുവരുത്തണം. കലാപകാരികൾക്കെതിരെ, അങ്ങനെയുള്ള ശ്രമങ്ങൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണം. പക്ഷേ ഗവൺമെന്റ് ഇതിൽ ഉദാസീനത കാണിക്കുകയാണ്. ശക്തമായ നടപടി സ്വീകരിക്കുന്നില്ല. ആ ഉദാസീനതയ്ക്കെതിരെ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. ഒ. രാജഗോപാൽ</u> : സർ, ഇവിടെ ചൂണ്ടികാണിച്ചതുപോലെ, കലാലയങ്ങളെ കലാപശാലകളാക്കുന്ന സാഹചര്യം നിർഭാഗ്യവശാൽ കേരളത്തിൽ വളർന്നു വരുന്നു എന്നുള്ളത് അത്യന്തം ഖേദകരമാണ്. ഇതിനെ സംബന്ധിച്ച് ഏതാണ്ട് ഒരു ചിത്രം നൽകിയിട്ടുണ്ട്, സമ്പൂർണ്ണമല്ല, പക്ഷെ, വളർന്നുവരുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി എറണാകുളത്ത് പോയി സാരോപദേശമൊക്കെ കൊടുത്തു, പക്ഷെ അതിന് ഫലമുണ്ടായില്ല എന്നല്ലേ നമ്മൾ മനസ്സിലാക്കേണ്ടത്. നേരത്തേ ചൂണ്ടിക്കാണിച്ചതുപോലെ, അവിടത്തെ എസ്.എഫ്.ഐ. നേതാവ് പറയുന്നത്, 'വിജയേട്ടൻ അവിടെയുള്ളിടത്തോളം കാലം ഞങ്ങൾക്കെതിരെ ഒരു നടപടിയും ഉണ്ടാകില്ലെന്ന് ഉറപ്പുണ്ട്' എന്നാണ്. ആ ധൈര്യത്തിന്റെപേരിൽ അവർ ചെയ്യുന്നു. ഈ ഒരു ധാരണ ഉണ്ടാകുന്നത് നല്ലതാണോ? ഈ രാജ്യത്തെ കലാലയങ്ങളിൽ സമാധാനപരമായി ഉയർന്നനിലയിൽ വിദ്യാഭ്യാസം നടത്താനുള്ള സാഹചര്യം ഉണ്ടാക്കണം. അതിനുള്ള ഉത്തരവാദിത്തം ഈ ഗവൺമെന്റിനുണ്ട്. അക്കാര്യത്തിൽ പരാജയപ്പെട്ടിരിക്കുന്നു എന്നുള്ളതുകൊണ്ട് ഞാൻ പ്രതിഷേധിച്ച് വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭവിട്ട് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ തിരിച്ചെത്തി.)

## III ശ്രദ്ധ ക്ഷണിക്കൽ

### (1) കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് പ്രത്യേക സംവിധാനം

ശ്രീ. കെ. കൃഷ്ണൻകുട്ടി : സർ, കേന്ദ്രാവിഷ്കൃത പദ്ധതികൾ നിശ്ചിത സമയത്ത് ലഭ്യമാക്കുന്നതിലും ലഭിച്ച പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിലും നമ്മുടെ സംസ്ഥാനം വളരെ പിന്നിലാണ്. ഇതിന്റെ പ്രധാന കാരണമായി കരുതപ്പെടുന്നത്, ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപനമി ല്ലായ്മയും നിശ്ചിത സമയത്തിനുള്ളിൽ മാർഗ്ഗരേഖ അനുസരിച്ചുള്ള വിശദമായ പദ്ധതി റിപ്പോർട്ട് കേന്ദ്രത്തിന് സമർപ്പിക്കുന്നതിനുള്ള കാലതാമസവുമാണ്. ഇതിന്റെ ഫലമായി പ്രഖ്യാപിച്ച പദ്ധതികൾ സംസ്ഥാനത്തിന് അതാത് വർഷം ലഭിക്കുന്നില്ല. കൂടാതെ, പദ്ധതികൾക്കായി കേന്ദ്രം നീക്കിവയ്ക്കുന്ന തുക നാമമാത്രമാവുകയും ആനുപാതികമായി സംസ്ഥാനത്തിന്റെ വിഹിതം ചുരുങ്ങുകയും ചെയ്യുന്നു. സംസ്ഥാനം കടുത്ത സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്ന സാഹചര്യത്തിൽ 60 ശതമാനത്തോളം ഗ്രാന്റായി ലഭിക്കുന്ന തുക പാഴാക്കിക്കളയുന്നത് പരിതാപകരമാണ്. പി.എം.കെ.എസ്.വൈ. (പ്രധാനമന്ത്രി കൃഷി സിഞ്ചാൻ യോജന), അമൃത്, സ്മാർട്ട് സിറ്റി, ഗ്രാമീണ റോഡ് വികസനം, കുടിവെള്ളം തുടങ്ങിയ പദ്ധതികളുടെ പ്രവർത്തനങ്ങൾ മന്ദഗതിയിലാണ്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് പുറമേ കേന്ദ്രം മുഖേന ഐക്യരാഷ്ട്ര ഏജൻസികളിൽനിന്ന് ലഭിക്കുന്ന സഹായങ്ങൾ സംസ്ഥാനത്തിന് ലഭിക്കുന്നതിലും നാം വളരെയധികം പുറകിലാണ്. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട ഗ്രീൻ ക്ലൈമറ്റ് ഫണ്ട് ഒരു ഉദാഹരണമാണ്. മേൽ സൂചിപ്പിച്ചിരുന്ന കാര്യങ്ങൾ പരിഗണിച്ച് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഏകോപനവും നിർവ്വഹണവും ദ്രുതഗതിയിലാക്കണ മെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. 28-ഓളം കേന്ദ്രാവിഷ്കൃത പദ്ധതികൾ രാജ്യത്തൊട്ടാകെ നടപ്പിൽ വരുത്തുന്നുണ്ട്. എന്നാൽ നമ്മുടെ സംസ്ഥാനത്ത് ഈ പദ്ധതികളുടെ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ ഫലം കാണുന്നില്ല. പി.എം.കെ.എസ്.വൈ., അമൃത്, സ്മാർട്ട് സിറ്റി, ഗ്രാമീണ റോഡ് വികസനം, കുടിവെള്ളം തുടങ്ങിയ ഗൗരവമേറിയ പദ്ധതികൾ ഇപ്പോഴും ശൈശവ ദിശയിലാണ്. അമൃത്, സ്മാർട്ട് സിറ്റി പദ്ധതികൾക്ക് ഇതുവരെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റ്മാരെ നിയമിക്കാൻ സാധിച്ചിട്ടില്ല. ഇവരുടെ ചെലവ് കേന്ദ്രം വഹിക്കുമെന്നിരിക്കെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുപോലും നിയമനത്തിൽ തടസ്സമുള്ളതായി കാണുന്നു. അമൃത് പദ്ധതിയുടെ നിർവ്വഹണത്തിനായി സ്റ്റേറ്റ് മാനേജ്മെന്റ് യൂണിറ്റ്

പ്രവർത്തിക്കുന്നുണ്ടെങ്കിലും കാര്യമായ പുരോഗതിയുള്ളതായി കാണുന്നില്ല. ഇതിന്റെ നടത്തിപ്പിന് ഇതുവരെ ഭീമമായ തുകയാണ് ചെലവഴിച്ചത്. പദ്ധതികൾക്ക് തടസ്സമായി നിൽക്കുന്നത് വകുപ്പുകളുടെ ഏകോപനമില്ലായ്മയും പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലെ അപാകതയുമാണ്. ഓരോ പദ്ധതിക്കും കേന്ദ്രസർക്കാരിന്റെ അതാത് വകുപ്പുകൾ മാർഗ്ഗരേഖ തയ്യാറാക്കുമ്പോൾത്തന്നെ സംസ്ഥാനങ്ങളുടെ നിർദ്ദേശങ്ങൾക്കായി അയച്ചുകൊടുക്കാറുണ്ട്. എന്നാൽ പലപ്പോഴും ബന്ധപ്പെട്ട വകുപ്പുകൾ ഇതിൽ വേണ്ടത്ര ശ്രദ്ധ ചെലുത്താറില്ല. ഇതുകാരണം പലപ്പോഴും പദ്ധതി നിർവ്വഹണത്തെ സാരമായി ബാധിക്കുന്നു. മാർഗ്ഗരേഖ അനുസരിച്ച് പദ്ധതി തയ്യാറാക്കുന്നതിൽ ബന്ധപ്പെട്ട വകുപ്പുകൾ വീഴ്ച വരുത്തുന്നതുകാരണം അംഗീകരിക്കപ്പെട്ട പല പദ്ധതികളും സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കുന്നില്ല. പദ്ധതി നിർവ്വഹണത്തിലെ പ്രായോഗിക ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരാത്തതും ഒരു കാരണമാണ്. ഇതിനായി കേന്ദ്രസർക്കാർ ജില്ലാതലത്തിൽ പദ്ധതികൾ ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനും കമ്മിറ്റികൾ രൂപീകരിക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇത്തരം കമ്മിറ്റികളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തേണ്ടത് അത്യാവശ്യമാണ്. മറ്റ് സംസ്ഥാനങ്ങളിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഏകോപനത്തിനും കേന്ദ്രവുമായി ബന്ധപ്പെട്ട പദ്ധതികളുമായി ബന്ധം പുലർത്തുന്നതിനുമുള്ള സ്ഥിരം സംവിധാനമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തും ഇത്തരത്തിലുള്ള സംവിധാനം രൂപീകരിക്കുന്നത് കാര്യങ്ങൾ വേഗത്തിലാക്കാൻ ഉപകരിക്കും. സംസ്ഥാനത്ത് വർഷങ്ങളായി നടന്നുവരുന്നതും പുതിയതായി അപേക്ഷിക്കാൻ പോകുന്ന പദ്ധതികളുമായി ബന്ധപ്പെട്ട് ഇതുവരെ ലഭിച്ചതും ചെലവഴിച്ചതും ലഭിക്കാനുള്ളതുമായ തുകകളെക്കുറിച്ച് വിശദമായി ചർച്ച ചെയ്ത് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിനായി മുഖ്യമന്ത്രിയുടെ കീഴിൽ സ്ഥിരം സംവിധാനം ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. എൻ.എഫ്.എസ്.എം. (നാഷണൽ ഫുഡ് സെക്യൂരിറ്റി മിഷൻ) പാലക്കാട് ജില്ലയിൽ മാത്രമേയുള്ളൂ. അതിന് 2015-16, 2016-17 വർഷങ്ങളിൽ തുകയൊന്നും ലഭിച്ചിട്ടില്ല. അതിനുമുമ്പ് കിട്ടിയ തുക കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ചെലവഴിച്ചിട്ടുമില്ല. അതുപോലെ, പി.എം.കെ.എസ്.വൈ.-യുടെ നടത്തിപ്പ് സംബന്ധിച്ചും താങ്കളുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. 2015-ലാണ് പി.എം.കെ.എസ്.വൈ. പ്രഖ്യാപിച്ചത്. മാർഗ്ഗനിർദ്ദേശം ലഭിച്ചതിനുശേഷം ജില്ലാ ഇറിഗേഷൻ പ്ലാൻ തയ്യാറാക്കണം, അത് തയ്യാറാക്കിയിട്ടേയില്ല. ഇപ്പോഴാണ് അതിന്റെ നടപടി തുടങ്ങിയത്. പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ 10 ലക്ഷം രൂപ

കേന്ദ്ര ഗവൺമെന്റ് അനുവദിച്ചതിന്മേലും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ജൂനിയർ ഐ.എ.എസ്., ഐ.എഫ്.എസ്. ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ വേണം ഈ പ്ലാൻ തയ്യാറാക്കേണ്ടതെന്ന് മാർഗ്ഗനിർദ്ദേശത്തിൽ വ്യക്തമായി പറയുന്നുണ്ട്. അങ്ങനെയൊരു നടപടി പാലക്കാട് ജില്ലയിൽ നടന്നിട്ടില്ല, മറ്റ് ജില്ലകളിൽ നടന്നോയെന്ന് എനിക്കറിയില്ല. അവസാനം ഞങ്ങളൊക്കെ ഇടപെട്ടതിനുശേഷമാണ് സംസ്ഥാന ഗവൺമെന്റ് സി.ഡബ്ല്യു.ആർ.ഡി.എം.-നെ ചുമതലപ്പെടുത്തിയത്. ആ ഏജൻസിയെ ചുമതലപ്പെടുത്തിയശേഷവും അതിലെ രണ്ട് മൂന്ന് പദ്ധതികളായ ജലഗ്രാമം, AIBP (Accelerated Irrigation Benefit Programme) എന്നീ പദ്ധതികൾ വിട്ടുപോയി. അത് പൂർത്തിയാക്കിയാൽ മാത്രമേ ഇറിഗേഷൻ പ്ലാൻ പൂർത്തിയാകുകയുള്ളൂ. അത് കഴിഞ്ഞിട്ട് വേണം സംസ്ഥാന ഇറിഗേഷൻ പ്ലാനിൽ വരേണ്ടത്. അങ്ങനെ ഒരു പണിയും പൂർത്തിയായിട്ടില്ല. എന്റെ മണ്ഡലത്തിന്റെ തൊട്ടടുത്ത് കിടക്കുന്ന കോയമ്പത്തൂരിൽ 7,000 കോടി രൂപയുടെ പ്രോജക്ടാണ് സമർപ്പിച്ചിരിക്കുന്നത്. ആകെ 52,000 കോടി രൂപയുടെ പദ്ധതിയാണ് തമിഴ്നാട് സമർപ്പിച്ചിട്ടുള്ളത്. കൃത്യമായ പ്ലാൻ അയച്ചുകൊടുക്കാത്തതു കൊണ്ട് സംസ്ഥാനത്തിന് കിട്ടുന്ന, പ്രത്യേകിച്ച് കാർഷിക മേഖലയ്ക്ക് ഏറ്റവും ഗുണകരമാകുന്ന പദ്ധതികളാണ് വേണ്ടസമയത്ത് കിട്ടാതെ പോകുന്നത്, പ്രത്യേകിച്ച് വരൾച്ച വന്നപ്പോൾ. Per drop more crop എന്നുള്ളതാണ് മുദ്രാവാക്യം. അത് നമുക്ക് കിട്ടാതെ വരുന്നതോ അല്ലെങ്കിൽ കുറച്ചുകൊണ്ടു വരുന്നതോ ആയ അവസ്ഥയുണ്ടാകുകയാണ്. 2016-ൽ ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ചീഫ് സെക്രട്ടറിക്കും കത്തയച്ചതാണ്. ഇപ്പോഴാണ് മുഖ്യമന്ത്രി അതിന് ചില നടപടികൾ സ്വീകരിച്ചതെന്നാണ് എനിക്ക് മനസ്സിലാക്കാൻ സാധിച്ചത്. അതുപോലെ നമുക്ക് മുഴുവനായും ഗ്രാന്റ് കിട്ടുന്നതാണ് ഗ്രീൻ ക്ലൈമറ്റ് ഫണ്ട്. അതിന്റെ ഏജൻസി നബാർഡാണ്. പ്രോജക്ട് റിപ്പോർട്ട് വന്നപ്പോൾ രണ്ടോ-മൂന്നോ പ്രാവശ്യം തിരിച്ചയച്ചതുകൊണ്ട് ഗ്രീൻ ക്ലൈമറ്റ് ഫണ്ടിന്റെ ഒരു നടപടിയും പൂർത്തിയാക്കാൻ സാധിച്ചില്ല. ഒറീസ്സ 140 കോടി രൂപ വാങ്ങിക്കഴിഞ്ഞു. കേരളത്തിൽ അത്തരത്തിലുള്ള ഒരു നടപടിയുമില്ല. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത് അങ്ങയുടെ നേതൃത്വത്തിൽ ഓരോ 15 ദിവസം കൂടുമ്പോഴും മോണിറ്ററിംഗ് നടത്തണം. കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ പഴയതുപോലെയല്ല; പദ്ധതികൾക്കുള്ള അനുപാതം വെട്ടിക്കുറച്ചിരിക്കുകയാണ്. നമുക്ക് കിട്ടേണ്ട തുക വാങ്ങി യെടുക്കാനുള്ള ശ്രമം അങ്ങയുടെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, അതീവ ഗൗരവമായ പ്രശ്നമാണ് ബഹുമാന്യനായ അംഗം ഇവിടെ ഉന്നയിച്ചിരിക്കുന്നത്. കേന്ദ്രസർക്കാർ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ എണ്ണം 66-ൽ നിന്നും 28 ആയി കുറയ്ക്കുകയുണ്ടായി. ഇതിൽ ആറെണ്ണം core of the core എന്ന വിഭാഗത്തിലും ഇരുപത് എണ്ണം core എന്ന വിഭാഗത്തിലും രണ്ടെണ്ണം ഓപ്ഷണൽ വിഭാഗത്തിലുമാണ്. പുതിയ സംവിധാനമനുസരിച്ച് ചില പ്രധാന പദ്ധതികളെ കേന്ദ്രാവിഷ്കൃത പദ്ധതിയിൽനിന്ന് മാറ്റുകയും മറ്റ് ചില പദ്ധതികളുമായി ലയിപ്പിക്കുകയും ചെയ്തു. 60 ശതമാനത്തിലധികം ലഭിച്ചിരുന്ന പല പദ്ധതികളുടെയും വിഹിതം കുറച്ചതുകാരണം സംസ്ഥാനത്തിന് അധിക ബാധ്യതയുണ്ടായിട്ടുണ്ട്. Core of the core പദ്ധതിയിൽ മാത്രമാണ് മുമ്പുണ്ടായിരുന്ന ഫണ്ടിംഗ് രീതി ഇപ്പോൾ നിലനിൽക്കുന്നത്. Core എന്ന വിഭാഗത്തിൽ 60 ശതമാനം കേന്ദ്ര വിഹിതവും 40 ശതമാനം സംസ്ഥാന വിഹിതവുമാണ്. ഈ പദ്ധതികളിൽ മുമ്പ് 75-80 ശതമാനം എന്ന രീതിയിൽ കേന്ദ്ര വിഹിതം ലഭിക്കുമായിരുന്നു. ഓപ്ഷണൽ വിഭാഗത്തിൽപ്പെടുന്ന പദ്ധതിയുടെ വിഹിതം 50:50 എന്ന നിരക്കിലാണ്. നിർത്തലാക്കിയ പദ്ധതികളിൽ പലതും ഗ്രാമ-നഗര വികസനത്തിലും പ്രാദേശിക വികസനത്തിലും വ്യവസായ അടിസ്ഥാനസൗകര്യ വികസനത്തിലും പെടുന്നവയാണ്. അവ നടപ്പിലാക്കുന്നതിന് ആവശ്യമായ തുക സർക്കാർതന്നെ വകയിരുത്തുന്നതാണ്.

സംസ്ഥാനത്തിന് അർഹമായ കേന്ദ്ര പദ്ധതിവിഹിതം ലഭ്യമാക്കുന്നതിന് സർക്കാർ കാര്യക്ഷമമായ പ്രവർത്തനങ്ങളാണ് ഇക്കാലയളവിൽ നടത്തിക്കൊണ്ടു വരുന്നത്. ഇതിനായി ചീഫ് സെക്രട്ടറി/മുഖ്യമന്ത്രി തലങ്ങളിൽ നിശ്ചിത കാലയളവിൽ അവലോകന യോഗങ്ങൾ ചേർന്ന് പദ്ധതിയുടെ കേന്ദ്ര വിഹിതം നേടിയെടുക്കുന്നതിന് ബന്ധപ്പെട്ട സെക്രട്ടറിമാരെ ചുമതലപ്പെടുത്തുകയും വകുപ്പ് മേധാവികളെ നോഡൽ ഓഫീസർമാരായി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. നോഡൽ ഓഫീസർമാർ അതാത് വകുപ്പുകൾക്കാവശ്യമായ പ്രോജക്ടുകൾ സമയബന്ധിതമായി തയ്യാറാക്കി സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ഡൽഹിയിലെ റസിഡന്റ് കമ്മീഷണറുമായി ബന്ധപ്പെട്ട് തുടർനടപടികൾ കൈക്കൊള്ളണമെന്ന് തീരുമാനിച്ചിട്ടുണ്ട്. ഇതിനുപുറമേ 27-8-2016-ലെ ഉത്തരവുപ്രകാരം ആസൂത്രണ സാമ്പത്തികകാര്യ (ഇ) സെക്ഷനെ co-ordination cell for centrally sponsored schemes ആയി നിശ്ചയിക്കുകയും സെല്ലിന്റെ ചുമതല സ്പെഷ്യൽ സെക്രട്ടറിയെ

ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിലുള്ള സംയോജിതമായ ഇടപെടലുകളുടെ ഫലമായി 2015-16-ൽ ലഭിക്കേണ്ടിയിരുന്ന 528 കോടി രൂപ 2016-17-ൽ ലഭ്യമാക്കുകയുണ്ടായി. അതോടൊപ്പം കേന്ദ്ര വിഹിതം ലഭിക്കുന്നതിലേയ്ക്ക് സംസ്ഥാന വിഹിതം റിലീസ് ചെയ്യേണ്ട പദ്ധതികളിൽ അത് റിലീസ് ചെയ്ത് കേന്ദ്ര വിഹിതം റീ ഇമ്പേഴ്സ്മെന്റായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയും മന്ത്രിമാരും പ്രത്യേക അവലോകന യോഗം ചേർന്ന് ബന്ധപ്പെട്ട വകുപ്പുകളുടെ കേന്ദ്ര പദ്ധതിവിഹിതം സംബന്ധിച്ച് അവലോകനം നടത്തണമെന്ന് തീരുമാനിച്ചിട്ടുണ്ട്. ജില്ലാ-ബ്ലോക്ക്-താലൂക്ക് തലങ്ങളിലും പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്നതാണ്. കേന്ദ്ര സർക്കാരിൽ നിലവിലുള്ളതുപോലെ പദ്ധതി നിരീക്ഷണ സംവിധാനത്തിന്, പി.എം.ജി. വെബ് പോർട്ടലിന് (പ്രോജക്ട് മോണിറ്ററിംഗ് ഗ്രൂപ്പ്) സമാനമായി മുഖ്യമന്ത്രിയുടെ നേരിട്ടുള്ള പദ്ധതി നിരീക്ഷണ സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള സംവിധാനം ഈ വെബ് പോർട്ടലിന്റെ ഭാഗമാക്കി സുതാര്യതയോടെ നിർവ്വഹിക്കുന്നതിനുള്ള ശ്രമങ്ങളായിരിക്കും അവലംബിക്കുക.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഗ്രീൻ ക്ലൈമറ്റ് ഫണ്ടിനുവേണ്ടി മാർഗ്ഗ രേഖയനുസരിച്ച് പ്രോജക്ട് തയ്യാറാക്കിയപ്പോൾ മാർഗ്ഗരേഖയിൽ പറയാത്ത കാര്യങ്ങളുന്നയിച്ച് അത് വീണ്ടും തിരിച്ചയച്ചിട്ടുണ്ട്. മുഴുവൻ ഗ്രാന്റും കിട്ടുന്ന പദ്ധതിയാണിത്. അതുകൊണ്ട് ഗ്രീൻ ക്ലൈമറ്റ് ഫണ്ടിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രത്യേകം ശ്രദ്ധ ചെലുത്തുമോ?

ശ്രീ. പിണറായി വിജയൻ: സർ, അത് പരിശോധിക്കാം.

**(2) കുടിവെള്ള പദ്ധതികൾ**

ഡോ. എൻ. ജയരാജ്: സർ, എന്റെ ശ്രദ്ധ ക്ഷണിക്കലുമായി ബന്ധപ്പെട്ട വിഷയം ഇന്നോ ഇന്നലെയോ ആരംഭിച്ചതല്ല. കാലാകാലങ്ങളായി പിന്തുടരുന്ന ചില മനോഭാവങ്ങളുടെയും കാഴ്ചപ്പാടുകളുടെയും സമീപനങ്ങളുടെയും മാമൂലുകളുടെയു മൊക്കെ ബാക്കിപ്പത്രമാണ് ഇവിടെ അവതരിപ്പിക്കാൻ പോകുന്ന വിഷയം.

1984-ലാണ് സംസ്ഥാന ഗവൺമെന്റ് പുതിയ നിയമനിർമ്മാണത്തിലൂടെ പി.എച്ച്.ഇ.ഡി. (പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്)-യെ കേരള വാട്ടർ ആന്റ് വെയ്സ്റ്റ് വാട്ടർ അതോറിറ്റിയാക്കി മാറ്റിയത്. അതിനുശേഷം

ഡിപ്പാർട്ട്മെന്റ് തലത്തിലുള്ള പദ്ധതികൾക്ക് പണം കണ്ടെത്താനുള്ള പ്രായോഗിക വൈഷമ്യംമൂലം എൽ.ഐ.സി., ഹഡ്കോ, വേൾഡ് ബാങ്ക് തുടങ്ങിയ സ്ഥാപനങ്ങളിൽനിന്ന് ലോൺ എടുക്കുന്നതിനുവേണ്ടിയാണ് വാട്ടർ അതോറിറ്റി എന്ന ആശയം മുന്നോട്ടുവന്നത്. വാട്ടർ അതോറിറ്റിയുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് ഒട്ടേറെ പുതിയ പദ്ധതികൾ ആരംഭിക്കാൻ കഴിഞ്ഞു എന്നത് ശ്രദ്ധേയമാണ്. അങ്ങനെ ആരംഭിച്ച പദ്ധതികളിൽ നല്ലൊരു ശതമാനവും പൂർണ്ണമായും കമ്മീഷൻചെയ്ത് ജനങ്ങൾക്ക് പ്രയോജനപ്രദമാക്കാൻ കഴിയുന്നില്ലെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. അതിരൂക്ഷമായ കുടിവെള്ളക്ഷാമത്തിന്റേയും വരൾച്ചയുടേയും കാലഘട്ടത്തിലൂടെയാണ് നമ്മുടെ സംസ്ഥാനം ഇപ്പോൾ കടന്നുപോകുന്നത്. റിപ്പോർട്ടുകൾ പ്രകാരം അടുത്ത വർഷം കേരളം ഇതിനേക്കാൾ രൂക്ഷമായ വരൾച്ചയിലൂടെ കടന്നുപോകുമെന്നാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ ദീർഘവീക്ഷണത്തോടെയുള്ള സമീപനമുണ്ടാകണം. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ജലസ്രോതസ്സുകൾ വറ്റിവരണ്ടു കൊണ്ടിരിക്കുന്ന അവസ്ഥയാണുള്ളത്. ഏറ്റെടുക്കുന്ന പദ്ധതികൾ സമയത്ത് പൂർത്തീകരിക്കാൻ കഴിയാതെപോകുന്നു. അതുകൊണ്ട് ഇക്കാര്യത്തിൽ കൃത്യമായ ഇടപെടൽ ഗവൺമെന്റ് തലത്തിലുണ്ടാകണമെന്നതാണ് എനിക്ക് പ്രധാനമായും സൂചിപ്പിക്കാനുള്ളത്.

വിവിധ ഡിപ്പാർട്ട്മെന്റുകൾ തമ്മിലുള്ള ഏകോപനത്തിന്റെ കുറവാണ് കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. ഉദാഹരണത്തിന്, ഒരു ലൈൻ വലിക്കണമെങ്കിൽ പി.ഡബ്ല്യു.ഡി.-യുടെ അനുവാദം വേണം. അനുവാദം നൽകിക്കഴിയുമ്പോൾ വാട്ടർ അതോറിറ്റി പണം അടച്ചില്ലെന്ന് പറയും. വാട്ടർ അതോറിറ്റി പണമടച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ പി.ഡബ്ല്യു.ഡി. ലോകത്തെങ്ങുമില്ലാത്ത റേറ്റിൽ, exaggerate ചെയ്യുന്ന രീതിയിലുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊടുക്കും. ഈ പണം വാട്ടർ അതോറിറ്റി അടച്ചാൽ പി.ഡബ്ല്യു.ഡി. യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് വാട്ടർ അതോറിറ്റിക്ക് കൊടുക്കുന്നില്ലെന്നുള്ളതാണ് സത്യം. അതുകൊണ്ടുതന്നെ വാട്ടർ അതോറിറ്റി വീണ്ടും ആ പണം കെട്ടിവയ്ക്കുന്ന പ്രായോഗികമായ പ്രശ്നങ്ങളുണ്ട്. കേരള വാട്ടർ അതോറിറ്റിയും പി.ഡബ്ല്യു.ഡി.-യും അവരുടെ ഒരു വർഷത്തെ പ്രോജക്ടുകൾ, അതായത് ബി.എം. & ബി.സി. ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട പദ്ധതികൾ

നടപ്പാക്കുമ്പോൾ ഏത് റോഡുകളിലാണ് നടപ്പിലാക്കുന്നതെന്ന ധാരണയുണ്ടാകണം. പലപ്പോഴും പി.ഡബ്ല്യു.ഡി. റോഡ് ടാർ ചെയ്തുകഴിയുമ്പോഴാണ് വാട്ടർ അതോറിറ്റി പൈപ്പുമായി രംഗത്തുവരുന്നത്. സ്വാഭാവികമായും പുതിയ റോഡ് വെട്ടിപ്പൊളിക്കാൻ ജനങ്ങളും പി.ഡബ്ല്യു.ഡി.-യും അനുവദിക്കില്ല. ഇവർ തമ്മിലുള്ള ഏകോപനക്കുറവ് വാട്ടർ അതോറിറ്റിയുടെ പുതിയ പദ്ധതികളെ മുന്നോട്ട് കൊണ്ടുപോകുന്നതിനെ ബാധിക്കുകയാണ്. യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഉൾപ്പെടെ പി.ഡബ്ല്യു.ഡി. കൃത്യമായി വാട്ടർ അതോറിറ്റിക്ക് നൽകുന്നില്ലെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ബി.എസ്.എൻ.എൽ. ഉൾപ്പെടെയുള്ള മറ്റ് ഡിപ്പാർട്ടുമെന്റുകളും ഇതേ സമീപനമാണ് സ്വീകരിക്കുന്നത്. ഏകോപനത്തിന്റെ പ്രധാനപ്പെട്ട പ്രശ്നം നിലനിൽക്കുന്നു. ഇൻഡസ്ട്രിയൽ താരിഫിലുള്ള ചാർജാണ് കെ.എസ്.ഇ.ബി.എൽ. വാട്ടർ അതോറിറ്റിയിൽനിന്നും വാങ്ങുന്നത്. സംസ്ഥാനത്തെ ആളുകൾക്ക് ജലം എത്തിച്ചുകൊടുക്കാൻവേണ്ടിയുള്ള ഏറ്റവും പ്രധാനപ്പെട്ട പദ്ധതി നടപ്പാക്കുന്ന ഏജൻസിയിൽനിന്ന് ഇൻഡസ്ട്രിയൽ റേറ്റിലുള്ള പണമാണ് കെ.എസ്.ഇ.ബി. എൽ. വാങ്ങുന്നത്. മാത്രമല്ല അടുത്തകാലത്ത് പഴയ പദ്ധതികളുടെ പണം അടയ്ക്കാനുള്ളതുകൊണ്ട് പുതിയ കണക്ഷനുകൾ കൊടുക്കണ്ട എന്നൊരു സമീപനംകൂടി കെ.എസ്.ഇ.ബി.എൽ. എടുത്തിട്ടുണ്ട്. വളരെ പ്രധാനപ്പെട്ട മൂന്ന് ഡിപ്പാർട്ടുമെന്റുകൾ തമ്മിലുള്ള ഏകോപനത്തിന്റെ കുറവുമൂലം, സംസ്ഥാനത്ത് രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന കാലഘട്ടത്തിൽ ജനങ്ങൾക്ക് വേണ്ട പ്രയോജനം ലഭിക്കുന്നില്ലെന്നുള്ളത് വളരെ ഗൗരവമുള്ള കാര്യമാണ്. ഇത് മന്ത്രിതലത്തിലുള്ള ഒരു വിഷയമല്ല. ഉദ്യോഗസ്ഥതലത്തിൽ വർഷങ്ങളായി പിന്തുടരുന്ന മാമൂലുകളുടേയും കാഴ്ചപ്പാടുകളുടേയും അടിസ്ഥാനത്തിലുണ്ടാകുന്ന പ്രശ്നങ്ങളാണ്. അതുപോലെയാണ് വാട്ടർ അതോറിറ്റിയുടെ റവന്യൂവും. ഞാനിത് കയ്യടി വാങ്ങാൻവേണ്ടി പറയുന്നതല്ല. ആയിരം ലിറ്റർ വെള്ളം ശുദ്ധീകരിച്ചെടുക്കണമെങ്കിൽ 20 രൂപയാണ് വാട്ടർ അതോറിറ്റിക്ക് വരുന്ന ചെലവ്. വാട്ടർ അതോറിറ്റിക്ക് കിട്ടുന്നത് 4 രൂപയാണ്. 16 രൂപ നഷ്ടം സഹിച്ചുകൊണ്ട് എത്രകാലം ഈ പ്രസ്ഥാനം മുന്നോട്ടുകൊണ്ടുപോകാൻ കഴിയും? മാത്രമല്ല ഗ്രാമീണ ശുദ്ധജല പദ്ധതികൾ ഉൾപ്പെടെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ തുക വെട്ടിക്കുറയ്ക്കുകയും കേന്ദ്രം ഇതിൽനിന്നും പിന്മാറുകയും ചെയ്യുന്ന അവസ്ഥയാണുള്ളത്. വരുംകാലങ്ങളിൽ സംസ്ഥാനം കുടിവെള്ള പദ്ധതികൾക്ക് പണം സ്വരൂപിക്കേണ്ട സാഹചര്യംകൂടി നിലനിൽക്കുന്ന

അവസ്ഥയിൽ ഈ 4 രൂപ റേറ്റിൽ എത്രകാലം വെള്ളം കൊടുക്കാൻ കഴിയും? ഒരുപക്ഷേ വെള്ളത്തിന്റെ ചാർജ് കൂട്ടുന്നില്ലായിരിക്കാം. ഒരു കുപ്പി വെള്ളത്തിന് 20 രൂപ കൊടുത്ത് ആളുകൾ വാങ്ങും. എന്റെ നിയോജകമണ്ഡലത്തിൽ 3500 ലിറ്റർ വെള്ളമടങ്ങിയ ഒരു ടാങ്ക് ഒരു വീട്ടിൽ എത്തുന്നതിന് 1,200 രൂപ കൊടുക്കണം. കേരള വാട്ടർ അതോറിറ്റിയുടെ റവന്യൂ കളക്ഷനുമായി ബന്ധപ്പെട്ട കാര്യങ്ങളുള്ളതുകൊണ്ടാണ് പ്രസ്തുത വകുപ്പ് ഇത്രയും കാര്യക്ഷമമല്ലാതായി പ്പോകുന്നത്. കുടുംബശ്രീയെ ഏല്പിച്ചിട്ടുണ്ടെങ്കിലും പണം കൃത്യമായി എത്തിക്കാൻ കഴിയുന്നില്ല. പുതിയ കാലഘട്ടത്തിനനുസരിച്ച് റേറ്റ് വർദ്ധിപ്പിക്കാനുള്ള നടപടി ഉണ്ടാകേണ്ടതുണ്ട്. അതുപോലെതന്നെയാണ് മെയിന്റനൻസ് ഡിപ്പാർട്ടുമെന്റിന്റെ കാര്യവും. വാട്ടർ അതോറിറ്റിയെ രണ്ട് ഡിപ്പാർട്ടുമെന്റുകളാക്കി ബൈഫർക്കേറ്റ് ചെയ്തത് കാര്യക്ഷമമായ പ്രവർത്തനത്തിനുവേണ്ടിയാണ്. പക്ഷേ ഇപ്പോഴും ആസ്ബറ്റോസ് പൈപ്പുകളിടുന്ന സ്ഥലങ്ങളുണ്ട്. വെള്ളം പൊട്ടി ഒഴുകുകയാണ്. ഒരു ഭാഗത്ത് വെള്ളമില്ലെന്ന് പറയുകയും മറുഭാഗത്ത് വെള്ളം പൊട്ടിയൊഴുകുകയും ചെയ്യുന്ന കാഴ്ചയാണ് നാം കാണുന്നത്. മോട്ടോർ നന്നാക്കുക എന്നുള്ളത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. എന്റെ നിയോജകമണ്ഡലത്തിൽ ഒരു മോട്ടോർ നന്നാക്കാൻ 32 ലക്ഷം രൂപ ചെലവായി. പുതിയ മോട്ടോറിന് 16 ലക്ഷം രൂപയേയുള്ളൂ. വർഷങ്ങളായി പഴയ മോട്ടോർ നന്നാക്കിക്കൊണ്ടിരിക്കുന്ന അവസ്ഥയാണ് മെയിന്റനൻസ് ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ടുള്ളത്. പഴയ പൈപ്പുകൾ യഥാസമയം മാറ്റാത്തതുകൊണ്ട് പൈപ്പുകൾ പൊട്ടി വെള്ളമൊഴുകുന്ന അവസ്ഥയാണുള്ളത്. മാത്രമല്ല 2015-നുശേഷം കരാറുകാർക്ക് പണം കൊടുക്കാത്തതിനാൽ അവർ സമയബന്ധിതമായി പ്രവൃത്തികൾ ഏറ്റെടുക്കാൻ തയ്യാറാകാത്ത അവസ്ഥയുമുണ്ട്. ഇത്തരം സാഹചര്യങ്ങൾ നിലനിൽക്കുമ്പോൾ അടിസ്ഥാനപരമായി നമ്മുടെ സംസ്ഥാനത്ത് നടപ്പാക്കേണ്ട, പ്രത്യേകിച്ച് ജനങ്ങളുടെ എറ്റവും പ്രധാനപ്പെട്ട ആവശ്യത്തിന് കേരള വാട്ടർ അതോറിറ്റിയെപ്പോലെ ഏറ്റവും ഉത്തരവാദപ്പെട്ട ഒരു ഏജൻസിയിൽനിന്ന് ഇത്തരമൊരു സമീപനം, വാട്ടർ അതോറിറ്റി മാത്രമല്ല വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട മറ്റ് ഡിപ്പാർട്ട്മെന്റുകളുടെയും സമീപനം മാറ്റിയില്ലെങ്കിൽ നമ്മൾ ഏറ്റെടുക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യമുണ്ടാകും. വരാൻപോകുന്ന കാലഘട്ടത്തിന്റെ അതിരൂക്ഷമായ വെല്ലുവിളികൾ നേരിടാൻ തീർച്ചയായും അങ്ങ് കൂടുതൽ പ്രവർത്തന സജ്ജമാകണമെന്നാണ് ഞാൻ ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ ആവശ്യപ്പെടുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങളിൽ ഇന്ന് അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ ഓരോന്നായി ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചു. ഇവിടെ സൂചിപ്പിച്ച പ്രശ്നങ്ങൾ ഏതാണ്ടൊക്കെ യാഥാർത്ഥ്യമായി നമ്മുടെ മുന്നിലുള്ള വിഷയങ്ങളാണ്. എൻ.ആർ.ഡി.ഡബ്ല്യു.പി. (നാഷണൽ റൂറൽ ഡ്രിംഗിംഗ് വാട്ടർ പ്രോഗ്രാം) എന്ന കേന്ദ്ര പദ്ധതിക്ക് പ്രതിവർഷം 200 കോടി രൂപവരെ കിട്ടിക്കൊണ്ടിരുന്നത് ഇപ്പോൾ 50 കോടി രൂപയായി കുറഞ്ഞിരിക്കുകയാണ്. 234 കോടി രൂപയുടെ അധിക കുടിശ്ശിക കൊടുത്തുതീർക്കാനുണ്ട്. ഏതാണ്ട് ആയിരത്തോളം കോടി രൂപയുടെ പ്രവൃത്തികൾ ഏറ്റെടുത്തുകഴിഞ്ഞു. ഇപ്പോഴത്തെ പ്രശ്നം, വർക്ക് അവാർഡ് ചെയ്യാവുന്ന സ്ഥലത്ത് ടെൻഡർ വിളിച്ചപ്പോൾ പണമില്ലാത്തതുകൊണ്ട് പണി ചെയ്യാൻ കഴിയാത്ത അവസ്ഥയിലാണ് എൻ.ആർ.ഡി.ഡബ്ല്യു.പി.-യുടെ പ്രവർത്തനം. അതുകൊണ്ട് അത്തരം പ്രവർത്തനങ്ങൾ സംസ്ഥാന പ്ലാനിൽ പ്പെടുത്തിയോ അല്ലാതെയോ ഏറ്റെടുക്കാൻ കഴിയുമോയെന്ന് പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. ഈ പദ്ധതികളുടെ പൂർത്തീകരണം സമയബന്ധിതമായി നടപ്പാക്കാൻ വേണ്ടിയാണ് പ്രോജക്ട് ഡിവിഷനുകൾ രൂപീകരിച്ചത്. എന്നിരുന്നാലും മറ്റ് വകുപ്പുകളുടെ പദ്ധതികളിൽനിന്നും വ്യത്യസ്തമായി വളരെയധികം സങ്കീർണ്ണതകൾ നിറഞ്ഞ ജലവിതരണ പദ്ധതികൾ പൂർത്തിയാക്കുന്നതിന് ഇവിടെ സൂചിപ്പിച്ചതടക്കമുള്ള ബുദ്ധിമുട്ടുകൾ ഇപ്പോൾ നേരിടുന്നുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളിലുൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികൾക്കാവശ്യമായ സ്ഥലമെടുത്ത് നൽകേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. പദ്ധതി അനുവദിച്ച് ടെൻഡർ അവാർഡ് ചെയ്തതിനുശേഷവും സ്ഥലം ലഭിക്കാത്ത കാരണത്താൽ നിശ്ചയിക്കപ്പെട്ട സമയപരിധിക്കുള്ളിൽ പദ്ധതികൾ പൂർത്തിയാക്കാൻ കഴിയാതെ വരുന്നുണ്ട്. കേരളത്തിലാകമാനമുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ സ്ഥലം ലഭിക്കാത്തതുമൂലം മുടങ്ങിക്കിടക്കുന്നുണ്ട്. വാട്ടർ അതോറിറ്റിയുടെ പദ്ധതികൾ പൂർത്തീകരിക്കുന്നതിനുവേണ്ടി പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളിൽക്കൂടി പൈപ്പ്ലൈൻ സ്ഥാപിക്കേണ്ടത് ആവശ്യമാണ്. നിലവിൽ പൊതുമരാമത്ത് റോഡുകൾ ഭൂരിഭാഗവും പരമാവധി വീതിയിൽ ടാർ ചെയ്ത് പോകുന്നതിനാൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് അനുമതി നൽകാൻ സ്വാഭാവികമായി തടസ്സം നേരിടുന്നു. റോഡ് മുറിക്കേണ്ടിവരുമ്പോൾ റോഡുകൾ പുനഃസ്ഥാപിക്കുന്നതിന് വലിയ തുക ചെലവഴിക്കേണ്ടിവരുന്നത് തുക അധികരിക്കാനും പദ്ധതികളുടെ പൂർത്തീകരണ സമയം നീണ്ടുപോകാനുമൊക്കെ കാരണമാകുന്നു.

റെയിൽവേയുമായി ബന്ധപ്പെട്ട് പൈപ്പുകൾ സ്ഥാപിക്കാനുള്ള അനുമതി ലഭിക്കുന്നതിനുള്ള കാലതാമസം പദ്ധതികളുടെ പൂർത്തീകരണത്തെ ബാധിക്കുന്നുണ്ട്. ജലവിതരണ പദ്ധതികളുടെ വിവിധ ഘടകങ്ങളുടെ നിർമ്മാണഘട്ടങ്ങളിൽ പ്രാദേശികമായുണ്ടാകുന്ന എതിർപ്പും അതുമായി ബന്ധപ്പെട്ടുള്ള തർക്കങ്ങളും പദ്ധതിയെ ബാധിക്കുന്നുണ്ട്. കഴിഞ്ഞ കുറേ വർഷങ്ങളായി കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതത്തിലുണ്ടായിട്ടുള്ള ഗണ്യമായ കുറവ് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽനിന്ന് കരാറുകാരെ പിന്തിരിപ്പിക്കുന്നുണ്ട്. നിരവധി കേസ്സുകളിൽ പണം കൊടുക്കുന്നതിന് ഹൈക്കോടതി ഉത്തരവിട്ടിരിക്കുകയാണ്. പണം കൊടുക്കാൻ കഴിയാത്തതിന്റെ പേരിൽ കോടതിയലക്ഷ്യ നടപടികളിൽ മാനേജിംഗ് ഡയറക്ടറുടെ പേഴ്സണൽ അപ്പിയറൻസ് ആവശ്യപ്പെടുന്ന സ്ഥിതിയിലാണ്. ഏത് ഗവൺമെന്റിന്റെ കാലത്തെ പ്രവൃത്തികളാണെന്ന് പറയുന്നതിൽ പ്രസക്തിയില്ല; ഇതൊക്കെ തുടർച്ചയായി ഉണ്ടാകുന്ന കാര്യങ്ങളാണ്. 1984-ൽ വാട്ടർ അതോറിറ്റി രൂപീകരിച്ചതിനുശേഷം സർക്കാർ ഫണ്ടും മറ്റ് ഇതര ധനകാര്യ സ്ഥാപനങ്ങളുടെ സാമ്പത്തിക സഹായത്തോടുംകൂടി വിവിധ പദ്ധതികൾ പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുകയുണ്ടായി. അവയുടെ പ്രവർത്തനവും വാട്ടർ അതോറിറ്റിയാണ് നിർവ്വഹിക്കുന്നത്. നിലവിൽ 1078 പദ്ധതികൾ മുഖേന 3000-ത്തോളം ദശലക്ഷം ലിറ്റർ ശുദ്ധജലം പ്രതിദിനം ഒന്നരക്കോടി ജനങ്ങൾക്ക് സംസ്ഥാനത്താകെ വിതരണം ചെയ്യുന്നുണ്ടെങ്കിലും അതിന് ആനുപാതികമായി ജീവനക്കാരുടെ എണ്ണം വർദ്ധിക്കുന്നില്ല. അതടക്കമുള്ള പ്രശ്നങ്ങൾ നമ്മുടെ മുന്നിൽ നിൽക്കുകയാണ്.

ബഹുമാനപ്പെട്ട അംഗത്തിന്റെ നോട്ടീസിൽ കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ ചില വിഷയങ്ങൾ സംബന്ധിച്ച പരാമർശമുണ്ടായിരുന്നു. അദ്ദേഹം സമയക്കുറവ് കൊണ്ടായിരിക്കാം ഇവിടെ പറഞ്ഞില്ല. ആ ഉത്തരവും കൂടിച്ചേർത്ത് മേശപ്പുറത്തുവച്ചാൽ അങ്ങേയ്ക്ക് സൗകര്യപ്രദമാകും.

പദ്ധതികളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാൻ വിവിധ തലത്തിലുള്ള അവലോകന യോഗങ്ങൾ നടത്താറുണ്ട്. മറ്റ് ഡിപ്പാർട്ടുമെന്റുകളുടെ അനുമതി സമയബന്ധിതമായി ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. സമയബന്ധിതമായി പദ്ധതികളുടെ പുരോഗതി വിലയിരുത്തി ആവശ്യമായ തിരുത്തൽ നടപടികൾ സ്വീകരിക്കുന്നതിനായി സർക്കാർ തലത്തിലും ജല അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ ഓഫീസിലും അവലോകനം നടത്താറുണ്ട്. പദ്ധതി പ്രവർത്തനങ്ങളിൽ പ്രാദേശികമായുണ്ടാകുന്ന തടസ്സങ്ങൾ നീക്കാൻ പ്രാദേശികതലത്തിൽ ജനപ്രതിനിധികളുടെ സഹായസഹകരണത്തോടെ നടപടികൾ സ്വീകരിക്കും. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 2016 ജൂൺ-ജൂലൈ മാസങ്ങളിൽ എല്ലാ നിയോജകമണ്ഡലങ്ങളിലെയും എം.എൽ.എ.-മാരുടെയും വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരുടേയും സംയുക്ത യോഗം വിളിച്ചുകൂട്ടി പദ്ധതി രൂപീകരണത്തിനും നിർവ്വഹണത്തിനും ബഹുമാനപ്പെട്ട ജനപ്രതിനിധികളുടെ നിർദ്ദേശങ്ങളും സഹകരണവും ഉറപ്പാക്കി

മുന്നോട്ടുപോകുന്നതിനുള്ള നിർദ്ദേശം നൽകുകയുണ്ടായി. അതോടൊപ്പം വരൾച്ചയുമായി ബന്ധപ്പെട്ട് മേഖലാടിസ്ഥാനത്തിൽ യോഗം നടത്തി, വീഡിയോ കോൺഫറൻസിംഗ് വഴി കുടിവെള്ളമെത്തിക്കാനുള്ള സംവിധാനങ്ങൾ, ജനപ്രതിനിധികൾ ചൂണ്ടിക്കാണിക്കുന്ന പോരായ്മകൾ പരിഹരിക്കാനുള്ള നടപടികൾ എന്നിവ നടത്തിക്കൊണ്ടിരിക്കുന്നു. ബഹുമാനപ്പെട്ട അംഗം നിരക്ക് വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ച് ഒരു നിർദ്ദേശം വയ്ക്കുകയുണ്ടായി. ഗവൺമെന്റ് നേതൃത്വം കൊടുക്കുന്ന ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ നയപരമായ തീരുമാനം കൂടി കണക്കിലെടുത്തുകൊണ്ടുമാത്രമേ നിരക്ക് വർദ്ധനയിലേയ്ക്ക് നീങ്ങാൻ കഴിയുകയുള്ളൂ. ഇവിടെ സൂചിപ്പിച്ചത് വളരെ പ്രസക്തമായ വിഷയമാണ്. ഒരു ലിറ്റർ കുപ്പി വെള്ളം വാങ്ങുന്നതിന് 20 രൂപ കൊടുക്കുന്ന ജനങ്ങൾ ശുദ്ധീകരിച്ച വെള്ളത്തിന് 1000 ലിറ്ററിന് 4 രൂപ മാത്രം കൊടുക്കുന്നുവെന്ന് ചൂണ്ടിക്കാണിച്ചത് പ്രസക്തമായ കാര്യമാണ്. അതിനേക്കാൾ പ്രധാനപ്പെട്ട വിഷയം, വരൾച്ചക്കാലത്ത് ഇലക്ട്രിസിറ്റി ബോർഡിന് വൈദ്യുതിക്ക് 1,000-വും 1,600-ഉം രൂപയാണ് ഒരു വീട്ടിൽനിന്ന് കൊടുക്കേണ്ടിവരുന്നത്. വാട്ടർ ചാർജ് 20 രൂപ മാത്രമാണ് കൊടുക്കുന്നത്. 20 രൂപയുടെ വാട്ടർ ചാർജിന് റീഡിംഗ് എടുക്കുന്നവർക്ക് പതിമൂന്നര രൂപ കൊടുക്കുന്നു; ഇതാണ് സ്ഥിതി. പതിമൂന്നര രൂപ കൊടുത്താണ് കുടുംബശ്രീയെക്കൊണ്ട് റീഡിംഗ് എടുപ്പിക്കുന്നത്. കുടിവെള്ളം ജനങ്ങളുടെ അവകാശമാണ്; അതിൽ നയപരമായ വ്യതിയാനമൊന്നും ഈ സഭയിൽവച്ച് പ്രഖ്യാപിക്കാൻ ഉദ്ദേശിക്കുന്നില്ല. അതുകൊണ്ട് ഇത് വയബിളായി മുന്നോട്ടുകൊണ്ടുപോകാൻ ഏതുതരത്തിലൊക്കെ സഹായം കൊടുക്കാൻ കഴിയുമെന്നത് ഗവൺമെന്റ് പരിശോധിക്കും.

ഡോ. എൻ. ജയരാജ്: സർ, കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ കാര്യങ്ങൾ അവതരിപ്പിക്കാൻ സമയം കിട്ടാത്തതുകൊണ്ടാണ് പറയാത്തത്. 2002-ലാണ് മണിമല മേജർ കുടിവെള്ള പദ്ധതി ആരംഭിച്ചത്; ഇതുവരെ ഒരു തുള്ളി വെള്ളംപോലും കൊടുക്കാൻ കഴിഞ്ഞിട്ടില്ല. അവസാനഘട്ടത്തിൽ ഏറ്റെടുത്ത കരാറുകാരൻ ആ കരാറിൽനിന്ന് പിൻവാങ്ങിയ സാഹചര്യത്തിൽ വീണ്ടും റീ-ടെൻഡറിനുവേണ്ടിയുള്ള നടപടികളുമായി മുന്നോട്ടുപോകുകയാണ്. ഏതാണ്ട് 60000-ത്തോളം കുടുംബങ്ങൾക്ക് കുടിവെള്ളമെത്തിക്കാനുള്ള അഞ്ച് പഞ്ചായത്തുകളുടെ വളരെ ബൃഹത്തായ ഒരു പദ്ധതിയാണിത്. ഈ പദ്ധതി കാര്യക്ഷമമായി, സമയോചിതമായി അതിന്റെ ഡിസ്ട്രിബ്യൂഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾ പൂർത്തീകരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്നുള്ളതാണ് എന്റെ ചോദ്യം?

ശ്രീ. മാത്യു ടി. തോമസ്: സർ, ആ പദ്ധതിയുടെ ചില ഘടകങ്ങൾ പൂർത്തിയായിട്ടുണ്ട്. ചില കാര്യങ്ങളിൽ ടെൻഡർ നടപടികൾ ഇനി ആരംഭിക്കേണ്ടതുണ്ട്. ടെൻഡർ നടപടികൾ ആരംഭിക്കാനുള്ളത് ഒരു മാസംകൊണ്ട് ആരംഭിക്കാവുന്നതാണ്. അതുസംബന്ധിച്ച് വിശദമായ മറുപടി രേഖാമൂലം സമർപ്പിക്കും.

# IV സബ്മിഷൻ

## (1) സൈബർ കേസ്

ശ്രീ. എം. സ്വരാജ് : സർ, ശാസ്ത്ര-സാങ്കേതിക-വൈജ്ഞാനിക രംഗങ്ങളിലെ വിസ്മയകരമായ വിസ്പോടനം മറ്റൊരു ലോകംതന്നെ സാദ്ധ്യമാക്കിയിട്ടുണ്ട്. വിവരസാങ്കേതികവിദ്യയുടെ വളർച്ച നവമാധ്യമങ്ങളുടെ യുഗത്തിനാണ് തുടക്കമിട്ടത്. നവമാധ്യമങ്ങൾക്ക് ഇന്ന് സമൂഹത്തെ സ്വാധീനിക്കാൻ മാത്രമല്ല ചിലപ്പോഴെങ്കിലും സാമൂഹ്യഗതിയെ നിർണ്ണയിക്കാൻതന്നെ സാധിക്കുന്നു. സൈബർ ലോകം കുറ്റകൃത്യങ്ങളുടെ ഒരു സൂപ്പർ ഹൈവേയാക്കി മാറ്റാനാണ് നവമാധ്യമങ്ങൾ ഉൾപ്പെടെ ഒരു കൂട്ടം ആളുകൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. വിവിധതരം കുറ്റകൃത്യങ്ങളുണ്ട്. കുറ്റവാളികൾക്ക് നിർഭയം വിഹരിക്കാൻ കഴിയുന്ന ഒരു രംഗമായി സൈബർ ലോകം മാറിക്കൊണ്ടിരിക്കുകയാണ്. സൈബർ കേസുകൾ ഗൗരവത്തോടെയും കാര്യക്ഷമമായും പരിഗണിക്കപ്പെടുന്നില്ല. ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്ക് അർഹമായ ശിക്ഷ ഉറപ്പുവരുത്താൻ കഴിയാത്ത സ്ഥിതിയുണ്ടെന്നതാണ് വസ്തുത.

ഒന്നുരണ്ട് കാര്യങ്ങൾ മാത്രമാണ് സബ്മിഷന്റെ ഭാഗമായി സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നത്. 2015-ൽ തിരുവനന്തപുരത്ത് ഒരു പ്രമുഖ ദൃശ്യ-മാധ്യമ പ്രവർത്തകയുടേതെന്ന നിലയിൽ മറ്റാരുടെയോ നഗ്നചിത്രങ്ങൾ നവമാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ചുകൊണ്ട് അവരെ അപമാനിക്കാനുള്ള നീക്കമുണ്ടായി. 2015 ജനുവരിയിൽത്തന്നെ ആ മാധ്യമ പ്രവർത്തക സൈബർ സെല്ലിൽ ബന്ധപ്പെട്ട രേഖകൾ സഹിതം പരാതി കൊടുത്തിരുന്നതാണ്. എന്നാൽ ആ കേസന്വേഷണം മുന്നോട്ടുനീങ്ങിയില്ല; ഒരു കുറ്റവാളിയും പിടിക്കപ്പെട്ടില്ല. ഒരു വർഷത്തിനുശേഷം 2016 ജനുവരിയിൽ ഇതേ ചിത്രങ്ങൾ ഉപയോഗിച്ചുകൊണ്ട് മറ്റുചിലർ ഒരു വെബ്സൈറ്റുതന്നെ ആരംഭിച്ച് ഇത് കാണുന്നവരിൽനിന്ന് പണം ഈടാക്കുന്ന രീതിയിൽ വ്യവസായമാക്കി മാറ്റുന്ന നിലയുണ്ടായി. ആ കുറ്റകൃത്യത്തിൽ ഏർപ്പെട്ടിരുന്ന ആളുകൾക്ക് അല്പം ബുദ്ധി കുറവായതിനാൽ അവരുടെ ബാങ്ക് അക്കൗണ്ടും മറ്റ് കാര്യങ്ങളുമെല്ലാം ലഭ്യമായതുമൂലം അവർ പിടിക്കപ്പെട്ടു. എന്നാൽ 2015-ലെ പരാതി ഇപ്പോഴും നിലനില്ക്കുന്നു. അന്വേഷണം മുന്നോട്ടുപോയില്ല; കുറ്റവാളികൾ പിടിക്കപ്പെട്ടുമില്ല. കുറച്ചുമാസങ്ങൾക്കുമുമ്പ് എറണാകുളത്ത് മറ്റൊരു പ്രമുഖ മാധ്യമപ്രവർത്തകയ്ക്കെതിരായി അടിസ്ഥാനരഹിതമായ സാമ്പത്തിക ആരോപണങ്ങൾ ഒരു സംഘം ആളുകൾ ബോധപൂർവ്വം പ്രചരിപ്പിക്കുന്ന സാഹചര്യമുണ്ടായപ്പോൾ അവർ എല്ലാ രേഖകളും സഹിതം പരാതിപ്പെട്ടു. ഇത്രമാസമായിട്ടും ആ കേസന്വേഷണം മുന്നോട്ടുപോകുകയോ അതിലെ

പ്രതികളെ പിടികൂടുകയോ ചെയ്തിട്ടില്ല. ഈ സഭയിൽ സന്നിഹിതനായിട്ടുള്ള തലശ്ശേരിയിലെ അംഗം അദ്ദേഹത്തിന്റെ പേരിൽ നടന്ന ഒരു അപവാദ പ്രചരണവുമായി ബന്ധപ്പെട്ട് പരാതി നൽകിയിട്ടുള്ളതാണ്. ആ പരാതിയിലും കേസന്വേഷണം എവിടെയുമെത്തിയിട്ടില്ല. ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ കേരളത്തിൽ സൈബർ കുറ്റകൃത്യങ്ങളെ സംബന്ധിച്ച് ഉയർന്നുവരുന്ന പരാതികൾ ഗൗരവതരമായി അന്വേഷിക്കാനോ കുറ്റവാളികളെ പിടികൂടാനോ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവന്ന് ശിക്ഷ വാങ്ങിക്കൊടുക്കാനോ കഴിയുന്ന ഒരു സംവിധാനമില്ല. ഈ രംഗത്ത് ഏറ്റവും നീചമായ കുറ്റകൃത്യങ്ങൾ ചെയ്യുന്നതിന് ഇത് പ്രോത്സാഹനമായി മാറുമെന്നത് വസ്തുതയാണ്. അതിനാൽ ഇത്തരം കേസുകളിൽ അന്വേഷണം കാര്യക്ഷമമാക്കാനും കുറ്റവാളികൾക്ക് അർഹമായ ശിക്ഷ വാങ്ങിക്കൊടുക്കാനും കഴിയുംവിധം സൈബർ രംഗത്തെ കുറ്റകൃത്യങ്ങളെക്കുറിച്ച് അന്വേഷിക്കുന്ന സംവിധാനം കുറ്റമറ്റതാക്കാനും മെച്ചപ്പെടുത്താനും ഈ രംഗത്തെ അനഭിലഷണീയമായ പ്രവണതകൾ അവസാനിപ്പിക്കാനുമുള്ള നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടാനുള്ളത്.

മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. ജി. സുധാകരൻ</u>) : സർ, ലാന്റ് ഫോണിൽനിന്ന് സ്മാർട്ട് ഫോണിലേയ്ക്കും ടൈപ്പ്റൈറ്റർ യുഗത്തിൽനിന്നും കമ്പ്യൂട്ടർ യുഗത്തിലേയ്ക്കുമുള്ള മാറ്റത്തോടൊപ്പം കുറ്റകൃത്യങ്ങളുടെ രീതിയിലും ഈ മാറ്റം പ്രകടമാണ്. ഇന്ത്യയിൽ സൈബർ ക്രൈം വളർച്ചാ നിരക്ക് 2015-ൽ ഏകദേശം 60 ശതമാനമായി കൂടിയിട്ടുണ്ട്. സൈബർ കുറ്റങ്ങളുടെ വളർച്ച ബാധിച്ചിട്ടുള്ള സംസ്ഥാനമാണ് നമ്മുടേത്. സമൂഹമാധ്യമങ്ങളുടെ ദുരുപയോഗം, വ്യാജ അക്കൗണ്ടുകൾ, അപകീർത്തിപ്പെടുത്തൽ, ലോട്ടറി തട്ടിപ്പുകൾ എന്നിവയിൽ വർദ്ധനവുണ്ടായിട്ടുണ്ട്. കേരളത്തിലെ വിദ്യാസമ്പന്നരായ ജനങ്ങളുടെ ഇടയിൽ ഇന്റർനെറ്റിന്റെ അതിവിപുലമായ വളർച്ചയും സ്മാർട്ട് ഫോണുകളുടെ വരവുമാണ് പരമ്പരാഗത കുറ്റകൃത്യങ്ങളിൽനിന്നും ഇന്റർനെറ്റ് മുഖേനയുള്ള കുറ്റകൃത്യങ്ങളിലേയ്ക്കുള്ള മാറ്റത്തിന് ഇടയാക്കിയത്. എന്നാൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകൾ സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കാനാവശ്യമായ ശാസ്ത്രീയ തെളിവ് ശേഖരണത്തിനായുള്ള മതിയായ സൗകര്യങ്ങൾ ഇന്ന് നമ്മുടെ സംസ്ഥാനത്ത് നിലവിലില്ല. ഇക്കാര്യത്തിന് പ്രധാനമായും നമ്മൾ സി-ഡാക്-നെയാണ് ആശ്രയിക്കുന്നത്. ഫോറൻസിക് സയൻസ് ലാബിൽ നിന്നും പരിശോധനയ്ക്കയയ്ക്കുന്ന സാമ്പിളുകൾ അന്വേഷണ ഏജൻസിയിൽനിന്നും മുൻഗണനാക്രമമനുസരിച്ചാണ് പരിശോധന നടത്തി റിസൾട്ട് ലഭിക്കുന്നത്. അതിനാൽ അന്തിമ റിപ്പോർട്ട് കോടതിയിൽ ഹാജരാക്കാൻ വളരെയേറെ കാലതാമസം ഉണ്ടാകുന്നു. ആധുനിക പോലീസ് സേനയാക്കി കേരള

പോലീസിനെ മാറ്റേണ്ടതായിട്ടുണ്ട്. അതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. കേരള പോലീസിനെ സൈബർ സുരക്ഷയുടെ നേതൃനിരയിലേയ്ക്ക് കൊണ്ടു വരുന്നതിനാവശ്യമായ എല്ലാവിധ സൗകര്യങ്ങളും നൽകുന്നതിനുള്ള പരിശ്രമങ്ങൾ പുരോഗമിച്ചുവരികയാണ്. സമൂഹമാധ്യമങ്ങൾ ഉപയോഗിക്കുന്ന കേരളത്തിലെ എല്ലാ ജനങ്ങളുടെയും സൈബർ സുരക്ഷ നമുക്ക് ഉറപ്പാക്കാൻ കഴിയണം. കേരളത്തെ ഡിജിറ്റൽ സംസ്ഥാനമായും കേരള പോലീസിനെ സാങ്കേതിക മികവുള്ള ഒരു ആധുനിക പോലീസ് സേനയായും പൂർണ്ണ അർത്ഥത്തിൽ മാറ്റേണ്ടതായിട്ടുണ്ട്. അതുവഴി കുറ്റകൃത്യങ്ങളുടെ അന്വേഷണം വേഗത്തിൽ പൂർത്തിയാക്കി പ്രതികളെ നിയമത്തിനുമുമ്പിൽ കൊണ്ടുവരാൻ കഴിയണം. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ചില കാര്യങ്ങൾക്ക് തീരുമാനമായിട്ടില്ലെന്നതും ഇത്തരത്തിലുള്ള സംവിധാനം മാറ്റാനുള്ള പരിശ്രമം ഇനിയും പൂർത്തീകരിക്കേണ്ടതുമാണ്.

## (2) നിസാമുദ്ദീന്റെ തിരോധാനം

ശ്രീ. എ. എം. ആരിഫ്: സർ, അരൂർ മണ്ഡലത്തിലെ പാണാവള്ളി പഞ്ചായത്തിലെ 17-ാം വാർഡിൽ തോട്ടത്തിൽ നികത്തിൽ താമസിക്കുന്ന താജുവിന്റെയും ഭാര്യ റഹിയാനത്തിന്റെയും മൂത്തമകൻ നിസാമുദ്ദീനെ (15 വയസ്സ്) 8-4-2017 ശനിയാഴ്ച വൈകുന്നേരം മുതൽ കാണാതായി. തൊട്ടടുത്തുള്ള തളിയപ്പറമ്പ് ക്ഷേത്രത്തിലെ ഉത്സവത്തിന് റഹിയാനത്തിന്റെ സഹോദരന്റെ പുത്രനുമായി പോയിരുന്നു. അവിടെവച്ച് മൊബൈൽ ഫോണും മറ്റും സഹോദരന്റെ മകന്റെ കയ്യിൽ ഏല്പിച്ചിട്ട് എങ്ങോട്ടോ പോയി. അതിനുശേഷം ഇതുവരെ കണ്ടിട്ടില്ല. ചേർത്തല സി.ഐ.-യുടെ നേതൃത്വത്തിൽ അന്വേഷണം നടക്കുന്നുണ്ട്. അവിടെയുള്ള സി.സി.ടി.വി. ക്യാമറ പരിശോധിച്ചപ്പോൾ നിസാമുദ്ദീൻ ക്ഷേത്രത്തിലേയ്ക്ക് തിരിച്ചുവന്നതായി കാണുന്നുണ്ട്. അന്വേഷണം എവിടെയും എത്തിയില്ല. ഇപ്പോൾ ആക്ഷൻ കൗൺസിലും മറ്റും രൂപീകരിച്ച് അന്വേഷണം ത്വരിതപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ബഹുജന സംവിധാനങ്ങൾ അവിടെ രൂപപ്പെട്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ ദിവസം കുട്ടികൾ കാണാതാകുന്നതുമായി ബന്ധപ്പെട്ട് പ്രത്യേക അന്വേഷണ സംഘത്തെ ചുമതലപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമെന്ന് പറഞ്ഞിരുന്നു. ഇക്കാര്യത്തിൽ തിരുവനന്തപുരത്തുനിന്നുള്ള ഉന്നത ഉദ്യോഗസ്ഥരുടെ ഒരു പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ച് അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. പല ദുരൂഹതകളും ഇതുമായി ബന്ധപ്പെട്ട് പരക്കുന്നതുകൊണ്ടാണ് അതിന്റെ ഗൗരവാവസ്ഥ സഭയുടെ ശ്രദ്ധയിൽപ്പെടുത്തിയത്. ഇക്കാര്യത്തിൽ അടിയന്തര നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, അരൂർ മണ്ഡലത്തിലെ പാണാവള്ളി തോട്ടത്തിൽ നികത്തിൽ വീട്ടിൽ താജുവിന്റെ മകൻ നിസാമുദ്ദീനെ (15 വയസ്) 8-4-2017 മുതലാണ് കാണാതായിട്ടുള്ളത്. പിതാവിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ പൂമ്പാക്കൽ പോലീസ് സ്റ്റേഷനിൽ കേരള പോലീസ് ആക്ട് 57-ാം വകുപ്പുപ്രകാരം ക്രൈം 388/17-ാം നമ്പരായി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. നിസാമുദ്ദീന്റെ കുടുംബാംഗങ്ങളെയും ബന്ധുക്കളെയും അയൽവാസികളെയും കൂട്ടുകാരെയും കണ്ട് ചോദിച്ചു. നിസാമുദ്ദീൻ പോകാൻ സാധ്യതയുള്ള സ്ഥലങ്ങളിലെല്ലാം അന്വേഷിച്ചു. നിസാമുദ്ദീൻ ഉപയോഗിച്ചിരുന്ന മൊബൈൽ ഫോണിലെ കോൾ വിവരങ്ങൾ പരിശോധിച്ചും നിസാമുദ്ദീനുമായി നിരന്തരം ബന്ധപ്പെടുന്നവരെ ചോദ്യം ചെയ്തുമാണ് അന്വേഷണം നടത്തിവരുന്നത്. അന്വേഷണം പുരോഗമിച്ചുവരികയാണ്. പൂമ്പാക്കൽ പോലീസ് സബ് ഇൻസ്പെക്ടർ അന്വേഷണം നടത്തിവരവേ 2017 ഏപ്രിൽ 12-ന് അന്വേഷണം ചേർത്തല പോലീസ് ഇൻസ്പെക്ടർ ഏറ്റെടുത്തിട്ടുള്ളതും ലുക്ക് ഔട്ട് നോട്ടീസ് തയ്യാറാക്കി ബസ് സ്റ്റാൻഡ്, റെയിൽവേ സ്റ്റേഷൻ, പ്രധാന ജംഗ്ഷനുകൾ തുടങ്ങി ആളുകൾ കൂടുന്ന എല്ലാ സ്ഥലങ്ങളിലും പ്രദർശിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുമുണ്ട്. നിസാമുദ്ദീന്റെ ഫോട്ടോ പത്ര-ദൃശ്യ-മാധ്യമങ്ങൾ പ്രചരിപ്പിച്ചിട്ടുള്ളതാണ്. കൂടുതൽ സമഗ്രമായ അന്വേഷണത്തിനായി ചേർത്തല ഡിവൈ.എസ്.പി.-യുടെ നേതൃത്വത്തിൽ ഒരു സ്പെഷ്യൽ ടീമിനെ നിയോഗിച്ച് എത്രയുംവേഗം നിസാമുദ്ദീനെ കണ്ടെത്തുന്നതിനുള്ള ഊർജ്ജിത ശ്രമങ്ങൾ ഗവൺമെന്റ് നടത്തിവരികയാണ്.

## (3) വേമ്പനാട് ഇക്കോ ഡെവലപ്മെന്റ് അതോറിറ്റി രൂപീകരണം

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, വേമ്പനാട് കായലിലും അതിന്റെ ഭാഗമായ കുമ്പളങ്ങി കല്ലഞ്ചേരി കായൽ, പനങ്ങാട് കായൽ, കുമ്പളം, കൈതപ്പുഴ കായൽ, ഇടക്കൊച്ചി തുടങ്ങിയ കായൽ മേഖലകളിലും കരഭാഗങ്ങളിൽ എക്കലും ചെളിയും അടിഞ്ഞുകൂടുകയും മണൽത്തിട്ടകൾ രൂപംകൊള്ളുകയും ചെയ്തിട്ടുള്ളതിനാൽ ഉൾനാടൻ മത്സ്യബന്ധനവും ജലഗതാഗതവും തടസ്സപ്പെട്ടിരിക്കുകയാണ്. കായലിന്റെ എക്കൽ അടിഞ്ഞുകൂടിയ ഭൂരിഭാഗവും കരപോലെയായി ത്തീർന്നിരിക്കുന്നതിനാൽ നീരൊഴുക്കും അതുപോലെ വേലിയേറ്റ-വേലിയിറക്ക പ്രഭവവും ഗണ്യമായി കുറയുകയും കടലിൽനിന്നും കായലിലേയ്ക്കെത്തുന്ന

മത്സ്യത്തിന്റെ എണ്ണത്തിലും ഇനത്തിലും സാരമായ കുറവും ഉണ്ടായിരിക്കുകയാണ്. ചെമ്മീൻ പോലുള്ള മത്സ്യങ്ങൾ കടലിൽനിന്നും കായലിലേയ്ക്ക് കയറി അവിടെ മുട്ടയിട്ട് പിന്നീട് കടലിലേയ്ക്ക് പോകുന്ന സ്ഥിതിയാണുള്ളത്. പക്ഷെ എക്കൽ അടിഞ്ഞുകൂടിയതുകൊണ്ട് കടലിൽനിന്നുള്ള മത്സ്യത്തിന്റെ, പ്രത്യേകിച്ച് ചെമ്മീന്റെ വരവ് കുറഞ്ഞിരിക്കുകയാണ്. മത്സ്യപ്രജനനം തീരെ നടക്കാത്ത അവസ്ഥയാണ്. കായലിൽ വഞ്ചിയിറക്കാൻ കഴിയാത്ത സാഹചര്യമാണ്. ചീനവലകൾ പലതും മണൽത്തിട്ടകളിലായതിനാൽ മത്സ്യബന്ധനം അസാധ്യമായിരിക്കുന്നു. മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഉപജീവന പ്രതിസന്ധിയിലും ജപ്തി ഭീഷണിയിലുമാണ്. അടിഞ്ഞുകൂടിയിരിക്കുന്ന എക്കൽ ഉപയോഗിച്ച് ഭവനനിർമ്മാണത്തിനാവശ്യമായ വസ്തുക്കൾ നിർമ്മിക്കുന്നതടക്കമുള്ള കാര്യങ്ങൾ ആലോചിക്കാവുന്നതാണ്. റാംസർ സങ്കേതത്തിൽപ്പെടുന്ന ഒരു വെറ്റ് ലാന്റ് എന്ന നിലയിലും നാഷണൽ ലേക്ക് പ്രൊട്ടക്ഷന്റെ പരിധിയിൽപ്പെടുന്ന ഓര് ജലാശയം എന്ന നിലയിലും കേരളത്തിലെ രണ്ടേമുക്കാൽ ലക്ഷം മത്സ്യത്തൊഴിലാളികളുടെയും ഒന്നേമുക്കാൽ ലക്ഷം ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെയും 65 ശതമാനം ഉപജീവനകേന്ദ്രം എന്ന നിലയിൽ ഒരു പ്രത്യേക പദവി നൽകി സംരക്ഷിക്കേണ്ടതാണ്. ആ നിലയിൽ ദേശീയ-അന്തർദ്ദേശീയ സ്ഥാപനങ്ങളിൽനിന്നും ഇതിന്റെ സംരക്ഷണത്തിനാവശ്യമായ ഫണ്ട് ലഭിക്കുന്നതാണ്. ഇക്കഴിഞ്ഞ ഏപ്രിൽ മാസത്തിൽ എറണാകുളത്ത് ഇതുസംബന്ധിച്ച് സി.എം.എഫ്.ആർ.ഐ.-യിൽ വിദഗ്ദ്ധർ പങ്കെടുത്ത ഒരു സെമിനാർ നടത്തിയിരുന്നു. അതിന്റെ റിപ്പോർട്ട് ഇവിടെ കിട്ടിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കണം. റാംസർ സങ്കേതത്തിൽ ഉൾപ്പെടുന്ന വെറ്റ് ലാന്റ് എന്ന നിലയിൽ വേമ്പനാട് കായലിന് ഒരു പ്രത്യേക പദവി നൽകി വേമ്പനാട് ഇക്കോ ഡെവലപ്മെന്റ് അതോറിറ്റി രൂപീകരിക്കാനും ഡ്രഡ്ജിംഗ് നടത്തുന്ന ചെളിയും തീരങ്ങളിൽ അടിഞ്ഞുകൂടുന്ന എക്കലും ഉപയോഗിച്ച് ഭവനനിർമ്മാണത്തിനാവശ്യമായ വസ്തുക്കളും ഒപ്പം വികസന മുരടിപ്പ് നേരിടുന്ന പശ്ചിമ കൊച്ചിയുടെ ചിരകാല സ്വപ്നമായ തീരദേശ റോഡും നിർമ്മിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് താൽപ്പര്യപ്പെടുന്നു. വളരെ അടിയന്തരമായി തന്നെ ഇത്തരം കായലുകളിൽനിന്നും എക്കൽ നീക്കുന്നതിനാവശ്യമായ സത്വര നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : സർ, എറണാകുളം ജില്ലയിലെ വ്യവസായ-വാണിജ്യ-മത്സ്യബന്ധന- വിനോദസഞ്ചാര മേഖലകളുടെ അഭിവൃദ്ധിയുടെ അടിത്തറയാണ് വേമ്പനാട് കായൽ. പതിനാലായിരത്തോളം മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഈ ജലാശയത്തെ ആശ്രയിച്ച് ജീവിക്കുന്നു. അന്തർദ്ദേശീയ പ്രാധാന്യമർഹിക്കുന്ന കായലുകളുടെ പട്ടികയിൽ 1971-ൽ ഇറ്റലിയിൽ നടന്ന റാംസർ കൺവെൻഷനിൽ ഉൾപ്പെടുത്തിയ ഈ കായൽ 150-ഓളം മത്സ്യയിനങ്ങളുടെയും വിവിധയിനത്തിലുള്ള കക്കകളുടെയും കലവറയാണ്. കൂടാതെ അഷ്ടമുടി കായലും ശാസ്താംകോട്ട കായലുമാണ് അന്തർദേശീയ കൺവെൻഷനിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ കായലിന്റെ വിസ്തൃതി 40 ശതമാനം ശോഷിച്ചതായി കണക്കാക്കപ്പെടുന്നു. അതോടൊപ്പം 65 ശതമാനത്തോളം ആഴം കുറഞ്ഞിട്ടുമുണ്ട്. ജൈവ മാലിന്യത്തിന്റെ ആധിക്യംമൂലം ഓക്സിജന്റെ അളവ് കുറയുകയും ജീവജാലങ്ങൾ നശിക്കുകയും ചെയ്തു. പോളയുടെ വ്യാപനവും അശാസ്ത്രീയവും അമിതവുമായ മത്സ്യബന്ധനവും ജൈവസമ്പത്തിന് ഭീഷണിയായിരിക്കുകയാണ്. അശാസ്ത്രീയമായ നികത്തലുകളും ഡ്രഡ്ജിംഗും കായലിന്റെയും അതിന്റെ ഭാഗമായ കുമ്പളങ്ങി, കല്ലഞ്ചേരി, പനങ്ങാട്, കുമ്പളം, കൈപ്പുഴ തുടങ്ങിയ കായലുകളുടേയും നിലനിൽപ്പിനുതന്നെ ഭീഷണിയാണ്. കൊച്ചിയുടെ നഗരവൽക്കരണം, വിവിധ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ, വ്യാവസായികവൽക്കരണം എന്നിവയും മലിനീകരണത്തിന് ആക്കം കൂട്ടുന്നു. കായലിൽ എക്കൽ അടിഞ്ഞുകൂടിയതുമൂലം യഥാവിധി വേലിയേറ്റ-വേലിയിറക്ക പ്രക്രിയകൾ നടക്കുന്നില്ല, ഇതുകാരണം കായൽ-കടൽ ജലമിശ്രണവും ഉണ്ടാകുന്നില്ല. ഇത് മത്സ്യസമ്പത്തിനെ പ്രതികൂലമായും മത്സ്യത്തൊഴിലാളികളുടെ ജീവിതത്തെ ഗുരുതരമായും ബാധിച്ചിട്ടുണ്ട്. ചീനവല ഉൾപ്പെടെയുള്ള മത്സ്യബന്ധനോപകരണങ്ങൾ ഉപയോഗിച്ച് മത്സ്യബന്ധനം നടത്താനോ കയ്യേറ്റങ്ങൾക്കെതിരെ ആവാസ വ്യവസ്ഥ സംരക്ഷിക്കുന്നതിനോ ആവശ്യമായ വകുപ്പുകളെ ഏകോപിപ്പിച്ചുള്ള പ്രവർത്തനം നടത്താനോ കഴിയുന്നില്ല. ഈ മേഖലയിലെ ശാസ്ത്രീയമായ പഠനത്തിനും പ്രവർത്തനത്തിനും ആവശ്യമായ സംവിധാനത്തിന് രൂപം കൊടുക്കേണ്ടതായിട്ടുണ്ട്. എങ്കിൽ മാത്രമേ കായലിന്റെ ആവാസവ്യവസ്ഥ പുന:സ്ഥാപിച്ചുകൊണ്ട് മത്സ്യത്തൊഴിലാളികൾ അനുഭവിക്കുന്ന ദുരിതത്തിന് അറുതി വരുത്താൻ കഴിയൂ. കേരളത്തിലെ റാംസർ പട്ടികയിൽ ഉൾപ്പെടുന്ന തണ്ണീർത്തടങ്ങൾ നേരിടുന്ന ബഹുമുഖ പ്രശ്നങ്ങൾ പരിശോധിക്കുന്നതിനും ശാസ്ത്രീയമായ പരിഹാരനിർദ്ദേശങ്ങൾ മുന്നോട്ട് വയ്ക്കുന്നതിനുമായി ബന്ധപ്പെട്ട വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് വിദഗ്ദ്ധസമിതിയെ നിയോഗിക്കുന്ന കാര്യം പരിഗണനയിലാണ്.

11.00 a.m.]

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : സർ, സംസ്ഥാനത്ത് ഒരു ഡി.ജി.പി. ഇല്ലാത്ത അവസ്ഥയ്ക്ക് പരിഹാരം കാണണം. സുപ്രീംകോടതി, സംസ്ഥാന ഗവൺമെന്റ് നൽകിയ വിശദീകരണം തള്ളിയിരിക്കുകയാണ്. കൂടാതെ 25,000 രൂപ സർക്കാർ പിഴ അടയ്ക്കണമെന്നും കോടതി വിധിച്ചിരിക്കുകയാണ്. ഇത് സംസ്ഥാനത്തിന് കനത്ത തിരിച്ചടിയാണ്. ഇന്നുതന്നെ ഡി.ജി.പി. ആയി ശ്രീ. ടി. പി. സെൻകുമാറിനെ നിയമിച്ചുകൊണ്ട് കോടതി അലക്ഷ്യ കേസ്സിൽനിന്നും രക്ഷപ്പെടാനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ഗവൺമെന്റിനോട് പറയാനുള്ളത്.

## (4) പുതിയ താലൂക്ക്

ശ്രീ. കെ. ബാബു : സർ, നെന്മാറ ആസ്ഥാനമായി ഒരു താലൂക്ക് അനുവദിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നത്. ചിറ്റൂർ താലൂക്കിന്റെ ഭാഗമായാണ് നിലവിൽ നെന്മാറ നിയോജകമണ്ഡലം സ്ഥിതി ചെയ്യുന്നത്. പ്രസ്തുത താലൂക്കിലെ മുപ്പത് റവന്യൂ വില്ലേജുകളിൽ പതിനാറ് വില്ലേജുകളും നെന്മാറ നിയോജകണ്ഡലത്തിലാണ് സ്ഥിതി ചെയ്യുന്നത്. ഭൂവിസ്തൃതിയും ജനസംഖ്യയും കണക്കിലെടുത്താൽ നിലവിലുള്ള നാല് വില്ലേജുകൾ ഇനിയും വിഭജിക്കപ്പെടേണ്ടതാണ്. സംസ്ഥാനത്തെ ഏറ്റവും വലിയ പഞ്ചായത്തായ മുതലമട ഉൾപ്പെടെ പത്ത് പഞ്ചായത്തുകളും രണ്ട് ബ്ലോക്ക് പഞ്ചായത്തുകളിലായി പതിനാല് പഞ്ചായത്തുകളും ഉൾപ്പെട്ടതാണ് നെന്മാറ നിയോജകമണ്ഡലം . രാജ്യത്തെ പ്രധാന കടുവാ സങ്കേതമായ പറമ്പിക്കുളവും പാവങ്ങളുടെ ഊട്ടി എന്ന് വിശേഷിപ്പിക്കപ്പെടുന്ന നെല്ലിയാമ്പതിയും ഉൾപ്പെടുന്ന വിസ്തൃതമായ വനമേഖലയാണിത്. 235250-ഓളം വരുന്ന ജനസംഖ്യയിൽ 398 പട്ടികജാതി കോളനികളിലായി 43037 പട്ടികജാതി വിഭാഗക്കാരും അതിവിദൂര സങ്കേതങ്ങളിലുൾപ്പെടെ 72 ഊരുകളിലായി 7500-ലധികം വരുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരും ഈ മണ്ഡലത്തിൽ താമസിക്കുന്നു. വനമേഖലയും തോട്ടം മേഖലയും തമ്മിൽ നിരന്തരമായി പ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ട്. മലനിരകളോട്ടു കൂടിയ വനമേഖലയായതുകൊണ്ട് അവിടെ പ്രകൃതിദുരന്തങ്ങൾ ഉണ്ടാകാറുണ്ട്. അതിന്റെ നഷ്ടപരിഹാരത്തിന് താലൂക്ക് ഓഫീസിൽ എത്തിച്ചേരണമെങ്കിൽ കിലോമീറ്ററുകളോളം സഞ്ചരിക്കേണ്ടിവരുന്നു. അതുകൊണ്ടുതന്നെ ഇപ്പോഴുള്ള താലൂക്ക് ഓഫീസിൽ സമയത്തിന് എത്തിപ്പെടാൻ കഴിയാത്ത സ്ഥിതിയുണ്ട്.

ചികിത്സാ ധനസഹായം ലഭിക്കുന്നതിനും വിവിധ സർട്ടിഫിക്കറ്റുകളുൾപ്പെടെ റവന്യൂ ഡിപ്പാർട്ട്മെന്റിൽനിന്നും ലഭിക്കുന്ന സേവനങ്ങൾക്കും വളരെ ദൂരം സഞ്ചരിച്ച് ഇപ്പോഴുള്ള താലൂക്ക് കേന്ദ്രത്തിൽ എത്തിപ്പെടേണ്ട അവസ്ഥയാണുള്ളത്. പട്ടയം ലഭിക്കാത്തവരും കൈവശരേഖ ലഭിച്ചിട്ട് അതിർത്തി നിശ്ചയിച്ച് പോക്കുവരവ് നടത്താൻ അപേക്ഷ നൽകിയവരുമായ ആയിരക്കണക്കിന് ആളുകൾ ഇപ്പോഴും കാത്തിരിക്കുകയാണ്. പറമ്പിക്കുളം-നെല്ലിയാമ്പതി ആദിവാസി ഊരുകളിൽ താമസിക്കുന്നവർ ഉൾപ്പെടെയുള്ള ആളുകളുടെ ജീവിതകാര്യവുമായി ബന്ധപ്പെട്ട ഏതെങ്കിലും സർട്ടിഫിക്കറ്റിനോ മറ്റേതെങ്കിലും ആവശ്യത്തിനോ താലൂക്കാസ്ഥാനത്ത് എത്തണമെങ്കിൽ നൂറ് മുതൽ 120 കിലോമീറ്റർ വരെ സഞ്ചരിക്കേണ്ടിവരുന്നു. മാത്രമല്ല, ഒരു ദിവസം കാത്തിരുന്നാലേ തിരിച്ചുപോകാൻ സാധിക്കൂ എന്ന സ്ഥിതിയുമുണ്ട്. ജനാധിപത്യ രാജ്യത്തിൽ പിന്നാക്കക്കാരിൽ പിന്നാക്കക്കാരായ ഓരോ പൗരനും സർക്കാർ സേവനം ഏറ്റവും അടുത്തും കാലതാമസവും കൂടാതെ ലഭ്യമാക്കുമ്പോഴാണ് പൗരാവകാശം അർത്ഥവത്താകുന്നത്. ആ പൗരാവകാശം എന്റെ നിയോജകമണ്ഡലത്തിലെ പൗരന്മാർക്ക് കൃത്യമായി ലഭിക്കുന്നതിനുവേണ്ടി സംസ്ഥാനത്ത് പുതിയ താലൂക്ക് അനുവദിക്കുമ്പോൾ നെന്മാറ ആസ്ഥാനമാക്കി ഒരു താലൂക്ക് അനുവദിക്കണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) : സർ, ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. കെ. ബാബു ഇവിടെ ധാരാളം വിഷയങ്ങൾ ഉൾക്കൊള്ളുന്ന വസ്തുതയാണ് പറഞ്ഞത്. പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിൽ ചിറ്റൂർ-കൊഴിഞ്ഞാംപാറ-കൊല്ലങ്കോട്-നെന്മാറ എന്നീ പ്രദേശങ്ങൾ മുമ്പ് ഫർക്കകളിൽ ഉൾപ്പെട്ടിരുന്നതാണ്. ഒന്നിലധികം വില്ലേജുകൾ കൂട്ടിച്ചേർത്ത ഫർക്കകൾ മുമ്പുണ്ടായിരുന്നു. എന്നാൽ ഇപ്പോഴത് നിർത്തലാക്കി. താലൂക്ക് ആസ്ഥാനത്തുനിന്നും വളരെ അകലെയാണ് കൊല്ലങ്കോട്-നെന്മാറ ഫർക്കകൾ. കേരളത്തിലെ വന്യജീവിസങ്കേതങ്ങളായ പറമ്പിക്കുളവും നെല്ലിയാമ്പതിയും സ്ഥിതിചെയ്യുന്നത് ഈ പ്രദേശത്താണ്. നിലവിൽ പറമ്പിക്കുളത്തുള്ളവർക്ക് താലൂക്കാസ്ഥാനത്ത് എത്തിച്ചേരാൻ തമിഴ്നാട് ചുറ്റി 80 കിലോമീറ്ററും നെല്ലിയാമ്പതിയിലുള്ളവർക്ക് 70 കിലോമീറ്ററും ദൂരം യാത്രചെയ്യേണ്ടിവരുന്നുണ്ട്, ഇതൊക്കെ വസ്തുതയാണ്. യാത്രാസൗകര്യം കുറവുള്ള കേറാടി, അയിലൂർ, തിരുവാഴിയോട് എന്നീ വില്ലേജുകളിലുള്ളവർക്ക് താലൂക്കാസ്ഥാനത്ത് എത്താൻ

ഏറെ പ്രയാസമാണ്. നെന്മാറ കേന്ദ്രീകരിച്ച് പുതിയ കേന്ദ്രങ്ങൾ രൂപീകരിക്കുകയാണെങ്കിൽ ജനങ്ങളുടെ ബുദ്ധിമുട്ട് ഒഴിവാക്കാൻ കഴിയുമെന്നത് ശരിയാണ്. എന്നാൽ താലൂക്ക്-വില്ലേജ് പുനഃസംഘടന സംബന്ധിച്ച് 2007-ലെ സംയുക്ത പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള മുൻഗണനാ ലിസ്റ്റിൽ നെന്മാറ താലൂക്ക് ഉൾപ്പെട്ടിട്ടില്ല. ആ ലിസ്റ്റ് സർക്കാരും ലാന്റ് റവന്യൂ കമ്മീഷണറേറ്റും സംയുക്തമായി തയ്യാറാക്കിയതാണ്. 2017-ലെ ബഡ്ജറ്റിൽ കണ്ണൂർ ജില്ലയിലെ പയ്യന്നൂർ താലൂക്കും തൃശ്ശൂർ ജില്ലയിലെ കുന്നംകുളം താലൂക്കും മാത്രമേ പുതിയ താലൂക്കുകളായി രൂപീകരിക്കുന്നതിന് പ്രഖ്യാപനം നടത്തിയിട്ടുള്ളൂ. ഈ സാഹചര്യത്തിൽ പാലക്കാട് ജില്ലയിലെ നെന്മാറ ആസ്ഥാനമാക്കി പുതിയ താലൂക്ക് രൂപീകരിക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## (5) തടയണ നിർമ്മാണം

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, അരലക്ഷത്തോളം ജനങ്ങൾക്ക് കുടിവെള്ളമെത്തിക്കാനുള്ള പദ്ധതി കാൽനൂറ്റാണ്ടിലധികമായിട്ടും പൂർത്തിയാക്കാൻ കഴിയാത്ത വളരെ ഗൗരവമായ വിഷയമാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി ഈ വിഷയം വളരെ ഗൗരവമായി എടുത്തിട്ടുണ്ടെന്ന് എനിക്ക് നല്ലതുപോലെ അറിയാം. അതിന് ഞാൻ മന്ത്രിയെ അഭിനന്ദിക്കുകയും ഈ പദ്ധതി പൂർത്തിയാക്കണമെന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ ആത്മാർത്ഥതയെ അംഗീകരിക്കുകയും ചെയ്യുന്നു. പക്ഷേ ദൈവം പ്രസാദിച്ചാലും പൂജാരി കനിയാത്ത അവസ്ഥയാണ് ഇപ്പോഴുള്ളത്. ബാവിക്കര സ്ഥിരം തടയണ എന്ന പദ്ധതി അനന്തമായി നീട്ടിക്കൊണ്ടുപോയത് ആരുടെയെങ്കിലും പ്രത്യുത്പന്നമതിത്വമില്ലായ്മയും കൃത്യവിലോപവുമാണെങ്കിൽ അവരെ വെറുതെ വിടാൻ പാടില്ലെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോടും സർക്കാരിനോടും പറയാനുള്ളത്. ഇവിടെ സർക്കാരുകൾ മാറിമാറി വന്നു. കാസർഗോഡ് ജില്ലയിൽ പൈപ്പുവെള്ളം ആശ്രയിക്കുന്നവർ കടുത്ത വേനലിലും ഉപ്പുവെള്ളം കുടിക്കുകയാണെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് നല്ലതുപോലെ അറിയാം. ഇപ്പോൾ വിതരണം ചെയ്യുന്ന വെള്ളം ഒരുകാരണവശാലും കുടിക്കാൻ പാടില്ലെന്നാണ് ജല അതോറിറ്റി അധികൃതർ പറയുന്നത്. ഇപ്പോൾ വെള്ളത്തിൽ ഉപ്പിന്റെ അംശം ലിറ്ററിൽ 1000 മില്ലീഗ്രാമാണ്. ലോകാരോഗ്യ സംഘടനയുടെ കണക്കനുസരിച്ച് ഒരു ലിറ്റർ കുടിവെള്ളത്തിൽ അനുവദനീയമായ ഉപ്പിന്റെ അംശം 250 മില്ലീഗ്രാമാണ്. ബഹുമാനപ്പെട്ട മന്ത്രിയോട് ഒരു സഹോദരൻ എന്ന നിലയിൽ വിനയപൂർവ്വം ഞാൻ ചോദിക്കുകയാണ്, ഒരു എം.എൽ.എ. എന്ന നിലയിൽ ഞാൻ ഇക്കാര്യത്തിൽ എന്തുചെയ്യണം; അങ്ങും ജനങ്ങൾ വോട്ട് നൽകിയതു

കൊണ്ട് ഇവിടെ എത്തിയ ആളല്ലേ? അങ്ങയുടെ മണ്ഡലത്തിലെ ജനങ്ങൾക്കാണ് ഉപ്പുവെള്ളം കുടിക്കേണ്ട അവസ്ഥയെങ്കിൽ അങ്ങ് സ്വീകരിക്കുന്ന നിലപാട് എന്തായിരിക്കും; ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി എനിക്ക് ഉപദേശം തരണമെന്നാണ് പറയാനുള്ളത്. ഞാൻ സമരം ചെയ്യണോ; ധർണ്ണ ഇരിക്കണോ; അത് നിയമസഭയിൽ വേണോ അതോ എന്റെ മണ്ഡലത്തിൽ വേണോ? ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയടക്കം ഞങ്ങളുടെ ജില്ലയിൽനിന്നും അഞ്ച് എം.എൽ.എ.-മാരുണ്ട്. ഈ പ്രശ്നം അടിയന്തരമായി പരിഹരിക്കപ്പെടുന്നതിന് ജില്ലയിലെ അഞ്ച് എം.എൽ.എ.-മാരും നിയമസഭയ്ക്കകത്തോ കവാടത്തിലോ നമ്മുടെ ജില്ലയിലോ സമരത്തിന് തയ്യാറാകണമെന്നാണ് എനിക്ക് പറയാനുള്ളത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : സർ, ഇത് വളരെ ഗൗരവമുള്ള വിഷയമാണ്. ഉപ്പുവെള്ളം കുടിച്ച് ആളുകളുടെ കിഡ്നി നശിക്കുന്ന പ്രശ്നമാണ്. ഞാനും ഉദുമ എം.എൽ.എ. ശ്രീ. കെ. കുഞ്ഞിരാമനും ആവശ്യപ്പെട്ടതനുസരിച്ച് ബഹുമാനപ്പെട്ട മന്ത്രിയുടെ ചേമ്പറിൽ രണ്ട് യോഗങ്ങൾ വിളിച്ചുചേർത്തിരുന്നു. ബഹുമാനപ്പെട്ട മന്ത്രി വളരെ താല്പര്യത്തോടുകൂടിയാണ് യോഗം വിളിച്ചുചേർത്തത്. ആ യോഗത്തിൽ കുറേ തീരുമാനങ്ങളുണ്ടായി. അതിൽ അഞ്ചാമത്തെ തീരുമാനം, tender proceedings shall be undertaken by March 2017 എന്നാണ്. എന്നാൽ ഇപ്പോൾ മേയ് മാസമായി. ടെണ്ടർ പ്രൊസീഡിംഗ്സായോ? "ബാവിക്കര റഗുലേറ്റർ-കം-ബ്രിഡ്ജ് റീ-ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും പ്രവർത്തനങ്ങൾക്കുവേണ്ട ഫണ്ട് കണ്ടെത്തുന്നത് എങ്ങനെയാണെന്നും വ്യക്തമാക്കുമോ?" എന്ന ചോദ്യത്തിന് അങ്ങയിൽനിന്നും 28-4-2017-ൽ എനിക്ക് ലഭിച്ച മറുപടി "നിലവിലുള്ള പ്രവൃത്തികളുടെ കരാർ സാങ്കേതിക കാരണങ്ങളാൽ തുടരാൻ സാധിക്കാത്തതുകാരണം ഒഴിവാക്കി ബാലൻസ് പ്രവൃത്തികളുടെ പുതുക്കിയ ഡിസൈൻ തയ്യാറാക്കിയിട്ടുണ്ട്. 2017 ഏപ്രിൽ 1 മുതൽ പുതുക്കിയ ഡീറ്റെയിൽഡ് സ്കീം റിപ്പോർട്ട് നിരക്ക് പ്രാബല്യത്തിൽ വന്നു. പുതുക്കിയ ഡിസൈൻ പ്രകാരം പ്രസ്തുത പ്രവൃത്തിയുടെ ബാലൻസ് വർക്കിന്റെ എസ്റ്റിമേറ്റ് പുതുക്കിയ നിരക്കിൽ തയ്യാറാക്കി ചീഫ് എഞ്ചിനീയർ സമർപ്പിക്കുന്നമുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി തുടർനടപടി സ്വീകരിക്കുന്നതാണ്". അതിനർത്ഥം ഫണ്ട് ലഭിച്ചാൽ ഈ പണി പുനരാരംഭിക്കുമെന്നാണ്. ഒരു വ്യക്തതയും നമ്മുടെ മുമ്പിലില്ല. നമ്മൾ എടുത്ത

തീരുമാനമനുസരിച്ച് tender proceeding shall be undertaken by March 2017 എന്നാണ്. ബഹുമാനപ്പെട്ട മന്ത്രി കനിയണമെന്നാണ് എനിക്ക് പറയാനുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇപ്പോൾ സഭയിലില്ല. അദ്ദേഹത്തിന് കാസർഗോഡ് ജില്ലയുടെ കാര്യങ്ങൾ നന്നായി അറിയാം. അദ്ദേഹം കണ്ണൂർ ജില്ലക്കാരനാണെങ്കിലും പകുതി കാസർഗോഡ് ജില്ലക്കാരനുംകൂടിയാണ്. അങ്ങ് ഈ പ്രശ്നത്തിലിടപെട്ട് ശാശ്വതമായി പരിഹരിക്കണം. കാസർഗോഡുകാരായ ഞങ്ങളുടെ വൃക്കകൾ രണ്ടും ഇല്ലാതാകാൻ പോകുകയാണ്. ഓരോരുത്തരുടെയും വൃക്കകൾ നശിക്കാൻ പോകുകയാണ്. ഇതിൽനിന്ന് ഞങ്ങളെ രക്ഷപ്പെടുത്തണമെന്നാണ് എനിക്ക് പറയാനുള്ളത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ബഹുമാന്യനായ എം.എൽ.എ.-യെ ഉപദേശിക്കാൻ ഞാൻ ആളല്ല. അദ്ദേഹം തന്റെ ബുദ്ധിമുട്ട് പറഞ്ഞത് ഞാൻ പരിപൂർണ്ണമായും ഉൾക്കൊള്ളുന്നു. സർക്കാർ ഇക്കാര്യത്തിൽ ഒന്നും ചെയ്തിട്ടില്ലെന്ന് ആക്ഷേപമുന്നയിച്ചിട്ടില്ല. ഇത് 2005-ൽ ആരംഭിച്ച ഒരു പദ്ധതിയാണ്. അതിന്റെ ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരം പണി പൂർത്തിയാക്കാൻ 2.63 കോടി രൂപ മതിയായിരുന്നു. എന്നാൽ ഇതിനോടകം 4.2 കോടി രൂപ ചെലവാക്കിക്കഴിഞ്ഞപ്പോഴാണ് ആ ഡിസൈൻ പരിപൂർണ്ണമായി ശരിയല്ലെന്ന് കണ്ടെത്തിയത്. 1995-ൽ ഡിസൈൻ തയ്യാറാക്കി 2005-ൽ പണിയാരംഭിച്ച് 2016-ൽ ഞാൻ വരുമ്പോൾ ഈ ഡിസൈൻ ശരിയാകുന്നില്ലെന്നുള്ള നിർദ്ദേശമാണ് വന്നിരിക്കുന്നത്. അത് പരിശോധിക്കുകയും അനുബന്ധ യോഗങ്ങൾ നടത്തുകയുമുണ്ടായി. ചെറുകിട ജലസേചനത്തിനും ഉപ്പുവെള്ള പ്രതിരോധത്തിനും കുടിവെള്ളത്തിനും ഇത് വളരെയധികം പ്രയോജനം ചെയ്യുന്ന ഒരു പ്രോജക്ടാണ്. അതിന് ഒരു പുതിയ ഡി.പി.ആർ.-ഉം ഡിസൈനും തയ്യാറാക്കാൻ സൈറ്റ് മാറി തടയണ നിർമ്മിക്കണമെന്ന നിർദ്ദേശം വന്നു. ബാക്കി പണി പൂർത്തീകരിക്കാനുള്ള ഡി.പി.ആർ. തയ്യാറാക്കാൻ നിർദ്ദേശം അങ്ങയുടെ സാന്നിദ്ധ്യത്തിൽ തന്നെയാണ് ഉദ്യോഗസ്ഥർക്ക് നൽകിയത്. അതനുസരിച്ച് അവർ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. നേരത്തേ രണ്ടുകോടി രൂപയ്ക്ക് തീരേണ്ട പദ്ധതിയായിരുന്നുവെങ്കിലും ബാക്കി പണികൾക്കായി ഏതാണ്ട് 27 കോടി രൂപ ഇപ്പോൾ ആവശ്യമാണ്. അതാണ് ഇതിലുള്ള പ്രായോഗിക ബുദ്ധിമുട്ട്. പക്ഷേ വളരെ ഗൗരവമുള്ള ഒരു വിഷയമായി ഇത് ഗവൺമെന്റ് എടുക്കുന്നുണ്ട്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഈ വിഷയം നിരന്തരം മന്ത്രിസഭാ യോഗത്തിലും അല്ലാതെയും ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നതാണ്. തുക കണ്ടെത്തി

പറഞ്ഞ തീയതിയിൽ കൃത്യമായി നടത്താൻ കഴിഞ്ഞില്ല. ഡി.പി.ആർ. തയ്യാറാക്കിയപ്പോൾ തുക കൂടിപ്പോയതുകൊണ്ടാണ് നടത്താൻ കഴിയാത്തത്. 2½ കോടി രൂപയ്ക്ക് 1995-ൽ ഡിസൈൻ എടുത്ത് 2005-ൽ പണിയാരംഭിച്ച് 4½ കോടി രൂപയായതിനുശേഷം ബാക്കി പണി പൂർത്തീകരിക്കാൻ 27 കോടി രൂപ വേണമെന്നുള്ള അവസ്ഥയാണ്. നമ്മുടെ എല്ലാ പദ്ധതികൾക്കും ഉണ്ടാകുന്ന ഒരപകടമാണിത്. എന്നാൽപ്പോലും അതിന് മുൻഗണന നൽകി നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങേയ്ക്ക് അതറിയാം. സർക്കാർ അക്കാര്യത്തിൽ വളരെ ആത്മാർത്ഥമായി, വളരെ ഗൗരവത്തോടെയാണ് പ്രവർത്തിക്കുന്നത്. അതിന് ഫലം കണ്ടെത്താവുന്ന ഒരു ഘട്ടത്തിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്.

## (6) റോഡ് പുനരുദ്ധാരണം

ശ്രീ. എൽദോസ് കുന്നപ്പിള്ളി : സർ, പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ വെങ്ങോല പഞ്ചായത്തിൽ ആറ് കിലോമീറ്ററിലധികം ദൂരമുള്ള തോട്ടപ്പാടം-പുളിയിമ്പിള്ളി-ശാലേം റോഡ് മെയിന്റനൻസ് നടത്തിയിട്ട് ഇരുപത് വർഷത്തിലേറെയായി. ഇപ്പോൾ അവിടെ ആയിരത്തിലധികം വീട്ടുകാരും ഒട്ടേറെ പ്ലൈവുഡ് കമ്പനികളും ദേവാലയങ്ങളുമുണ്ട്. ഈ റോഡിന്റെ ശോച്യാവസ്ഥ പരിഹരിക്കാൻ 2013 സെപ്റ്റംബർ 27-ന് 1.98 കോടി രൂപയുടെ പ്രോജക്ട് ടെണ്ടർ ചെയ്തെങ്കിലും ഇതുവരെയും അതിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഈ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് അനാസ്ഥയുള്ളതുകൊണ്ടാണ് നിർമ്മാണം പൂർത്തിയാകാത്തത്. അന്ന് രണ്ടര കിലോമീറ്റർ റോഡ് മാത്രമാണ് അതിലുൾപ്പെടുത്തിയിരുന്നത്. മൊത്തം ആറ് കിലോമീറ്ററുള്ള ഈ റോഡിന്റെ മൂന്നര കിലോമീറ്റർകൂടി അടിയന്തരമായി ടാർ ചെയ്യണം. കഴിഞ്ഞ ദിവസം സ്ത്രീകളും കുട്ടികളുമടക്കം ആ റോഡിലിറങ്ങി വഴി തടയുകയുണ്ടായി. ഞാൻ ഒരു പൊതുപരിപാടിയിൽ പങ്കെടുക്കാൻ ചെന്നപ്പോൾ സ്ത്രീകളും കുട്ടികളുമടക്കമുള്ളവർ എന്നെ 10 മിനിട്ടോളം തടഞ്ഞുവച്ചു. കാരണം അത്ര മോശപ്പെട്ട ഒരു റോഡാണ് അത്. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി, അങ്ങ് ഇത്തരം കാര്യങ്ങളിൽ പ്രത്യേകം താൽപ്പര്യമെടുക്കുകയും എല്ലായിടത്തും ഓടിയെത്തി കാര്യങ്ങൾ നടത്തുകയും ചെയ്യുന്ന ഒരു നല്ല മന്ത്രിയാണ്. ബാക്കിയുള്ള മൂന്നര കിലോമീറ്റർ റോഡ് കൂടി ബി.എം.&ബി.സി. നിലവാരത്തിൽ ടാർ ചെയ്യാൻ വേണ്ട നടപടി കൈക്കൊള്ളണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, തോട്ടപ്പാടം-പുളിയിമ്പിള്ളി-ശാലേം റോഡിന്റെ കാര്യമാണ് ബഹുമാനപ്പെട്ട എം.എൽ.എ. എൽദോസ് കുന്നപ്പിള്ളി ഉന്നയിച്ചത്. 2013 മാർച്ചിൽ ഇതിന് 2.5 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. അതേ തുകയ്ക്ക് സാങ്കേതികാനുമതിയും ലഭിച്ചിട്ടുള്ളതാണ്. ആറ് മാസം കഴിഞ്ഞ് 2013 സെപ്റ്റംബർ 19-ാം തീയതിയാണ് എഗ്രിമെന്റ് വച്ചത്. ഇപ്പോൾ ഏകദേശം മൂന്നരവർഷം കഴിഞ്ഞു. റോഡിന്റെ പണി ഇപ്പോഴും പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ആകെ മൂന്നുകിലോമീറ്റർ മാത്രമേയുള്ളൂ. കഴിഞ്ഞ മൂന്നരവർഷം എന്താണ് നടന്നതെന്ന് ഞാൻ പറയേണ്ട കാര്യമില്ല. പൊതുമരാമത്ത് വകുപ്പുമന്ത്രി അതിനടുത്ത് തന്നെയായിരുന്നു താമസം. ആരുടെയും കുറ്റമല്ല. നമ്മുടെ നാട്ടിലെ സ്ഥിതി ഇതായിരുന്നുവെന്നാണ് ഞാൻ പറഞ്ഞത്. സ്വാഭാവികമായും അവിടെ പ്രക്ഷോഭമുണ്ടായി. ഇത് പൂർത്തീകരിച്ചാലും പിന്നെയും മൂന്ന് കിലോമീറ്ററോളം ബാക്കിയുണ്ട്, അതുകൂടി നിർമ്മിക്കണം. കുറെയാളുകൾ ചേർന്ന് സമരം നടത്തി. റോഡ് നിർമ്മിക്കാമെന്ന് തഹസീൽദാർ ഉറപ്പുകൊടുത്തു. റവന്യൂ വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരനും ഇക്കാര്യം കേൾക്കണം. ഒരു തഹസീൽദാർ നമ്മുടെ അനുവാദമില്ലാതെ റോഡ് നിർമ്മിച്ചുകൊടുക്കാമെന്ന് നാട്ടുകാർക്ക് ഉറപ്പു കൊടുത്തിരിക്കുകയാണ്. മൂന്നുകോടി രൂപ വേണം. ഞാൻ പറഞ്ഞതാണ്. ഇവിടത്തെ ചിലയാളുകളുടെ പരിപാടിയാണ്. അങ്ങോ ഞാനോ ഇതിൽ ഉത്തരവാദിയല്ല. ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ ഒരു എഞ്ചിനീയറും കൂട്ടുനിൽക്കുകയാണ്. അതുകൊണ്ടൊന്നും കാര്യമില്ല. അങ്ങ് ഈ വിഷയം ഇവിടെ ഉന്നയിച്ചു. നാട്ടിൽ ഒരു റോഡ് പണിയുന്നതിന് കുറെയാളുകൾ കൂടി. ഒരു ഡിസ്ട്രിക് കളക്ടർ വന്നാൽ അദ്ദേഹം തുക നൽകുമോ; അങ്ങനെ തുക നൽകിയ ചരിത്രമുണ്ടോ; അവർ അവരുടെ ജോലി ചെയ്താൽ മതി. നമുക്കത് ആലോചിച്ച് ചെയ്യാം. 2017-18-ലെ ബഡ്ജറ്റ് വരുന്നുണ്ടല്ലോ; താങ്കളുമായി ആലോചിച്ച് ന്യായമായി ഇക്കാര്യം ചെയ്യാം. ഇതാണ് പറയാനുള്ളത്.

## (7) ഇ.ഇ. ഓഫീസും സെക്ഷൻ ഓഫീസും

ശ്രീ. റ്റി. വി. രാജേഷ് : സർ, ഉത്തര മലബാറിനെ സംബന്ധിച്ചുള്ള വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ഞാൻ അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. കണ്ണൂർ ജില്ലയിൽ നിലവിൽ പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ വിഭാഗത്തിന് ഒരു സെക്ഷൻ ഓഫീസ് മാത്രമാണുള്ളത്. 77 സിവിൽ എഞ്ചിനീയർമാർ നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് വൈദ്യുതി നൽകാനുള്ള ചുമതല ഒരാൾക്കാണ്. കണ്ണൂർ ജില്ലയിൽ

ഒരു വർഷം എൽ.എസ്.ജി.ഡി.-യുടെ മുന്നൂറോളം എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നു. അതുപോലെതന്നെ സർക്കാരിന്റെ വിവിധ വകുപ്പുകളിലായി ഇരുന്നൂറോളം എസ്റ്റിമേറ്റുകളും തയ്യാറാക്കുന്നു. മറ്റ് ജില്ലകളിൽ ഒന്നിലേറെ സെക്ഷൻ ഓഫീസുകൾ ഉണ്ടെന്നിരിക്കെ കണ്ണൂർ ജില്ലയിൽ നിലവിലുള്ളത് ഒരു അസിസ്റ്റന്റ് എഞ്ചിനീയറും രണ്ട് ഫസ്റ്റ് ഗ്രേഡ് ഓവർസീയർമാരും ഒരു സെക്കന്റ് ഗ്രേഡ് ഓവർസീയറുമാണ്. 9 ലൈൻമാൻ തസ്തിക നിലവിലുണ്ടെങ്കിലും ഒരു ലൈൻമാൻ മാത്രമാണുള്ളത്. ഇതിന്റെ ഭാഗമായി ഞങ്ങളുടെ ജില്ലയിൽ പണി പൂർത്തീകരിച്ച പല കെട്ടിടങ്ങളും പൂട്ടിയിട്ടിരിക്കുകയാണ്. കണ്ണൂർ ജില്ലാ ആശുപത്രി തന്നെ അതിന് ഉദാഹരണമാണ്. ജില്ലാ ആശുപത്രി സൂപ്പർ സ്പെഷ്യാലിറ്റി ആക്കുന്നതിനുവേണ്ടി ഒരു ഹൈ ടെൻഷൻ വൈദ്യുതി ലൈനിനായി ഒരു വർഷം മുമ്പാണ് ഒരു കോടി രൂപ അടച്ചത്. പക്ഷേ ഇതുവരെയും അത് ഇലക്ട്രിഫൈ ചെയ്യാനുള്ള നടപടി ആരംഭിച്ചിട്ടില്ല. ഇതുമൂലം സർക്കാരിന് കോടിക്കണക്കിന് രൂപയുടെ നഷ്ടമാണ് ഉണ്ടാകുന്നത്. കാസർഗോഡ്, വയനാട്, കണ്ണൂർ ജില്ലകളിൽ നിലവിൽ ഓരോ സെക്ഷൻ ഓഫീസാണുള്ളത്. കണ്ണൂർ ജില്ലയിൽ കൂടുതൽ സെക്ഷൻ ഓഫീസുകളും കാസർഗോഡ് ജില്ലയിലുള്ളവർക്കുകൂടി സഹായകരമാകുന്ന വിധത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസും ആരംഭിക്കാൻ നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്ന കാര്യത്തിലും അഴിമതി ഒഴിവാക്കുന്ന കാര്യത്തിലും അങ്ങ് സ്വീകരിച്ച കർശന നിലപാടുകൾ അഭിനന്ദനാർഹമാണ്. ഉത്തര മലബാറിനെ സംബന്ധിച്ചിടത്തോളം കെട്ടിടം പണി സമയബന്ധിതമായി പൂർത്തീകരിച്ച് അവ ഉപകാരപ്രദമാക്കാൻ ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസും കൂടുതൽ സെക്ഷൻ ഓഫീസുകളും ഇലക്ട്രിക്കൽ വിഭാഗത്തിൽ ആരംഭിക്കാൻ സത്വരനടപടി ഉണ്ടാകണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ശ്രീ. റ്റി. വി. രാജേഷ് എം.എൽ.എ. ഉന്നയിച്ച ഈ പ്രശ്നം അടിയന്തര പ്രാധാന്യമുള്ളതാണെന്ന് ഗവൺമെന്റ് അംഗീകരിക്കുകയാണ്. ഇത് വാസ്തവത്തിൽ ഒരു കാളിംഗ് അറ്റൻഷനായി ഉന്നയിച്ചാൽ മറുപടി പറയേണ്ട ഇഷ്യൂ ആണ്. സമയക്കുറവുകൊണ്ട് ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. അത്രയധികം പ്രശ്നങ്ങളാണ്. കേരളത്തിലെ പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ വിംഗിന്റെ വ്യവസ്ഥയനുസരിച്ച് ആകെ മൂന്ന് ജില്ലാ ഓഫീസുകളേ അനുവദിച്ചിട്ടുള്ളൂ. അവ കേന്ദ്രീകരിച്ച് മറ്റ് ജില്ലകളിലെയും പ്രവൃത്തികൾ ചെയ്യണം. കേരളത്തിൽ ആകെ

66 എഞ്ചിനീയർമാരാണ് ഇലക്ട്രിക്കൽ വിംഗിലുള്ളത്. ഇത് മാറ്റാൻ പറഞ്ഞാൽ പത്ത് പൈസ ആരും തരില്ല. ഭരണപരിഷ്കാര കമ്മീഷന്റെ ഭാഗമായി അടിയന്തരമായി മാറ്റംവരുത്തേണ്ട പരമ്പരാഗതവും പഴകിയതുമായ സംവിധാനങ്ങളാണ് ഇതിലുള്ളത്. മൂന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ഓഫീസുകളാണുള്ളത്. അതിൽ കോഴിക്കോട് ജില്ലയിലെ ഓഫീസാണ് കണ്ണൂർ, വയനാട്, കാസർഗോഡ് ജില്ലകളുടെ പ്രവൃത്തികൾ ചെയ്യുന്നത്. തൃശ്ശൂരിലുള്ള ഓഫീസ് അതിന്റെ ചുറ്റുപാടുമുള്ള ജില്ലകളുടെ വർക്കുകൾ ചെയ്യുന്നു. മറ്റൊരു ഓഫീസുള്ളത് തിരുവനന്തപുരത്താണ്. അവിടെ ചീഫ് എഞ്ചിനീയറില്ല. ഇപ്പോൾ ഇലക്ട്രിക്കൽ വർക്കുകൾ വളരെ കൂടുതലാണ്. ചീഫ് എഞ്ചിനീയറുടെ തസ്തികയില്ല. ഒരു സൂപ്രണ്ടിംഗ് എഞ്ചിനീയറാണ് സംസ്ഥാനത്തെ ഹെഡ്. ഇങ്ങനെയൊക്കെയുള്ള ധാരാളം പ്രശ്നങ്ങൾ ഇതിനകത്തുണ്ട്. ആകെ 66 എഞ്ചിനീയർമാർ മാത്രമാണുള്ളത്. കണ്ണൂർ കേന്ദ്രീകരിച്ച് ഒരു ഓഫീസ് വളരെ അത്യാവശ്യമാണ്. 18 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുണ്ടെങ്കിലും 3 ഡിവിഷൻ ഓഫീസേയുള്ളൂ. കണ്ണൂർ കേന്ദ്രീകരിച്ച് ഒരു ഓഫീസ് സ്ഥാപിച്ചാൽത്തന്നെ ഓഫീസ് അനുവദിക്കാത്തതു കൊണ്ടും തസ്തികയില്ലാത്തതുകൊണ്ടും അതിന് ഔദ്യോഗിക സ്വഭാവമുണ്ടാകില്ല. കണ്ണൂരിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നതിന് ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തുന്ന കാര്യം പരിഗണിക്കാം. അതിനുപുറമേ അവിടെ ഒരു ഓഫീസ് നിർമ്മിക്കുന്നതിനുള്ള അജണ്ട തയ്യാറാക്കി ക്യാബിനറ്റിലയച്ച് അപ്രൂവൽ വാങ്ങി നടപ്പാക്കുന്നതിനെപ്പറ്റി ആലോചിക്കാം. കെട്ടിടങ്ങളെല്ലാം നിർമ്മിച്ചശേഷം അവ കുത്തിപ്പൊളിച്ച് വയർ വലിക്കുന്ന പ്രവണതയുണ്ട്. ഇത് ആര് കണ്ടുപിടിച്ചതാണെന്ന് ഒരുപിടിയുമില്ല. ഇനി നിർത്താൻ പറയണം. കെട്ടിടം പണിയുമ്പോൾത്തന്നെ വയർ വലിക്കണം. കെട്ടിടം പണിതതിനുശേഷം അസ്ഥിപഞ്ജരംപോലെ വെളിയിൽ കവർ ചെയ്യാതെ വയർ പിടിപ്പിക്കുന്ന രീതി അവസാനിപ്പിക്കണം. ആലപ്പുഴ മെഡിക്കൽ കോളേജിലൊക്കെ ആ രീതിയിലാണ് ചെയ്തിരിക്കുന്നത്. അതൊക്കെ മാറ്റി നല്ല കേബിൾ ഇടണം. അങ്ങനെ ഒരുപാട് മാറ്റങ്ങൾ വരുത്തേണ്ടതായിട്ടുണ്ട്. ആ കാര്യങ്ങളെപ്പറ്റി ഇപ്പോൾ ഗവൺമെന്റ് ചർച്ച ചെയ്യുന്നുണ്ട്. ഇക്കാര്യങ്ങളിലെല്ലാം മാറ്റം വരുത്തണം. മലബാറിന് പ്രത്യേക ശ്രദ്ധ നൽകുന്നുണ്ട്. ഇക്കാര്യത്തിൽ വ്യവസ്ഥാപിതമായ നിയമങ്ങളിൽ മാറ്റംവരുത്തണമെന്നുള്ളതുകൊണ്ടാണ്, അല്ലെങ്കിൽ ഞാൻ ഇപ്പോൾത്തന്നെ ഉത്തരവിടുമായിരുന്നു. കണ്ണൂരിലാണെങ്കിൽ 500 കോടി രൂപയുടെ റോഡ് വികസന പദ്ധതി ഗവൺമെന്റ് പരിഗണിച്ചിരിക്കുകയാണ്.

ക്യാബിനറ്റിൽ വരും. റോഡ് ഡെവലപ്മെന്റ് ഫണ്ട് ബോർഡ് തിരുവനന്തപുരത്ത് ചെയ്തതുപോലെ കൊല്ലം ജില്ലയിൽ ചെയ്യുന്നതിനായി 300 കോടി രൂപയുടെ റോഡ് ഫണ്ട് ഉണ്ട്. മലബാറിന് പ്രത്യേക പ്രാധാന്യമുണ്ട്, വിമാനത്താവളം വരുന്നു. അവിടെയുള്ള മൂന്ന് റോഡുകൾ അതിവേഗം നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്. കാരണം, കണ്ണൂർ, ആലപ്പുഴ ജില്ലകൾ പരമ്പരാഗതമായി അവഗണിക്കപ്പെട്ട ജില്ലകളാണ്. ആധുനിക നിർമ്മാണങ്ങളൊന്നും നടന്നിട്ടേയില്ല. എന്റെ മണ്ഡലത്തിൽ പി.ഡബ്ല്യു.ഡി. റോഡുകളേയില്ല. ആകെയുള്ളത് ഒരു ഹൈവേയാണ്. ഉദാഹരണം പറയുകയാണ്. വരയിട്ട ഒരു റോഡും എന്റെ മണ്ഡലത്തിലില്ല. വർക്കല മണ്ഡലത്തിലെ ഗ്രാമീണ റോഡുകൾപോലും കംപ്ലീറ്റ് വരയുള്ളതാണ്. ഇങ്ങനെ യൊക്കെയുള്ള വ്യത്യാസങ്ങളുണ്ട്. വരച്ചതൊന്നും മാറ്റണമെന്നല്ല, മൊത്തം നന്നാവണം. തീർച്ചയായും ഇലക്ട്രിക്കൽ വിംഗിന്റെ പ്രവർത്തനം അടിമുടി പുനഃസംഘടിപ്പിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുകയാണ്. കണ്ണൂരിൽ ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയറെ നിയമിക്കുന്ന കാര്യത്തിൽ ക്യാബിനറ്റിന്റെ അനുമതി തേടുന്നതാണെന്ന വിവരം അറിയിക്കുകയാണ്.

### (8) ഫിഷിംഗ് ഹാർബർ നിർമ്മാണം

ശ്രീ. എ. പ്രദീപ്കുമാർ : സർ, കോഴിക്കോട് നോർത്ത് അസംബ്ലി മണ്ഡലത്തിലെ വെള്ളയിൽ എന്ന പ്രദേശത്ത് ഒരു മത്സ്യബന്ധന തുറമുഖം നിർമ്മിക്കണമെന്നുള്ളത് ദീർഘകാലമായുള്ള ഒരാവശ്യമായിരുന്നു. ബഹുമാന്യനായ എസ്. ശർമ്മ ഫിഷറീസ് വകുപ്പുമന്ത്രിയായിരുന്ന കാലത്താണ് ആ ആവശ്യം പരിഗണിച്ച് അതിന്റെ സാധ്യതാപഠനം നടത്തിയത്. സി.ഡബ്ല്യു.പി.ആർ.എസ്. (Central Water Power Research Station), പൂനെ എന്ന സ്ഥാപനം നടത്തിയ പഠനത്തെ ആസ്പദമാക്കി ഒരു ഡി.പി.ആർ. നേരത്തെ തയ്യാറാക്കിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത്, 2014-ലാണ് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കി ഹാർബറിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചത്. ഒരു ഫിഷിംഗ് ഹാർബർ നിർമ്മിക്കുമ്പോൾ അതിലെ ഏറ്റവും പ്രധാന ഘടകങ്ങളായ പുലിമുട്ട്, വാർഫ്, ലേലപ്പുര എന്നിവയുടെയൊക്കെ നിർമ്മാണമാണ് ആദ്യഘട്ടമെന്ന നിലയിൽ ചെയ്യുന്നത്. 2014-ൽ തുടങ്ങിയ ആ നിർമ്മാണം നല്ലനിലയിൽ വളരെ വേഗം മുന്നോട്ടുപോയി. അതിവേഗം പുരോഗമിച്ചു. സമയപരിധിക്കുള്ളിൽത്തന്നെ നിർമ്മാണം പൂർത്തിയാകുമെന്ന സാഹചര്യം വന്നു. അവിടെ നിർമ്മിച്ച പുലിമുട്ടുകൾക്കിടയിലാണ് മത്സ്യബന്ധന

യാനങ്ങൾ വന്ന് നിൽക്കേണ്ട പ്രതലം. അവിടെ ഇപ്പോൾ ബോട്ടുകൾ പാർക്ക് ചെയ്യാൻ സാധിക്കാത്ത സ്ഥിതിയാണ്. ബോട്ടുകൾ തകർന്നുപോകുന്നു. ബഹുമാനപ്പെട്ട മന്ത്രി നേരിട്ടുവന്ന് ആ ദുഃസ്ഥിതി കണ്ടതാണ്. സി.ഡബ്ല്യു.പി.ആർ.എസ്., പൂനെ എന്ന ശാസ്ത്ര ഗവേഷണ സ്ഥാപനം കേന്ദ്ര ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ളതാണ്. അവരുടെ നിർദ്ദേശമനുസരിച്ച് നിർമ്മിച്ച പുലിമുട്ടുകളുടെ വൈകല്യം കാരണം അവിടെ വെള്ളം ശാന്തമായി നിൽക്കുന്നില്ല. സാധാരണ കടലിലുള്ളതിനേക്കാൾ ഭീകരമായ തിരയാണ് അവിടെ അനുഭവപ്പെടുന്നത്. ഇനി എന്തുചെയ്യണമെന്നത് സംബന്ധിച്ച് വീണ്ടും പഠനം നടത്തുന്നതിന് പിഴവ് കാണിച്ച അതേ ഏജൻസിയെതന്നെ ഏൽപ്പിച്ചിരിക്കുന്നു. അതല്ലാതെ മറ്റ് മാർഗ്ഗമില്ലെന്നാണ് തോന്നുന്നത്. സംസ്ഥാന ഗവൺമെന്റിന് വേറൊന്നും ചെയ്യാനില്ല. അവർ വീണ്ടും സജസ്റ്റ് ചെയ്തിരിക്കുന്നത്, 490 മീറ്റർകൂടി പുലിമുട്ടിന്റെ നീളം വർദ്ധിപ്പിക്കണമെന്നാണ്. അതിന് 83 കോടിയോളം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി അവർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടാകണം. അത് സാംഗ്ഷൻ ചെയ്ത് പ്രവൃത്തി നടത്തുകയെന്നുള്ളതാണ് ഈ ഹാർബർ യാഥാർത്ഥ്യമാകുന്നതിനുള്ള ഏകമാർഗ്ഗം. കാലതാമസം കൂടാതെ വെള്ളയിൽ ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിനാവശ്യമായ നടപടി കൈക്കൊള്ളണമെന്നുള്ളതാണ് എന്റെ അഭ്യർത്ഥന. ഡിസൈനിൽ പിഴവു കാണിച്ച ഏജൻസിതന്നെ വീണ്ടും അഡ്വൈസ് തരുന്നതിന്റെ ഭാഗമായി എന്തെങ്കിലും പ്രശ്നമുണ്ടാകുമോ എന്നത് സംബന്ധിച്ച് സാങ്കേതികമായി നമുക്കറിയില്ല. അതും കരുതലോടെ ചെയ്യേണ്ട കാര്യമാണ്. കോടികൾ ചെലവഴിച്ചുകഴിഞ്ഞു. ഇനി അത് പൂർത്തിയാക്കാതിരിക്കാൻ പറ്റില്ല. അത് ഏറ്റവും പ്രധാനപ്പെട്ട ആവശ്യവുമാണ്. എത്രയും പെട്ടെന്ന് ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണം പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ) : സർ, ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ സൂചിപ്പിച്ചതുപോലെ 75 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയിലുൾപ്പെടുത്തി കോഴിക്കോട് ജില്ലയിലെ വെള്ളയിൽ മത്സ്യബന്ധന തുറമുഖ നിർമ്മാണത്തിന് 20-11-2012-ലാണ് 3,930 ലക്ഷം രൂപയ്ക്ക് കേന്ദ്രസർക്കാരിൽനിന്ന് ഭരണാനുമതി ലഭിച്ചത്. അതിന് സംസ്ഥാന ഗവൺമെന്റും അനുമതി നൽകി. നാല് വർഷമായിരുന്നു ഇതിന്റെ കാലാവധി. വടക്കേ പുലിമുട്ട് 530 മീറ്ററും തെക്കേ

പുലിമുട്ട് 750 മീറ്ററുമാണ്. അത് പൂർത്തീകരിച്ചുകഴിഞ്ഞു. അതിനോടൊപ്പമുള്ള വാർഫ്, 600 ചതുരശ്രമീറ്റർ ലേലപ്പുര, 360 ചതുരശ്രമീറ്റർ കവേർഡ് ഫിഷ് ലോഡിംഗ് ഏരിയ, ഡ്രഡ്ജിംഗ് പ്രവൃത്തി എന്നിവ പൂർത്തീകരിക്കാനുണ്ടായിരുന്നു. ഇതെല്ലാംകൂടി 40 കോടി രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ചു. അവിടെ വള്ളം അടുക്കാൻ തുടങ്ങിയപ്പോഴാണ് ഹാർബറിനകത്തുള്ള തിരയിളക്കം പ്രശ്നമായത്. സി.ഡബ്ല്യു.പി.ആർ.എസ്., പൂനെ എന്നത് ഈ രംഗത്തെ കേന്ദ്ര ഗവേഷണ സ്ഥാപനം കൂടിയാണ്. അവരുടെ റിപ്പോർട്ടാണ് നമുക്ക് ശാസ്ത്രീയമായി സ്വീകരിക്കാൻ കഴിയുന്നത്. അതിനപ്പുറമൊരു ഏജൻസി ഇന്ന് ഇന്ത്യാ രാജ്യത്തില്ല. ഈ പ്രശ്നം അവരുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ അവർ രണ്ടാമതും ഒരു പഠനം നടത്തി. 490 മീറ്റർ കൂടി പുലിമുട്ടിന്റെ നീളം വർദ്ധിപ്പിക്കണമെന്നാണ് ഇപ്പോൾ അവർ ശിപാർശ ചെയ്തിരിക്കുന്നത്. അതുൾപ്പെടെ അനുബന്ധ വർക്കുകളെല്ലാംകൂടി ചേർത്ത് 85.61 കോടി രൂപയുടെ പ്രോജക്ടാണ് വീണ്ടും വന്നിരിക്കുന്നത്. അത് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. പുതിയ ഹാർബർ തരുന്നില്ലെന്ന് മാത്രമല്ല, പഴയ ഹാർബറിന്റെ അനുബന്ധ പ്രവർത്തനങ്ങൾക്ക് ആവശ്യമായ എസ്റ്റിമേറ്റ് കൊടുത്താൽ പ്രത്യേക സമീപനമാണ് കേന്ദ്രം സ്വീകരിക്കുന്നത്. ഹാർബറുകൾക്കൊന്നും ഇനി ഫണ്ട് തരില്ലെന്ന നിലപാടിലാണ് കേന്ദ്ര ഗവൺമെന്റ്. എന്തായാലും അവർ അനുമതി തരുമെന്ന് പ്രതീക്ഷിക്കുകയാണ്. അത്രയും കാത്തിരിക്കാൻ കഴിയില്ലെന്നുള്ളതുകൊണ്ട് സംസ്ഥാന സർക്കാർ ആ പ്രോജക്ട് പ്രത്യേകമായെടുത്ത് കിഫ്ബിയിലുൾപ്പെടുത്താനാണ് ഇപ്പോൾ തീരുമാനിച്ചിരിക്കുന്നത്. എങ്കിൽ മാത്രമേ അത് സമയബന്ധിതമായി പൂർത്തിയാക്കാനാകൂ. കിഫ്ബിയിൽ ഉൾപ്പെടുത്താൻ 2,249 ലക്ഷം രൂപയുടെ പ്രൊപ്പോസലാണ് തയ്യാറാക്കിയിട്ടുള്ളത്. അതിനുള്ള നടപടി അതിവേഗം സ്വീകരിക്കുകയാണ്. ഒരാഴ്ചയ്ക്കകം അത് കിഫ്ബിയിലേയ്ക്ക് അപ്‌ലോഡ് ചെയ്യും. അങ്ങനെ 490 മീറ്റർ നീളം വർദ്ധിപ്പിക്കുന്നതോടുകൂടി ഹാർബറിനുള്ളിലെ തിരയിളക്കത്തിന് പരിഹാരം കാണാൻ കഴിയുമെന്നാണ് ഉദ്ദേശിക്കുന്നത്. നമ്മൾ നേരത്തെ തയ്യാറാക്കിയ പ്രോജക്ട് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. അത് കിട്ടുമെന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്. കേന്ദ്ര സർക്കാരിൽനിന്നും ഭരണാനുമതി ലഭിക്കുന്നതിന് കാലതാമസമുണ്ടാകുകയാണെങ്കിൽ മറ്റ് വിഭവ സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ടു പയോഗിച്ചുകൊണ്ട് ബാക്കി പ്രവർത്തനവും പൂർത്തീകരിക്കും. എന്തായാലും വെള്ളയിൽ ഹാർബർ സമയബന്ധിതമായി പൂർത്തീകരിക്കുകയെന്നുള്ളത് ഗവൺമെന്റിന്റെ പ്രയോരിറ്റി ലിസ്റ്റിലുണ്ടെന്ന വിവരം ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുകയാണ്.

# V അനൗദ്യോഗികാംഗങ്ങളുടെ കാര്യം

## (1) റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ആറാമത് റിപ്പോർട്ട്

ശ്രീ. എ. എം. ആരിഫ് : സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ആറാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ആറാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

## (2) സാമാന്യമായി പൊതുതാല്പര്യമുള്ള സംഗതികൾ സംബന്ധിച്ച പ്രമേയങ്ങൾ

### (1.) വരൾച്ച നേരിടുന്നതിന് കേരളത്തിന് പ്രത്യേക പാക്കേജ്

(ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർക്കുവേണ്ടി ശ്രീ. മുല്ലക്കര രത്നാകരൻ അവതരിപ്പിച്ച പ്രമേയം)

(തുടർ ചർച്ച)

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. മുല്ലക്കര രത്നാകരൻ 2016 ഒക്ടോബർ 28-ാം തീയതി പ്രമേയം അവതരിപ്പിച്ച് സംസാരിച്ചിരുന്നു. സഭ പിരിഞ്ഞതിനാൽ അതിന്മേലുള്ള ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ മറുപടി പൂർത്തിയാക്കാനായില്ല. ബഹുമാനപ്പെട്ട റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിക്ക് മറുപടി പൂർത്തിയാക്കാവുന്നതാണ്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) : സർ, വരൾച്ചയുമായി ബന്ധപ്പെട്ട വിഷയം സംബന്ധിച്ച് ഇന്നലെ വിശദമായി ചർച്ച നടത്തിയിരുന്നു. അതുകൊണ്ട് ദീർഘമായി സംസാരിക്കാൻ ഉദ്ദേശിക്കുന്നില്ല. ഇക്കാര്യങ്ങളെല്ലാം വിശദമായി ചർച്ചചെയ്ത സാഹചര്യത്തിൽ വീണ്ടും ആവർത്തിക്കുന്നില്ല. മാത്രമല്ല സർക്കാർ ഈ പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്ത് സ്വീകരിച്ച നടപടികളും നേരത്തെ വിശദീകരിച്ചതാണ്. സന്ദർഭത്തിനൊത്ത് നടപടി സ്വീകരിക്കാൻ ഗവൺമെന്റ് എല്ലാ തലത്തിലുള്ള പ്രവർത്തനങ്ങളും നടത്തിയതാണ്. പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ

നിന്നും പ്രത്യേക പാക്കേജായി സംസ്ഥാനത്തിന് ഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ചാണ് പ്രമേയത്തിൽ ആവശ്യപ്പെട്ടിരിക്കുന്നത്. വരൾച്ചയുടെ രൂക്ഷത കേന്ദ്രസർക്കാരിനെ ബോദ്ധ്യപ്പെടുത്താൻ 28-3-2017-ൽ കൃഷി/റവന്യൂ വകുപ്പ് മന്ത്രിമാരുൾപ്പെടെയുള്ളവർ കേന്ദ്ര കൃഷി വകുപ്പുമന്ത്രി മുമ്പാകെ മെമ്മോറാണ്ടം സമർപ്പിച്ചിരിക്കുകയാണ്. അതിന്റെ വിശദാംശങ്ങൾ നേരത്തെ പറഞ്ഞതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. ഇതിനെത്തുടർന്ന് കേന്ദ്രസംഘം കേരളത്തിലെത്തി വിവിധ ജില്ലകളിൽ സന്ദർശനം നടത്തിയതും ഇവിടെ വിശദീകരിച്ചതാണ്. സന്ദർശനത്തിന്റെ അവസാനഘട്ടത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കേന്ദ്രസംഘം ചർച്ച ചെയ്തതും ഇതിനെത്തുടർന്ന് അഡീഷണലായി ഒരു മെമ്മോറാണ്ടം കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കാൻ തീരുമാനിച്ചതും സമർപ്പിച്ചു കഴിഞ്ഞതുമായ കാര്യങ്ങൾകൂടി സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ കേന്ദ്രത്തിൽനിന്നും ഒരു പ്രത്യേക പാക്കേജ് അനുവദിക്കണമെന്ന് തീർച്ചയായും ആവശ്യപ്പെടാമെന്നതന്നെയാണ് തീരുമാനിച്ചിച്ചിരിക്കുന്നത്. ഇക്കാര്യത്തിൽ മന്ത്രിസഭയും അത്തരമൊരു നിഗമനത്തിലാണെത്തിയിട്ടുള്ളത്. അഡീഷണൽ മെമ്മോറാണ്ടം 27-4-2017-ൽ ഇ-മെയിലായി അയച്ചുകൊടുക്കുകയും അതിന്റെ ഹാർഡ് കോപ്പി ടീം ലീഡറായ ശ്രീ. അശ്വിനി കുമാറിന് പോസ്റ്റൽ മാർഗ്ഗം അയച്ചുകൊടുത്തിട്ടുമുണ്ട്. അതിൽ 21-4-2017 വരെ വരൾച്ച സംബന്ധമായി കേരള സർക്കാർ ചെലവാക്കിയ തുക, വിവിധ മേഖലകളിലെ കുടിവെള്ള വിതരണം, കൃഷി, മൃഗസംരക്ഷണം ഇവയുമായി ബന്ധപ്പെട്ട വിശദീകരണങ്ങൾ ഒക്കെ അടങ്ങിയിട്ടുണ്ട്. കൂടാതെ കുടിവെള്ളവിതരണത്തിനും കൃഷിനാശത്തിന്റെ ദുരിതാശ്വാസ വിതരണത്തിനും മേയ് മാസം 31 വരെ ഇനിയും വേണ്ടിവരുന്ന ആവശ്യങ്ങളുൾപ്പെടെയുള്ള തുകയുടെ വിവരങ്ങളും രേഖപ്പെടുത്തിയ അഡീഷണൽ മെമ്മോറാണ്ടമാണ് ഇപ്പോൾ നൽകിയിട്ടുള്ളത്. കേന്ദ്ര ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡമനുസരിച്ച് ടീം ലീഡർ ആവശ്യപ്പെട്ട വിവരങ്ങളാണ് അധികമായി നൽകുന്നതിന് തീരുമാനിച്ചതും ഇപ്പോൾ സമർപ്പിച്ചിരിക്കുന്നതും.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : സർ, സാധാരണ ഗതിയിൽ എല്ലാ സംസ്ഥാനങ്ങൾക്കും കേന്ദ്ര ഡിസാസ്റ്റർ മാനേജ്മെന്റിന്റെ നിധിയിൽനിന്നും തുക അനുവദിക്കാറുണ്ടല്ലോ. ദുരന്തങ്ങൾ ഉണ്ടായാലും ഇല്ലെങ്കിലും ഓരോ സംസ്ഥാനങ്ങൾക്കും നിശ്ചിത തുക അനുവദിക്കുന്ന പാറ്റേണാണ് നിലവിലുള്ളത്. ആ പാറ്റേണനുസരിച്ചുള്ള തുക നമുക്ക് കിട്ടിയിട്ടുണ്ടോ? അത് കൂടാതെയാണോ ഇപ്പോൾ നമ്മൾ തുക ആവശ്യപ്പെട്ടിരിക്കുന്നത്?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : സർ, ഇന്നലെ വിശദമായി സംസാരിച്ചതുകൊണ്ട് ഞാൻ ആ വിഷയങ്ങളിലേയ്ക്ക് പോകാതിരുന്നതാണ്. 992.50 കോടി രൂപയുടെ നാശനഷ്ടങ്ങൾ സംബന്ധിച്ച മെമ്മോറാണ്ടമാണ് ആദ്യമായി മാർച്ച് മാസം 28-ാം തീയതി സമർപ്പിച്ചിട്ടുള്ളത്. അതിനെത്തുടർന്നാണ് ടീം ഇവിടെ വന്ന് പരിശോധന നടത്തിയത്. മുഖ്യമന്ത്രിയടക്കമുള്ളവരുമായി ചർച്ച നടത്തിയശേഷം അഡീഷണലായി ചേർക്കേണ്ട കാര്യങ്ങൾകൂടി സമർപ്പിക്കണമെന്ന് അവർ ആവശ്യപ്പെടുകയുണ്ടായി. അത് സംബന്ധിച്ചുള്ള തുക ഇപ്പോൾ ലഭിച്ചിട്ടില്ല.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഓരോ സംസ്ഥാനങ്ങൾക്കും വരൾച്ചയും വെള്ളപ്പൊക്കവും ഉണ്ടായാലും ഇല്ലെങ്കിലും കേന്ദ്രം ഒരു നിശ്ചിത തുക ഡിസാസ്റ്റർ മാനേജ്മെന്റിനായി തരുന്നുണ്ട്. അത് കിട്ടിയിട്ടുണ്ടോ? അതും ഉൾപ്പെടുത്തിയാണോ അതോ അഡീഷണലായിട്ടാണോ ഈ പണം തരുന്നത്?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : സർ, നേരത്തെ നമ്മൾ സമർപ്പിച്ചിരുന്നത് കൃത്യമായി തുക തരേണ്ടതിന്റെ, ഈ വർഷത്തെ ഗൗരവാസ്ഥ ബോദ്ധ്യപ്പെടുത്തിക്കൊണ്ടുള്ളതാണ്. ഒരു നൂറ്റാണ്ടിനിടയിലെ ഏറ്റവും വലിയ വരൾച്ചയാണ് സംസ്ഥാനം നേരിടുന്നതെന്നും അതുകൊണ്ട് സാധാരണ ലഭിക്കുന്നതിനേക്കാൾ കൂടുതൽ പണം തരണമെന്നും ആവശ്യപ്പെട്ടുകൊണ്ടാണ് നേരത്തെ മെമ്മോറാണ്ടം നൽകിയിരുന്നത്. ആ പണം ഇപ്പോഴും അനുവദിച്ചിട്ടില്ല. 2017-2018 സമ്പത്തിക വർഷം അനുവദിക്കേണ്ട പണം ഇനിയും നമുക്ക് കിട്ടിയിട്ടില്ല. അതിനിടയിൽ ഇവിടെ പരിശോധന നടത്തി തിരിച്ചുപോകുന്ന സന്ദർഭത്തിലുള്ള പ്രത്യേകതകൾ കൂടി ടീം ലീഡറുമായി സംസാരിച്ചപ്പോൾ അഡീഷണലായി നമുക്ക് പറയാനുള്ള കാര്യങ്ങൾ ഇനിയും പറയാമെന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ് ഒരു അഡീഷണൽ മെമ്മോറാണ്ടംകൂടി സമർപ്പിച്ചിരിക്കുന്നത്. 992 കോടി രൂപയുടെ ആവശ്യം നേരത്തെ സമർപ്പിച്ചതിനുപുറമേ ഇനി വരാൻപോകുന്ന സമയത്തേയ്ക്കുള്ള കുടിവെള്ള വിതരണത്തിന്റെയും കൃഷിനാശത്തിന്റെയും വിശദാംശങ്ങളടക്കം രേഖപ്പെടുത്തിക്കൊണ്ടുള്ള പുതിയ മെമ്മോറാണ്ടംകൂടി നൽകിയെന്നാണ് ഞാൻ സൂചിപ്പിച്ചത്. അതുമായി ബന്ധപ്പെട്ട് സാധാരണഗതിയിൽ ലഭിക്കാറുള്ള പണം അനുവദിക്കുമെന്നാണ് ഇപ്പോൾ അറിയിച്ചിട്ടുള്ളത്. വരൾച്ചയുടെ രൂക്ഷത കണക്കിലെടുത്തുകൊണ്ട് എൻ.ആർ.ഇ.ജി.പി. പദ്ധതിയിൽ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. 50 ദിവസം കൂടുതൽ അനുവദിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് ഇപ്പോൾത്തന്നെ സമ്മതിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ വരുന്ന അഡീഷണൽ ഫണ്ട്, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെ സാധാരണ അനുവദിക്കുന്നതിന് പുറമേ ഏതാണ്ട് 365 കോടി രൂപയോളം വരുന്ന സംഖ്യ എൻ.ആർ.ഇ.ജി.പി.-ക്ക് വേണ്ടിയുള്ള 50 ദിവസം കൂടുതൽ അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ ഉറപ്പായിട്ടുണ്ട്. അതിനുപുറമേ

വരൾച്ചയെത്തുടർന്നുള്ള പ്രയാസങ്ങളടക്കം ചൂണ്ടിക്കാണിച്ച്, ഭക്ഷ്യ വകുപ്പുമന്ത്രി ടീം ലീഡർക്ക് പ്രത്യേകമായ ഒരു നിവേദനംകൂടി സമർപ്പിച്ചിരിക്കുകയാണ്. ഭക്ഷ്യധാന്യങ്ങൾ നൽകിക്കൊണ്ടിരിക്കുന്ന അളവിനുപുറമേ അഡീഷണലായി നൽകണമെന്നാണ് അതിൽ ആവശ്യപ്പെട്ടിരിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ വരൾച്ച കണക്കിലെടുത്ത് അധികമായി ഭക്ഷ്യധാന്യങ്ങൾ അനുവദിക്കണമെന്ന മെമ്മോറാണ്ടംകൂടി സമർപ്പിച്ചിരിക്കുകയാണ്. ഈ പ്രമേയത്തെ അടിസ്ഥാനമാക്കി, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചൂണ്ടിക്കാണിച്ചതുപോലെ സാധാരണ ഗതിയിൽ എല്ലാ സംസ്ഥാനങ്ങൾക്കും ലഭിക്കാറുള്ള വരൾച്ചാദുരിതാശ്വാസത്തിന് പുറമേ പ്രത്യേകമായി പ്രധാനമന്ത്രിയുടെ ഫണ്ടിൽനിന്നും ഒരു പാക്കേജ് എന്ന രീതിയിൽ കേരളത്തിന് അനുവദിക്കണമെന്ന പ്രമേയമാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ആ പ്രമേയം കൂടി അംഗീകരിച്ചുകൊണ്ട് ഈ സഭയുടെ ഏകകണ്ഠമായ അഭിപ്രായംകൂടി രൂപീകരിച്ച് ഈ പ്രമേയം പ്രധാനമന്ത്രിയുടെ റിലീഫ് ഫണ്ടിൽനിന്നുള്ള ഒരു പ്രത്യേക പാക്കേജ് എന്ന നിലയിൽ കേരളത്തിന്റെ ഈ അവസ്ഥയിൽ (ഒരു നൂറ്റാണ്ടിനിടയിലെ ഏറ്റവും രൂക്ഷമായ വരൾച്ച നേരിടുന്ന സംസ്ഥാനമെന്ന നിലയിൽ) സഹായം നൽകണമെന്ന് ആവശ്യപ്പെടാമെന്നതാണ് ഗവൺമെന്റിന്റെ സമീപനം.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : ശ്രീ. പി. ടി. തോമസ് അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. പി. ടി. തോമസ്</u> : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മുല്ലക്കര രത്നാകരൻ, അങ്ങയുടെ പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

<u>മി. സെപ്യൂട്ടി സ്പീക്കർ</u> : ശ്രീ. മുല്ലക്കര രത്നാകരൻ അവതരിപ്പിച്ച പ്രമേയത്തെ

അനുകൂലിക്കുന്നവൻ..........

പ്രതികൂലിക്കുന്നവർ...........

പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ നൽകിയിട്ടുള്ള രണ്ടാമത്തെ പ്രമേയം അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

## (2) പ്രവാസികളുടെ സംരക്ഷണം

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, "ഉദ്ദേശം 31 ലക്ഷത്തോളം മലയാളികൾ മറ്റു രാജ്യങ്ങളിലും വിവിധ സംസ്ഥാനങ്ങളിലും പ്രവാസികളായിട്ടുണ്ട്. കേരള മൈഗ്രേഷൻ സർവ്വേ പ്രകാരം അന്യ രാജ്യങ്ങളിലേയ്ക്ക് തൊഴിൽ തേടി പോകുന്ന കേരളീയർ 86.3 ശതമാനം ഗൾഫ് രാജ്യങ്ങളിലേയ്ക്കാണ് പോകുന്നത്. അതിൽ 37.5 ശതമാനം യു.എ.ഇ.യിലും 22 ശതമാനം സൗദി അറേബ്യയിലുമാണ്. ഈ നാട്ടുകളിലെ സ്വദേശിവൽക്കരണനയം വിശേഷിച്ച് സൗദി അറേബ്യയിൽ വാണിജ്യ കേന്ദ്രങ്ങളിൽ വിദേശികളെ ഒഴിവാക്കുന്നത് നിരവധി കേരളീയർക്ക് തൊഴിൽ നഷ്ടപ്പെടുത്തും. 11 ശതമാനത്തോളം കേരളീയർ സെയിൽസ്മാന്മാരായി തൊഴിൽ നോക്കുന്നു എന്നാണ് അനൗദ്യോഗികമായ കണക്ക്. പ്രവാസികൾ കേരളത്തിലേയ്ക്കയയ്ക്കുന്ന പണം സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിന്റെ മൂന്നിലൊന്നിലധികമാണ്. രാജ്യത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട വിദേശ നാണയ സ്രോതസ്സായിട്ടും പ്രവാസികൾക്ക് കേന്ദ്രസർക്കാർ വേണ്ടത്ര പരിഗണന നൽകുന്നില്ല. കയറ്റുമതിക്കാർക്ക് നൽകുന്ന പ്രോത്സാഹനങ്ങൾക്കും വിദേശ നിക്ഷേപം ആകർഷിക്കാനായി നൽകുന്ന ഇളവുകൾക്കും സമാനമായ രീതിയിൽ ആനുകൂല്യങ്ങൾ നൽകി പ്രവാസികളെ ഈ പ്രതിസന്ധിഘട്ടത്തിൽ സംരക്ഷിക്കണമെന്ന് ഈ സഭ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പ്രവാസികൾ ഗൾഫ് രാജ്യങ്ങളിലേയ്ക്ക് പോകുന്നതിനുമുമ്പ് പ്രധാനമായും സിലോൺ, ഇൻഡോനേഷ്യ, റങ്കൂൺ, സിംഗപ്പൂർ, മലയ തുടങ്ങിയ രാജ്യങ്ങളിലേയ്ക്കായിരുന്നു പോയിരുന്നത്. നമ്മുടെ നാടിനെ പുനർനിർമ്മിക്കുന്നതിൽ അവർ സുപ്രധാനമായ പങ്കുവഹിച്ചിരുന്നു. കേരളത്തെ കേരളമാക്കി മാറ്റുന്നതിൽ പ്രധാന പങ്കുവഹിച്ചത് പ്രവാസികളാണെന്നത് ചരിത്രത്തിന്റെ ഭാഗമാണ്. കേരളം ഭൂപ്രദേശ പരിധികൾക്കപ്പുറമുള്ള ഒരു പ്രതിഭാസമായി മാറിക്കഴിഞ്ഞു. കാരണം, ലോകത്ത് എവിടെച്ചെന്നാലും നമുക്ക് മലയാളികളെ കാണാൻ കഴിയും. ഗൾഫ് രാജ്യങ്ങളിലായാലും ആഫ്രിക്ക, ലാറ്റിൻ അമേരിക്ക, യൂറോപ്പ് തുടങ്ങി ലോകത്തിലെ ഏത് രാജ്യങ്ങളിൽ ചെന്നാലും മലയാളികളെ കാണാൻ കഴിയുന്നു എന്നത് നമ്മുടെ ഭാഗ്യവും അഭിമാനവുമാണ്. അവർ ഈ രാജ്യത്തേയ്ക്ക് അയയ്ക്കുന്ന പണമാണ് നമ്മുടെ നാടിന്റെ സമ്പദ്ഘടനയുടെ ഏറ്റവും വലിയ സ്രോതസ്സ്. നമ്മുടെ സാമ്പത്തികഘടനയ്ക്ക് മാത്രമല്ല സംസ്കാരത്തെ പരിപോഷിപ്പിക്കുന്നതിനും ഭാഷയെ സ്നേഹിക്കുന്നതിനുമൊക്കെ അവർ നൽകുന്ന സംഭാവന വളരെ പ്രധാനപ്പെട്ടതാണ്.

ഗൾഫ് രാജ്യങ്ങളിൽ ചെന്നാൽ നമുക്ക് അഭിമാനം തോന്നും. അവിടെ വ്യത്യസ്ത സംഘടനകളുണ്ട്. രാഷ്ട്രീയ അഭിപ്രായവ്യത്യാസമുള്ള സംഘടനകളൊക്ക ഉണ്ടാകാം. എങ്കിൽപ്പോലും ഈ നാടിനോട് അവർക്കുള്ള സ്നേഹം പറഞ്ഞറിയിക്കാൻ കഴിയാത്തതാണ്. പി. ഭാസ്കരന്റെ വിഖ്യാതമായ ഒരു പാട്ടുണ്ട്.

" നാളികേരത്തിന്റെ നാട്ടിലെനിക്കൊരു നാഴിയിടങ്ങഴി മണ്ണുണ്ട്...."

ഏതൊരു പ്രവാസിയുടേയും മനസ്സ് അങ്ങനെയാണ്. ഈ നാടിനെ അവർ സ്നേഹത്തോടെ കാണുന്നു. ഈ നാടിന്റെ മുന്നേറ്റത്തിൽ അവർ അഭിമാനിക്കുന്നു. ആ തരത്തിൽ ഈ നാടിന്റെ വികസനത്തിനുവേണ്ടി അവർ വലിയ സംഭാവന നൽകുന്നു. ഇന്ന് ഒരുലക്ഷം കോടി രൂപ നമ്മുടെ സംസ്ഥാനത്തേയ്ക്ക് അവർ അയയ്ക്കുന്നു. അത് പലപ്പോഴും കൂടാറുണ്ട്. ഏറ്റവും ഒടുവിൽ ഇന്ത്യയിലേയ്ക്ക് അയയ്ക്കുന്ന പണത്തിന്റെ കണക്ക് ലഭ്യമായപ്പോൾ കേരളത്തിലേയ്ക്ക് വരുന്ന പണത്തിൽ വലിയ കുറവുണ്ടായിട്ടില്ല. ഒന്നേകാൽ ലക്ഷം കോടി രൂപ നമ്മുടെ സംസ്ഥാനത്തേയ്ക്ക് വരുന്നു എന്നാണ് അനൗദ്യോഗിക കണക്ക്. ഇന്ത്യയുടെ കണക്ക് പരിശോധിച്ചാലും അങ്ങനെയാണ്. ഇക്കാര്യത്തിൽ ലോകത്തിൽ ഒന്നാം സ്ഥാനം ഇന്ത്യയ്ക്കാണ്. ലോക ബാങ്കിന്റെ കണക്കനുസരിച്ച് 2013-14 സാമ്പത്തിക വർഷം 81 ബില്യൺ ഡോളറാണ് ഇന്ത്യയിലേയ്ക്കെത്തിയത്. അത് ദശലക്ഷക്കണക്കിന് കോടി രൂപയാണ്. നമ്മുടെ രാജ്യത്തേയ്ക്ക് ഇത്ര വലിയ തുക അയയ്ക്കുന്നതിൽ വലിയ പങ്കുവഹിക്കുന്നത് മിഡിൽ ഈസ്റ്റിൽ ജോലി ചെയ്യുന്ന ആളുകളാണ്. കാരണം അവർക്കാണ് നാടിനോട് ഏറ്റവും കൂടുതൽ ആഭിമുഖ്യം. അമേരിക്കയിലോ യൂറോപ്പിലോ ഒക്കെ ജോലി ചെയ്യുന്ന ആളുകൾ പലരും അവിടെ സെറ്റിൽഡാണ്. എല്ലാവരുമല്ല. ഗൾഫ് രാജ്യങ്ങളിൽ ജോലി ചെയ്യുന്ന പ്രവാസി മലയാളികൾ നാട്ടിലേയ്ക്ക് വലിയ തോതിൽ പണമയയ്ക്കുന്നു. അത് കേരളത്തെ എങ്ങനെയാണ് പുനർനിർമ്മിച്ചതെന്ന് ഞാൻ പ്രത്യേകം പറയേണ്ടതില്ല. ഈ സഭയിലെ ഭരണ-പ്രതിപക്ഷത്തുള്ള എല്ലാ അംഗങ്ങളും ഒരേ സ്വരത്തിൽ ഏകകണ്ഠമായി അംഗീകരിക്കുന്നൊരു കാര്യമാണത്. കേരളത്തിന്റെ പുനർ നിർമ്മിതിയിലും മുന്നേറ്റത്തിലും പ്രവാസികൾ വഹിച്ചിട്ടുള്ള പങ്ക് വളരെ പ്രധാനപ്പെട്ടതാണ്.

ഇങ്ങനെ വലിയ സംഭാവന നൽകുന്ന പ്രവാസികളോട് നീതിപൂർവ്വമായി പെരുമാറാൻ സർക്കാരുകൾക്ക് കഴിഞ്ഞിട്ടുണ്ടോ? സംസ്ഥാനത്തെ ഇടതുപക്ഷ ഭരണകാലത്താണ് തെല്ലെങ്കിലും പ്രവാസികളോട് കരുണാർദ്രമായി പെരുമാറിയിട്ടുള്ളത്. ഒരു പ്രവാസി ക്ഷേമനിധി നിയമം കൊണ്ടുവരുന്നതും ആദ്യമായി പ്രവാസികൾക്ക് ഒരു വകുപ്പുണ്ടായതും ഈ സംസ്ഥാനത്താണ്. കഴിഞ്ഞ അഞ്ചുവർഷം പ്രവാസി ക്ഷേമനിധിയിലെ പെൻഷൻ വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് ഞങ്ങൾ പലവട്ടം സർക്കാരിനെ സമീപിച്ചു. പക്ഷേ അനുകൂലമായ ഒരു നിലപാടും യു.ഡി.എഫ്. സർക്കാർ സ്വീകരിച്ചിരുന്നില്ല. പക്ഷേ ഇപ്പോൾ പ്രവാസി പെൻഷൻ മൂന്നിരട്ടി വർദ്ധിപ്പിക്കാൻ തീരുമാനിച്ചു എന്നത് അഭിമാനകരമായ കാര്യമാണ്. മിനിമം പെൻഷൻ 2,000 രൂപയായി വർദ്ധിപ്പിച്ചു. പക്ഷേ ആ ക്ഷേമനിധിയുടെ സ്രോതസ്സ് പ്രവാസികൾ നൽകുന്ന പണവും സംസ്ഥാന സർക്കാരിന്റെ ഗ്രാന്റുമാണ്. അതുകൊണ്ട് ഈ ക്ഷേമനിധി മുന്നോട്ടുകൊണ്ടുപോകാൻ വലിയ പ്രയാസമാണ്. ഏകദേശം 30-35 ലക്ഷത്തോളം പ്രവാസികളുണ്ടെങ്കിലും ഈ ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളത് വെറും 140000 പേർ മാത്രമാണ്. അപ്പോൾ മൊത്തം ആളുകളെ ഇതിൽ അംഗങ്ങളാക്കാൻ കഴിയുന്ന തരത്തിലുള്ള ഒരു ബൃഹത് പദ്ധതിയായി ഇതിനെ മാറ്റേണ്ടതുണ്ട്. സംസ്ഥാന സർക്കാർ ഈ വർഷം ബഡ്ജറ്റിൽ അനുവദിച്ച സംഖ്യ വർദ്ധിപ്പിച്ചിട്ടുണ്ട്. അതുകൊണ്ടുമാത്രം ആകർഷകമായി നടത്താൻ കഴിയുമെന്ന് എനിക്ക് തോന്നുന്നില്ല. നമുക്ക് കേന്ദ്ര സർക്കാരിനോട് ഇക്കാര്യത്തിൽ ഉന്നയിക്കേണ്ട ഒരാവശ്യം, ഈ ക്ഷേമ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ വിഹിതം നൽകണം എന്നതാണ്. അത്തരത്തിൽ കേന്ദ്ര സർക്കാരിന്റെ കോൺട്രിബ്യൂഷൻകൂടി വരികയാണെങ്കിൽ ഇത് ഇന്ത്യയിലെ ഏറ്റവും നല്ല പദ്ധതിയാക്കി മാറ്റാൻ സാധിക്കും. എന്താണ് കേന്ദ്ര സർക്കാർ നമ്മുടെ പ്രവാസികൾക്കുവേണ്ടി ചെയ്യുന്നത്; അവരുടെ കയ്യിൽനിന്ന് എമിഗ്രേഷൻ ക്ലിയറൻസിനുവേണ്ടി കഴിഞ്ഞ അഞ്ച് പതിറ്റാണ്ട് കേന്ദ്ര സർക്കാർ വാങ്ങിച്ചിട്ടുള്ള പണം എത്രയാണ്? ആ പണത്തെ സംബന്ധിച്ച് വ്യത്യസ്തമായ കണക്കുകളുണ്ട്. 1,500 രൂപവച്ച് എമിഗ്രേഷൻ ക്ലിയറൻസ് ഓരോ വ്യക്തിയിൽനിന്ന് വാങ്ങി. അത് ഇവരിൽ പലരും തിരിച്ചുവാങ്ങിയിട്ടില്ല. അഞ്ച് പതിറ്റാണ്ട് ഇങ്ങനെ എമിഗ്രേഷൻ ക്ലിയറൻസിനുവേണ്ടി വാങ്ങിച്ച പണത്തിന്റെ കണക്ക് ഏകദേശം 25,000 കോടി രൂപയാണെന്നാണ് പറയുന്നത്. അതിലൊരു ചെറിയ വിഹിതമെങ്കിലും കേരളത്തിലെ പ്രവാസികൾക്കുവേണ്ടിയുള്ള ക്ഷേമ പദ്ധതിക്ക് കേന്ദ്ര സർക്കാർ നൽകുകയാണെങ്കിൽ അത് വലിയൊരു നേട്ടമായിരിക്കും. അതിലൂടെ ഈ ക്ഷേമ പദ്ധതി ഒരു നല്ല പദ്ധതിയാക്കി മാറ്റാൻ കഴിയും. ഈ ക്ഷേമ പദ്ധതിക്കുവേണ്ടിയുള്ള കോൺട്രിബ്യൂഷൻ നൽകണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടേണ്ടതുണ്ട്.

ഇപ്പോൾ സൗദി അറേബ്യയിൽനിന്ന് തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചുവരുന്നവർക്കായി പുനരധിവാസ പദ്ധതി നടപ്പാക്കണം. ഇതിലൊക്കെ കേന്ദ്ര സർക്കാരിന് ബാധ്യതയുണ്ട്. ബഹുമാനപ്പെട്ട പ്രധാനമന്ത്രി ഗൾഫ് രാജ്യങ്ങളിൽ പോയി വലിയ പ്രസംഗം നടത്തി. അദ്ദേഹം ദുബായിലും ഖത്തറിലുമൊക്കെ പോയി പ്രസംഗിച്ചു. പക്ഷേ അദ്ദേഹം തിരിച്ചുവന്നിട്ടും കേന്ദ്ര സർക്കാരിന്റെ പ്രവാസികളോടുള്ള വിവേചനപരവും നിഷേധാത്മകവുമായ നിലപാട് തുടരുകയാണ്.

ഗൾഫ് രാജ്യങ്ങളിലേയ്ക്കുള്ള വിമാനക്കൂലിയിലെ വിവേചനം യൂറോപ്പിലേയ്ക്കും അമേരിക്കയിലേയ്ക്കുമുള്ള ചാർജ്ജുമായി താരതമ്യം ചെയ്യുമ്പോൾ വൻ വർദ്ധനവാണ്. സീസണൽ ചാർജ്ജുകൾ കേന്ദ്ര സർക്കാർ വർദ്ധിപ്പിക്കാൻ അനുമതി നൽകി. ആ തരത്തിൽ വിമാനക്കൂലിയുടെ കാര്യത്തിൽ പ്രവാസികളെ കൊള്ളയടിക്കുന്ന സ്ഥിതിയുണ്ട്.

നമ്മുടെ എംബസ്സികളെക്കുറിച്ച് പറയേണ്ടതുണ്ട്. കേന്ദ്ര സർക്കാരിന്റെ അധീനതയിലുള്ള കാര്യമാണത്. എംബസ്സികളിൽ പ്രത്യേകിച്ച് മലയാളികൾ ഏറെയുള്ള ഗൾഫ് രാജ്യങ്ങളിൽ മലയാളികളായ ഉദ്യോഗസ്ഥരെ നിയോഗിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നം പലപ്പോഴും ഉയർന്നുവന്നിട്ടുള്ളതാണ്. മലയാളികൾ കൂടുതലുള്ള ഗൾഫ് രാജ്യങ്ങളിൽ എംബസ്സികളിൽ മലയാളി ഉദ്യോഗസ്ഥരെ നിയമിക്കുന്ന കാര്യത്തിലുള്ള വിവേചനം തുടരുകയാണ്. ആ തരത്തിൽ പ്രവാസി ക്ഷേമ പദ്ധതികൾക്കും പുനരധിവാസ പദ്ധതികൾക്കും കേന്ദ്ര സർക്കാരിന്റെ സഹായമുണ്ടാകണം. ഇപ്പോൾ കേന്ദ്ര സർക്കാർ പ്രവാസികൾക്കായി യാതൊരു പദ്ധതിയും നടപ്പിലാക്കുന്നില്ല. നേരത്തെ ഒരു ഡിപ്പാർട്ടുമെന്റുണ്ടായിരുന്നു. അതുപോലും പിരിച്ചുവിട്ട സ്ഥിതിയാണ് ഇപ്പോഴുള്ളത്. അതുകൊണ്ട് കേന്ദ്ര സർക്കാരിനോട് പ്രവാസി ക്ഷേമത്തിനുവേണ്ടി പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കണം എന്ന പ്രമേയം സഭ അംഗീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, കേരളത്തിന്റെ ആഭ്യന്തര ഉൽപ്പാദനത്തിന്റെ 30 ശതമാനത്തിലധികം പണം കേരളത്തിന് ലഭ്യമാകുന്ന പ്രവാസികളുടെ സംരക്ഷണവും ക്ഷേമവും ഉറപ്പുവരുത്തുന്നതിനുവേണ്ടി അവതരിപ്പിച്ച

ഈ പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു. കേരളത്തിലെ എൽ.ഡി.എഫ്. സർക്കാരിന്റെ ഈ വർഷത്തെ ബഡ്ജറ്റിൽ പ്രവാസി ക്ഷേമത്തിനായി വകയിരുത്തിയ പദ്ധതികൾ, പ്രവാസി മലയാളികളിൽ ഏറെ പ്രതീക്ഷയും സന്തോഷവും ഉളവാക്കിയിട്ടുണ്ട്. നോർക്കയുടെ പ്രവർത്തനങ്ങൾക്കായി 61 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്, ഇത് ഏറെ ആശ്വാസം നൽകുന്നതാണ്. ചരിത്രത്തിൽ ആദ്യമാണ് ഇത്രയും സംഖ്യ ക്ഷേമത്തിനായി വകയിരുത്തിയത്. നോർക്കയുടെ പ്രവർത്തനങ്ങൾ ഇനിയും മെച്ചപ്പെടേണ്ടതുണ്ട്. വളരെ പ്രധാനപ്പെട്ട ഒരു കാര്യം യു.എ.ഇ.-യുടെ കോൺസുലേറ്റ് തിരുവനന്തപുരത്ത് ആരംഭിച്ചിട്ടുണ്ടെങ്കിലും അറ്റസ്റ്റേഷനുള്ള അനുമതി നോർക്കയ്ക്ക് നൽകിയിട്ടില്ല. ഇതുകാരണം സ്വകാര്യ ഏജൻസികളുടെ കടുത്ത ചൂഷണം ഇപ്പോഴും തുടരുകയാണ്. ഇതിന് മാറ്റംവരുത്തുന്നതിന് കേന്ദ്രത്തിൽ ആവശ്യമായ സമ്മർദ്ദം ചെലുത്തേണ്ടിയിരിക്കുന്നു, അങ്ങനെവന്നാൽ ഇപ്പോൾ 15,000 രൂപയോ, 10,000 രൂപയോ നൽകേണ്ടിവരുന്ന അറ്റസ്റ്റേഷൻ നടപടികൾ 600 രൂപയ്ക്ക് നടത്താൻ സാധിക്കും. കോഴിക്കോട് ജില്ലയിലുൾപ്പെടെ ചില സ്ഥലങ്ങളിൽ നോർക്ക ഓഫീസുകൾ സ്വകാര്യ ട്രാവൽ ഏജൻസികളുടെ സ്വാധീനത്തിൽനിന്ന് മുക്തമായിട്ടില്ലെന്ന് കാണാൻ കഴിയും. ഏജന്റുമാരുടെ ചൂഷണം ഇത്തരം കേന്ദ്രങ്ങളിൽ വ്യാപകമാണ്. ഇത്തരം ഓഫീസുകൾ സിവിൽ സ്റ്റേഷനുകൾ പോലെയുള്ള സ്ഥലങ്ങളിലേയ്ക്ക് മാറ്റുന്നത് ഗുണകരമാണ്. സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ താങ്ങിനിർത്തുന്ന പ്രവാസികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ നല്ലൊരു പരിശ്രമം ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ സർക്കാർ കൊണ്ടുവന്നിട്ടുണ്ട്. ഗൾഫിൽനിന്ന് പലകാരണങ്ങളാൽ തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചെത്തി, വലിയ പ്രതിസന്ധികളിൽപ്പെടുന്ന മലയാളികൾക്ക് ആശ്വാസമേകുന്നതിന് 13 കോടി രൂപയാണ് ഈ ബഡ്ജറ്റിൽ വകയിരുത്തിയത്. പ്രവാസികളുടെ വിവാഹ ആവശ്യം, സുരക്ഷ, അപകടമരണം എന്നീ ഘട്ടങ്ങളിൽ ആശ്വാസമേകുന്നതിനാണ് ഈ പദ്ധതി. ഈയിടെ കണ്ട ഒരു പത്രവാർത്ത ഞാൻ ഓർക്കുകയാണ്, കോൺഗ്രസ് സംഘടനയായ ഓവർസീസ് ഇന്ത്യൻ കൾച്ചറൽ കോൺഗ്രസ് പ്രവാസികളുടെ കുടുംബങ്ങൾക്ക് ആശ്വാസം നൽകുന്നതിനായി പിരിച്ചെടുത്ത ഒരുകോടി രൂപ കെ.പി.സി.സി. തട്ടിയെടുത്തു എന്ന പത്രവാർത്തയാണ്. പ്രവാസിക്ഷേമ ഫണ്ടിന് 6 കോടി രൂപയും പ്രവാസികളുടെ പുനരധിവാസത്തിനും സ്കിൽ ഡെവലപ്മെന്റിനും വേണ്ടി 18 കോടി രൂപയും വകയിരുത്തിയത് മാതൃകാപരമാണ്. പ്രവാസി ക്ഷേമ പെൻഷൻ

500 രൂപയിൽ നിന്നും 2,000 രൂപയായി വർദ്ധിപ്പിച്ച് ഉത്തരവാദിത്തം തെളിയിച്ചതാണ് എൽ.ഡി.എഫ്. ഗവൺമെന്റ്. കേരളത്തിലെ പ്രവാസികൾക്ക് എക്കാലവും തുണയായി നിന്നത് എൽ.ഡി.എഫ്. സർക്കാരുകളാണ്. ഇന്ത്യയിൽ ആദ്യമായി ഒരു പ്രവാസികാര്യ വകുപ്പ് ആരംഭിച്ചത് 1987-ൽ കേരളത്തിലെ ഇടതുപക്ഷ സർക്കാരാണ് എന്നത് ഏറെ അഭിമാനകരമാണ്. കേരളത്തിന്റെ സമ്പദ്ഘടനയെ വളർത്തുന്നതിൽ നിർണ്ണായക പങ്കാണ് പ്രവാസികൾ നൽകിയത്, എന്നാൽ പലപ്പോഴും അർഹമായ പരിഗണന ഈ വിഭാഗത്തിന് ലഭിച്ചിട്ടില്ല. കേരളമെന്ന വലിയ കുടുംബത്തിൽ വളരെ പ്രധാനപ്പെട്ട ഒരു വീട്ടുകാരൻ എന്നതിനു പകരം, ഏറെ പ്രിയപ്പെട്ട ഒരു വിരുന്നുകാരൻ എന്ന സ്ഥാനമാണ് പൊതുസമൂഹം പ്രവാസിക്ക് നൽകിയത്. ഇത് അവകാശങ്ങൾ നിഷേധിക്കലാണ്, ഈ മനോഭാവം മാറ്റിയെടുത്ത് കേരളത്തിന്റെ പൊതുധാരയിലേയ്ക്ക് പ്രവാസി മലയാളിയെ എത്തിക്കണം, അതിലൂടെ അവരുടെ പ്രശ്നങ്ങൾക്കും പ്രയാസങ്ങൾക്കും പരിഹാരം കാണാൻ സാധിക്കും. കേരളത്തിൽനിന്ന് വിദേശരാജ്യങ്ങളിലേയ്ക്ക് തൊഴിലും ജീവിതവും തേടിയുള്ള യാത്രകൾക്ക് ഒരു നൂറ്റാണ്ടിലധികം പഴക്കമുണ്ട്. ആദ്യകാലങ്ങളിൽ സിലോൺ, ബർമ്മ, മലയ, സിംഗപ്പൂർ തുടങ്ങിയ രാജ്യങ്ങളിലേയ്ക്കാണ് മലയാളികൾ കുടിയേറിയത്. പിന്നീട് രണ്ടാം ലോകമഹായുദ്ധത്തിൽ തകർന്ന യൂറോപ്യൻ രാജ്യങ്ങളിലേയ്ക്ക് നഴ്സിംഗ് സേവനത്തിനായി ഒരു പ്രവാഹം തന്നെയുണ്ടായി. 1950-കളുടെ തുടക്കം മുതൽ ഗൾഫ് മേഖലയിൽനിന്നും പെട്രോൾ ലഭ്യമായിത്തുടങ്ങിയതോടെ ഈ രാജ്യങ്ങളുടെ സാമ്പത്തിക നിലവാരം ഉയരുകയും കഠിനാദ്ധ്വാനം ചെയ്യാൻ കരുത്തുള്ള മനസ്സും ഉറച്ച ലക്ഷ്യവുമുള്ള മലയാളികൾ ഗൾഫിലേയ്ക്ക് കപ്പൽ കയറുകയും ചെയ്തു. ആധുനിക കേരളത്തിന്റെ പ്രതീക്ഷകളും സ്വപ്നങ്ങളും പൂവണിഞ്ഞത് പ്രവാസികളിലൂടെയാണ്. സ്വയം ജീവിക്കാനും മറ്റുള്ളവരെ ജീവിപ്പിക്കാനുംവേണ്ടി കടലും മലയും താണ്ടി, ദുരിതംപേറിയ പ്രവാസികളാണ് നാം ഇന്ന് അനുഭവിക്കുന്ന പകിട്ടും പ്രൗഢിയും കേരളത്തിന് നേടിത്തന്നത്. എന്നാൽ പ്രവാസി മലയാളികളുടെ ആട്ടു ജീവിതം നമുക്ക് സമ്മാനിച്ച സൗകര്യങ്ങൾ ധൂർത്തടിച്ച്, ആഹ്ളാദിച്ച് ജീവിക്കുന്ന വലിയൊരു വിഭാഗത്തേയും കാണാം. ഇന്ന് ഗൾഫ് രാജ്യങ്ങളിൽ ജോലി ചെയ്യുന്ന മലയാളികൾ തീഷ്ണമായ പ്രതിസന്ധി അഭിമുഖീകരിക്കുകയാണ്. ഗൾഫ് രാജ്യങ്ങളിലെ സ്വദേശിവൽക്കരണം ലക്ഷക്കണക്കിന് ആളുകളെയാണ് തൊഴിൽ രഹിതരാക്കുന്നത്, ഇവർ തിരികെ വന്നുകൊണ്ടിരിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീമതി യു. പ്രതിഭ ഹരി: സർ, പലതരം ചൂഷണങ്ങളെപ്പറ്റി അങ്ങ് പറയുന്നുണ്ട്, പക്ഷേ ഈ അടുത്തകാലത്ത് കേൾക്കാൻ കഴിഞ്ഞത് വലിയ സ്വപ്നങ്ങളുമായി, സ്വന്തം കിടപ്പാടംപോലും വിറ്റ് പണം കൊടുത്ത് ഏജന്റുമാരാൽ കബളിക്കപ്പെടുന്ന നിരവധി സുഹൃത്തുക്കളെപ്പറ്റിയുള്ള വാർത്തകളാണ്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിൽ എന്തെങ്കിലും നിർദ്ദേശങ്ങൾ വയ്ക്കാനുണ്ടോ?

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ ശരിയാണ്. നിരവധി ആളുകളാണ് ഏജന്റുമാരുടെ ചതിയിൽപ്പെട്ട് തിരിച്ചുവരാൻപോലും കഴിയാതെ ജയിലിലാകുന്നത്. തിരിച്ചുവന്നവരിൽ പലരും രോഗികളാണ്, അവർക്ക് ചികിത്സയ്ക്കുള്ള സൗകര്യം പോലും ലഭിക്കുന്നില്ല. അങ്ങനെയുള്ളവർക്ക് ആവശ്യമായ ചികിത്സാസൗകര്യം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി നൽകേണ്ടത് അത്യാവശ്യമാണ്. ഏറെ മലയാളികൾ ജോലിചെയ്യുന്ന സൗദിയിൽ റിക്രൂട്ട്മെന്റ് വ്യവസ്ഥകൾ മാറുകയാണ്. സ്വകാര്യ മേഖലയിൽപ്പോലും യോഗ്യതയുള്ള സ്വദേശികൾക്ക് തൊഴിൽ നൽകിയശേഷമേ വിദേശികളെ പരിഗണിക്കാൻ പാടുള്ളൂ എന്നാണ് നിയമഭേദഗതി കൊണ്ടുവന്നത്. മലയാളികൾ ജോലിചെയ്യുന്ന വാണിജ്യ-വ്യാപാര സ്ഥാപനങ്ങൾ, ഷോപ്പിംഗ് മാളുകൾ, മൊബൈൽ മേഖല, പാരാ മെഡിക്കൽ മേഖല എന്നിവിടങ്ങളിൽ ജോലി സാധ്യത കുറയുന്നു. കുവൈറ്റിൽ സ്വദേശിവൽക്കരണത്തിന് ആക്കം കൂട്ടിക്കൊണ്ട് വിസ ഫീസ് നിരക്കുകൾ ഭീമമായി വർദ്ധിപ്പിച്ചു. കേരളത്തിന്റെ സമ്പദ്ഘടന നേരിടുന്ന വെല്ലുവിളിക്കുപുറമേ തിരിച്ചുവരുന്ന കുടിയേറ്റക്കാർക്ക് എങ്ങനെ തൊഴിലവസരങ്ങൾ ലഭ്യമാക്കാമെന്നത് മറ്റൊരു വെല്ലുവിളിയാണ്. ഗൾഫിൽനിന്നും തിരിച്ചുവരുന്ന പ്രവാസികളിൽ കൂടുതലും കൂലിവേലക്കാരും താഴ്ന്ന വരുമാനക്കാരുമാണ്. ഇവർക്കെല്ലാവർക്കും പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ കഴിയില്ല. കൂടുതൽപേരും സ്വയംതൊഴിൽ എന്നനിലയിൽ വ്യവസായങ്ങളും മറ്റും ചെയ്യാൻ കഴിവുള്ളവരല്ല. കേരളത്തിലെ അഭ്യസ്തവിദ്യരായ യുവാക്കളുടെ തൊഴിലില്ലായ്മ ഒരു പരിധിവരെ പരിഹരിക്കുന്നതിന് ഗൾഫ് കുടിയേറ്റം സഹായിച്ചിട്ടുണ്ടെന്നത് നിഷേധിക്കാനാകാത്ത വസ്തുതയാണ്. ഗൾഫ് വരുമാനത്തിന്റെ അടിസ്ഥാനത്തിൽ വളർച്ച നേടിയ കേരളത്തെ സുസ്ഥിരമാക്കാൻ കഴിയണം. ഇന്നത്തെ ആഗോള സാഹചര്യത്തിൽ മൂലധനത്തിന് രാജ്യാന്തര അതിർത്തികൾക്കപ്പുറത്തേയ്ക്ക് സഞ്ചരിക്കാൻ എല്ലാ സ്വാതന്ത്ര്യവുമുണ്ട്. എന്നാൽ

ഈ സ്വാതന്ത്ര്യം തൊഴിലെടുക്കുന്നവർക്കില്ല, കർശനമായ നിയന്ത്രണങ്ങളാണ് നിലവിലുള്ളത്. ഈ സാഹചര്യത്തിൽ മറ്റ് രാജ്യങ്ങളിലേയ്ക്കുള്ള കുടിയേറ്റം പ്രോത്സാഹിപ്പിക്കണം. കേരളത്തിനുപുറത്ത് ഏറെ മലയാളികൾ ജോലി ചെയ്യുന്നുണ്ട്, വിദേശ രാജ്യങ്ങളുമായി നല്ല ബന്ധം നിലനിർത്താൻ സാധിക്കണം. കേന്ദ്ര സർക്കാരിന് ഇതിനുവേണ്ടി പലതും ചെയ്യാൻ കഴിയും. നിലവിൽ പ്രവാസികളെ മൊത്തം ചൂഷണം ചെയ്യുന്ന നിലപാടിലേയ്ക്ക് പലപ്പോഴും കേന്ദ്ര സർക്കാർ പോകുന്നതായി കാണാം. വിശേഷ അവസരങ്ങളിൽ പ്രവാസികൾ കൂട്ടത്തോടെ നാട്ടിലേയ്ക്കുവരുന്ന ഘട്ടങ്ങളിൽ വിമാനക്കമ്പനികൾ നിരക്ക് വർദ്ധിപ്പിക്കാറുണ്ട്. എന്നാൽ ഇത് നിയന്ത്രിക്കുന്നതിന് കേന്ദ്ര സർക്കാർ ഫലപ്രദമായി ഇടപെടാറില്ല. ഇത് മാറ്റിയെടുക്കണമെന്ന് പ്രമേയത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ഈ പ്രമേയത്തെ ഒന്നുകൂടി പിന്താങ്ങിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

12 noon]

<u>ശ്രീ. പി. ടി. തോമസ്</u> : സർ, ബഹുമാന്യനായ കെ. വി. അബ്ദുൾ ഖാദർ ഇവിടെ അവതരിപ്പിച്ച പ്രമേയം സന്ദർഭോചിതമാണ്. അതിന് ചെറിയൊരു ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

"പ്രവാസികൾക്ക് കേന്ദ്രസർക്കാർ" എന്നതിനു പകരം "പ്രവാസികൾക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകൾ" എന്നും "സംരക്ഷിക്കണമെന്ന് ഈ സഭ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു" എന്നതിന് പകരം "സംരക്ഷിക്കണമെന്നും പ്രവാസിക്ഷേമനിധിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണമെന്നും ഈ സഭ കേന്ദ്ര സംസ്ഥാന സർക്കാരുകളോട് ആവശ്യപ്പെടുന്നു" എന്നും ചേർക്കുക.

വളരെ ബോധപൂർവ്വമായിട്ടാണ് ഇതിൽ 'സംസ്ഥാന സർക്കാരുകൾ' എന്ന് ചേർക്കണമെന്ന് പറഞ്ഞത്. കാരണം ഇപ്പോൾ മുഖ്യമന്ത്രിയുടെ നിയന്ത്രണത്തിലാണ് ഈ വകുപ്പ്. 'ഒരുപിടി ഫയലുകൾ കെട്ടികിടക്കുന്നു' എന്ന വാർത്ത പത്രത്തിലുണ്ടായിരുന്നു. അതുകൊണ്ട് സംസ്ഥാന ഗവൺമെന്റിന്റെകൂടി സജീവ പങ്കാളിത്തമുണ്ടാകണം. അതോടൊപ്പം പ്രവാസി ക്ഷേമനിധിയുടെ പ്രവർത്തനം കൂടുതൽ സജീവമാക്കണമെന്ന ആവശ്യമാണ് ഞാൻ മുന്നോട്ട് വച്ചിട്ടുള്ളത്. ഇവിടെ പ്രമേയം അവതരിപ്പിച്ച ബഹുമാന്യനായ കെ. വി. അബ്ദുൾ ഖാദറും അതിനെ പിന്തുണച്ച ബഹുമാന്യനായ വി. കെ. സി. മമ്മത് കോയയും പ്രവാസികളെപ്പറ്റി കുറച്ച് നല്ല കാര്യങ്ങളൊക്കെ പറഞ്ഞു. അതിനെയൊക്കെ

ഞങ്ങൾ സ്വാഗതം ചെയ്യുകയാണ്. പ്രവാസികളുടെ പുനരധിവാസത്തിനായി സമഗ്ര പദ്ധതി നടപ്പാക്കിയത് ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള കഴിഞ്ഞ ഗവൺമെന്റാണ്. ഹൈക്കോടതി ജഡ്ജി ചെയർമാനായിട്ടുള്ള എൻ.ആർ.ഐ. കമ്മീഷൻ രൂപീകരിച്ചതിനെപ്പറ്റി ഒരു വാക്കുപോലും ഇവിടെ പറഞ്ഞില്ല. ആ കമ്മീഷന്റെ പ്രവർത്തനം ഇന്ന് നിലച്ചമട്ടാണ്, യാതൊരു സൗകര്യവും ചെയ്തുകൊടുക്കുന്നില്ല. അതുപോലെ ഇറാഖിലും ലിബിയയിലും യെമനിലുമൊക്കെ യുദ്ധത്തിൽ അകപ്പെട്ട സഹോദരിമാരെ വിമാനത്തിൽ ഇവിടെ കൊണ്ടുവന്നു. അതിനെക്കുറിച്ച് ഒരു വാക്ക് പറയാത്തത് ദു:ഖകരമാണ്. സൗദി അറേബ്യയിൽ നിതാഖത്തിന്റെ പ്രശ്നമുണ്ടായപ്പോൾ ജോലി നഷ്ടപ്പെട്ടവർക്ക് ആശ്വാസം നൽകാൻ യു.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ച നടപടി കാണാതെ പോകരുത്. നഴ്സുമാരുടെ റിക്രൂട്ട്മെന്റ് ചുമതല മുഴുവൻ നോർക്ക റൂട്ട്സ് വഴിയാക്കിയത് ഉമ്മൻ ചാണ്ടി ഗവൺമെന്റാണ്. മുഖ്യമന്ത്രി ഇന്ന് ആ വകുപ്പ് കൈകാര്യം ചെയ്യുന്നത് വളരെ നല്ല കാര്യമാണ്. ഞാൻ അതിനെ സ്വാഗതം ചെയ്യുകയാണ്. എന്നാൽ ഇത്രമാത്രം ഫയൽ കെട്ടിക്കിടന്നാൽ എങ്ങനെ തീരുമാനമുണ്ടാകും? ഇന്ന് കെ.പി.സി.സി. പ്രസിഡന്റായിരിക്കുന്ന ശ്രീ. എം. എം. ഹസ്സനെ കേരളത്തിലാദ്യമായി ഈ വകുപ്പിന് മാത്രമായി മന്ത്രിസ്ഥാനം നൽകി ചുമതലപ്പെടുത്തിയ പാരമ്പര്യം യു.ഡി.എഫ്. ഗവൺമെന്റിനുണ്ട്. ബഹുമാന്യനായ മുഖ്യമന്ത്രിക്ക് കഴിഞ്ഞ പ്രാവശ്യം ദുബായിൽ വലിയ സ്വീകരണം ലഭിച്ചിരുന്നു. അവിടെവച്ച് അദ്ദേഹം നടത്തിയ ഉജ്ജ്വലമായ 25-ഓളം പ്രഖ്യാപനങ്ങൾ അടിയന്തരമായി നടപ്പാക്കണം. ആ പ്രഖ്യാപനങ്ങൾ വലിയ ഹർഷാരവത്തോടെയാണ് ലക്ഷക്കണക്കിന് ആളുകൾ സ്വീകരിച്ചത്. നാലഞ്ച് മാസമായി അതിനെപ്പറ്റി യാതൊരു അനക്കവുമില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ആ പ്രഖ്യാപനം അക്ഷരംപ്രതി നടപ്പിലാക്കണം. പ്രവാസികളെ ഏറ്റവും കൂടുതൽ സഹായിക്കാൻ കഴിയുന്ന കാര്യമാണത്.

സീസൺ കാലത്ത് എല്ലാവരും നാട്ടിലേയ്ക്ക് വരുമ്പോൾ വിമാന യാത്രാക്കൂലി ക്രമാതീതമായി വർദ്ധിപ്പിക്കുന്നതിനെതിരെ കർശന നടപടിയുണ്ടാകണം. അതുപോലെ പ്രവാസികളുടെ കുട്ടികൾക്ക് കേരളത്തിൽ ആവശ്യമായ സംവരണം ലഭിക്കണം. അല്ലെങ്കിൽ ചുരുങ്ങിയത് സ്കൂളിലോ കോളേജിലോ അവർക്ക് അഡ്മിഷൻ ലഭിക്കുമെന്ന് ഉറപ്പാക്കണം. പണക്കാരൻ എന്നമട്ടിൽ പാവപ്പെട്ടവനായ പ്രവാസിയെ കാണുന്ന നിലപാട് മാറണം.

ഈ സഭയിലും സഭയ്ക്ക് പുറത്തുള്ളവരുമൊക്കെ ഗൾഫ് നാടുകളിലും വിദേശത്തുമൊക്കെ പോകാറുണ്ട്. ശ്രീ. വി. കെ. സി. മമ്മത് കോയയെപ്പോലെ ഉന്നതനായ വ്യവസായി ഒരിക്കലും കോൺഗ്രസുകാർ പണം പിരിച്ചു എന്ന രീതിയിൽ ഉത്തരവാദിത്വമില്ലാതെ പറയരുത്. അങ്ങനെ പണം പിരിക്കേണ്ട കാര്യമില്ല. എല്ലാ രാഷ്ട്രീയ പാർട്ടികളും വിദേശത്തുപോയി സംഭാവന വാങ്ങിയിട്ടുണ്ട്. അത് ദേശാഭിമാനിയും അതുപോലുള്ള പല പത്രങ്ങൾക്കുമായിരിക്കും. അതൊന്നും കണ്ട് അങ്ങയെപ്പോലുള്ളവർ അഭിപ്രായം പറയരുത്. കെ.പി.സി. സി.-യും സി.പി.ഐ.(എം)-ഉം ഫണ്ട് പിരിച്ചിട്ടുണ്ട്. എല്ലാ രാഷ്ട്രീയ പാർട്ടികളും വിദേശത്തുപോയി പാർട്ടിയുടെ പിൻബലമനുസരിച്ച് ഫണ്ട് വാങ്ങുന്നുണ്ട്. അതൊക്കെ വളരെ തരംതാഴ്ന്ന നടപടിയാണ്. കെ.പി.സി.സി.-ക്ക് അതിന്റെ ആവശ്യമില്ല. അത് പരിപൂർണ്ണമായും നിഷേധിക്കുകയാണ്. പ്രവാസി മലയാളികളുടെ ക്ഷേമ കാര്യങ്ങളിൽ കൂടുതൽ താല്പര്യമെടുത്തുകൊണ്ട് ശക്തമായ നടപടികളുമായി മുന്നോട്ടുപോകണമെന്ന ആവശ്യം ഞാൻ മുന്നോട്ടുവയ്ക്കുന്നു. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ കൊണ്ടുവന്ന ക്രിയാത്മകമായ പദ്ധതികൾ നടപ്പാക്കാൻ ശക്തമായ നടപടി സ്വീകരിക്കണം.

ശ്രീ. ഇ. കെ. വിജയൻ: സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. കെ. വി. അബ്ദുൾ ഖാദർ അവതരിപ്പിച്ച പ്രമേയം ഈ സഭ അംഗീകരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. വർഷങ്ങൾക്കുമുമ്പേ ഇന്ത്യക്കാർ ലോകത്തിന്റെ വിവിധ മേഖലകളിൽ യാത്ര ചെയ്തവരാണ്. സിലോണിലേയ്ക്ക് പ്രവാസ ജീവിതത്തിനു പോയ ശങ്കർ ആണ് അവിടത്തെ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ സ്ഥാപക നേതാവ്. ചിറ്റൂർ മണ്ഡലത്തെ പ്രതിനിധീകരിച്ച് അദ്ദേഹം ഈ നിയമസഭയിൽ എം.എൽ.എ. ആയി വന്നതാണ്. അതുപോലെ ഒട്ടേറെ ജനപ്രതിനിധികളെ വിദേശ രാജ്യങ്ങളിൽ കാണാൻ കഴിയും. പ്രവാസികളെ ചൂഷണം ചെയ്യുന്ന ഒരവസ്ഥയുണ്ട്. ഗൾഫ് രാജ്യങ്ങളിൽ പെരുന്നാളുമായി ബന്ധപ്പെട്ട് ലീവിനുവരുന്ന സാഹചര്യത്തിലാണ് കേന്ദ്ര ഗവൺമെന്റ് വലിയ കൊള്ള നടത്താറുള്ളത്. വിമാനക്കൂലി ഇനത്തിൽ നാലും അഞ്ചും ഇരട്ടി ചാർജാണ് വാങ്ങുന്നത്. അതിൽനിന്നും പിന്തിരിയണമെന്ന് ആവശ്യപ്പെട്ടെങ്കിലും ഇന്നുവരെ പിന്തിരിയാൻ കഴിഞ്ഞ കോൺഗ്രസ് ഗവൺമെന്റും ഇപ്പോഴത്തെ ബി.ജെ.പി. ഗവൺമെന്റും തയ്യാറാകുന്നില്ല. മുമ്പ് മലബാർ മേഖലയിൽനിന്നും ഏറ്റവും കൂടുതൽ ആളുകൾ

പോയത് പേർഷ്യയിലാണ്. ഇറാഖ് യുദ്ധം വന്ന കാലയളവിൽ അമേരിക്കയ്ക്കു വേണ്ടി ഇന്ത്യൻ പട്ടാളക്കാരെ അയയ്ക്കാനുള്ള ശ്രമം നടത്തിയപ്പോൾ ഇന്ത്യാ ഗവൺമെന്റ് സന്നദ്ധത അറിയിച്ചിരുന്നു. അന്ന് വലിയ പ്രതിഷേധം നമ്മുടെ രാജ്യത്ത് ഉയർന്നുവന്നതാണ്. പ്രവാസി ജീവിതവുമായി ബന്ധപ്പെട്ട് ഈ മേഖലകളിലൊക്കെ സാമ്രാജ്യത്വത്തിന് അനുകൂലമായി ഇന്ന് പുതിയൊരു മാറ്റംവന്നുകൊണ്ടിരിക്കുകയാണ്. ഇത് കേവലം ഗൾഫ് രാജ്യങ്ങളിൽ മാത്രം ഒതുങ്ങുന്നതല്ല. ഇപ്പോഴത്തെ അമേരിക്കൻ പ്രസിഡന്റിന്റെ തീരുമാനമായ സ്വദേശിവത്കരണത്തിന്റെ ഭാഗമായി വലിയ തോതിൽ ഇന്ത്യാക്കാർക്ക് തൊഴിൽ നഷ്ടപ്പെട്ട് തിരികെ വരേണ്ട സാഹചര്യം വന്നിരിക്കുകയാണ്. 'അമേരിക്ക അമേരിക്കക്കാർക്ക് ' എന്ന മുദ്രാവാക്യം അവിടെയും കൊണ്ടുവന്നിട്ടുണ്ട്. വലിയൊരു പ്രതിസന്ധി നമ്മുടെ രാജ്യത്താകമാനം ഉയർന്നുവരുന്നു. ഇതിന്റെ ഭാഗമായി കേരളത്തിൽ വലിയ പ്രശ്നമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഇവരെ സംരക്ഷിക്കാനുള്ള ബാദ്ധ്യത നമ്മുടെ ഗവൺമെന്റിനുണ്ട്. ഇവരെ സഹായിക്കാനുള്ള നിലപാട് സ്വീകരിക്കണമെന്ന ഈ പ്രമേയത്തെ പിന്താങ്ങിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ഡോ. എൻ. ജയരാജ്</u> : സർ, പ്രവാസികളുടെ ബുദ്ധിമുട്ടുകൾ പലതവണ ചർച്ചചെയ്യുകയും പ്രമേയങ്ങൾ പാസ്സാക്കുകയും ചെയ്യുന്നതിനപ്പുറം അടിസ്ഥാനപരവും പ്രായോഗികവുമായ ഒരു സമീപനം ഇക്കാര്യത്തിലുണ്ടാകുന്നില്ല എന്നുള്ളതാണ് വാസ്തവം. നമ്മുടെ സമ്പദ്‌വ്യവസ്ഥയുടെ ഏറ്റവും പ്രധാനപ്പെട്ട ഒരു ഭാഗം വിദേശ മലയാളികൾ എത്തിക്കുന്ന പണമാണ്. അത് ക്രിയാത്മകമായി ചെലവഴിക്കാനോ സമ്പദ്‌വ്യവസ്ഥയെ കൂടുതൽ ശക്തിപ്പെടുത്താനോ കഴിയുന്നില്ല. ഇതുപോലുള്ള നയപരമായ കാരണങ്ങൾകൊണ്ട് മടങ്ങിവരുന്നവരെ സംരക്ഷിക്കാൻ കാര്യമായ ഒരു പദ്ധതിയും സംസ്ഥാനതലത്തിൽ രൂപീകരിക്കാൻ കഴിയുന്നില്ലെന്ന യാഥാർത്ഥ്യം നമ്മുടെ മുന്നിലുണ്ട്. ഇവിടെ അവതരിപ്പിച്ച പ്രമേയത്തിന്റെ അന്തസ്സത്ത വളരെ പ്രധാനപ്പെട്ടതാണ്. സമൂഹം നേരിടുന്ന, പ്രത്യേകിച്ച് പ്രവാസികൾ നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ടതും വൈകാരികവുമായ പ്രശ്നത്തെയാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഞാൻ അതിനെ പിന്താങ്ങുന്നു. ക്രിയാത്മകമായ നിർദ്ദേശങ്ങൾ ഇക്കാര്യത്തിലുണ്ടാകണമെന്നും അതിനനുസൃതമായ നടപടികളിലേയ്ക്ക് നീങ്ങണമെന്നും സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, പ്രവാസി സമൂഹം നമ്മുടെ രാജ്യത്തിന് നൽകിയ വലിയ സംഭാവനകളെക്കുറിച്ചെല്ലാം മുമ്പ് സംസാരിച്ചവർ പറയുകയുണ്ടായി. രാജ്യത്തിന്റെ സമ്പദ്ഘടന പരിപോഷിപ്പിക്കുന്നതിൽ പ്രധാനപ്പെട്ട പങ്കുവഹിക്കുന്നവരാണ് പ്രവാസി സഹോദരങ്ങൾ. ബഹുമാനപ്പെട്ട മെമ്പർ ഡോ. എൻ. ജയരാജ് സൂചിപ്പിച്ചതുപോലെ ഇതുപോലുള്ള പ്രമേയങ്ങളും ചർച്ചകളും ഇതിനുമുമ്പും ധാരാളം നടന്നിട്ടുണ്ടെങ്കിലും അവ ചർച്ചകളിൽ മാത്രമായി ഒതുങ്ങിപ്പോവുക പതിവാണ്. കഷ്ടപ്പെട്ട് അദ്ധ്വാനിച്ച് നമ്മുടെ രാജ്യത്തിന്റെ സമ്പദ്ഘടന പരിപോഷിപ്പിക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്ന പ്രവാസികൾ നാട്ടിൽ തിരിച്ചുവന്നാൽ അവരുടെ കയ്യിൽ സമ്പാദ്യമായി ഒന്നുമുണ്ടാവില്ല. ഇവരിൽ പലരും ചെറിയ കമ്പനികളിലൊക്കെ ജോലിചെയ്യുന്ന സാധാരണ തൊഴിലാളികളാണ്. ഗൾഫ് രാഷ്ട്രങ്ങളിൽ ഏറ്റവും കൂടുതൽ ജോലി ചെയ്യുന്നത് മലയാളികളാണ്. അവരിലധികവും അൺസ്കിൽഡ് വർക്കേഴ്സാണ്. ആ രാജ്യങ്ങളിലൊക്കെയുള്ള സ്വദേശിവല്ക്കരണത്തിന്റെ ഭാഗമായി അവരിൽ പലരും നാട്ടിലേയ്ക്ക് തിരിച്ചുവരികയാണ്. അങ്ങനെയുള്ളവർക്ക് സ്വന്തമായി ഒരു വീടുപോലും ഇതുവരെ ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. കഷ്ടപ്പെട്ട് അദ്ധ്വാനിച്ചിട്ടും ഒന്നുമില്ലാതെ നാട്ടിലേയ്ക്ക് തിരിച്ചെത്തിയ പ്രവാസികൾക്ക് വീടുണ്ടാക്കി ക്കൊടുക്കുന്ന പദ്ധതിക്ക് രൂപംനല്കാൻ നമുക്ക് ഇതുവരേയും കഴിഞ്ഞിട്ടില്ല. ഭവനരഹിതരായ പ്രവാസികൾക്ക് വീട് നിർമ്മിക്കുന്നതിന് പലിശരഹിത വായ്പ നൽകുന്നതിനുള്ള സംവിധാനമെങ്കിലും ഉണ്ടാകണം. അവരുടെ ഇൻവെസ്റ്റ്മെന്റ് ഉപയോഗപ്പെടുത്തുന്നത് റിയൽ എസ്റ്റേറ്റ് മേഖലയിലാണ്. ഇപ്പോൾ റിയൽ എസ്റ്റേറ്റ് മേഖല ആകെ സ്തംഭനാവസ്ഥയിലാണ്. ഇത് പ്രവാസി സുഹൃത്തുക്കളിൽ ഒരുപാട് പ്രയാസമുണ്ടാക്കിയിട്ടുണ്ട്. നാട്ടിലെ എല്ലാ നല്ല കാര്യങ്ങളുടേയും മുൻപന്തിയിൽ പ്രവാസികളെ കാണാൻ സാധിക്കും. നമ്മുടെ നാട്ടിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സാംസ്കാരിക സമുച്ചയങ്ങൾ ഇവയൊക്കെ നിർമ്മിക്കുന്നതിൽ ഏറ്റവും വലിയ പങ്കുവഹിക്കുന്ന പ്രവാസികൾ തിരിച്ചുവന്നാൽ അവരെ പുനരധിവസിപ്പിക്കാനാവശ്യമായ ഒരു പദ്ധതിയുമില്ല. അവരുടെ ഇൻവെസ്റ്റ്മെന്റോടു കൂടി ഐ.ടി. അധിഷ്ഠിത വ്യവസായങ്ങൾ, ഭക്ഷ്യസംസ്കരണ യൂണിറ്റ്, മറ്റ് വ്യവസായ സംരംഭങ്ങൾ ഇവയൊക്ക ആരംഭിക്കാനുള്ള പദ്ധതി ആസൂത്രണം ചെയ്യുന്നതിന് ഗവൺമെന്റിന് സാധിക്കണം. അങ്ങനെ ഒരു പുനരധിവാസ പാക്കേജ് പ്രവാസികൾക്കായി പ്രത്യേകം തയ്യാറാക്കണം. സാധാരണയായി വിമാനക്കമ്പനികൾ സീസൺ സമയത്ത് ചാർജ് കുറയ്ക്കുകയാണ് ചെയ്യേണ്ടത്. എന്നാൽ നല്ല വരുമാനമുള്ള സമയത്തും വിമാനക്കമ്പനികൾ തോന്നിയപോലെ

ചാർജ് ഈടാക്കി പ്രവാസികളെ ചൂഷണം ചെയ്തുകൊണ്ടിരിക്കുകയാണ്. ഇതാക്കെ ചർച്ച ചെയ്യുകയല്ലാതെ ഇതുവരെ പരിഹാരമുണ്ടായിട്ടില്ല. ഇക്കാര്യങ്ങളിലൊക്ക ശക്തമായ ഇടപെടൽ സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. നമ്മുടെ നാടിന്റെ സമ്പദ്ഘടനയെ പരിപോഷിപ്പിക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്ന പ്രവാസികളെ സംരക്ഷിക്കാനുള്ള ശ്രമമുണ്ടാകണം. അവർ രാജ്യത്തിന് നൽകിയിട്ടുള്ള സേവനങ്ങൾക്ക് പ്രത്യുപകാരമായി ഒന്നുംചെയ്യാൻ കഴിഞ്ഞിട്ടില്ല. അവർക്ക് വ്യവസായങ്ങളും ബിസിനസ്സും തുടങ്ങുന്നതിനായി പലിശരഹിത വായ്പ നൽകുന്ന കാര്യത്തെക്കുറിച്ച് പ്രധാനമായും ആലോചിക്കണം. ഈ പ്രമേയം കൊണ്ടുവന്നതിൽ സന്തോഷമുണ്ട്, ഇത് ചർച്ചയിൽമാത്രം ഒതുങ്ങാതെ മുഖ്യമന്ത്രി തന്നെ മുൻകയ്യെടുത്ത് അനുഭവസമ്പത്തുള്ള പ്രവാസി സംഘടനകളുമായി ചർച്ച ചെയ്ത് നല്ലൊരു പ്ലാനിംഗ് ഇക്കാര്യത്തിൽ ഉണ്ടാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ ഈ പ്രമേയത്തെ പിന്തുണയ്ക്കുന്നു.

## (3) ശ്രീ. കെ. വി. അബ്ദുൾ ഖാദർ അവതരിപ്പിച്ച അനൗദ്യോഗിക പ്രമേയത്തിന് പകരമായി സഭ പാസ്സാക്കിയ ഔദ്യോഗിക പ്രമേയം

മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസിൽ നോർക്കയുമായി ബന്ധപ്പെട്ട ഒരു ഫയൽപോലും തീർപ്പാകാതെയില്ല, എല്ലാം അംഗീകരിച്ച് കൊടുത്തിട്ടുണ്ടെന്ന കാര്യം സഭയെ അറിയിക്കുകയാണ്. ഗൾഫ് നാടുകളിൽ, പ്രത്യേകിച്ച് സൗദി അറേബ്യയിൽ സ്വദേശിവത്ക്കരണവും എണ്ണയുടെ വിലയിടിവുംമൂലം ഉണ്ടായ സാമ്പത്തിക പ്രതിസന്ധിയും കാരണം പ്രവാസി മലയാളികൾ ജോലി നഷ്ടപ്പെട്ട് തിരികെയെത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവിദഗ്ദ്ധ തൊഴിലാളികളെയാണ് ഇത് ഏറ്റവും കൂടുതൽ ബാധിക്കുന്നതെന്ന വസ്തുത മനസ്സിലാക്കി അവരെ സഹായിക്കുന്നതിനായി സാദ്ധ്യമായ എല്ലാ മുന്നൊരുക്കങ്ങളും സർക്കാർ നടത്തിവരുന്നു. പ്രവാസി മലയാളികളുടെ പുനരധിവാസത്തിനായി എൻ.ഡി.പി.ആർ.ഇ.എം. (നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ്) പദ്ധതി നിലവിലുണ്ട്. പരമാവധി 20 ലക്ഷം രൂപവരെ മുതൽമുടക്കാവശ്യമായി വരുന്ന സംരംഭങ്ങൾക്ക് 15 ശതമാനം മൂലധന സബ്സിഡിയും ആദ്യത്തെ 4 വർഷം ലോൺ തിരിച്ചടവിന് 3 ശതമാനം പലിശ സബ്സിഡിയും നല്കിവരുന്നു. ഈ പദ്ധതി കൂടുതൽ ആകർഷക മാക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾകൂടി സ്വീകരിക്കും:

1. കെ.എഫ്.സി., കെ.എസ്.എഫ്.ഇ., സഹകരണ ബാങ്കുകൾ

എന്നിവയെ ഉൾപ്പെടുത്തും.

2. നിലവിലെ മൂലധന സബ്സിഡി പ്രവാസികൾക്കും ധനകാര്യ സ്ഥാപനങ്ങൾക്കും കൂടുതൽ ഗുണകരമായ രീതിയിൽ ഭേദഗതി ചെയ്യും.

3. കൂടുതൽ വിജയസാദ്ധ്യതയ്ക്കായി പ്രവാസി മലയാളികൾ ചേർന്നുള്ള ഗ്രൂപ്പ് സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കും. അതിലൂടെ കൂടുതൽ മുതൽമുടക്കുള്ള സംരംഭങ്ങൾ ആരംഭിക്കാനും സബ്സിഡിത്തുക നേടിയെടുക്കാനും കഴിയും.

4. പ്രോജക്ട് തയ്യാറാക്കൽ, സാമ്പത്തിക പഠനം, വിജയസാദ്ധ്യത, സംരംഭം തുടങ്ങൽ ഇവയ്ക്ക് താല്പര്യമില്ലാത്തവർക്ക് സ്വയംതൊഴിൽ ചെയ്ത് വരുമാനമുണ്ടാക്കുന്നതിനായി വിവിധ മേഖലകളിൽ തീവ്രപരിശീലനം നടത്തുന്നതിനായി സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

5. മരിച്ച പ്രവാസി മലയാളികളുടെ നിർധനയായ ഭാര്യ, മാതാപിതാക്കൾ എന്നിവരെക്കൂടി ആകർഷകമായ വ്യവസ്ഥകളോടെ ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചു.

6. തിരികെയെത്തിയ പ്രവാസി മലയാളികൾ ഉൾപ്പെടെയുള്ളവർക്ക് വിദേശത്ത് ജോലി ലഭിക്കുന്നതിനായി സാങ്കേതിക മേഖലയിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലനം നല്കാൻ ഉദ്ദേശിക്കുന്നുണ്ട്. അതിന് യോജിച്ച ഏജൻസികൾക്ക് സർട്ടിഫിക്കേഷൻ നല്കുന്ന കാര്യവും ആലോചനയിലുണ്ട്.

7. നൂതന യന്ത്രസാമഗ്രികളിൽ ജോലിചെയ്ത് പരിചയമുണ്ടെങ്കിലും സർട്ടിഫിക്കറ്റുകൾ ഇല്ലെങ്കിൽ അതിനനുയോജ്യമായ ഏജൻസികൾ മുഖാന്തിരം സർട്ടിഫിക്കറ്റുകൾ നല്കി, വിദേശത്തോ ഇന്ത്യയ്ക്കകത്തോ മെച്ചപ്പെട്ട തൊഴിൽ നേടുന്നതിന് സഹായിക്കുന്ന കാര്യം ആലോചിച്ചുവരുന്നു.

8. ജോലി നഷ്ടപ്പെട്ട് തിരികെവരുന്ന പ്രവാസികൾക്ക് അതാത് രാജ്യങ്ങളിലെ ഇന്ത്യൻ എംബസ്സികൾ മുഖാന്തരം സാധ്യമായ എല്ലാ സഹായങ്ങളും ചെയ്യാനും അവിടത്തെ ചേംബർ ഓഫ് കോമേഴ്സ്, വ്യവസായ സ്ഥാപനങ്ങൾ എന്നിവയുമായി ആശയ വിനിമയം നടത്തി ജോലി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെടും.

ശ്രീ. കെ. വി. അബ്ദുൾ ഖാദറിന്റെ പ്രമേയത്തിന്റെയും അതിനോടനുബന്ധിച്ച് നടന്ന ചർച്ചകളുടേയും അടിസ്ഥാനത്തിൽ ഈ പ്രമേയത്തിൽ ചെറിയ ഭേദഗതി വരുത്തി ഔദ്യോഗിക പ്രമേയമാക്കി അവതിരിപ്പിക്കുകയാണ്. ഔദ്യോഗിക പ്രമേയത്തിന്റെ ടെക്സ്റ്റ് വായിക്കാം.

" ഉദ്ദേശം 35 ലക്ഷത്തോളം മലയാളികൾ മറ്റുരാജ്യങ്ങളിലും സംസ്ഥാനങ്ങളിലുമായി പ്രവാസികളായിട്ടുണ്ട്. കേരള മൈഗ്രേഷൻ സർവ്വേ പ്രകാരം അന്യരാജ്യങ്ങളിലേയ്ക്ക് തൊഴിൽ തേടിപ്പോകുന്ന കേരളീയരിൽ 86.3 ശതമാനം ഗൾഫ് രാജ്യങ്ങളിലേയ്ക്കാണ് പോകുന്നത്. ഇതിൽ 37.5 ശതമാനം യു.എ.ഇ.-യിലും 22 ശതമാനം സൗദി അറേബ്യയിലുമാണ്. ഈ നാടുകളിലെ സ്വദേശിവൽക്കരണ നയം വിശേഷിച്ച് സൗദി അറേബ്യയിൽ വാണിജ്യ കേന്ദ്രങ്ങളിൽ വിദേശികളെ ഒഴിവാക്കുന്നത് നിരവധി കേരളീയർക്ക് തൊഴിൽ നഷ്ടപ്പെടുത്തും. 11 ശതമാനത്തോളം കേരളീയർ സെയിൽസ്മാന്മാരായി തൊഴിൽ നോക്കുന്നുവെന്നാണ് കണക്ക്. പ്രവാസികൾ കേരളത്തിലേയ്ക്ക് അയയ്ക്കുന്ന പണം സംസ്ഥാന ആഭ്യന്തരോത്പാദനത്തിന്റെ മൂന്നിലൊന്നിലധികമാണ്. രാജ്യത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട വിദേശ നാണയ സ്രോതസ്സായിട്ടും പ്രവാസികൾക്ക് കേന്ദ്ര സർക്കാർ വേണ്ട പരിഗണന നൽകുന്നില്ല. കയറ്റുമതിക്കാർക്ക് നൽകുന്ന പ്രോത്സാഹനങ്ങൾക്കും വിദേശ നിക്ഷേപം ആകർഷിക്കാനായി നൽകുന്ന ഇളവുകൾക്കും സമാനമായ രീതിയിൽ ആനുകൂല്യങ്ങൾ നൽകി പ്രവാസികളെ പ്രതിസന്ധിഘട്ടത്തിൽ സംരക്ഷിക്കണമെന്നും ആ രാജ്യങ്ങളിലെ ചേംബർ ഓഫ് കോമേഴ്സ്, വ്യവസായ സ്ഥാപനങ്ങൾ തുടങ്ങിയവയുമായി ആശയവിനിമയം നടത്തി മറ്റ് സ്ഥാപനങ്ങളിൽ അവർക്ക് ജോലി ലഭിക്കുന്നതിനും നടപടികൾ സ്വീകരിക്കാൻ ഈ സഭ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു."

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : സർ, ആസ്ട്രേലിയയിലേയ്ക്കുള്ള വിസ, എമിഗ്രേഷൻ ചട്ടങ്ങൾ എന്നിവയ്ക്കെല്ലാം കടുത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരിക്കുകയാണ്. ഇപ്പോൾ ഏറ്റവും കൂടുതൽ ആളുകൾ പോകുന്നത് ആസ്ട്രേലിയയിലേയ്ക്കാണ്. ആസ്ട്രേലിയൻ ഗവൺമെന്റ് എടുത്തിരിക്കുന്ന ഈ തീരുമാനത്തിൽ സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് ഇളവുവരുത്താനുള്ള നടപടി സ്വീകരിക്കണമെന്നാണ് എന്റെ അഭ്യർത്ഥന.

ശ്രീ. ജി. സുധാകരൻ : സർ, ഇതടക്കം കേരളത്തിലെ പ്രവാസികളുമായി ബന്ധപ്പെട്ട് ഒട്ടും അനുകൂലമായ നിലപാടുകളല്ല പൊതുവേ കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നത്. ഈ കാര്യത്തിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് അനുകൂല നിലപാടുകളുണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

ശ്രീ. പി. ഉബൈദുള്ള : സർ, ഇപ്പോൾ അവതരിപ്പിച്ച ഔദ്യോഗിക പ്രമേയത്തിന്റെ ഒരു കോപ്പി മെമ്പർമാർക്ക് വിതരണം ചെയ്യണം.

മി. സ്പീക്കർ : ശ്രീ. പി. ടി. തോമസ് അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. ടി. തോമസ്: സർ, ഇക്കാര്യങ്ങളെല്ലാം ഗവൺമെന്റ് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ടെന്ന് തോന്നുന്നു. ഭേദഗതി കൂടി അംഗീകരിച്ചുകൊണ്ടാണെന്ന് കരുതി ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം : സർ, വിദേശത്തുനിന്നും ഒരാൾ 60 വയസ്സ് കഴിഞ്ഞാണ് നാട്ടിലേയ്ക്ക് തിരിച്ചുവരുന്നത്. അയാൾക്ക് നല്ല ആരോഗ്യമുണ്ട്. അതേസമയം നാട്ടിൽ ജോലിനോക്കുന്ന, 60 വയസ്സുകഴിഞ്ഞ ഒരു പ്ലംബർക്ക് ലൈസൻസ് ലഭിക്കാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട്.

മി. സ്പീക്കർ : ഇൻഡിവിഡ്വലായി പ്രശ്നങ്ങൾ എടുക്കേണ്ട, പൊതുവായി പറഞ്ഞിട്ടുണ്ട്.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ, സർക്കാർ ഔദ്യോഗിക പ്രമേയം കൊണ്ടുവന്ന സാഹചര്യത്തിൽ അങ്ങയുടെ അനൗദ്യോഗിക പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ശ്രീ. കെ. വി. അബ്ദുൾ ഖാദർ അവതരിപ്പിച്ച പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഔദ്യോഗിക പ്രമേയം സഭയുടെ അനുമതിയോടെ പാസ്സാക്കിയിരിക്കുന്നു

## (4) സ്വകാര്യ ആശുപത്രികളുടെ ചൂഷണവും യോഗ്യതയില്ലാത്ത ജീവനക്കാരും

ശ്രീ. സി. മമ്മൂട്ടി : സർ, "സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലും ലബോറട്ടറികളിലും മതിയായ യോഗ്യതയില്ലാത്ത ജീവനക്കാരെ നിയമിക്കുന്ന രീതി നിയന്ത്രിക്കുന്നതിനും പരിശോധനയ്ക്കും ചികിത്സയ്ക്കുംവേണ്ടി ഇത്തരം സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടിവരുന്ന രോഗികളിൽനിന്നും ഒരു വ്യവസ്ഥയുമില്ലാതെ അമിത ഫീസ് ഈടാക്കി ചൂഷണം ചെയ്യുന്ന സ്ഥിതിവിശേഷം നിയന്ത്രിച്ച് രോഗികൾക്കും അവരുടെ കുടുംബത്തിനും ആശ്വാസം നൽകുന്നതിനും, മെച്ചപ്പെട്ട ചികിത്സാ സൗകര്യം ഉറപ്പുവരുത്തുന്നതിനും, ആവശ്യമെങ്കിൽ നിയമനിർമ്മാണമുൾപ്പെടെയുള്ള ശക്തമായ നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് ഈ സഭ സർക്കാരിനോട് അഭ്യർത്ഥിക്കുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഈ വിഷയവുമായി ബന്ധപ്പെട്ട് വളരെ ഗൗരവമായി പറയാനുള്ളത്,

നേരത്തെ ധർമ്മാശുപത്രിയായി പ്രവർത്തിച്ചുകൊണ്ടിരുന്നത് വാണിജ്യ മേഖലയിലേയ്ക്കും വാണിജ്യ മേഖലയിൽനിന്ന് ബ്ലേഡ് കമ്പനികളിലേയ്ക്കും നീങ്ങി ക്കൊണ്ടിരിക്കുന്ന സ്ഥിതിവിശേഷമാണ് ഇപ്പോഴുള്ളത്. സർക്കാർ ആശുപത്രികൾ സജ്ജീകരിക്കുന്നതോടുകൂടി ഇതിൽ മാറ്റംവരും. രോഗാതുരമായൊരു സാഹചര്യത്തിലേയ്ക്കാണ് കേരളം മുന്നോട്ടുപോകുന്നത്. ഹൃദ്രോഗം, കിഡ്നി, ക്യാൻസർ, തളർവാതം തുടങ്ങിയ മാരകരോഗങ്ങൾമൂലം രോഗികളെക്കൊണ്ട് ആശുപത്രികൾ വീർപ്പുമുട്ടുകയാണ്. സ്വാഭാവികമായും മാരകരോഗം വരുമ്പോൾ ഉടൻതന്നെ ഏറ്റവും അടുത്ത ആശുപത്രിയിലേയ്ക്കാണ് പോകുന്നത്. രോഗിയെ എത്തിക്കുമ്പോൾ സ്പെഷ്യലിസ്റ്റ് ഡോക്ടർ ഇല്ലെങ്കിൽ എന്താണ് ചെയ്യേണ്ടതെന്ന് അധികൃതർ ഫോൺ ചെയ്ത് ചോദിക്കുമ്പോൾ ഐ.സി.യു.-വിൽ അഡ്മിറ്റ് ചെയ്ത് ഡ്രിപ്പ് കൊടുത്ത് കിടത്താൻ പറയും. മൂന്ന് ദിവസം കഴിഞ്ഞാണ് സ്പെഷ്യലിസ്റ്റ് ഡോക്ടർ വരുന്നതെങ്കിൽ ഡ്രിപ്പ് കൊടുത്ത് ഐ.സി.യു.-വിൽ കഴിയുന്ന രോഗി ആയുസ്സിന്റെ ദൈർഘ്യംകൊണ്ട് മരിച്ചിട്ടില്ലെങ്കിൽ ചികിത്സാ ചെലവ് മുഴുവൻ സ്വകാര്യ ആശുപത്രിക്ക് നൽകണം. അയാൾ മരണപ്പെട്ടാൽ ഐ.സി.യു.-വിൽ ആയിരുന്നു, സീരിയസ്സായിരുന്നു മരിച്ചുപോയി എന്ന് പറയും. ഈ രൂപത്തിൽ സ്വകാര്യ ആശുപത്രികൾ കൊള്ളയടിക്കുകയാണ്. അവസാനമായി സ്റ്റെന്റിന്റെ വില കുറച്ചു. 75,000 രൂപ വിലയുണ്ടായിരുന്ന സ്റ്റെന്റിന് ഏഴായിരം രൂപയിലധികം കുറച്ചപ്പോൾ മറ്റ് ചില രീതികളിലൂടെ അമിത ഫീസ് ഈടാക്കുകയാണ് ചെയ്യുന്നത്. ഇങ്ങനെ ഓരോ മേഖലയും പരിശോധിച്ചാൽ, മാരകമായ രോഗങ്ങൾക്ക് അടിമപ്പെട്ട പാവപ്പെട്ടവരെ, സാധാരണക്കാരെ ചൂഷണം ചെയ്യുന്നത് മനസ്സിലാകും. കഴിഞ്ഞ നിയമസഭയിൽ മുൻ നിയമസഭാംഗമായിരുന്ന ശ്രീമതി കെ. എസ്. സലീഖ ചോദിച്ച ചോദ്യത്തിന് ഗവൺമെന്റ് നൽകിയ മറുപടി ഇങ്ങനെയാണ്. 'സ്വകാര്യ ലാബുകളെയും ആശുപത്രികളെയും നിയന്ത്രിക്കാൻ നിലവിൽ എന്തെങ്കിലും സംവിധാനങ്ങളുണ്ടോ; എന്തെല്ലാം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ ലാബുകൾക്കും മറ്റ് ആശുപത്രികൾക്കും ലൈസൻസ് നൽകുന്നത് ഈ ചോദ്യങ്ങൾക്കുള്ള മറുപടി 'നിലവിൽ ആരോഗ്യ വകുപ്പുവഴി പ്രത്യേക ലൈസൻസുകളൊന്നും നൽകുന്നില്ല. ഇതുസംബന്ധിച്ച വിവരങ്ങൾ വകുപ്പിൽ ക്രോഡീകരിച്ചിട്ടില്ല' എന്നാണ്. നല്ല നിലയിൽ പ്രവർത്തിക്കുന്ന കുറച്ച് സ്വകാര്യ ആശുപത്രികളുണ്ട്. ഇല്ലെന്ന് പറയുന്നില്ല. പക്ഷേ അവിടെയുള്ള സൗകര്യങ്ങൾ വച്ചുകൊണ്ട് പാവപ്പെട്ട ജനങ്ങളെ പരമാവധി ചൂഷണം ചെയ്യുകയാണ്. മാരകമായ രോഗം ബാധിച്ചവരെ ജീവൻ പോയിട്ടില്ല,

സീരിയസ്സാണെന്ന് പറഞ്ഞ് വെന്റിലേറ്ററിൽ കിടത്തും. മരിച്ചുപോയ ആളിനെ വെന്റിലേറ്ററിൽ ഒരാഴ്ചയിലേറെ കിടത്തിയിട്ട് മൃതദേഹം വിട്ടുതരണമെങ്കിൽ 5 ലക്ഷം രൂപ നൽകണമെന്ന് ആവശ്യപ്പെടും. മൃതദേഹം വിട്ടുതരേണ്ട എന്നുപറഞ്ഞ് ഉപേക്ഷിച്ചുപോയ പാവപ്പെട്ടവരുടെ ചരിത്രം നമ്മുടെ മുന്നിലുണ്ട്. ഒരാഴ്ച മുമ്പ് കൊല്ലത്തെ സ്വകാര്യ ആശുപത്രിയിൽ ഒരു സംഭവമുണ്ടായി. പ്രസവിച്ച രണ്ട് കുഞ്ഞുങ്ങളെ കുടുംബാംഗങ്ങൾക്ക് കൈമാറിയപ്പോൾ പരസ്പരം മാറിപ്പോയി. ഒരു രക്ഷിതാവിന്റെ കുഞ്ഞിനെ മാറ്റൊരാൾക്കും മറ്റേ രക്ഷിതാവിന്റെ കുഞ്ഞിനെ ഇയാൾക്കും കൊടുത്തു. രക്ഷിതാക്കൾ ആ ആശുപത്രിക്കെതിരെ പരാതികൊടുത്തു. ആശുപത്രി അധികൃതർ പറഞ്ഞു, ഇത് നിങ്ങളുടെ കുഞ്ഞുങ്ങൾ തന്നെയാണ്, യാതൊരു മാറ്റവുമില്ല എന്ന്. വെളുത്ത ദമ്പതികളുടെ കറുത്ത കുഞ്ഞും കറുത്ത ദമ്പതികളുടെ വെളുത്ത കുഞ്ഞും ആയപ്പോൾ ഈ കുടുംബങ്ങൾക്ക് സംശയം തോന്നി. അവസാനം ആശുപത്രി അധികൃതർ ഡി.എൻ.എ. ടെസ്റ്റ് നടത്തിയപ്പോൾ കുട്ടികൾ മാറിപ്പോയി എന്ന് സമ്മതിച്ചു. ഇവിടെയുള്ള ആശുപത്രികളിൽ എന്തൊക്കെയാണ് നടക്കുന്നത്? ഇതിനൊക്കെ നിയന്ത്രണം വേണം. യാതൊരു നിയന്ത്രണവുമില്ലാത്ത രീതിയിൽ ആശുപത്രികൾ മുന്നോട്ടുപോകുകയാണ്.

സ്വകാര്യ ആശുപത്രികൾ പ്രാധാന്യമില്ലാത്ത 15 വാക്സിനുകൾ കുഞ്ഞുങ്ങൾക്ക് നൽകുകയാണ്. അതേസമയം സർക്കാർ ആശുപത്രികളിൽ ഏതാണ്ട് 10 വാക്സിനുകളാണ് കുഞ്ഞുങ്ങൾക്ക് നൽകുന്നത്. കഴിഞ്ഞ ദിവസം എന്റെ മണ്ഡലത്തിലുള്ള ഒരു ആശുപത്രിയിൽ ജീവനക്കാരുടെ യോഗം വിളിച്ചുകൂട്ടി. കാലാവധി കഴിഞ്ഞ മരുന്നുകൾ വിൽക്കാൻ കഴിയാത്തതിനാൽ ഡേറ്റ് തീരുന്നതിനുമുമ്പ് മരുന്ന് കൊടുത്തുതീർക്കണമെന്ന് ജീവനക്കാർക്ക് ടാർജറ്റ് നിശ്ചയിച്ച് നൽകിയിരിക്കുകയാണ്. ആവശ്യമുള്ളവർക്കും ഇല്ലാത്തവർക്കും ടാർജറ്റ് അനുസരിച്ച് മരുന്ന് കൊടുക്കുകയാണ്. ഏത് മരുന്ന്, എന്ത് മരുന്ന് എന്നുള്ളതിന് ഒരു നിയന്ത്രണവുമില്ല. ഇത് ചോദ്യം ചെയ്യാനും എതിർക്കാനും നമ്മുടെ നാട്ടിൽ ആരുമില്ലേ? സർക്കാർ ആശുപത്രിയേക്കാൾ കൂടുതൽ സ്വകാര്യ ആശുപത്രികളാണ് കേരളത്തിലുള്ളത്. സർക്കാർ ആശുപത്രികളെ ശക്തിപ്പെടുത്തുക എന്നുള്ളതാണ് ഇതിനുള്ള പരിഹാരമാർഗ്ഗം. സ്വകാര്യ ആശുപത്രികൾക്കെതിരെ ഇപ്പോൾ സർക്കാർ ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അത് നിയന്ത്രിക്കുന്നതിനായി The Clinical Establishment Bill കൊണ്ടുവരുന്നുണ്ട്. ആ ബിൽ ഇതുവരെയും പാസ്സായിട്ടില്ല. ഈ ബിൽ എത്രയും വേഗം പാസ്സാക്കിയില്ലെങ്കിൽ വളരെ അപകടത്തിലേയ്ക്ക് പോകും. സ്പെഷ്യലിസ്റ്റുകളുടെ

പേര് പറഞ്ഞ് കൊള്ളയടിക്കുന്ന സ്വകാര്യ ആശുപത്രികൾ പുതിയതായി ആരംഭിച്ചുകൊണ്ടിരിക്കുകയാണ്. സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന ഡോക്ടർമാർക്ക് മതിയായ ശമ്പളം അനുവദിക്കാത്തതുകൊണ്ട് സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളിൽനിന്നും ഡോക്ടർമാർ രാജി വച്ച് പോകുകയാണ്. അവർക്ക് കൂടുതൽ ശമ്പളം കൊടുക്കണം. സ്പെഷ്യലിസ്റ്റ് ഡോക്ടർമാർക്ക് പരമാവധി ശമ്പളം കൊടുത്ത് ഗവൺമെന്റ് അവരെ നിലനിർത്തണം. സ്വകാര്യ ആശുപത്രികളിൽ എന്താണ് സംഭവിക്കുന്നത്? അനസ്തേഷ്യ കൊടുക്കാൻ ഡോക്ടർമാരില്ല. എന്നാൽ ഓപ്പറേഷൻ കഴിഞ്ഞ് ബിൽ വരുമെന്ന് കേൾക്കുമ്പോൾ ആൾ ബോധംകെടും. അങ്ങനെയാണ് ഓപ്പറേഷൻ നടത്തുന്നത്. ഇതാണ് പല സ്വകാര്യ ആശുപത്രികളും ചെയ്യുന്നത്. ഓപ്പറേഷൻ കഴിഞ്ഞാലും ബോധം തെളിയാത്ത അവസ്ഥയാണുള്ളത്. അറ്റാക്ക് വന്നയാളെ ഉടനെ അടുത്ത സ്വകാര്യ ആശുപത്രിയിൽ എത്തിക്കും. ഈ രോഗിയെ ആംബുലൻസിൽ കയറ്റി കൊണ്ടുപോകുന്നതിന് ഡ്രൈവർക്ക് കമ്മീഷൻ ലഭിക്കും. ആശുപത്രിയി ലെത്തിക്കുമ്പോൾ ഓപ്പറേഷൻ നടത്തുന്നതിന് മൂന്ന് ലക്ഷം രൂപയാകുമെന്ന് പറയുന്നത് ഈ പാവം രോഗി കേട്ടാൽ മൈനർ അറ്റാക്ക് സീവിയർ അറ്റാക്കായി മാറും. മറ്റൊരു പ്രധാനപ്പെട്ട കാര്യം, പല രോഗങ്ങൾക്കും നടത്തുന്ന ഓപ്പറേഷനുകൾ പരാജയപ്പെടുകയാണ്. അത് എന്തുകൊണ്ടാണ്? യൂറോപ്യൻ രാജ്യങ്ങളിൽ ഒരു നിയമമുണ്ട്, ഇതിന് ഓഡിറ്റ് ഉണ്ട്. ഒരു രോഗിക്ക് സർജറി ചെയ്യുന്നതിന് ബന്ധപ്പെട്ട സർജൻ പ്രാപ്തനാണോ, ആ സർജൻ ചെയ്ത എത്ര സർജറികൾ വിജയിച്ചിട്ടുണ്ട് എന്നതിനെക്കുറിച്ച് യാതൊരു വിവരവുമില്ല. ആളുകൾ മരിക്കുകയാണ്. ഇതിനെക്കുറിച്ച് പൊതുജനങ്ങൾ അറിയുന്നില്ല. ആയതിനാൽ ഇതുസംബന്ധിച്ച് ഓഡിറ്റ് നടത്തണം. ഓഡിറ്റ് നടത്താത്തിടത്തോളം ആളുകളെ കൊല്ലുന്ന നിലയിലേയ്ക്ക് ഡോക്ടർമാർ മാറും. അവയവ മാറ്റമാണ് ഇപ്പോൾ വന്നിരിക്കുന്ന പുതിയൊരു മേഖല. സീരിയസ്സായി, മരിക്കാൻ കിടക്കുന്നവരെ ആശുപത്രിയിൽ എത്തിക്കാതിരിക്കുന്നതാണ് നല്ലത്. കാരണം അവിടെവച്ച് മരിക്കുന്നവരുടെ പല അവയവങ്ങളും മാറ്റും. ഇത്തരം അവസ്ഥാവിശേഷം മനസ്സിലാക്കി ഗവൺമെന്റ് ഇതിനെതിരെ ശക്തമായ നിയമം കൊണ്ടുവന്ന് നിയന്ത്രിക്കണം. രോഗം മാറുന്നത് നമ്മുടെ അവകാശം എന്നതിനുപകരം രോഗം വിലകൊടുത്ത് വാങ്ങേണ്ട സ്ഥിതിവിശേഷത്തിലേയ്ക്ക് നീങ്ങുകയാണ്. ഇത് നിയന്ത്രിക്കുന്നതിന് നിയമം ആവശ്യമാണ്. അതുകൊണ്ട് ഇതിനായി ഒരു പ്രത്യേക നിയമം കൊണ്ടുവരാനും നിയന്ത്രിക്കാനും നടപടിയുണ്ടാകണമെന്ന് ഈ പ്രമേയത്തിലൂടെ ഞാൻ ആവശ്യപ്പെടുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു. രണ്ട് കാര്യങ്ങൾ മാത്രമേ ഞാൻ പറയാൻ ഉദ്ദേശിക്കുന്നുള്ളൂ. എല്ലാ സ്വകാര്യ ആശുപത്രികളെയും കുറ്റപ്പെടുത്താൻ കഴിയില്ല, എന്നാൽ ചില സ്വകാര്യ ആശുപത്രികൾ ബ്ലേഡ് കമ്പനികളെപ്പോലെയാണ് പ്രവർത്തിക്കുന്നത്. ഉദാഹരണമായി, ഒരു സ്വകാര്യ ആശുപത്രിയിലെ ഐ.സി. യൂണിറ്റിൽ ഒരാളെ അഡ്മിറ്റ് ചെയ്യും. അവിടെ കിടത്താനുള്ള രോഗം അയാൾക്ക് ഉണ്ടായിരിക്കില്ല. അവിടെ മുറി ഇല്ലെന്നാണ് അതിന് പറയുന്ന കാരണം. പക്ഷേ മുറി ഉണ്ടാകും. ഐ.സി. യൂണിറ്റിൽ കിടത്തിയാൽ ആ രോഗിയിൽനിന്നും കൂടുതൽ ചാർജ് ഈടാക്കാൻ സാധിക്കും. മറ്റൊന്ന്, ചില സ്വകാര്യ ആശുപത്രികളിൽ പ്രസവത്തിന് പോയാൽ സിസേറിയൻ ആവശ്യമാണെന്ന് പറയും. എല്ലാ യുവതികൾക്കും സിസേറിയന്റെ ആവശ്യമില്ല.

മി. സ്പീക്കർ : പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെക്കാൾ മെഡിക്കൽ കോളേജുകളും സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളും മതിയെന്നുള്ള നമ്മുടെ മനോഭാവം ഇതിനൊരു കാരണമല്ലേ?

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, നമ്മുടെ മനോഭാവം മാറണം. ചില സ്വകാര്യ ആശുപത്രികളിൽ മരിച്ച ആളുകളെ വെന്റിലേറ്ററിൽ ദിവസങ്ങളോളം കിടത്തുകയാണ്. മനുഷ്യത്വരഹിതമായ ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്ന സ്വകാര്യ ആശുപത്രികളെ തീർച്ചയായും നിയന്ത്രിക്കണം. ഈ പ്രമേയം അവതരിപ്പിച്ച ശ്രീ. സി. മമ്മൂട്ടിയെ ഞാൻ അഭിനന്ദിക്കുന്നു.

ശ്രീമതി യു. പ്രതിഭ ഹരി: സർ, വളരെയധികം പ്രാധാന്യമുള്ള ഒരു വിഷയത്തെ സംബന്ധിച്ച പ്രമേയമാണ് ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ചിട്ടുള്ളത്. അതിന്റെ ഉള്ളടക്കം ഞാൻ പൂർണ്ണമായി ഉൾക്കൊള്ളുന്നു. ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചറുടെ നേതൃത്വത്തിലുള്ള സർക്കാർ ഇവിടെ ഉന്നയിച്ച കാര്യങ്ങൾക്ക് ആർദ്രം ദൗത്യത്തിലൂടെ തുടക്കം കുറിച്ചിട്ടുണ്ട്.

മി. സ്പീക്കർ: ചർച്ച തുടരുന്നതാണ്.

(ചർച്ച തുടരും)

ഓർഡർ.. ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2017 മേയ് മാസം 8-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.)